# കീഴാളസമൂഹചരിത്രനിർമ്മിതിയും കാവനുഷ്ഠാനങ്ങളും:
## പുല്ലാട്ടുകാവിനെ മുൻനിർത്തിയുള്ള പഠനം

**കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ്,**
**മലയാളഗവേഷണവിഭാഗത്തിലൂടെ കാലിക്കറ്റ് സർവകലാശാലയിൽ**
**ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന് വേണ്ടി**
**സമർപ്പിക്കുന്ന പ്രബന്ധം**

**ഷിംന. എം. കെ**

**മലയാളഗവേഷണവിഭാഗം**
**മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്**

**ഡിസംബർ 2022**

**ഡോ. ബിജു ജോസഫ്**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്

# സാക്ഷ്യപത്രം

കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ്, മലയാളഗവേഷണവിഭാഗത്തിലൂടെ കാലിക്കറ്റ് സർവ്വകലാശാലയിൽ, ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **കീഴാളസമൂഹചരിത്രനിർമ്മിതിയും കാവനുഷ്ഠാനങ്ങളും: പുല്ലാട്ടുകാവിനെ മുൻനിർത്തിയുള്ള പഠനം** എന്ന ഈ പ്രബന്ധം **ഷിംന. എം.കെ** എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കോഴിക്കോട് **ഡോ. ബിജു ജോസഫ്**

തിയ്യതി :

# സത്യപ്രസ്താവന

ഷിംന. എം.കെ  എന്ന ഞാൻ കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ്, മലയാളഗവേഷണവിഭാഗത്തിലൂടെ കാലിക്കറ്റ് സർവ്വകലാശാലയിൽ, ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **കീഴാളസമൂഹചരിത്രനിർമ്മിതിയും കാവനുഷ്ഠാനങ്ങളും: പുല്ലാട്ടുകാവിനെ മുൻനിർത്തിയുള്ള പഠനം** എന്ന പ്രബന്ധം ഡോ. ബിജു ജോസഫിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയതാണെന്നും ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ, ഫെല്ലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി സമർപ്പിച്ചിട്ടില്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കോഴിക്കോട് **ഷിംന. എം.കെ**

തിയ്യതി :

## സമർപ്പണം

*എന്നെ ഞാനായി വളർത്തിയ അമ്മക്കും*
*അധ്യാപനം എന്താണെന്ന് പഠിപ്പിച്ച കെ.എം. അനിൽ മാഷിനും*

# കൃതജ്ഞത

എന്റെ ഗവേഷക മാർഗദർശി ബിജു ജോസഫ് മാഷിനോടുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കട്ടെ. എന്നിലെ ഗവേഷകയെ രൂപപ്പെടുത്തിയ കെ.എം. അനിൽ മാഷിന്റെ സാന്നിധ്യത്തിനും കരുതലിനും വാക്കുകളിൽ കവിഞ്ഞുള്ള നന്ദിയും സ്നേഹവും മനസ്സിൽ സൂക്ഷിക്കുന്നു. വിഷയസംബന്ധമായുള്ള അഭിപ്രായങ്ങൾ പങ്കുവച്ചിരുന്ന അജുമാഷിനേയും ആദർശ് മാഷിനേയും നന്ദിപൂർവ്വം ഓർക്കുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ അധ്യാപകരെയും സ്മരിക്കുന്നു. പഠനകാര്യങ്ങളിൽ എന്നും ഒപ്പം നിൽക്കുന്ന അമ്മയോടും അച്ഛനോടും വാവയോടുമുള്ള അതിരറ്റ സ്നേഹവും കടപ്പാടും വാക്കുകളിൽ ഒതുക്കാൻ കഴിയുന്ന ഒന്നല്ല. കൂടെ എന്റെ മാമന്മാരേയും ഓർക്കുന്നു. പ്രബന്ധവായനയിൽ ഇടപെട്ട് അഭിപ്രായങ്ങൾ പങ്കുവച്ചിരുന്ന രൺജിത്തേട്ടനോടുള്ള നിസ്സീമമായ കടപ്പാടും സ്നേഹവും മനസ്സിൽ സൂക്ഷിക്കുന്നു. ഗവേഷക സുഹൃത്തുക്കളായ ഷാഹിനത്താ, നിഷാജോൺ, സുർജിത്തേട്ടൻ എന്നിവരേയും പ്രബന്ധം എഴുതി സമർപ്പിക്കുന്നതിനായി പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്ന കോച്ച് ബിബിയേട്ടനേയും സ്നേഹത്തോടെ സ്മരിക്കുന്നു. പഠനത്തിനാവശ്യമായ വിവരങ്ങൾ പങ്കുവെച്ച ആവേദകർ, തിറയാട്ടകലാകാരൻമാർ, കോഴിക്കോട് സർവ്വകലാശാലയിലെ മലയാളവിഭാഗം ലൈബ്രറി ജീവനക്കാരായ ഹസ്സൻകുട്ടിക്കാ, സജയേച്ചി, മലബാർ ക്രിസ്ത്യൻ കോളേജ് ലൈബ്രറിയിലെ വിദ്യേച്ചി, വിൻസെന്റ് ഏട്ടൻ, കേരളസാഹിത്യ അക്കാദമി ജീവനക്കാർ, മലയാളസർവ്വകലാശാലാ ലൈബ്രറി ജീവനക്കാർ, സി.എച്ച്. ലൈബ്രറി ജീവനക്കാർ, പ്രബന്ധം ടൈപ്പ് ചെയ്തുതന്ന പരിമളേച്ചി, വിനേഷേട്ടൻ എന്നിവരോടെല്ലാം എനിക്ക് സ്നേഹവും കടപ്പാടുമുണ്ട്. അന്തിമഘട്ടപ്രൂഫ് നോക്കലിൽ എന്നോടൊപ്പം നിന്നെന്നെ ചേർത്തുപിടിച്ച സോണിയടീച്ചർ, ആര്യ, കൃഷ്ണ, ഷഹന, അഖില, നിബിൻ, രേഷ്മ, പ്രണവ്, ആൽഡൻ എന്നിവരെ ഏറെ സ്നേഹത്തോടെ സ്മരിക്കുന്നു.

# ഉള്ളടക്കം


**ആമുഖം ..........................................................................1 – 7**

അധ്യായം ഒന്ന് : **കാവ് : അനുഷ്ഠാനം, ജാതിസംസ്കാരം.......... 8 – 40**

1.0 ആമുഖം

1.1 പ്രതീകവ്യവസ്ഥയും അമ്മദൈവാരാധനാപരിസരവും

1.2 കാവ് നിർവചനങ്ങൾ

1.3 കാവ് : അനുഷ്ഠാനങ്ങളും കലാപ്രകടനങ്ങളിലെ ജാതിസ്വത്വവും

1.3.1 പടയണിയിലെ ജാതിചിന്ത

1.3.2 പൂതനംതിറയിലെ ജാതിവൈകൃതങ്ങൾ

1.3.3 കാളിയൂട്ട് : ജാതിയുടെ സാമൂഹികമൂല്യങ്ങൾ

1.3.4 മുടിയേറ്റും ജാതിവേർതിരിവും

1.3.5 തെയ്യത്തിലെ ജാതിവഴക്കം

1.3.6 താലപ്പൊലി: ജാതീയതയുടെ സങ്കല്പഭേദങ്ങൾ

1.4 കാവനുഷ്ഠാനം, ജാതിസങ്കല്പം

അധ്യായം രണ്ട്: **പുല്ലാട്ടുകാവ് : അനുഷ്ഠാനം, പുരാവൃത്തം, അധിനിവേശം...................................... 41 – 93**

2.0 ആമുഖം

2.1 പുല്ലാട്ടുകാവിലെ ആചാരാനുഷ്ഠാനങ്ങൾ

2.1.1 മണ്ഡലപൂജ

2.1.2 പ്രതിഷ്ഠാദിനം

2.1.3 കലങ്കരി

2.1.4 തിറയാട്ടം

2.1.4.1 തിറയാട്ടച്ചടങ്ങുകൾ

2.1.4.1.1 തിറനിശ്ചയം

2.1.4.1.2 വ്രതാനുഷ്ഠാനം

2.1.4.1.3 നിറത്തിന് പണം കൊടുക്കുക

2.1.4.1.4 ഇരുന്ന പുറപ്പാട്/വിരുന്നുപുറപ്പാട്

2.1.4.1.5 കാവുതീണ്ടൽ

2.1.4.1.6 വില്ലികളെ കെട്ടൽ

2.1.4.1.7 പൂവും നാരും കയ്യിഷ്ടം എടുക്കൽ

2.1.4.1.8 കാവുണർത്തൽ

2.1.4.1.9 ഒടക്ക്

2.1.4.1.10 അരിയും പൂവും എടുക്കൽ

2.1.4.1.11 അണിയറപൂജ

2.1.4.1.12 വിളിച്ചുണർത്തലും പുറപ്പാടും

2.1.4.1.13 വെള്ളാട്ട്

2.1.4.1.14 വെട്ടും വെളിച്ചപ്പാടും

2.2 കാവനുഷ്ഠാനങ്ങൾ: വിമർശനാത്മകാപഗ്രഥനം

2.3 തിറയാട്ടം: അനുഷ്ഠാനത്തിന്റെ രാഷ്ട്രീയം

2.4 പ്രതീകവ്യവസ്ഥ

2.5 പുല്ലാട്ടുകാവ് : പുരാവൃത്തപഠനം

2.5.1 കുട്ടിച്ചാത്തന്റെ പ്രതിരോധം

2.5.1.1 ദളിത് സൗന്ദര്യശാസ്ത്രം

2.4 സാംസ്കാരികാധിനിവേശവും അനുഷ്ഠാനപരിസരവും

2.4.1 കാവ് : അധികാരചരിത്രം

2.4.2 കാവ് : അധീശത്വചരിത്രം

2.4.3 പുല്ലാട്ട്, മണ്ണാറക്കൽ കാവുകളിലൂടെയുള്ള സാമൂഹികരൂപീകരണം

2.4.4 പുല്ലാട്ട് മണ്ണാറക്കൽ കാവുകൾ തമ്മിലുള്ള ആചാരപരമായ ബന്ധം

2.4.5 ജാതിയും അയിത്താചാരവും

2.4.6 ദളിതന് സ്വന്തമായി ആരാധനാലയം രൂപപ്പെട്ടുവരുന്ന

അധ്യായം മൂന്ന് : **സ്മൃതിയിലെ കാവ്: വാമൊഴി ആഖ്യാനപഠനം ....... ............................................................ 94 - 120**

3.0 ആമുഖം

3.1 കാവ് എങ്ങനെയാണ് ഓർമ്മയാകുന്നത്

3.1.1 കാവ് എന്ന ശീലം

3.1.2 കാവ് എന്ന അനുഭവം

3.2 വാമൊഴി ചരിത്രത്തിലെ വിള്ളൽ

3.2.1 വാമൊഴിയും ആശയസംവേദനവും

3.2.2 വാമൊഴിഅറിവും സ്വത്വവും

3.2.3 എഴുത്തും വാമൊഴിയും

3.2.4 വാമൊഴി ചരിത്രം

3.2.5 ഓർമ്മയും വാമൊഴിയും

അധ്യായം നാല് :**ജാത്യധീശത്വം അവബോധമെന്ന നിലയിൽ: വാമൊഴിയുടെ അപഗ്രഥനം....................121 – 188**

4.0 ആമുഖം

4.1 കാവുപരിസരം: കീഴാളസമൂഹം

4.1.1 കാവിലെ ശുദ്ധിയും അശുദ്ധിയും

4.1.1.1 കാവിലെ ബ്രാഹ്മണപൂജ: അയിത്തത്തെ ഉറപ്പിക്കുന്ന യുക്തി

4.1.1.2 മനുസ്മൃതി: അസ്പൃശ്യതയുടെ സാധൂകരണം

4.1.1.3 അയിത്തം കേരളത്തിൽ

4.1.2 ഉത്സവം, കുലത്തൊഴിൽ, അനുഷ്ഠാനം

4.1.2.1 ജാതി എന്ന പ്രത്യയശാസ്ത്രരൂപം

4.1.2.2 അനുഷ്ഠാനങ്ങളുടെ തമസ്കരിക്കപ്പെട്ട ചരിത്രം

4.2 ജാതി എന്ന അധീശരൂപം

4.2.1 ശീലം എന്ന പ്രത്യയശാസ്ത്രവ്യവഹാരം

4.2.2 ജ്ഞാനവ്യവഹാരങ്ങൾ

4.2.3 വ്യവഹാരങ്ങൾക്കിടയിലെ സംഘർഷം

4.2.3.1 ജാത്യധികാരവ്യവഹാരതലം

4.2.3.2 ജാതിയും അധ്വാനചൂഷണവും

4.2.3.3 കാവിലെ തീണ്ടൽ: ജാതിയുടെ പ്രകടനം

4.2.3.4 ജന്മിത്തത്തിൽ വന്ന മാറ്റവും കാവനുഷ്ഠാനങ്ങളും

4.2.3.5 അനുഷ്ഠാനം എന്ന കൂലിയില്ലാവേല

4.2.4 കാവിലെ സംഘർഷങ്ങൾ

4.2.5 പുല്ലാട്ടുകാവിലെ ഉൽസവം: ജാതിയെ പൊതിഞ്ഞു നിൽക്കുന്ന കാർണിവൽ

4.2.6 പുല്ലാട്ടുകാവ് : പ്രവർജ്ജനത്തിന്റെ ദേശയുക്തി

**ഉപസംഹാരം.......................................................... 189 – 195**

**ഗ്രന്ഥസൂചി.......................................................... 196 – 209**

**ആവേദകസൂചി.......................................................... 210 – 211**

**അനുബന്ധം.......................................................... 212 - 293**

# ആമുഖം

സമൂഹം ജാതിബദ്ധമാണ്. ഇത് അബോധത്തിൽ മറഞ്ഞിരിക്കുന്നുവെങ്കിലും സവിശേഷസാഹചര്യങ്ങളിൽ ശക്തമായിത്തന്നെ പുറത്തുവരുന്നുണ്ട്. കേരളത്തിലെ കാവാരാധനാരീതികളിൽ ജാതീയത കൃത്യമായി അടയാളപ്പെടുത്തപ്പെടുന്നുണ്ട്. തെയ്യം, മുടിയേറ്റ്, തിറയാട്ടം, പടയണി തുടങ്ങിയ അനുഷ്ഠാനകലകളുടെ ഓരോ ചടങ്ങും നിരീക്ഷിക്കുമ്പോഴത് കൃത്യമായി മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. ജാതിവ്യവസ്ഥയിൽനിന്നും മാറ്റിനിർത്തപ്പെട്ട ഒരസ്തിത്വം ഇത്തരം കലാരൂപങ്ങൾക്കന്യമാണ്. അനുഷ്ഠാനങ്ങളെപ്പോഴും ജാതിയെ കേന്ദ്രീകരിച്ചാണ് നിലനിൽക്കുന്നത്. അത്തരം ബോധ്യങ്ങളെ മുൻനിർത്തിയുള്ള കലാപഠനമാണ് ഈ ഗവേഷണപ്രബന്ധം. അനുഷ്ഠാനകലയായ തിറയാട്ടത്തെയാണ് ഇവിടെ വിശകലനം ചെയ്യുന്നത്. ചരിത്രവത്കരണം കീഴാളജീവിതചരിത്രത്തെ മുൻനിർത്തിയാണ് സാധ്യമാകുന്നത്. അവരുടെ ചരിത്രത്തെയാണ് കണ്ടെത്താൻ ശ്രമിക്കുന്നത്. വാമൊഴി ആഖ്യാനങ്ങളെയും ഐതിഹ്യങ്ങളെയും അനുഷ്ഠാനങ്ങളെയും മുൻനിർത്തി പുല്ലാട്ടുകാവുമായി ബന്ധപ്പെട്ട കീഴാളജനതയുടെ ചരിത്രത്തെ പുനർനിർമ്മിച്ചെടുക്കാനാണ് ശ്രമിക്കുന്നത്. വരേണ്യാധിനിവേശം കാവുപരിസരങ്ങളിൽ സാധ്യമാവുന്നതെങ്ങനെയെന്ന് വാമൊഴിയിലൂടെ കണ്ടെത്താൻ സാധിക്കുന്നുണ്ട്. കാവുമായി ബന്ധപ്പെട്ട് മനുഷ്യർക്കുണ്ടായിട്ടുള്ള അനുഭവങ്ങൾ പങ്കുവെക്കുമ്പോൾ പുതിയൊരു ചരിത്രനിർമ്മിതിയാണ് സാധ്യമാവുന്നത്. കാവനുഭവങ്ങൾ ഓരോരുത്തർക്കും ഓരോന്നാണ്. ജാതിയാ ണിതിനെ നിർണ്ണയിക്കുന്നത്. മാറ്റിനിർത്തപ്പെടലിന്റെയും അയിത്താചാരത്താൽ കഷ്ടതയനുഭവിച്ചതിന്റെയും ചരിത്രമാണ് കീഴാളർക്ക് പറയാനുള്ളത്.

മറയ്ക്കപ്പെട്ടുപോയ കീഴാളചരിത്രത്തെ വീണ്ടെടുക്കുകയാണിവിടെ. പ്രതീകങ്ങളുടെ വിശകലനത്തിലൂടെ ചരിത്രയാഥാർത്ഥ്യങ്ങളെ പുറത്തുകൊണ്ടുവരാൻ സാധിക്കുന്നുണ്ട്. കാവിന്റെ പശ്ചാത്തലത്തിലൂടെ പഠനം പുരോഗമിക്കുമ്പോൾ കാവനുഷ്ഠാനങ്ങൾ ആഖ്യാനങ്ങളായും പ്രതീകങ്ങളായും മാറുന്നു. ഓരോ പ്രതീകങ്ങളെയും വിശദ

മായി അപഗ്രഥനവിധേയമാക്കുമ്പോൾ ദമനം ചെയ്യപ്പെട്ട ചരിത്രത്തെ മറനീക്കി പുറത്തെടുക്കാൻ സാധിക്കുന്നുണ്ട്. പ്രതീകങ്ങളിലൂടെ അർത്ഥം ഉൽപാദിപ്പിക്കാൻ സാധിക്കുന്നുണ്ട്.

**പഠനലക്ഷ്യം**

കീഴാളജനതയുടെ ജീവിതചരിത്രം കാവനുഷ്ഠാനങ്ങളിൽനിന്ന് നിർമ്മിച്ചെടുക്കുകയാണ് പ്രബന്ധലക്ഷ്യം. വാമൊഴി ആഖ്യാനങ്ങളെയും കാവനുഷ്ഠാനത്തിന്റെ നേരിട്ടുള്ള നിരീക്ഷണങ്ങളെയും അടിസ്ഥാനമാക്കിക്കൊണ്ടാണ് ഗവേഷണം പുരോഗമിച്ചിട്ടുള്ളത്. സമൂഹത്തിന്റെ അബോധത്തിൽ ലയിച്ചുപോയ കീഴാളജനതയുടെ ചരിത്രം കണ്ടെത്തുക പ്രബന്ധത്തിന്റെ ലക്ഷ്യമാണ്. ജാതിവേർതിരിവിന്റെ തിക്തഫലങ്ങൾ അനുഭവിച്ച്, മാറ്റിനിർത്തപ്പെട്ടവരായി ജീവിച്ചുമരിച്ച ഒരുകൂട്ടം ജനവിഭാഗങ്ങളുടെ ചരിത്രം കാവനുഷ്ഠാനത്തെ മുൻനിർത്തി വീണ്ടെടുക്കുക എന്നതും ഈ പഠനം ലക്ഷ്യം വെക്കുന്നു. ജീവിച്ചിരിക്കുന്ന മനുഷ്യരുടെ കാവനുഭവങ്ങൾ വാമൊഴിയിലൂടെ പങ്കുവെക്കപ്പെടുമ്പോൾ, രേഖപ്പെടുത്താതെ പോയ കീഴാളചരിത്രം നിർമ്മിച്ചെടുക്കാൻ സാധിക്കുന്നു. മറയ്ക്കപ്പെട്ട ചരിത്രം മറനീക്കിപുറത്തുവരുന്നു ണ്ടിവിടെ. കാവിടത്തിലെ ഓരോ മനുഷ്യരും അവരുടെ ജീവിതാനുഭവങ്ങളാണ് പങ്കുവെയ്ക്കാൻ ശ്രമിക്കുന്നത്. അവയെല്ലാം പച്ചയായ യാഥാർത്ഥ്യങ്ങളുമാണ്.

**പഠനത്തിന്റെ പ്രസക്തി**

നിലനിൽക്കുന്ന ചരിത്രം എപ്പോഴും അധികാര അധീശത്വവർഗങ്ങളുടേതാണ്. സമൂഹത്തിൽ അരികുവത്കരിക്കപ്പെട്ടവരുടെ ചരിത്രം കാവനുഷ്ഠാനങ്ങളുടെ അപഗ്രഥനത്തിലൂടെ നിർമ്മിച്ചെടുക്കുന്നു എന്നിടത്താണ് ഈ പ്രബന്ധത്തിന്റെ പ്രസക്തി.

**പരികല്പന**

അനുഷ്ഠാനങ്ങളെ അപഗ്രഥിക്കുമ്പോൾ കീഴാളജനതയുടെമേലുള്ള ആധിപത്യത്തെ കണ്ടെത്താൻ സാധിക്കും എന്ന പരികല്പനയിൽനിന്നാണ് ഈ പഠനം ആരംഭിക്കുന്നത്. അത്തരത്തിലുള്ള കണ്ടെത്തലുകളിലൂടെ ദമനം ചെയ്യപ്പെട്ട കീഴാളചരിത്രനിർമ്മിതി സാധ്യമാവുന്നുണ്ട് എന്നതും പരികല്പനയ്ക്കൊപ്പം ചേർത്തുവെക്കുന്നു.

സങ്കീർണ്ണമായ സാഹചര്യങ്ങളിലൂടെയുള്ള സമൂഹത്തെ പ്രതീകാത്മകമായാണ് വിശകലനം ചെയ്യാൻ സാധിക്കുന്നത്. കാവിടങ്ങളിൽ അനുഷ്ഠിച്ചുവരുന്ന പ്രവർത്തനങ്ങൾ പലതും സങ്കീർണ്ണമായവയാണ്. അത്തരം ആചാരാനുഷ്ഠാനങ്ങളെ പ്രതീകങ്ങളായി കണ്ടുകൊണ്ട് വിശകലനവിധേയമാക്കുമ്പോൾ ചരിത്രനിർമ്മിതി സാധ്യമാവുന്നു.

**പഠനമേഖല**

കാവും കീഴാളസമൂഹവുമാണ് ഗവേഷണപ്രബന്ധത്തിന്റെ പഠനമേഖല. പുല്ലാട്ടുകാവിനെ മുൻനിർത്തി കാവിന്റെ കീഴാളചരിത്രമാണ് നിർമ്മിച്ചെടുക്കാൻ ശ്രമിക്കുന്നത്. കാവുമായി ഇടപെടലുകൾ നടത്തിയിരുന്ന മനുഷ്യരുടെ വാമൊഴി ആഖ്യാനങ്ങളിലൂടെയും കാവിൽ നടക്കുന്ന അനുഷ്ഠാനങ്ങളെ നിരീക്ഷണ വിധേയമാക്കിയുമാണ് ഗവേഷണപ്രബന്ധം എഴുതിയിരിക്കുന്നത്. പ്രധാനമായും വാമൊഴി ആഖ്യാനങ്ങളെയാണ് വിശകലനവിധേയമാക്കുന്നത്. കാവനുഷ്ഠാനങ്ങളെല്ലാം ഒരു തരം പ്രതീകവ്യവസ്ഥയാണ്. ഈ പ്രതീകങ്ങളിലൂടെയാണ് കാവനുഷ്ഠാനങ്ങളിലേയും ആഖ്യാനങ്ങളിലേയും ദളിത് പ്രതിനിധാനത്തെയും ദളിത് ചരിത്രത്തെയും വിശകലനത്തിന് വിധേയമാക്കുന്നത്.

**രീതിശാസ്ത്രം**

പുല്ലാട്ടുകാവിലെ അനുഷ്ഠാനങ്ങൾ നിരീക്ഷിക്കുകയും കാവനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ വാമൊഴി ശേഖരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പഠനം നടത്തിയിരിക്കുന്നത്. അറിയപ്പെടാതെപോയ കീഴാളചരിത്രം നിർമ്മിച്ചെടുക്കുന്നതിന് വാമൊഴിയാഖ്യാനങ്ങളെ പ്രബന്ധം ആശ്രയിക്കുന്നുണ്ട്. വിവരണാത്മകവും അപഗ്രഥനാത്മകവും ആയ രീതിശാസ്ത്രം പഠനം സ്വീകരിക്കുന്നുണ്ട്. മുൻകൂട്ടി ചിട്ടപ്പെടുത്തിയ ചോദ്യാവലികൾ പഠനത്തിൽ ഉപയോഗിച്ചിട്ടില്ല. സ്വാഭാവികമായ സംഭാഷണഭാഷയിലൂടെയാണ് പഠനം പുരോഗമിക്കുന്നത്. കാവുകളിൽ അനുഭവിക്കേണ്ടിവന്ന കഷ്ടതകളെക്കുറിച്ചും ജാതിവേർതിരിവുകളെക്കുറിച്ചും വാമൊഴിയിലൂടെ പങ്കുവയ്ക്കപ്പെടുന്ന അറിവുകളിലൂടെയാണ് കീഴാള ചരിത്രരചന സാധ്യമാവുന്നത്. പുല്ലാട്ടുകാവുമായി ബന്ധപ്പെട്ട വാമൊഴി ആഖ്യാനങ്ങൾ വിശകലനം ചെയ്തുകൊണ്ടുള്ള

രീതിയാണ് പഠനം സ്വീകരിച്ചിരിക്കുന്നത്. സാമാന്യമായി സംസ്കാരപഠനത്തിന്റെ രീതിയാണ് ഇവിടെ പിന്തുടരുക.

**പൂർവ്വപഠനങ്ങൾ**

ജനതയുടെ ജീവിതത്തെയും സംസ്കാരത്തെയും കുറിച്ച് അന്വേഷിക്കുന്നതിലൂടെ മാത്രമേ ഏതെല്ലാം വേറിട്ട വഴികളിലൂടെയുള്ള സഞ്ചാരമാണ് അവരെ ഇന്നത്തെ വർത്തമാനജീവിതസാഹചര്യത്തിൽ എത്തിച്ചതെന്ന് മനസ്സിലാക്കാൻ കഴിയൂ. സംസ്കാരത്തിനകത്ത് സാമൂഹികമായ ആധിപത്യങ്ങളും ശ്രേണികളും പ്രകടമാണ്. അതുകൊണ്ടാണ് കീഴാളചരിത്രരചനയിൽ സംസ്കാരപഠനം പ്രധാനമാകുന്നത്. ഒരു ജനതയുടെ സംസ്കാരത്തിന്റെ ഭാഗമാണ് അവരുടെ തൊഴിലും ആരാധനയും പെരുമാറ്റവുമെല്ലാം.

വൈവിധ്യങ്ങളെ ഒരുമിച്ച് ഉൾക്കൊള്ളുന്ന പൂതപ്പ്പദമാണ് സംസ്കാരം എന്നത്. വ്യത്യസ്ത മത-ജാതി-വർഗ്ഗ വിഭാഗങ്ങളുടെ ഒത്തുചേരൽ സംസ്കാരത്തിൽ സംഭവിക്കുന്നു. വരേണ്യർ അമ്പലങ്ങളിൽ ആരാധന നടത്തിയിരുന്നപ്പോൾ കീഴാളർ കാവുകളിലാണ് തങ്ങളുടെ ദൈവത്തെ കണ്ടത്. കൃഷ്ണനും ശിവനും വരേണ്യരുടെ ദൈവങ്ങളായപ്പോൾ കരിയാത്തനും കുട്ടിച്ചാത്തനും ഭഗവതിയുമെല്ലാമായിരുന്നു അടിയാളന്റെ ദൈവങ്ങൾ. ആരാധനാസമ്പ്രദായത്തിൽ ഇത്തരത്തിലുള്ള സാമൂഹികമായ വേർതിരിവുകൾ പ്രകടമായിരുന്നു.

പുല്ലാട്ടുകാവിനെ കേന്ദ്രീകരിച്ചുകൊണ്ട് 'കീഴാളസമൂഹചരിത്രനിർമ്മിതിയും കാവനുഷ്ഠാനങ്ങളും: പുല്ലാട്ടുകാവിനെ മുൻനിർത്തിയുള്ള പഠനം' എന്ന വിഷയത്തിലാണ് പഠനം നടത്താൻ ശ്രമിക്കുന്നത്. കീഴാളപഠനങ്ങൾ ഒരുപാട് നടന്നിട്ടുണ്ട്. ബോബിതോമസ് എഡിറ്റ് ചെയ്ത 'ദളിത പാതകൾ' സൂസിതാരുവും എസ്. സഞ്ജീവും ചേർന്ന് എഡിറ്റ് ചെയ്ത 'കീഴാളപഠനങ്ങൾ' എന്നിവയെല്ലാം ഉദാഹരണങ്ങളാണ്. കീഴാളരുടെ കലയ്ക്ക് പ്രാധാന്യം നൽകി അവരുടെ ചരിത്ര വർത്തമാനകാലാവസ്ഥകളെ വ്യക്തമാക്കുന്ന പഠനമാണിത്.

കാവുകളെക്കുറിച്ചുള്ള ഫോക്‌ലോർ പഠനങ്ങളിൽ ചരിത്രപരവും സാമൂഹികശാസ്ത്രപരവുമായ പഠനങ്ങൾ, പാരിസ്ഥിതിക പഠനങ്ങൾ എന്നിവ ഉണ്ടായിട്ടുണ്ട്.

സാമൂഹീകരൂപീകരണ പ്രക്രിയയെ വിശദീകരിക്കാനുള്ള ഉപാധിയായി കാവ് പഠനങ്ങൾ വികസിച്ചിട്ടുണ്ട്. പരിസ്ഥിതി - ജൈവിക ബന്ധത്തെക്കുറിച്ച് പറയുന്ന താണ് പരിസ്ഥിതി പഠനങ്ങൾ. ഫോക്‌ലോർ ശേഖരണമെന്ന രീതിയിൽ നടന്നിട്ടുള്ള പഠനമാണ് ചേലനാട്ട് അച്യുതമേനോന്റെ 'കേരളത്തിലെ കാളീസേവ' മണ്ഡല വൃത്തിയിലൂടെ വിവരങ്ങൾ ശേഖരിച്ച് നടത്തിയിട്ടുള്ള പഠനങ്ങളാണ് സി. എം. എസ് ചന്തേരയുടെ 'ഉത്തരകേരളത്തിലെ ശാക്തേയ കാവുകൾ' എന്നിവ. കൂടാതെ ഫോക്‌ലോർ സിദ്ധാന്തങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് എഴുതിയിട്ടുള്ള പഠനങ്ങ ളാണ് എം .വി വിഷ്ണു നമ്പൂതിരിയുടെ 'തോറ്റംപാട്ടുകൾ ഒരു പഠനം', 'തെയ്യവും തിറയും', 'തെയ്യം', രാഘവൻ പയ്യനാടിന്റെ 'ഫോക്‌ലോറിനൊരു പഠനപദ്ധതി', 'കേരളാ ഫോക്‌ലോർ', 'തെയ്യവും തോറ്റംപാട്ടും', കെ.എം.അനിലിന്റെ 'ഫോക്‌ലോർ ജനസ്സ് സിദ്ധാന്തം രാഷ്ട്രീയം', എ.കെ. നമ്പ്യാരുടെ 'കേരളത്തിലെ നാടൻകലകൾ', കെ.എം ഭരതന്റെ 'ഫോക്‌ലോർ സിദ്ധാന്തവും പ്രയോഗവും', എന്നിവ. കൂടാതെ 'തിറയും കുടിച്ചാത്തൻ സങ്കല്പവും' കോഴിക്കോട് ജില്ലയിലെ തിറകളെ ആസ്പദമാക്കിയുള്ള പി.ശിവദാസന്റെ പഠനം. 'മുത്തപ്പൻ തിറയും സമൂഹവും' എന്ന സുധീഷിന്റെ പഠനം, 'തെയ്യം തിറ ഒരു ജാനുഷിക പഠനം' എന്ന രാഗിണിയുടെ പ്രബന്ധം ആദർശ് സി.യുടെ 'കൊടുങ്ങല്ലൂരിന്റെ സാംസ്കാരിക തനിമയും കേരളീയാവബോധവും' തുടങ്ങിയ പഠനങ്ങളെല്ലാം ഉണ്ടായിട്ടുണ്ട്. തിറയാട്ടത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന സി. ഗോപാലൻ നായരുടെ 'മലബാറിലെ തിറയാട്ടങ്ങൾ', 'തിറയാട്ടവും അഞ്ചടിയും', പീതാംബരന്റെ ‘തിറയാട്ടം’ എന്നീ പഠനങ്ങളിൽ തിറയാട്ടത്തിന്റെ ഉൽഭവം, ചടങ്ങുകൾ, കെട്ടിയാട്ടക്കാർ, മൂർത്തിയെക്കുറിച്ചുള്ള ലഘുവിവരണങ്ങൾ, അഞ്ചടികൾ, തോറ്റം പാട്ടുകൾ എന്നിവയെ ക്കുറിച്ചെല്ലാം പറയുന്നു.

കെ.കെ. എൻ.കുറുപ്പിന്റെ 'ആര്യ ദ്രാവിഡ ഘടകങ്ങൾ മലബാറിലെ നാടൻ കലയിൽ', കേരളചരിത്ര പഠനങ്ങൾ, എം. എസ് നായരുടെ 'മാടായി കാവ് ഒരു പഠനം' എന്നീ പഠനങ്ങളെല്ലാം ചർച്ചചെയ്യുന്നത് ചരിത്രപരവും സാമൂഹികശാസ്ത്ര പരവുമാ യിട്ടുള്ള കാര്യങ്ങളാണ്. കാവിന്റെ പാരിസ്ഥിതിക പ്രത്യേകതകളെക്കുറിച്ച് നടന്നിട്ടുള്ള പഠനമാണ് ഇ. ഉണ്ണികൃഷ്ണന്റെ 'ഉത്തരകേരളത്തിലെ വിശുദ്ധവനങ്ങൾ'. പരിസ്ഥിതി യേയും ആരാധനയേയും ചേർത്ത് വെച്ച് നടത്തിയ പഠനമാണിത്.

ഈ പഠനങ്ങളെല്ലാം കാവുകളെ വിവിധ വീക്ഷണകോണിൽനിന്ന് വിശദീകരിക്കാനുള്ള ശ്രമങ്ങളാണ്. എന്നാൽ ഒരു കാവിനെ മുൻനിർത്തി കീഴാള ചരിത്രത്തെ നിർമ്മിച്ചെടുക്കാൻ ശ്രമിക്കുന്ന പഠനങ്ങൾ ഇക്കൂട്ടത്തിലില്ല. അതിനുള്ള ഒരു ശ്രമമാണ് ഇവിടെ നിർവഹിക്കുന്നത്.

**പ്രബന്ധഘടന**

'കാവ്: അനുഷ്ഠാനം, ജാതിസംസ്കാരം' എന്ന ഒന്നാമത്തെ അധ്യായത്തിൽ കാവിനെക്കുറിച്ചുള്ള നിർവചനങ്ങളും കേരളത്തിലെ കാവുകളിൽ നടത്തിവരുന്ന പ്രധാന അനുഷ്ഠാനങ്ങളും ഈ അനുഷ്ഠാനങ്ങളിൽ ജാതി എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നും കണ്ടെത്താനാണ് ശ്രമിച്ചിട്ടുള്ളത്. കേരളത്തിന്റെ വടക്കേ അറ്റത്തുള്ള തെയ്യങ്ങളിലെ ഭഗവതിക്കോലം മുതൽ കന്യാകുമാരിയിലെ ദേവീക്ഷേത്രങ്ങളിലെ പറണേറ്റുവരെ വ്യാപിച്ചുനിൽക്കുന്ന അമ്മ ദൈവാരാധനാപാരമ്പര്യത്തിൽ സമൂഹത്തിലെ വ്യത്യസ്ത ജാതിവിഭാഗങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ഏതെങ്കിലും കലാരൂപത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. ജാതികേന്ദ്രീകൃത വ്യവസ്ഥ നാടൻകലയിലൂടെ കൂടുതൽ ശക്തമായി സ്ഥാപിക്കപ്പെടുന്നുണ്ട് എന്ന് ഈ അധ്യായത്തിലൂടെ പരിശോധിക്കപ്പെടുന്നു.

'പുല്ലാട്ടുകാവ്: അനുഷ്ഠാനം, പുരാവൃത്തം, അധിനിവേശം' എന്ന രണ്ടാമത്തെ അധ്യായത്തിൽ പുല്ലാട്ടുകാവിനെക്കുറിച്ചും കാവിൽ നടത്തിവരുന്ന അനുഷ്ഠാനങ്ങളെക്കുറിച്ചും കാവുമായി ബന്ധപ്പെട്ട പുരാവൃത്തങ്ങളെക്കുറിച്ചും അധിനിവേശശ്രമങ്ങളെക്കുറിച്ചുമാണ് ചർച്ചചെയ്യുന്നത്. കാവിൽ നടത്തിവരുന്ന എല്ലാ അനുഷ്ഠാനങ്ങളെയും പ്രതിപാദിച്ചുകൊണ്ട് ഇഷ്ടദേവതാപ്രീതിക്കായി നടത്തുന്ന പ്രധാന അനുഷ്ഠാനമായ തിറയാട്ടത്തെ വിശേഷപഠനത്തിന് വിധേയമാക്കുന്നുണ്ട്. പുല്ലാട്ടുകാവിലെ വരേണ്യ വിഭാഗത്തിന്റെ വിശ്വാസാചാരങ്ങൾ അധീശത്വപരമായ നിലപാടുകളിലൂടെ എങ്ങനെയാണ് കീഴാളന്റെ മണ്ണാറക്കൽ കാവിലേക്ക് സംക്രമിപ്പിക്കാൻ ശ്രമിക്കുന്നത് എന്നും ഈ അധ്യായം വിശകലനം ചെയ്യുന്നു.

'സ്മൃതിയിലെ കാവ് : വാമൊഴി ആഖ്യാനപഠനം' എന്ന മൂന്നാമത്തെ അധ്യായത്തിൽ കാവുമായി ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ അനുഭവ ആഖ്യാനങ്ങളുടെ

വിശദാംശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഓരോ വിഭാഗം ജനങ്ങളും കാവ്യമായി ചേർന്ന് നിൽക്കുന്നത് എങ്ങനെയെന്ന് ഈ അധ്യായത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്.

'ജാത്യധീശത്വം അവബോധമെന്നനിലയിൽ: വാമൊഴിയുടെ അപഗ്രഥനം' എന്ന നാലാമത്തെ അധ്യായം കാവ്യമായി ബന്ധപ്പെട്ട സാമൂഹിക ഇടപെടലുകൾ ജാതിശരീരങ്ങളായി എങ്ങനെയാണ് അനുഷ്ഠാനങ്ങളിലൂടെ പ്രവർത്തിക്കുന്നത് എന്നുള്ള അന്വേഷണമാണ്. ഒപ്പം ജാത്യധീശത്വം എന്ന സങ്കല്പനത്തെക്കുറിച്ചും ഈ അധ്യായം ചർച്ചചെയ്യുന്നുണ്ട്. ജാതിയെ പ്രത്യയശാസ്ത്രപരമായി വിലയിരുത്തുന്ന ഈ അധ്യായത്തിൽ അയിത്തത്തെ പ്രശ്നവൽക്കരിക്കാൻ ശ്രമിച്ചിട്ടുണ്ട്. അയിത്തത്തിനെതിരെ നടന്ന പോരാട്ടങ്ങളുടെ വിമർശവും നിർവഹിച്ചിട്ടുണ്ട്.

## 1.0 ആമുഖം

ഒരു സമൂഹത്തിന്റെ ഭൂതകാലത്തെ കണ്ടെത്തുക എന്നതാണ് വാമൊഴി ആഖ്യാനങ്ങളിലൂടെയുള്ള ചരിത്രനിർമ്മിതിയുടെ പ്രധാന ഉദ്ദേശ്യം. ചരിത്രരചനയെ ബലപ്പെടുത്തുന്നതിനായി വാമൊഴി ആഖ്യാനങ്ങൾ പലപ്പോഴും നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. തീക്ഷ്ണമായ അനുഭവാഖ്യാനങ്ങളായി അവ പലപ്പോഴും മാറുന്നുണ്ട്. എഴുതിവെക്കപ്പെടാതെ സമൂഹത്തിന്റെ അബോധത്തിൽ മറഞ്ഞുപോയ കീഴാളചരിത്രത്തെ വീണ്ടെടുക്കാനാണ് പഠനം ശ്രമിക്കുന്നത്. 20-ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് ആവിർഭവിച്ച ഫ്രെഡറിക് ജയിംസന്റെ 'രാഷ്ട്രീയാബോധം' എന്ന ചിന്താപദ്ധതി പഠനത്തിൽ പരാമർശിക്കപ്പെടുന്നുണ്ട്. സംസ്കാര പഠനമേഖലകളിലുണ്ടായ അർത്ഥപൂർണ്ണമായ ഇടപെടലുകളിലൊന്നാണ് ഫ്രെഡറിക് ജയിംസന്റെ 'രാഷ്ട്രീയാബോധം' എന്ന സങ്കല്പനം. സാഹിത്യത്തെയും ഭാഷയേയും മുൻനിർത്തിക്കൊണ്ടുള്ള സംസ്കാര വിശകലന പദ്ധതി രൂപപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചു. അദ്ദേഹത്തിന്റെ ആശയങ്ങൾ ഉൾക്കൊള്ളാൻ ഈ പഠനം ശ്രമിക്കുന്നുണ്ട്.

മാർക്സിസ്റ്റ് വിചാരധാരകളായിരുന്നു 'രാഷ്ട്രീയ അബോധം' എന്ന സങ്കല്പനത്തിന്റെ അടിത്തറ. മാക്സിസവും ഘടനാവാദാനന്തരചിന്തയും ചേർന്നതാണ് ഈ വിശകലനപദ്ധതി. 'The Political Unconscious: narrative as a socially symbolic Act' (2002) എന്ന കൃതിയിലാണ് രാഷ്ട്രീയ അബോധത്തെക്കുറിച്ച് ജെയിംസൺ പറയുന്നത്. സാഹിത്യകൃതികളെയാണ് അദ്ദേഹം വിശകലനവിധേയമാക്കിയിരുന്നത്. എന്നാൽ സാഹിത്യത്തിന് പുറത്ത് ഇതരകലകളിലേക്കും ഈ സിദ്ധാന്തം വ്യാപിക്കുന്നുണ്ട്. നാടൻ കലാപരിസരങ്ങളെ മുൻനിർത്തി ആലോചിക്കുമ്പോൾ ജയിംസന്റെ ആശയങ്ങൾ സ്വീകരിച്ചുകൊണ്ട് ജാത്യധീശത്വത്തെ വിശകലനം ചെയ്യാൻ പഠനം ശ്രമിക്കുന്നുണ്ട്. അനുഷ്ഠാനങ്ങളുടെ ചിഹ്നപദവിയെ വിശകലനം

ചെയ്ത് സാമൂഹ്യമായ ശ്രേണീകരണത്തിലേക്കും അതിന്റെ രാഷ്ട്രീയ വിവക്ഷകളിലേക്കും ചെന്നെത്താനാണ് പഠനം ശ്രമിക്കുന്നത്.

ചരിത്രവൽക്കരണത്തെക്കുറിച്ച് വിശദമായ ഉൾകാഴ്ച ഇദ്ദേഹത്തിനുണ്ടായിരുന്നു. ചരിത്രം, സംസ്കാരം, ഉൽപാദനരീതി എന്നിവയെ മുഖാമുഖം നിർത്തിക്കൊണ്ടുള്ള വിശകലന പദ്ധതിയിലൂടെയാണ് ഇദ്ദേഹം തന്റേതായ കണ്ടെത്തലുകൾ രൂപപ്പെടുത്തിയിട്ടുള്ളത്. ഉൽപ്പാദനവ്യവസ്ഥ സംസ്കാരം, രാഷ്ട്രീയം, നരവംശം തുടങ്ങിയ മണ്ഡലങ്ങളെ സ്വാധീനിക്കുന്നു എന്നദ്ദേഹം പറഞ്ഞു വയ്ക്കുന്നുണ്ട്. സാമൂഹികബലങ്ങൾക്കുമേൽ അധീശത്വം അധികാരപരമായി പ്രവർത്തിക്കുന്നു. നോവൽ, ചരിത്രം, കല, അനുഷ്ഠാനം തുടങ്ങിയ സാമൂഹിക നിർമ്മിതികളെല്ലാം സംസ്കാരവിശകലനത്തിന് ഉപയുക്തമാണ്. ഇവയുടെ അപഗ്രഥനം ചരിത്രവത്കരണ ത്തിന് ഉപയോഗിക്കാവുന്ന സൂക്ഷ്മപാഠങ്ങളാണ്. "ചരിത്രവത്കരണമെന്നത് സങ്കീർണമായ സാമൂഹികബലങ്ങളുടെ വലക്കണ്ണികൾക്കിടയിൽ ഓരോ സവിശേഷ നിർമിതിയും കയ്യാളുന്ന മാധ്യസ്ഥത്തെ ഇഴപിരിച്ചെടുക്കലാണ്" (ഇളയിടം, 2017: 93).

ചരിത്രത്തെ സംബന്ധിച്ചുള്ള ജെയിംസന്റെ അഭിപ്രായം ചരിത്രം സമ്പൂർണവും സുതാര്യവുമായി നമുക്ക് അഭിഗമ്യമാകുന്നില്ല എന്നതാണ്. അനുഷ്ഠാനങ്ങളെയും സമൂഹത്തെയും മറ്റ് ആഖ്യാനങ്ങളെയും പ്രതീകവ്യവസ്ഥയിലൂടെ മാത്രമേ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നുള്ളൂ. പ്രതീകവ്യവസ്ഥയിൽ ചരിത്രം നിലകൊള്ളുന്നുണ്ട്. പ്രതീകവ്യവസ്ഥയെ പൊളിക്കുകയും അതിനെ അപഗ്രഥിക്കുകയും വേണം. അപ്പോൾ മാത്രമേ യഥാർത്ഥ ചരിത്രം വ്യക്തമാവുകയുള്ളൂ. ഈ ചരിത്രം പ്രതീകവത്കരണത്തെ ചെറുക്കുന്നു. ചരിത്രം മാധ്യസ്ഥങ്ങളിലൂടെ മാത്രമേ നമുക്ക് അഭിഗമ്യമാകൂ. അനുഷ്ഠാനാചാരങ്ങളും നാടൻകലകളും ചരിത്രരൂപീകരണത്തിൽ മാധ്യസ്ഥങ്ങളായി പ്രവർത്തിക്കുന്നു. ചരിത്രത്തെ കണ്ടെടുക്കുകയെന്നത് ഈ മാധ്യസ്ഥങ്ങളിലൂടെ തുടർച്ചയായി നിർവഹിക്കേണ്ട വ്യാഖ്യാനവൃത്തിയാണ്. ജെയിംസൺ കലാസാഹിത്യനിർമിതികളെ സാംസ്കാരികവിമർശനത്തിൽ മാധ്യസ്ഥം വഹിക്കുന്ന ഘടകങ്ങളായി കണക്കാക്കുന്നു. രാഷ്ട്രീയാബോധം പാഠത്തിൽ സന്നിഹിതമായിരിക്കുന്നതും പുറമേയ്ക്ക് അങ്ങനെ അനുഭവപ്പെടാത്തതുമായ ചരിത്രമാണ്. വൈയക്തിക അനുഭവം ചരിത്രരചനയിൽ പ്രധാനമാണ്. വൈയക്തിക അനുഭവവും സാമൂഹികയാഥാർഥ്യവും തമ്മിലുള്ള

മാധ്യസ്ഥം കലയിലൂടെയും സാധ്യമാകുന്നുണ്ട്. ചരിത്രത്തെ ദമനം ചെയ്യുന്നതിൽനിന്നും വെളിച്ചത്തു കൊണ്ടുവരാൻ സാധിക്കുന്നത് ഈ മാധ്യസ്ഥത്തിലൂടെയാണ്. പാഠത്തിൽ നിന്നും ആഖ്യാനത്തിൽനിന്നും ചരിത്ര-സാമൂഹികയാഥാർത്ഥ്യത്തെ വീണ്ടെടുക്കുന്ന തിനെയാണ് ഫ്രെഡറിക് ജയിംസൺ രാഷ്ട്രീയാബോധവിശകലനമായി വികസിപ്പി ച്ചിട്ടുള്ളത്. അനുഷ്ഠാനങ്ങളെയും നാടൻകലകളെയും ഈ ആശയം ഉൾക്കൊണ്ട് അപഗ്രഥിക്കുമ്പോൾ ദമനം ചെയ്യപ്പെട്ട ചരിത്രം വീണ്ടെടുക്കാൻ സാധിക്കുന്നുണ്ട്.

"രാഷ്ട്രീയത്തിന്റെ ആർത്ഥികചക്രവാളത്തിനകത്തുവെച്ച് പാഠത്തെ വ്യാഖ്യാ നിക്കുക എന്നാൽ കൃതിയെ / ആവിഷ്കാരത്തെ പ്രാഥമികമായി ഒരു പ്രതീകാത്മകവൃത്തി എന്ന നിലയിൽ പരിഗണിക്കുക എന്നാണർത്ഥം. ഇവിടെ പാഠം കൃതിയുമായി (സാംസ്കാരിക നിർമ്മിതിയുടെ പ്രത്യക്ഷാർത്ഥവുമായി) ഒത്തിണങ്ങി നിൽക്കുന്നു. ചരിത്രമെന്നത് ഇവിടെ കൃത്യമായ സമയക്രമം പാലിക്കുന്ന സംഭവപരമ്പരയായി ചുരുങ്ങിയിരിക്കുന്നു. വർഷക്രമങ്ങളുടെ ബഹുകാലിക വിന്യാസമെന്ന പദവിയേ അതിനുള്ളൂ. അധികാരത്തിന്റെ ഉദയപതനങ്ങളും ചരിത്ര വ്യക്തിത്വങ്ങളുടെ വീറ്റു പോരാട്ടങ്ങളുമാണത്" (ഇളയിടം, 2017: 100).

## 1.1 പ്രതീകവ്യവസ്ഥയും അമ്മദൈവാരാധനാപരിസരവും

അനുഷ്ഠാനം ഒരു പ്രതീകവ്യവസ്ഥയായി നിലകൊള്ളുന്നു. അർത്ഥം ഉത്പാദി പ്പിക്കുന്ന അനേകം പ്രവർത്തനങ്ങൾ ഉൾച്ചേർന്നതാണ് ഏത് ഫോക് രൂപവും. നേരെ ചൊവ്വേ ഫോകിന്റെ അർത്ഥതലങ്ങൾ മനസിലാവണമെന്നില്ല. ഒരുപാട് അർത്ഥങ്ങളെ ഉത്പാദിപ്പിക്കാൻ മാത്രം പര്യാപ്തമാണ് പലപ്പോഴും ഫോക്കിലെ പ്രതീകങ്ങൾ. പ്രതീകങ്ങളായി സാധാരണ മനുഷ്യർ ഫോക്‌ലോറിനെ മനസിലാക്കുന്നു. പ്രതീക ങ്ങളെ വ്യാഖ്യാനിക്കുന്നതിലൂടെയാണ് അർത്ഥം മനസിലാക്കപ്പെടുന്നത്. അനവധി തരത്തിലുള്ള പ്രതീകങ്ങളുടെ ചേർച്ചയാണ് ഒരു ഫോക് കലാരൂപം. പ്രതീകങ്ങളെ നേരിട്ട് ദൃശ്യമാകുമ്പോൾ ഫോക്കിൽ നിലനിൽക്കുന്ന സംഘർഷഭരിതമായ അവസ്ഥ കളെ മനസിലായിക്കൊള്ളണമെന്നില്ല. പ്രതീകങ്ങളുടെ അപഗ്രഥനം സാധ്യമാകു മ്പോൾ മാത്രമാണ് സംഘർഷതലങ്ങൾ തെളിഞ്ഞ് വരുന്നത്. പലപ്പോഴും സംഘർഷ ങ്ങൾ മൂടിവെക്കപ്പെടുകയും കാണാതാക്കപ്പെടുകയും ചെയ്യുന്നു. തിറയാട്ടവുമായി

ബന്ധപ്പെട്ട ജാതിസംഘർഷങ്ങളെക്കുറിച്ച് മനസിലാക്കാൻ സാധിക്കുന്നത് പ്രതീക ങ്ങളുടെ വ്യാഖ്യാനത്തിലൂടെയാണ്. മുഴുവനായും പ്രതീകങ്ങളുടേതായിട്ടുള്ള ഒരു വ്യവസ്ഥയാണ് ഫോക്‌ലോർ. ജാതികൾ തമ്മിലുള്ള സംഘർഷത്തിന്റെ അവസ്ഥ പ്രതീകങ്ങൾ തമ്മിൽ നേരിട്ട് ഉണ്ടാകണമെന്നില്ല. പ്രതീകങ്ങൾ പലപ്പോഴും സമചിത്ത തയോട് കൂടിയാണ് കാണപ്പെടുന്നത്. സംഘർഷങ്ങളെ പലപ്പോഴും സമീകരിക്കുന്ന ഒന്നായിട്ടാണ് പ്രതീകവ്യവസ്ഥ പ്രവർത്തിക്കുന്നത്. സംഘർഷങ്ങളെ മൂടിവെക്കുന്ന, ഒന്നായി ഫോക്‌ലോർ പ്രവർത്തിക്കുന്നു. പ്രതീകങ്ങളെ വിശദമായി പഠിച്ചാൽ അതിന് ഒരുപാട് പ്രത്യേകതകളുള്ളതായി മനസിലാക്കാം. നിരവധി ഉരിയാട്ടങ്ങളുടെ ഏറ്റുമുട്ടലു കൾ നടക്കുന്ന ഇടമായി ഫോക്‌ലോറിനെ കാണാം.

തിറയാട്ടവുമായി ബന്ധപ്പെട്ട ജാതിസംഘർഷങ്ങളെക്കുറിച്ചുള്ള കൃത്യമായ ധാരണ ലഭിക്കുന്നത് കാവുമായി ബന്ധപ്പെട്ട പ്രതീകവ്യവസ്ഥയിലൂടെയാണ്. ഈ പ്രതീകവ്യവസ്ഥയെ വിടർത്തിനോക്കുമ്പോൾ മാത്രമാണ് വ്യക്തമായ സാമൂഹിക സംഘർഷങ്ങൾ കാണാൻ സാധിക്കുന്നത്. തിറയാട്ടത്തിന്റെ അകത്ത് ജാതിസ്വത്വം സ്ഥാപിക്കപ്പെടുകയാണ് ചെയ്യുന്നത്.

"ഒരു യഥാർത്ഥ വൈരുധ്യത്തിന്റെ ഭാവനാത്മകപരിഹാരമെന്ന നിലയിലാണ് സാംസ്കാരികാവിഷ്കാരങ്ങൾ പ്രതീകാത്മകവൃത്തികളുടെ പദവി കയ്യാളുന്നത്. സൗന്ദര്യാ ത്മകമായ ഏത് പ്രവൃത്തിയും അതിൽത്തന്നെ പ്രത്യയശാസ്ത്രപരമാണ്. ഔപചാരിക മായ ഈ വൈരുദ്ധ്യത്തിന്റെ പരിഹാരമെന്ന നിലയിൽ പാഠത്തിന് കൈവരുന്ന പ്രതീകാത്മകപദവി കണ്ടെടുക്കുക എന്നതാണ് വ്യാഖ്യാനത്തിന്റെ ആദ്യ ചുമതല" (ഇളയിടം, 2017: 100).

അനുഷ്ഠാനം ഒരു പ്രതീകവ്യവസ്ഥയായി നിലകൊള്ളുന്നു. കേരളത്തിലെ ആരാധനാസമ്പ്രദായങ്ങളിൽ ദമനം ചെയ്യപ്പെട്ട ചരിത്രയാഥാർഥ്യങ്ങളുണ്ട്. അമ്മ ദൈവാരാധനയുടെ ഭാഗമായി കേരളത്തിലെ അനേകം കാവുകളിൽ വൈവിധ്യമാർന്ന അനുഷ്ഠാനാചാരങ്ങൾ നടന്നുപോരുന്നു. ഇവയിലൊക്കെയും ജാതിസങ്കല്പം പ്രവർത്തി ക്കുന്നുണ്ടെങ്കിലും അവ മറയ്ക്കപ്പെട്ടിരിക്കുന്നു. ഇവയെ കണ്ടെത്തണമെങ്കിൽ അനുഷ്ഠാന മെന്ന പ്രതീകവ്യവസ്ഥയെ അപഗ്രഥന വിധേയമാക്കേണ്ടതുണ്ട്. കാവ് നിർവചന

ത്തിൽ തുടങ്ങി കാവനുഷ്ഠാനങ്ങളിൽ ഉൾചേർന്ന് കിടക്കുന്ന ജാതിപ്രവർത്തനം മറനീക്കി പുറത്തെടുക്കാൻ സാധ്യമാകുന്നതെങ്ങനെ എന്ന അന്വേഷണമാണ് ഈ അധ്യായം. തെയ്യവും തിറയാട്ടവും മുടിയേറ്റും പൂതനും തിറയും തുടങ്ങി അനേകം അനുഷ്ഠാനകലകളിൽ ജാതി പ്രവർത്തിക്കുന്നുണ്ട്. സാമാന്യമായി ഈ കലകളിലെ ജാതിയ പരാമർശങ്ങളെ കണ്ടെടുക്കുകയും സവിശേഷമായി കോഴിക്കോട് ജില്ലയിലെ പുല്ലാട്ട് കാവിനെ മുൻനിർത്തിയുള്ള അനുഷ്ഠാനങ്ങളിലൂടെ ജാതിജന്മിത്തപ്രവർത്തനം സാധ്യമായത് എങ്ങനെയെന്നും ഈ ഗവേഷണത്തിലൂടെ പഠിക്കാൻ ശ്രമിക്കുന്നു.

കേരളത്തിന്റെ കാവ് സങ്കൽപം ഏറെ വിപുലമാണ്. ആദിമജനവിഭാഗങ്ങൾ ആരാധന നടത്തിയിരുന്നത് കാവുകളിലൂടെയായിരുന്നു. കാളി, വേട്ടയ്ക്കൊരുമകൻ, അന്തിമഹാകാളൻ, കരിങ്കാളി, അയ്യപ്പൻ, പാമ്പ് (നാഗം), ചാമുണ്ഡി എന്നീ ദൈവങ്ങളാണ് കാവുകളിലൂടെ ആരാധിക്കപ്പെടുന്നത്. പ്രധാനമായും ഉത്സവാഘോഷങ്ങളിലൂടെ കാളിയാരാധന സാധ്യമായിരുന്നത് കാവുകളിലൂടെയായിരുന്നു. അമ്മദൈവാരാധന ലോകസംസ്കാരത്തിന്റെതന്നെ അടിത്തട്ടായി നിലകൊണ്ടിരുന്ന സംസ്കാരമാണ്. ഇന്നും ഗ്രാമീണ ആരാധനാരീതികളിലൂടെ കാവനുഷ്ഠാനവും അമ്മദൈവാരാധനയും പ്രധാന്യത്തോട്ടുകൂടിത്തന്നെ നിലകൊള്ളുന്നു. ദ്രാവിഡജീവിതത്തിന്റെ അംശങ്ങളാണ് മാതൃദായസംസ്കാരത്തിലൂടെ പ്രതിഫലിക്കുന്നത്. ഇന്ത്യൻസംസ്കാരത്തിന്റെ ആദിമകാലചരിത്രം പരിശോധിക്കുമ്പോൾ ഗ്രാമാന്തരങ്ങളിൽ ജീവിച്ചിരുന്ന തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായ ഒരു പറ്റം ജനങ്ങളുടെ സംസ്കാരത്തിൽ നിന്നാണ് ഇന്ത്യൻ സംസ്കാരത്തിന്റെ അടിത്തറ ഉരുവം കൊണ്ടത് എന്ന് വ്യക്തമാണ്. കീഴാളദൈവത്തിന്റെ ആരാധനാമൂർത്തിയാണ് അമ്മദൈവം. അമ്മദൈവാരാധന കാർഷിക സംസ്കാരത്തിന്റെ ഭാഗമാണ്. സംസ്കാരികചരിത്രം പരിശോധിക്കുമ്പോൾ ഉപരിവർഗത്തിന്റെ വേദേതിഹാസസംസ്കാരവും ബദലായി നിലനിന്ന മാതൃദേവാരാധനയും വ്യത്യസ്തങ്ങളായ രണ്ടു തലങ്ങളെ അടയാളപ്പെടുത്തുന്നു. കൃഷി കേരളത്തെ സംബന്ധിച്ച് ഒഴിച്ചു കൂടാനാവാത്ത ഉൽപാദനസമ്പ്രദായമാണ്. അതിന് സാംസ്കാരികമാനങ്ങളുണ്ട്. ഈ കാർഷികസമൂഹത്തിന്റെ ആരാധന, ജീവിതരീതി എല്ലാം മാതൃദായക്രമത്തെ പിൻപറ്റിയുള്ളതായിരുന്നു. ബ്രാഹ്മണരും ക്ഷത്രിയരും അടങ്ങുന്ന ഉപരിവർഗത്തിന്റെ പിതൃദായക്രമമായിരുന്നില്ല ശൂദ്രർ പിന്തുടർന്നിരുന്നത്. മാതൃദായക്രമത്തിലാ

യിരുന്നു അവർ ജീവിച്ചിരുന്നത്. ഉൽപ്പാദന പ്രത്യൽപ്പാദന പ്രക്രിയ ചരിത്രത്തിന്റെ നിർണായകഘടകമാണെന്ന് എംഗൽസ് ചൂണ്ടിക്കാണിക്കുന്നു. സ്ത്രീയും പ്രകൃതിയും ഈ വ്യവസ്ഥയുടെ ഒഴിച്ചുകൂടാനാവാത്ത തലങ്ങളായി നിലകൊള്ളുന്നു. ആഹാരസമ്പാദനം, ഉൽപാദനം, ശേഖരണം, വിതരണം എന്നിവ എക്കാലവും സ്ത്രീകേന്ദ്രിതമായിരുന്നു. പ്രാചീനഗോത്രസമൂഹങ്ങൾ സ്ത്രീകേന്ദ്രീകൃത ജീവിതത്തിനുടമകളായിരുന്നു. സ്ത്രീയുടെ പ്രജനനശേഷിയും ഭൂമിയുടെ സസ്യസമൃദ്ധിയും സ്ത്രീയേയും പ്രകൃതിയേയും ഒന്നായിക്കാണാൻ അവരെ ശീലിപ്പിച്ചു. അത് അവരുടെ പുരാവൃത്തങ്ങളിലും മിത്തുകളിലും പ്രതിഫലിച്ചു. സ്ത്രീയിൽനിന്നും ആരംഭിച്ച കാർഷികവൃത്തി മനുഷ്യജീവിതത്തിന്റേയും സംസ്കാരത്തിന്റേയും അടിത്തറയായിരുന്നു. കുടുംബം സമൂഹം രാഷ്ട്രം തുടങ്ങിയവയെല്ലാം ഈ കാർഷിക സംസ്കാരം ഉൾക്കൊള്ളുന്നു. കൃഷി ശക്തമായ സാമ്പത്തിക അടിത്തറയായി നിലനിന്നിടങ്ങളിലെല്ലാം മാതൃദൈവാരാധന വളരെ പ്രബലമായിത്തന്നെ നിലകൊണ്ടു. പ്രാചീനമനുഷ്യരുടെ ജീവിതത്തിൽ പ്രകൃതിക്ക് ഏറെ സ്ഥാനം ഉണ്ടായിരുന്നു. അവരുടെ ആചാരാനുഷ്ഠാനങ്ങളിൽ പ്രകൃതിയും പ്രകൃതിയോടു ചേർത്ത് നിർത്തിയിരുന്ന സ്ത്രീയും പ്രതിഫലിച്ചു. അവരുടെ ആരാധനാനുഷ്ഠാനരീതികളിൽ മാതൃത്വം എന്ന സങ്കല്പം വേരോടി. കേരളത്തിലെ കാവുകളിൽ അങ്ങോളമിങ്ങോളം ദേവി ആരാധനാസമ്പ്രദായങ്ങളും അനുഷ്ഠാനനാടകങ്ങളും അരങ്ങേറി. സ്ത്രീയുടെ പ്രത്യൽപാദനശക്തിയുടെ വർധനവിനും ഭൂമിയുടെ ഫലഭൂയിഷ്ഠതയ്ക്കും വേണ്ടി ആചാരാനുഷ്ഠാനങ്ങൾ നിർവഹിക്കപ്പെടാൻ തുടങ്ങിയതോടെ അമ്മ ദൈവാരാധന കാർഷികാനുഷ്ഠാനമായി പരിണമിച്ചു. കൃഷിഭൂമിയുടെയും സ്ത്രീയുടെയും ഉൽപാദന പ്രത്യൽപാദനപരമായ കഴിവുകൾ തമ്മിൽ അഭേദം കല്പിക്കപ്പെട്ടിരുന്നതിനാൽ കാർഷികാനുഷ്ഠാനങ്ങൾ സ്ത്രീകേന്ദ്രിതമായി. ബ്രാഹ്മണ-ബുദ്ധ-ജൈനമതങ്ങളുടെ ആരാധനാരീതികൾക്ക് സമാന്തരമായി കാർഷികവൃത്തിയിൽ ജീവിതമാർഗം കണ്ടെത്തിയിരുന്ന കർഷകജനവിഭാഗത്തിന്റെ അമ്മദൈവാരാധനയും സാമൂഹികപരിസരങ്ങളിൽ നിലകൊണ്ടു. സിന്ധുനദീതടസംസ്കാരത്തിന്റെ പിൻതുടർച്ചയെ ഉൾകൊള്ളുമാറുള്ള ഇന്ത്യൻ സംസ്കാരത്തിന്റെ കാർഷികബദ്ധമായ പ്രാകൃത അനുഷ്ഠാനങ്ങളും മാന്ത്രികപൂർവ്വാരാധനാരീതികളും ഗോത്രാരാധനയുടെ ഭാഗമായി. പിന്നീടത് ഗ്രാമീണ ആരാധനാരീതികളിലേക്ക് പരിണമിച്ചു. അമ്മ ദൈവത്തെയും കാളിസങ്കൽപത്തെയും മുൻനിർത്തി അനവധി അനുഷ്ഠാനങ്ങൾ കേരളത്തിലെ ഗ്രാമീണജനവിഭാഗം ഭക്തിയോടുകൂടി

ആരാധിച്ചു പോരുന്നുണ്ട്. പ്രബലമായിരുന്ന മാതൃദായസംസ്കാരത്തെയാണിത് സൂചിപ്പിക്കുന്നത്. കൃഷിഭൂമിയുടെ ഉടമസ്ഥർ ബ്രാഹ്മണരും ക്ഷത്രിയരുമായിരുന്നു. അവിടങ്ങളിലെ കൃഷിക്കാർ മാത്രമായിരുന്നു അടിമകളും ശൂദ്രരുമായ ജനവിഭാഗങ്ങൾ. ഇവരുടെ പങ്കാളിത്തം ഇല്ലാതെ കാർഷികോല്പാദനമോ സാംസ്കാരികോന്നമനമോ ബ്രാഹ്മണ ക്ഷത്രിയവർഗ്ഗങ്ങൾക്ക് സാധ്യമായിരുന്നില്ല. കേരളത്തിലെ ഗ്രാമങ്ങളിലെ ഗ്രാമീണ ദേവതകളും ആരാധനാമൂർത്തികളും എല്ലാംതന്നെ അമ്മ ദൈവങ്ങളാണ്. കേരളത്തിന്റെ ഗ്രാമീണപരിസരത്തുള്ള ആരാധനാമൂർത്തികൾ മുഴുവനായും അമ്മ ദൈവ സങ്കല്പത്തിൽ ഉള്ളതാണെന്ന് പറയാം. ഒരേ ഐതിഹ്യത്തിൽ നിലനിൽക്കുന്ന അനവധി അനുഷ്ഠാനങ്ങളായി അവ നിലകൊള്ളുന്നു. ഭാരതത്തിലെ ജനങ്ങൾ ബ്രാഹ്മണ അബ്രാഹ്മണ ഭേദമന്യേ ആരാധിച്ചുപോരുന്ന ആരാധനാസങ്കല്പമാണ് അമ്മദൈവം. ഈ ആരാധനമൂർത്തി പ്രാചീനകാലത്തെ കാർഷികദേവതകളായിരുന്നു. അമ്മദേവാരാധന തികച്ചും കീഴാളജാതിക്കാരെന്ന് ഉപരിവർഗം അകറ്റിനിർത്തിയ സാധാരണ ജനങ്ങളിൽക്കൂടെയാണ് ശക്തിപ്രാപിച്ചത്. ബ്രാഹ്മണരും ക്ഷത്രിയരും ഒന്നുംതന്നെ കൃഷി ഒരു സാമൂഹിക തൊഴിൽമേഖല എന്നനിലയിൽ തിരഞ്ഞെടുക്കാതിരുന്നതിനാൽത്തന്നെ കാർഷികദേവതകളെക്കുറിച്ചുള്ള ആരാധനകളോ അനുഷ്ഠാനങ്ങളോ അവർക്ക് അന്യമായിരുന്നു. കാവുകളിലൂടെ ഗ്രാമീണനൃത്തങ്ങളായി അരങ്ങേറിയിരുന്ന ആരാധനാസമ്പ്രദായങ്ങൾ ബ്രാഹ്മണർക്കന്യമായിരുന്നു. അവരുടെ വേദഗ്രന്ഥങ്ങളൊന്നും ഇത്തരം ആരാധനാരീതി ഉൾക്കൊണ്ടിരുന്നില്ല. അതുകൊണ്ടുതന്നെ ഇന്ത്യയിലെ അമ്മദൈവങ്ങൾ ദ്രാവിഡദേവതകളാണ്. പ്രാദേശികമായ നാമങ്ങളിലൂടെയാണ് ദേവതകൾ അറിയപ്പെട്ടിരുന്നത്. കേരളത്തിന്റെ കാർഷികവ്യവസ്ഥയും ഗ്രാമീണജീവിതരീതികളും കേരളത്തെ ഇന്നും അമ്മദൈവാരാധനയുടെ ശക്തികേന്ദ്രങ്ങളാക്കി മാറ്റുകയാണ്. കീഴാളവർഗത്തിന്റെ അമ്മദൈവാരാധന ബ്രാഹ്മണിക പൗരോഹിത്യവർഗ്ഗത്തിന്റെ ആരാധനാ രീതികളിൽനിന്നും തികച്ചും വ്യത്യസ്തമാണ്. വേദേതിഹാസപുരാണങ്ങളിലോ ആത്മീയ പ്രത്യയശാസ്ത്രങ്ങളിലോ അധിഷ്ഠിതമായി വളർന്നുവന്നതായ ഒന്നല്ല ഇന്ത്യൻസംസ്കാരം. കാർഷികവൃത്തിയിലധിഷ്ഠിതമായ മാതൃദായസംസ്കാരവും ഗ്രാമീണസമൂഹങ്ങളും അവരുടെ അമ്മദൈവാരാധനയുമാണ് ഇന്ത്യൻസംസ്കാരത്തിന്റെ അടിത്തറ. ഉപരിവർഗനാടുവാഴിത്തശക്തികളുടെ സംരക്ഷകരായിരുന്ന കാർഷികജനത. അവരുടെ സാമ്പത്തികാടിത്തറ ഭദ്രമാക്കുന്നതിന്

കാർഷികസമൂഹം രാപ്പകലില്ലാതെ അധ്വാനിച്ചു. കാർഷികജനതയ്ക്കിടയിലാണ് ബുദ്ധ-ജൈന-താന്ത്രികമതങ്ങളും അമ്മ ദൈവാരാധനകളും നിലനിന്നിരുന്നത്. അതിന്റെ തുടർച്ചയാണ് ഇന്നും കാണുന്ന അനുഷ്ഠാനകലകളെല്ലാം. "നാട്ടുവാഴി-അമ്പലവാസി-നായർ ജനവിഭാഗത്തിന്റെ ഇടയിൽ മാത്രമല്ല, കേരളത്തിലെ ഗോത്രവർഗക്കാർക്കിടയിലും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന മറ്റു അയിത്തജാതിക്കാർക്കിടയിലും മാതൃദായക്രമവും അതിന്റേതായ സംസ്കാരവും നിലനിന്നിരുന്നു. വേലന്മാർ, കുറത്തിയന്മാർ, തെക്കുള്ള മുക്കുവർ, വണ്ണാന്മാർ, മലബാറിലെ മാപ്പിളമാർ, ഗോത്രവർഗക്കാരായ കുറിച്യർ, മലക്കാർ, കരമ്പാലന്മാർ, വേട്ടുവർ തുടങ്ങിയ കീഴാളവർഗ്ഗത്തിൽ നല്ലൊരു വിഭാഗവും മാതൃദായക്കാരായിരുന്നു" (സോമൻ, 2011: 21).

കേരളത്തിലെ എല്ലാതരം ജനവിഭാഗങ്ങളുടെയും നാനാജാതികളുടേയും ആരാധ്യദേവതയായിരുന്നു അമ്മ. പ്രാചീനകാലത്തെപോലെതന്നെ പ്രാദേശികവും ഗോത്രപരവുമാണ് അമ്മദൈവാരാധന ഇന്നും. "ഭഗവതിക്കാവോ പള്ളിയറയോ ഇല്ലാത്ത ഒരു ഗ്രാമംപോലും മലബാറിൽ കാണുകയില്ല" (കുറുപ്പ്, 2019: 23).

ഭഗവതിക്കാവുകൾ അബ്രാഹ്മണാരാധനാകേന്ദ്രങ്ങളായിരുന്നതിനാൽ അവിടെ പൂജ ചെയ്തിരുന്നത് വെളിച്ചപ്പാടായിരുന്നു. നമ്പൂതിരിപൂജകൾ കാവുകളിൽ ഉണ്ടായിരുന്നില്ല. ജ്യോതിഷസംസ്കാരവും അമ്മദൈവാരാധനയുടെ ഭാഗമായിരുന്നില്ല. ബ്രാഹ്മണർ 'ഭഗവതിപൂജ' ചെയ്യാറുണ്ട്. കാർഷിക സമ്പാദ്യത്തിന്റെ വർദ്ധനവിനുവേണ്ടി കീഴാള വർഗ്ഗങ്ങളുടെ കാർഷികാനുഷ്ഠാനങ്ങളെ അംഗീകരിച്ചതിന്റെ അടയാളമാണിത്. കേരളത്തിലെ നാടൻകലാനുഷ്ഠാനങ്ങളെല്ലാം തന്നെ അമ്മദൈവാരാധനയുടെ ഭാഗമായി ആചരിച്ചുവരുന്നവയാണ്. തികച്ചും കീഴാളജനവിഭാഗങ്ങളുടെ അനുഷ്ഠാനങ്ങളായ ഇവ കാർഷികസംസ്കാരത്തിന്റെ ഭാഗമാണ്. തെയ്യം, തിറ, പടയണി, ഊട്ട്, അമ്മൻകൊട, കുരുതി, ചാവൂട്ട്, പൂരം, പാന, കളംപാട്ട്, കളമെഴുത്ത്, മുടിയേറ്റ്, തുക്കം, പറണേറ്റ് തുടങ്ങിയ അനുഷ്ഠാനാചാരങ്ങൾ അമ്മദൈവാരാധനയുടെ ഭാഗമായി അനുഷ്ഠിച്ച് വരുന്നവയാണ്. സാധാരണക്കാരന്റെ ആരാധനാരീതികളായ മലബാറിലെ തെയ്യവും തിറയാട്ടവും അതിന്റെ ഉല്പത്തിയെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ മാതൃദായസംസ്കാരത്തിന്റെ ആദിമതയെ സൂചിപ്പിക്കുന്നതായി കാണാം. ഇവ തികച്ചും ഒരു മാതൃദായ സമൂഹത്തിന്റെ അമ്മദൈവാരാധനയാണെന്ന് ചടങ്ങുകളിൽനിന്നുതന്നെ വ്യക്തമാകു

ന്നുണ്ട്. തെയ്യം-തിറകളിൽ രക്തവർണ്ണം കൂടുതലായി കാണുന്നുണ്ട്. ഇത് കോലങ്ങളുടെ സ്ത്രീപക്ഷത്തെയാണ് സൂചിപ്പിക്കുന്നത്. "അമ്മദേവതമാർ വിവിധോദ്ദേശ്യങ്ങളോടെ ആരാധിക്കപ്പെടുന്നു. സർവ്വരക്ഷയും സന്താനം, അന്നം, ആരോഗ്യം, ഇവ നൽകുന്നവളു മൊക്കെയാണ് അമ്മ ദേവത" (വസന്തകുമാരി, 2000: 79).

അമ്മദൈവാരാധന കേരളം മുഴുവൻ നിറഞ്ഞുനിൽക്കുന്ന ആരാധനാ സമ്പ്രദായമാണ്. കേരളത്തിന്റെ വടക്കേ അറ്റത്തുള്ള തെയ്യങ്ങളിലെ ഭഗവതിക്കോലം മുതൽ കന്യാകുമാരിയിലെ ദേവീക്ഷേത്രങ്ങളിലെ പറണേറ്റുവരെ വ്യാപിച്ചുനിൽക്കുന്ന അമ്മദൈവാരാധനാപാരമ്പര്യം കേരളത്തിനുണ്ട്. അമ്മദൈവാരാധനയുടെ വൈവിധ്യ ങ്ങളാണിവിടെ വ്യക്തമാകുന്നത്. സംഹാരത്തിന്റെയും സംരക്ഷണത്തിന്റെയും ധർമ്മം ഉൾക്കൊള്ളുന്ന ദേവതയായാണ് കാളിയെ കേരളീയർ സങ്കൽപ്പിക്കുന്നത്. വ്യത്യസ്ത മായ അനേകം രൂപങ്ങളിലുള്ള ആരാധന അമ്മദൈവാരാധനയുടെ പ്രത്യേകതയാണ്. ഭഗവതിയും ഭദ്രകാളിയും ചാമുണ്ഡിയും ഈശ്വരിയും ദേവിയും അച്ചി (തായും)യുമൊക്കെ കേരളീയരെ സംബന്ധിച്ചിടത്തോളം അമ്മദൈവങ്ങളാണ്. ഇവയെല്ലാംതന്നെ കാളീ സങ്കല്പങ്ങളോ സങ്കല്പഭേദങ്ങളോ ആണ്. കേരളത്തിലെ പ്രശസ്തമായ ദേവി ആരാധ നാലയങ്ങളിലധികവും കാവുകളാണ്. പാറമേൽക്കാവ്, ശ്രീപോർക്കലി കാവ്, കൊടുങ്ങല്ലൂർ കാവ്, മാടായിക്കാവ് മന്നംപുറത്ത് കാവ്, മണ്ണടിക്കാവ് എന്നിവ ഉദാഹര ണങ്ങളാണ്. അതിപ്രാചീനകാലത്തുതന്നെ ഇന്ത്യയിൽ അമ്മദൈവാരാധന പ്രചരിച്ചി രുന്നു. "മലയാളത്തിലെ അമ്മയ്ക്ക് മലയാളക്കരയോളംതന്നെ പഴക്കമുണ്ടെന്നും സമുദായ ക്കാർ അമ്മയെ ഏറ്റുവാങ്ങിയത് ആദിമനിവാസികളിൽനിന്നാണെന്നും അമ്മയുടെ അവതാരകാലത്ത് ബ്രാഹ്മണപ്രധാനമായ സമുദായഘടന പരശുരാമക്ഷേത്രത്തിൽ ഉണ്ടായിരുന്നില്ലെന്നും മനസ്സിലാക്കാം. ഭൂദേവന്മാർക്ക് മുമ്പ് കേരളത്തിൽ സർവ്വാധി പത്യം വഹിച്ചിരുന്ന നായന്മാരുടെ സംസ്കാരമനുസരിച്ച് കാവുകളുടെ സ്വരൂപത്തിനും സ്വഭാവത്തിനും മാറ്റം സംഭവിച്ചിട്ടുണ്ട്" (അച്യുതമേനോൻ, 2015: 35).

കാവാരാധന പ്രബലമായി നിലനിന്നത് കീഴാളവിഭാഗങ്ങളിലാണ്. അവർ ദേവതകളെ മൂർത്തമായി ആരാധിക്കുന്നതിന് മനുഷ്യരിലേക്ക് ദൈവങ്ങളെ കൊണ്ട് വന്ന്, ദേവകോലങ്ങൾ കെട്ടിച്ച് ആരാധിച്ചു. കാവുകൾ കേരളസംസ്കാരത്തിൽ ഏറെ പ്രാമുഖ്യത്തോട് കൂടിയാണ് ഇന്ന് അടയാളപ്പെട്ടുകിടക്കുന്നത്. കാവിനെക്കുറിച്ചുള്ള

നിർവചനങ്ങളും മറ്റും അനേകം ആളുകൾ അവരുടേതായ പഠനത്തിന്റെ വെളിച്ചത്തിൽ പറഞ്ഞുവെക്കുന്നുണ്ട്.

## 1.2 കാവ് നിർവചനങ്ങൾ

എം.വി വിഷ്ണുനമ്പൂതിരി 'ഫോക്‌ലോർ നിഘണ്ടു'വിൽ കാവിനെക്കുറിച്ച് പ്രതിപാദിക്കുന്നതിങ്ങനെയാണ്. "കാവ് ദേവതാസങ്കേതമാണ്. വൃക്ഷാരാധനയിൽ നിന്നാണ് കാവുകളുടെ ഉത്ഭവം വൃക്ഷലതാദികൾ സമൃദ്ധമായിവളരുന്ന സുഖശീതളമായ മരത്തോപ്പുകൾ പല ദേവതമാരുടെയും സങ്കേതമാണ്. നാഗം, അയ്യപ്പൻ, കാളി, വേട്ടയ്ക്കൊരുമകൻ, ഗണപതി തുടങ്ങിയ കേരളത്തിലെ പ്രാചീനദേവതകളുടെ സങ്കേതങ്ങളെ 'കാവ്' എന്നാണ് പറഞ്ഞുവരുന്നത്. പിൽക്കാലത്ത് ഇത്തരം സങ്കേതങ്ങളിൽ 'ശ്രീകോവിൽ' പണിതിട്ടുമുണ്ട്. എങ്കിലും പഴയ പേരിന് മാറ്റം വന്നില്ല. ശ്രീകോവിലും ചുററമ്പലവുമുള്ള പല സങ്കേതങ്ങളും 'കാവ്' എന്ന പേരിൽത്തന്നെയാണ് ഇന്ന് അറിയപ്പെടുന്നത്. എന്നാൽ നാഗക്കാവുകൾക്ക് മാറ്റം സംഭവിച്ചിട്ടില്ല. ചിത്രകൂടവും നാഗപ്രതിഷ്ഠകളുമുള്ള സർപ്പകാവുകൾ കേരളത്തിൽ മിക്ക തറവാട്ടുപറമ്പുകളിലും കാണാവുന്നതാണ്. പരിശുദ്ധമായി തിരിച്ചുനിറുത്തിയ കാവു (വൃക്ഷ കൂട്ടം)കളിൽവച്ച് തറയോഗങ്ങൾ നടത്താറുണ്ടായിരുന്നു. ചില കാവുകൾ നായാട്ടുകാരുടെ സങ്കേതങ്ങളായിരുന്നു. അത്തരം കാവുകളിൽ നായാട്ടുദേവതകളെ ആരാധിക്കുകയും ചെയ്തിരുന്നു" (വിഷ്ണുനമ്പൂതിരി, 2010: 230).

കാവിന്റെ ബഹുസ്വരമാർന്ന അർത്ഥതലങ്ങളെക്കുറിച്ചാണ് വിഷ്ണുനമ്പൂതിരി പറയുന്നത്. കാവെന്ന ദേവതാസങ്കേതത്തിന്റെ ഉത്ഭവം വൃക്ഷാരാധയിലൂടെയാണ്. ചില പ്രത്യേക ദേവതകളുടെ ആരാധന ഇടത്തെ മാത്രമാണ് കാവുകളിൽ ഉൾപ്പെടുത്തിയിരുന്നത്. കാവുപരിസരങ്ങളിൽ പിന്നീട് ശ്രീകോവിൽ പണിയുന്നുവെങ്കിലും കാവെന്ന പേര് നിലനിൽക്കുന്നതിനെ അദ്ദേഹം ശ്രദ്ധിക്കുന്നുണ്ട്. മാറ്റം സംഭവിച്ച കാവുകളെക്കുറിച്ചും മാറ്റത്തിന് വിധേയമാവാത്ത സർപ്പക്കാവുകളെക്കുറിച്ചുമെല്ലാം സൂക്ഷ്മനിരീക്ഷണം നടത്തിയിരിക്കുന്നത് കാണാം. വിഭിന്നമായ അർത്ഥമുള്ള ഒന്നായാണ് കാവിനെ നിർവചിക്കാൻ ശ്രമിച്ചിരിക്കുന്നത്. ഒരു പ്രാചീന ആരാധനാകേന്ദ്ര

മാണ് കാവെന്ന് പറഞ്ഞുകൊണ്ട് ആ കാവ് പരിസരങ്ങളിൽ വരുന്ന മാറ്റങ്ങളെ കൃത്യമായി അടയാളപ്പെടുത്താൻ വിഷ്ണുനമ്പൂതിരിക്ക് സാധിക്കുന്നുണ്ട്.

ചേലനാട്ട് അച്യുതമേനോൻ കാവിനെക്കുറിച്ച് പറയുന്നു. "കാവ് എന്ന പദത്തിന് മരക്കൂട്ടം തോപ്പ് എന്ന് അർത്ഥമുണ്ട് ഈ ശബ്ദം ദേവാലയത്തിന് പര്യായമായി ഇരിക്കുകയാണ് ഇപ്പോൾ. പക്ഷേ ഒരു വ്യത്യാസമുണ്ട്. കേരളത്തിലെ പ്രാചീനദേവതകളായ കാളി, വേട്ടക്കാരൻ, അന്തിമഹാകാളൻ, കരിങ്കാളി, അയ്യപ്പൻ, പാമ്പ് എന്നിവരെ കുടിവെച്ച സ്ഥലങ്ങൾക്കു മാത്രമേ കാവ് എന്ന പേര് പറയാറുള്ളൂ. ശിവൻ, വിഷ്ണു മുതലായ ദൈവങ്ങൾ ക്ഷേത്രത്തിൽ കുടികൊള്ളുന്നവരാണ്. അമ്പലത്തിലിരിക്കുന്നതിനും അവർക്ക് വിരോധമില്ല. കാളി മുതലായവരുടെ കാര്യത്തിൽ അങ്ങനെയല്ല. അവർക്ക് പ്രത്യേകമായിട്ടുള്ളതാണ് കാവ്. മനുഷ്യൻ ആദ്യം ആരാധിച്ച ദൈവവും മരം തന്നെ ആയിരിക്കുമോ എന്ന് അനുമാനിക്കാനും വഴിയില്ലായ്കയില്ല. താൻ മരത്തിന്റെ നിഴലിനെ ആശ്രയിച്ച കാലത്ത് തന്റെ ദൈവത്തേയും അതിന്റെ നിഴലിലോ മൂലത്തിലോ സമർപ്പിക്കുവാൻ പ്രാചീന മനുഷ്യൻ പ്രേരിതനായിരിക്കണം. അങ്ങനെ വരുമ്പോൾ ദൈവം അധിവസിക്കുന്ന സ്ഥലത്തിന് മരക്കൂട്ടത്തിന്റെ പര്യായമായ കാവ് എന്ന അഭിധാനവും നടപ്പിലാകാമല്ലോ. പിന്നീട് ഗൃഹനിർമ്മാണത്തിന് സാമർത്ഥ്യം ലഭിച്ചതിനുശേഷവും, അതേ സ്മരണ നിലനിർത്തുന്നതിന്, അതേ ശബ്ദംതന്നെ ദേവാലയത്തിന് ഉപയോഗിക്കുവാൻ തുടങ്ങിയതിന്റെ ഫലമായിട്ടായിരിക്കണം കാവ് ശബ്ദത്തിന്റെ മൂലാർത്ഥത്തിന് വിസ്മൃതി വന്നത്. മേൽപ്പുരയോ ചുറ്റമ്പലമോ ഇല്ലാതെ വൃക്ഷക്കൂട്ടവും ശിലയും മാത്രമുള്ളതാണ് ആദ്യഘട്ടം. പിന്നീട് ഉയർത്തിക്കെട്ടിയ തരത്തിൽ കന്മതിൽ വന്നു. ചുറ്റമ്പലത്തോട് കൂടിയ കാവുകളാണ് പിന്നീടുണ്ടായ പരിവർത്തനം. ഇവിടെ പ്രതിമ വെയിലും മഴയും കൊള്ളും. പിന്നെ അതുമില്ലാതായി. കാവുകളുടെ പരിണാമത്തിൽ അവസാനദശയാണ് ശ്രീകോവിൽ കാണിക്കുന്നത്" (അച്യുതമേനോൻ, 2015: 18).

അച്യുതമേനോൻ കാവിന്റെ പരിവർത്തനത്തെക്കുറിച്ച് പറയുന്നു. കാവിലെ ആരാധനാദൈവങ്ങളെക്കുറിച്ചും ക്ഷേത്രങ്ങളിലേതിനെക്കുറിച്ചും പറയുന്നുണ്ട്. മരക്കൂട്ടം എന്നർത്ഥം വരുന്ന കാവ് എന്ന പദത്തെ നിർവ്വചിക്കുമ്പോൾ അതിന്ന് ദേവാലയത്തിന് പര്യായമായ ആരാധനാസ്ഥാനമായി മാറിയെന്നും സമാന്തരമായി ശിവൻ,

വിഷ്ണുപോലുള്ള ദൈവങ്ങൾ ക്ഷേത്രപരിസരങ്ങളിൽ ആരാധിക്കപ്പെടുന്നുവെന്നും നിരീക്ഷിക്കുന്നു. പ്രാചീനമനുഷ്യരുടെ ആരാധനയ്ക്ക് തുടക്കം കുറിച്ചത് മരമായിരു ന്നെന്നും മരക്കൂട്ടത്തിന്റെ പര്യായമായ കാവ് കാലാന്തരത്തിൽ ആരാധനാസ്ഥാനമായി പരിവർത്തനപ്പെടുകയാണുണ്ടായതെന്നുമുള്ള ഒരു ചരിത്രം കാവിനുണ്ടെന്ന് പറയുന്നു. കാവ് ചലിച്ചുകൊണ്ടിരിക്കുന്നു. സാമൂഹ്യചലനങ്ങളുടെ ഭാഗമായി മറ്റെല്ലാം മാറുന്ന കൂട്ടത്തിൽ കാവും പരിണമിച്ചു കൊണ്ടിരിക്കുന്നു.

"ഭഗവതിക്ഷേത്രങ്ങൾക്ക് പൊതുവിൽ കാവുകൾ എന്നാണ് പറയാറുള്ളത്. ആദ്യകാലത്ത് ക്ഷേത്രങ്ങളായിരുന്നില്ല. ഒരു ആൽമരത്തിന്റെ ചുവട്ടിൽ അല്ലെങ്കിൽ ചെറിയൊരു മരത്തിന്റെ നടുക്ക് കല്ലുകൊണ്ടുള്ള ബിംബം വെച്ച് പൂജിക്കുകയായിരുന്നു പതിവ്. മഴയും വെയിലും കൊള്ളാൻ ദൈവത്തിന് മടിയുണ്ടായിരുന്നില്ല. ഈ കാവുക ളാണ് പിന്നീട് ക്ഷേത്രങ്ങളായിത്തീർന്നത്. ശിവൻ, വിഷ്ണു തുടങ്ങിയ ദൈവങ്ങൾ ആദ്യം മുതൽക്കേ കാവുകളിലല്ല അമ്പലങ്ങളിലാണ് നിലനിന്നുപോന്നത് (ദാമോദരൻ, 1991: 188 -189).

ശിവൻ, വിഷ്ണു തുടങ്ങിയ ദൈവങ്ങൾ അമ്പലങ്ങളിലായിരുന്നു ആരാധിക്ക പ്പെട്ടിരുന്നത്. കാവിൽ പ്രധാനമായും ആരാധിക്കപ്പെട്ടിരുന്നത് ഭഗവതിയാണെന്ന് സൂചിപ്പിച്ചുകൊണ്ട് മഴയും വെയിലും ഏറ്റുനിൽക്കുന്ന പ്രതിഷ്ഠാരൂപത്തെക്കുറിച്ചും അതിന്റെ പ്രാചീനതയെക്കുറിച്ചും കെ. ദാമോദരൻ പറഞ്ഞുവെക്കുന്നു. കാവുകൾ ക്ഷേത്ര ങ്ങളായി പരിണമിക്കുന്നതിനെക്കുറിച്ചും വ്യക്തമായി ഇദ്ദേഹം പ്രതിപാദിച്ചിരിക്കു ന്നതായി കാണാം.

"ബ്രാഹ്മണക്ഷേത്രങ്ങളിൽ പ്രവേശനം നിഷേധിക്കപ്പെട്ട ശൂദ്രജനത തങ്ങളുടെ പൂർവികരായിരുന്ന ആദിമവർഗ്ഗങ്ങൾ ആരാധന നടത്തിയിരുന്ന സ്ഥലങ്ങളിലെ ആരാധന തുടർന്നുകൊണ്ടു പോവുകയോ പുതിയ ആരാധനാലയങ്ങൾ സ്ഥാപിക്കു കയോ ചെയ്തുവന്നിരുന്നു. ഈ ആര്യേതര ആരാധനാലയങ്ങളെല്ലാം ഇന്ന് പൊതുവേ കാവുകൾ എന്നാണറിയപ്പെടുന്നത്. കാവുകളിൽ പ്രായേണ കൽത്തറകളോ കല്ലുകൾ കൊണ്ടുള്ള പീഠമോ മാത്രമേ കണ്ടുവരുന്നുള്ളൂ. എന്നാൽ ആര്യക്ഷേത്രങ്ങളുമായുള്ള

നിരന്തരസമ്പർക്കം തങ്ങളുടെ ആരാധനാലയങ്ങളെ നവീകരിക്കുന്നതിൽ ദ്രാവിഡ ജനതയെ പ്രേരിപ്പിച്ചിട്ടുണ്ട് (ഉണ്ണികൃഷ്ണൻ, 1995: 39 – 41).

വരേണ്യക്ഷേത്രങ്ങളിൽ പ്രാർത്ഥനയ്ക്ക് അനുവാദം ലഭിക്കാതിരുന്ന ഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങളുടെ ബദൽ ആരാധനാസമ്പ്രദായമാണ് കാവിടങ്ങളിലേത് എന്നാണ് ഉണ്ണികൃഷ്ണൻ മനസ്സിലാക്കാൻ ശ്രമിക്കുന്നത്. ആര്യേതരമായ ഈ ആരാധ നാലയങ്ങളിലെ പ്രതിഷ്ഠകളുടെ പ്രത്യേകതകളും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട്. വരേണ്യരുടെ ആരാധനാ സമ്പ്രദായത്തിന്റെ പല നവീനതലങ്ങളും ഉൾക്കൊ ള്ളാൻ കാവിലെ ആരാധനാസമൂഹം ശ്രമിക്കുന്നുണ്ട് എന്നദ്ദേഹം മനസ്സിലാക്കുന്നു.

"കാവ് എന്ന ദ്രാവിഡ ധാതുവിന്റെ അർത്ഥംതന്നെ മരക്കൂട്ടം എന്നാണ്. ഇന്ന് ഉത്തരകേരളത്തിൽ കാവ് എന്ന പദത്തിന്റെ അർത്ഥം തെയ്യത്തെ ഉദ്ദേശിച്ചുള്ള ചെറിയ കെട്ടിടം എന്നായിത്തീർന്നിരിക്കുന്നു. എങ്കിലും മരക്കൂട്ടം എന്ന പഴയ അർത്ഥത്തെ ഇന്നുംനിലനിൽക്കുന്ന രീതിയിൽ കാവുകൾക്ക് ചുറ്റും മരക്കൂട്ടങ്ങൾ കണ്ടുവരുന്നു (രാഘവൻ, 1998: 33).

മരക്കൂട്ടം എന്ന അർത്ഥത്തിലാണ് രാഘവൻ പയ്യനാട് കാവിനെ സ്ഥാപിക്കാൻ ശ്രമിക്കുന്നത്. പ്രാചീനകാലഘട്ടത്തിലെ മരക്കൂട്ടം എന്ന പഴയ അർത്ഥത്തിന്റെ പരിണാമത്തെ ഉൾക്കൊള്ളുന്നതാണ് ഇദ്ദേഹത്തിന്റെ കാവ് നിർവചനം. പ്രകൃതിയു മായി കൂടുതൽ ഇടപ്പെട്ട് ജീവിതം നയിച്ചിരുന്ന ദ്രാവിഡജനതയുടെ സാംസ്കാരിക ബോധ്യം അടയാളപ്പെടുത്തുന്നതാണീ നിർവചനം.

"ക്ഷേത്രം എന്ന പഞ്ചപ്രകാരരൂപത്തിൽ ആരാധനാസ്ഥാനങ്ങൾ രൂപപ്പെടും മുമ്പ് നിലനിന്നിരുന്ന ഒട്ടേറെ ദേവസ്ഥാനങ്ങളുണ്ട്. കേരളത്തിലെ ഓരോരോ ദേശത്തുമുണ്ട് നാലുമഞ്ചും കാവുകേന്ദ്രങ്ങളും ദൈവത്തറകളും മറ്റും. ഇവിടൊക്കെ ഒറ്റവില്ലി, വില്ലി, കുറുമ്പ, തീക്കുട്ടി, ചാത്തൻ, പറക്കുട്ടി എന്നിങ്ങനെ മൂർത്തികളിൽ ചിലതിനെ ആരാധിക്കുന്നു. ഇവയ്ക്കൊന്നും ക്ഷേത്രങ്ങളോ സ്ഥിരമായ ഒരു മേൽക്കൂര സ്ഥാനമോപോലും പലപ്പോഴും കാണുന്നില്ല. ഇവ പഴയ കേന്ദ്രങ്ങളും ആൾക്കാർ ഒത്തു ചേരുന്ന സ്ഥാനങ്ങളും പ്രാചീന ക്രയവിക്രയസാധ്യതകളുയർത്തുന്ന ആചാരസ്ഥാനങ്ങ ളുമാണ്. വൃക്ഷാരാധനാരൂപത്തിലും ശൂന്യമായ തറ ദേവതാസ്ഥാനമായി കരുതുന്ന

വിധത്തിലുമൊക്കെ ചെറുജനസംഗമസ്ഥാനങ്ങൾ അനേകമാണ്. ഇവയൊക്കെ പിൽക്കാല പഞ്ചപ്രകാരക്ഷേത്രബന്ധത്തിലൂടെ രൂപാന്തരപ്പെടുന്ന രീതിയുമുണ്ട്. ഈ രൂപാന്തരം ഒരു ജനതയുടെ പരിഷ്കൃതിയിലേക്കുള്ള നീക്കവും മറ്റേതെങ്കിലും ജനസമൂഹത്തിന്റെ മേൽക്കോയ്മയുടെ ഇടപെടലുമൊക്കെയാണ്. പൂരവും പൂയ്യവും ഭരണിയും താലപ്പൊലിയും തെയ്യവും തിറയു മൊക്കെയായി ക്രമേണ ജനസംഗമസ്ഥാനത്തു സംഗമസാഹചര്യങ്ങൾ ഏറുന്നു. ഇത് ഒരർത്ഥത്തിൽ ക്രയവിക്രയവളർച്ചകൂടിയാണെന്ന് വ്യക്തമത്രേ" (നമ്പൂതിരി, 2002: 131).

കാവിന്റെ പ്രാചീനതയിലൂന്നിനിന്നുകൊണ്ടാണ് നമ്പൂതിരി തന്റെ ആശയം വ്യക്തമാക്കുന്നത്. ക്ഷേത്രാരാധനയ്ക്ക് മുമ്പുതന്നെ കേരളത്തിൽ രൂപപ്പെട്ട ആരാധനാ ഇടമായി കാവിനെ അദ്ദേഹം ചേർത്തുനിർത്തുന്നുണ്ട്. കാവിലെ വൈവിധ്യമാർന്ന ദ്രാവിഡ ആരാധനാമൂർത്തികളെ പേരെടുത്ത് പറഞ്ഞുകൊണ്ട് വിശദീകരിക്കുന്നതിലൂടെ കാവുദൈവങ്ങളും ക്ഷേത്രദൈവങ്ങളും വ്യത്യസ്തമായ ജനവിഭാഗങ്ങളുടെ ആരാധനാമൂർത്തികളാണെന്ന് സ്ഥാപിക്കുന്നുണ്ടദ്ദേഹം. അടച്ചുറപ്പില്ലാത്ത തുറന്ന ഇടങ്ങൾ ഭൂരിപക്ഷം വരുന്ന സാധാരണക്കാരന്റെ ആരാധന പരിസരമാണെന്നും പിന്നീടത് മറ്റ് സമൂഹങ്ങളുടെ മേൽക്കോയ്മയാലോ കാവാരാധനാസമൂഹത്തിന്റെതന്നെ പരിഷ്കൃത ചിന്താഗതിയാലോ ക്ഷേത്രമായി പരിണമിക്കപ്പെടുന്നുണ്ടെന്ന് അദ്ദേഹം വിലയിരുത്തുന്നുണ്ട്. കാവുകളിൽ നടത്തപ്പെടുന്ന അനുഷ്ഠാനരൂപങ്ങളിലൂടെ കാവുപരിസരം ക്രയവിക്രയ സംഗമസ്ഥാനമെന്ന പദവിയും വഹിക്കുന്നു എന്നദ്ദേഹം കൂട്ടിച്ചേർക്കുന്നു.

"സംസ്കൃതപാരമ്പര്യത്തിൽപ്പെടാത്ത ദേവീദേവന്മാരുടെ ആരാധനാകേന്ദ്രങ്ങളെയാണ് പൊതുവിൽ കാവുകളെന്ന് വിളിക്കുന്നത്. അസ്പൃശ്യ സമൂഹങ്ങളുടെ പ്രധാനപ്പെട്ട കേന്ദ്രങ്ങളെല്ലാം കാവുകളാണ്. അതിലപ്പുറം കേരളത്തിലെ കീഴാള വിഭാഗങ്ങളുടെ സംസ്കാരനിർമ്മിതികൾക്ക് മൊത്തമുള്ള പേരായിട്ടും ഇതിനെ വ്യവഹരിക്കാം" (ഗണേശ്, 2002: 26-27).

കാവുകൾ അസ്പൃശ്യസമൂഹങ്ങളുടെ ആരാധനാകേന്ദ്രമാണെന്ന് ആദ്യമേ ഗണേഷ് പറഞ്ഞുവയ്ക്കുന്നു. ഈ ആരാധന ഇടങ്ങളിലെ ദൈവങ്ങൾക്കും ചില പ്രത്യേകതകളുണ്ടെന്നും അവ കീഴാളരുടെ നാട്ടുദൈവങ്ങളാണെന്നും മനസ്സിലാക്കേണ്ടതാണ്.

കീഴാളസംസ്കാരം രൂപപ്പെടുത്തുന്നതിൽ ഇത്തരം ആരാധന ഇടങ്ങളുടെ സ്വാധീനവും കാരണമായിട്ടുണ്ടെന്നാണ് ഗണേഷ് വിലയിരുത്തുന്നത്.

കാവിനെക്കുറിച്ച് വ്യത്യസ്തവും വൈവിധ്യവുമായ നിർവചനങ്ങൾ ഉണ്ടായിട്ടുണ്ട്. 'വൃക്ഷലതാദികൾ തിങ്ങിനിറഞ്ഞ ഇടം' എന്നുതുടങ്ങി ആരാധനാകേന്ദ്രങ്ങളിലേക്കു വരെ പരിണമിച്ച കാവ് നിർവചനമാണിവിടെ ചർച്ച ചെയ്യുന്നത്. പ്രധാനമായും ഭഗവതി ആരാധനയുമായി ബന്ധപ്പെട്ടുകൊണ്ടാണ് കാവ് എന്ന പദം ഉപയോഗിച്ചു വരുന്നത്. മറ്റ് ദൈവങ്ങൾക്കെല്ലാം പുറമെ ദേവീആരാധനാകേന്ദ്രങ്ങളാണ് കാവെന്നപേരിൽ കൂടുതലും അറിയപ്പെടുന്നത്. കേരളത്തിലെ അമ്മദൈവാരാധന യുടെയെല്ലാം തുടർച്ച അതിൽകാണാൻ സാധിക്കുന്നുണ്ട്.

ക്ഷേത്രത്തിലേക്ക് പ്രവേശനം ഇല്ലാതിരുന്ന ഒരുകൂട്ടം ആരാധകർ തങ്ങളു ടേതായ ദൈവത്തെ കണ്ടത് കാവുകളിലാണ്. സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങൾ കാവാരാധനയിൽ സംതൃപ്തനായിരുന്നു. സംസ്കൃതപാരമ്പര്യത്തിലെ ദേവിദേവന്മാരിൽപ്പെടാത്ത ദൈവങ്ങളുടെ ആരാധനാലയങ്ങളായിരുന്നു കാവുകൾ.

കീഴാളരായിട്ടുള്ള വിഭാഗങ്ങളുടെയെല്ലാം ആരാധനാകേന്ദ്രങ്ങൾ മിക്കവാറും കാവുകളായിരുന്നു. കാവിന്റെ ദേവാലയപദവി ഒരു ഗ്രാമത്തെ മുഴുവൻ ഉൾക്കൊള്ളാവുന്നത്രയും വളർച്ച പ്രാപിച്ചിരിക്കുന്നതായി കാണാൻ സാധിക്കുന്നുണ്ട്. ആരാധന എന്നതിലുപരി ഒരു കൂട്ടായ്മയാണ് കാവിടങ്ങളിലൂടെ രൂപപ്പെട്ടുവരുന്നത്. കാവിലെ അനുഷ്ഠാനാഘോഷങ്ങളിലൂടെയാണ് ഇത്തരം കൂട്ടായ്മകൾ ബലപ്പെട്ടുവരുന്നത്.

കാവും കാവാരാധനാരീതികളും കേരളത്തെ സംബന്ധിച്ചിടത്തോളം അനേ കങ്ങളായി പരന്നുകിടക്കുന്നുണ്ട്. ഏറ്റവും പ്രാമുഖ്യം കാവാരാധനയിൽ ദേവീ സങ്കൽപത്തിനാണെങ്കിലും മറ്റ് ആരാധനാമൂർത്തികളും കാവുകളിലൂടെ ആരാധിക്ക പ്പെടുന്നുണ്ട്. കേരളത്തിലെ ആരാധന രീതികളിൽ കാവാരാധനയുടെ ഭാഗമായി നിലകൊള്ളുന്ന ദൈവങ്ങൾ അനവധിയാണ്. നാഗക്കാവുകൾ[1] (സർപ്പക്കാവുകൾ),

---

[1] സർപ്പക്കാവുകളാണിത്. ഹൈന്ദവരുടെ തറവാട്ടുപറമ്പുകളിൽ പൊതുവേ നാഗക്കാവ് ഉണ്ടാവാറുണ്ട്. നാഗമരവും മറ്റ് വൃക്ഷങ്ങളും വള്ളിപ്പടർപ്പുകളും ഇടതൂർന്നു വളർന്നുകിടക്കുന്നത് കാണാം. ആയില്യം നാളിൽപൂജയും ബലിയും നൂറുംപാലും പോലുള്ള അനുഷ്ഠാനങ്ങൾ ഇവിടെ നടത്തുന്നു.

ശാസ്താംകാവുകൾ[2] (അയ്യപ്പൻ കാവുകൾ), ഗണപതിക്കാവുകൾ[3], കാളിക്കാവുകൾ (ഭഗവതി)[4], വേട്ടയ്ക്കൊരുമകൻ കാവുകൾ[5], ഊർപ്പഴച്ചി കാവുകൾ[6], ചീറുമ്പക്കാവുകൾ[7], (ചീർമക്കാവുകൾ), മുണ്ട്യകൾ[8] (മുണ്ട്യേകാവുകൾ), പൂമാലക്കാവുകൾ[9], മുച്ചിലോട്ടു കാവുകൾ[10], കണ്ണങ്കാട്ടുകാവുകൾ[11], പാലോട്ടുകാവുകൾ[12]എന്നിങ്ങനെ പലവിധമായ കാവുകൾ കേരളത്തിലുണ്ട്. ഈ കാവുകളിലെല്ലാംതന്നെ അനുഷ്ഠാനാചാരങ്ങളും നടക്കുന്നുണ്ട്. വ്യത്യസ്തങ്ങളായ ആഘോഷങ്ങളും കലാരൂപങ്ങളുമാണ് ഓരോ കാവിലും നടക്കുന്നത്. പാട്ട്, കളംവേല, തീയാട്ട്, കളിയാട്ടം, തണ്ണീനമൃത്, താലപ്പൊലി,

---

2 അയ്യപ്പൻകാവുകളെയാണ് ശാസ്താംകാവുകൾ എന്ന് പറയുന്നത്. അയ്യപ്പനെ പ്രാർത്ഥിച്ചുകൊണ്ട് നടത്തുന്ന ആരാധനരീതികളിൽ ഒന്നാണ് ശാസ്താംപാട്ട്. അനുഷ്ഠാനപരമായാണിത് നടത്തുന്നത്. അയ്യപ്പൻ കൂത്ത്, അയ്യപ്പൻവിളക്ക് തുടങ്ങിയവയും ഇത്തരം കാവുകളിൽ ശാസ്താവിന്റെ പ്രീതിക്കായി നടത്തുന്ന അനുഷ്ഠാനങ്ങളാണ്.

3 ഗണപതിയെ സങ്കൽപ്പിച്ച് ആരാധിക്കുന്ന ഇടമാണിത്. ഗണപതിയെ സപ്തദേവന്മാരിൽ ഒരാളായി കണക്കാക്കുന്നു. ഏതുകാര്യത്തിലും വിഘ്നംവരാതിരിക്കാൻ ഗണപതിയെയാണ് പ്രാർത്ഥിക്കുന്നത്.

4 കാളിയെ പ്രധാന പ്രതിഷ്ഠയായി ആരാധിച്ചുവരുന്ന ഇടമാണിത്. കാളവേല, കാളിയാട്ടം, കുരുതി, പൂരോത്സവം, കലശം തുടങ്ങിയവ കാളീപ്രീതിക്കായി നടത്തിവരുന്നു.

5 നാട്ടുദേവതയായ വേട്ടയ്ക്കൊരുമകൻ ശിവസങ്കൽപത്തിലുള്ള ആരാധനാമൂർത്തിയാണ്. കേരളത്തിൽ ബാലുശ്ശേരി കോട്ട വേട്ടക്കൊരുമകന്റെ പ്രധാനസങ്കേതമാണ്. തേങ്ങയേറാണ് വേട്ടയ്ക്കൊരുമകൻ കാവുകളിൽ പ്രധാനമായും നടത്തിവരുന്ന അനുഷ്ഠാനം.

6 ഊർപ്പഴച്ചി എന്നദൈവത്തിന് തലച്ചവൻ, പൂതിച്ചേൻ, കാളിമലദൈവം തുടങ്ങിയ പേരുകളുമുണ്ട്. വിഷ്ണുവിന്റെ അംശത്തിലുണ്ടായ ഒരു ദൈവമാണിത്.

7 ചീറുമ്പയുടെ ആരാധനാലയങ്ങളെയാണ് ചീർമക്കാവ് എന്നുപറയുന്നത്. തച്ചൻ, മുക്കവർ, തീയർ, കരിമ്പാലൻ തുടങ്ങിയ ജാതിവിഭാഗങ്ങളാണ് പ്രധാനമായും ചീറുമ്പയെ ആരാധിക്കുന്നത്.

8 മുണ്ടിയൻ എന്ന ദേവതയുടെ ആരാധനസങ്കേതമാണ് മുണ്ട്യൻകാവ്. കേരളത്തിലെ പല ജില്ലകളിലും മുണ്ടിയൻകാവുകളുണ്ട്. മുണ്ട്യ എന്ന പദത്തിന് കാട് എന്ന് അർത്ഥമുണ്ട്. പടയ്ക്കും നായാട്ടിനുമെല്ലാം ഒപ്പം നിൽക്കുന്ന ദേവതയായി മുണ്ട്യനെ സങ്കല്പിച്ച് ആരാധിക്കുന്നു.

9 ആയിരം പൂമാല എന്ന ഭഗവതിയുടെ ആരാധനാലയങ്ങളാണ് പൂമാലക്കാവ്. പാട്ടുത്സവമാണിവിടെ നടത്തിവരുന്ന അനുഷ്ഠാനം. ആരിയർ നാട്ടിൽ നിന്ന് മരക്കലം വഴിമലനാട്ടിൽ വന്ന ഭഗവതിയാണ്പൂമാലയെന്ന വിശ്വസിക്കുന്നു.

10 ഉത്തരകേരളത്തിലെ വാണിയവിഭാഗത്തിന്റെ ആരാധനാലയമാണിത്. മുച്ചിലോട്ട്ഭഗവതിയാണ് ഇവിടുത്തെ പ്രധാന പ്രതിഷ്ഠ. മുച്ചിലോട്ട് വാണിയന്റെ ഗൃഹത്തിലാണ് ആ ഭഗവതി ആദ്യം പ്രത്യക്ഷപ്പെട്ടതെന്നാണ് ഐതിഹ്യം.

11 യാദവവംശത്തിൽ പിറന്നവരെന്നവകാശപ്പെടുന്ന മണിയാണി ജാതിയിൽപ്പെട്ടവരുടെ ആരാധനാലയമാണ് കണ്ണങ്കാട്ടു. കളിയാട്ടം, പൂരോത്സവം എന്നീ ആഘോഷങ്ങളാണിവിടെ നടത്തപ്പെടുന്നത്.

12 പാലോട്ട് ദൈവത്തെ വൈഷ്ണവസങ്കൽപ്പത്തിലാണ് ആരാധിക്കുന്നത്. അണ്ടല്ലൂർക്കാവ്, കാപ്പാട്ടുകാവ്, കീച്ചേരിക്കാവ്, മാവിലക്കാവ്, മേച്ചേരികാവ് തുടങ്ങിയ കാവുകൾ പാലോട്ടുദൈവത്തിന്റേതാണ്.

ചുറ്റുവിളക്ക്, കലശം, അർജ്ജുനനൃത്തം, ഐവർകളി, കനലാട്ടം, കാളവേല, കാളിദാരി കൻ, കാളിയൂട്ട്, കുത്തിയോട്ടം, സർപ്പംതുള്ളൽ, വണ്ണാൻകൂത്ത്, മുടിയേറ്റ്, മുടിപ്പേച്ച്, മാരിയാട്ടം, ഭദ്രകാളി തീയാട്ട്, പൂതനും തിറയും, തെയ്യം, കെട്ടുകാഴ്ച, പൂതംകളി, കോതാമൂരിയാട്ടം, കോമരം തുള്ളൽ, പടേണി, തിറയാട്ടം എന്നിവ കാവുകളിൽ നടത്തിവരുന്ന അനുഷ്ഠാനങ്ങളാണ്. ഒട്ടുമിക്ക അനുഷ്ഠാനകലകളുടെയും അടിസ്ഥാനം കാളി-ദാരികനിഗ്രഹമാണ്. ഓരോ കാവുകളിലും ഇത്തരത്തിൽ വിവിധങ്ങളായ അനുഷ്ഠാനം ആചരിച്ചുവരുന്നത് പ്രാദേശികപാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലാണ്. മിക്ക അനുഷ്ഠാന കലകളിലേയും മൂലകഥ കാളി-ദാരിക നിഗ്രഹമാവുന്നതിന് കാരണം മറ്റൊന്നുമല്ല. പലതരത്തിലുള്ള ഉത്സവങ്ങളും ആരാധനാരീതികളും കാവുകളിൽ സാധാരണമായി നടത്തപ്പെടുന്നുണ്ടെങ്കിലും നിറപുത്തരി, പത്താമുദയം, വിഷുസംക്രമം തുടങ്ങിയ അടിയന്തിരങ്ങൾ മിക്ക കാവുകളിലും കഴിച്ചുവരാറുണ്ട്.

ഇതിൽ പൊതുവേ ഷഡാധാരപ്രതിഷ്ഠ[13] കുറവാണ്. പീഠത്തിലോ കല്ലിലോ വാളിലോ ദേവതാസങ്കല്പം ആരോപിച്ച് പൂജചെയ്യുകയാണ് പതിവ്. കാവുകളിൽ ഉത്സവം ആരംഭിക്കുന്നത് പടഹാദി[14]യായാണ്. കാവുകളിലും കഴകങ്ങളിലും ഉള്ള ആരാധനാമൂർത്തികളെക്കുറിച്ച് തന്ത്രാഗമാദികളിൽ പരാമർശങ്ങളില്ല. പരമ്പരാഗത മായ വിശ്വാസങ്ങൾക്കനുസരിച്ചുള്ള പൂജകളാണ് കാവിലുള്ളത്.

ആദിമകാലംമുതൽക്കേ കേരളത്തിൽ നിലനിന്നുപോരുന്ന ആരാധനാസമ്പ്ര ദായമാണ് കാവുകളെ അടിസ്ഥാനപ്പെടുത്തിയുള്ളത്. ഇന്നും അത് തുടർന്നുപോരുന്നു. കാലത്തിനും ദേശത്തിനും അനുസരിച്ച് കാവാരാധനയിൽ ചില മാറ്റങ്ങൾ കാണാൻ

---

13 ആറ് ഭാഗങ്ങളുള്ള വളരെ ഗഹനമായ അർത്ഥ തലങ്ങളുള്ള ഒരു നിർമ്മിതി. ആറ് ആധാരങ്ങൾക്ക് മുകളിൽ ആണ് പ്രതിഷ്ഠസ്ഥിതി ചെയ്യുന്നത്. ഷഡാധാരപ്രതിഷ്ഠയുടെ അടിസ്ഥാനഭാഗങ്ങൾ ആധാരശില, നിധികുംഭ, അഷ്ടദളപത്മ, കൂർമ്മ, യോഗനാള, നപുംസകശില എന്നിവയാണ്. ഈ ആറ് ഭാഗങ്ങൾ മനുഷ്യശരീരത്തിലെ (സൂക്ഷ്മ ശരീരത്തിലെ) മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞ എന്നിവയ്ക്ക് തുല്യങ്ങളാണെന്ന് പറയപ്പെടുന്നു. നപുംസകശിലയുടെ മുകളിൽ പീഠം ഉറപ്പിച്ച് ആ പീഠത്തിൽ ഉറപ്പിക്കുന്ന പ്രതിഷ്ഠയെ ഷഡാധാര പ്രതിഷ്ഠ എന്ന് വിവക്ഷിക്കുന്നു (http://binumonippally.blogspot.com).

14 കേരളീയ തന്ത്രശാസ്ത്രപ്രകാരം ഉത്സവങ്ങളെ പടഹാദി, ധ്വജാദി, അങ്കുരാദി എന്നിങ്ങനെ വേർതിരിക്കുന്നു. മുളയിട്ട് കൊടികയറുന്നത് അങ്കുരാദിയും മുളയിടാതെ കൊടികയറുന്നത് ധ്വജാദിയും, മുളടലും കൊടികയറ്റവുമില്ലാതെ കൊട്ടിപ്പുറപ്പെടുന്നത് 'പടഹാദി'യുമാണ് (https:// ml.m.wikipedia.org)

സാധിക്കുന്നുണ്ടെങ്കിലും അടിസ്ഥാനപരമായി കാവാരാധന എല്ലാദിക്കിലും ഒരേ രീതിയിലാണ് നടക്കുന്നത്. അനുഷ്ഠാനങ്ങളും ആചാരങ്ങളുമെല്ലാം ഉർവരതാരാധ നയുടെ ഭാഗമായി ചേർന്ന് നിൽക്കുകയും ഓരോ പ്രത്യേക കർമ്മങ്ങളും ഓരോ ജാതിവിഭാഗം നിർവഹിക്കുകയും ചെയ്യുന്നു. കാവാരാധനയും കാവനുഷ്ഠാനങ്ങളും കേരളത്തിൽ മുഴുവനും നിലനിൽക്കുന്നുണ്ട്. അനുഷ്ഠാനങ്ങളിൽ ചെറിയ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും പ്രധാനമായും അമ്മദൈവാരാധനയാണ് കേരളത്തിലെ കാവുകളിൽ നടക്കുന്നത്. കേരളം ഭരിച്ച രാജാക്കന്മാർ ആദ്യകാലം മുതൽക്കേ അമ്മയെ പരദൈവമായി കണ്ട് ആരാധിച്ചിരുന്നു. അത് ചിറയ്ക്കൽ മുതൽ തിരുവനന്തപുരം വരെ തുടർന്നു പോരുകയും ചെയ്തു.

കാവ് പ്രധാനമായും ഗ്രാമീണജനതയുടെ ആരാധനാസങ്കേതമാണ്. കൃഷിയും വിളവെടുപ്പുമായി ബന്ധപ്പെട്ട് കാവിൽ അനവധി അനുഷ്ഠാനങ്ങളും ആഘോഷങ്ങളും നടക്കുന്നുണ്ട്. കൃഷിക്കാരനായ സാധാരണക്കാരന്റെ ജീവിതത്തിലെ സന്തോഷ നിമിഷങ്ങളാണിവ. കാവിന് വൈവിധ്യങ്ങളായ ആരാധനാ ക്രമങ്ങളാണുള്ളത്. കേരളത്തിലുള്ള വിവിധകാവുകളിൽ ഓരോന്നിലും വ്യത്യസ്തമായ രീതിയിലാണ് ഉത്സവങ്ങളും ചടങ്ങുകളും നടക്കുന്നത്. ഓരോ പ്രദേശത്തിനുമനുസരിച്ച് വലിയ മാറ്റങ്ങ ളാണ് ഓരോ കാവുകളിലെയും അനുഷ്ഠാനങ്ങളിലുമുള്ളതെങ്കിലും പലപ്പോഴും ഐതിഹ്യ ങ്ങളും പുരാവൃത്തങ്ങളും മാറ്റമില്ലാതെയും കണ്ടുവരുന്നുണ്ട്. കാവാരാധന നാനാജാതിയി ലുള്ള ജനവിഭാഗങ്ങൾക്കും ഉണ്ട്. വരേണ്യർ മുതൽ കീഴാളർവരെ കേരളത്തിൽ കാവാരാധനയ്ക്ക് പ്രാധാന്യം നൽകിവരുന്നു. കേരളത്തിലെ കാവാരാധനയ്ക്ക് വൈവിധ്യ മാർന്ന തലങ്ങളുമുണ്ട്. കേവലം കല്ലിൽ ദേവീചൈതന്യം ആരോപിച്ച് തുടങ്ങുന്ന ആരാധനാക്രമം മുതൽ പീഠം, വാൾ, ദാരുശില്പം തുടങ്ങിയവയിലെല്ലാം ദേവിയെ സങ്കൽപ്പിച്ചുകൊണ്ട് ആരാധന നടത്തുന്നുണ്ട്. അമ്മ ദൈവാരാധനയ്ക്ക് വൈവിധ്യങ്ങ ളായ തലങ്ങളാണുള്ളത്. അമ്മസങ്കല്പം, ഭഗവതിസങ്കൽപ്പം, കാളീസങ്കൽപം എന്നി ങ്ങനെ ദേശത്തിനും കാവിനും അനുസരിച്ച് ആരാധനാരീതിയും ഭാവവും മാറിക്കൊണ്ടി രിക്കുന്നു.

കേരളത്തിലെ ഒട്ടുമിക്ക ജാതിവിഭാഗങ്ങൾക്കും സ്വന്തമായി കാവും കാവാരാ ധനയുമുണ്ട്. ക്ഷേത്രങ്ങൾ എപ്പോഴും വരേണ്യരുടെ മാത്രം ആരാധനാസങ്കേതങ്ങളായി

നിലനിന്നപ്പോൾ കാവ് സർവ്വജാതിവിഭാഗങ്ങൾക്കും സ്വന്തമായി ആരാധിക്കാവുന്ന സ്വതന്ത്രമായ ആരാധനാസമ്പ്രദായം തുടർന്നുപോന്നു. കാവുകൾ എല്ലായ്പ്പോഴും ഉർവരതയുടെ മൂലരൂപമാണ്. പ്രകൃതിശക്തികളുടെ ആരാധനയോളം പഴക്കമുണ്ട് കാവുകൾക്ക്. ആദിമജനവിഭാഗങ്ങളിൽനിന്നും തുടക്കംകുറിച്ച ആരാധനാസമ്പ്രദായ മാണ് കാവിന്റേത്.

## 1.3 കാവ് : അനുഷ്ഠാനങ്ങളും കലാപ്രകടനങ്ങളിലെ ജാതിസ്വത്വവും

നാടോടി ജനവിഭാഗങ്ങളുടെ സർഗ്ഗാത്മകതയുടെ പ്രതിഫലനം കാവനുഷ്ഠാന ങ്ങളിൽ കാണാം. ഓരോ കാവുകൾക്കും വൈവിധ്യമാർന്ന കലാരൂപങ്ങളും അനുഷ്ഠാന ങ്ങളും ഉണ്ട്. ഇത് നാടോടിസർഗ്ഗാത്മകതയ്ക്ക് പ്രാധാന്യം നൽകുന്നു. ആര്യവത്കരണ ത്തിന്റെ അധിനിവേശശ്രമങ്ങളിൽനിന്നും തെന്നിമാറി നിലകൊള്ളുന്നവയാണ് കാവനുഷ്ഠാനങ്ങളിലേറെയും. എന്നിരുന്നാലും കാവ് ആരാധനയിൽ ബ്രാഹ്മണിക് അധിനിവേശം സാധ്യമായിട്ടുണ്ട്. ഓരോ വർഷത്തിലും ഗ്രാമീണ ഉത്സവമായാണ് കാവുത്സവം നടത്തുന്നത്. കാവുകളുമായി ബന്ധപ്പെട്ട് നിലവിലുള്ള മിത്തുകളും പുരാവൃത്തങ്ങളും തികച്ചും ദ്രാവിഡമാണ്. നാട്ടുദൈവങ്ങളെക്കുറിച്ചും പ്രാദേശിക കാവുകളെക്കുറിച്ചും ധാരാളം പുരാവൃത്തങ്ങൾ ഗ്രാമങ്ങളിൽ കേട്ടുവരുന്നു. ജനങ്ങളുടെ ഇത്തരത്തിലുള്ള വിശ്വാസത്തിന്മേലാണ് കാവിന്റെ നിലനിൽപ്പ്. കാവ് എന്നും ദ്രാവിഡമായ ആരാധനാരീതികളിൽ അധിഷ്ഠിതമാണ്.

കാവുസംസ്കാരത്തിലെ ആരാധനാമൂർത്തികൾക്കുമുണ്ട് ഏറെ പ്രത്യേകതകൾ. മൂർത്തികൾക്കൊന്നുംതന്നെ ശ്രീകോവിൽ നിർബന്ധമുണ്ടായിരുന്നില്ല. കല്ലും മരവും ഉപയോഗിച്ച അടച്ചുറപ്പുള്ള കെട്ടിടങ്ങൾ പ്രകൃതിയുമായി അത്രമേൽ താദാത്മ്യം പ്രാപി ച്ചിരുന്ന ഈ ആരാധനാമൂർത്തികൾക്കുണ്ടായിരുന്നില്ല. ഈ ദൈവങ്ങളെല്ലാംതന്നെ മഴയും വെയിലും മഞ്ഞും കൊണ്ട് തങ്ങളുടെ ഭക്തരെ അനുഗ്രഹിച്ചുകൊണ്ടിരുന്നു. ക്ഷേത്രത്തെപ്പോലെ ശ്രീകോവിലോ ചുറ്റമ്പലമോ ഗർഭഗൃഹമോ ഗോപുരമോ സോപാ നമോ കൊടിമരമോ ഒന്നും കാവുകളിൽ കാണാൻ സാധിക്കില്ല. കരിങ്കല്ലിലോ മറ്റോ പണിത വിഗ്രഹങ്ങൾപോലും ചിലപ്പോൾ ഉണ്ടാവണമെന്നില്ല. തുറന്നുകിടക്കുന്ന ഒരന്തരീക്ഷമാണ് കാവിന്റെ പ്രത്യേകത. അവിടെ ചുറ്റുമതിലുകളോ അതുപോലുള്ള

നിയന്ത്രണങ്ങളോ ഉണ്ടായിരുന്നില്ല. തുറസ്സായ ഇടമാണ് കാവിന്റേത്. എന്നാൽ ചില കാവിലെ ഊരാളന്മാർ ഉയർന്ന ജാതിക്കാരായിരിക്കുമ്പോൾ അത്തരം കാവുകളിലും കീഴാളർ മാറ്റിനിർത്തപ്പെടേണ്ടി വരാറുണ്ട്. തങ്ങളുടെ ആധ്യാത്മികാവശ്യം നിറവേറ്റപ്പെടുന്നതിനായി കീഴാളർ തങ്ങൾക്ക് സ്വീകാര്യമായ ദൈവങ്ങളെ അവരുടെ കാവിലൂടെ ആരാധിക്കുന്നു. ആര്യേതരമായ ഇത്തരം ആരാധനാലയങ്ങളിലാണ് നാടൻകലകളിലൂടെയുള്ള ദൈവം പ്രത്യക്ഷപ്പെടുന്നത്. അമൂർത്തമായ ദൈവത്തെ മൂർത്തമായ ഭാവത്തിൽ കോലങ്ങളായി കണ്ട് ജനങ്ങൾ ആരാധിക്കുന്നു. ഇതാണ് കാവാരാധനയുടെ മറ്റൊരു പ്രത്യേകത. ആരാധിക്കുന്ന മൂർത്തിയെ വർഷത്തിലും അനുഷ്ഠാനങ്ങളിലൂടെ മൂർത്തഭാവത്തിലേക്ക് പരിവർത്തിപ്പിക്കുന്നു.

കേരളത്തിലങ്ങോളമിങ്ങോളം കാവാരാധനയിൽ പ്രധാനമായും കാളിസങ്കൽപ്പത്തിലുള്ള ആരാധനയാണ് നടക്കുന്നത്. കാസർകോഡ് മുതൽ തിരുവനന്തപുരംവരെ അതങ്ങനെതന്നെയാണ്. കാവുകളിലെ അനുഷ്ഠാനങ്ങളിലൂടെയായിരുന്നു ആരാധന സാധ്യമായിരുന്നത്. വൈവിധ്യങ്ങളായ അനുഷ്ഠാനങ്ങളാണ് അമ്മദൈവാരാധനയുടെ ഭാഗമായി കേരളത്തിൽ നടക്കുന്നത്.

### 1.3.1 പടയണിയിലെ ജാതിചിന്ത

അറുപത്തിനാല് വ്യത്യസ്ത കലാരൂപങ്ങളുടെ സമ്മിളിതരൂപമാണ് പടയണി എന്ന് കടമ്മനിട്ട വാസുദേവൻപിള്ള പറഞ്ഞുവെക്കുന്നുണ്ട്. പടയണിയുടെ തുടക്കം എങ്ങനെയായിരുന്നു എന്ന് വ്യക്തമല്ലെങ്കിലും നമ്പ്യാർ തന്റെ തുള്ളൽകൃതിയിൽ 'ഭടജനങ്ങടെ നടുവിലുള്ളൊരു പടയണി'യെക്കുറിച്ച് പറയുന്നു. എട്ടാംനൂറ്റാണ്ടോടു കൂടി അവസാനിച്ചെന്ന് കരുതുന്ന പെരുമാൾ വാഴ്ചക്കാലത്ത് പടയണി ഉണ്ടായിരുന്നു എന്നതിന് തെളിവായി ചില കാര്യങ്ങൾ പടയണിയിൽ തന്നെയുണ്ട്. കളരിയിൽ കച്ചകെട്ടിയാണ് ഈ കലാരൂപം അഭ്യസിച്ചു തുടങ്ങുന്നത്. കേരളത്തിലെ ആദിമജന വിഭാഗങ്ങളായ ശൈവന്മാരുടെ സംസ്കാരബോധത്തിലാണ് ഈ കലാരൂപത്തിന്റെ അടിവേരുകൾ.

പടയണിയുടെ ഐതിഹ്യം മറ്റ് അനുഷ്ഠാനകലകളെയുംപോലെതന്നെ കാളി-ദാരിക പുരാവൃത്തിലധിഷ്ഠിതമാണ്. "ദാരികനിഗ്രഹാനന്തരം കലികൊണ്ട് തുള്ളി

യലറി, താണ്ഡവമാടി കൈലാസത്തിലേക്ക് തിരിച്ച കാളിയുടെ കോപവും ചോരക്കൊതിയും ശമിപ്പിക്കാനുള്ള മാർഗങ്ങൾ പരമശിവനും ദേവഗണങ്ങളും ആലോചിച്ചു. വാദ്യമേളങ്ങൾ, തുള്ളലുകൾ, ഹാസ്യസംവാദങ്ങൾ, കാളിയുടെ രൂപം കെട്ടിയാടൽ അങ്ങനെ പലതും വേഷപ്രച്ഛന്നരായി അവർ കാട്ടിക്കൂട്ടി. എന്നിട്ടും കലി ശമിക്കാത്ത കാളി ഗോപുരകവാടത്തിലൂടെ അകത്തേക്ക് കടന്നു. പോകുന്ന പോക്കിൽ 'കളമെഴുത്തും പാട്ടും' കേട്ടു. സ്വന്തം രൂപം കളമെഴുതിയിരിക്കുന്നത് കണ്ട് പൊട്ടിച്ചിരിച്ച് പോയത്രേ! ചോരക്കൊതി പൂണ്ട കാളി ആണ്ടുതോറും തങ്ങളുടെ ചോര നൽകാമെന്ന ജനങ്ങളുടെ വാഗ്ദാനത്തിൽ ശാന്തയായി എന്നും ഒരു സങ്കൽപ്പമുണ്ട്. അങ്ങനെ നാശത്തിന്റെ നടുക്കം നീങ്ങി സമൂഹത്തിൽ നന്മയുടെ വെളിച്ചം പരന്നു. നന്മയെ കൊതിച്ച നാട്ടുകൂട്ടങ്ങൾ കരദേവതയായ കാളിയെ ചൂട്ട് വെച്ച് പച്ചത്തപ്പുകൊട്ടി വിളിച്ചിറക്കി കോലം കെട്ടി നൃത്തമാടി കരനാഥന്മാരുടെ തണലിൽ പടയണി ഒരനുഷ്ഠാനകലാരൂപമായി മാറി" (വാസുദേവൻ പിള്ള, 1993: xii).

കേരളത്തിന്റെ നാടൻ കലാരംഗത്ത് അനവധി കലാരൂപങ്ങൾ കെട്ടിയാടപ്പെടുന്നുണ്ട്. സമൂഹത്തിലെ വ്യത്യസ്ത ജാതിവിഭാഗങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഏതെങ്കിലും കലാരൂപത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. ജാതികേന്ദ്രീകൃതവ്യവസ്ഥ നാടൻകലയിലൂടെ കൂടുതൽ ശക്തമായി സ്ഥാപിക്കപ്പെടുന്നു. പടയണിയിലും വ്യത്യസ്ത ജാതിവിഭാഗങ്ങൾ പങ്കുചേർന്നാണ് അനുഷ്ഠാനപരമായ പ്രവർത്തനങ്ങൾ നിർവഹിക്കുന്നത്. ഒരു പ്രദേശത്തെ നാനാവിഭാഗം ജാതിസമൂഹങ്ങളും വൈവിധ്യങ്ങളായ ചെയ്തികൾ പടയണിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നു. ജാതിതിരിച്ചുള്ള തൊഴിൽവിഭജനം പടയണിയിൽ കാണാൻ സാധിക്കുന്നു. തപ്പു പൊതിയുന്ന കന്നിന്റെ തോല് പറയൻ കൊണ്ടുവരുന്നു. കോലം കെട്ടുന്നതിനു വേണ്ട പാള, ചൂട്ട്, കുരുത്തോല എന്നിവ തണ്ടാനും കോലമെഴുതുന്നതും പൂപ്പടയ്ക്കിരിക്കുന്നതും മാരൻപാട്ട് പാടുന്നതും ഗണകനും കോലം കെട്ടാൻ വേണ്ടിയുള്ള തട്ടം തയ്യാറാക്കുന്നത് തച്ചനും വെളിച്ചത്തിനായി ചൂട്ടു കത്തിച്ചു നിൽക്കേണ്ടത് കുറവനും ഭഗവതിയുടെ ഉടയാട, തീവെട്ടി, പന്തം ഇവയ്ക്കാവശ്യമായ തുണി അലക്കേണ്ടത് പതിയാനും, തീവെട്ടി, പന്തം എന്നിവ ഒരുക്കി എണ്ണ കോരേണ്ടത് മാരാനുമാണ്. ഇത്തരത്തിൽ ജാതിയടിസ്ഥാനത്തിലാണ് എല്ലാ ചടങ്ങുകളും നടക്കുന്നത്. കലാരൂപങ്ങളുടെ

അവതരണപരിസരത്തും ജാതിവ്യവസ്ഥ കൃത്യമായി പിന്തുടരപ്പെടുന്നു. പുലയർ കളി, കുറവർകളി, പറയൻതുള്ളൽ തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഐതിഹ്യത്തിൽ പറയുന്നതുപോലെ കാളീപ്രീതിക്കായി നടത്തുന്ന ഒരനുഷ്ഠാനം തന്നെയാണ് പടയണി. കേരളത്തിലെ കാളി അനുഷ്ഠാനങ്ങളിൽ ഒട്ടുമിക്കതും സമൂഹവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ജാതീയമായ അവകാശങ്ങളിലൂടെ ഉത്സവത്തിന്റെ ഒരുക്കങ്ങൾ നടത്തപ്പെടുന്നു.

പടേനി, തെയ്യം, കുത്തിയോട്ടം, തുക്കം തുടങ്ങിയ ആചാരങ്ങളുടെ സ്രഷ്ടാക്കൾ രാജാക്കന്മാരോ വൈദിക-വരേണ്യവർഗ്ഗമോ ആയിരുന്നില്ല. സാധാരണക്കാരായ സമൂഹത്തിന്റെ ഭൂരിഭാഗം വരുന്ന ജനങ്ങളാണ് ഈ കലകളുടെ വക്താക്കൾ. ഇത്തരം ജനങ്ങൾക്ക് വേണ്ടിയാണവ സൃഷ്ടിക്കപ്പെട്ടിരുന്നത്. ആചാരകരായും സംരക്ഷകരായും ജനങ്ങൾ തന്നെയാണ് മുന്നിട്ട് നിന്നിരുന്നത്. എന്നാൽ പോലും ജാതിപരമായ കെട്ടുപാടുകൾ ഈ കലാരൂപങ്ങളിൽ പ്രതിഫലിച്ചു. ഇതിന്റെ പ്രധാന കാരണമായി ബ്രാഹ്മണസമൂഹത്തിന്റെ കലയിലേക്കുള്ള കടന്നുകയറ്റത്തെ കാണാവുന്നതാണ്. എത്രത്തോളം സാധാരണ ജനങ്ങളുടെ അനുഷ്ഠാനമായി കാണാൻ ശ്രമിക്കുമ്പോഴും ചില പ്രധാന ആരാധനാസന്ദർഭങ്ങളിൽ അധികാരബ്രാഹ്മണ്യം പ്രവർത്തിക്കുന്നു. ഉദാഹരണമായി പടയണിയുടെ തുടക്കത്തിൽ 'ചൂട്ടുവെയ്പ്പ്' എന്നൊരു ചടങ്ങുണ്ട്. ഈ ചടങ്ങിൽ ശ്രീകോവിലിൽ കത്തിനിൽക്കുന്ന നിലവിളക്കിൽനിന്ന് ഓലച്ചൂട്ടുകറ്റയിലേക്ക് ദീപം ആവാഹിച്ചുനൽകാനുള്ള അധികാരം ബ്രാഹ്മണപൂജാരിക്കാണ്. അതേപോലെതന്നെ സമാപനനാളിൽ 'കളംപൂജിക്കുക' 'ആപ്പിണ്ടീം വിളക്കിനും' 'തിടമ്പ് ജീവിത എടുക്കുക' തുടങ്ങിയ കർമ്മങ്ങൾ ക്ഷേത്രപുരോഹിതനാണ് ചെയ്യുന്നത്. പ്രാധാന്യമേറിയ പല ചടങ്ങുകളും ബ്രാഹ്മണരും പുരോഹിതരും ചെയ്യുമ്പോൾ അധികാരപരമായ നിലപാടുകൾ പടയണിയെ ഏറെ സ്വാധീനിക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ബ്രാഹ്മണമേധാവിത്വം കാരണമാണ് പടയണിയുടെ കീഴാള സാമൂഹ്യപരിസരങ്ങളിലേക്കുള്ള കടന്നുകയറ്റം സാധ്യമായിരുന്നത്.

മധ്യതിരുവിതാംകൂറിലെ ഭദ്രകാളീക്ഷേത്രങ്ങളിൽ അനുഷ്ഠാനരൂപേണ നടത്തിവരുന്ന പടയണി വിളവെടുപ്പുമായി ബന്ധമുള്ള ഒരു ഉർവരതാനുഷ്ഠാനം കൂടിയാണ്. വൈഷ്ണവ-ശൈവക്ഷേത്രങ്ങൾ ഒരിക്കലും പടയണിയുടെ അരങ്ങായിരുന്നില്ല. അവർ

അടിയാളന്റെ ചരിത്രത്തെയും ദൈവങ്ങളെയും മായ്ചുകളയാൻ ശ്രമിച്ചു. "ഭഗവതിക്കാവുകളിൽ പ്രത്യേകിച്ച് പടയണി കാവുകളിൽ കുടിയിരിക്കുന്ന പുലയാളികളുടെ ചരിത്രം വില്വമംഗലം സ്വാമിയാരുടെ ചുമലിൽ തന്നെയാണ് ഇന്നും. അമ്മേപുലയാടി എന്ന് ആർത്തുവിളിച്ചുകൊണ്ട് ലഹരിയുടെ അബോധതലങ്ങളിൽ എത്തി നഗ്നനൃത്തമാടുകയും തെറിപ്പാട്ട് പാടുകയും കോഴിവെട്ടി ചുടുചോരയൊഴുക്കുകയും ചെയ്യുന്ന ജനസമൂഹം അപരിഷ്കൃതരായിരിക്കാം. പക്ഷേ അവരുടെ ചരിത്രം അതുകൊണ്ട് ചരിത്രമല്ലാതാവുന്നില്ലല്ലോ" (വാസുദേവൻപിള്ള, 1997: 5).

കടമ്മനിട്ട വാസുദേവൻപ്പിള്ള കീഴാളരുടെ മറയ്ക്കപ്പെട്ട ചരിത്രത്തെക്കുറിച്ചു പറയുന്നതിലൂടെ, ചരിത്രത്തിൽ വരേണ്യ ഇടപെടലുകൾ സാധ്യമാകുന്നതെങ്ങനെ എന്ന് വിശദീകരിക്കുകയാണ് ചെയ്യുന്നത്. ആചാരാനുഷ്ഠാനങ്ങളിൽനിന്ന് ജാതിയിൽ താഴ്ന്നവരെ മാറ്റിനിർത്താനുള്ള ശ്രമം നടന്നുകൊണ്ടേയിരിക്കുന്നു. "കോലങ്ങളുടെ എടുത്തുവരവിന് ചൂട്ടുതെളിയിക്കുന്നതിൽ കുറവർക്കുള്ള പ്രാധാന്യം ഇന്നും പടയണിയിൽ മങ്ങലോടെയെങ്കിലും നിലനിൽക്കുന്നുണ്ട്" (വാസുദേവൻപിള്ള, 1997: 16). ഇതിൽ പറയുന്ന കാര്യങ്ങൾ കൃത്യമായ ജാതിവേർതിരിവിന്റെ സൂചനകളാണ്. ഇത്തരം മാറ്റിനിർത്തപ്പെടലുകൾക്കാധാരമായി പ്രവർത്തിക്കുന്നത് അയിത്തസങ്കല്പങ്ങളും ജാതിചിന്തയും തന്നെയാണ്.

എല്ലാവിഭാഗം ജനങ്ങളും പങ്കെടുക്കുന്ന അനുഷ്ഠാനകലാരൂപമാണ് പടയണി. സവർണരും അവർണരും കൂടിച്ചേർന്ന് നടത്തുന്ന കലാരൂപമാണെന്ന് പറയപ്പെടുമ്പോഴും കൃത്യമായ ജാതിവേർതിരിവുകളും ഓരോ വിഭാഗത്തിനും അനുസൃതമായ തൊഴിൽവിഭജനവും പടയണിയുടെ അനുഷ്ഠാനത്തിന്റെ ഭാഗമായി തുടർന്നുപോരുന്നുണ്ട്. മറ്റുള്ള നാടൻകലാരൂപങ്ങളെല്ലാം ഇത്തരത്തിൽ ജാതിസങ്കല്പത്തെ ഉറപ്പിച്ചുനിർത്തുന്നുണ്ട്. വള്ളുവനാടൻപ്രദേശത്ത് നടത്തിവരുന്ന പൂതനും തിറയും എന്ന അനുഷ്ഠാന കലാരൂപവും ജാതിയെ പിന്തുടർന്നുകൊണ്ടാണ് വർഷത്തിലും നടത്തിവരുന്നത്.

### 1.3.2 പൂതനംതിറയിലെ ജാതിവൈകൃതങ്ങൾ

പൂതനംതിറയും വള്ളുവനാടൻപ്രദേശത്തുള്ള അനുഷ്ഠാനകലയാണ്. തിറ, പൂതം എന്നീ രണ്ടു വേഷങ്ങളാണ് ഈ അനുഷ്ഠാനകലയിലുള്ളത്. തിറ കാളിയേയും പൂതം ഭൂതഗണങ്ങളേയും ആണ് പ്രതിനിധീകരിക്കുന്നത്. കണ്ണകിയുടെ കഥയാണ് ഈ ആചാരത്തിന് പിന്നിൽ പ്രവർത്തിക്കുന്നത്. കണ്ണകീ ഐതീഹ്യങ്ങൾ അനുഷ്ഠാന കലയിലൂടെ പ്രതിഫലിക്കുന്നുണ്ട്. ഭഗവതിക്ഷേത്രങ്ങൾ, കാവുകൾ എന്നിവിടങ്ങളിൽ ഈ അനുഷ്ഠാനം നടക്കുന്നു. പെരുവണ്ണാൻ സമുദായമാണ് ഈ അനുഷ്ഠാനത്തിന്റെ നടത്തിപ്പുകാർ. താലപ്പൊലി, പൂരം, വേല തുടങ്ങിയ അനുഷ്ഠാനസമയങ്ങളിലാണ് പൂതനും തിറയും കെട്ടിയാടിക്കാറ്. പൂതത്തിന് തുടിയും തിറയ്ക്ക് പറയുമാണ് വാദ്യോപക രണമായി പ്രധാനമായും ഉപയോഗിച്ചുവരുന്നത്. തിറയുത്സവം നാടാകെ അറിയിക്കു ന്നതിന് പൂതം വീടുകൾതോറും കയറിയിറങ്ങുന്നത് അനുഷ്ഠാനത്തിന്റെതന്നെ ഭാഗ മാണ്. 'കാവിൽ കയറൽ' പൂതനും തിറയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രാധാന്യ മുള്ളൊരു ചടങ്ങാണ്. അർദ്ധവൃത്താകൃതിയിലുള്ള മുടിയാണ് തിറ ധരിക്കുന്നത്. മുടി തലയിലേറ്റി നൃത്തം ചെയ്യേണ്ടതിനാൽ കനംകുറഞ്ഞ മരമുപയോഗിച്ചാണ് തിറയുടെ മുടി തയ്യാറാക്കുന്നത്. മുഖംമൂടി ധരിക്കുന്ന തിറയുടെ നാവ് പുറത്തേക്ക് തള്ളിനിൽക്കുന്ന രീതിയിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. അലങ്കാരത്തിനായി ചെങ്ങണ പുല്ല്, പീലിത്തണ്ട്, പൂക്കണ്ണാടി, വിവിധ നിറത്തിലുള്ള ചായങ്ങൾ എന്നിവ ഉപയോഗി ക്കുന്നു. കരിവള, കൈവള, തോൾവള, മാർത്താലി, അരത്താലി തുടങ്ങിയവ തിറയുടെ ആഭരണങ്ങളാണ്. മഞ്ഞൾ മുക്കിയ അടിവസ്ത്രവും ഉടുത്തുകെട്ടുമാണ് വസ്ത്രമായി ഉപയോഗിക്കുന്നത്. ആയുധമായി പൊന്തക്കോലും പരിശയുമാണ് തിറ ഉപയോഗിക്കു ന്നത്. ചിലമ്പാട്ടം, തെരുപ്പറക്കൽ, കുതിരച്ചാട്ടം, മുതലച്ചാട്ടം, പിണങ്കാല്, അടിവാൾ, വെട്ടിമലക്കം തുടങ്ങിയ ചുവടുകൾ ഈ അനുഷ്ഠാനത്തിന്റെ ഭാഗമായി നടത്തുന്ന ചുവടുകളാണ്. പൂതം എന്ന രൂപം കേരളത്തിലെ മറ്റ് അനുഷ്ഠാനങ്ങളോടൊപ്പവും ചേർന്ന് കാണാറുണ്ട്. തിറയാട്ടം, തെയ്യം എന്നീ അനുഷ്ഠാനങ്ങൾക്കൊപ്പവും പൂതം ഉണ്ടാവാറുണ്ട്. ജാതിയുടെ അടിസ്ഥാനത്തിൽ പാണപ്പൂതം, പറയപ്പൂതം, മണ്ണാപ്പൂതം, നായാടിപ്പൂതം എന്നിങ്ങനേയും പറഞ്ഞു വരുന്നത് കാണാം (http://www.kerala culture.org).

പൂതനംതിറയും എന്ന കലാരൂപം അനുഷ്ഠിച്ചുവരുന്നത് പ്രധാനമായും മണ്ണാന്മാരാണ് എന്നിരുന്നാലും പാണൻ, പറയൻ, നായാടി തുടങ്ങിയ ജാതിയിലെ മനുഷ്യരും ഈ കലാരൂപത്തിന്റെ അഭിനേതാക്കളാവുന്നുണ്ട്. ജാതിപരമായ വൈകൃതമാണ് ഈ കലാരൂപത്തിന്റെ പേരുമായി ബന്ധപ്പെട്ട് കാണാൻ സാധിക്കുന്നത്. പൂതൻ എന്ന അനുഷ്ഠാനവേഷത്തെ അത് നടത്തുന്ന വിഭാഗത്തിന്റെ ജാതിപ്പേരുകൂടി ചേർത്താണ് വിളിക്കപ്പെടുന്നത്. മണ്ണാൻജാതിയാണ് വേഷം കെട്ടിയതെങ്കിൽ മണ്ണാപ്പൂതം മറ്റുജാതി വിഭാഗങ്ങൾക്കനുസരിച്ച് പാണപ്പൂതം, പറയപ്പൂതം, നായാടിപ്പൂതം എന്നിങ്ങനെ കലാരൂപത്തിനൊപ്പം ജാതിയെ പുനഃസ്ഥാപിച്ചുകൊണ്ടേയിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ ജാതിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള, ഉയർന്ന ജാതിയിൽ അഭിമാനിക്കുന്ന ഒരു സമൂഹത്തിൽ മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. വീടുകൾ തോറും കയറിയിറങ്ങി പൂതം കെട്ടുമ്പോൾ ലഭിക്കുന്ന അരിയോ നെല്ലോ കോലക്കാരന്റെ അന്നത്തെ വിശപ്പുമാറ്റാൻ ഉതകുന്നതുകൊണ്ട് മാത്രമാണവർ ജാതിഅധിക്ഷേപവാക്കുകൾ കേട്ടുനിൽക്കുന്നത്. ഭവനങ്ങൾതോറും കയറിയിറങ്ങി വർഷത്തിലും നടത്തുന്ന ഈ അനുഷ്ഠാനംകൊണ്ടാവാം പണ്ടുകാലങ്ങളിൽ ഒരുപാട് നാൾ അവർ കഞ്ഞികുടിച്ചത്. ജാതി പ്രവർത്തിക്കുന്നത് സാമൂഹിക, സാമ്പത്തിക അസമത്വങ്ങളിലൂടെയാണ്. സാമൂഹികമായ തുല്യനീതിക്ക് എതിരെ പ്രവർത്തിക്കാൻ എന്നും ജാതിവ്യവസ്ഥയ്ക്ക് സാധിച്ചിരുന്നു.

### 1.3.3 കാളിയൂട്ട് : ജാതിയുടെ സാമൂഹികമൂല്യങ്ങൾ

കേരളത്തിലെ കാളി ആരാധനയുമായി ചേർന്നുനിൽക്കുന്ന അനുഷ്ഠാനകലയാണ് കാളിയൂട്ട്. തിരുവനന്തപുരം ജില്ലയിലാണ് കാളിയൂട്ടിന്റെ തട്ടകം. മുടിപ്പുരകൾ എന്നറിയപ്പെടുന്ന കാളീക്ഷേത്രങ്ങളിലാണ് കാളിയൂട്ട് നടത്തിവരുന്നത്. ഭദ്രകാളിയുടെ മുടി സൂക്ഷിക്കുന്ന പുര എന്ന അർത്ഥത്തിലാണ് മുടിപ്പുര എന്ന പ്രയോഗം വന്നത്. നാൽപ്പത്തെട്ട് ദിവസമെടുത്ത് പാടിത്തീർക്കാനുള്ള തോറ്റം ഉത്സവദിവസങ്ങൾക്കനുസരിച്ചാണിന്ന് അവതരിപ്പിക്കപ്പെടുന്നത്. മുടിപ്പുരയ്ക്ക് അഭിമുഖമായി പന്തലിലിരുന്നാണ് 'കുഴിത്താളം' എന്ന വാദ്യോപകരണത്തിന്റെ അകമ്പടിയോടെ തോറ്റം ചൊല്ലുന്നത്. മുടിപ്പുരയിൽ പൂജ നടത്തുന്ന കർമ്മിയെ 'വാത്തിമാർ'എന്ന് വിളിക്കുന്നു. ഭദ്രകാളിയുടെ വേഷം കെട്ടിയ വാത്തിയാണ് 'കളംകാവൽ 'ചടങ്ങ് നടത്തുന്നത്. കളം

കാവലും അണിയറ കെട്ടലും കഴിഞ്ഞതിനുശേഷം അനുഷ്ഠാനനാടകം അവതരിപ്പിക്കപ്പെടുന്നു. കാളിയൂട്ടിൽ പ്രധാനമായും ഉച്ചബലിക്കാണ് പ്രാധാന്യം. വാത്തിയിൽ ദൈവം ആവേശിച്ച എന്ന സങ്കൽപത്തിൽ വാത്തി അരിയും കമുകിൻപൂവും ഭസ്മവും മറ്റും ഉരുവുകയും കുരുതി നടത്തുകയും ചെയ്യുന്നു. ദാരികൻ അയച്ച സൈനികൻ ബലിക്കളം അലങ്കോലപ്പെടുത്തുകയും ദാരികസൈനികനെ കാളി ശൂലംകൊണ്ട് വീഴ്ത്തി പായിൽ പൊതിഞ്ഞ് കൊണ്ടുപോകുന്നു എന്ന രീതിയിലുമുള്ള അവതരണമാണ് ഉച്ചബലിയിൽ കാണാൻ സാധിക്കുന്നത്. ദിക്കുബലി എന്ന ചടങ്ങിലും ഇത്തരം കർമ്മങ്ങൾതന്നെ ചെയ്യുന്നു. ശേഷം ദാരികനെ തിരഞ്ഞ് വീടുകൾതോറും സഞ്ചരിക്കുന്ന കാളിയെ ജനങ്ങൾ നിറപറയോടെ എതിരേൽക്കുന്നു. ദാരികനെ നാലുദിക്കിലും കണ്ടെത്താൻ സാധിക്കാതെ വന്നപ്പോൾ എട്ട് ദിവസം നല്ലയിരിപ്പ് ചടങ്ങ് നടത്തി ദാരികനെ ആകാശത്ത് കണ്ടെത്തുമ്പോൾ ആകാശയുദ്ധം നടത്തി കാളി ദാരികനെ വധിക്കുന്നു. 'പറണേറ്റ്' എന്ന ചടങ്ങിലൂടെയാണ് യുദ്ധം സാധ്യമാവുന്നത്. ശേഷം ഭൂമിയിൽവച്ചും പോര് തുടരുന്നുണ്ട്. ശേഷം കാളി ദാരികന്റെ തലയറക്കുന്നു. ആറാട്ടു കഴിഞ്ഞതിനു ശേഷം ദേവി വീണ്ടും മറപ്പുരയിൽതന്നെ കുടിയിരിക്കുന്നു. അനുഷ്ഠാനപരമായ അനവധി കാര്യങ്ങളിലൂടെ കടന്നുപോകുന്ന നാടോടിനാടകമാണ് കാളിയൂട്ട് (http://www.kerala culture.org).

കാളിയൂട്ടിൽ ജാതിപരമായ വേർതിരിവുകൾ കൃത്യമായി കാണാൻ സാധിക്കുന്നുണ്ട്. ജാതീയത പിന്തുടരുന്ന കലാരൂപമാണിത്. മഹാരാജാവിന്റെ പ്രതിനിധിയായി കുറുപ്പും നമ്പൂതിരിയുടെ പ്രതിനിധിയായൊരു കർമ്മിയും കാളിയൂട്ടനുഷ്ഠാനത്തിന്റെ ഭാഗമായി ഉണ്ടാവണമെന്ന് നിർബന്ധമുണ്ട്. ഇവർ ജാതിസമ്പ്രദായത്തിന്റെ മുകൾത്തട്ടിൽ നിൽക്കുന്നു. പൊന്നറപ്പണിക്കന്മാരെന്ന ജാതിവിഭാഗമാണ് കാളിയൂട്ട് നടത്തുന്നത്. ഉച്ചബലിപ്പുരയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന പീഠത്തിനുചുറ്റും പതിനേഴ് പണിക്കന്മാർ ദേവീസ്തുതി കഴിഞ്ഞു കറടികവാദ്യത്തിന്റെ താളത്തിനനുസരിച്ച് വെള്ളാട്ടം കെട്ടിയാടുന്നു. കൃത്യമായ ജാതിയുടെ സ്ഥാനപ്പെടലാണിവിടെ നടക്കുന്നത്. കണിയാരുകുറുപ്പ്, പുലയർപുറപ്പാട്ട്, പാണ്ടിബ്രാഹ്മണൻ തുടങ്ങി ജാതിയെ പരാമർശിക്കുന്ന തരത്തിലുള്ള രംഗങ്ങൾ കാളിയൂട്ടിലുണ്ട്. ഇത്തരം രംഗങ്ങൾ രൂപപ്പെടാൻ കാരണമായ സാമൂഹിക-

സാംസ്കാരികപശ്ചാത്തലം ജാതിവ്യവസ്ഥിതിയുടെ അടിസ്ഥാനത്തിലുള്ള ജനജീവിതം തന്നെയാണ്.

ജാതിയുടെ സാമൂഹികനിലവാരം അനുസരിച്ചാണ് ജാതിഅവകാശങ്ങൾ നിർണ്ണയിക്കപ്പെടുന്നത്. മുടിപ്പുരകളിൽ അബ്രാഹ്മണപൂജാരികളായ 'വാത്തിമാർ' എന്നു പറയുന്ന സമുദായം കർമ്മങ്ങൾ ചെയ്യുന്നു. കാളിയൂട്ടിന്റെ സംവിധായകനും പ്രധാന അഭിനേതാവും മൂത്തവാത്തിയാണ്. എന്നിരുന്നാലും മുടിപ്പുരകളിൽ ബ്രാഹ്മണസാന്നിധ്യവും കടന്നുവരുന്നുണ്ട്. ചില പ്രധാന പൂജകളിലും കർമ്മങ്ങളിലും ബ്രാഹ്മണർക്ക് മുൻതൂക്കം ലഭിക്കുന്നതായി കാണാം. ഇവിടെ ജാതിയുടെ ഉയർച്ചതാഴ്ചയും പ്രത്യേക ജാതികൾക്കുള്ള പ്രാമുഖ്യവും വ്യക്തമാവുന്നുണ്ട്. കൊല്ലൻ, പരമൻ, ഈഴവൻ, തണ്ടാൻ എന്നീ സമുദായങ്ങളും കാളിപൂജ ചെയ്യുന്നുണ്ട്. വ്യത്യസ്തജാതികൾ അവരുടെ സാമൂഹികമായ ജാതിമൂല്യത്തിനനുസരിച്ച് കാളിയൂട്ടിലെ പ്രവർത്തനങ്ങളിൽ കർമ്മനിരതരാകുന്നുണ്ട്. 'തണ്ടാൻ' പറണിനുള്ള തെങ്ങുമുറിച്ച് പറണുണ്ടാക്കി മുടിയെ പറണിനു മുകളിലെത്തിച്ച് കൊടുക്കുകയും പറണിൽ തൂങ്ങുകയും ചെയ്യുന്നു. പാണൻ തന്റെ കരടി വാദ്യം കാളി പൂജയ്ക്കായി ഉപയോഗിക്കുന്നു. കാളിയുടെ പ്രിയപ്പെട്ട വിഭവമായ കള്ള് എത്തിക്കുന്നത് ഈഴവരാണ്. അങ്ങനെ പൂജ നടത്താൻ ആവശ്യമായ ദ്രവ്യങ്ങൾ എത്തിക്കുകയും കായികാധ്വാനപരമായ ജോലികളിൽ ഏർപ്പെടുകയും ചെയ്യുന്നത് ജാതിശ്രേണിയുടെ കീഴ്ത്തട്ടിലുള്ളവരായി ഗണിക്കപ്പെട്ട അടിസ്ഥാനജനവിഭാഗങ്ങളാണ്. കാളിയൂട്ട് തുടങ്ങിയാൽ കാളിയുടെ പിതാവായ ശിവനായി അവരോധിക്കപ്പെടുന്നത് ഏതെങ്കിലും നായർ കുടുംബാംഗമായിരിക്കും. പള്ളിമാടത്തിലിരുന്ന് ഉടവാൾ സൂക്ഷിക്കേണ്ടതും ഇയാളാണ്. ഇതോടൊപ്പംതന്നെ ദേവിയോട് കൂടെ സഞ്ചരിക്കുന്നതിന് ഉള്ളാടനായും നായർവിഭാഗത്തിലെ ഒരാൾ അവരോധിക്കപ്പെടുന്നു. കാളിയൂട്ടിലെ ആചാരങ്ങളിൽ ജാതിയുടെ തീക്ഷ്ണമായ വേർതിരിവ് കാണാൻ സാധിക്കുന്നുണ്ടെന്നതിന് തെളിവായി പങ്കുവെക്കാവുന്ന വസ്തുതകളാണ് ഇവയെല്ലാം.

ജാതിയുടെ സാമൂഹികമൂല്യത്തിനും അധികാരഘടനയ്ക്കും അനുസരിച്ച് കാവനുഷ്ഠാനങ്ങളിൽ നിശ്ചിത സമൂഹത്തിലെ ഓരോ വിഭാഗങ്ങളും ചെയ്യേണ്ട കർമ്മങ്ങളിൽ വലിയ വ്യത്യാസം തന്നെയാണ് കാണാൻ സാധിക്കുന്നത്. കാളിയൂട്ടിന്റെ സാമൂഹ്യ

വ്യവഹാരങ്ങളിൽ ജാതിയുടെ മേൽകീഴ് നിലകൾ വേറിട്ടുതന്നെ മനസ്സിലാക്കുക സാധ്യമാണ്.

### 1.3.4 മുടിയേറ്റും ജാതിവേർതിരിവും

തെക്കൻകേരളത്തിൽ പ്രധാനമായും കൊച്ചിയിലും മധ്യകേരളത്തിലും അപൂർവ്വമായും ഭദ്രകാളിപ്രീതിക്കായി നടത്തിവരുന്ന അനുഷ്ഠാനകലയാണ് മുടിയേറ്റ്. മുടിയെടുപ്പ് എന്നും ഈ കലാരൂപത്തിന് പേരുണ്ട്. കാളിയുടെ ഭീകരമുഖം, ജഡാഭാരം എന്നിവ മരംകൊണ്ടോ ലോഹംകൊണ്ടോ നിർമ്മിക്കുന്നു. 'മുടി' എന്നാണ് ഇതിന് പറയുന്നത്. ഈ തിരുമുടി തലയിൽ അണിഞ്ഞുകൊണ്ടാണ് കാളി നൃത്തം ചെയ്യുന്നത്.

കാളി ആരാധനയുടെ ഭാഗമായാണ് അനുഷ്ഠാനകലയായ മുടിയേറ്റ് നടത്തുന്നത്. കാളിയും ദാരികനും തമ്മിലുള്ള യുദ്ധമാണ് ഈ അനുഷ്ഠാനരൂപത്തിലൂടെ അവതരിപ്പിക്കുന്ന ഇതിവൃത്തം. വ്യത്യസ്തമായ ചടങ്ങുകളിലൂടെയാണ് മുടിയേറ്റ് നടത്തപ്പെടുന്നത്. കളമെഴുത്ത്, പ്രതിഷ്ഠ, പൂജ, താലപ്പൊലി, തിരിയുഴിച്ചിൽ, കളംമായ്ക്കൽ തുടങ്ങിയ ചടങ്ങുകളാണ് ആദ്യം ഉണ്ടാകുന്നത്. ശേഷം വേഷങ്ങൾ രംഗത്ത് വന്ന് പ്രകടനം കാഴ്ചവയ്ക്കുന്നു. തിരുവിതാംകൂറിലും കൊച്ചിദേശത്തുമുള്ള ഭദ്രകാളികാവുകളിലാണ് മുടിയേറ്റ് നടത്തുന്നത്. തിരുവിതാംകൂറിൽ കുറുപ്പന്മാരും കൊച്ചിയിൽ മാരാൻമാരുമാണ് മുടിയേറ്റിന്റെ അവതാരകർ. രണ്ടുപേരുടെയും രീതികൾ തമ്മിൽ ചെറിയ വ്യത്യാസം ഉണ്ടാവാറുണ്ട്. മുടിയേറ്റിന്റെ ഭാഗമായി നടത്തുന്ന കളമെഴുത്ത് കേരളത്തിൽ മറ്റ് പല അനുഷ്ഠാനസന്ദർഭങ്ങളിലും നടത്താറുണ്ട്. മണ്ണാൻ, പാണൻ, മലയൻ, വേലൻ, വണ്ണാൻ, പുള്ളുവൻ, മുന്നൂറ്റാൻ, തീയമ്പാടിനമ്പ്യാർ, തീയാട്ടുണ്ണികൾ, തെയ്യമ്പാടിക്കുറുപ്പ്, കല്ലാറ്റക്കുറുപ്പ്, തുടങ്ങിയ സമുദായക്കാർ പ്രധാനമായും കളമെഴുതുന്നവരാണ് (ബാലകൃഷ്ണൻ, 2012: 264-265). ഈ ജാതിസമൂഹങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നായി വർത്തമാനകാലത്തുപോലും കളമെഴുത്ത് നിലനിന്നുപോരുന്നു. കേരളത്തിലെ മിക്ക കലകളും ജാതിപരമായ അനുഷ്ഠാനങ്ങളാണ്. കളമെഴുതി കഴിഞ്ഞാലുള്ള ചടങ്ങുകൾ ക്ഷേത്രത്തിലെ മേൽശാന്തിയോ കളമെഴുതിയ കുറുപ്പോ ആണ് നടത്തുന്നത്. മുടിയേറ്റിലെ എല്ലാ അനുഷ്ഠാനങ്ങളും ഇതുപോലെ ജാതിതിരിഞ്ഞുതന്നെയാണ് നടത്തപ്പെടുന്നത്. ഭദ്രകാളിയുടെ കളമെഴുതുമ്പോൾ സ്തനങ്ങൾ തീർക്കാൻ ഉപയോഗിക്കുന്ന

നെല്ലും അരിയും നാളികേരവും മാത്രമായിരുന്ന ആദ്യകാലങ്ങളിൽ കളമെഴുതിയ വിഭാഗങ്ങൾക്ക് ലഭിച്ചിരുന്ന പ്രതിഫലം. സാമ്പത്തികവും ജാതിപരവുമായ ചൂഷണം എപ്പോഴും നാടൻകലായിടങ്ങളുടെ ഭാഗമായിരുന്നു.

### 1.3.5 തെയ്യത്തിലെ ജാതിവഴക്കം

അമ്മദൈവാരാധനയുടെ ഭാഗമായി കേരളത്തിൽ നടത്തിവരുന്ന അനുഷ്ഠാന കലാരൂപമാണ് തെയ്യം. കോലത്തുനാട്ടിലാണ് ഈ കലാരൂപം അവതരിപ്പിക്കപ്പെട്ടു ന്നത്. തറവാടുകൾ, കാവുകൾ, കോട്ടങ്ങൾ എന്നിവിടങ്ങളിലാണ് തെയ്യം നടത്താറു ള്ളത്. അനുഷ്ഠാനങ്ങളിലൂടെയും ആചാരങ്ങളിലൂടെയും മനുഷ്യമനസ്സിൽ ആരാധനാഭാവ ത്തിൽ കുടികൊള്ളുന്ന ദൈവങ്ങളെ വർഷത്തിലും കോലംകെട്ടി ആരാധിക്കുന്ന സമ്പ്രദായമാണ് തെയ്യം. അമ്മദൈവങ്ങളാണ് തെയ്യക്കോലങ്ങളായി പ്രധാനമായും അവതരിപ്പിക്കപ്പെടാറുള്ളത്. പരമ്പരാഗതമായി തെയ്യംകെട്ടുന്ന ജാതിവിഭാഗം ദേവതയെ പ്രീതിപ്പെടുത്താനായി തുടർന്നുപോരുന്ന കലാരൂപമാണിത്. വണ്ണാൻ, മലയൻ, മാവിലൻ, വേലൻ, മുന്നൂറ്റാൻ, അഞ്ഞൂറ്റാൻ, പുലയൻ, കോപ്പാളൻ തുടങ്ങിയ ജാതിവിഭാഗങ്ങളാണ് പ്രധാനമായും തെയ്യം കെട്ടുന്നത്. അമ്മദൈവങ്ങൾക്ക് പുറമേ മന്ത്രമൂർത്തികൾ, ഇതിഹാസകഥാപാത്രങ്ങൾ, വന ദേവതകൾ, നാഗകന്യകകൾ, വീരന്മാർ, വീരമൃത്യുവരിച്ച മറ്റ് മനുഷ്യന്മാർ തുടങ്ങിയ മൂർത്തി സങ്കല്പങ്ങളെയും തെയ്യമായി ആചരിച്ചുവരുന്നു. ഈ ദേവതകളെയൊക്കെ അവരുടെ കോലംകെട്ടി ആടിക്കുന്നതിലൂടെ ഐശ്വര്യവും സമാധാനവും കൈവരുമെന്നാണ് വിശ്വാസം.

തെയ്യത്തിലെ ജാതിവഴക്കം സ്പഷ്ടമാവുന്നത് ഭൗതികപരിസരങ്ങളിലൂടെയാണ്. കെട്ടിയാട്ടക്കാരും കാവുമായി ബന്ധപ്പെട്ട മറ്റു ജോലികളിൽ ഏർപ്പെടുന്നവരും ജാതിയെ പിന്തുടരാൻ ശ്രമിക്കുന്നവരാണ്. അതുകൊണ്ടുതന്നെ തെയ്യം കെട്ടുന്ന വിഭാഗങ്ങൾ പ്രത്യേക ജാതിയിലുള്ളവരാകുന്നു. കാവിലേക്കുവേണ്ട ഓരോരോ കർമ്മ ങ്ങൾ ചെയ്യുന്നവരും വ്യത്യസ്ത ജാതിയിലുള്ളവരായിരിക്കും. തെയ്യത്തിലെ കോമരം പോലും ജാതിയധിക്ഷേപത്തിന്റെ ഭാഗമാവേണ്ടിവരുന്നുണ്ട്. സവർണ്ണ-അവർണ്ണഭേദം ആചാരാനുഷ്ഠാനങ്ങളെപ്പോലും നിയന്ത്രിക്കുന്നു. സവർണരുടെ വീടുകളിൽ പടിഞ്ഞാറ്റ യിലോ കൊട്ടിലിലോ കോമരം കയറില്ല. വീട്ടുമുറ്റത്തു മാത്രമാണ് ഉറഞ്ഞാടിനിൽക്കു

ന്നത്. ഇതേ കോമരം അവർണരുടെ വീടുകളിൽ കയറുകയും ചെയ്യുന്നു. സമൂഹം കൽപ്പിക്കുന്ന ജാതിവ്യവസ്ഥ പിന്തുടരേണ്ടവർ മനുഷ്യർ മാത്രമായി ഒതുങ്ങുന്നില്ല. അതിന്റെ തലങ്ങൾ വിപുലമാണ്. ദൈവിക അനുഷ്ഠാനങ്ങളിൽ പോലും അത് പ്രതിഫലിക്കുന്നു. ബലപ്പെട്ട സാമൂഹികവ്യവസ്ഥിതിയായി ജാതി കാവിടങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

### 1.3.6 താലപ്പൊലി: ജാതീയതയുടെ സങ്കല്പഭേദങ്ങൾ

കേരളത്തിലെ ഹൈന്ദവാരാധനാലയങ്ങളിൽ നടത്തിവരുന്ന ഒരു ചടങ്ങാണ് താലപ്പൊലി. സെറ്റ്സാരി, പാവാടയും ബ്ലൗസും, വേഷ്ടിയും മുണ്ടും തുടങ്ങിയ വസ്ത്രങ്ങൾ അണിഞ്ഞ സ്ത്രീകൾ, ബാലികമാർ എന്നിവർ താലം കയ്യിലേന്തിക്കൊണ്ട് ദേവതാ സ്ഥാനം വലംവെക്കുന്നതാണ് ഈ ആരാധനാരീതി. താലത്തിൽ പൂവ്, പൂക്കുല, അരി, ദീപം തുടങ്ങിയ ദ്രവ്യങ്ങൾ ഉണ്ടാകും. പഴവർഗങ്ങൾ മാത്രം താലത്തിലേന്തി ചന്ദന ത്തിരി കത്തിച്ചുവെച്ചുകൊണ്ടും തേങ്ങമുറിയിൽ അരിത്തിരിയിട്ട് ദീപം തെളിയിച്ചും പ്രാദേശിക വ്യത്യാസമനുസരിച്ച് ഈ ആരാധന സമ്പ്രദായത്തിൽ മാറ്റങ്ങൾ കാണാം.

കേരളത്തിലെ എല്ലാ കാവുകളിലും താലപ്പൊലിച്ചടങ്ങുകൾ ഒരേപോലെയല്ല ആചരിച്ചുപോരുന്നത്. കാവുകൾ വ്യത്യാസപ്പെടുന്നതിനനുസരിച്ച് താലപ്പൊലിയിൽ പങ്കെടുക്കുന്ന ജാതിസമൂഹങ്ങളിലും മാറ്റങ്ങൾ കാണാൻ സാധിക്കുന്നുണ്ട്. ഭൂരിപക്ഷം കാവുകളിലും അവിടുത്തെ ഊരായ്മ ഏത് ജാതിക്കാർക്കാണോ, ആ വിഭാഗത്തിലുള്ള സ്ത്രീകൾ മാത്രമാണ് താലം എടുക്കുന്നത്. അവർക്ക് മാത്രമാണവിടെ പ്രാമുഖ്യം. എല്ലാ ജാതിവിഭാഗങ്ങളും താലം എടുക്കുന്ന കാവുകൾ പൊതുവേ കുറവാണ്. ജാതീയതയുടെ സങ്കല്പഭേദങ്ങൾ കാവാചാരങ്ങളിലൂടെ പലമട്ടിൽ കാണാൻ സാധിക്കുന്നുണ്ട്.

## 1.4 കാവനുഷ്ഠാനം, ജാതിസങ്കല്പം

നാടോടികലകൾ രൂപപ്പെട്ടുവരുന്നതിന് പിന്നിൽ സവിശേഷമായ രാഷ്ട്രീയ സാമൂഹിക പശ്ചാത്തലമുണ്ട് ജാതി- ജന്മി- കുടിയാൻ ബന്ധങ്ങളുടെ കണ്ണിചേരലുകൾ നാടോടികലാരൂപങ്ങളിൽ എക്കാലത്തും ദൃശ്യമാണ്. ഇത്തരം ബന്ധങ്ങളുടെ പശ്ചാ ത്തലത്തിൽനിന്നുകൊണ്ടാണ് ജനതയുടെ ആവിഷ്കാരം സാധ്യമാവുന്നത്. പ്രധാന മായും ജാതിപരിസരത്തു നിന്നുകൊണ്ടല്ലാതെ നാടൻകലാവിശകലനം പൂർണമാവില്ല.

ആരാധനാരീതികളിൽ ജാതിയുടെ പ്രവർത്തനം എങ്ങനെയെല്ലാം സാധ്യമാകുന്നു എന്നത് കാവുസങ്കൽപ്പങ്ങളിൽനിന്നും വളരെ കൃത്യമായി മനസ്സിലാക്കാൻ സാധിക്കുന്നു. കാവുകളിൽ അടിയാളജനവിഭാഗത്തിന്റെ അനുഷ്ഠാന രീതികളാണ് പിന്തുടർന്ന് പോരുന്നത്. ഈ അനുഷ്ഠാനങ്ങളിൽ ജാതിചിന്ത പ്രവർത്തിക്കുന്നു. കാവാരാധനാലയങ്ങളിലെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത് ജാതിശ്രേണിയുടെ അടിസ്ഥാനത്തിലാണ്. കാവ് മനുഷ്യജീവിതത്തെ ഏറെ സ്വാധീനിക്കുന്ന ആരാധനാകേന്ദ്രമാണ്. കാവുകളിലൂടെ നിശ്ചിത ജനതയുടെ ജീവിതത്തെയും സംസ്കാരത്തെയും മനസ്സിലാക്കാൻ സാധിക്കുന്നു. കാവുകളെക്കുറിച്ചുള്ള പഠനങ്ങൾ പ്രസ്തുത മേഖലയിലെ ജനതയുടെ ജീവിതത്തെക്കുറിച്ചുള്ള അന്വേഷണമാണ്. കാവിന്റെ പശ്ചാത്തലത്തിലൂടെ കീഴാള സാമൂഹ്യ ജീവിതത്തെക്കുറിച്ച് അന്വേഷിക്കുവാനാണ് ഈ പഠനത്തിലൂടെ ശ്രമിക്കുന്നത്.

കാവുകളിലെ അനുഷ്ഠാനങ്ങളിൽ ജാതിഘടനയ്ക്ക് ഏറെ പങ്കുണ്ട് ഓരോ അനുഷ്ഠാനകലയും ജാതിയെ കേന്ദ്രീകരിച്ചാണ് നടത്തപ്പെടുന്നത്. 'അർജ്ജുനനൃത്തം' എന്ന അനുഷ്ഠാനം അവതരിപ്പിക്കുന്നത് ഈഴവരും കുറുപ്പന്മാരുമാണ്. ഇവരിൽതന്നെ പതിനാറ് വയസിനും അറുപത് വയസിനും ഇടയിൽ പ്രായമുള്ള പുരുഷന്മാരാണ് കലാകാരന്മാർ. 'കാളവേല' ചെയ്യുന്നത് പുലയർ, ചെറുമർ എന്നീ കർഷകത്തൊഴിലാളി ജനവിഭാഗങ്ങളിൽപ്പെട്ടവരാണ്. 'കാളിദാരികൻ' കുറുപ്പ് സമുദായക്കാരാണ് പ്രധാനമായും അവതരിപ്പിക്കുന്നത്. 'കാളിയൂട്ട്' അവതരിപ്പിക്കുന്നത് വേലൻ സമുദായക്കാരാണ്. കൊല്ലൻ, പരവൻ, ഈഴവർ, നായർ, തണ്ടാൻ എന്നീ സമുദായക്കാർ ഇതിന്റെ സംഘാടനത്തിലുണ്ടാകും. കാളിയൂട്ടിൽ ഓരോ സമുദായത്തിനും പ്രത്യേകം ചുമതലകളുണ്ട്. ‘സർപ്പംതുള്ളൽ’ പുള്ളുവൻമാരാണ് അവതരിപ്പിക്കുന്നത്. തുള്ളുന്നത് സ്ത്രീകളും കൊട്ടുംപാട്ടും അവതരിപ്പിക്കുന്നത് പുരുഷന്മാരുമാണ്. ‘വണ്ണാൻകൂത്ത്’ പേരുപോലെ തന്നെ വണ്ണാൻ സമുദായക്കാർ അവതരിപ്പിക്കുന്നു. മുടിയേറ്റ് അവതരിപ്പിക്കപ്പെടുന്നത് മേൽജാതിക്കാരുടെ നിയന്ത്രണത്തിലുള്ള കാവുകളിലും നമ്പൂതിരിമാരുടെ മനകളിലും ചില തറവാടുകളിലുമാണ്. കുറുപ്പ്, മാരാർ എന്നീ അമ്പലവാസിവിഭാഗക്കാരാണ് അവതാരകർ. ‘ഭദ്രകാളിത്തീയാട്ട്’ ചെയ്യുന്നത് അമ്പലവാസികളിൽപ്പെട്ട തീയാട്ടുണ്ണി

സമുദായക്കാരാണ്. കാവ്, ക്ഷേത്രം, ബ്രാഹ്മണരുടെ മന എന്നിവിടങ്ങളിലാണ് തീയാട്ട് നടത്തുന്നത്.

'പൂതനും തിറയും' മണ്ണാൻ, വണ്ണാൻ സമുദായങ്ങളിലുള്ളവരാണ് കെട്ടുന്നത്. പൂതത്തിനെ മണ്ണാപൂതം എന്നും വിളിക്കാറുണ്ട്. പൂതംകളി എന്ന അനുഷ്ഠാനകല കെട്ടുന്നത് മണ്ണാൻ, പുലയർ, ചെറുമർ തുടങ്ങിയ വിഭാഗങ്ങളാണ്. മണ്ണാനെ മണ്ണാപൂതം എന്നും പുലയനെ വൈക്കോൽപൂതം എന്നും പാണനെ പാണപൂതം എന്നും പറയുന്നുണ്ട്. 'കോതാമൂരിയാട്ടം' മലയസമുദായക്കാരാണ് അവതരിപ്പിച്ചുവരുന്നത്. കാർഷികസംസ്കാരവുമായി ബന്ധപ്പെട്ട കലാരൂപമാണിത്. പടയണിയുടെ അവതാരകർ കണിയാൻ, കുറവൻ, പുലയൻ, പറയൻ തുടങ്ങിയവരാണെങ്കിൽ മറ്റു ജാതിയിലുള്ളവരുടേയും പങ്കാളിത്തം പടയണിയിൽ കാണാവുന്നതാണ്. കണിയാൻ, കുറവൻ, തച്ചൻ, തണ്ടാൻ, മാരാര്, വണ്ണാൻ, നായർ തുടങ്ങിയ ജാതിസമൂഹങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ പടയണിയുടെ ഭാഗമാണ്. തെയ്യവും തിറയും കെട്ടുന്നത് പെരുവണ്ണാൻ, വേലൻ, പാണൻ തുടങ്ങിയ വിഭാഗക്കാരാണ്. ഇവരെക്കൂടാതെ കൊല്ലൻ, ആശാരി, ചാലിയ, മൂശാരി തുടങ്ങിയവർക്കെല്ലാം തിറയാട്ടവുമായി ദൃഢബന്ധമാണുള്ളത്. നമ്പൂതിരി, നായർ തുടങ്ങിയവർ കാവിന്റെ ഊരായ്മക്കാരായും നിലകൊള്ളുന്നു.

കാവുകളിലെ അനുഷ്ഠാനവും ജാതിഘടനയും തമ്മിൽ ഏറെ ബന്ധമുണ്ട്. അനുഷ്ഠാനകലകളെല്ലാംതന്നെ ഗ്രാമീണതയുടെയും ഉർവരതാസങ്കൽപത്തിന്റെയും കാർഷികസംസ്കാരത്തിന്റെയും പ്രതീകങ്ങളാണ്. മിക്ക അനുഷ്ഠാനകലകളും ദളിതരാണ് കൈകാര്യം ചെയ്യുന്നത്. മുടിയേറ്റ്, ഭദ്രകാളിത്തീയാട്ട് എന്നീ കലകൾ ചെയ്യുന്നവർ ജാതിപരമായി അല്പം ഉയർന്നവരാണ്. ബ്രാഹ്മണഗൃഹങ്ങൾ കേന്ദ്രീകരിച്ചുള്ളവയാണ് ഇത്തരം കലകൾ. അതുകൊണ്ടുതന്നെ ദളിതർക്കിതിൽ സ്ഥാനവുമില്ല. കൃഷിപ്പണിയുംമറ്റും ദളിതരുടെ മാത്രം ഉത്തരവാദിത്വം ആയിരുന്ന കാലത്ത് അവരുടേതായ ആരാധനയിലൂടെ വികസിച്ചുവന്ന കലാരൂപങ്ങളാണ് അനുഷ്ഠാനകലകളിലധികവും.

ഇത്തരം അനുഷ്ഠാനങ്ങളെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുന്നത് കീഴാള[15]ന്റെ സാമൂഹ്യജീവിതത്തിലേക്കുള്ള അന്വേഷണമാണ്.

അനുഷ്ഠാനങ്ങളിലെ കീഴാളജീവിതത്തെ സ്പഷ്ടമായ വിശകലനത്തിന് വിധേയമാക്കുന്നത് തിറയാട്ടം എന്ന അനുഷ്ഠാനകലയിലൂടെയാണ്. കേരളത്തിലെ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പ്രധാനമായും നടത്തിവരുന്ന അനുഷ്ഠാന കലാരൂപമാണ് തിറയാട്ടം. തിറയാട്ടത്തെ മുൻനിർത്തി കീഴാളജനവിഭാഗത്തിന്റെ ദമനം ചെയ്യപ്പെട്ട ചരിത്രം കണ്ടെത്താൻ ഈ പഠനത്തിലൂടെ ശ്രമിക്കുന്നു. കോഴിക്കോട് ജില്ലയിൽ സ്ഥിതിചെയ്യുന്ന 'പുല്ലാട്ടുകാവി'ന്റെ പശ്ചാത്തലത്തി ലൂടെയാണ് ഇത് സാധ്യമാവുന്നത്. പ്രഥമാകാരമായി പുല്ലാട്ടുകാവിലെ അനുഷ്ഠാനങ്ങളെയാണ് സ്വീകരിച്ചിരിക്കുന്നത്. കാവനുഷ്ഠാനങ്ങളുടെ അപഗ്രഥനത്തിലൂടെയുള്ള ചരിത്രനിർമ്മിതി സാധ്യമാവുന്നതിന് വാമൊഴി ആഖ്യാനങ്ങളുടെ സഹായം ആവശ്യമായി വന്നിട്ടുണ്ട്. തിറയാട്ടം എന്ന അനുഷ്ഠാനകല ജാതിയെ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രധാന ഘടകമായി പലപ്പോഴും മാറുന്നുണ്ട്.

---

15 ഇറ്റാലിയൻ മാർക്സിസ്റ്റ് അന്റോണിയോ ഗ്രാംഷി തന്റെ എഴുത്തുകളിൽ ഉപയോഗിച്ച 'സബാൾട്ടേൺ' (Subaltern) എന്ന പദത്തിനുപകരമായി മലയാളത്തിൽ ഉപയോഗിക്കുന്ന പദമാണ് 'കീഴാളം' ഏതെങ്കിലും പ്രത്യേക വിഭാഗത്തിന്റെ മേൽക്കോയ്മയ്ക്കടിപ്പെട്ട് ജീവിക്കുന്ന ജനവിഭാഗങ്ങളെ പൊതുവെ കീഴാളർ എന്ന സംജ്ഞ ഉപയോഗിച്ച് വിളിക്കപ്പെടുന്നു. ഇന്ത്യയിലെ ജാതിവ്യവസ്ഥ മേല്കീഴ്ബന്ധങ്ങൾക്ക് പ്രാധാന്യം നൽകുമ്പോൾ അധികാര നിയന്ത്രണങ്ങൾക്ക് വിധേയരായി ഭൂരിപക്ഷം വരുന്ന വിഭാഗങ്ങൾ ജാത്യാധികാരത്തിന് കീഴ്പ്പെട്ട് ജീവിക്കേണ്ടിവരുന്നു. ജാതിയെ മുൻനിർത്തിയുള്ള പഠനങ്ങൾ കീഴാളപഠനങ്ങളിൽ ഉൾപ്പെടുന്നു. കേരളത്തിലെ കാവ് പരിസരങ്ങളിൽ ജാതി കൃത്യമായി പ്രവർത്തിക്കുകയും വരേണ്യമേൽക്കോയ്മ ശക്തമായി പ്രതിഫലിക്കുകയും ചെയ്യുന്നുണ്ട്.

## 2.0 ആമുഖം

പുല്ലാട്ടുകാവിനെ സംബന്ധിക്കുന്ന അനുഷ്ഠാന-പുരാവൃത്ത-അധിനിവേശ തലങ്ങളെക്കുറിച്ചാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത്. അനുഷ്ഠാനങ്ങൾ പുരാവൃത്തങ്ങളുടെ അവതരണരൂപമായാണ് വിലയിരുത്തപ്പെടുന്നത്. കാവിൽ നടത്തിവരുന്ന ഓരോ അനുഷ്ഠാനത്തെക്കുറിച്ചും വാമൊഴിയിലൂടെ പ്രചരിക്കുന്ന പുരാവൃത്തങ്ങൾ നിലനിൽക്കുന്നുണ്ട്. അത്തരം പുരാവൃത്തങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പലപ്പോഴും വരേണ്യ കീഴാള ദ്വന്ദ്വങ്ങൾക്ക് അടിപ്പെട്ട് സംഘർഷങ്ങളിലൂടെ കടന്നുപോകുന്ന ജനസമൂഹത്തെയാണ് ദൃശ്യമാകുന്നത്. കാവാരാധനയിലെ അധിനിവേശ ശ്രമങ്ങളെ കുറിച്ചും ആരാധനയിൽ ഏർപ്പെടുന്ന ജാതിശരീരങ്ങളെ കുറിച്ചും അധ്യായം പറഞ്ഞുവയ്ക്കുന്നുണ്ട്. അനുഷ്ഠാനങ്ങളെയും പുരാവൃത്തങ്ങളെയും വിശകലനവിധേയമാക്കുന്നതോടൊപ്പം കാവുപരിസരങ്ങളിൽ നടന്ന അധികാര-അധിനിവേശശ്രമങ്ങളെക്കുറിച്ചും അധ്യായത്തിലൂടെ പഠിക്കപ്പെടുന്നുണ്ട്.

## 2.1 പുല്ലാട്ടുകാവിലെ ആചാരാനുഷ്ഠാനങ്ങൾ

കോഴിക്കോട് ജില്ലയിലെ കരുവട്ടൂർ ദേശത്താണ് പുല്ലാട്ട്കാവ് സ്ഥിതി ചെയ്യുന്നത്. പുല്ലാട്ടുകാവിലെ അനുഷ്ഠാനങ്ങളിലൂടെയാണ് ഈ പഠനം മുന്നോട്ട് പോകുന്നത്. കാവനുഷ്ഠാനങ്ങളിലൂടെ കീഴാളജീവിതത്തെ കണ്ടെത്താൻ ശ്രമിക്കുന്നു. പ്രധാന പ്രതിഷ്ഠാമൂർത്തിയായി ദേവിയെ ആരാധിക്കുന്ന ഈ കാവിൽ കൊലോൻ, 'കരിയാത്തൻ', 'കരിവില്ലി', 'അസുരാളൻ', 'നാഗകാളി', 'മുത്താശ്ശി' തുടങ്ങിയ ഉപദൈവങ്ങളും കുടികൊള്ളുന്നു. പുല്ലാട്ട്, കെണറ്റ്കര, പുറത്താട്ട്, പിലാത്തോട്ടത്തിൽ, നമ്പോനത്തിൽ, കുമുള്ളിൽ തുടങ്ങിയ ആറ് നായർ തറവാട്ടുകാർ ചേർന്നാണ് കാവിലെ പ്രവർത്തനങ്ങൾക്കെല്ലാം മേൽനോട്ടം വഹിക്കുന്നത്. മുപ്പത് വർഷത്തോളമായി കാവിന്റെ

സംരക്ഷണത്തോടൊപ്പം ഉത്സവനടത്തിപ്പും ഈ തറവാട്ടുകാർ നടത്തിപ്പോരുന്നു. കാവിന്റെ ചിട്ടകൾ ഇന്നും കർശനമായി പിന്തുടരുന്നതുകൊണ്ടുതന്നെ നിത്യപൂജ ഇവിടെ നടത്താറില്ല. മറ്റുള്ള വിശേഷദിവസങ്ങളിൽ പൂജകളും മറ്റും നടത്താറുണ്ടെങ്കിലും പ്രധാനമായും നടത്തുന്ന ആഘോഷം തിറയാട്ട ഉത്സവം തന്നെയാണ്.

വിശ്വാസം, സങ്കല്പം എന്നിവയിൽനിന്നാണ് അനുഷ്ഠാനം രൂപപ്പെടുന്നത്. പാരമ്പര്യത്തിന് അനുഷ്ഠാനത്തിൽ വലിയ പങ്കുണ്ട്. പരമ്പരാഗതമായി വിശ്വസിച്ചു പോരുന്ന കാര്യങ്ങളാണെങ്കിലേ അനുഷ്ഠാനപരമാവുന്നുള്ളൂ. അങ്ങനെ തുടർന്നു പോരുന്ന കാര്യങ്ങൾക്ക് സ്വീകാര്യത ലഭിക്കുന്നത് വിശ്വാസത്തിന്റെ ബലത്താലാണ്. അനുഷ്ഠാനങ്ങൾക്ക് സാമൂഹികജീവിതത്തിൽ പ്രധാന പങ്കുണ്ട്. സമൂഹത്തിന്റെ രൂപ ഭാവങ്ങളിൽ അനുഷ്ഠാനത്തിന് പ്രധാനസ്ഥാനം തന്നെയാണുള്ളത്. ആചരണ പ്രാധാന്യത്തോടെയാണ് എല്ലാ അനുഷ്ഠാനങ്ങളും നിലകൊള്ളുന്നത്.

പുല്ലാട്ടുകാവിൽ വരുന്ന എല്ലാതരത്തിലുള്ള അനുഷ്ഠാനങ്ങളുടേയും വിശദാംശ ങ്ങൾ പഠിക്കേണ്ടതുണ്ട്. കാവിന് ആരാധനാപരമായി അനവധി സവിശേഷതകളുണ്ട്. ഒരു ദൈവത്തിന്റെ പ്രതിഷ്ഠ തന്നെയാണെങ്കിലും കാവ് മാറുന്നതിനനുസരിച്ച് ആചാരാനുഷ്ഠാനങ്ങളിൽ വലിയ വ്യത്യാസമുണ്ടാവുന്നുണ്ട്. പുല്ലാട്ടുകാവിനും അതിന്റേ തായ വൈവിധ്യങ്ങളും ആചാരമര്യാദകളുമുണ്ട്. പുല്ലാട്ട് കാവിൽ നിത്യപൂജയില്ല. പരമ്പരാഗതമായ കാവനുഷ്ഠാനം നിത്യപൂജയുടേതല്ല. വർഷത്തിൽ മാത്രം ആരാധന നടത്തുന്ന സങ്കേതമായിരുന്നു കാവ്. ആദ്യകാലങ്ങളിൽ പുല്ലാട്ടുകാവും അങ്ങനെ ആയിരുന്നു. വളരെ അപൂർവ്വം ചില കാവുകളിൽ ഇന്ന് നിത്യപൂജ തുടർന്നുവരുന്നുണ്ട്. എന്നാൽ പുല്ലാട്ടുകാവിൽ പഴയരീതിയൽ നിന്നും ചെറിയ മാറ്റങ്ങൾ സംഭവിച്ചിട്ടു ണ്ടെങ്കിലും നിത്യപൂജ ഉണ്ടാവാറില്ല. അതുകൊണ്ട് തന്നെ മാസപൂജ വളരെ പ്രാധാന്യ ത്തോടുകൂടിതന്നെയാണ് നടത്തിപോരുന്നത്. മലയാളമാസം സംക്രമദിവസത്തി ലാണ് മാസന്തോറും പൂജ നടത്താറുള്ളത്. ജ്യോതിഷശാസ്ത്രപ്രകാരം സംക്രമം എന്ന സങ്കല്പത്തിന് ഏറെ മാഹാത്മ്യമുണ്ട്. പ്രത്യേകിച്ചും ദൈവികമായ കാര്യങ്ങളിൽ ജ്യോതിഷവിധിപ്രകാരമുള്ള കാര്യങ്ങളെ ഏറ്റവും വിശ്വാസപരമായാണ് കാണുന്നത്. സംക്രമത്തെ പുണ്യകാലമായാണ് കണക്കാക്കി വരുന്നത്. ഓരോ മാസത്തെ സംക്രാന്തിക്കും ഓരോ പ്രത്യേകതകളുമുണ്ട്. മകരസംക്രാന്തി ഉത്തരായന പുണ്യകാല

മാണ്, കർക്കിടസംക്രാന്തി ദക്ഷിണായന പുണ്യകാലം, മിഥുനം, കന്നി, ധനു, മീനം എന്നീ മാസങ്ങളിലെ സംക്രമങ്ങൾ ഷഡശീതി പുണ്യകാലവും എടവം, ചിങ്ങം, വൃശ്ചികം, കുംഭം എന്നീ മാസങ്ങളിലെ സംക്രമങ്ങൾ വിഷ്ണുപദി പുണ്യകാലവുമാണ്. സംക്രമണപുണ്യകാലങ്ങൾ സ്നാനം, തർപ്പണം, പൂജ തുടങ്ങിയ കർമ്മങ്ങൾ ചെയ്യാൻ പ്രാപ്തമായ സമയമാണെന്ന് വിശ്വാസസമൂഹം കണക്കാക്കിപോരുന്നു. അതുകൊണ്ട് തന്നെയാതിരിക്കണം പുല്ലാട്ടുകാവിൽ മാസത്തിലും പൂജ നടത്തുന്നതിന് സംക്രാന്തി ദിവസം നിശ്ചയിക്കപ്പെട്ടത്. മാസത്തിലും സംക്രാന്തിദിവസം കാവിൽ പൂജ ഉണ്ടായിരിക്കുകയും ദൈവസ്ഥാനം തുറക്കുകയും ഭക്തർ പ്രാർത്ഥിക്കുകയും ചെയ്തു പോരുന്നു.

### 2.1.1 മണ്ഡലപൂജ

ഹിന്ദുവിശ്വാസപ്രകാരം മണ്ഡലകാലം ശബരിമല തീർത്ഥയാത്രയുടേയും വ്രതാനുഷ്ഠാനങ്ങളുടേയും കാലമാണ്. ഈ സമയങ്ങളിൽ ആരാധനാലയങ്ങളെല്ലാം ഏറ്റവും പ്രാധാന്യത്തോടെ ദൈവികകാര്യങ്ങളിൽ മുഴുകുന്ന ഭക്തജനങ്ങളാൽ നിറയാറുണ്ട്. വൃശ്ചികമാസം ഒന്നാം തിയ്യതി മുതൽ നാല്പത്തിയൊന്ന് ദിവസമാണ് മണ്ഡലകാലം. ഈ ദിവസങ്ങളിൽ നിത്യവും കാവിൽ പൂജ ഉണ്ടായിരിക്കും. മണ്ഡലപൂജയെ സ്കന്ദപുരാണത്തിൽ കാർത്തികവ്രതം എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് കാണാം. അടച്ചിട്ടിരിക്കുന്ന കാവ് തുടർച്ചയായി നാല്പത്തൊന്ന് ദിവസം തുറന്ന് പൂജയും ആരാധനയും നടത്തുന്നത് ഈ സമയത്ത് മാത്രമാണ്.

### 2.1.2 പ്രതിഷ്ഠാദിനം

ദേവിയുടെ പ്രതിഷ്ഠ ക്ഷേത്രത്തിൽ നടത്തിയ ദിവസമാണ് വർഷത്തിലും പ്രതിഷ്ഠാദിനമായി കൊണ്ടാടുന്നത്. വിശേഷപൂജകളോട് കൂടിയാണ് ഈ ദിവസം ആഘോഷിക്കുന്നത്. ആദ്യകാലങ്ങളിൽ പൂജകളിൽ മാത്രമേ വിപുലത കാണാൻ സാധിച്ചിരുന്നുള്ളൂ. ഇപ്പോൾ പ്രതിഷ്ഠാദിനത്തോടനുബന്ധിച്ച് പല വിധങ്ങളായ പരിപാടികൾ കാവിൽ നടത്തിവരുന്നുണ്ട്. വലിയ ആഘോഷമായിത്തന്നെ ഈ ദിവസം കൊണ്ടാടപ്പെടുന്നുണ്ട്. ഭക്തിഗാനങ്ങൾ, നൃത്തനൃത്യങ്ങൾ, പ്രഭാഷണങ്ങൾ, ഓട്ടംതുള്ളൽ തുടങ്ങി അനവധി കാര്യങ്ങൾകൊണ്ട് ഈ ദിവസത്തെ അർത്ഥപൂർണമാക്കുവാനവർ ശ്രമിക്കുന്നുണ്ട്. വളരെ കുറച്ചുകാലം മാത്രമായിട്ട് പ്രത്യേകമായി

ആചരിച്ചുവരുന്ന ദിനമാണ് പ്രതിഷ്ഠാദിനം. ആദ്യകാലങ്ങളിൽ ഈ അനുഷ്ഠാനം നടത്തിയിരുന്നില്ല. ദേവീപ്രതിഷ്ഠ നടത്തിയതിനുശേഷം മാത്രം ഈ ദിവസത്തിന് പ്രാധാന്യം ഏറിവരുകയും വർഷത്തിലെ ഉത്സവത്തിന് തൊട്ടുമുമ്പ് പ്രതിഷ്ഠാദിനം ആചരിച്ചുവരികയും ചെയ്യുന്നു. രാവിലെ മുതൽ വൈകീട്ടുവരെ കാവിൽ അന്ന് വിശേഷ പൂജകളും പ്രാർത്ഥനകളും ആഘോഷങ്ങളും ഉണ്ടായിരിക്കും.

### 2.1.3 കലങ്കരി

കലങ്കരി ദേവീക്ഷേത്രങ്ങളിൽ മാത്രം ആചരിച്ചുവരുന്ന കർമ്മമാണ്. സ്ത്രീകളാണ് ഈ ആചാരം നടത്തുന്നത്. വർഷത്തിൽ ഒരു തവണമാത്രം വ്രതാനുഷ്ഠാനങ്ങളോടുകൂടി സെറ്റുമുണ്ടും മറ്റുമുടുത്ത് സ്ത്രീകൾ ഈ അനുഷ്ഠാനം ചെയ്തുപോരുന്നു. മൂന്നു കല്ല് വെച്ച് അടുപ്പ് കൂട്ടി കാവിലെ കർമ്മാരി പകർന്നു തരുന്ന അഗ്നികൊണ്ട് അടുപ്പ് കത്തിച്ചു കൊണ്ടാണ് ആരംഭം. ശേഷം പുത്തൻ കലം അടുപ്പിൽ വെച്ച് കത്തിച്ച് തിളച്ചുവരുമ്പോൾ ദേവിയെ മനസിൽ ധ്യാനിച്ച് സ്ത്രീകൾ കലത്തിലേക്ക് ധാന്യം നിക്ഷേപിക്കുന്നു. അതിൽ അരിയും ശർക്കരയും തേങ്ങയുമെല്ലാം ചേർത്ത് പായസമുണ്ടാക്കി പൂജാരി വന്ന് ദേവിക്ക് നേദിക്കുന്നു. സ്ത്രീകൾക്ക് പ്രാമുഖ്യമുള്ള അനുഷ്ഠാനമാണിത്. തിരുവിതാംകൂറിൽ 'പൊങ്കാല' ആചാരംപോലെ കൊണ്ടാടുന്നതിന് സമാനമായ ഒരു ആചാരം തന്നെയാണിത്. ഇത്രയേറെ ചടങ്ങുകൾ കാവിൽ അനുഷ്ഠിക്കപ്പെടുമ്പോഴും തിറയാട്ടം തന്നെയാണ് ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കാവനുഷ്ഠാനം.

### 2.1.4 തിറയാട്ടം

കേരളത്തിലെ അനുഷ്ഠാന കലാനിർവഹണങ്ങളിൽ പ്രമുഖസ്ഥാനം തിറയാട്ടത്തിനുണ്ട്. പ്രധാനമായും പുല്ലാട്ടുകാവിൽ ആഘോഷപൂർവ്വം നടത്തിവരുന്ന ഉത്സവമാണിത്. നാട്ടിലുള്ള എല്ലാ ജനങ്ങളും പങ്കെടുക്കുന്ന വലിയ ആഘോഷം. ഇഷ്ടദേവതാപ്രീതിക്കായി നടത്തുന്ന തിറയാട്ടം എന്ന അനുഷ്ഠാനകലയിൽ ദേവത തന്നെ പ്രത്യക്ഷമായി നർത്തനം ചെയ്യുന്നുവെന്നാണ് സങ്കൽപം. സമൂഹം, കാവ്, സ്ഥാനങ്ങൾ, ചടങ്ങുകൾ, മുഖത്തെഴുത്ത്, പുരാസങ്കല്പങ്ങൾ, തോറ്റംപാട്ടുകൾ, ജാതിസങ്കല്പം ഇവയെല്ലാം തിറയാട്ടത്തിൽ പ്രധാനമാണ്.

അനുഷ്ഠാനകലകളിൽ പ്രമുഖസ്ഥാനത്താണ് തിറയാട്ടം. കേരളത്തിലെ അനുഷ്ഠാനകലാനിർവഹണങ്ങളിൽ തിറയാട്ടത്തിന് ഏറെ പ്രാധാന്യമുണ്ട്. ഇഷ്ടദേവ താരാധനയുടെ ഭാഗമായ തിറയാട്ടത്തിൽ ദേവത തന്നെ പ്രത്യക്ഷമായി നർത്തനം ചെയ്യുന്നുവെന്നാണ് സങ്കൽപം. സമൂഹം, കാവ്, സ്ഥാനങ്ങൾ, ചടങ്ങുകൾ, മുഖത്തെ ഴുത്ത്, പുരാസങ്കല്പങ്ങൾ, തോറ്റംപാട്ടുകൾ എന്നിവയെല്ലാം കൃത്യമായ സമ്പ്രദായങ്ങൾ തിറയാട്ടത്തിലുണ്ട്. ദേവതയുടെയും കാരണവന്മാരുടേയുമെല്ലാം സങ്കൽപത്താൽ വേഷ മണിഞ്ഞ് നൃത്തം ചെയ്ത് ആരാധിക്കുമ്പോൾ ദേവന്മാരേയും കാരണവന്മാരേയും നേരിൽ കാണുന്ന അനുഭവത്തിലൂടെ വിശ്വാസികളായ മനുഷ്യർ കടന്നുപോയി. അവർ വർഷ ത്തിലും ഈ ആചാരം അനുഷ്ഠിച്ചുപോന്നു.

സാധാരണക്കാരായ നാടൻ ജനവിഭാഗങ്ങളെ സംബന്ധിച്ച് പാട്ടും കലയു മെല്ലാം അവരുടെ ജീവിതബോധവും അനുഭവവുമാണ്. അവരുടെ അറിവും അനുഭവവും ചിന്തയും സങ്കല്പവുമൊക്കെ നാടൻകലകളിലും നാടൻപാട്ടുകളിലും പ്രതിഫലിക്കാറുണ്ട്. സാമൂഹികവികാരങ്ങളുടെ ലോകമാണ് നാടൻകലകളുടെ ലോകം. അനുഷ്ഠാനപരമോ അനുഷ്ഠാനേതരമോ ആയ ഒട്ടനവധി നാടൻകലകൾ കേരളത്തിലുണ്ട്. ആട്ടം, നൃത്തം, കൂത്ത്, തുള്ളൽ, പാട്ട്, കളി തുടങ്ങിയ പൊതു സംജ്ഞകളിലാണ് അവയിൽ മിക്കതും പൊതുവെ വ്യവഹരിച്ചുപോരുന്നത്. നാടൻ കലകളിൽ നല്ലൊരുവിഭാഗവും അനുഷ്ഠാ നബന്ധമാണ്. മറ്റ് അനുഷ്ഠാനകലാരൂപങ്ങളിൽനിന്നും തികച്ചും ഭിന്നമാണ് തിറയും തെയ്യവും. ഇഷ്ടദേവതാരാധനയാണ് മിക്ക അനുഷ്ഠാനകലകളുടെയും ധർമ്മം. തിറയാട്ട ത്തിലും, തെയ്യാട്ടത്തിലും കോലക്കാരൻ പ്രത്യക്ഷദൈവമായി മാറുന്നത് കാണാം. ദേവത തന്നെ പ്രത്യക്ഷമായി നർത്തനം ചെയ്യുന്നു എന്നതാണ് തിറയാട്ടത്തിലെ സങ്കല്പം. കോലക്കാരനിൽ ഭക്തർ ദൈവത്തെയാണ് ദർശിക്കുന്നത്. വിഗ്രഹാരാധന യേക്കാൾ ലളിതവും സുഗമവുമായ ആരാധനാരീതിയാണ് തിറയാട്ടത്തിന്റേത്. സാധാര ണക്കാരന്റെ പ്രതീകോപാസനയാണിത്. പൂർണമായും അധ്യാത്മികരീതിയിൽ ജീവിക്കുന്നവർക്ക് വിഗ്രഹാരാധനയുടെയോ മറ്റ് പ്രതീകോപാസനയുടെയോ ആവശ്യ മില്ല. എന്നാൽ ഭക്തിമാർഗ്ഗത്തിന്റെ പ്രാരംഭഘട്ടത്തിൽ പ്രതീകോപാസന ആവശ്യ മാണ്. സാധാരണ ജനങ്ങൾക്ക് ദേവതാധ്യാനത്തിന് പ്രതീകം ഇല്ലാതെ കഴിയില്ല. കോമരവും വെളിച്ചപ്പാടും എല്ലാം തന്നെ ദൈവികപ്രതീകങ്ങളാണ്. ഇവർ പറയുന്ന

കാര്യങ്ങൾ ദൈവവചനമായി ഭക്തർ സ്വീകരിക്കുന്നതുകൊണ്ടാണ്. അതിൽ എത്ര മാത്രം യാഥാർത്ഥ്യമുണ്ടെന്ന് ചിന്തിക്കാതെതന്നെ സാധാരണക്കാരായ ഭക്തർ അത് വിശ്വസിക്കുന്നു.

വെളിച്ചപ്പാടിനെക്കാൾ ഒരുപടിമുന്നിലാണ് തിറയാട്ടത്തിന്റെ സ്ഥാനം. മനുഷ്യർ തികച്ചും ദേവതയായി മാറുന്നുവെന്ന സങ്കല്പമാണ് തിറയാട്ടത്തിൽ നിറഞ്ഞു നിൽക്കുന്നത്. തിറയാട്ടത്തിന്റെ ചടങ്ങുകളും രംഗങ്ങളും എല്ലാം തന്നെ ദേവതാ സങ്കല്പങ്ങളുടെ പരിവേഷമണിഞ്ഞവയാണ്. തോറ്റത്തിലൂടെയും വെള്ളാട്ടിലൂടെയും തിറ യിലൂടെയും ദേവതയെ വരവിളിച്ച് വരുത്തുകയാണ് ചെയ്യുന്നത്. ഇങ്ങനെയാണ് ദേവതയെ ശരീരത്തിലേക്കാവാഹിക്കുന്നത്. തിറയാട്ടത്തിന്റെ അനുഷ്ഠാനപരമായ എല്ലാ ചടങ്ങുകളിലും ദേവതാസങ്കല്പം മുറ്റിനിൽക്കുന്നു. അരൂപികളായ ദേവതകളെ രൂപകല്പന ചെയ്ത് കോലമായി കെട്ടിയാടിക്കുന്ന ആരാധനാരീതിയാണ് തിറയാട്ടത്തി ന്റേത്. വർഷത്തിലും കുലപരദേവതമാരേയും തറവാട്ടുദൈവങ്ങളേയും കെട്ടിയാടിക്കു ന്നത് ഐശ്വര്യത്തിനും സമ്പൽസമൃദ്ധിക്കും ആയുരാരോഗ്യസൗഖ്യത്തിനും ഹേതുകര മാണെന്ന് ഒരു പറ്റം ഗ്രാമീണസമൂഹം വിശ്വസിച്ചുപോന്നു. ഗ്രാമീണദൈവങ്ങളെ കെട്ടിയാടിച്ചില്ലെങ്കിൽ പ്രദേശവാസികൾക്ക് അനർത്ഥങ്ങൾ ഉണ്ടാകുമെന്ന ഭയവും അവരുടെ മനസുകളിലുണ്ടായിരുന്നു. കാവുകളിൽ വർഷത്തിലും നടത്തിവരുന്ന ഇത്തരം അനുഷ്ഠാനങ്ങൾക്ക് പിന്നിൽ ഭയഭക്തി വിശ്വാസങ്ങളാണ് ഉള്ളത്. തിറകെട്ടി യാടിച്ചാൽ അഭീഷ്ടസിദ്ധി ഉണ്ടാവുമെന്നാണ് വിശ്വാസം. വൈദികസങ്കല്പത്തിലുള്ള ദേവതകളേക്കാൾ അവൈദികസങ്കല്പത്തിലുള്ള ദേവതകളാണ് തിറയാട്ടത്തിൽ പ്രത്യ ക്ഷമാവുന്നത്. ഹൈന്ദവ ജാതി വിഭാഗങ്ങളിൽപ്പെട്ട ചില കീഴാളവിഭാഗങ്ങളാണ് ഈ ദേവതകളുടെ കോലങ്ങൾ കെട്ടിയാടുന്നതെങ്കിലും മിക്ക ജാതിയിലുള്ള ആളുകളും ആ ദേവതകളെ ആരാധിക്കുന്നുണ്ട്. വൈദികബ്രാഹ്മണൻ പോലും ഈ ദേവതകളിൽ പലതിനെയും കുടുംബപരദേവതയായി അംഗീകരിച്ച് പൂജിക്കുകയും, കോലം കെട്ടിയാ ടിച്ച് ആരാധിക്കുകയും ചെയ്യുന്നു. വൈദിക മതാരാധനയിൽനിന്നുള്ള ഒരു വ്യതിചലന മാണിത്. തെയ്യം, തിറകളുടെ രംഗത്തുള്ള ദേവതകളെ ബ്രാഹ്മണർ ആരാധിക്കുവാൻ തുടങ്ങിയതിനോടൊപ്പം അത്തരം ദേവതകളിൽ പലതിനേയും വൈദിക ദേവതകളുടെ അംശഭൂതങ്ങളായി സങ്കല്പിക്കുക കൂടി ചെയ്തു. തന്ത്രസമുച്ചയാദി താന്ത്രികഗ്രന്ഥങ്ങളിൽ

ക്ഷേത്ര വാസ്തുവിദ്യയും ശിവൻ, വിഷ്ണു, ഗണപതി, സുബ്രഹ്മണ്യൻ, അയ്യപ്പൻ, ശങ്കരനാരായണൻ, ദുർഗ്ഗ എന്നിവരുടെ ആരാധനരീതികളുമാണ് പരാമർശിക്കുന്നത്. ശിവൻ, വിഷ്ണു, അയ്യപ്പൻ, ദുർഗ (കാളി) എന്നീ ദേവതകളുടെ അംശങ്ങളായി തിറയാട്ടത്തിലെ ഭദ്രകാളി, കണ്ഠാ കർണ്ണൻ, ഗുളികൻ, ചാമുണ്ഡി, പൂക്കുട്ടി, കരിക്കുട്ടി, കുട്ടിച്ചാത്തൻ, ഭൈരവൻ, കുലവൻ, നാഗകാളി തുടങ്ങിയ പല ദേവതകളെയും സങ്കല്പിച്ചു കാണുന്നുണ്ട് (അനു.: 11.4, 11.6, 11.11). വൈദികരുടെ സങ്കല്പത്തിലുള്ള ദേവതകളാണ് 'ഉന്നത ദൈവങ്ങൾ' എന്നാണ് വിശ്വാസം. ഈ ഉന്നത ദൈവങ്ങൾക്കൊപ്പം പ്രാദേശികദൈവങ്ങളെ പിടിച്ചടക്കം ചെയ്ത് തങ്ങളുടേതാക്കി മാറ്റാൻ വരേണ്യർ ശ്രമിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ സാധാരണക്കാരുടെ ആരാധനാദേവതകളായ ഗ്രാമീണദേവതകളെ വരേണ്യദൈവങ്ങൾക്കൊപ്പം ചേർത്തു കെട്ടി. അമ്പലങ്ങളിലും ക്ഷേത്രങ്ങളിലും പ്രവേശനമില്ലാതിരുന്ന ജനവിഭാഗത്തിന് കൃഷ്ണനേയും ശിവനേയും ദുർഗ്ഗയേയും അറിയുമാരുന്നില്ല. അവരുടെ ദൈവങ്ങൾ കുട്ടിച്ചാ ത്തനും ഭൈരവനും കാളിയുമൊക്കെയായിരുന്നു. തികച്ചും സാമൂഹികമായ ജാതി വേർതിരിവ് ദൈവങ്ങൾക്കുവരെ ബാധകമായിരുന്നു എന്ന് ചുരുക്കം. ജാതിയിൽ ഉയർന്നവരുടെ ക്ഷേത്രങ്ങളിലും കാവുകളിലും ജാതിയിൽ താഴ്ന്നവർക്ക് പ്രവേശനം ഉണ്ടായിരു ന്നില്ല. അവരുടെ കാവുകളിലേക്കും ആരാധാനാസങ്കേതകങ്ങളിലേക്കും മറ്റുള്ളവരും വന്നിരുന്നില്ല. ദൈവ സങ്കല്പങ്ങളിൽപ്പോലും ഇത്തരം തീണ്ടിക്കൂടായ്മയും അയിത്തവും നിലനിന്നുപോന്നു. ജാതീയമായ ഇത്തരം വേർതിരിവുകളും ആരാധാനസമ്പ്രദായങ്ങളും കുരുവട്ടൂർ എന്ന ഗ്രാമീണ പ്രദേശത്ത് കാണാൻ സാധിക്കുന്നുണ്ട്.

### 2.1.4.1 തിറയാട്ടച്ചടങ്ങുകൾ

തിറയാട്ടം അനുഷ്ഠാനബദ്ധമായ കലയാണ്. വർഷത്തിൽ ഒരു തവണയാണ് കാവുകളിൽ തിറയാട്ടം നടത്തുന്നത്. തുലാമാസം മുതൽ മേടമാസം വരെയാണ് തിറയാട്ടത്തിന്റെ കാലം. വ്രതാനുഷ്ഠാനം, കർമ്മാനുഷ്ഠാനം, മന്ത്രാനുഷ്ഠാനം തുടങ്ങിയ അനുഷ്ഠാനങ്ങൾ തിറയാട്ടത്തിനുണ്ട്. കോലക്കാരനും ഊരായ്മക്കാരനും ഉത്സവത്തിന്റെ നിശ്ചിത ദിവസം മുന്നേ വ്രതം അനുഷ്ഠിക്കേണ്ടതുണ്ട്. 1, 3, 5 തുടങ്ങിയ ഒറ്റ സംഖ്യാ ദിവസങ്ങളിലാണ് നോമ്പെടുക്കേണ്ടത്. തീക്കോലങ്ങൾക്ക് വ്രതം കൂടുതൽ ദിവസം എടുക്കേണ്ടതായുണ്ട്. കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് പ്രധാനമായും തിറയാട്ടം

നടത്തുന്നത്. തിറയുത്സവത്തിന് തുടക്കം കുറിക്കുന്നത് കടലുണ്ടി പ്രദേശത്തെ പേടിയാട്ടമ്മയുടെ കാവിലെ തുലാമാസത്തിലെ പൗർണമി നാളിലുള്ള അനുഷ്ഠാനങ്ങളോടുകൂടിയാണ്. തിറയാട്ടത്തിന് മൂന്ന് തലങ്ങളാണുള്ളത്. വെള്ളാട്ട്, തിറയാട്ടം, ചാന്തുതിറ എന്നിവയാണവ. കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നിങ്ങനെയാണ് ഈ ഘട്ടങ്ങളെ സങ്കല്പിച്ചിരിക്കുന്നത്.

## 2.1.4.1.1 തിറനിശ്ചയം

തിറയാട്ടത്തിലെ ആദ്യത്തെ ചടങ്ങാണ് തിറനിശ്ചയം. ക്ഷേത്രാങ്കണത്തിൽ വച്ചോ കെട്ടിയാട്ടക്കാരന്റെ തറവാട്ടിൽവെച്ചോ ആണ് തിറനിശ്ചയം നടത്തുന്നത്. ഏതു ദിവസമാണ് തിറയാട്ടം നടത്തേണ്ടത് എന്നാണ് ഈ ചടങ്ങിലൂടെ തീരുമാനിക്കപ്പെടുന്നത്. തിറനിശ്ചയസമയത്ത് വിളക്ക് കത്തിച്ച് നാഴി നിറച്ച് വെറ്റില, പാക്ക് തുടങ്ങിയ കാര്യങ്ങളെല്ലാം വച്ച് ചടങ്ങ് തുടരുന്നു. ഇങ്ങനെ വെറ്റിലയും പാക്കും വെക്കുന്നത് ആചാരത്തിലുൾച്ചേർന്ന സംഗതിയാണ്. പാക്കിന്റെ മുഖം നോക്കി ഫലം പറയുന്നുണ്ട്. കുറച്ച് വെറ്റില കയ്യിലെടുത്ത് ദൈവത്തെ വിചാരിച്ച് അനുവാദം വാങ്ങി മേടം മുതൽ തുടർന്നുള്ള മാസങ്ങൾ എണ്ണുന്നു. വെറ്റില അവസാനിക്കുന്ന മാസത്തിന്റെ ഫലം മനസ്സിലാക്കിക്കൊണ്ട് തിറനിശ്ചയത്തെ സംബന്ധിച്ച ഗുണദോഷങ്ങൾ കാരണവർ പറയുന്നു. സൂര്യദേവന് പ്രാധാന്യം കൊടുക്കുന്നത് കൊണ്ട് ചിങ്ങം, കന്നി എന്ന് എണ്ണുന്നതിൽനിന്നും വ്യത്യസ്തമായി മേടം, എടവം എന്നിങ്ങനെ മാസങ്ങൾ എണ്ണുന്നു. വെറ്റില അവസാനിക്കുന്ന മാസത്തിന്റെ ഫലം മനസിലാക്കിക്കൊണ്ട് തിറനിശ്ചയത്തെ സംബന്ധിച്ച ഗുണദോഷങ്ങൾ കാരണവർ പറയുന്നു. തറവാട്ടിലെ കാരണവർ കെട്ടിയാട്ടക്കാരനായ മൂത്തപെരുവണ്ണാന് ദക്ഷിണ കൊടുത്ത് തിറ നടത്തുന്നതിനുള്ള ദിവസം നിശ്ചയിക്കുന്നു. ശേഷം കാവുമായി ബന്ധപ്പെട്ടവരെല്ലാം വ്രതമെടുത്തു തുടങ്ങുന്നു. തിറയാട്ടവുമായി ബന്ധപ്പെട്ട എല്ലാ ഒരുക്കങ്ങളും ചെയ്തു തീർക്കുന്നതിന് ഈ നോമ്പുകാലം പ്രയോജനപ്പെടുത്തുന്നു. തുടർന്നുള്ള ചടങ്ങുകൾ ആരംഭിക്കുന്നത് ഉത്സവദിവസം രാവിലെയാണ്. കുറിത്തറ, ആഴ്ചക്കുറി എന്നിങ്ങനെ രണ്ടു തരത്തിൽ തിറ കഴിക്കും. കുറിത്തറയെന്നാൽ വർഷത്തിലും ഇത്രാമത്തെ മാസത്തിലെ ഇത്രാമത്തെ തിയ്യതി എന്ന രീതിയിൽ തിറ കഴിക്കുന്നതും ആഴ്ചക്കുറി

എന്നാൽ മേടമാസത്തിലെ രണ്ടാമത്തെ വെള്ളിയാഴ്ച എന്ന രീതിയിൽ തിറ കഴിക്കുന്നതുമാണ്.

### 2.1.4.1.2 വ്രതാനുഷ്ഠാനം

തിറനിശ്ചയം കഴിഞ്ഞാൽ കാവുമായി ബന്ധപ്പെട്ടിരിക്കുന്ന മുഴുവൻ ജനങ്ങളും വ്രതമെടുക്കും. അതിൽപ്പെടുന്നവരാണ് ഊരായ്മക്കാർ, കൊട്ടിയാട്ടക്കാർ, കാവിലേക്ക് വേണ്ട മറ്റ് ഭൗതികാവശ്യങ്ങൾ നിറവേറ്റുന്നവർ എല്ലാം. ഊരായ്മക്കാരെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കാവുമായി ബന്ധപ്പെട്ട തറവാട്ടുകാരെയാണ്. ഈ തറവാട്ടിലുള്ള വരെല്ലാം വ്രതമെടുക്കും. കെട്ടിയാട്ടക്കാരനും ഉത്സവദിവസം വരെ വ്രതമനുഷ്ഠിക്കുന്നു. കൂടാതെ കാവിലേക്ക് വേണ്ട കലശം കൊണ്ടുവരുന്ന തിയ്യന്മാർക്കും, ഇരുമ്പുപണികൾ ചെയ്യുന്ന കൊല്ലന്മാർക്കും, ആശാരി, മൂശാരി തുടങ്ങി കാവുമായി സമ്പർക്കത്തിലേർ പ്പെടുന്നവരും എല്ലാം തിറ നിശ്ചയം കഴിഞ്ഞാൽ വ്രതമനുഷ്ഠിക്കുന്നു. കാവാരാധനയിൽ ഊരായ്മക്കാരായി നിലകൊള്ളുന്നതിവിടെ പുല്ലാട്ടുകാവിനെ സംബന്ധിച്ച് നോക്കു മ്പോൾ വരേണ്യ വിഭാഗങ്ങളാണ്. മറ്റുള്ള സകലകർമ്മങ്ങളും നടത്തിക്കൊടുക്കുന്നത് കീഴാളരായിട്ടുള്ള തികച്ചും സാധാരണക്കാരായിട്ടുള്ള ഗ്രാമീണമനുഷ്യരാണ്. അവരുടെ പരമ്പരാഗതമായ സംസ്കാരവും അറിവുകളും കാവുത്സവം ഗംഭീരമാക്കുന്നതിന് അവർ ഉപയോഗിക്കുന്നു. സാധാരണക്കാരായ ഭൂരിഭാഗം വരുന്ന ജാതിയിൽ താഴ്ന്നവരെന്ന് വിളിക്കപ്പെടുന്നവരുടെ ജീവിതവും കലകളും തന്നെയാണ് വരേണ്യർ ഉപയോഗപ്പെടു ത്തുന്നത്. ഏറ്റവും കഠിനമായ രീതിയിൽ വ്രതാനുഷ്ഠാനങ്ങൾ പിന്തുടരേണ്ടവർ കെട്ടിയാ ട്ടക്കാരാണ്. ചില ദൈവങ്ങളുടെ കോലം കെട്ടുന്ന പെരുവണ്ണാന്മാർ അരിഭക്ഷണം ഉപേക്ഷിച്ചുള്ള വ്രതങ്ങളും മറ്റുമാണ് പിന്തുടരുന്നത്. ഓരോ മൂർത്തിയുടെയും ഭാവഭേദ ത്തിനനുസരിച്ച് വ്രതാനുഷ്ഠാനങ്ങളിൽ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്.

ഒരു പ്രദേശത്തെ ജാതിയടിസ്ഥാനത്തിൽ വേർതിരിച്ചുകൊണ്ട്, അവിടങ്ങ ളിലെ മനുഷ്യരുടെ കുലത്തൊഴിലുകൾ കാവനുഷ്ഠാനത്തിനാവശ്യമായതിനാൽ അവരെ കൊണ്ടുതന്നെ അനുഷ്ഠാനമെന്ന രീതിയിൽ കുലത്തൊഴിൽ ചെയ്യിപ്പിക്കുന്നു. ആചാരം ജാതി മാറ്റിചെയ്യാൻ സാധ്യമായിരുന്നില്ല. ഓരോ പ്രവൃത്തികൾക്കും ഓരോ ജാതി സമൂഹം നിയോഗിക്കപ്പെട്ടിരുന്നു. ഇങ്ങനെയുള്ള കർക്കശമായ നിലയിൽ ജാതി പിന്തു

ടരപ്പെട്ടു. കാവനുഷ്ഠാനത്തിന്റെ മുന്നോടിയായി തുടങ്ങുന്ന വ്രതാനുഷ്ഠാനത്തിൽ കാവാവശ്യങ്ങൾ നിറവേറ്റാൻ സന്നദ്ധരായിരുന്ന ജാതിസമൂഹങ്ങൾ ഉൾപ്പെട്ടു.

### 2.1.4.1.3 നിറത്തിന് പണം കൊടുക്കുക

തിറനിശ്ചയം കഴിഞ്ഞാൽ നിറത്തിന് പണം കൊടുക്കുക എന്നൊരു പതിവുണ്ട് മുഖത്തെഴുത്തിനും മെയ്യെഴുത്തിനും വേണ്ട നിറങ്ങൾ സംഘടിപ്പിക്കുന്നതിനാണ് ഈ പണം. ശേഷം പെരുവണ്ണാൻ കാവിന്റെ അവകാശിക്ക് ഒരു ചാർത്ത് നൽകുന്നു. ഉത്സവത്തിനാവശ്യമായ സാധനങ്ങളുടെ പട്ടികയാണതിൽ. അതിൻപ്രകാരമുള്ള സാധനങ്ങൾ ഉത്സവദിവസം കാവിൽ എത്തിക്കേണ്ടത് ഊരായ്മക്കാരുടെ കർത്തവ്യമാണ്. നിറത്തിനുള്ള പണം വാങ്ങിക്കഴിഞ്ഞാൽ കെട്ടിയാട്ടത്തിനുള്ള പൂർണ ഉത്തരവാദിത്വം മൂത്തപ്പെരുവണ്ണാനാണ്.

ആദ്യകാലങ്ങളിൽ നിറങ്ങളും ചമയങ്ങളും എല്ലാം തികച്ചും പ്രകൃതിദത്തമായ രീതിയിൽ ഉണ്ടാക്കാറായിരുന്നു പതിവ്. എന്നാൽ ഇപ്പോൾ ആവശ്യമായ സാധനങ്ങൾ പലതും  കടയിൽനിന്നാണ് വാങ്ങിക്കുന്നത്.

### 2.1.4.1.4 ഇരുന്നു പുറപ്പാട്/വിരുന്നു പുറപ്പാട്

ഉത്സവദിവസം രാവിലെ കാവിന്റെ അവകാശിയായ മൂത്തപ്പെരുവണ്ണാൻ സ്വന്തം തറവാട്ടിൽനിന്ന് കാവിലേക്ക് പോവുന്ന ചടങ്ങിനെയാണ് ഇരുന്നു പുറപ്പാട് എന്നു പറയുന്നത്.  കുളിച്ചു പുറപ്പാട് എന്നും ഇതിന് പേരുണ്ട്.  ചെണ്ടക്കാരും മറ്റ് വാദ്യക്കാരും മുഴുവൻ കെട്ടിയാട്ടക്കാരും ക്ഷണിക്കപ്പെട്ട അതിഥികളും എല്ലാം മൂത്തപെരുവണ്ണാന്റെ തറവാട്ടിലെത്തുന്നു. അവിടെ ദൈവചൈതന്യമുള്ള പീഠമോ തറയോ, മണ്ഡപമോ ഉണ്ടാവും. തറവാട്ടിലെത്തിയവരെ കഞ്ഞികൊടുത്താണ് സൽക്കരിക്കുന്നത്. മൂത്തപെരുവണ്ണാത്തി അലക്കിവെളുപ്പിച്ച കഞ്ഞിമുക്കി തേച്ച് തുണി പെരുവണ്ണാന് നൽകുന്നു. അതാണ് അദ്ദേഹം ഞൊറിഞ്ഞുടുക്കുന്നത്. ദേഹത്ത് മേൽമുണ്ടും ധരിച്ച്, ചുകപ്പും കറുപ്പും തുണികൾ അരയിൽ കച്ചകെട്ടി ചുകപ്പും കറുപ്പും  കൂടിയ പൊട്ട് ധരിച്ച്, കണ്ണെഴുതി പടിഞ്ഞാറ്റയുടെ മുമ്പിൽ പായ ഇട്ട്, ശരത്കോൽ (കാഞ്ഞിരവടി) വെച്ച് വെള്ളത്തുണി അതിൽ വിരിച്ച്, വലതുതോളിൽ തുടി ധരിച്ച്, കാൽക്കുട ചൂടിയാണ് പുറപ്പെടുന്നത്. മൂത്തപ്പെരുവണ്ണാത്തിയും അനന്തരവരും എല്ലാം അവിടെ

സന്നിഹിതരായിരിക്കും. ശേഷം കയ്യിഷ്ടം വെക്കുന്നു. കയ്യിഷ്ടത്തിൽ വെച്ച് പാക്കിന്റെ മുഖം നോക്കി പെരുവണ്ണാൻ ഫലം പറയുന്നു. എന്നിട്ട് കയ്യിഷ്ടത്തിലെ വെറ്റില എല്ലാവർക്കും കൊടുക്കുന്നു. ഇളം തലമുറയിൽപ്പെട്ട പെരുവണ്ണാന്മാരെല്ലാം മൂത്തപെരു വണ്ണാന്റെ കാൽ തൊട്ട് വന്ദിക്കുന്നു. പിന്നീട് തറവാട്ടിൽ ദൈവസാന്നിധ്യം കല്പിച്ചി ടത്ത് വിളക്ക് വെച്ച്, അരിയും പൂവും ചാർത്തി, തൊഴുത് കാവിലേക്ക് ഇറങ്ങുമ്പോൾ സ്വീകരിക്കുന്നതിനായി കാവിലെ കോമരങ്ങൾ വരുന്നു. കാൽക്കൊട ചൂടി, വലതു തോളിൽ തുടി തൂക്കി, ശരത്കോൽ കയ്യിൽ വെച്ച് കൊണ്ടാണ് പെരുവണ്ണാന്റെ ഇരുന്നു പുറപ്പാട്. ആലവട്ടവും വെഞ്ചാമരവുമൊക്കെയായി പടനായകന്മാർ ഇരുവശങ്ങളിലും അകമ്പടി നടന്നുകൊണ്ട് ചെണ്ട, ഇലത്താളം, കൊമ്പ്, കുഴൽ തുടങ്ങിയ വാദ്യഘോഷ ങ്ങളോടെയാണ് ഇരുന്നു പുറപ്പാട്. കാവിന്റെ മുമ്പിലെത്തുമ്പോൾ ഊരായ്മക്കാരിൽ കാരണവർ നിലവിളക്കും നിറപറയും വെച്ച് പുണ്യാഹം തളിച്ച് മൂത്തപെരുവണ്ണാനെ സ്വീകരിച്ച് കാവിലേക്ക് ആനയിച്ച് കൊണ്ടുപോവുന്നു. പിന്നീട് കാവ് മൂന്നു പ്രാവശ്യം പ്രദക്ഷിണം വെച്ചതിന് ശേഷം മൂത്തപ്പെരുവണ്ണാൻ ഉറഞ്ഞുതുള്ളി, വെട്ടുവാചകം പറയുന്നതോടുകൂടി ചടങ്ങ് അവസാനിക്കുന്നു.

### 2.1.4.1.5 കാവുതീണ്ടൽ

ഇരുന്നു പുറപ്പെട്ട് വരുന്ന മൂത്തപെരുവണ്ണാനും മറ്റ് കോലക്കാരും ചെണ്ടമേള ത്തോടുകൂടി കാവിൽ പ്രവേശിക്കുന്ന ചടങ്ങാണ് കാവ് തീണ്ടൽ. പെരുവണ്ണാൻ കാവിൽ കയറിക്കഴിഞ്ഞാൽ, ശേഷം ഊരാളർ നിർദ്ദേശിച്ചിരിക്കുന്ന മുഴുവൻ ആളുകൾക്കും കാവ് തീണ്ടാൻ സാധിക്കുന്നു. കാവിൽ കയറിയതിന് ശേഷം മൂന്ന് വട്ടം കാവ് വലം വെക്കുന്നുണ്ട്. ഉത്സവശേഷം ഏഴ് നാൾ കഴിഞ്ഞ് കാവിൽ ശുദ്ധികലശം നടത്തുന്നുണ്ട്. ഉത്സവദിവസത്തെ പൂജാകർമ്മങ്ങൾ മുഴുവനും ചെയ്യുന്നത് ഊരാളനും കെട്ടിയാട്ടക്കാരും ചേർന്നാണ്. കാവുതീണ്ടലിൽ പ്രാധാന്യം കൽപ്പിക്കപ്പെടുന്നത് കെട്ടിയാട്ടക്കാരനാ ണെങ്കിലും ഉത്സവദിവസം കാവിൽ കയറുന്നതിന് മറ്റ് ജാതിവിഭാഗങ്ങൾക്കുംകൂടി അനുവാദം ലഭിക്കുന്നത് ഈ മൂത്തപെരുവണ്ണാന്റെ കാവ് തീണ്ടലോടുകൂടിയാണ്.

#### 2.1.4.1.6 വില്ലികളെ കെട്ടൽ

വില്ലികൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ശിവന്റെ ഭൂതഗണങ്ങളെയാണ്. കുസൃതിക്കാരായ ഇവർ ഉത്സവനടത്തിപ്പിന് വല്ല വിഘ്നങ്ങളും വരുത്തുമോ എന്ന് കരുതിയാണ് ഇവരെ ബന്ധിക്കുന്നത് എന്നാണ് വിശ്വാസം. അരി, നെല്ല്, നാളികേരം, കമുകിൻ പൂക്കുല, പുഷ്പങ്ങൾ, ഇളനീർ, അവിൽ, മലർ, പഴം, ശർക്കര, പശുവിൻപാൽ, ശരത്കോൽ, മഞ്ഞൾപ്പൊടി, അരിപ്പൊടി എന്നിവ ഈ ചടങ്ങിനായി ഉപയോഗിക്കുന്നു. മൂത്തപ്പെരുമണ്ണാനോ അവർ നിയോഗിക്കുന്നവരോ ആണ് ചടങ്ങ് പൂർത്തീകരിക്കുന്നത്. തറ്റുടുത്ത് പണം കെട്ടിയ തോർത്ത് തലയിൽ കെട്ടി, ഇടത് കയ്യിൽ ശരത്കോലും എടുത്തുകൊണ്ടാണ് ചടങ്ങ് ചെയ്യുന്നത്. ആദ്യം നവഗണത്തിൽ വില്ലികളെ ആവാഹിച്ചതിനുശേഷം അഷ്ടദിക്കുകൾ ലക്ഷ്യമാക്കി കൂക്കിവിളിച്ച് മൂന്ന് പ്രാവശ്യം കർമ്മി കാവിനെ ചുറ്റി മന്ത്രങ്ങൾ ജപിച്ച് ചൂടിക്കയർ കൊണ്ട് കാഞ്ഞിര മരത്തിലാണ് വില്ലികളെ ബന്ധിക്കുന്നത്. ചില കാവുകളിൽ കുടത്തിലാക്കി കുടം കാഞ്ഞിരമരത്തിൽ കെട്ടിയിടുന്നതും കാണാറുണ്ട്. കുടികൂട്ടൽ കഴിഞ്ഞുള്ള ദിവസമാണ് വില്ലികളെ സ്വതന്ത്രരാക്കുന്നത്.

#### 2.1.4.1.7 പൂവും നാരും കയ്യിഷ്ടം എടുക്കൽ

ഉത്സവത്തിന് വിഘ്നങ്ങളൊന്നും ഉണ്ടാവാതിരിക്കാനും ഉത്സവം ഭംഗിയാക്കുന്നതിനും വേണ്ടി നടത്തുന്ന ഒരപേക്ഷാചടങ്ങാണിത്. തിറയാട്ടത്തിന് ഉപയോഗിക്കുന്ന കുരുത്തോല, പാള, പാന്തപ്പൊളി, പൂക്കൾ, നിറനാഴി, വെറ്റില, പാക്ക് എന്നിവ കാവിലെ കാരണവർ കാവിന്റെ മുറ്റത്തെ മണിത്തറയിൽ വെച്ചിട്ടുണ്ടാകും. അവ മൂത്ത പെരുവണ്ണാൻ കാവിലെ പ്രധാനമൂർത്തിയെ ധ്യാനിച്ച് ഉഴിഞ്ഞെടുത്ത് ഉത്സവം വിഘ്നങ്ങളൊന്നുമില്ലാതെ ഭംഗിയായി നടക്കണമെന്ന് ഏറ്റവും ഭക്തിയോടെ പ്രാർത്ഥിച്ച് അണിയറക്കാരനെ ഏൽപിക്കുന്ന ചടങ്ങാണിത്. മൂത്തപെരുവണ്ണാൻ പ്രധാന മൂർത്തിയിൽ നിന്ന് അനുവാദം വാങ്ങി കെട്ടിയാട്ടക്കാരെ ചുമതലപ്പെടുത്തുകയാണ്. ഈ ചടങ്ങ് ഭംഗിയായി നിർവഹിച്ചു കഴിഞ്ഞാൽ ഉത്സവം വിഘ്നങ്ങളൊന്നും കൂടാതെ നടത്താൻ സാധിക്കുമെന്നാണ് ഊരായ്മക്കാരുടെയും കെട്ടിയാട്ടക്കാരുടെയും വിശ്വാസം.

#### 2.1.4.1.8 കാവുണർത്തൽ

കാവിലുള്ള എല്ലാ ദേവീദേവന്മാരേയും തോറ്റം ചൊല്ലി ഉണർത്തുന്ന ചടങ്ങാണിത്. തുടി, ഇലത്താളം, പഞ്ചായുധം തുടങ്ങിയ വാദ്യങ്ങളോടൊപ്പം തോറ്റവും ചൊല്ലിക്കൊണ്ടാണ് ഈ ചടങ്ങു നടത്തുന്നത്. ഈ സമയത്ത് പഞ്ചാരിമേളമാണ് കൊട്ടുന്നത്. കോമരങ്ങൾ ഉറഞ്ഞുതുള്ളുകയും കാവും പരിസരവും ഭക്തിസാന്ദ്രമാവുകയും ചെയ്യുന്നു. ഓരോ മൂർത്തിക്ക് മുമ്പിലും നിന്നുകൊണ്ട് തോറ്റം ചൊല്ലി അവരെ ഉണർത്തേണ്ടതാണ്. നിലവിളക്ക് കത്തിച്ചുവെച്ച് അതിന്റെ മുന്നിൽ അരി, തേങ്ങ, വെറ്റില, അടയ്ക്ക തുടങ്ങിയ ദ്രവ്യങ്ങളെല്ലാം വെച്ചുകൊണ്ടാണ് ഈ ചടങ്ങ് നടത്തുന്നത്.

#### 2.1.4.1.9 ഒടക്ക്

ദൈവങ്ങളെ വാദ്യങ്ങളുടെ അകമ്പടിയോടെ തോറ്റം ചൊല്ലി ഉണർത്തുന്ന ചടങ്ങാണിത്. തുടി, കുറുങ്കുഴൽ, പഞ്ചായുധം, ഇലത്താളം തുടങ്ങിയ വാദ്യങ്ങൾ ഉപയോഗിച്ച് പരമ്പരാഗതമായി ചൊല്ലിവരുന്ന തോറ്റത്തിലൂടെയാണ് ചടങ്ങുകൾ നടത്തുന്നത്. മൂത്തപെരുവണ്ണാൻ കാവിലെ കാരണവരേയും അനന്തിരവരെയും ശ്രീകോവിലിനു മുന്നിലേക്ക് വിളിച്ച് അരിയും പൂവും നൽകി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നത് ഈ സമയത്താണ്. ഭാവിയിലേക്കുള്ള കോമരങ്ങൾ ഉണ്ടാകാനുള്ള സാധ്യത ഈ ചടങ്ങിന്റെ പ്രത്യേകതയാണ്. "മൂത്ത പെരുവണ്ണാൻ എന്നാലെ ദൈവത്തിന്റെ മംഗല്യം ഉണർത്തിക്കട്ടെ?" എന്ന് ചോദിക്കുമ്പോൾ കാവിന്റെ കാരണവർ അനുമതി നൽകുന്നു.

ഹര ഹര ശ്രീ മാഹഗണപതേ
കൂടെ ശേഷമായിരിപ്പൂ വാഴ്ക ഗംഗയാടാൻ
പോയതാകുലം വഴിവരു, ദൈവം തീർത്ഥമാടാൻ
പോയകുലം വഴി വരു . . .
ഈ ചൊല്ല് അവസാനിക്കുന്നതിനെ
അത്ഭുത അനുകൂലമാക്കി വൈക്കു
ശിക്കനെ ശിവനാക്കി വെക്കു
ശ്രീ ഓം ഹരിനമോ നാരായണ, സൂര്യദേവ

ഇങ്ങനെ ചൊല്ലിത്തീർത്ത് അരിയും പൂവും പീഠത്തിൽ അർപ്പിക്കുന്നതിന് പെരുവ ണ്ണാൻ കല്പന കൊടുക്കുയും അത് കാവിന്റെ ഊരാളർ അനുസരിക്കുകയും ചെയ്യുന്ന തോടെ ചടങ്ങ് പൂർണമാവുന്നു.

### 2.1.4.1.10 അരിയും പൂവും എടുക്കൽ

വെള്ളാട്ട് കെട്ടുന്നതിന്റെ മുൻപുള്ള ചടങ്ങാണിത്. കാവിലെ ഊരായ്മക്കാർ കെട്ടിയാട്ടത്തിനായി മണിത്തറയിലെ നാക്കിലയിൽ അരിയും പൂവും തോർത്തും വെക്കുന്നു. വെള്ളാട്ടിന് കോലംകെട്ടുന്ന പെരുവണ്ണാൻ പ്രാർത്ഥനയോടെ മൂർത്തിയെ ആവാഹിച്ച് അരിയും പൂവും തോർത്തും എടുക്കുകയും ചമയങ്ങൾക്കായി അണിയറ യിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. ഈ ചടങ്ങാണ് അരിയും പൂവും എടുക്കൽ. അണിയറയിൽ ഗുരുതുല്യനായ മൂത്തപെരുവണ്ണാൻ വെള്ളാട്ടിനുള്ള അനുവാദത്തിന്റെ അടയാളമായി ലഭിച്ച തോർത്ത് കെട്ടിക്കൊടുക്കുന്നു. അതോടെ വെള്ളാട്ടിന് കോലം കെട്ടാനുള്ള അർഹത ലഭിച്ചു. ശേഷം മുഖത്തെഴുത്തും മെയ്യെഴുത്തും പൂർത്തിയാക്കി വെള്ളാട്ട് മുറ്റത്തിറങ്ങുന്നു.

### 2.1.4.1.11 അണിയറപൂജ

തിറയാട്ടദിവസം ക്ഷേത്രത്തിൽവച്ച് ആദ്യമായി നടക്കുന്ന ചടങ്ങാണിത്. ഗുരുക്കന്മാരെയും കാരണവന്മാരെയും പ്രീതിപ്പെടുത്തുന്നതിനു വേണ്ടിയാണ് അണിയറ പൂജ നടത്തുന്നത്. മൺമറഞ്ഞുപോയവരുടെ അനുഗ്രഹം ലഭിക്കുന്നതിനാണ് ഈ ചടങ്ങ് ചെയ്യുന്നത്. അവരുടെ ആത്മാക്കൾ എത്തിച്ചേർന്ന് അനുഗ്രഹം നൽകുന്നു എന്നതാണ് വിശ്വാസം. അവരെ അണിയറയുടെ കന്നിമൂലയിൽ കുടിയിരുത്തിക്കൊ ണ്ടാണ് പൂജ ചെയ്യുന്നത്. ഉത്സവം ഭംഗിയായി നടക്കാനും ഓരോരുത്തർക്കും അവരവ രുടെ കഴിവിന്റെ പരമാവധി പ്രവർത്തിക്കാനും കഴിയണമേ എന്ന് കന്നിമൂലയിൽ അരിയെറിഞ്ഞ് എല്ലാ കെട്ടിയാട്ടക്കാരും പ്രാർത്ഥിക്കുന്നു. അണിയറപൂജ കഴിഞ്ഞതിനു ശേഷം മാത്രമേ എല്ലാ ജോലികളും തുടങ്ങുവാൻ പാടുള്ളൂ. അണിയറപൂജ കഴിഞ്ഞതിനു ശേഷം എല്ലാവർക്കും പ്രസാദം കൊടുക്കുന്നു. കന്നിമൂലയിൽ കത്തിച്ചുവെച്ച നിലവിളക്ക് കെടാതെ സൂക്ഷിക്കണം. ഓരോ തിറ കാവിലിറങ്ങിമ്പോഴും അവിടെ തൊഴേണ്ട താണ്.

### 2.1.4.1.12 വിളിച്ചുണർത്തലും പുറപ്പാടും

വേഷം ധരിച്ച് കോലധാരി അണിയറയിൽനിന്ന് കാവിന്റെ മുറ്റത്തേക്ക് ഇറങ്ങാൻ തയ്യാറായി നിൽക്കുന്ന അവസരത്തിലാണ് ഈ ചടങ്ങ്. ദൈവത്തിന്റെ പേരുചൊല്ലി വിളിച്ചുണർത്തുന്ന ചടങ്ങ് കാവിന്റെ തിരുമുമ്പിലാണ് നടക്കുന്നത്. ഇതിനായി തുടി, ഇലത്താളം എന്നീ വാദ്യങ്ങളാണ് ഉപയോഗിക്കുന്നത്. വിളിച്ചുണർത്തൽ ചടങ്ങ് മൂർധന്യത്തിലെത്തുന്നതോടെ കോമരങ്ങൾ ഉറഞ്ഞുതുള്ളി കനലാട്ടം നടത്തി അണിയറയുടെ വാതിൽക്കലെത്തി അണിയറയിലേക്ക് അരിയും പൂവും എറിയുന്നു. അരിയും പൂവും എറിയുന്നതോടെ ചെണ്ടയുടെയും ഇതരവാദ്യങ്ങളുടെയും ശബ്ദഘോഷത്താൽ അന്തരീക്ഷം മുഖരിതമാവുന്നു. ഈ സമയം കോലക്കാരനോടൊപ്പം കോലത്തിന്റെ ശിരോലങ്കാരവുമായി അനുയായികൾ കാവിന്റെ മുറ്റത്തേക്കിറങ്ങുന്നതോടെ ഈ ചടങ്ങ് പൂർണമാവുന്നു.

### 2.1.4.1.13 വെള്ളാട്ട്

ഓരോ തിറയുടെയും പ്രതിരൂപമാണ് വെള്ളാട്ട്. എല്ലാ തിറയ്ക്കും അതിന്റേതായ വെള്ളാട്ടുണ്ട്. തിറകെട്ടുന്ന ആള് തന്നെയാണ് പൊതുവെ വെള്ളാട്ട് കെട്ടുന്നത്. എന്നാൽ ചിലപ്പോൾ ഇതിന് മാറ്റം സംഭവിക്കുകയും ചെയ്യും. തുടികൊട്ടി കാവുണർത്തിക്കഴിഞ്ഞ് തുടിക്കാരന്റെ സ്ഥാനത്ത് ചെണ്ടക്കാരൻ പ്രവേശിക്കുന്നു. ചെണ്ടയും ഇലത്താളവുമാണ് വെള്ളാട്ടിൽ പ്രധാനമായും ഉപയോഗിക്കുന്ന വാദ്യങ്ങൾ. വെള്ളാട്ടിന് പൊതുവെ തിറയുടെ അത്രയും ആർഭാടമായ വേഷവിധാനങ്ങളൊന്നുമില്ല. വെള്ളത്തുണിയാണ് കെട്ടിയുടുക്കുന്നത്. ദേഹത്താകെ മഞ്ഞൾ തേച്ചാണ് വെള്ളാട്ട് മുറ്റത്തിറങ്ങുന്നത്. ആയുധവും കിരീടവും വെള്ളാട്ടിന്റെ അലങ്കാരങ്ങളാണ്. മുറ്റത്ത് ഇറങ്ങിയതിനു ശേഷമാണ് വെള്ളാട്ട് ശിരോലങ്കാരം അണിയുന്നത്. ഇതിന് വെള്ളാട്ടിന് മുടിവെക്കുക എന്നാണ് പറയുന്നത്. മുടിധാരണം പൂർത്തിയാകുന്നതോടെ കെട്ടിയാട്ടക്കാരനെ കാവിന്റെ കാരണവരും അവകാശിയും അരിയും പൂവുമിട്ട് സ്വീകരിച്ച് ദൈവത്തിന്റെ ആയുധം നൽകുന്നു. ആയുധം കുന്തം, ശൂലം, വാൾ, പരിച തുടങ്ങിയവയിൽ ഏതും ആകാം. കെട്ടിയാട്ടക്കാരൻ അഷ്ടദിക്പാലകരെ വണങ്ങിക്കൊണ്ട് പ്രദക്ഷിണം വെച്ച് കാവിന്റെ മുന്നിലെത്തുകയും ചെണ്ടയുടെയും തുടിയുടെയും താളത്തിനനുസരിച്ച് നൃത്തം

തുടങ്ങുകയും ചെയ്യുന്നു. അവസാനം കോലം കാവിന്റെ തിരുനടയിലെത്തി പ്രാർത്ഥനാ നിരതനായി നിൽക്കുമ്പോൾ ദൈവചൈതന്യം പൂർണമായും കെട്ടിയാട്ടക്കാരനിൽ പ്രവേശിക്കുമെന്ന് വിശ്വസിച്ചുവരുന്നു. ഈ അവസരത്തിൽ കോലത്തിന്റെ രൂപവും ഭാവവും മാറി രൗദ്രത കൈവരികയും കോലം അരുളപ്പാടുകൾ പറയുകയും ചെയ്യുന്നു. തുടർന്ന് ഈ ഭാവത്തോടുകൂടിതന്നെ കോലം കാവിനെ പ്രദക്ഷിണം വെച്ച് കാവിലുള്ള മറ്റ് ഉപദൈവങ്ങളെയും അഷ്ടദിക്പാലകരേയും വണങ്ങി തിരുനടയിലെത്തി മൂന്ന് പ്രാവശ്യം അട്ടഹസിക്കുകയും വില്ലുകളെ ബന്ധിച്ച സ്ഥലത്തേക്ക് ഓടുകയും ചെയ്യുന്നു. അവിടുന്ന് അനുയായികൾ കാവിന്റെ തിരുമുറ്റത്തേക്ക് ബലമായി പിടിച്ചുകൊണ്ട് വരുന്നു. അത്യുഗ്രഭാവത്തിൽ കനലാട്ടം നടത്തുന്നു. കോലം വീണ്ടും കാവിലൂടെ ഉറഞ്ഞു തുള്ളുന്നു. അനുയായികളപ്പോൾ കോലത്തെ പിടിച്ചമർത്തി തിരുമുമ്പിലെത്തിച്ച് ശിരസ്സിലേറ്റിയിരുന്ന തിരുമുടി ഇറക്കുന്നതോടെ വെള്ളാട്ടവസാനിക്കുന്നു.

### 2.1.4.1.14 വെട്ടും വെളിച്ചപ്പാട്ടും

കെട്ടിയാട്ടക്കാരൻ അണിയലങ്ങളെല്ലാം മാറ്റിയതിനുശേഷം ഒരു തുണിഞൊറി ഞ്ഞുടുത്ത് വെട്ടും വെളിച്ചപ്പാട്ടും എന്ന ചടങ്ങ് ചെയ്യുന്നു. തലയിൽ തോർത്തുമുണ്ട് കെട്ടി പ്രത്യേക ചലനങ്ങളോടെ കാവിന്റെ മുമ്പിൽ എത്തി കോലക്കാരൻ ദൈവത്തെ വണങ്ങുന്നു. ഈ സമയം കാവിലെ കാരണവർ കോലക്കാരെ അരിയും പൂവും എറിഞ്ഞ് സ്വീകരിച്ച് ദൈവത്തിന്റെ ആയുധം കോലക്കാരനു കൈമാറുന്നു. അതുമായി കാവിനെ പ്രദക്ഷിണം വെച്ച ശേഷം തുടിയുടെ അകമ്പടിയോടെ തോറ്റം ചൊല്ലി അഷ്ടദിക്പാല കന്മാർക്ക് വെറ്റില സമർപ്പിക്കുന്നു. കെട്ടിയാട്ടത്തിൽ വന്നുപോയ എല്ലാ തെറ്റുകൾക്കും ക്ഷമ ചോദിച്ചതിനുശേഷം നാളികേരം, ഇളനീർ, അവിൽ, മലർ, പഴം, ശർക്കര, തുടങ്ങിയ ദ്രവ്യങ്ങൾ ഉപയോഗിച്ച് വെള്ളരി ക്രിയ നടത്തിയതിന് ശേഷം നാളികേര മെടുത്ത് മുട്ടറുക്കുന്നു. മുട്ടറുത്തെത്തിയതിനുശേഷം കെട്ടിയാട്ടക്കാരൻ "ഏറനാട്ടുസ്വരൂ പത്തിനും നെടിയിരുപ്പ് സ്വരൂപത്തിനും പണിയും പണിയാണ്ട് പള്ളിയൻ തോള ത്തിനും കെട്ടിച്ചുറ്റിച്ചേകിച്ചോരകമ്പടി ജനസ്വരൂപത്തിനും കുടക്കീഴും തലക്കീഴും പള്ളി മാറാടിക്കും ഏറ്റി കലഹിച്ച് വില്ലും വേലയും ചെയ്യുന്നോരു പരദേവത" എന്ന വെട്ടികം ചൊല്ലി ചടങ്ങവസാനിപ്പിക്കുന്നു.

## 2.2 കാവനുഷ്ഠാനങ്ങൾ: വിമർശനാത്മകാപഗ്രഥനം

പുല്ലാട്ടുകാവിലെ അനുഷ്ഠാനങ്ങളെ വിമർശനാത്മകമായി വിലയിരുത്താനാണിവിടെ ശ്രമിക്കുന്നത്. വർഷത്തിലും കുംഭം പത്തിന് ഉത്സവദിവസം മാത്രമായിരുന്നു കാവിൽ പ്രധാന ആഘോഷമായി നടത്താറുണ്ടായിരുന്നത്. എന്നാൽ മണ്ണാറക്കൽ തറവാട്ടിലെ കെട്ടിയാട്ടക്കാരുമായി ജാതിയുടെ പേരിൽ സംഘർഷങ്ങൾ നടന്നതിനു ശേഷം 1992 ദേവിയുടെ അലങ്കാരബിംബം പുല്ലാട്ടുകാവിൽ പ്രതിഷ്ഠിക്കുകയും ശേഷം പ്രതിഷ്ഠാദിനം വിപുലമായി ആഘോഷിക്കാനും തുടങ്ങി. ഉത്സവദിവസത്തെപ്പോലെ തന്നെ പ്രതിഷ്ഠാദിനവും അങ്ങനെ വിശേഷപ്പെട്ട ദിവസമായി മാറുന്നു. മണ്ണാറക്കൽ തറവാട്ടുകാർ അവരുടെ ഉപാസനാമൂർത്തിയെ ആവാഹിച്ച് ഉത്സവദിവസം പുല്ലാട്ടേക്ക് കൊണ്ടുവരുന്നു എന്ന വാദം പണ്ടും ഇപ്പോഴും ശക്തമായി നിലനിൽക്കുന്നതുകൊണ്ടു തന്നെ പ്രതിഷ്ഠാദിനം ആഘോഷപൂർവ്വം നടത്തേണ്ടത് ഊരായ്മക്കാരുടെ പ്രധാന ആവശ്യകതയിലൊന്നായി.

ദേവീക്ഷേത്രത്തിൽ മാത്രം നടത്തിവരുന്ന കലങ്കരിയിലൂടെ അനുഷ്ഠാനങ്ങളിലെ ജാതിപരമായ വേർതിരിവുകൾ പ്രകടമാകുന്നുണ്ട്. ഇത്തരം അനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നത് മിക്കപ്പോഴും ജാതിയിൽ ഉയർന്നവർ തന്നെയാണ്. കീഴാളസ്ത്രീകൾ ഇത്തരം അനുഷ്ഠാനങ്ങളിൽനിന്നും മാറ്റിനിർത്തപ്പെടുന്നു. പുല്ലാട്ടുകാവിനെ സംബന്ധിച്ച് കലങ്കരിയനുഷ്ഠാനത്തിൽ പ്രധാനമായും പങ്കെടുക്കുന്നവർ കാവൂരായ്മക്കാർ തന്നെയാണ്. മറ്റുള്ള ജാതിവിഭാഗത്തിലുള്ള സ്ത്രീകൾ പലപ്പോഴും കലങ്കരിയുടെ ഭാഗമായിരുന്നില്ല.

താലപ്പൊലിയിലും ജാതിപരമായ ഈ വേർതിരിവ് പ്രകടമാണ്. ഊരായ്മക്കാരായ നായർവിഭാഗത്തിലെ കന്യകമാർക്ക് മാത്രമേ താലപ്പൊലിയിൽ പങ്കെടുക്കാൻ അനുവാദമുള്ളൂ. നാനാവിധത്തിലുള്ള മറ്റ് ജാതിയിൽ ജനിച്ച കുട്ടികളൊന്നുംതന്നെ താലപ്പൊലിയിൽ പങ്കെടുക്കാൻ പാടില്ല എന്നതാണ് അലിഖിതമായ നിയമം. ആദ്യകാലങ്ങളിൽ കീഴാളർക്ക് കാവിലേക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. അത് പിന്നീട് നേടിയെടുത്തെങ്കിലും താലപ്പൊലി പോലുള്ള അനുഷ്ഠാനങ്ങളിൽ നിന്നുള്ള മാറ്റിനിർത്തൽ ഇന്നും തുടരുമ്പോൾ ജാതിവേർതിരിവ് ഇപ്പോഴും കാവിൽ

പ്രകടമാണെന്നുതന്നെയാണ് മനസ്സിലാക്കേണ്ടത്. ഇത്തരം വേർതിരിവുകൾ നില നിർത്തിപ്പോരാൻ തന്നെയാണ് കാവൂരായ്മക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കാലങ്ങ ളായി കാവ് പരിസരങ്ങളിലെ ജാതിവേർതിരിവുകൾക്കെതിരെ ഒരുപാട് തരത്തിലുള്ള പ്രതികരണങ്ങളും സംഘർഷങ്ങളും മറ്റ് ജാതിവിഭാഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായെ ങ്കിലും ജാതിജന്മിത്ത അധീശശക്തികൾ മറ്റ് ജാതിവിഭാഗങ്ങളോട് വീണ്ടും വീണ്ടും അയിത്തം കല്പിച്ചുപോരുന്നു. കാവുമായി ബന്ധപ്പെട്ട ഓരോ ചടങ്ങും സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ വരേണ്യരുടെ ചൂഷണ മനോഭാവം കൃത്യമായി മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. പലപ്പോഴും വളരെ ബുദ്ധിമുട്ടിയാണ് ഇത്തരം ചൂഷണങ്ങളിൽനിന്ന് കീഴാളജനവിഭാഗം രക്ഷപ്പെട്ടുപോരുന്നത്.

ജോലിചെയ്താൽ കൂലിയില്ലാത്ത ഒരു കാലത്തുനിന്ന് അത് നേടിയെടുക്കാൻ പരിശ്രമിച്ചതിന്റെ ചരിത്രം തിറയാട്ടത്തിന്റെ ചടങ്ങുകളിലൂടെ തെളിഞ്ഞുവരുന്നുണ്ട്. തിറനിശ്ചയം ആദ്യകാലങ്ങളിൽ തിറയാട്ടം നടത്തേണ്ട ദിവസം തീരുമാനിക്കുന്ന ഒരു ചടങ്ങ് മാത്രമായിരുന്നു. എന്നാലിന്ന് ഉത്സവനടത്തിപ്പിനായി കെട്ടിയാട്ടക്കാരന് എത്ര പണമാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്നും അത് കെട്ടിയാട്ടക്കാർക്ക് സ്വീകാര്യ മാണോ എന്നുമുള്ള ചർച്ചകൾ തിറനിശ്ചയത്തിൽ വച്ച് നടക്കുന്നുണ്ട്. രണ്ടു കൂട്ടർക്കും സ്വീകാര്യമായ പണം പറഞ്ഞ് ഉറപ്പിച്ചതിനുശേഷം മാത്രമേ ഉത്സവം നടത്തി തന്നോളാം എന്ന് കെട്ടിയാട്ടക്കാരൻ വാക്കുകൊടുക്കുന്നുള്ളൂ. ആദ്യകാലങ്ങളിൽ തുച്ഛമായി എന്തെങ്കിലും വാങ്ങിപ്പോന്നിരുന്ന സമ്പ്രദായത്തിന് ഇന്ന് മാറ്റം വന്നിരി ക്കുന്നു. പ്രതിഫലം ചോദിച്ചുവാങ്ങുന്ന രീതിയിലേക്ക് കെട്ടിയാട്ടക്കാർ വളർന്നതിനാൽ അവരുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്യാൻ ഊരാളന്മാർക്കിന്ന് സാധിക്കുന്നില്ല.

തിറയാട്ടമെന്ന അനുഷ്ഠാനകലയുമായി ബന്ധപ്പെട്ട് കലാകാരന്മാർ അനുഭവി ക്കേണ്ടിവന്ന മാറ്റിനിർത്തപ്പെടലുകൾ അനവധിയാണ്. ദൈവത്തിന്റെ കോലം കെട്ടി നൃത്തം ചെയ്തതിനുശേഷം ദേഹത്തെയും മുഖത്തെയും ഛായം വൃത്തിയാക്കുന്നതിന് വെളിച്ചെണ്ണയാണ് ഉപയോഗിക്കുന്നത്. കെട്ടിയാട്ടക്കാർ കാവിലെ ഊരായ്മക്കാരുടെ അടുത്ത് പോയാണത് കൈപ്പറ്റേണ്ടത്. മുഖത്തും ദേഹത്തും ഛായത്തോടുകൂടി എണ്ണവാങ്ങുന്നതിനായി ഊരായ്മക്കാരന്റെ അടുക്കൽ എത്തുന്ന കെട്ടിയാട്ടക്കാരന് എണ്ണ നൽകാൻ വിസമ്മതിക്കുന്ന രീതിയിലാണ് ഊരായ്മക്കാർ പെരുമാറുന്നത്.

ഇത്തരം ദ്രവ്യങ്ങൾ കെട്ടിയാട്ടക്കാർക്ക് നൽകുന്നതിൽ ഊരായ്മക്കാർക്ക് പൂർണ്ണ സമ്മതം ഉണ്ടായിരുന്നില്ല. കാവ് പരിസരങ്ങളിൽനിന്ന് നേരിട്ട് മനസ്സിലാക്കാൻ സാധിച്ചവയാണ് ഇത്തരം കാര്യങ്ങൾ. അനുഷ്ഠാനപരിസരങ്ങളിലും ഊരായ്മക്കാരുടെ ഇത്തരം ഇഷ്ടാനിഷ്ടങ്ങൾ കണ്ടെത്താൻ സാധിക്കുന്നുണ്ട്.

തിറയാടിക്കഴിഞ്ഞാൽ ആട്ടത്തിന്റെ അവസാനം കോലക്കാരന് ദർശനം കിട്ടുക എന്നൊരു വിശ്വാസമുണ്ട്. ദൈവമായി പരിവർത്തനപ്പെട്ട കോലക്കാരൻ വാക്കെണ്ണി പറയുന്നത് ദേവവചനങ്ങളാണെന്നാണ് ആരാധനാസമൂഹത്തിന്റെ വിശ്വാസം. ഇങ്ങനെ കൊലോൻ ദൈവത്തിന്റെ വേഷം കെട്ടി വാക്കെണ്ണി പറഞ്ഞു കൊണ്ടിരുന്ന സമയത്ത് കോലക്കാരനോട് 'മതി പെട്ടെന്ന് തന്നെ നിർത്തിക്കോ' എന്ന രീതിയിൽ ഊരാളർ പെരുമാറിയതും കാവിടത്തിൽനിന്നും കാണാൻ സാധിച്ചി ട്ടുണ്ട്. വിശ്വാസം എന്നത് ജാതിയുടെ ഉയർച്ച താഴ്ചക്കടിസ്ഥാനമായാണ് പലപ്പോഴും നിലകൊള്ളുന്നത് എന്നാണ് മനസിലാക്കേണ്ടത്.

ഓരോ മൂർത്തിയുടെ പൂജാസമയത്തും കെട്ടിയാട്ടക്കാരൻ തോറ്റംപാട്ട് അകമ്പടിയായി ചൊല്ലാറുണ്ട്. തുടിയും ഇലത്താളവുമാണ് ഈ സമയം വാദ്യമായി ഉപയോഗിക്കുന്നത്. പൂജ ചെയ്യുന്നത് കാവിലെ ഊരാളനായ വെളിച്ചപ്പാടാണ്. തോറ്റം പാടുന്നവരെ ഏറ്റവും നിസ്സാരവത്കരിച്ചുകൊണ്ട് അവരോട് മര്യാദ കൂടാതെ ഊരാളന്മാർ പെരുമാറുന്നു. ഉദാഹരണമായി പെരുവണ്ണാന്റെ പേര് ഉച്ചരിച്ചുകൊണ്ട് മണ്ഡപത്തിന് അടുത്തേക്ക് തോറ്റം കേൾക്കുന്നില്ലെന്ന് വിളിച്ചുപറയുക, പരിഹസിച്ച് ചിരിക്കുക തുടങ്ങിയ പ്രവൃത്തികൾ വരേണ്യർ ചെയ്യുന്നു. ഇത്രയും ഹീനമായ പെരുമാറ്റമാണ് കെട്ടിയാട്ടക്കാർ അനുഭവിക്കേണ്ടിവരുന്നത്.

'കാവുതീണ്ടൽ' എന്ന ആചാരവും കീഴാളനെ പ്രശ്നവത്കരിക്കുന്നത് തന്നെ യാണ്. ആഘോഷാരവങ്ങളോടെ കെട്ടിയാട്ടക്കാർ കാവുതീണ്ടുന്നതോടുകൂടി ഹരിജന ങ്ങളല്ലാത്ത മറ്റ് ജാതിക്കാർക്കു മുഴുവനും കാവിൽ കയറാം എന്നതാണ് നിയമം. ഇവിടെ ഒരുതരത്തിലും കാവിൽ കയറാൻ സാധിക്കാത്തവരായിരുന്നു ഹരിജനങ്ങൾ. എന്നാൽ കീഴാളനായ പെരുവണ്ണാൻ ആദ്യം കയറി കാവ് തീണ്ടിയതിനാൽ ഇനി മറ്റുള്ള ജാതിക്കാർക്ക് കയറാം എന്നതിലൂടെ ശുദ്ധാശുദ്ധ സങ്കല്പങ്ങൾ ദൃഢപ്പെടുകയാണ്

ചെയ്യുന്നത്. ഉത്സവം കഴിഞ്ഞ് ഏഴാംനാൾ ശുദ്ധികലശത്തോടുകൂടിയെ കാവ് പൂർവ്വ സ്ഥിതിയിലെത്തു എന്നാണ് ഭക്തരുടെ വിശ്വാസം. ജാതിക്കടിപ്പെട്ട ഒരു കൂട്ടം ജനങ്ങൾ കാവനുഷ്ഠാനങ്ങളിലൂടെയും വിശ്വാസങ്ങളിലൂടെയും ജാതിയെ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.

## 2.3 തിറയാട്ടം: അനുഷ്ഠാനത്തിന്റെ രാഷ്ട്രീയം

തിറയാട്ടം അതിന്റെ അനുഷ്ഠാനങ്ങളായി നിലകൊള്ളുന്ന പ്രതീകങ്ങളിലൂടെയാണ് അടയാളപ്പെടുന്നത്. സാമൂഹികവും രാഷ്ട്രീയവുമായ ഏകകങ്ങളെ തിറയാട്ടം ഉൾക്കൊള്ളുന്നുണ്ട്. സാമൂഹ്യചരിത്രഘട്ടങ്ങളിലെ സംഘർഷപരമായ സന്ദർഭങ്ങളിലൂടെ തിറയാട്ടം സഞ്ചരിക്കുന്നുണ്ട്. ആഖ്യാനപരമായി തിറയാട്ടത്തെ അപഗ്രഥത്തിന് വിധേയമാക്കുമ്പോൾ, ഐതിഹ്യങ്ങളുടെ ദൃശ്യാവിഷ്കാരമാണ് (visualisation) തിറയാട്ട കലാകാരന്മാർ പ്രേക്ഷകരുടെ മുന്നിൽ വാദ്യത്തിന്റെ അകമ്പടിയോടെ നൃത്തം ചെയ്ത് ഫലിപ്പിക്കുന്നതെന്ന് കണ്ടെത്താൻ സാധിക്കുന്നുണ്ട്. കഥാഭിനയത്തിലൂടെയാണ് ആഖ്യാനം പൂർണമാവുന്നത്. ആഖ്യാനങ്ങളിലൂടെ വ്യത്യസ്തമായ തിറയാട്ടങ്ങളുടെ അവതരണപാടവത്തിലൂടെ നമുക്ക് സഞ്ചരിക്കേണ്ടിവരുന്നുണ്ട്. ഭഗവതി, കുട്ടിച്ചാത്തൻ, കുലവൻ തുടങ്ങി അനവധി ദൈവങ്ങളുടെ ആഖ്യാനാത്മക നൃത്തത്തിലൂടെ തിറയാട്ടം സഞ്ചരിക്കുന്നുണ്ട്. ആഖ്യാനപരമായും അഭിനയപരമായും പ്രകടനപരമായും ഇവ ഓരോന്നും വ്യത്യസ്തമാണ്. ഐതിഹ്യങ്ങളുടെ അവതരണമാണ് കാവിടങ്ങളിലെ തിറയാട്ടത്തിലൂടെ ദൃശ്യമാകുന്ന സംഗതി. ഓരോ ഐതിഹ്യങ്ങളും വ്യത്യസ്തമായതുകൊണ്ടുതന്നെ ഓരോ തിറയാട്ടവും വ്യത്യസ്തമാണ്. പരമ്പരാഗതമായി തുടർന്നുവരുന്ന തിറയാട്ടത്തിലെ ഉള്ളടക്കങ്ങൾ സുദൃഢമാണ്. അവയ്ക്ക് കാലാന്തരത്തിലും പറയത്തക്ക രീതിയിൽ മാറ്റങ്ങൾ സംഭവിച്ചിട്ടില്ല. ഐതിഹ്യങ്ങളുടെ സ്വാധീനത്താൽ തിറയാട്ടം ചരിത്രപരമായ ഉള്ളടക്കങ്ങളാൽ നിറഞ്ഞു നിൽക്കുന്ന പല സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. കുട്ടിചാത്തൻ ദൈവത്തിന്റെ ഐതീഹ്യത്തിൽ നിലനിൽക്കുന്ന കാളകാട്ടില്ലവും മറ്റും ചരിത്രപരതയെ ഉറപ്പിക്കുന്ന സംഗതികളാണ്. സാമൂഹികമായ ജനജീവിതത്തെ തിറയാട്ടം ഉൾക്കൊള്ളുന്നുണ്ട്. കീഴാളരായ ജനവിഭാഗങ്ങളുടെ ജീവിതത്തെ അവതരിപ്പിക്കുന്നതിൽ തിറയാട്ടവും അനുബന്ധചടങ്ങുകളും ചരിത്രത്തിൽ സ്വാധീനം ചെലുത്തിയതായി കാണാം. നിലനിന്നു പോന്നിരുന്ന വ്യവസ്ഥിതിക്കെതിരെ പലപ്പോഴും കലാ

രൂപം എന്ന നിലയിലും അനുഷ്ഠാനസന്ദർഭങ്ങളിലെ ഇടപെടലുകളിലും സംഘർഷപരമായ നിലപാട് സ്വീകരിക്കാൻ തിറയാട്ടത്തിന് സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ നാടൻകലാരൂപം എപ്പോഴും ചരിത്രത്തിന്റെ ഭാഗമായി നിലകൊള്ളുക മാത്രമല്ല ചെയ്തിട്ടുള്ളത്. മാറ്റിനിർത്തപ്പെട്ട കീഴാളജനതയുടെ ചരിത്രം നിർമ്മിച്ചെടുക്കുന്നതിലും കല എന്ന നിലയിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. സംസ്കാരവിശകലനത്തിന് തിറയാട്ടത്തെ വിധേയമാക്കുമ്പോൾ തിറയാട്ടം ഒരു സാമൂഹികനിർമ്മിതി എന്ന നിലയിൽ സൂക്ഷ്മമായ ചരിത്രത്തിന്റെ അടരുകൾക്കുള്ളിൽ തളയ്ക്കപ്പെട്ട കീഴാളചരിത്രത്തിലേക്കുള്ള വഴി തുറന്നു തരികയും പുതിയ കണ്ടെത്തലുകൾക്ക് കാരണമാവുകയും ചെയ്യുന്നുണ്ട്.

നവോത്ഥാനപരമായ ഇടപെടലുകൾ തിറയാട്ടവുമായി ബന്ധപ്പെട്ട സാമൂഹികസന്ദർഭത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. ജാതി അധിഷ്ഠിത സ്വാതന്ത്ര്യങ്ങളെ ചെറുക്കുന്നതിനായി കേരളത്തിലങ്ങോളം പ്രക്ഷോഭങ്ങളും സമരങ്ങളും നടന്നപ്പോൾ തിറയാട്ടമെന്ന കലയുടെ ഭാഗമായി പുല്ലാട്ടുകാവും നവോത്ഥാനപരമായ ഇടപെടലുകൾക്ക് കാരണമാവേണ്ടി വന്നിട്ടുണ്ട്. സ്വാതന്ത്ര്യം എന്നത് വഴി നടക്കുന്നതിനും ജലാശയങ്ങൾ ഉപയോഗിക്കുന്നതിനും ആരാധന നടത്തുന്നതിനും ജാതിയുടെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ട സംഗതിയല്ലെന്നും ജാത്യാധികാരമന്യേ ഓരോ സാധാരണക്കാരനും സ്വാതന്ത്ര്യം അനുഭവിക്കാനുള്ള അവകാശം ഉണ്ടെന്നുമുള്ള ബോധ്യപ്പെടുത്തലുകളായിരുന്നു കാവുമായി ബന്ധപ്പെട്ട കീഴാളപ്രക്ഷോപങ്ങളൊക്കെയും. അവിടങ്ങളിലെ മനുഷ്യരെ തുല്യരായി നോക്കിക്കാണുന്നതിലേക്കുള്ള ചുവടുവെപ്പായിരുന്നു അത്.

സാമൂഹ്യപരിവർത്തനത്തിന്റെ ഭാഗമായുള്ള മാറ്റങ്ങൾ തിറയാട്ടത്തിലും സാധ്യമായിട്ടുണ്ട്. വർത്തമാനകാലത്ത് തിറയാട്ടകലാകാരന്മാർ കുലത്തൊഴിൽ മാത്രം ചെയ്ത് ജീവിക്കുന്നവരല്ലാത്തതിനാൽ അവർ മറ്റുള്ള തൊഴിൽമേഖലയിൽ ഏർപ്പെട്ടുകൊണ്ടു തന്നെയാണ് തിറയാട്ടമെന്ന കലാരൂപത്തിന്റെ ഭാഗമായി ചേർന്നു നിൽക്കുന്നത്. കൂട്ടുകുടുംബം എന്ന ഗാർഹികജീവിതസമ്പ്രദായത്തിൽ മാറ്റങ്ങൾ വന്ന സവിശേഷസാഹചര്യത്തിൽ തിറയാട്ടസംബന്ധമായ കെട്ടിയാട്ടകുടുംബങ്ങളുടെ പല മട്ടിലുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കപ്പെടുന്നത് കെട്ടിയാട്ടസംഘമായി രൂപം മാറിയ കലാകാരന്മാരുടെ കൂട്ടായ്മകളിലൂടെയാണ്. വിപണി താൽപര്യങ്ങൾക്കധിഷ്ഠിതമായും പ്രകൃത്യാ

ലഭ്യമായിരുന്ന മറ്റ് ദ്രവ്യങ്ങളുടെ ലഭ്യതക്കുറവിനാലും തിറയാട്ടത്തിലെ വേഷങ്ങളും മുഖത്തെഴുത്ത് സമ്പ്രദായങ്ങളും അനിവാര്യമായ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്.

അനുഷ്ഠാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന അധികാര താൽപര്യങ്ങൾ എക്കാലത്തും തിറയാട്ടത്തിന്റെ ഭാഗമായി നിലകൊള്ളുന്നുണ്ട്. ആചാരങ്ങളാൽ നിബിഡമായ വ്യവസ്ഥിതികൾക്കകത്താണ് അധികാരം പ്രവർത്തിക്കുന്നത്. അനവധി തരത്തിലുള്ള രീതികളിൽനിന്ന് അധികാരപ്രവണതകളെ വേർതിരിച്ച് മനസിലാക്കുന്നതിന് രാഷ്ട്രീയബോധവിശകലനം സഹായിക്കുന്നുണ്ട്. പ്രതീകങ്ങളായി നിലകൊള്ളുന്ന കാവാചാരങ്ങളെ അധികാരതാൽപര്യങ്ങളാൽ പ്രവർത്തിക്കുന്ന ഘടകങ്ങളായി വിലയിരുത്താൻ സധിക്കുന്നുണ്ട്. ഈ പ്രതീകങ്ങളെ അപഗ്രഥനവിധേയമാക്കുമ്പോൾ പ്രാന്തവത്കരിക്കപ്പെട്ട വസ്തുതകളെ കണ്ടെത്താൻ സാധിക്കുന്നുണ്ട്.

തിറയാട്ടമെന്നത് വർഷത്തിൽ ഒരു തവണ മാത്രം കാവുമായി ബന്ധപ്പെട്ട് നടത്തുന്ന അനുഷ്ഠാനനൃത്തമാണ്. ആരാധനാദൈവങ്ങളുടെ കോലങ്ങൾക്ക് ദൈവിക പരിവേഷം നൽകി മനുഷ്യർ കെട്ടിയാടുന്ന ഈ ആരാധനാസമ്പ്രദായത്തിൽ അനേകം ചടങ്ങുകളും അനുഷ്ഠാനങ്ങളും പങ്കുചേരുന്നുണ്ട്. കലാരൂപത്തിന്റെ പൂർത്തീകരണത്തിനായി അനേകം മനുഷ്യരുടെ മാനസികവും ശാരീരികവുമായ പ്രവർത്തനം ആവശ്യമാണ്. കലാരൂപത്തിന്റെ നിർവഹണസമയത്ത് മനുഷ്യരുടെ പങ്കാളിത്തത്തെ അവരുടെ ജാതിയുടെ അടിസ്ഥാനത്തിലാണ് ക്രമീകരിക്കുന്നത്. കാവുമായി ബന്ധപ്പെട്ട സകല പ്രവൃത്തികളിലും ജാതി ഒരു പ്രധാനഘടകമാണ്. ജാതിവ്യവസ്ഥിതിയിൽ ഏറ്റവും താഴെയാണെന്ന് പറയപ്പെടുന്ന മനുഷ്യർക്ക് ഒരിക്കലും കാവനുഷ്ഠാനത്തിന്റെ ഭാഗമാവാൻ സാധിച്ചിരുന്നില്ല. മറ്റുള്ള ജാതിവിഭാഗങ്ങൾക്ക് അവരവരുടെ ജാതിനിലവാരത്തിനനുസരിച്ചുള്ള സ്ഥാനങ്ങളും പരിഗണനകളും മാറ്റിനിർത്തപ്പെടലുകളും തിറയാട്ടമെന്ന കാവനുഷ്ഠാനത്തിന്റെ ഭാഗമായി അനുഭവിക്കേണ്ടിവന്നു. തിറയാട്ടം സാമൂഹികമായ പലതിനെയും സ്വാംശീകരിക്കുന്നുണ്ട്. അതിൽ പലതും സ്വീകാര്യവും അസ്വീകാര്യവുമാണ്. തിറയാട്ടം വെളിപ്പെടുത്തുന്ന അതിന്റെ സ്വാഭാവികപരിസരത്ത് നിന്നുകൊണ്ട് പ്രാന്തവത്കരിക്കപ്പെട്ടവരുടെ ചരിത്രത്തെ കണ്ടെത്താനുള്ള ശ്രമമാണ് ഈ പഠനം.

## 2.4 പ്രതീകവ്യവസ്ഥ

സംസ്കാരവിമർശനരംഗത്ത് ചരിത്രവത്ക്കരണമെന്ന ആശയം മുന്നോട്ട് വച്ചത് ഫെഡറിക് ജയിംസനാണ്. അദ്ദേഹം തന്റെ 'രാഷ്ട്രീയാബോധം' എന്ന സങ്കല്പന ത്തിലൂടെ ദമനം ചെയ്യപ്പെട്ട ചരിത്രത്തെ വീണ്ടെടുക്കാൻ ശ്രമിച്ചു. ജയിംസന്റെ അഭിപ്രാ യത്തിൽ കലാ-സാഹിത്യനിർമ്മിതികൾ മാധ്യസ്ഥങ്ങളാണ്. പ്രതീകങ്ങളായി നില കൊള്ളുന്ന കലാരൂപങ്ങൾ മധ്യസ്ഥങ്ങളായാണ് നിലകൊള്ളുന്നത്. ഈ മാധ്യസ്ഥത്തി ലൂടെയാണ് ചരിത്രം നിർമ്മിക്കപ്പെടുന്നത്. മാധ്യസ്ഥാവസ്ഥയിൽ നിലകൊള്ളുന്ന കലാമേഖലകളിൽ നിലനിൽക്കുന്ന സംഘർഷങ്ങൾ പലപ്പോഴും ലഘൂകരിക്കപ്പെടു ന്നത് പ്രതീകവ്യവസ്ഥയുടെ പ്രവർത്തനത്തിലൂടെയാണ്.

കാവിൽ നിലനിൽക്കുന്ന ഓരോ അനുഷ്ഠാനങ്ങളും പ്രതീകങ്ങളാണ്. ചരിത്രപര മായി ഏറെ കാര്യങ്ങൾ പ്രതീകങ്ങളിലൂടെ കണ്ടെടുക്കാൻ സാധിക്കുന്നുണ്ട്. സംഘർഷ ങ്ങളെ പലപ്പോഴും മൂടിവെക്കുന്ന രീതിയിലാണ് ഫോക്‌ലോർ പ്രവർത്തിക്കുന്നത്. ഈ പ്രതീകങ്ങളെ വിടർത്തിനോക്കി യഥാർത്ഥ ചരിത്രവസ്തുതകൾ കണ്ടെടുക്കാനാണ് ഈ പഠനം ശ്രമിക്കുന്നത്. മൂടിവെക്കപ്പെട്ട കീഴാളചരിത്രത്തെ അനുഷ്ഠാനങ്ങളായ പ്രതീക വ്യവസ്ഥകളിലൂടെ ഒരു കാലത്ത് മറയ്ക്കപ്പെട്ട് പോയ കീഴാളചരിത്രത്തെ പുനർനിർമ്മി ക്കുകയാണ് പഠനം ചെയ്യുന്നത്. നിരവധി തൊഴിൽമേഖലകളിൽ പ്രവർത്തിക്കുന്ന വരും വ്യത്യസ്ത ജാതിസമൂഹത്തിൽ ജനിച്ചവരുമായ മനുഷ്യർ കാവനുഷ്ഠാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ കഴിഞ്ഞുപോയകാലജീവിതങ്ങളെ ഈ പഠനം കണ്ടെത്തി എടുക്കുന്നുണ്ട്.

സാമൂഹികവും രാഷ്ട്രീയവുമായ പരിസരങ്ങളിലൂടെ കടന്നുപോയ അനുഷ്ഠാന രീതികളിൽ ഒരു നാടിന്റെ മുഴുവൻ മനുഷ്യരുടെയും സ്ഥാനം അടയാളപ്പെട്ടുകിടക്കു ന്നുണ്ട്. പലപ്പോഴും അത്തരം സ്ഥാനം നിർണയിക്കപ്പെട്ടിട്ടുള്ളത് ജാതിനിലവാര ത്തിന്റെ അടിസ്ഥാനത്തിലാണ്. ഒരു വ്യക്തിയുടെ സാമൂഹികനിലവാരം നിർണയി ക്കപ്പെട്ടത് അവന്റെ/അവളുടെ ജാതിയുടെ അടിസ്ഥാനത്തിൽ മാത്രമായിരുന്നതുപോലെ കാവിനെ സംബന്ധിച്ച് കാവനുഷ്ഠാനങ്ങളുടെ പൂർത്തീകരണത്തിലൂടെ സ്ഥാപിക്കപ്പെ ട്ടതും മാറ്റമില്ലാതെ തുടർന്നുകൊണ്ടിരുന്നതും ജാതിവ്യവസ്ഥിതിയുടെ സുസ്ഥാപനമായി

രുന്നു. ഇത്തരം നിർണയനങ്ങൾ വീണ്ടും വീണ്ടും ഉറച്ചുനിൽക്കുന്നതിനായി പ്രവർത്തിച്ച പ്രധാനഹേതുവായി കാവനുഷ്ഠാനങ്ങളെ മനസിലാക്കാൻ സാധിക്കുന്നുണ്ട്. ഈ കാരണം കൊണ്ടുതന്നെയാണ് പ്രതീകങ്ങളായ കാവനുഷ്ഠാനരീതികളുടെ അപഗ്രഥനത്തിലൂടെ കീഴാളചരിത്രം നിർമ്മിച്ചെടുക്കാൻ സാധിക്കുന്നതും. രേഖപ്പെടുത്തപ്പെട്ട ചരിത്രം സമ്പന്നരുടേതും പ്രമാണിമാരുടേതും വരേണ്യരുടേതും മാത്രമാവുമ്പോൾ പുറം ലോകം അറിയപ്പെടാതെ പോയ കീഴാളരുടെ ചരിത്രം നിർമ്മിച്ചെടുക്കുകതന്നെ ചെയ്യേണ്ടതുണ്ട്. ഈ ചരിത്രനിർമ്മാണത്തിനായി സ്വീകരിക്കേണ്ടുന്ന ആകരങ്ങൾ കീഴാളരെ ജാതിയുടെ അടിസ്ഥാനത്തിൽ ഇന്നും വേർതിരിക്കുന്ന ഇടമായ കാവനുഷ്ഠാനങ്ങളിൽ നിന്നും സ്വീകരിക്കാവുന്നതാണ്. അത്തരം അനുഷ്ഠാനങ്ങളെ പ്രതീകങ്ങളായാണ് വിശകലനവിധേയമാക്കുന്നത്.

കാവിലെ ഓരോ അനുഷ്ഠാനങ്ങളും പ്രതീകങ്ങളാണ്. പ്രതീകങ്ങളുടെ അപഗ്രഥനത്തിലൂടെയാണ് അർത്ഥം ഉത്പാദിപ്പിക്കപ്പെടുന്നത്. ആചാരാനുഷ്ഠാനങ്ങളെ കൃത്യമായി വ്യാഖ്യാനിക്കുമ്പോൾ മാത്രമാണ് പ്രതീകങ്ങളിൽ അന്തർലീനമായിരിക്കുന്ന അർത്ഥത്തെ വീണ്ടെടുക്കാൻ സാധിക്കുന്നത്. പരമ്പരാഗതമായി തുടർന്നുപോരുന്ന അനുഷ്ഠാന വ്യവസ്ഥിതികളിൽ പരമ്പരാഗതമായ ചരിത്രയാഥാർത്ഥ്യങ്ങളെയും ഉൾക്കൊള്ളുന്നതായിട്ട് കാണാം. രൂപപ്പെടുത്തിയെടുത്ത ചരിത്രത്തെ പ്രതിഫലിപ്പിക്കാൻ ആചാരാനുഷ്ഠാനങ്ങൾക്ക് സാധിക്കുന്നുണ്ട്. അതുതന്നെയാണ് പ്രതീകവ്യവസ്ഥയായാണ് ഫോക്‌ലോർ നിലകൊള്ളുന്നതെന്ന വിവക്ഷയ്ക്ക് കാരണം. കാവ് സങ്കല്പത്തിലെ ഊരായ്മാസ്ഥാനത്ത് നിന്നുതന്നെ പ്രതിനിധാനപരമായ പ്രശ്നങ്ങൾ ഉണ്ടാവുന്നുണ്ട്. ഏത് ജാതിക്കാരുടെ അധീനതയിൽ ഉള്ള കാവിടമാണെന്നുള്ളത് അനുഷ്ഠാനങ്ങളിലൂടെ കൃത്യമായറിയാൻ സാധിക്കുന്നുണ്ട്. ഇത്തരം ധാരണകൾ പ്രതീകങ്ങളുടെ വിശകലനത്തിലൂടെ മാത്രം വ്യക്തമാകുന്ന സംഗതികളാണ്. അനവധി തരത്തിലുള്ള മനുഷ്യരെയും അവരുടെ ജീവിതത്തെയും മനസ്സിലാക്കാൻ പ്രതീകങ്ങളിലൂടെ സാധ്യമാവുന്നുണ്ട്. നിത്യപൂജ ഇല്ലാത്ത പുല്ലാട്ടുകാവിൽ, സംക്രാന്തി ദിവസത്തിലും മണ്ഡലമാസത്തിലും ഉത്സവദിവസം പോലുള്ള വിശേഷദിവസങ്ങളിലും മാത്രമേ നട തുറക്കാറുള്ളൂ. മണ്ഡലമാസം നാല്പത്തിയൊന്ന് ദിവസവും കാവിൽ രാവിലെ പൂജാദികർമ്മങ്ങളുണ്ടാവുന്നു. അല്ലാത്ത ദിവസങ്ങളിലൊന്നും കാവ് ആരാധനയ്ക്കായി തുറന്നിരുന്നില്ല. ദ്രാവിഡ

പാരമ്പര്യപ്രകാരമുള്ള ആരാധനാസ്ഥാനമായത് കൊണ്ടാണ് ഈ സമ്പ്രദായം കാവിൽ തുടരുന്നത്. കൃഷിയുമായി അഭേദ്യമായ ബന്ധമുള്ള ഇടമാണ് കാവ്. ദ്രാവിഡാരാധനാ സമ്പ്രദായങ്ങൾ പ്രകാരം വർഷത്തിൽ ഒരിക്കൽ മാത്രം കൃഷിയുമായി ബന്ധപ്പെട്ട് കാവിലൂടെ വിളവെട്ടുപ്പുത്സവം പോലുള്ള ചടങ്ങുകളും ആഘോഷങ്ങളും നടത്തിയിരുന്നു. അതേരീതി പിന്തുടർന്നിട്ടെന്നവണ്ണം ദ്രാവിഡ ആരാധനാകേന്ദ്രങ്ങളിൽ ഇന്നും നിത്യപൂജയ്ക്ക് പ്രാധാന്യമില്ല. വർഷത്തിൽ ഒരിക്കൽമാത്രം നടത്തുന്ന ഉത്സവമാണ് കാവുകളിലെ പ്രധാന ആഘോഷം.

പ്രതിഷ്ഠാദിനം കാവിൽ ഉത്സവത്തേക്കാളേറെ പ്രാധാന്യത്തോടുകൂടി നടത്തി വരുന്നുണ്ട്. ആദ്യകാലങ്ങളിൽ പുല്ലാട്ടുകാവിൽ ഉത്സവം മാത്രമായിരുന്നു ആഘോഷ മായി കൊണ്ടാടിയിരുന്നതെങ്കിൽ ഇന്ന് പ്രതിഷ്ഠാദിനവും അതേ രീതിയിൽതന്നെ ഗംഭീരമായി നടത്തുന്നുണ്ട്. ദേവീസങ്കല്പത്തെ പുനഃപ്രതിഷ്ഠയിലൂടെ കാവിൽ സ്ഥാപിച്ച തിനുശേഷമുള്ള ഓരോ പ്രതിഷ്ഠാദിനവും ഏറെ ആഘോഷപരമായാണ് കാവധികാ രികൾ നടത്തിവരുന്നത്. ആദ്യകാലങ്ങളിൽ പ്രതിഷ്ഠാദിനം ഇന്നു നടത്തുന്ന അത്രയും വിപുലമായി നടത്തിയിരുന്നില്ലെന്ന് ആവേദകർ പങ്കുവെക്കുന്നുണ്ട്. ദേവിപ്രതിഷ്ഠ നടത്തിയ ദിവസത്തെയാണ് പിന്നീട് പ്രതിഷ്ഠാദിനമായി കൊണ്ടാടുന്നത്. മറ്റ് ഉപദൈവങ്ങൾക്കൊന്നും കാവിൽ പ്രതിഷ്ഠാദിനമോ പ്രത്യേകരീതിയിലുള്ള ആഘോഷ പരമായ ആരാധനാരീതികളോ ഇല്ല. ദേവിയുടെ പ്രതിഷ്ഠയ്ക്ക് കേടുപാടുകൾ സംഭവിച്ച തിനാൽ കാവിൽ പുനഃപ്രതിഷ്ഠ നടത്തി ദേവിയുടെ അലങ്കാരബിംബം സ്ഥാപിക്കു കയുണ്ടായി. ആ പുനഃപ്രതിഷ്ഠാദിനമാണ് ഇന്നും പ്രതിഷ്ഠാദിനമായി ആചരിച്ചുപോ രുന്നത്.

ഉത്സവത്തേക്കാൾ ഭംഗിയായി പ്രതിഷ്ഠാദിനം നടത്തുന്നതിലൊരു സാംഗത്യ മുണ്ട്. ദേവി ഊരായ്മക്കാരായ നായർവിഭാഗങ്ങളുടേത് തന്നെയാണെന്ന് വീണ്ടും വീണ്ടും സ്ഥാപിക്കാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. മണ്ണാറക്കൽ തറവാട്ടിൽ നിന്നും ഉള്ള കീഴാളരായ കെട്ടിയാട്ടക്കാരുടെ ആരാധനാമൂർത്തിയെ ഉത്സവത്തിനായി കൊണ്ടുവന്ന് ഉത്സവം നടത്തിയിരുന്ന രീതിക്ക് മാറ്റം സംഭവിച്ചതിന് ശേഷമാണ് പ്രതിഷ്ഠാദിനം ഇത്ര ആർഭാടകരമായി നടത്താൻ വരേണ്യർ തയ്യാറാവുന്നത്. ആരാധനാമൂർത്തി അവരുടേത് തന്നെയാണെന്ന് സമൂഹത്തിന് മുന്നിൽ സ്ഥാപിക്കുന്ന

തിനായി പ്രതിഷ്ഠാദിനം എന്ന പ്രതീകവ്യവസ്ഥയിലൂടെ അവർ ശ്രമിച്ചുകൊണ്ടിരിക്കു ന്നുണ്ട്. ഓരോ പ്രതീകവ്യവസ്ഥകൾക്കും വ്യത്യസ്തരീതിയിലുള്ള അർത്ഥങ്ങൾ രൂപപ്പെടുന്നതിങ്ങനെയാണ്.

പ്രതിഷ്ഠാദിനം എന്നത് ഒരു പ്രതീകമായാണ് നിലനിൽക്കുന്നത്. ഈ പ്രതീകത്തെ കാവിലെ ചരിത്രപരമായ സംഭവങ്ങളെ മുൻനിർത്തിയാണ് പഠിക്കാൻ ശ്രമിക്കുന്നത്. ചരിത്രത്തിന്റെ ഭാഗമായി നിലകൊള്ളുന്ന ഓരോ പ്രതീകത്തിന്റെ അർത്ഥപൂർത്തീകരണത്തിനും കഴിഞ്ഞുപോയ ചരിത്രത്തെ വിശകലന വിധേയമാക്കേ ണ്ടിവരുന്നുണ്ട്. പ്രതിഷ്ഠാദിനത്തെ സംബന്ധിച്ച് ചരിത്രപരമായ വായനയ്ക്ക് ശ്രമിക്കു മ്പോൾ, ആദ്യകാലങ്ങളിൽ പുല്ലാട്ടുകാവിൽ പ്രതിഷ്ഠാദിനം എങ്ങനെയാണ് നടന്ന തെന്നും ഇന്ന് കാവിലെ പ്രതിഷ്ഠാദിനം ഉത്സവത്തേക്കാൾ മനോഹരമാക്കി നടത്തു മ്പോൾ അതിന്റെ കാരണം എന്താണെന്നും മനസിലാക്കാൻ സാധിക്കുന്നത് പ്രതീകാ പഗ്രഥനത്തിലൂടെയാണ്.

തിറയാട്ടം എന്ന അനുഷ്ഠാനകലാരൂപം വിവിധങ്ങളായ ഘടകങ്ങളുടെ ഉൾച്ചേര ലാണ്. ഒരു പ്രദേശത്തിന്റെ ഒന്നാകെയുള്ള ആഘോഷമാണ് പുല്ലാട്ട് കാവിലെ തിറയാട്ട ഉത്സവം. തിറയാട്ടത്തെ സംബന്ധിച്ചിടത്തോളം അനവധി രീതിയിലുള്ള പ്രതീകങ്ങൾ തിറയാട്ടത്തിന്റെ ഭാഗമായി നിലകൊള്ളുന്നു എന്നതാണ് പ്രധാനകാര്യം. കാവിടത്തിലെ സമൂഹം, കാവിലെ അനുഷ്ഠാനബന്ധമായ ചടങ്ങുകൾ, തിറയാട്ടത്തിലെ മുഖത്തെഴുത്തുകൾ, പുരാവൃത്തങ്ങൾ തുടങ്ങിയ കാര്യങ്ങളെല്ലാം അനേകം അർത്ഥങ്ങൾ ഉള്ളടങ്ങിയിരിക്കുന്ന പ്രതീകങ്ങളാണ്.

പ്രതീകങ്ങളിലൂടെ കാവിടത്തിലെ ജാതിജന്മിത്വ അധീശത്വപരമായ ഇടപെട ലുകളെക്കുറിച്ചുള്ള വ്യക്തമായ ധാരണ ഉണ്ടാവുന്നുണ്ട്. ദ്രാവിഡ സംസ്കാരത്തോട് ചേർന്നുനിൽക്കുന്ന അനുഷ്ഠാന ആചാരങ്ങൾതന്നെയാണ് കാവിന്റെ ഭാഗമായി നിലനിന്നുപോരുന്നത്. ആര്യേതരമായ ആരാധനാസമ്പ്രദായം തന്നെയാണ് കാവിൽ നടക്കുന്നതെങ്കിലും ആര്യാധിനിവേശസംബന്ധമായ ചില ശേഷിപ്പുകൾ ഇന്നും തുടർന്നുപോരുന്നുണ്ട്. അതിന്റെ തെളിവുകളാണ് കാവിൽ നിലനിൽക്കുന്ന ബ്രാഹ്മണാ ധിഷ്ഠിതപൂജാസമ്പ്രദായങ്ങൾ. ഇത്തരം പ്രവണതകളോട് മുഖാമുഖം നിൽക്കുന്ന

രീതിയിലാണ് ദ്രാവിഡാരാധനാസമ്പ്രദായങ്ങൾ കാവിടങ്ങളിൽ നടത്തപ്പെടുന്നത്. 'കലങ്കരി' എന്ന് വടക്കൻജില്ലകളിൽ പറയപ്പെടുന്ന ഈ അനുഷ്ഠാനം ദ്രാവിഡകാലം മുതൽക്കേ കേരളത്തിൽ നടത്തിവരുന്ന 'പൊങ്കൽ' അനുഷ്ഠാനം തന്നെയാണ്. പൊങ്ങുന്നതാണ് പൊങ്കൽ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. സ്ത്രീകൾ അമ്മദൈവാരാധനയുടെ ഭാഗമായി ചെയ്യുന്ന അനുഷ്ഠാനമാണിത്. "അമ്മദൈവാരാധനയുടെ ഭാഗമായ പൊങ്കാല, പൂർവ്വികപ്രസാദം, അടുത്ത കൃഷിയുടെ തുടക്കം, ശുഭപ്രതീക്ഷ എന്നിവയുടെ പ്രതീകമാണ്. അത് പൂർവ്വികാരാധനയുടെയും കാർഷികത്തുടർച്ചയുടെയും സമന്വിത രൂപമാണ്" (ഗോപിനാഥൻ നായർ, 2019: 898). കേരളത്തിന്റെ വടക്കുഭാഗങ്ങളിലുള്ള അമ്മദൈവാരാധനാസമ്പ്രദായം പിന്തുടരുന്ന കാവിൽ കലങ്കരിയെന്ന പേരിൽ നടത്തിവരുന്ന അനുഷ്ഠാനം പൊങ്കാല തന്നെയാണ്. ഈ ആചാരം ദ്രാവിഡർ തുടർന്നു പോന്നിരുന്ന അവരുടെ ആരാധനാസമ്പ്രദായത്തിന്റെ തുടർച്ചയായാണ് ഇന്നും വിലയിരുത്തിപോരുന്നത്. അധീശത്വപരമായ ഇടപെടലുകളിലൂടെ ദ്രാവിഡാരാധനാസമ്പ്രദായങ്ങളുടെ വരേണ്യ രീതിയിലേക്കുള്ള മാറ്റം കണ്ടെത്താൻ ഈ അനുഷ്ഠാനരൂപത്തിലൂടെ സാധിക്കുന്നുണ്ട്. പൊങ്കലാണ് പ്രാചീനരീതി. അതിപ്പോഴും പൊങ്കാലയിടലെന്ന ആചാരത്തിൽ നിലനിൽക്കുന്നു. പൊങ്കൽ എന്ന ദ്രാവിഡ പദത്തിന്, മുളപൊട്ടുന്നത്, ഐശ്വര്യ പ്രദമായത് എന്നീ അർത്ഥങ്ങളിൽനിന്നു പിറന്ന, നല്ല തുടക്കം എന്ന സങ്കല്പമാണുള്ളത്. വെന്തുപൊങ്ങിയുവരുന്നത് എന്ന അർത്ഥമാണ് അതിൽ മുഖ്യം. ദ്രാവിഡാരാധനാസമ്പ്രദായത്തിന്റെ തുടർച്ച തന്നെയാണ് 'കലങ്കരി' എന്ന അനുഷ്ഠാനം. സ്ത്രീകൾക്കാണ് ഈ അനുഷ്ഠാനത്തിൽ ഏറെ പ്രാമുഖ്യം. ദ്രാവിഡ സംസ്കാരത്തിൽ അന്തർലീനമായികിടക്കുന്ന ഗോത്രാചാരസമ്പ്രദായമാണ് 'കലങ്കരി'. ആര്യാധിനിവേശസംബന്ധമായ ഇടപെടലുകൾ ദ്രാവിഡാനുഷ്ഠാനങ്ങളിലൊക്കെയും പ്രകടമായി കാണാൻ സാധിക്കുന്നുണ്ട്. കലങ്കരിയിൽ ബ്രാഹ്മണപൂജാരീതിയെ കൂട്ടിക്കലർത്തുന്നുണ്ട്. അധിനിവേശത്തിന്റെ ഫലമായി വന്നു ചേർന്നിരിക്കുന്ന അനവധി കൂട്ടിചേർക്കൽ ആചാരങ്ങൾ കാവിടങ്ങളിൽനിന്നും കണ്ടെത്താൻ സാധിക്കുന്നുണ്ട്. ഭദ്രകാളി എന്നത് ഒരിക്കലും ബ്രാഹ്മണമതസങ്കല്പമായിരുന്നില്ല. കാവിൽ ആര്യ-ദ്രാവിഡ ആരാധനാരീതികളുടെ സംയോഗം സാധ്യമാവുന്നുണ്ട്. ഒരു തരത്തിലിത് അധീശത്വപരമായ രീതികളിലൂടെ പ്രാബല്യത്തിൽ വന്നുചേർന്നിട്ടുള്ള സംഗതികളാണ്. പ്രതീകവ്യവസ്ഥ എന്ന രീതിയിൽ കലങ്കരിയെ വിശകലനം ചെയ്യുമ്പോൾ

ഇത്രയും കാര്യങ്ങൾ വിശദമായി ഉരുത്തിരിഞ്ഞുവരുന്നുണ്ട്. വിശകലനാത്മക സ്വഭാവ മുള്ള പ്രതീകങ്ങളുടെ അപഗ്രഥനം ചരിത്രവസ്തുതകളെ കണ്ടെടുക്കുന്നതിനായുള്ള പ്രധാന ഹേതുവായി പ്രവർത്തിക്കുന്നുണ്ട്.

വ്രതാനുഷ്ഠാനം കാവനുഷ്ഠാനത്തിന്റെ ഭാഗമായി ചേർന്നു നിൽക്കുന്ന വ്യത്യസ്തമായ ചിട്ടകളുടെ ഭാഗമാണ്. തിറയാട്ട ഉത്സവത്തിനായി കാവിൽ കൊടി കയറിക്കഴിഞ്ഞാൽ കാവുമായി ബന്ധപ്പെട്ട ആളുകൾ മുഴുവനും വ്രതം അനുഷ്ഠിക്കേണ്ട തുണ്ട്. ഊരാളരും കെട്ടിയാട്ടക്കാരും മറ്റ് കാവനുഷ്ഠാനത്തിന്റെ ഭാഗമായി നിലകൊ ള്ളുന്ന ജനവിഭാഗങ്ങളുമാണ് ഇതിലുൾപ്പെടുന്നവർ. കാവാരാധനയുടെ ഭാഗമാവാത്ത വരും കാവിൽ പ്രവേശനം ലഭിക്കാതിരുന്നവരും വ്രതാനുഷ്ഠാനത്തിന്റെ ഭാഗമായിരു ന്നില്ല. കാവധികാരത്തിന്റെയും ആരാധനാ സാധ്യതയുടെയും പ്രതീകമായാണ് വ്രതാനു ഷ്ഠാനം നിലകൊള്ളുന്നത്. ആരാധനയിൽ സ്ഥാനമില്ലാത്തവരും കാവിൽ പ്രവേശനാ നുമതി നിഷേധിച്ചവരും വ്രതാനുഷ്ഠാനത്തിന്റെ പുറത്താക്കപ്പെടുന്നത് ഇതുകൊണ്ടാണ്. വ്രതാനുഷ്ഠാനം വ്യത്യസ്ത നിലകളിലാണ് ഓരോ വ്യക്തിയിലും പ്രവർത്തിക്കുന്നത്. കൃത്യമായ വേർതിരിവുകൾക്കും തുല്യതയില്ലായ്മക്കും ഈ അനുഷ്ഠാനം പലപ്പോഴും കാരണമാകുന്നുണ്ട്. ലിംഗപരമായ വിവേചനം, ജാതിപരമായ വിവേചനം തുടങ്ങിയ വ്യവസ്ഥയിൽ സ്ഥാനപ്പെട്ട് കിടക്കുന്ന ഒന്നാണിത്. ഇത്തരം കർമ്മാനുഷ്ഠാനങ്ങളുടെ അപഗ്രഥനം സാധ്യമാവുന്നത് പ്രതീകവ്യവസ്ഥ എന്നനിലയിൽ ഇവയെ നോക്കി ക്കാണുമ്പോൾ മാത്രമാണ്. വെളിച്ചപ്പാടൻമാരായിട്ടുള്ള കാവധികാരികൾക്കും മറ്റ് ഊരായ്മവിഭാഗങ്ങൾക്കും കെട്ടിയാട്ടക്കാരായവർക്കും കാവനുഷ്ഠാന നടത്തിപ്പിൽ ചേർന്നു പ്രവർത്തിക്കുന്ന മറ്റ് ജാതിവിഭാഗങ്ങൾക്കും എല്ലാം വ്യത്യസ്തമായ രീതിയി ലാണ് വ്രതാനുഷ്ഠാനം നിറവേറ്റേണ്ടിയിരുന്നത്. വൈവിധ്യമായ തലങ്ങളിലൂടെ വ്യക്തി കളെയും ജാതിവിഭാഗങ്ങളെയും വ്രതാനുഷ്ഠാനം വേർതിരിച്ചു നിർത്തുന്നുണ്ട്. സമകാല സാഹചര്യത്തിലും തുടരുന്നത് ഇതേ രീതിതന്നെയാണ്.

"ശരീരവും മനസ്സും വാക്കും കൊണ്ടുചെയ്യുന്ന നിഷ്ഠാവിശേഷം പഞ്ചേന്ദ്രിയ ങ്ങളെയും പൂർണതേജസോടെ നിലനിർത്താനുള്ള ഒരു കർമ്മപദ്ധതിയത്രെ വ്രതാനു ഷ്ഠാനങ്ങൾ. ശരീരത്തെയും മനസ്സിനെയും പാകപ്പെടുത്തുവാൻ അവ പ്രയോജനകര മത്രെ. കുളിച്ച് ശരീരശുദ്ധിവരുത്തുക, ഭസ്മചന്ദനാദികൾ ധരിക്കുക, ശുദ്ധിയുള്ള

വസ്ത്രങ്ങൾ ധരിക്കുക എന്നിവ വ്രതങ്ങളുടെയെല്ലാം പൊതുസ്വഭാവമാണ്. വ്രതാനുഷ്ഠാനം ചെയ്യുന്നവർ മദ്യം, മാംസം തുടങ്ങിയവ ഭക്ഷിക്കുകയോ, അവ സ്പർശിക്കുകയോ ചെയ്യുകയില്ല" (വിഷ്ണുനമ്പൂതിരി, 2010: 821). വ്രതാനുഷ്ഠാനത്തെക്കുറിച്ച് ഫോക്‌ലോർ നിഘണ്ടുവിൽ എം.വി. വിഷ്ണുനമ്പൂതിരി പറയുന്നതിപ്രകാരമാണ്. വ്രതാനുഷ്ഠാനം എന്ന പ്രതീകവ്യവസ്ഥയിൽ ഉൾക്കൊള്ളുന്നത് കാവാചാരത്തെ സംബന്ധിക്കുന്ന കൃത്യതകൾ മുഴുവനുമാണ്. ശരീരത്തെയും മനസിനെയും വാക്കിനെയും ചേർത്തുനിർത്തിക്കൊണ്ടാണ് വ്രതത്തെ സമവായപ്പെടുത്തിയിരിക്കുന്നത്. മദ്യമാംസാദികൾ കഴിക്കാതെയും മറ്റും മനസിനെ നിയന്ത്രിച്ചുകൊണ്ടാണ് ഓരോ മനുഷ്യനും വ്രതാനുഷ്ഠാനകാലം കഴിക്കുന്നത്. ശുദ്ധവും വൃത്തിയും വ്രതത്തിൽ പ്രധാനമാണ്. മുന്നേ നിർണയിക്കപ്പെട്ട ഒരു വഴിയിലൂടെയുള്ള സഞ്ചാരം എന്ന രീതിയിൽ കാവിടങ്ങളിലെ മനുഷ്യർ വ്രതാനുഷ്ഠാനത്തിലൂടെ കടന്നു പോവുന്നു. അരിഭക്ഷണം കഴിക്കാൻ സാധ്യമല്ലാത്ത രീതിയിലാണ് ഭഗവതിത്തിറയുടെ കോലം കെട്ടുന്ന കെട്ടിയാട്ടക്കാരൻ വ്രതം അനുഷ്ഠിക്കേണ്ടത്. മുന്നേ പറഞ്ഞതുപോലെ കാവിടങ്ങളിലെ ഇടപെടലുകൾക്കനുസരിച്ച് വ്രതത്തിൽ ചില മാറ്റങ്ങളോ ക്രമങ്ങളോ ഉണ്ടാവുന്നുണ്ട്. കാവനുഷ്ഠാനത്തിന്റെ ഭാഗമായി മാത്രം ഈ സമ്പ്രദായത്തെ നോക്കിക്കാണാൻ സാധിക്കുന്നില്ല. കൃത്യമായ അജണ്ടകളും മാമൂലുകളും വ്രതാനുഷ്ഠാനത്തിനുണ്ടെന്ന് വ്യക്തമാകുന്നുണ്ട്.

കാവുമായി ബന്ധപ്പെട്ട് നടത്തുന്ന എല്ലാ അനുഷ്ഠാനങ്ങളെയും പ്രതീകങ്ങളായാണ് ഈ പഠനത്തിന്റെ രീതിശാസ്ത്രം കാണുന്നത്. അത്തരം പ്രതീകങ്ങളുടെ വിശകലനാത്മകതലങ്ങൾ ദമനം ചെയ്യപ്പെട്ട ചരിത്രത്തെ നിർമ്മിച്ചെടുക്കാൻമാത്രം ശക്തമാണ്. 'തിറനിശ്ചയം' കാവനുഷ്ഠാനത്തെ സംബന്ധിച്ച് ഏറെ പ്രാധാന്യം അർഹിക്കുന്ന ഒരു ചടങ്ങാണ്. കാവിൽ വർഷത്തിൽ ഒരു തവണമാത്രം നടത്തേണ്ട ഉത്സവദിവസം നിർണയിക്കുന്ന ചടങ്ങിനെയാണ് 'തിറനിശ്ചയം' എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഈ ചടങ്ങ് നടത്തുന്ന ഇടം പലപ്പോഴും പ്രശ്നവൽക്കരിക്കപ്പെടുന്നില്ല. ശക്തമായ ജാതി വേർതിരിവ് കാവ് പരിസരത്ത് തുടരുമ്പോൾ കാവുമായി ബന്ധപ്പെട്ട എല്ലാ ഇടങ്ങളുടേയും രാഷ്ട്രീയം കണ്ടെത്തപ്പെടേണ്ടതും പ്രശ്നവൽക്കരിക്കേണ്ടതുമാണ്. കെട്ടിയാട്ടക്കാരന്റെ തറവാടും കാവും വിരുദ്ധധ്രുവങ്ങളായ ജാതിയുടെ പ്രകടനതലങ്ങളാണ്. രണ്ട് ഇടങ്ങളിലും ജാതി പ്രവർത്തിക്കുന്നത് പലപ്പോഴും വിരുദ്ധങ്ങളായ

നിലകളിലാണ്. കാവിൽവെച്ചോ കെട്ടിയാട്ടക്കാരന്റെ തറവാട്ടിൽവെച്ചോ ആണ് തിറനിശ്ചയം നടത്തപ്പെടുന്നത്. ശുദ്ധവും പരിപാവനവുമായ കാവുപരിസരവും 'അശുദ്ധവും' അവർണർ താമസിക്കുന്നതുമായ കെട്ടിയാട്ടക്കാരന്റെ തറവാടും തമ്മിൽ ഏകാത്മകബന്ധം സ്ഥാപിക്കപ്പെടുന്ന രീതിയിലാണ് 'തിറനിശ്ചയം' എന്ന ചടങ്ങ് നടത്തപ്പെടുന്നത്. ഉത്സവദിവസം മാത്രം കാവിൽ കയറാൻ അനുവാദം കൊടുത്തിരുന്ന കീഴാളരായ കെട്ടിയാട്ടക്കാരന്റെ തറവാട്ടിൽ തിറനിശ്ചയത്തിനായി വരേണ്യവിഭാഗം പ്രവേശിക്കുന്നുണ്ട്. തങ്ങളുടെ ആവശ്യപൂർത്തീകരണത്തിനായിക്കൊണ്ട് ജാതി അയിത്തത്തെ മാറ്റിനിർത്താൻ അവർക്കു കഴിയുന്നുണ്ട്. ഒപ്പം ഉത്സവദിവസം കാവനുഷ്ഠാനത്തിൽ ജാതിയേയും അയിത്തസങ്കല്പത്തേയും ചേർത്തുപിടിക്കാൻ വരേണ്യർ ശ്രമിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. തിറനിശ്ചയം എന്ന പ്രതീകത്തിന്റെ ഉള്ളറകളിൽനിന്നും തെളിഞ്ഞുവരുന്ന സംഗതികൾ ജാതി സൃഷ്ടിക്കപ്പെടുന്നതും പരിപാലിക്കപ്പെടുന്നതും ആവശ്യമുള്ള സമയങ്ങളിലും സന്ദർഭങ്ങളിലും മേലാളരുടെ ആവശ്യാർത്ഥം മാത്രമാണ് എന്നുള്ളതാണ്.

കെട്ടിയാട്ടക്കാർക്ക് കാവിലെ ഉത്സവം നടത്തിക്കഴിഞ്ഞാൽ തുച്ഛമായ വരുമാനം മാത്രമേ കാവിറങ്ങുമ്പോൾ ലഭിച്ചിരുന്നുള്ളൂ. കൃത്യമായ കണക്കും അധ്വാനഫലവും ചോദിക്കാൻ പറ്റാത്ത ഇടമായതിനാൽ ആദ്യകാലങ്ങളിൽ ലഭിക്കുന്നതെന്താണോ അതുകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നിരുന്നു. പണം എന്ന രീതിയിൽ കെട്ടിയാട്ടക്കാർക്ക് 'നിറത്തിന് പണം കൊടുക്കുക' എന്ന ആചാരത്തിലൂടെ മാത്രമേ, വല്ലതും ലഭിച്ചിരുന്നുള്ളൂ. കാവാവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിനു മാത്രമേ അങ്ങനെ ലഭിക്കുന്ന പണം തികയുമായിരുന്നുള്ളൂ. പണം മിച്ചം ഉണ്ടാവുമായിരുന്നില്ല. കാവാവശ്യങ്ങൾ നിറവേറ്റുന്നതിനായി കെട്ടിയാട്ടക്കാരന് പണം നൽകാൻ വരേണ്യർക്ക് സാധിച്ചിരുന്നു. കാരണം ഉത്സവം ഭംഗിയായി നടക്കേണ്ടത് അവരുടെ ആവശ്യമായിരുന്നു. എന്നാൽ ഉത്സവം കഴിഞ്ഞ് പടിയിറങ്ങുന്ന കീഴാളന് നൽകാൻ അവരുടെ കയ്യിൽ പണമുണ്ടായിരുന്നില്ല. ആ സമയം ഈ കർമ്മം ദേശപെരുവണ്ണാന്റെ അവകാശമാണെന്ന വാക്കിൽ ഒതുങ്ങിനിൽക്കാൻ ശ്രദ്ധാപൂർവ്വം അവർ ശ്രമിച്ചു. 'നിറത്തിന് പണം കൊടുക്കുക' എന്ന കർമ്മത്തിൽനിന്നും ഒന്നും ഇല്ലാത്തവർക്ക് കാവാവശ്യങ്ങൾ നിറവേറ്റുന്നതിനായി പണം ആവശ്യമാണെന്ന ധാരണയിൽ എത്തിച്ചേരുന്ന വരേണ്യ

വിഭാഗം ഉത്സവം കഴിഞ്ഞ് മടങ്ങുമ്പോൾ അവർക്ക് ജീവിക്കാൻ വല്ലതും ആവശ്യമാണെന്ന് ചിന്തിക്കാൻ ശ്രമിക്കുന്നില്ല. അനുഷ്ഠാനങ്ങളും ആചാരങ്ങളും മേലാളന്റേത് മാത്രമാവുകയും കീഴാളർ അതിന്റെ നടത്തിപ്പുകാർ മാത്രമാവുകയുമാണ്. 'നിറത്തിന് പണം കൊടുക്കുക' എന്ന പ്രതീകം അനവധി ചിന്തകൾക്ക് വഴി തുറന്നുതരുന്നുണ്ട്. ജാതിയുടെ ഏറ്റവും മൂർത്തമായ തലങ്ങൾ വ്യക്തമാവുന്ന ആചാരമാണ് 'കാവ് തീണ്ടൽ'. ഒരു പ്രതീകം എന്ന നിലയിൽ ജാത്യാധികാരത്തെ സംബന്ധിക്കുന്ന ഏറ്റവും ഹീനമായ പ്രവണതകൾ തുറന്നു കാണിക്കാൻ കാവുതീണ്ടലിനു സാധിക്കുന്നുണ്ട്. ഉത്സവം കഴിഞ്ഞ് ഏഴാമത്തെ ദിവസം ശുദ്ധികലശം നടത്തിക്കഴിഞ്ഞാൽ അടുത്ത വർഷം ഉത്സവദിവസം ആഘോഷവരവോടുകൂടി പെരുവണ്ണാൻ വിഭാഗത്തിന്റെ തറവാട്ടിൽനിന്നും പുറപ്പെടുന്ന വരവ് മറ്റ് ജനങ്ങളോടും ചെണ്ടവാദ്യക്കാരോടും ഒപ്പം കാവിലേക്ക് പ്രവേശിക്കുന്നു. ഈ പ്രവേശനത്തെ 'കാവുതീണ്ടൽ' എന്നാണ് വിവക്ഷിക്കുന്നത്. പരിപാവനമായ ആരാധനാ ഇടത്തിലേക്ക് കീഴാളനായ കെട്ടിയാട്ടക്കാരൻ പ്രവേശിക്കുന്നു എന്നതാണിതിന്റെ സങ്കല്പം. കെട്ടിയാട്ടക്കാരെ ജാതിയിൽ താഴ്ന്നവരായാണ് വരേണ്യർ കാണുന്നത്. അതിലും താഴ്ന്നവരായി മറ്റ് ചില ജാതിസമൂഹങ്ങളെയും വരേണ്യർ പരഗണിച്ചുപോരുന്നുണ്ട്. പെരുവണ്ണാൻ കാവിൽ കയറിയാൽ കാവ് തീണ്ടി. ആയതിനാൽ ഇന്ന് വരേണ്യർ കാവിൽ കയറുന്നതിനായി അധികാരം നല്കിയ എല്ലാ ജാതിക്കാർക്കും കാവിൽ കയറാൻ അവകാശം ലഭിക്കുന്നു. മാത്രവുമല്ല അത്രയും സമയം കാവിൽ താന്ത്രികകർമ്മങ്ങൾ ചെയ്തുകൊണ്ടിരുന്ന നമ്പൂതിരി വിഭാഗവും പെരുവണ്ണാൻ കാവിൽ കയറിയാൽ തൊടാതെ അശുദ്ധമാവുമെന്ന സങ്കല്പത്തിൽ മാറിനിൽക്കുന്നു. ദ്രാവിഡാരാധനാപാരമ്പര്യത്തിന്റെ ഭാഗമായിരുന്ന കാവിടത്ത് ബ്രാഹ്മണികപൂജാസമ്പ്രദായവും ദ്രാവിഡ ആരാധനാക്രമവും ഒരേരീതിയിൽ സംയോഗസാധ്യമാവുന്നു. 'കാവ് തീണ്ടൽ' എന്ന ചടങ്ങ് കീഴാളനെ തികച്ചും താഴ്ന്നവരായാണ് പരിഗണിച്ചുപോരുന്നത്.

## 2.5 പുല്ലാട്ട്കാവ്: പുരാവൃത്തപഠനം

"മിത്തുകൾ പഴങ്കാലത്തിന്റെ ഓർമകുറിപ്പുകളോ സ്വപ്നങ്ങളോ മാത്രമല്ല, ഓരോ കാലഘട്ടത്തിലും അതിന്റെ ധർമ്മങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന കല്ലെഴുത്തുകളാണ്. ചരിത്രത്തിന്റെ ഓരോ മുന്നേറ്റവും അതിന്റെ സൽമിത്തുകളും ദുർമിത്തുകളും

സൃഷ്ടിക്കുകയുണ്ടായി. കാലത്തിന്റെ വിശ്വാസസംഹിതയുടെ ചൈതന്യരൂപമായ മിത്തുകൾ സമഗ്രജീവിതദർശനത്തിന്റെ ത്രിമാനശില്പങ്ങളാണ്" (രാജഗോപാലൻ, 2007: 151).

മിത്തുകളെ ഉന്നതപുരാവൃത്തങ്ങൾ, താഴ്ന്ന പുരാവൃത്തങ്ങൾ എന്നിങ്ങനെ തരംതിരിക്കുന്നുണ്ട്. വലിയ ഭൂപ്രദേശത്ത് പല ദേശീയതകൾ വിപുലമായി വിശ്വസിക്കുന്ന മിത്തുകളാണ് ഉന്നതപുരാവൃത്തങ്ങൾ. താഴ്ന്ന പുരാവൃത്തങ്ങളാകട്ടെ ഒരു പ്രത്യേക ദേശത്തെ സാമാന്യജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ കാര്യംതന്നെ രാഘവൻ പയ്യനാട് ഉച്ചപുരാവൃത്തം, അപരപുരാവൃത്തം എന്നിങ്ങനെ വർഗീകരിക്കുന്നുണ്ട്. ഉച്ചപുരാവൃത്തം കേരളമെന്ന ഒരു ദേശം മുഴുവൻ കേട്ടുകേൾവിയുള്ള ചില പുരാവൃത്തത്തെക്കുറിച്ച് പറയുന്നതും അപരപുരാവൃത്തം ചില പ്രദേശങ്ങളിൽ മാത്രം കാണുന്ന പുരാവൃത്തങ്ങളെക്കുറിച്ച് പറയുന്നതുമാണ് (രാഘവൻ, 2019: 166). കുട്ടിച്ചാത്തനെ സംബന്ധി ക്കുന്ന മിത്ത് ഒരു അപരപുരാവൃത്തമാണ്. ചില പ്രത്യേക ഇടങ്ങളിൽ മാത്രമേ നാം ഈ മിത്ത് കാണുന്നുള്ളൂ. ഇത്തരം മിത്തുകൾ ദേശമിത്തുകളാണ്. സാമാന്യജനങ്ങളുടെ ആചാരനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് ദേശമിത്തുകളുടെ നിലനില്പ്. ഉന്നത പുരാവൃത്തങ്ങളും താഴ്ന്ന പുരാവൃത്തങ്ങളും പലപ്പോഴും സംഘർഷത്തിലേർപ്പെടാറുണ്ട്. പ്രാദേശികമിത്തുകളിന്മേൽ പലപ്പോഴും ഉന്നതമിത്തുകൾ സ്വാധീനം ചെലുത്തുന്നതായി കാണാം. അങ്ങനെ പ്രാദേശിക മിത്തുകളെ കീഴടക്കുകയും സ്വാംശീകരിക്കുകയും ചെയ്യുന്നു. ദ്രാവിഡവും തികച്ചും കേരളീയവുമായ മിത്തുകൾ സമൂഹത്തിൽനിന്ന് നഷ്ടപ്പെടുകയും രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്നതിൽ ഉന്നതമിത്തുകൾക്കും സവിശേഷ സ്ഥാനം തന്നെയുണ്ട്. ഒരു തരത്തിൽ പറഞ്ഞാൽ കുട്ടിച്ചാത്തന്റെ മിത്ത് അപരപുരാ വൃത്തത്തിൽ നിന്നും ഉച്ചപുരാവൃത്തത്തിലേക്കുള്ള പാതയിലാണെന്ന് പറയാം. കാരണം നാട്ടുസംസ്കൃതിയിലെ സവിശേഷസങ്കല്പമായ ചാത്തൻ പൗരാണികകാലത്തെ പരുഷജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നുത്ഭവിച്ച സാംസ്കാരികപ്രതിഷേധമാണ്. എന്നാൽ ഇന്ന് ചാത്തൻവിശ്വാസത്തിന് പലതരത്തിലുള്ള മാനങ്ങൾ രൂപപ്പെട്ടുവരുന്നുണ്ട്. അതിലൊന്നാണ് വരേണ്യർ വിഷ്ണുമായ എന്ന പേരിൽ ചാത്തനെ ആരാധിക്കുന്നത്. അങ്ങനെ നാടൻ ഇതിഹാസത്തിന്റെ അടിത്തറയിൽ വരേണ്യമിത്തുകൾ സ്ഥാപിക്കപ്പെടുന്നു. പിന്നീട്

നാടൻ മിത്തുകൾ മായ്ക്കപ്പെടുകയും വരേണ്യമിത്തുകൾ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. "ആധുനിക മാധ്യമങ്ങളും അക്ഷര സാഹിത്യവ്യവസായങ്ങളും ഉന്നതമായ ദേശീയപുരാവൃത്തങ്ങൾ മാത്രം പ്രചരിപ്പിക്കുന്നു. ഇന്ത്യയിലെ ഗോത്രവർഗങ്ങളുടെയും കർഷകരുടെയും ഗ്രാമീണപുരാവൃത്തങ്ങൾ സംസ്കാരത്തിന്റെ മുഖ്യസംവാദങ്ങൾക്ക് പുറത്താണ്" (രാജഗോപാലൻ, 2007: 155). അങ്ങനെ വരുമ്പോൾ ഇപ്പോൾ നിലനിൽക്കുന്ന ഈ പുരാവൃത്തത്തെ വലിയ ഒരു പ്രദേശത്തെ ജനങ്ങൾ മനസിലാക്കാനും ഉൾക്കൊള്ളാനും ഉള്ള ശ്രമം നടക്കുമ്പോൾ അപരപുരാവൃത്തമെന്ന് ഇന്നറിയപ്പെടുന്ന ഈ പുരാവൃത്തം ഉച്ചപുരാവൃത്തമായി മാറ്റപ്പെടുന്നു. അതാണ് കുട്ടിചാത്തന്റെ മിത്ത് അപരപുരാവൃത്തത്തിൽനിന്നും ഉച്ചപുരാവൃത്തത്തിന്റെ സഞ്ചാരപാതയിലാണെന്ന് സൂചിപ്പിച്ചത്.

പരിണാമം സംഭവിക്കുന്നത് സാമൂഹികമായ പല രീതികളിലൂടെയുമാണ്. അധികാരവും വിശ്വാസവും ഐതിഹ്യവും ചരിത്രവും എല്ലാംകൂടി നിലനിൽക്കുന്ന സാമൂഹികപരിസരങ്ങളിൽ പലപ്പോഴും അധികാരത്തിന് മുൻതൂക്കം കൂടുന്നു. അവിടെ അധ:സ്ഥിതന്റെ മിത്തുകൾക്കും ആരാധനാസമ്പ്രദായത്തിനും പരിവർത്തനത്തിന് വിധേയമാവേണ്ടിവരുന്നു. അങ്ങനെ അനേകം പാഠങ്ങളുള്ള ഒന്നായി അത് മാറുന്നു. ഇവിടെ ഓരോ കൂട്ടിച്ചേർക്കലുകളുടെയും അർത്ഥം വ്യക്തമായി മനസിലാക്കേണ്ടതുണ്ട്. പുല്ലാട്ടുകാവുമായി ബന്ധപ്പെട്ട് വാമൊഴിയായി പറഞ്ഞുപോരുന്ന കുട്ടിച്ചാത്തന്റെ മിത്തിനെ സവിശേഷമായി വ്യാഖ്യാനിക്കേണ്ടതുണ്ട്.

ചാത്തന്റെ പുരാവൃത്തത്തിന് പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും തലങ്ങളുണ്ട്. നിലനിന്നുപോന്നിരുന്ന സാമൂഹികവ്യവസ്ഥിതിയോട് കലഹിച്ച ഒരാളാണ് ചാത്തൻ. പണിയെടുപ്പിച്ച് കൂലി നല്കാത്ത ജന്മിസമ്പ്രദായത്തിനെതിരെ ചാത്തൻ പ്രതികരിച്ചു. ഊണ് കാലാവുമ്പോൾ മൃഷ്ടാന്നഭോജനം നടത്തുന്ന ജന്മിയുടെ അതേ വിശപ്പുതന്നെയാണ് കാലിയെ മേയ്ച്ച് പണിയെടുക്കുമ്പോ തനിക്കും ഉള്ളതെന്ന് ജന്മിയെ ബോധ്യപ്പെടുത്താൻ ചാത്തൻ ശ്രമിച്ചു. അതാണിവിടെ സ്വന്തം തീരുമാനത്തിൽ കന്നിനെ അറുത്ത് ചോര കുടിച്ചു എന്ന് ഐതിഹ്യത്തിൽ പറയുന്നത്. അടിമകളെപ്പോലെ തന്റെ ജോലിക്കാരെകൊണ്ട് ജോലി എടുപ്പിച്ചിരുന്ന ജന്മിസമ്പ്രദായത്തെ തന്നാലവുംവിധം എതിർത്തതിന്റെ ചരിത്രമാണ് ചാത്തന് പറയാനുള്ളത്.

ബ്രാഹ്മണബോധത്തിൽ ചാത്തൻ ചെയ്ത പ്രവൃത്തി ധിക്കാരമായിട്ടാണ് കണക്കാക്കപ്പെട്ടത്. കാരണം ബ്രാഹ്മണിക് ഹിന്ദുമതത്തിൽ ആദ്യകാലങ്ങളിൽ ഗോഹത്യ നിലവിലുണ്ടായിരുന്നുവെങ്കിലും പിന്നീട് ബൗദ്ധ-ജൈനമതങ്ങളുടെ ഇടയിൽ നിലനിൽപ്പിനുവേണ്ടി ബ്രാഹ്മണർ ഗോഹത്യ നിരോധിച്ചു. തുടർന്ന് ഈ കാലഘട്ടംവരെ അത് തുടർന്നുപോരുകയും അവർ പശുവിനെ ഗോമാതാവാക്കുകയും ചെയ്തു. 'എരുമദേശീയത' എന്ന ഗ്രന്ഥത്തിൽ കാഞ്ചാ ഏലയ്യ പറയുന്നു. "എരുമകളാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ പാൽ നൽകുന്നത് എന്നതാണ് വസ്തുത. എന്നിട്ടുപോലും ഹിന്ദുത്വശക്തികൾ വാദിക്കുന്നത് പശുസംരക്ഷണം ഒരു വിശ്വാസത്തിന്റെയും വൈകാരികതയുടെയും പ്രശ്നമാണ് എന്നാണ്. അയോദ്ധ്യയിലാണ് രാമന്റെ ജനനം എന്ന് പറയുന്നതുപോലെ. എന്തുകൊണ്ട് പശുവല്ലാതെ എരുമ ഒരു ഹിന്ദു ആത്മീയ മൃഗമായി മാറിയില്ല. കാരണം വളരെ നിസ്സാരമാണ്. എരുമ ഒരു കറുത്ത മൃഗമാണ്. കറുത്ത മനുഷ്യരെന്നനിലയിൽ ദ്രാവിഡർക്ക് ഒരിക്കലും ഒരു ആത്മീയപദവി നൽകിയിരുന്നില്ല എന്നതുപോലെ ഒരു കറുത്ത മൃഗമായിരുന്നതിനാൽ എരുമയ്ക്ക് അതുപോലൊരു സ്ഥാനവും ലഭിച്ചില്ല. ബ്രാഹ്മണീയഹിന്ദുസാഹിത്യം ബ്രാഹ്മണരെ ഭൂദേവന്മാരായും പശുവിനെ ഗോമാതാവായും ഉയർത്തിക്കാട്ടിയതിനു കാരണം വെളുപ്പ് ആയിരുന്നു എന്നതുകൊണ്ടും അത് അവരുടെ മുഖ്യഭക്ഷണമായിരുന്നു എന്നതുകൊണ്ടുമാണ്" (ഐലയ്യ, 2017: 12). ഇത്തരം കണ്ടെത്തലുകൾ ഇന്നിന്റെ അനിവാര്യതയാണ്. ബ്രാഹ്മണിക്-വരേണ്യപാരമ്പര്യത്തോട് എത്രമാത്രം കലഹിച്ച ഒരാളാണ് ചാത്തൻ എന്നത് ഗോവധവുമായി ചേർത്ത് വായിക്കാവുന്നതാണ്. വർത്തമാനകാല ഇന്ത്യൻ ജീവിതപരിസരങ്ങളിലും അന്നെന്നപോലെ ഗോഹത്യ കുറ്റകരമായ, ബ്രാഹ്മണിക് ബോധത്തിന് അനിഷ്ടം ഉളവാക്കുന്ന പ്രവൃത്തിയായി മാറ്റമില്ലാതെ നിലകൊള്ളുന്നു. ഗോക്കൾ ഹിന്ദുമതവുമായി അത്രമേൽ ദൃഢബന്ധത്തിലേർപ്പെട്ടിരിക്കുന്നു. പശുവിനെ ഗോമാതാവായി ചിത്രീകരിക്കുന്ന സാമൂഹികപരിസരമാണ് ഇന്ന് ഇന്ത്യയിൽ. മനുഷ്യനെക്കാൾ വിലയുണ്ട് പശുക്കൾക്ക്. ഇന്ത്യൻ സാഹചര്യത്തിൽ പെറ്റമ്മയേക്കാൾ പശുവിനെ മഹത്വവത്ക്കരിച്ച് ഗോമാതാവ് എന്ന സങ്കല്പത്താൽ യുക്തീഹീനമായ നിലപാടുകൾ ചിലർ സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ടു തന്നെയാണ് ഗോമാംസം ഇന്ത്യയിൽ നിരോധിച്ചിരിക്കുന്നത്. ഗോമാംസം ഉപയോഗിക്കുന്നു എന്ന്

സംശയം തോന്നുന്നവരെപ്പോലും കാലപുരിക്ക് അയക്കുന്ന രാഷ്ട്രീയനിലപാടുകളാണ് ഇന്ത്യ ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. വർഗീയമായ കാഴ്ചപ്പാടിലൂടെയാണ് ഈ മൃഗത്തെ അവർ സ്ഥാനപ്പെടുത്തിയിരിക്കുന്നത്. മുസ്ലീങ്ങളുടെ കടന്നുവരവോടു കൂടിയാണ് ഇന്ത്യയിൽ ഗോമാംസഭക്ഷണം ആരംഭിച്ചത് എന്ന തീവ്രഹിന്ദുത്വ നിലപാടുകളാണ് അവർ ഉറപ്പിച്ചെടുക്കാൻ ശ്രമിക്കുന്നത്. എന്നാൽ വേദങ്ങളും ഉപനിഷത്തുകളും മറ്റ് നിയമഗ്രന്ഥങ്ങളും മുൻനിർത്തി ഇന്ത്യയിൽ നൂറ്റാണ്ടുകൾക്കു മുൻപ് തന്നെ ഗോവധവും ഗോമാംസാഹാരവും നിലനിന്നിരുന്നു എന്ന് തെളിയിക്കാൻ സാധിക്കും. ഗോമാതാവ് എന്ന സാങ്കല്പികമാതൃബിംബത്തിലൂടെ ഇന്ന് ഇന്ത്യയിൽ കൊലപാതകങ്ങളും വർഗീയലഹളകളും നടക്കുന്നു. വൈദികകാലം മുതൽക്കുതന്നെ ഗോമാംസം ഉപയോഗിച്ചിരുന്നു എന്ന് ഇപ്പോൾ വിശ്വസിക്കാൻ പോലും പലരും കൂട്ടാക്കുന്നില്ല. എന്നാൽ ആദ്യകാലഗ്രന്ഥങ്ങൾ പരിശോധിക്കുമ്പോൾ ഗോമാംസത്തെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാൻ സാധിക്കുന്നുണ്ട്. മനുസ്മൃതിയിലും മറ്റും ഗോഹത്യ പാപമായി കരുതിയിരുന്നില്ല.

ഭക്ത്യാരാധനയിലൂടെ ഗോവധത്തെ കൊണ്ടുനടന്നിരുന്ന ഒരു മതം പിന്നീടങ്ങോട്ട് ഗോഹത്യ പാപമാണെന്ന് പ്രചരിപ്പിക്കാൻ കാരണമായ സാമൂഹിക സാംസ്കാരികപരിസരം കണ്ടെത്തേണ്ടതാണ്. ഗോഹത്യയിലൂടെയും മറ്റനവധി പീഢനസംസ്കാരത്തിലൂടെയും നിലനിന്നുപോന്നിരുന്ന ബ്രാഹ്മണിക് മതത്തിന് ബദലായി അന്ന് ഇന്ത്യയൊന്നാകെ ശക്തമായ അനുഭാവം നിലനിന്ന ബുദ്ധജൈനമതങ്ങളിലേക്ക് ജനങ്ങൾ ആകൃഷ്ടരാവാൻ തുടങ്ങി. ഈ പ്രവണതയെ ചെറുക്കാനായി ബ്രാഹ്മണിക്ക് ഹിന്ദുത്വം മതപരിഷ്കരണരൂപേണ കൊണ്ടുവന്ന ആശയമാണ് ഗോഹത്യാവർജനം. അഹിംസാമാനദണ്ഡങ്ങളിലൂടെ പ്രവർത്തിക്കുന്ന മതങ്ങൾക്കിടയിൽ നിലനിൽപിനായി ബ്രാഹ്മണിസത്തിന് തങ്ങളുടെ മതത്തിലെ ഹിംസാത്മകമായ സകലതിനെയും പരിഷ്കരിക്കേണ്ടിവന്നു. അഹിംസാത്മകതയെ പിന്തുടരുന്ന മതങ്ങൾക്കുമുന്നിൽ അവരത് ചെയ്യാൻ നിർബന്ധതരായി. "ബുദ്ധിസം പോലെ തന്നെ ജൈനിസവും വേദകാലമൃഗബലിയെ നിരാകരിക്കുകയും അഹിംസയ്ക്ക് ഊന്നൽ കൊടുക്കുകയും ചെയ്തു. മൃഗങ്ങളോട് ബുദ്ധിസത്തിന്റെ അതെ മനോഭാവമാണ് ജൈനിസവും പുലർത്തിയിരുന്നത്, മോക്ഷത്തിന്റെ സാധ്യതയില്ലാത്തവരായാണ് മൃഗങ്ങൾ ജൈനിസത്തിലും വീക്ഷിക്ക

പ്പെട്ടിരുന്നത് (Paul Dundas, 1992: 190). സ്വയം ചില മാറ്റങ്ങൾക്ക് വിധേയരാവാൻ തയ്യാറാവേണ്ടിവന്നതിന്റെ ഫലമായി അഹിംസാധിഷ്ഠിതമായി ചിന്തിക്കാൻ ഹിന്ദു മതാനുഭാവികൾ നിബന്ധിതരായി. തുടർന്നങ്ങോട്ട് മൃഗബലി ക്രിയകൾ നിരോധിക്കുക യാണുണ്ടായത്. ഇതാണ് ചരിത്രപരമായ യാഥാർത്ഥ്യം. ഈ സവിശേഷസന്ദർഭ ത്തിലെവിടെയോ ആണ് കുട്ടിച്ചാത്തന്റെ കഥ നടന്നിട്ടുള്ളത്. സ്വയം വിശപ്പടക്കാൻ ശ്രമിക്കുന്ന അധ:സ്ഥിതൻ ഗോഹത്യക്ക് മുതിരുന്നു. തങ്ങൾ യാഗങ്ങൾക്കും യജ്ഞ ങ്ങൾക്കുംവരെ സ്വീകരിച്ചിരുന്ന ഒരു മൃഗത്തെ ഇത്ര ലാഘവത്തോടുകൂടി ഉപയോഗ പ്പെടുത്താൻ ശ്രമിച്ച ചാത്തന്റെ പ്രവൃത്തി ബ്രാഹ്മണന് സഹിക്കാവുന്നതിലും അപ്പുറമാ യിരുന്നു. ശക്തമായ ജാതിശ്രേണിയിൽ ദൃഢമായൊരു കാലഘട്ടത്തിലാണ് ചാത്തൻ പ്രതിരോധത്തിന്റെ കരുത്തായി ഉയർന്നു വന്നത്. തികച്ചും അടിയാളനായിത്തന്നെ ജീവിച്ചിരുന്ന ഒരുവന്റെ പ്രതിഷേധമാണ് ചാത്തന്റെ ജീവിതത്തിലൂടെ ദൃശ്യമാവുന്നത്.

### 2.5.1 കുട്ടിച്ചാത്തന്റെ പ്രതിരോധം

ദളിതൻ ആയി ജീവിച്ച് മരണശേഷം തിറയാട്ടകോലമായി ആചരിച്ചുപോരുന്ന ഒരു ദൈവസങ്കല്പത്തിന്റെ പേരാണ് കുട്ടിചാത്തൻ. അടിയാളനായി ജീവിച്ച് അടിയാ ളനായി മരിച്ച ഈ ദൈവം തന്നാലാവും വിധം നിലനിന്നുപോന്നിരുന്ന വ്യവസ്ഥിതി ക്കെതിരെ കലഹിച്ചിരുന്നു. വെള്ളവും ഭക്ഷണവും കൊടുക്കാതെ അടിയാളരെ പാടത്ത് പണിയെടുപ്പിച്ചിരുന്ന മേലാളവിഭാഗത്തിന്റെ ഹീനമായ പ്രവർത്തിക്കെതിരെ ശക്ത മായി പ്രതികരിച്ച ചാത്തന് ബലി നല്കേണ്ടിവന്നത് തന്റെ ജീവൻതന്നെയാണ്. വിശന്നു ഭക്ഷണം കിട്ടാതെ വലഞ്ഞ അവസരത്തിൽ ചാത്തൻ ശക്തമായ ഒരു തീരുമാനം എടുക്കുന്നു. തന്റെ മനസിലെ പ്രതിരോധവും പ്രതിഷേധവും ആ തീരുമാന ത്തിൽ ഉൾച്ചേർന്നിരിക്കുന്നു. മേയ്ക്കാനായി തന്നെ ഏൽപ്പിച്ച കന്നുകാലികളിൽ ഒരു കന്നിന്റെ കഴുത്തറുത്ത് ചോര കുടിച്ച് ചാത്തൻ തന്റെ വിശപ്പു മാറ്റുന്നു. തന്നെ പണിക്കയച്ച് പട്ടിണിക്കിട്ട ബ്രാഹ്മണനോട് ചാത്തൻ ഈ വിധം ആണ് പ്രതികരി ച്ചത്. അങ്ങനെയാണ് കുട്ടിചാത്തന്റെ പുരാവൃത്തം ഒരു പ്രതിരോധത്തിന്റെ പുരാവൃത്തം ആയിത്തീരുന്നതും തിറയാട്ടക്കോലമായി ആചരിച്ചുപോന്നതും. ബ്രാഹ്മണർ ചാത്തനെ കൊല ചെയ്യുമ്പോൾ ചാത്തൻ ഇരയായി ഒടുങ്ങിപോവുകയല്ല ചെയ്യുന്നത്. മറിച്ച് തന്റെ പ്രതിരോധതലങ്ങൾ വികസിപ്പിക്കുകയാണ് ചെയ്യുന്നത്. പുരാവൃത്തത്തിൽ പറയുന്നതു

പോലെ കുട്ടിചാത്തൻ പൂക്കുട്ടി, കരിങ്കുട്ടി, പറക്കുട്ടി എന്നിങ്ങനെ പലതായിപ്പിരിഞ്ഞ്. ബ്രാഹ്മണനെ ഉപദ്രവിച്ചുകൊണ്ടിരുന്നു. ഇങ്ങനെ പലതായി പിരിഞ്ഞ് കുട്ടിചാത്തൻ കരുത്തായി തീരുകയും അത് വ്യവസ്ഥിതിക്ക് എതിരെ പ്രതികരിക്കുകയും ചെയ്തു. മരണശേഷം താൻ അനുഭവിച്ച പീഢനങ്ങൾക്കെതിരെ ചാത്തൻ പ്രതികരിച്ചുകൊണ്ടേയിരുന്നു. അങ്ങനെ ചാത്തന്റെ ആത്മാവിന് നമ്പൂതിരി ദൈവികപരിവേഷം നൽകുകയാണ്. നമ്പൂതിരിയെ സംബന്ധിച്ചിടത്തോളം ചാത്തൻ തികച്ചും ഒരു നിഷേധി ആയിരുന്നു. അയാൾ ഇറച്ചി തിന്നുക, ചോര കുടിക്കുക തുടങ്ങിയ പ്രവർത്തികൾ ചെയ്ത് ഇല്ലത്ത് എത്തിച്ചേരുന്നു. ഇങ്ങനെ ഒരു നിഷേധിയായ ചാത്തനെ തന്റെ പ്രത്യയശാസ്ത്രത്തിന്റെ ഭാരത്താൽ ഒരിക്കലും അംഗീകരിക്കാൻ ബ്രാഹ്മണന് സാധിച്ചില്ല. ബ്രാഹ്മണപ്രത്യയശാസ്ത്രത്തിന്റെ നേർ വിപരീതമായിട്ടാണ് ചാത്തന്റെ ഗോഹത്യയുടെ കഥ വരുന്നത്. ഏതുവിധേനയും ചാത്തനെ വധിച്ചതിനുശേഷം തുണ്ടം തുണ്ടമാക്കി കത്തിക്കുക കൂടി ചെയ്തു. അങ്ങനെ തീയിലിട്ടപ്പോഴാണ് ചാത്തൻ പലതായി ചിതറിയത്. ചിതറൽ ഒരു ദളിത് സങ്കല്പമാണ്. ഇത്തരത്തിലുള്ള പ്രതിരോധങ്ങളും അധിനിവേശത്തോടുള്ള ചെറുത്ത് നിൽപ്പുകളും കാലാകാലങ്ങളിലും തുടർന്നുപോന്നു. സന്നിഹിതഭൂതകാലത്തിൽ പോലും ഇത്തരം വിപ്ലവാത്മകമായ പ്രവർത്തനങ്ങൾ കീഴാളപക്ഷത്തുനിന്നും തുടർന്നുകൊണ്ടിരുന്നു. അതിനുദാഹരണമാണ് കുളം തീണ്ടിയാൽ അയിത്തമാവുമെന്ന വരേണ്യരുടെ നിലപാടിനെതിരെ സ്വന്തമായി തങ്ങളുടേതായ രീതിയിൽ ആരാധന നടത്താൻ കീഴാളവിഭാഗം തയ്യാറാകുന്ന മണ്ണാറക്കൽ കാവിന്റെ കഥ. ഈഴവശിവനെ പ്രതിഷ്ഠിച്ച നവോത്ഥാനപാരമ്പര്യമാണ് മാറ്റിനിർത്തപ്പെട്ടവരുടെ ചരിത്രം.

### 2.5.1.1 ദളിത് സൗന്ദര്യശാസ്ത്രം

കുട്ടിച്ചാത്തന്റെ ഐതീഹ്യത്തിൽ പ്രതിരോധത്തിന്റെ ദളിത് സൗന്ദര്യശാസ്ത്രം കാണാം. ഇതിന് രണ്ട് മാനങ്ങളുണ്ട്. ഒന്ന് അത് എപ്പോഴും ഇരകളാണ് എന്ന സങ്കല്പം, രണ്ട് അതിന്റെ പ്രതിരോധതലങ്ങളിലേക്ക് ഉള്ള വളർച്ച. കുട്ടിച്ചാത്തന്റെ പുരാവൃത്തത്തിൽ പ്രതിരോധത്തിന്റെ തലമാണ് പ്രവർത്തിക്കുന്നത്. തങ്ങൾക്ക് എന്തെല്ലാമാണോ ലഭ്യമായിട്ടുള്ളത് അതിൽനിന്നെല്ലാം പ്രതിരോധത്തിന്റെ ആയുധങ്ങൾ സൃഷ്ടിക്കുകയാണിവിടെ. ചാത്തൻ മരണശേഷം ദൈവമായി പരിവർത്തനപ്പെട്ടു. ശേഷം

ബ്രാഹ്മണന്റെ ഇല്ലത്ത് ചാത്തൻ അനിഷ്ടങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നു. ദളിത് ജീവിതത്തിന്റെ പ്രതിരോധത്തിന്റെ ആദ്യത്തെ പഥികനാണ് കുട്ടിച്ചാത്തൻ. ദളിതരുടെ ഇടയിൽനിന്നും ഉയർന്നുവന്ന ഈ വിപ്ലവകാരിയെ അവരിന്നും തിറകെട്ടി ആരാധിച്ചുവരുന്നു. വീരദൈവാരാധനാ സങ്കല്പത്തിലാണ് ചാത്തനിന്ന് ആരാധിക്കപ്പെടുന്നത്. മാംസവും മദ്യവും ചാത്തന് നിവേദ്യമാവുന്നു. പ്രധാനമായും കീഴാളദൈവം എന്ന തലത്തിലാണ് ചാത്തനെ സ്ഥാനപ്പെടുത്തിയിരുന്നതെങ്കിലും ഉത്തമപൂജാസങ്കേതത്തിലൂടെ വരേണ്യരും ഇന്ന് ചാത്തനാരാധനയിൽ മുൻപന്തിയിലാണ്. കീഴാളരുടെ ദൈവികാചാരങ്ങളും ആരാധനാക്രമങ്ങളും ബ്രാഹ്മണിക് ഹിന്ദുത്വ ആരാധനരീതിയിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു എക്കാലവും. ശിവൻ, വിഷ്ണു പോലുള്ള ദൈവനാമങ്ങളൊന്നുംതന്നെ ആദ്യതലമുറ കേട്ടിട്ടുപോലുമില്ലായിരുന്നു. അവരുടെ ആരാധനാമൂർത്തികളെല്ലാം തന്നെ ചാത്തനെപ്പോലുള്ളവരായിരുന്നു.

ഹിന്ദുത്വദർശനവും സംസ്കാരവും കീഴാളരുടേതിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു. വ്യത്യസ്ത ധ്രുവങ്ങളിലായിരുന്നു ഇരുജനതയും. ജന്മിയുടെയും ബ്രാഹ്മണപ്രഭുക്കന്മാരുടെയും അടിമകളായി ജീവിച്ചിരുന്നവർക്ക് മനുഷ്യനെന്ന പരിഗണനപോലും പലപ്പോഴും ലഭിച്ചിരുന്നില്ല. പിന്നെങ്ങനെയാണ് ഇത്തരം മേലാളന്മാർ വിശ്വസിക്കുന്ന മതത്തിന്റെ ഭാഗമാവാൻ അവർക്ക് കഴിയുക. മര്യാദയ്ക്ക് അലക്കാനോ കുളിക്കാനോവരെ സാധ്യമല്ലാതിരുന്ന ഒരു ജനതയ്ക്ക് എങ്ങനെയാണ് മതപരമായി കുളിയും ജപവും ഹോമവുമൊക്കെയായി നടക്കുന്ന ഒരു ജനതയുടെ ഭാഗമാകാൻ കഴിയുന്നത്. 1990 മുതലാണ് ഹിന്ദുത്വം എന്ന വാക്ക് നിരന്തരമായി കേട്ടു തുടങ്ങിയത്. ഇന്ത്യയിലെ മുസ്ലിം, ക്രിസ്ത്യൻ, സിഖ് തുടങ്ങിയ മതങ്ങളിലൊന്നും വിശ്വസിക്കാത്ത ആളുകളെല്ലാം ഹിന്ദുമതത്തിന് കീഴിലാണെന്ന രീതിയിൽ ഹിന്ദുമതം ഒട്ടുമിക്ക ജനവിഭാഗങ്ങളെയും അവരുടെ മതത്തിനുകീഴെ ചേർത്തുവയ്ക്കാൻ തുടങ്ങി, അങ്ങനെയാണ് ദളിതരും ഹിന്ദുമതത്തിന്റെ ഭാഗമാവുന്നത്. കാഞ്ചാ ഏലയ്യ 'ഞാനെന്തുകൊണ്ട് ഹിന്ദുവല്ല' എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ പറയുന്നു. "ഞങ്ങൾ ദളിത് ബഹുജനങ്ങൾ ഹിന്ദുവെന്നത് ഒരു വാക്കായോ സംസ്കാരമായോ മതമായോ ഞങ്ങളുടെ കുട്ടിക്കാലത്തൊന്നും കേട്ടിട്ടുകൂടിയുള്ളതല്ല" എന്ന്. ഹിന്ദുമതം അനവധി ജാതിവിഭാഗങ്ങൾ ഉൾച്ചേർന്ന ഒരു മതമാണ്. ഈ മതത്തിലുള്ള പല ജാതികളും തമ്മിൽ തൊടുകപോലുമില്ല. തൊട്ടാൽ

അയിത്തമാവുമെന്ന സങ്കല്പമായിരുന്നു അവർക്ക്. ജീവിതരീതിയിലും സംസ്കാരത്തിലും ഏറെ വൈവിധ്യം പുലർത്തിയിരുന്നു. ദളിത് ബഹുജനങ്ങളുടെ ദൈനംദിനജീവിതാനുഭവം തികച്ചും നരകതുല്യമായിരുന്നു. "മേൽജാതിക്കാരനായ മേലാളനു മുന്നിൽ വിറയ്ക്കണമെന്ന് അവർ കുട്ടിക്കാലത്തേ പഠിക്കുന്നു. മാദിഗകൾക്കോ ചാക്കലികൾക്കോ മാംഗലികൾക്കോ ബ്രാഹ്മണനോടോ ബനിയയോടോ യഥാർത്ഥത്തിലുള്ള സ്നേഹമോ ബഹുമാനമോ ഉണ്ടായിരുന്നത് കൊണ്ടല്ലിത്. മറിച്ച്, തങ്ങളുടെ പണി നഷ്ടപ്പെടുമെന്ന ഒരൊറ്റ ഭീതിയാണ് അവരെ ഇങ്ങനെ പെരുമാറാൻ പ്രേരിപ്പിച്ചിരുന്നത് " (ഐലയ്യ, 2004: 21). ഭയഭക്തിയോടെ ജന്മിയുടെ ഇംഗിതത്തിനനുസരിച്ച് കാലംകഴിച്ചിരുന്ന പൂർവ്വികരായിരുന്നു കീഴാളന്റേത്. "മക്കളെ അവനെ സൂക്ഷിക്കണം. അവനെ കണ്ടാൽ നല്ലോണം അനുസരണം നടിച്ചോളണം, അല്ലെങ്കിൽ ആ കശ്മലൻ നമ്മുടെ വയറ്റത്തടിക്കും" (ഐലയ്യ, 2004: 21) എന്നിങ്ങനെ അച്ഛനമ്മമാർ മക്കൾക്ക് പറഞ്ഞുകൊടുത്തിരുന്നു. ചെറിയ കുഞ്ഞുങ്ങൾക്കുപോലും ഇത്തരത്തിലുള്ള തീക്ഷ്ണമായ ജീവിതാന്തരീക്ഷത്തിലൂടെയായിരുന്നു കഴിഞ്ഞുപോവേണ്ടിയിരുന്നത്. ഇവരുടെ മതസങ്കല്പവും ജന്മിയുടെ മതസങ്കല്പവും എങ്ങനെയാണ് വ്യത്യാസപ്പെടാതിരിക്കുക. "വിഗ്രഹവും പൂജാരിയുമുള്ള അമ്പലത്തിലേക്ക് ദളിത് ബഹുജൻ വിഭാഗങ്ങളിലെ ആർക്കും പ്രവേശനമനുവദിച്ചിരുന്നില്ല. ഇന്ന് ചില താഴ്ന്ന ജാതിക്കാർക്ക് അമ്പലത്തിൽ കടക്കാൻ അനുവാദമുണ്ടെങ്കിലും അവർക്ക് ഒരിക്കലും അവിടത്തെ ദൈവങ്ങളുമായി പൊരുത്തപ്പെടാനാവില്ലെന്നു തീർച്ച" (ഐലയ്യ, 2004: 22).

വൈരുദ്ധ്യാത്മകമായിരുന്നു ദളിത് ബ്രാഹ്മണിക് മതബോധമെന്ന് സ്ഥാപിക്കുന്നവയാണ് ഈ ഉദാഹരണങ്ങളെല്ലാം.

## 2.4 സാംസ്കാരികാധിനിവേശവും അനുഷ്ഠാനപരിസരവും

കീഴാളചരിത്രം മൂടിവെക്കപ്പെടുകയും അവരുടെ ആരാധനാസമ്പ്രദായങ്ങൾക്കുമേൽ വരേണ്യ അധീശത്വം സാധ്യമാവുകയും ചെയ്യുന്നു. തികച്ചും സാധാരണമായ അനുഷ്ഠാനങ്ങൾക്കുമേൽ ജാതി പ്രവർത്തിക്കുമ്പോൾ സംഘർഷപരമായ സാഹചര്യം രൂപപ്പെടുകയും കീഴാളനുമേൽ വരേണ്യ ആധിപത്യം സംജാതമാവുകയും ചെയ്യുന്നു.

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ദേശത്ത് സ്ഥിതിചെയ്യുന്ന കാവുകളാണ് നായർവിഭാഗം ഊരായ്മക്കാരായിട്ടുള്ള 'പുല്ലാട്ടുകാവും' പെരുവണ്ണാൻ വിഭാഗം ഊരായ്മ ക്കാരായിട്ടുള്ള 'മണ്ണാറക്കൽകാവും'. ഈ രണ്ടു കാവുകളുടേയും അനുഷ്ഠാനങ്ങളിൽ അനവധി മനുഷ്യർ പങ്കുചേരുന്നുണ്ട്. എന്നാൽ ജാതിയുടെ അടിസ്ഥാനത്തിൽ മനുഷ്യർ വേർതിരിക്കപ്പെടുന്നത് കാണാൻ സാധിക്കുന്നുണ്ടിവിടെ. "കേരളമുൾപ്പെടെ ഇന്ത്യ യിൽ ജാതിവ്യവസ്ഥയാണ് സ്വകാര്യസ്വത്തിനെയും ഭരണകൂടത്തെയും താങ്ങിനിർ ത്തിയത്. ജാതിവ്യവസ്ഥയുടെ പ്രത്യേകത എല്ലാവിഭാഗം ജനങ്ങളെയും പ്രത്യേകം സ്ഥാനങ്ങളിൽ അഥവാ അകലങ്ങളിൽ ഉറപ്പിച്ചു നിർത്താൻ ശക്തിയുള്ള പ്രത്യയ ശാസ്ത്രം കൊണ്ടാണ് അത് പ്രവർത്തിച്ചത് എന്നാണ്" (പോക്കർ, 2007: 71).

കാവാരാധനയുടെ ഭാഗമായിരുന്ന മനുഷ്യരെല്ലാംതന്നെ ജാതിയുടെ പേരിൽ ലഭിച്ചിരുന്ന സ്ഥാനങ്ങളിലിരുന്നുകൊണ്ട് അവനവന്റെ ജോലികൾ ചിട്ടയോടെ നിർവ്വ ഹിച്ചു. ജാതിയുടെ ഉയർച്ചതാഴ്ച്ചയുടെടിസ്ഥാനമായിട്ടുള്ള ഇടങ്ങൾ മാത്രമേ കാവ് പരിസര ങ്ങളിൽ ജനങ്ങൾക്ക് ലഭിച്ചിരുന്നുള്ളൂ.

കാവിന്റെ കീഴാളചരിത്രത്തെക്കുറിച്ച് അന്വേഷിക്കുമ്പോൾ അനുഷ്ഠാനങ്ങളി ലൂടെ സ്ഥാപിക്കപ്പെടുന്ന ജാതിവ്യവസ്ഥയുടെ കൃത്യമായ അജണ്ടകൾ വ്യക്തമാവു ന്നുണ്ട്. കാവിലെ കീഴാളചരിത്രത്തെക്കുറിച്ചുള്ള ചിന്തകൾ ഒരിക്കലും കാവനുഷ്ഠാന ത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. കാവടങ്ങുന്ന ഒരു ഗ്രാമത്തിലെ കീഴാളന്മാ രുടെ ജീവിതത്തിന്റെ ഒരു ചെറിയ ഭാഗമായി ആരാധനയിലെ കീഴാളനെ കണ്ടെ ത്താൻ സാധിക്കും. സ്പഷ്ടമായതും പിന്തുടരുന്നതുമായ കാവാരാധനാക്രമങ്ങളിൽ ഗ്രാമീണസമൂഹത്തിലെ സ്വാഭാവിക പെരുമാറ്റം അനുഭവപ്പെടും. കാവ് ശരിക്കും ഒരു ചെറിയ ഘടകം മാത്രമാണ്. കുടുംബം, കൃഷിയിടം, ഭരണസംവിധാനം തുടങ്ങിയവ യെല്ലാം മറ്റ് ഘടകങ്ങളാണ്. കാവിലെ മേലാളകീഴാള, അധീശത്വ, അടിമ സമ്പ്രദായ ത്തിന്റെ തുടർച്ചയോ നേർക്കാഴ്ചകളോ ആണ് മറ്റ് ഘടകങ്ങളിലൂൾപ്പെടെ കാണാൻ സാധിക്കുന്നത്. ഒരിക്കലും ഈ ഘടകങ്ങൾ തമ്മിൽ ഒരുപാട് അന്തരമില്ല. ഇത്തരം ഘടകങ്ങൾ വിശകലനവിധേയമാക്കുമ്പോൾ പലപ്പോഴും ചെന്നെത്തുന്ന നിഗമനങ്ങൾ ഒന്നുതന്നെയാണ്. ഇവിടെയെല്ലാം പ്രവർത്തിക്കുന്നത് രണ്ട് ഘടകങ്ങളാണ്. ഒന്ന് അധികാരവും മറ്റൊന്ന് വിധേയത്വവും. ഏതുമേഖലയുടെയും സൂക്ഷ്മാപഗ്രഥനത്തിൽ

ദൃശ്യമാകുന്ന സംഗതികൾ ഇവയാണ്. ഇതിൽ ഒരുപാട് ഘടകങ്ങൾ ഉൾച്ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. ജാതി, കീഴ്വഴക്കങ്ങൾ, അധ്വാനം, സമ്പത്ത്, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ എന്ന് വേണ്ട സകലതും ഇഴപിരിച്ച് വിശകലനം ചെയ്യുമ്പോൾ അധികാരവും വിവേചനവും നിലവിൽ സൂക്ഷ്മമായി പ്രവർത്തിക്കുന്നത് കാണാൻ കഴിയും.

### 2.4.1 കാവ്: അധികാരചരിത്രം

നായർതറവാട്ടുകാർ ഉപാസിച്ചുപോരുന്ന ഈ ദേവീസങ്കേതത്തിന് കീഴാളജന വിഭാഗങ്ങളുമായി ബന്ധപ്പെട്ട് ദീർഘചരിത്രമുണ്ട്. അത് തികച്ചും ജാതിപരമായ അയിത്തസങ്കല്പങ്ങളുടെയും വരേണ്യരീതിയിലുള്ള പെരുമാറ്റരീതികളുടേയും അധികാര മനോഭാവത്തിന്റെയും കയ്യേറ്റത്തിന്റെയും വിവിധങ്ങളായ കീഴാള അനുഭവങ്ങളുടെയും ചരിത്രമാണ്. പ്രധാനമായും ആരാധനാരീതികളെയും സ്വതന്ത്രജീവിതത്തെയുമാണ് അത് കയ്യേറ്റം ചെയ്തിരിക്കുന്നത്. കീഴാളമേലാള ആരാധനാരീതികൾ തമ്മിൽ ഒന്നാവുന്ന ഇടങ്ങളിലാണ് ഇത്തരം കയ്യേറ്റം സാധ്യമാവുന്നത്. പുല്ലാട്ടുകാവിലെ ഉത്സവച്ചടങ്ങുകൾ കീഴാളവിഭാഗങ്ങൾകൂടി ഉൾച്ചേർന്ന് ചെയ്യുന്നതാണ്. ഈ കൂട്ടായ്മയെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഊരാളർ കാവാരാധനയിൽ ചില മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. ആ മാറ്റങ്ങൾ കീഴ്പ്പെടുത്തലിന്റെയും അധികാരത്തിന്റെയുമാണ്. ആധിപത്യപരമായ ഇടപെടലുകളിലൂടെ കാവിന്റെ സ്വത്വത്തിൽ വ്യതിചലനമുണ്ടാവുന്നു. ഉദാഹരണമായി പുല്ലാട്ടുകാവുമായി ചേർന്നു നിൽക്കുന്ന 'മണ്ണാറക്കൽകാവി'നെ സംബന്ധിക്കുന്ന ചരിത്രത്തിലൂടെ അധിനിവേശത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണ സാധ്യമാവുന്നുണ്ട്. ഈ രണ്ട് കാവുകളിലും വ്യത്യസ്തമായ ജാതിസംസ്കാരത്തെ കണ്ടെത്താൻ സാധിക്കുന്നുണ്ട്. ഇതിലൊന്ന് മേലാളന്റേതും മറ്റേത് കീഴാളന്റേതും ആയതുകൊണ്ടുതന്നെയാണ് ജാതിയുടെ പ്രയോഗം വ്യക്തമാവുന്നത്. ഈ കാവുപരിസരങ്ങളിലൂടെ കീഴാള സംസ്കാരത്തിൽ ഇടപെട്ട് സ്വന്തം അധികാരസ്ഥാപനത്തിനായി ശ്രമിക്കുന്ന വരേണ്യരുടെ ചരിത്രമാണ് പുറത്ത് വരുന്നത്. പുല്ലാട്ടുകാവുമായി ബന്ധപ്പെട്ട് നിൽക്കുന്ന, തികച്ചും കീഴാളർ ഊരായ്മക്കാരായിട്ടുള്ള കാവാണ് 'മണ്ണാറക്കൽ'. കീഴാള സംസ്കാരത്തിനുമേൽ സ്വന്തം അധികാരസ്ഥാപനം നടത്താൻ ശ്രമിക്കുന്ന വരേണ്യ മേലാളന്മാരുടെ ചരിത്രമുണ്ട് മണ്ണാറക്കൽ കാവിന് പറയാൻ.

### 2.4.2 കാവ് : അധീശത്വചരിത്രം

പുല്ലാട്ടുകാവിന്റെ പരിസരപ്രദേശത്തുതന്നെയുള്ള മറ്റൊരു കാവാണ് മണ്ണാറക്കൽകാവ്. ഈ രണ്ട് കാവുകളും തമ്മിൽ വേർപെടുത്താൻ പറ്റാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു. മണ്ണാറക്കൽ കാവിലെ ആരാധനാമൂർത്തി ദേവിയാണ്. കീഴാളവിഭാഗത്തിൽപ്പെട്ട പെരുവണ്ണാൻ സമുദായക്കാരാണ് ദേവിയെ പൂജിച്ച് ഉത്സവം നടത്തിപോരുന്നത്. കാവായതുകൊണ്ടുതന്നെ ഇവിടെ നിത്യപൂജയില്ല. വർഷത്തിൽ ഒരു തവണമാത്രം നടത്തുന്ന തിറയാട്ട ഉത്സവമാണ് കാവിലെ പ്രധാന ആഘോഷം. അല്ലാത്ത ദിവസങ്ങളിൽ വൈകുന്നേരം വിളക്കുതെളിയിക്കുകമാത്രം ചെയ്യുന്നു. ദേവിയുടെ ഉപാസനാമുറി തുറക്കാതെ കാവിന്റെ ചുറ്റിലും വിളക്കു തെളിയിക്കുകയാണ് പതിവ്. ഉപദൈവങ്ങളെല്ലാം മഴയും വെയിലും കൊള്ളുന്ന തുറസായ സ്ഥലങ്ങളിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. അവിടെ തറയിൽ വിളക്കുതെളിയിക്കുക മാത്രം ചെയ്യുന്നു. ദേവിയെ കൂടാതെ ഉപദൈവങ്ങളായി ഗുരു, കുട്ടിച്ചാത്തൻ, ഗുളികൻ, നാഗകാളി, എന്നീ ആരാധനാമൂർത്തികളുമുണ്ട്. പതിമൂന്നുവർഷം പഴക്കം മാത്രമേ ഈ കാവിലെ ഉത്സവത്തിനുള്ളൂ. ഉത്സവം നടത്തുന്നത് അധികകാലമായിട്ടില്ലെങ്കിലും കുലദൈവാരാധന എന്ന രീതിയിലുള്ള ദേവീസങ്കല്പ ആരാധനയ്ക്ക് മണ്ണാറക്കൽ തറവാടിനോളം തന്നെ പഴക്കമുണ്ട്. ആദ്യകാലങ്ങളിൽ തറവാട്ടിലെ ഒരു മുറിയിൽ വെച്ച് ദേവിയെ ആരാധിക്കുക മാത്രമായിരുന്നു ചെയ്തുപോന്നിരുന്നത്. പിന്നീട് ഈ ആരാധന കാവാരാധനയിലേക്കും ഉത്സവത്തിലേക്കും വഴിമാറി. കെട്ടിയാട്ട സമുദായക്കാരുടെ ഉപാസനാമൂർത്തിയായിരുന്നതിനാൽ അവർക്ക് തിറയാട്ടമായി ഉത്സവം നടത്തുന്നതിന് ഒരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. അവർ വർഷത്തിലും ഭംഗിയായി തന്നെ ഉത്സവം നടത്തിപോന്നു. പെരുവണ്ണാൻ സമുദായത്തിന്റെ ആരാധനാമൂർത്തിയായ മണ്ണാറക്കൽ ഭഗവതിയേയും നായർ വിഭാഗത്തിന്റെ ഉപാസനാമൂർത്തിയായ പുല്ലാട്ട് ഭഗവതിയേയും സംബന്ധിക്കുന്ന ചരിത്രപരമായ വിവരങ്ങളിൽനിന്നും കീഴാള-മേലാളസ്വത്വം കണ്ടെത്താൻ സാധിക്കുന്നുണ്ട്. കാവുകളെ സംബന്ധിക്കുന്ന ചരിത്രവസ്തുതകൾ വാമൊഴിയുടെ തെളിമയോടെ, ബലത്തോടെ രേഖപ്പെടുത്താൻ ഉതകുന്നതാണ്. കാവുമായി ബന്ധപ്പെട്ട മുഖ്യധാരയിൽ നിന്നും മറഞ്ഞിരുന്ന ചരിത്രം അന്വേഷണങ്ങളിലൂടെ കണ്ടെത്താനാണ് ഈ പഠനത്തിലൂടെ ശ്രമിക്കുന്നത്. സാമൂഹികവ്യവസ്ഥിതിക്ക് അടിപ്പെട്ട് അസ്വാ

തന്ത്ര്യം അനുഭവിച്ചിരുന്ന ഒരുപറ്റം മനുഷ്യരുടെ അനുഭവങ്ങൾ ചരിത്രമാവുമ്പോൾ അത് വർത്തമാനകാലം രൂപപ്പെടുത്തുന്നതിൽ തങ്ങൾ എന്തെല്ലാം സമർപ്പിക്കേണ്ടിവന്നു എന്നതിന്റെ അടയാളപ്പെടുത്തൽ കൂടിയാണ്. ഇത്തരം അടയാളപ്പെടുത്തലുകൾ ഒരു പ്രദേശത്തിന്റെ സകലജീവിതങ്ങളെയും ഉൾക്കൊള്ളുന്ന പഠനമാകുന്നത് തീർത്തും സ്വാഭാവികം മാത്രമാണ്. സ്വാഭാവികതയിൽ നിന്നുകൊണ്ട് ഈ വിഷയത്തെ കൈകാര്യം ചെയ്യുമ്പോൾ അസ്വാഭാവികമായ പലതും തേടിപ്പിടിച്ച് വെളിച്ചം കാണി ക്കേണ്ടിവരുന്നുണ്ട്. ചരിത്രപരമായ ഇത്തരം പഠനങ്ങൾ എപ്പോഴും ചെന്നെത്തി നിൽക്കുന്നത് സമൂഹത്തിന്റെ പെരുമാറ്റങ്ങളിലാണ്. ഓരോ കാലത്തിന്റെയും സമൂഹ ത്തിന്റെ നിലനിൽപ്പുരീതി ഇതുപോലെയുള്ള പെരുമാറ്റങ്ങളെ ആശ്രയിച്ചിരിക്കുന്നു. എന്തിനെയൊക്കെ ആശ്രയിച്ചുകൊണ്ടാണ് സമൂഹം പരിവർത്തനപ്പെടുന്നതെന്നും നിലകൊണ്ടിരുന്നതെന്നും ഏറ്റവും കൃത്യമായി ബോധ്യപ്പെടാൻ കൂട്ടായ്മയെ സംബന്ധി ക്കുന്ന പഠനങ്ങളിലൂടെ സാധ്യമാണ്. കാവിന്റെ അനുഷ്ഠാനത്തിൽ ഒരു കൂട്ടം മനുഷ്യർ അവരുടേതായ രീതിയിൽ പല ആചാരങ്ങളും ചെയ്തുവെക്കുന്നുണ്ട്. ഇവയെല്ലാം ഓരോ പ്രവൃത്തികളാണ്. പ്രവൃത്തികൾ രൂപപ്പെടണമെങ്കിൽ തീർച്ചയായും സാധുവായ കാരണം ആവശ്യമാണ്. ഓരോ പ്രവൃത്തിയുടെയും പിന്നിലുള്ള സാമൂഹിക ഉത്തരവാദി ത്വത്തെയും പ്രവർത്തകരെയും അപഗ്രഥിക്കാൻ സാധിച്ചാൽ മറയ്ക്കപ്പെട്ടേക്കാവുന്ന വസ്തുതകൾ തെളിഞ്ഞുകിട്ടും. ഈ വായനകൾ സാധ്യമാവുന്നതിന് സമൂഹത്തിലെ സൂചകങ്ങൾ തന്നെയാണ് സ്വീകരിക്കേണ്ടത്. കൂട്ടായ്മയെ വ്യാഖ്യാനിക്കുന്നതിന് കൂട്ടായ്മയുടെ അടിസ്ഥാനമായി പ്രവർത്തിക്കുന്ന ജാതിസ്വത്വത്തെ കീഴാളരുടെ ജീവിത സാഹചര്യം കണ്ടെത്തുന്നതിന് തക്കതായ സൂചകമായി സ്വീകരിക്കാം. ജാതിവിഭാഗ ങ്ങളുടെ അനുഭവങ്ങൾ അപഗ്രഥിക്കുമ്പോൾ എഴുതിവെക്കപ്പെടാത്ത കീഴാളചരിത്ര ത്തിന് വ്യത്യസ്തമാനങ്ങൾ രൂപപ്പെടുന്നു.

ജാതിയാണ് ഇവിടെ സാമൂഹികനിലവാരം നിശ്ചയിക്കുന്നതെന്ന് വ്യക്തമായ സംഗതിയാണ്. കീഴാളനെപ്പോഴും അകലെനിന്നേ എന്തും ചെയ്യാൻ സാധ്യമായിരു ന്നുള്ളൂ. അത്തരം ഒരുപാട് സംഗതികൾ കാവനുഭവങ്ങളുടെ ഭാഗമായി മനുഷ്യർ പങ്കുവെ ക്കുന്നുണ്ട്. കാവിലെ ആരാധനാസമ്പ്രദായം കീഴാളമേലാള വിഭാഗങ്ങൾ ചേർന്ന് എങ്ങനെ നടത്തപ്പെട്ടിരുന്നു എന്നതിൽതുടങ്ങി വരേണ്യ അധീശത്വം സാധ്യമാക്കി

കാവിനെ കയ്യേറ്റം ചെയ്യുന്ന രീതിയിൽ എത്തിനിൽക്കുന്ന വർത്തമാനകാലസാഹചര്യത്തെക്കൂടി ഇവിടെ ചർച്ചയ്ക്ക് വിധേയമാക്കിയിരിക്കുന്നു. ഇത്തരം ചർച്ചയിലൂടെ തെളിഞ്ഞുവരുന്ന ആശയങ്ങൾ പുതിയ ചരിത്രത്തെ സൃഷ്ടിക്കാൻമാത്രം ശക്തമായവയാണ്. കാവിൽ ജാതിസമൂഹങ്ങളുടെ ഇടപെടലുകളിലൂടെ ചടങ്ങുകൾ ഭംഗിയായി സാധ്യമാവുന്നതിനായി ഓരോ വിഭാഗങ്ങളെയും ഓരോ കടമ ഏൽപ്പിച്ച് അവരുടെ അവകാശമാണെന്ന നിലയിൽ തൊഴിലെടുപ്പിക്കുന്നു.

പെരുവണ്ണാൻ സമുദായം അവർ താമസിക്കുന്ന ഇടത്തിലെ അടുത്ത പ്രദേശങ്ങളിലൊക്കെയുള്ള കാവുകളിൽ വർഷംതോറും തിറയാട്ടം കഴിച്ചുകൊടുക്കേണ്ട വിഭാഗക്കാരാണ്. 'ദേശപ്പെരുവണ്ണാൻ' എന്ന പേരിലാണ് അതത് പ്രദേശത്തെ തറവാട്ടുകാർ അറിയപ്പെടുന്നത്. മണ്ണാറക്കൽ തറവാട്ടുകാർക്കും അവരുടെ ദേശക്കാവുകളിൽ ഉത്സവം നടത്തിക്കൊടുക്കേണ്ട അവകാശം ഉണ്ടായിരുന്നു. അങ്ങനെ നടത്തിക്കൊടുക്കുന്നത് അവരുടെ അവകാശമാണെന്നാണ് പറഞ്ഞുവരുന്നത്. ഈ അവകാശത്തെ ചെറുജന്മാവകാശം എന്നും പറഞ്ഞുവരുന്നു. ഓരോ തറവാട്ടുകാർക്കും സമീപ പ്രദേശങ്ങളിലെ രണ്ടോ അതിലധികമോ കാവുകളിൽ ഉത്സവം നടത്തിക്കൊടുക്കേണ്ടതുണ്ടായിരുന്നു. അങ്ങനെ ദൈവികമായ കാര്യങ്ങളിൽ ഇത്രയും വിപുലമായി ഇടപെടുന്ന ഈ വിഭാഗങ്ങളുടെ ജീവിതശൈലിയും ദൈവകാര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ളതായിരുന്നു.

മണ്ണാറക്കൽ തറവാട്ടിലെ ഒരു മുറി ദേവീ ആരാധനയ്ക്ക് മാത്രമുള്ളതായിരുന്നു. അവർ ഏത് കാവിൽ ഉത്സവം നടത്തിക്കൊടുക്കാൻ പോയാലും സ്വന്തം വീട്ടിൽനിന്ന് വ്രതമെടുത്ത് തികഞ്ഞ ഭക്തിയോടുകൂടി തങ്ങളുടെ ഉപാസനാമൂർത്തിയായ ദേവിയെ ആരാധിച്ചുകൊണ്ടാണ് സകല ദൈവികകർമ്മങ്ങളും ചെയ്തിരുന്നത്. അത്രയും ആത്മീയമായി തന്നെയായിരുന്നു അവർ തങ്ങളുടെ ആരാധനാമൂർത്തിയായ ദേവിയെ കണ്ടിരുന്നത്. ദേശക്കാവുകളിൽ ഉത്സവം നടത്തികൊടുക്കുക ഇവരുടെ ചുമതലയായതിനാൽ അതിന്റെ തലേദിവസം അവർ തങ്ങളുടെ ദേവിയെ പൂജാദികർമ്മങ്ങളിലൂടെയും ബലികർമ്മങ്ങളിലൂടെയും പ്രീതിപ്പെടുത്തുക പതിവായിരുന്നു. പിറ്റേ ദിവസം ഉത്സവം നടത്തിക്കൊടുക്കേണ്ട കാവിൽനിന്നും വാദ്യക്കാരും, വെളിച്ചപ്പാടന്മാരും കാരണവന്മാരും വന്ന് പെരുവണ്ണാൻ സമുദായത്തിലെ മൂത്തപെരുവണ്ണാനോടും ഇളയ

വരായ മറ്റ് കെട്ടിയാട്ടക്കാരോടും ഒപ്പം കാവിലേക്ക് ആഘോഷവരവായാണ് പോകുന്നത്. ഇതിലെ ഏറ്റവും വലിയ പ്രത്യേകത അവർ പുല്ലാട്ടുകാവിലെ ഉത്സവത്തി നായി പുറപ്പെടുമ്പോൾ തങ്ങളുടെ ദേവിയേയും കൊണ്ടുപോവുന്നു എന്നതാണ്. തങ്ങ ളുടെ ഉപാസനാമൂർത്തിയെ ആവാഹിച്ച് പീഠത്തിലാക്കി പീഠവും വാളും കൊണ്ട് അവർ ആഘോഷവരവോടുകൂടി കാവിലേക്ക് എത്തിച്ചേരുന്നു. അവിടുത്തെ തിറയാട്ട ഉത്സവം ഭംഗിയായി നടത്തി കൊടുത്തതിന് ശേഷം പിറ്റേദിവസമാണ് അവർ അവിടെനിന്നും പോരുന്നത്. അവരുടെ ഉപാസനാമൂർത്തിയും അവർ ഉത്സവം നടത്തികൊടുക്കുന്ന കാവിലെ മൂർത്തികളും തമ്മിൽ അധിഗാഢമായ ബന്ധമുണ്ടായിരുന്നു. പ്രധാനമായും മണ്ണാറക്കൽ തറവാട്ടുകാർ പുല്ലാട്ടുകാവിലെ ഉത്സവമാണ് നടത്തിക്കൊടുത്തിരുന്നത്. അതുകൊണ്ടുതന്നെ അവരുടെ ആരാധനാദേവിയും ഉപാസനാമൂർത്തിയുമായ മണ്ണാറ ക്കൽ ഭഗവതിയെ പുല്ലാട്ടുകാവിൽ കോലം കെട്ടി ആടിക്കുവാൻ തുടങ്ങി. പുല്ലാട്ട് കാവിൽ ദേവീസങ്കല്പം ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നില്ലെന്ന് പഴമക്കാർ പറയുന്നു. പിന്നീട് ഇതെങ്ങനെ സാധ്യമായി, പുല്ലാട്ടുകാവ് ദേവീ ആരാധനാലയം എന്ന രീതിയിൽ കാലാന്തരത്തിൽ എങ്ങനെ പരിവർത്തനപ്പെട്ടു എന്നത് ചരിത്രമാണ്. ഈ ചരിത്രം തികച്ചും കീഴാളചരിത്രമാണ് തുറന്നുവെക്കുന്നത്. പുല്ലാട്ടുകാവിൽ ഉത്സവം നടത്താൻവേണ്ടിപ്പോയ അടിയാളരുടെ ആരധനാമൂർത്തി പിന്നീട് മേലാളന്റെ കാവിലെ ഉപാസനാമൂർത്തിയായി മാറിയിരിക്കുന്നു. തെളിഞ്ഞുകിടക്കുന്ന സന്നിഹിത ഭൂതകാലചരിത്രം കാവുകളെകുറിച്ച് ലഭ്യമാണ്. ആരാധനാമൂർത്തി എന്നനിലയിൽ പുല്ലാട്ടുകാവിൽ പ്രധാനമായും കരിയാത്തൻ, കരിവില്ലി, കൊലോൻ, മുത്താച്ചി, അസുരാളൻ, നാഗം തുടങ്ങിയ ആരാധനാമൂർത്തികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവർ ആദ്യഘട്ടങ്ങളിൽ ആരാധിച്ചിരുന്ന ഉപാസനാമൂർത്തികൾ ഇവരായിരുന്നു. പിന്നീ ടാണ് ദേവീസങ്കല്പം കാവിന്റെ ഭാഗമാവുന്നത്. ആ ദേവീ സങ്കല്പം എന്ന് പറയുന്നത് പെരുവണ്ണാൻ സമുദായത്തിന്റെ ആരാധനാമൂർത്തിയാണ്. ഇവിടെ കീഴാളാരാധന യിലേക്ക് വരേണ്യർ കടന്നുവരുന്നതും അവരുടെ ഉപാസനാമൂർത്തിയെ തങ്ങളുടേ താക്കി മാറ്റാൻ ശ്രമിക്കുന്നതും കാണാം. വരേണ്യ അധിനിവേശം കാവുപരിസര ങ്ങളിൽ ഇങ്ങനെയെല്ലാമായിരുന്നു സാധ്യമായത്. കീഴാളന്റെ ആരാധനാമൂർത്തിയെ കവർന്നെടുത്ത് തങ്ങളുടേതാക്കിമാറ്റാൻ ശ്രമിക്കുന്ന അവസ്ഥാവിശേഷമാണ് കാണു ന്നത്.

അനുഷ്ഠാനങ്ങൾതന്നെ കീഴാളദൈവത്തെ പിടിച്ചടക്കം ചെയ്തതാണെന്ന് സ്ഥാപിക്കുന്നു. എങ്ങനെയെന്നാൽ ഓരോ കാവിലെയും ആചാരാനുഷ്ഠാനങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ ആ ഒരു കാവിനെക്കുറിച്ചുള്ള ഒട്ടുമിക്കചരിത്രങ്ങളും വ്യക്തമായി തിരിച്ചറിയാൻ സാധിക്കുന്നു എന്നതിൽനിന്നും പുല്ലാട്ടുകാവിലെ ആരാധനാമൂർത്തി കീഴാളന്റെതാണെന്നും ഒരിക്കലും വരേണ്യരുടേതല്ലെന്നും കണ്ടെത്താൻ സാധിക്കുന്നുണ്ട്. അതിനൊരു പ്രധാനതെളിവായി പറയാവുന്നത് ഭഗവതിത്തിറയുടെ മുറ്റത്തേക്കിറങ്ങൽ ചടങ്ങാണ്. ഇതുപോലുള്ള അനവധി ചടങ്ങുകളിൽനിന്നും അധിനിവേശം സാധ്യമായിരുന്നു എന്ന് കണ്ടെത്താൻ സാധിക്കുന്നുണ്ട്.

പുല്ലാട്ടുകാവിൽ ഭഗവതിത്തിറ മുറ്റത്തേക്ക് പ്രവേശിക്കുന്നത് കാവിന്റെ ആരാധനാമൂർത്തിയുടെ മുന്നിൽ വെച്ചല്ല. മറിച്ച് വരേണ്യരുടെ യാതൊരുവിധ അധികാരങ്ങളും നടപ്പിലാകാത്ത അണിയറയിൽ നിന്നാണ്. പൊതുവെ എല്ലാ കാവുകളിലും പ്രധാന പ്രതിഷ്ഠയുടെ മുന്നിൽനിന്നുമാണ് തിറ എഴുന്നള്ളുന്നത്. എന്നാലിവിടെ സ്ഥാനമാറ്റം സംഭവിച്ചിരിക്കുന്നു. മാറ്റപ്പെട്ട ആ ഇടം ആരുടേതാണെന്നും അതിന്റെ സവിശേഷതകൾ എന്തൊക്കെയാണെന്നും നാം സ്വാഭാവികമായും അന്വേഷിക്കുന്നു. അണിയറ എന്നുപറയുന്നത് കെട്ടിയാട്ടസമൂഹം ഗുരുകാരണവന്മാരെ കന്നിമൂലയിൽ സ്ഥാനപ്പെടുത്തിയിരിക്കുന്ന, തിറയാട്ട കോലത്തിന്റെ ഒരുക്കങ്ങൾ സർവ്വതും പൂർത്തിയാക്കുന്ന ഇടമാണ്. ഈ ഇടത്തിൽ നിന്നാണ് ആ കാവിലെ പ്രധാനമൂർത്തി പ്രവേശിക്കുന്നതെങ്കിൽ അതിന് വ്യക്തമായ എന്തെങ്കിലും കാരണം ഇല്ലാതിരിക്കില്ല.

കാവിലെ മറ്റൊരു ദേവതാപ്രതിരൂപമാണ് വെളിച്ചപ്പാട്. വെളിച്ചപ്പാടിനെ സൂക്ഷ്മമായി നിരീക്ഷിക്കുമ്പോഴും ചില വിവരങ്ങൾ മറ്റ് കാവുകളിൽനിന്നും വ്യത്യസ്തമായി കണ്ടു. നായർവിഭാഗത്തിന്റെ ഊരായ്മയിലുള്ള കാവാണ് പുല്ലാട്ടുകാവ്. ഈ കാവിലെ വെളിച്ചപ്പാടുകളും ഇവരുടെ വിഭാഗത്തിൽനിന്നുള്ളവർതന്നെയാണ്. എന്നാൽ ഭഗവതിത്തിറയുടെ സമയത്ത് മാത്രം പെരുവണ്ണാന്മാരിവിടെ വെളിച്ചപ്പെടുന്നു. അതായത് അവർ ആരാധിക്കുന്ന, ഉത്സവത്തിനു വരുമ്പോൾ എഴുന്നള്ളിച്ചു കൊണ്ടുവരുന്ന അവരുടെ ദേവിയായ ഭഗവതിയുടെ തിറസമയത്ത് മാത്രം അവർ വെളിച്ചപ്പെടുന്നു. മറ്റൊരു സമയത്തും അവർ വെളിച്ചപ്പെടുന്നില്ലെങ്കിൽ അധിനിവേശം നടന്നിട്ടുണ്ടെന്നു തന്നെയല്ലേ മനസ്സിലാക്കേണ്ടത്.

കാവിൽ നിലനിന്നുപോരുന്ന അനുഷ്ഠാനങ്ങൾ സൂക്ഷ്മമായി പരിശോധിക്കു മ്പോൾതന്നെ കൃത്യമായ ചരിത്രം മനസ്സിലാക്കാൻ സാധിക്കും എന്നതിന്റെ തെളിവുക ളാണ് ഈ പറഞ്ഞവയെല്ലാം.

### 2.4.3 പുല്ലാട്ട്, മണ്ണാറക്കൽ കാവുകളിലൂടെയുള്ള സാമൂഹികധ്രുവീകരണം

കാവുകളിലെയും വിശ്വാസങ്ങളിലെയും സങ്കല്പനപരമായ വ്യത്യാസങ്ങൾ പുല്ലാട്ടുകാവിനേയും മണ്ണാറക്കൽ കാവിനേയും മുൻനിർത്തി ചിന്തിക്കുമ്പോൾ, ജാതി ജന്മിത്വാധീശത്വപരമായ രീതികൾ കണ്ടെത്താൻ സാധിക്കുന്നു. ഈ രണ്ടുകാവുകളു ടെയും ചരിത്രപരമായ അന്വേഷണത്തിൽനിന്ന് നാട്ടിലെ ആരാധനയിൽപോലും പ്രവർത്തിച്ചിരുന്ന ജാതിസങ്കല്പത്തെക്കുറിച്ചുള്ള ധാരണ ലഭിക്കുന്നു. സമൂഹം രണ്ടായി പിരിഞ്ഞിരുന്നു എന്നതിന്റെ വ്യക്തമായ തെളിവുകൾ ഈ രണ്ട് കാവിലെയും ചരിത്രാ ന്വേഷണത്തിലൂടെ വ്യക്തമാവുന്നു. നായർ മേധാവികൾ ഭരണം നടത്തിയിരുന്ന പുല്ലാട്ടു കാവും അടിയാളരായ പെരുവണ്ണാൻ വിഭാഗം ഭരണം നടത്തിയ മണ്ണാറക്കൽകാവും ശക്തമായ ജാതിശ്രേണിയിലൂടെ പ്രവർത്തിച്ചിരുന്ന ആരാധനാലയങ്ങളാണ്. സംഘർഷഭരിതമായ ജാതിയുടെ സ്ഥാപനവത്കരണം നടന്നിരുന്നു. ഈ കാവുകളിൽ അടിമത്തസങ്കല്പത്തിന്റെ ആചരണത്തോടെയാണ് മണ്ണാറക്കൽ കാവ് സ്ഥാപിക്ക പ്പെട്ടിട്ടുള്ളത്. കാവുസംസ്കാരം ജാതിയുടെ സ്ഥാപന വത്കരണത്തിൽ ഏറെ ശ്രദ്ധി ച്ചിരുന്നു. ജാതിപരമായ ഉയർച്ചതാഴ്ചകൾ ഏറെ കാണാൻ സാധിക്കുന്നൊരിടം കാവാ യിരുന്നു. നിലനിന്നുപോന്നിരുന്ന വ്യവസ്ഥയിൽ ജാതി പ്രവർത്തിക്കാൻ തുടങ്ങി യപ്പോൾ കാവിലെ ഭരണവർഗ്ഗവും ആചാരസംരക്ഷണ വർഗ്ഗവും തമ്മിൽ തെറ്റുകയാണു ണ്ടായത്. ഈ തെറ്റിപ്പിരിയൽ നടന്നത് തികച്ചും ജാതിയുടെ പേരിലാണ്. മറ്റൊന്നും ഈ പിരിയലിന്റെ ഭാഗമായിരുന്നില്ല. കാവുകൾ തമ്മിലുള്ള പ്രശ്നം തുടങ്ങുന്നത് അയിത്തത്തിന്റെ പേരിലാണ്. കീഴാളമേലാളബന്ധങ്ങളിലെ ഉയർച്ചതാഴ്ചകൾ കാവിലെ സംഘർഷത്തിന് കാരണമായി. പുല്ലാട്ട്, മണ്ണാറക്കൽകാവുകൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന ദേശ ആരാധനാലയങ്ങളാണ്. രണ്ടുകാവുകളും തമ്മിൽ അനുഷ്ഠാന പരമായി ഏറെ ബന്ധപ്പെട്ടുകിടക്കുന്നു. രണ്ട് ആരാധനാലയങ്ങളിലും ദേവിയാണ് ഉപാസനാമൂർത്തി. പുല്ലാട്ടമ്മ, മണ്ണാറക്കലമ്മ എന്നിങ്ങനെ അമ്മദൈവങ്ങളായാണ് അവരെ ദേശക്കാർ കാണുന്നത്. രണ്ടുകാവുകളും തമ്മിൽ ഏകദേശം ഒന്നര കിലോമീറ്റർ

വ്യത്യാസമാണുള്ളത്. ഈ മൂർത്തിസങ്കല്പങ്ങൾക്ക് അനുഷ്ഠാനപരമായ സഞ്ചാരപാത കളുണ്ട്. ദേവി ഒരിടത്താണ് സ്ഥിതി ചെയ്യുന്നതെങ്കിലും ഉത്സവദിവസം ഒരു കാവിൽ നിന്നും മറ്റൊരു കാവിലേക്ക് സഞ്ചരിക്കുന്നതായി പറയുന്നു. സഞ്ചാരം ആഘോഷവര വോടുകൂടിയായിരുന്നു. ഈ വരവിനുപിന്നിൽ ആദ്യകാലചരിത്രം അവശേഷിച്ചിരി ക്കുന്നത് കാണാം. കാവിന്റെ ഉൽപ്പത്തിപരമായ ചില സൂചനകൾ ലഭ്യമാകുന്നതിങ്ങ നെയാണ്. മണ്ണാറക്കൽ കാവിൽ ഉത്സവം നടത്താൻ തുടങ്ങിയതിനു പിന്നിലെ സാമൂഹികസാംസ്കാരികമായ ഇടപെടലുകളും പരിവർത്തനത്തിന് വിധേയമാവണ മെന്ന ഒരു വിഭാഗത്തിന്റെ ഉറച്ച തീരുമാനവും മണ്ണാറക്കൽ കാവിൽ ഉത്സവം നടത്തുന്ന തിലെത്തിച്ചേർന്നു. ഈ കാവിന്റെ രൂപീകരണത്തിന്റെ അടിത്തട്ടിൽ പ്രവർത്തിച്ച ഹേതു ജാതിസങ്കല്പമാണ് എന്നത് വസ്തുതാപരമായ തെളിവായി ചേർത്ത് വെക്കാം.

### 2.4.4 പുല്ലാട്ട് മണ്ണാറക്കൽ കാവുകൾ തമ്മിലുള്ള ആചാരപരമായ ബന്ധം

കുരുവട്ടൂർ പ്രദേശത്തിലെ പ്രധാനകാവുകളിൽ ഒന്നാണ് പുല്ലാട്ടുകാവ്. ഇവിടെ വർഷത്തിലും നടക്കുന്ന തിറയാട്ട ഉത്സവത്തിന്റെ ചടങ്ങുകളെല്ലാം നടത്തിക്കൊടുക്കു ന്നത് ആ ദേശത്തെ പെരുവണ്ണാൻ സമുദായമാണ്. ഇവരുടെ തറവാടാണ് മണ്ണാറ ക്കൽ. ഈ കാവുകൾക്ക് ഒറ്റയ്ക്ക് നിൽക്കൽ സാധ്യമായിരുന്നില്ല. രണ്ടും അഭേദ്യമായി ബന്ധപ്പെട്ടിരുന്നു. കുംഭം പത്തിനാണ് പുല്ലാട്ടുകാവിൽ തിറയുത്സവം. തലേദിവസം മുതൽതന്നെ ഉത്സവത്തോടനുബന്ധിച്ച ആചാരാനുഷ്ഠാനങ്ങൾ തുടങ്ങുന്നു. പുല്ലാട്ട് ദേശക്കാവിലേക്കുള്ള അവകാശികളായ പെരുവണ്ണാന്മാർ മണ്ണാറക്കൽ എന്ന കുടുംബ തറവാട്ടിൽ വച്ചാണ് പുല്ലാട്ട് ദേവിയുടെ തിറയാട്ട ഉത്സവത്തിനായുള്ള ഒരുക്കങ്ങൾ നടത്തുന്നത്.

മണ്ണാറക്കൽ തറവാട്ടിലെ ഒരു മുറിക്കകത്ത് അവർ ദൈവത്തിന്റെ പീഠവും വാളും വെച്ച് ഉപാസിച്ചിരുന്നു. പുരുഷന്മാർക്ക് മാത്രം പ്രവേശനമുള്ള ആ മുറിയിലായിരുന്നു ദൈവികമായ കാര്യങ്ങളെല്ലാം ചെയ്തിരുന്നത്. ഈ ഉപാസനാമൂർത്തിക്കായാണ് ഉത്സവ ത്തിന്റെ തലേദിവസം മണ്ണാറക്കൽ തറവാട്ടിൽ വെച്ച് ഗുരുതി ദർപ്പണം നടത്തുന്നത്.

മണ്ണാറക്കൽകാവിനെ സംബന്ധിച്ചിടത്തോളം ഗുരുതി പെരുവണ്ണാൻ സമുദായ ത്തിലെ കെട്ടിയാട്ടക്കാർ പുല്ലാട്ടുകാവിന്റെ ഉത്സവത്തിന്റെ തലേന്ന് അവരുടെ തറവാ

ട്ടിൽവെച്ച് നടത്തുന്ന കർമ്മമാണ്. ഉപാസനാമൂർത്തിയെ പ്രീതിപ്പെടുത്തുക എന്ന താണിതിന്റെ ലക്ഷ്യം. പിറ്റേദിവസം ഈ പീഠവും കെട്ടിയാട്ടക്കാരും കൂടി ആഘോഷ വരവായി പുല്ലാട്ട് കാവിലേക്ക് എത്തിച്ചേരുകയും അവിടുത്തെ ഉത്സവം നടത്തി കൊടുക്കുകയുമായിരുന്നു ചെയ്യാറ്. ദേവി പെരുവണ്ണാന്റെ കൂടെ പോയി ഉത്സവത്തിൽ പങ്കെടുത്ത് തിരിച്ചുപോരുന്നു എന്നതായിരുന്നു വിശ്വാസം.

## 2.4.5 ജാതിയും അയിത്താചാരവും

പുല്ലാട്ടുകാവിനോടനുബന്ധിച്ച് അനവധി തരത്തിലുള്ള അനാചാരങ്ങളും അയിത്ത സങ്കല്പങ്ങളും നിലനിൽക്കുന്നുണ്ട്. കാവധികാരികളും ഉത്സവം നടത്തിപ്പ വിഭാഗങ്ങളും തമ്മിൽ അനവധിയായ അയിത്താചാരങ്ങളിലൂടെ കടന്നുപോവേണ്ടി വന്നിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതിയാണ് ജലവുമായി ബന്ധപ്പെട്ട തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും. പുല്ലാട്ട് കാവിലിത് കുളത്തിന്റെ നിർമ്മാണവും ഉപയോഗവുമായി ബന്ധപ്പെട്ട് പ്രശ്നവത്കരിക്കപ്പെടുന്നുണ്ട്. കാവിലെ ആവശ്യങ്ങൾ ക്കായി വെള്ളം ഉപയോഗിക്കുന്നതിന് ഒരു ജലാശയം വേണമെന്ന ആശയത്തിൽ നിന്ന് ഊരാളരും അടിയാളരും ചേർന്നുകൊണ്ട് കുളം കുഴിച്ചു. നാട്ടുകാരുടെ കയ്യിൽ നിന്ന് ചില പിരിവുകളും മേലാളകീഴാളഭേദമന്യേ പണസ്വരൂപണവും നടത്തി കായിക മായുള്ള രണ്ടുകൂട്ടരുടെയും അദ്ധ്വാനത്താൽ കുളത്തിന്റെ നിർമ്മാണം പൂർത്തിയായി. ആ സമയത്താണ് ഊരാളർ ഒരു പ്രസ്താവനയിറക്കുന്നത്. "ഇത് ദൈവത്തിന്റെ കുളമാണ് തീണ്ടാൻ പാടില്ല". ഊരാളന്മാർ നിങ്ങൾ കുളിച്ചാൽ തീണ്ടിപോവുമെന്ന് ഭഗവതിയുടെ കോലം കെട്ടിയ ദേഹം വൃത്തിയാക്കാൻ വന്ന മണ്ണാറക്കൽ തറവാട്ടിലെ പെരുവണ്ണാ നോട് പറയുകയും അവിടുന്നിങ്ങോട്ട് പെരുവണ്ണാന്മാരിവിടെ ഉത്സവം നടത്തിക്കൊടു ക്കാതെയുമായി. "ഞങ്ങൾക്ക് കുളം തീണ്ടാൻ സാധിക്കില്ലെങ്കിൽ ഈ കാവിലെ ഉത്സവവും ഞങ്ങൾ നടത്തി തരില്ലെന്നവർ പറഞ്ഞു".

## 2.4.6 ദളിതന് സ്വന്തമായി ആരാധനാലയം രൂപപ്പെട്ടുവരുന്നു

മണ്ണാറക്കൽ തറവാട്ടിൽനിന്ന് ഉത്സവദിവസം ദേവിയെ ആഘോഷവരവായി എഴുന്നള്ളിച്ച് കൊണ്ടുവന്നതിന് ശേഷം ആരംഭിക്കുന്ന പുല്ലാട്ടുകാവിലെ ഉത്സവം പിന്നീടൊരിക്കലും നടന്നില്ല. ഊരായ്മക്കാർ ഉത്സവ നടത്തിപ്പിനായി മറ്റിടങ്ങളിലുള്ള

കെട്ടിയാട്ടക്കാരെയാണ് ഈ സംഭവത്തിനുശേഷം ആശ്രയിച്ചിരുന്നത്. ദേവിയെ എഴുന്നള്ളിച്ച് കൊണ്ടുവരുന്ന 'വരവ്' മുതൽ അവരവിടെ ചെയ്യുന്ന ആചാരാനുഷ്ഠാനങ്ങളൊന്നുംതന്നെ മണ്ണാറക്കൽ തറവാട്ടുകാർ പിന്നീടങ്ങോട്ട് തുടർന്നില്ല. കുളവുമായി ബന്ധപ്പെട്ട അയിത്തസംഘർഷത്തിന്റെ ഭാഗമായി കാലാന്തരങ്ങളായി തുടർന്നുപോന്നിരുന്ന ആചാരാനുഷ്ഠാനങ്ങളെല്ലാം സ്തംഭിച്ചു.

കീഴാളൻ അവന്റെ ശബ്ദം ഉയർത്താൻ തുടങ്ങിയപ്പോൾ അയിത്താചാരങ്ങൾ നടപ്പിലാക്കാതെവന്നു. തങ്ങൾ തൊട്ടാൽ തീണ്ടുന്ന കുളമുള്ള കാവിലെ ഉത്സവം നടത്താനും ഞങ്ങൾക്കാവില്ലെന്ന ഉറച്ച ബോധ്യം അവരുടെ മനസ്സിൽ രൂപപ്പെട്ടുവന്നു. അതോടെ മേലാളരുടെ ആഢ്യമനോഭാവത്തിന് കോട്ടംതട്ടുകയും ദൈവകാര്യങ്ങളേക്കാൾ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും മുഴച്ചുനിൽക്കുകയും ചെയ്തു. ഈ കാരണം കൊണ്ടുമാത്രമാണ് കാവുത്സവത്തിൽ പിന്നീട് പല മാറ്റങ്ങളും സംഭവിക്കുന്നത്. ആരാധനയിലും അനുഷ്ഠാനങ്ങളിലും പരമ്പരാഗതമായി തുടർന്നുവന്ന രീതികളിലുമെല്ലാംതന്നെ മാറ്റങ്ങൾ സംഭവിക്കുന്നത് അയിത്തസങ്കല്പത്തിന്മേലുള്ള യുക്തിസഹമായ ചോദ്യം ചെയ്യലിലൂടെയാണ്. ഇത്തരം ചോദ്യം ചെയ്യലുകൾ വരേണ്യ ഊരാള വിഭാഗങ്ങൾക്ക് സ്വീകാര്യമായിരുന്നില്ലെന്ന് മാത്രമല്ല ഇതവരെ ചൊടിപ്പിക്കുകകൂടി ചെയ്തു.

കീഴാളവിഭാഗമായ മണ്ണാറക്കൽ തറവാട്ടുകാർ അവർ ആരാധിച്ചിരുന്ന ദേവീ സങ്കല്പത്തിന് കാവുപണിതു. പുല്ലാട്ടുകാവിന് സമാന്തരമായി കീഴാളാരാധന ബലപ്പെട്ടുവന്നു. മണ്ണാറക്കൽ തറവാട്ടിലെ ദേവിയെ ആവാഹിച്ചുകൊണ്ടുവരുന്ന സവിശേഷ ആരാധനാക്രമം നിർത്തലാവുകയും കീഴാളാരാധനാസ്വത്വം സാധ്യമാവുകയും ചെയ്തു. ഉത്സവദിവസം അടിയാളർ തങ്ങൾ ആരാധിക്കുന്ന ദേവീചൈതന്യത്തെ പീഠത്തിൽ ആവാഹിച്ച് പുല്ലാട്ടുകാവിൽ കൊണ്ടുവരാനോ അവിടെ ഉത്സവം നടത്തിക്കൊടുക്കാനോ തയ്യാറായില്ല. സ്വന്തം കാവിലൂടെ ഉത്സവാദികർമ്മങ്ങളെല്ലാം അവർ ചെയ്തു. അങ്ങനെ രണ്ട് തറവാട്ടുകാരും അവരവരുടെ കാവുകളിൽ ദേവിയെ ആരാധിക്കാൻ തുടങ്ങി. മണ്ണാറക്കലിൽനിന്ന് കൊണ്ടുവരാതെതന്നെ ദേവീസങ്കല്പത്തിൽ പുല്ലാട്ടുകാർ ദേവീ ആരാധന നടത്തുവാൻ തുടങ്ങി. ഞങ്ങൾക്ക് കുളം തീണ്ടാൻ പറ്റിയില്ലെങ്കിൽ ഞങ്ങളുടെ ദേവിക്ക് മാത്രമായൊരു കാവുപണിയും എന്ന പ്രതിരോധപരമായ നടപടിയിന്മേൽ

വർഷങ്ങൾക്കുശേഷമാണ് മണ്ണാറക്കൽകാവ് സ്ഥാപിതമായത്. തറവാട്ടിൽ പരമ്പരാഗതമായി ആരാധിച്ചുപോന്നിരുന്ന ദേവീസങ്കല്പത്തെ കാവിലൂടെ ആരാധിക്കാൻ തുടങ്ങി. പെരുവണ്ണാന്മാർ അവരുടെ ഉപാസനാമൂർത്തിയെ ആരാധിക്കാൻ തുടങ്ങി. ചടങ്ങുകളും ചിട്ടകളും ഒരേപോലെ പാലിക്കുന്ന ആരാധനാകേന്ദ്രങ്ങളായി പുല്ലാട്ട്, മണ്ണാറക്കൽകാവുകൾ മാറി. കീഴാളരുടെ ആരാധനാമൂർത്തിയെ അപ്പോഴും പുല്ലാട്ട് തറവാട്ടുകാർ ആരാധിക്കുന്നുണ്ടായിരുന്നു.

"ഈ നാട്ടിലെ ദളിതകഥയിൽ അമ്പതുകൊല്ലത്തിനുള്ളിലുണ്ടായിട്ടുള്ള പ്രധാന സംഭവം, ചരിത്രാതീതകാലംമുതൽ അവർ പിറന്നുവളർന്ന മണ്ണും അനുഭവിച്ചുവന്ന മുതലുകളും അവകാശങ്ങളും തട്ടിപ്പറിക്കപ്പെട്ടു എന്നതാണ്" (വിജയൻ, 2004: 83). ഇത് യാഥാർത്ഥ്യമാണെന്ന് തെളിയിക്കാൻ സാധിക്കുന്ന അനവധി ഉദാഹരണങ്ങൾ കേരളസമൂഹത്തിൽനിന്നും കണ്ടെത്താൻ പ്രയാസമില്ല.

വരേണ്യതയുടെ അധിനിവേശമാണ് സാധ്യമായിരിക്കുന്നത്. കീഴാളർക്കുകൂടി അവകാശമുള്ള ആരാധനാമൂർത്തിയെ പിടിച്ചെടുത്ത് സ്വന്തം ആരാധനാമൂർത്തിയായി സ്ഥാപിച്ചിരിക്കുന്നു. ഇതിനെല്ലാം കാരണം ജാതിയും അയിത്തസങ്കല്പങ്ങളുമാണ്. കാവിന്റെ മുറ്റത്ത് നിന്ന് തിറകെട്ടുന്ന കലാകാരന് ചമയങ്ങളഴിച്ചുവെച്ച് കെട്ടിയ കോലത്തിന്റെ ദേഹം ശുദ്ധമാക്കിയാൽ ജലാശയം അശുദ്ധമായിപോവും എന്ന നായർ മേധാവികളുടെ യുക്തിഹീനമായ കണ്ടെത്തലുകളാണ് കാവിലെ അനുഷ്ഠാനത്തെയും ദേശക്കാരനായ പെരുവണ്ണാനെയും പുല്ലാട്ടുകാവിൽനിന്നകറ്റിയത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അനുഭാവികളായിരുന്ന അന്നത്തെ പെരുമണ്ണാൻ സമൂഹത്തിലെ പിന്മുറക്കാർ നായന്മാരുടെ അയിത്തസങ്കല്പത്തിന് വഴങ്ങിയില്ല. അയിത്തപരമായ നിലപാടുകൾ സ്വീകരിക്കുകയാണെങ്കിൽ ഉത്സവം നടത്തിത്തരാൻ സാധിക്കില്ലെന്ന് കെട്ടിയാട്ടക്കാർ തീർത്തുപറഞ്ഞു.

"എന്തിന്റെ പേരിലാണോ, ഒരു വിഭാഗം അവഗണിക്കപ്പെടുകയോ, മാറ്റിവെക്കപ്പെടുകയോ നിന്ദിക്കപ്പെടുകയോ അപകൃഷ്ടരാക്കി മുദ്രകുത്തപ്പെടുകയോ ചെയ്യുന്നത്, അതിന്റെ അടിസ്ഥാനത്തിൽതന്നെ അംഗീകാരത്തിനുവേണ്ടി വാദിച്ചുകൊണ്ടാണ്

സംസ്കാരരാഷ്ട്രീയം (Cultural politics) സ്വത്വരാഷ്ട്രമായി (identity politics) പരിണമിച്ചത്" (പോക്കർ, 2007: 11).

പുല്ലാട്ടുകാവിനെ സംബന്ധിക്കുന്ന ചരിത്രം ഒരു പ്രദേശത്തിന്റെ കീഴാളചരിത്രം കൂടിയാണ് രേഖപ്പെടുത്തിവെക്കുന്നത്. കാവുകളെക്കുറിച്ചുള്ള വാമൊഴിചരിത്രങ്ങളെല്ലാം പറഞ്ഞുവെക്കുന്ന അടിസ്ഥാനപരമായ വസ്തുതതന്നെ ജാതിസംഘർഷങ്ങളെ ക്കുറിച്ചുള്ളതാണ്. കാവുകൾ തമ്മിലുള്ള പ്രശ്നത്തിന് കാരണമായിരിക്കുന്നത് ജാതിയുടെ പ്രവർത്തനമാണ്. ജാതി മനുഷ്യരുടെ മനസിൽ പ്രവർത്തിച്ച് അവരുടെയുള്ളിലെ അയിത്താചാരത്തെ കൂടുതൽ ശക്തമായ രീതിയിൽ പുറത്തേക്ക് കൊണ്ടുവരുന്നു.

കാവിന്റെ ഉത്ഭവത്തെക്കുറിച്ച് സംസാരിക്കുമ്പോൾ പുല്ലാട്ട്കാവിൽ ആദ്യഘട്ടങ്ങളിൽ ദേവീസങ്കല്പം ഉണ്ടായിരുന്നില്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. "അതായത് പറഞ്ഞുകേട്ടത് എങ്ങന്യാച്ചാല് പുല്ലാട്ട് ഭഗവതി ഉണ്ടായിരുന്നില്ലാന്നാ പറയുന്നത്. ആദ്യകാലത്ത് അത് മണ്ണാറക്കലായിരുന്നുംമ്പോലെ ഭഗവതി ഉണ്ടായിരുന്നത്. അപ്പോ പുല്ലാട്ട് ഉത്സവം കഴിക്കാൻ വേണ്ടീട്ട് മ്പള്, മണ്ണാന്മാര്, പുല്ലാട്ടേക്കുള്ളാതാണല്ലോ മ്പള് അവിട്ത്തെ മണ്ണാന്മാര് അവര്ടെ ഭഗവതീനെ ആവാഹിച്ച് അവിടെ കൊണ്ടിരിത്തീട്ട് അവിടെ ഭഗവതിത്തറേം അതും ഇതും ഒക്കെ കഴിച്ച് പിറ്റേ ദിവസം ഇങ്ങോട്ടെന്നെ കൂട്ടിക്കൊണ്ടോരാന്നാ പറയുന്നത്" (അനുബന്ധം: 11.2). ആളുകളുടെ വാമൊഴിയിൽ നിന്ന് വ്യക്തമാവുന്ന വസ്തുതകളാണിവയെല്ലാം. ഉത്സവം നടത്തിക്കൊടുക്കുന്നതിനായി ദേവിയെ കൊണ്ടുവരികയും ഉത്സവശേഷം തിരിച്ചുകൊണ്ടുപോവുകയുമായിരുന്നു പതിവെന്നാണ് ഒരു വിഭാഗം ജനങ്ങൾ പറയുന്നത്. ആവാഹിച്ച് കൊണ്ടുവരുന്ന ദേവിയെ ഉത്സവം കഴിഞ്ഞാൽ പെരുവണ്ണാൻ സമുദായം തിരിച്ച് തങ്ങളുടെ തറവാട്ടിലേക്കുതന്നെ കൊണ്ടുപോവുകയാണ് ചെയ്യുന്നത്. ഇങ്ങനെ സ്ഥിരമായി ദേവി ഉണ്ടായിരുന്നത് ഈ തറവാട്ടിൽ ആയിരുന്നു. കുറച്ചുവർഷങ്ങൾക്കുശേഷം അയിത്തവുമായുള്ള സംഘർഷങ്ങൾ നടന്നതിനുശേഷമാണ് പുല്ലാട്ടുകാവിലും ദേവി ഉണ്ടെന്നരീതിയിലേക്ക് പരിണാമം സംഭവിക്കുന്നത്. വർഷത്തിലും പുല്ലാട്ടേക്ക് ദേവിയെ കൊണ്ടുവന്ന കാരണത്താൽ പിന്നീടവർ സ്വയമേവാ ആരാധന തുടങ്ങുകയാണുണ്ടായത്. മലദൈവങ്ങൾ മാത്രം ഉണ്ടായിരുന്ന കാവിൽ ഇപ്പോൾ ദേവീസങ്കല്പം കൂടെ വന്നുചേർന്നിരിക്കുന്നു. പ്രധാന പ്രതിഷ്ഠ എന്ന നിലയിൽ

ദേവിയെയാണ് കാവിലിപ്പോൾ ഉപാസിച്ചുവരുന്നത്. ഇങ്ങനെ പരിണാമവിധേയമായ ഒരാരാധനാചരിത്രമാണ് പുല്ലാട്ടുകാവിന്റേത്. ഈ പരിണാമത്തിൽ അനവധി സംഗതികളുണ്ട്. അധികാരം, അധീശത്വം, ജാതിസങ്കല്പം തുടങ്ങിയ തലങ്ങളെല്ലാം ഈ കാവിന്റെ ചരിത്രവുമായി ബന്ധപ്പെട്ടവയാണ്. കാവിന്റെ ഉപരിതലത്തിൽ കൂട്ടായ്മ യുടെ പ്രതീകമെന്നോണം ഉത്സവാദികാര്യങ്ങളെല്ലാം ഭംഗിയായി നടക്കുന്നുണ്ടെങ്കിലും ആന്തരികമായി നോക്കിയാൽ ജാതിസങ്കല്പത്തെ ഊട്ടിയുറപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരി ക്കുന്ന ഒരു സ്ഥാപനമായി കാവിനെ കാണാവുന്നതാണ്. ജാതിസങ്കല്പത്തെ പിൻപറ്റുന്ന വയാണ് കാവിൽ നടക്കുന്ന ഒരു ചെറിയ കാര്യം പോലും. സങ്കല്പനപരമായി ദേവിയെ ഉപാസിക്കുന്ന ഒരേ ചടങ്ങുകളും ചിട്ടകളും പിന്തുടരുന്ന രണ്ടുകാവുകളായി ഈ കാവുകൾ മാറാൻ ഉണ്ടായ സാഹചര്യം അയിത്തമനോഭാവമാണ്. മലദൈവങ്ങളെ മാത്രം ആരാധിച്ചിരുന്ന ഒരു കാവിൽ പിന്നീട് സ്ഥാപിതമായ ദേവീ പ്രതിഷ്ഠയുടെ രാഷ്ട്രീയ ത്തെ കീഴാള ആരാധനയിന്മേൽ നടന്ന അധിനിവേശശ്രമമായിത്തന്നെയാണ് മനസ്സി ലാക്കേണ്ടത്. മറ്റ് പ്രതിഷ്ഠയുള്ളതിനേക്കാൾ സാമൂഹികപദവി ദേവിയുടെ പ്രതിഷ്ഠയ്ക്കാ യതുകൊണ്ട് കുലവൻ, കരിയാത്തൻ, അസുരാളൻ എന്നീ മൂർത്തികളെ മുഖ്യസ്ഥാന ത്തേക്ക് കൊണ്ടുവരാതെ അവയെ ഉപദൈവങ്ങളാക്കിമാറ്റി. ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന ദൈവസങ്കല്പം ഇവരുടേതായിരുന്നെങ്കിൽകൂടി ദേവീ പ്രതിഷ്ഠയ്ക്കാണ് പിന്നീട് ആധിപത്യം ലഭിച്ചിരിക്കുന്നത്. ദേവിയുടെ ആരാധന പ്രാമുഖ്യത്തോടെ മുന്നോട്ട് വരികയും അത്തരത്തിൽ ദേവീ ആരാധന ആഘോഷമായി മാറുകയും ചെയ്യുന്ന രീതിയിലേക്ക് പരിവർത്തനം സംഭവിച്ചിരിക്കുന്നു. ദൈവികസങ്കല്പത്തിൽ പോലും ഇത്തരം മാറ്റപെടലുകളും പ്രാധാന്യ അപ്രാധാന്യങ്ങളും ഉണ്ടായിട്ടുണ്ട്. ഇവയി ലൊക്കെ പ്രവർത്തിക്കുന്ന സാമൂഹികഘടകം ജാതി-ജന്മിത്ത-സാമ്പത്തിക വ്യവ സ്ഥിതി തന്നെയാണ് എന്നതിൽ സംശയമില്ല.

## 3.0 ആമുഖം

"കഴിഞ്ഞുപോയവയെ പ്രതിരൂപാത്മകമായി വീണ്ടെടുക്കാനുള്ള ശ്രമമാണ് ഓർമ്മ. ഭവിച്ചതിനെ പിന്തുടരാനുള്ള ശ്രമമായതുകൊണ്ടുതന്നെ ഓർമ്മ അനുഭവമാണെന്ന് പറയാം. പ്ലാറ്റോയുടെ കാലം മുതൽക്കുതന്നെ ഓർമ്മകളെക്കുറിച്ച് പഠനങ്ങൾ നടന്നിരുന്നു. അരക്കിൽ മുദ്ര പതിപ്പിക്കുന്നതുപോലെ മനസ്സിൽ പതിഞ്ഞിരിക്കുന്നവയാണ് ഓർമ്മ. ഇതിനെ ഐക്കൺ എന്നാണ് പ്ലാറ്റോ വിളിക്കുന്നത്. ആത്മാവ് വരയ്ക്കുന്ന ഒരു ചിത്രമാണ് ഓർമ്മ എന്ന് അരിസ്റ്റോട്ടിൽ പറയും. റിക്കോയാവട്ടെ ഓർമ്മയ്ക്ക് പകരം നിൽക്കുന്ന ഒരു ഔഷധം എന്ന നിലയ്ക്കാണ് ചരിത്രത്തെ കാണുന്നത്. ഓർമ്മകളെ സംബന്ധിക്കുന്ന അനേകം ചർച്ചകളിൽ ചിലത് മാത്രമാണിവ. ഓർമ്മകൾ രണ്ടു തരത്തിലുണ്ട്. ഒന്ന് ബോധപൂർവ്വം ഉണർത്തിയെടുക്കേണ്ട ഓർമ്മകളാണ്. ഇത്തരം ഓർമ്മകൾ അനുഭവങ്ങളാണ്. വൈകാരികവും വൈചാരികവുമായ സംഘർഷങ്ങൾ നടക്കുന്നുണ്ട് ഇത്തരം ഓർത്തെടുക്കലുകളിൽ. മറ്റൊന്ന് പ്രേരണകൂടാതെ മനസ്സിലേക്കെത്തുന്ന ഓർമ്മകളാണ്. ഇവയെ സ്മൃതിയെന്ന് പറയുന്നു. പ്രത്യകിച്ച് പ്രയത്നമൊന്നും കൂടാതെ മനസ്സിലേക്ക് കടന്നുവരുന്ന ഓർമ്മകളാണിവ. ഭൂതകാലത്തിന്റെ അനുഭൂതിയിലേക്ക് പ്രവേശിക്കലാണിത് " (അനിൽ, അപ്രകാശിതം. 1-2).

ഓർമ്മ വർത്തമാനത്തിൽനിന്നും വിഭിന്നമാണെങ്കിലും വർത്തമാനത്തിൽ ഓർമ്മയുടെ അംശങ്ങൾ ഉണ്ട്. ഓർമ്മകളെ വർത്തമാനജീവിതത്തിന്റെ അവിഭാജ്യഘടകമായി പരിഗണിക്കുമ്പോൾ, അതായത് അവയ്ക്ക് വർത്തമാനത്തിൽനിന്ന് വേറിട്ട അസ്തിത്വം കൽപ്പിക്കാതിരിക്കുമ്പോൾ അതിനെ നാം ശീലമായി ഗണിക്കുന്നു. കാവ്യസംസ്കാരത്തിൽ ശീലമായിത്തീർന്ന ഒരുപാട് ആചാരങ്ങളുണ്ട്.

കാവുസംസ്കാരത്തിൽ ഒരുപാട് അനുഭവങ്ങളും ഓർമ്മകളുമുണ്ട്. കാവുകളുടെ നിലനിൽപ്പിനുതന്നെ ആധാരമായി പ്രവർത്തിക്കുന്നത് ചില ഓർമകളും അനുഭവ ങ്ങളുമാണ്. ഓർമ്മകളിലൂടെയാണ് തലമുറകളായി കൈമാറിവരുന്ന തിറയാട്ട ചടങ്ങു കളും ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിൽക്കുന്നതുതന്നെ. ഭൂതകാലത്തിലുണ്ടായ അനുഭവത്തെ പുനഃസൃഷ്ടിക്കാനുള്ള ഇച്ഛ എല്ലാ ഓർമ്മകളിലുമുണ്ട്. നല്ല ഓർമ്മകളും ചീത്ത ഓർമ്മകളുമുണ്ട്. ജീവിതത്തിൽ അനുഭവിച്ചിട്ടുള്ള വിഷമകരമായ ഓർമ്മകളാണ് കാവുമായി ബന്ധപ്പെട്ട് നിൽക്കുന്ന കീഴാളജനവിഭാഗങ്ങൾക്ക് കൂടുതലായും ഉണ്ടാവുക. എഴുതി വെയ്ക്കപ്പെട്ടിട്ടില്ലാത്ത ചരിത്രം ഓർമ്മയിൽനിന്നാണ് ലഭിക്കുന്നത്. തെളിവു കളുടെ പിൻബലത്തോടുകൂടി ഓർമ്മകൾ ചരിത്രമായി മാറുന്നു. കാരണവന്മാർ പറഞ്ഞു തരുന്ന ഓർമ്മകളാണ് അനുഷ്ഠാനപരമായ കാര്യങ്ങൾക്ക് വേണ്ടി ആശ്രയിക്കുന്നത്. പരമ്പരാഗതമായി കൈമാറിവരുന്ന കാര്യങ്ങളെല്ലാം അങ്ങനെത്തന്നെയാണ്.

ഓരോ വ്യക്തിയുടെയും ഓർമ്മകൾ വ്യത്യസ്തമാണ്. സാമൂഹികജീവിതത്തിലെ അനുഭവങ്ങൾ ഓർമ്മകളാവുമ്പോൾ ജാതി, വർഗ്ഗം, വർണ്ണം എന്നിവയ്ക്കനുസരിച്ച് അനുഭവങ്ങളിലുണ്ടാവുന്ന മാറ്റം തന്നെയാണ് ഓരോ ഓർമ്മയ്ക്കും ആധാരം. ഇത്തരം ഓർമ്മകളിലൂടെ അന്വേഷിച്ച് നീങ്ങുമ്പോൾ ഒരു വിഭാഗം ജനത അനുഭവിച്ചിട്ടുള്ള കഷ്ടതകളുടെ നേർചിത്രമാണ് ദൃശ്യമാകുന്നത്.

## 3.1 കാവ് എങ്ങനെയാണ് ഓർമ്മയാകുന്നത്

വർത്തമാനത്തെക്കാളുപരി കാവ് ഓർമ്മതന്നെയാണ്. അതുകൊണ്ടാണ് കാവിനെക്കുറിച്ച് ചോദിക്കുമ്പോൾ “അന്നത്തെ കാലത്ത് കാവിലെ ഉത്സവത്തിന് എല്ലാവരും വരും. കൊണ്ടോയോലും, കൊണ്ടൊന്നോലും എല്ലാം, എല്ലാർക്കും കല്യാണത്തിനോ ഓണത്തിനോന്നും അല്ല തെറയ്ക്കാ കോടി വാങ്ങ്വാ, അന്നെല്ലാ വീട്ടിലും ഭക്ഷണണ്ടാവും. എല്ലാ ആളുകളെയും കാണാം, പെണ്ണ് കാണൽ ഉത്സവസ്ഥല ത്ത്ന്ന് ആ, പിന്നെയാ വീട്ടിൽ പോയി ചോദിയ്ക്ക” എന്നിങ്ങനെ ആളുകൾ പറയുന്നത്. കാവ് അവരുടെ ഓർമ്മയിൽ പടർന്നുകിടക്കുകയാണ്. കാവിന്റെ ‘ഭൗതിക യാഥാ ർത്ഥ്യ’ത്തിന്റെ അടിത്തറ ഓർമ്മയിൽ പടർന്നുകിടക്കുന്ന ഈ കൽപ്പിതയാഥാർത്ഥ്യം തന്നെയാണ്.

പണ്ടത്തെ ജാതിവ്യവസ്ഥയും കുലത്തൊഴിലുകളും എല്ലാം കാവോർമ്മയിൽ വരുന്നതാണ്. തിറയാട്ടക്കാവുകൾ എല്ലായ്പ്പോഴും ജാതിസങ്കല്പങ്ങളെ മുറുകെപ്പിടിക്കുന്ന ഒരു ആരാധനാസങ്കേതമാണ്. കാവിന്റെ ചരിത്ര, സാംസ്കാരിക ഇടപെടലുകളെല്ലാം തന്നെ അത്തരത്തിൽ ദൃഢപ്പെട്ടു കിടക്കുന്നു. ചലിക്കുന്ന ദായക്രമവും അനുഷ്ഠാനവും സാമൂഹികമായ ഇടപെടലുകൾക്കാധാരമായ പരിവർത്തനത്തോട് പൊരുത്തപ്പെടുമ്പോൾപോലും, തിറയാട്ടത്തിലെ ജാതിക്ക് ഒരു കുലുക്കവും സംഭവിക്കുന്നില്ല. ഗ്രാമീണമായ കെട്ടുപാടുകൾക്കകത്തു നിന്നുകൊണ്ട് ജാതി തിറയാട്ടത്തിന്റെ അനുഷ്ഠാനരൂപത്തിൽ പ്രവർത്തിക്കുകയും ജാതിശ്രേണിയെ ദൃഢപ്പെടുത്തുന്ന നിലയിൽ സ്ഥാനപ്പെടുത്തുകയും ചെയ്യുന്നു. ഉത്തരകേരളത്തിലെ ഗ്രാമപ്രദേശങ്ങളെല്ലാം തന്നെ ജാതിശ്രേണിയാൽ ചുറ്റപ്പെട്ടവയാണ്. ഓരോ ജാതിക്കും അവരുടേതായ കുലത്തൊഴിലുകൾ ഉണ്ട്. കാവിലെ അനുഷ്ഠാനങ്ങളെല്ലാം തന്നെ ഈ കുലത്തൊഴിലിൽ അധിഷ്ഠിതമാണ്. ഓരോ ജാതിയിൽപ്പെട്ടവർ ചെയ്യേണ്ട പ്രവൃത്തിയെക്കുറിച്ച് കർശനമായ നിഷ്ഠ പാലിക്കപ്പെട്ടിരുന്നു. കാവിന്റെ ചടങ്ങുകളിൽ മാത്രമല്ല, സാമൂഹികജീവിതത്തിലും ജാതിനിയമങ്ങളാണ് പുലർന്നിരുന്നത്. തിറക്കോലം കെട്ടിയാടുന്നതിലൂടെ ദേവത പ്രീതിപ്പെടുന്നു എന്നാണ് വിശ്വാസം. സമുദായത്തിന്റെ ഭൗതികജീവിതം നിയന്ത്രിക്കുന്ന പൊതുസ്ഥാപനങ്ങളിലാണ് തിറയാട്ടത്തിന് പ്രാധാന്യം. ഇത്തരം സ്ഥാപനങ്ങളെ ഉത്തരകേരളത്തിൽ 'കാവുകൾ' എന്നാണ് പറഞ്ഞുവരുന്നത്.

കീഴ്വഴിയായി തുടർന്നുപോരുന്ന തറവാട്ടുകാർക്കൊക്കെ ഒരു കുടുംബക്കാവുണ്ടായിരിക്കും. ഈ കാവിലെ അനുഷ്ഠാനങ്ങളെല്ലാം തന്നെ ഇവരുടെ ഭൗതികജീവിതവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ജന്മിത്വവും തറവാടും കാവും ഒന്നുമില്ലാത്ത, അടിയാളരായിട്ടുള്ള ഭൂരിപക്ഷംവരുന്ന ജനവിഭാഗം ഈ തറവാട്ടുകാരുടെ ചെറുജന്മാവകാശികളായിട്ട് തുടർന്നുപോന്നു. രാജഭരണകാലഘട്ടത്തിൽ നാട്ടുരാജാക്കന്മാരായിരുന്നു ഈ അവകാശം നൽകിയിരുന്നത്. ചുരുക്കിപ്പറഞ്ഞാൽ മേലാളന്റെ അധീനതയിൽ നിന്നുകൊണ്ട് ജീവിതം തള്ളിനീക്കുക. അവകാശമെന്ന പേരിൽ കഴിഞ്ഞുകൂടാനുള്ള എന്തെങ്കിലുമൊരു വക തറവാടുകളിൽനിന്നും അവരുമായി ബന്ധപ്പെട്ട ഇടപാടുകളിൽനിന്നും കിട്ടുക. ഇതായിരുന്നു അന്നത്തെ സ്ഥിതി. അതിനുദാഹരണമാണ് കാവുകളിലെ അനുഷ്ഠാനങ്ങളിൽ കുലത്തൊഴിലുമായി ബന്ധപ്പെട്ട ചില അവകാശങ്ങൾ

സ്ഥാപിച്ചു കൊടുക്കുന്നത്. ജാതിശ്രേണിയിൽ താരതമ്യേന താഴ്ന്നവരെന്ന് കരുതപ്പെട്ടിരുന്ന മലയൻ, മണ്ണാൻ, മൂന്നൂറ്റാൻ, അഞ്ഞൂറ്റാൻ, വേലൻ തുടങ്ങിയവർക്കാണ് പ്രധാനമായും ചെറുജന്മാവകാശം കൊടുത്തിരുന്നത്. ഇന്നയിന്ന സ്ഥലങ്ങളിലും തറവാടുകളിലും തെങ്ങുകയറുക, അവരുമായി ബന്ധമുള്ള കാവിലെ ഉത്സവത്തിന് കുരുത്തോലയും ഇളനീരും വലിച്ചുകൊടുക്കുക, പ്രദേശത്തെ വീടുകളിലെ വസ്ത്രങ്ങൾ അലക്കുക, മാറ്റ് കൊടുക്കുക തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്നതും ഇതിന് അരിയോ, നെല്ലോ മറ്റോ സ്വീകരിച്ചിരുന്നതും ചെറുജന്മാവകാശമാണ്. ഈ ചെറുജന്മാവകാശത്തിന്റെ വിപുലമായ രൂപമാണ് കാവുകളിൽ കണ്ടുവരുന്നത്. തിറയാട്ടം കെട്ടേണ്ടത് ദേശപ്പെരുവണ്ണാനാണ്. കുരുത്തോലയും ഇളന്നീരും കൊണ്ടുക്കൊടുക്കേണ്ടത് തിയ്യരാണ്. വാൾ നന്നാക്കേണ്ടതും പുതിയ വാൾ പണികഴിപ്പിച്ച് നൽകേണ്ടതും ദേശത്തെ കൊല്ലനാണ് എന്നിങ്ങനെ തുടങ്ങി ജാതിയുമായി ബന്ധപ്പെട്ട കുലത്തൊഴിലിലൂടെ ജാതിബന്ധം കൂടുതൽ ദൃഢമായി സ്ഥാപിക്കാനാണ് കാവ് ശ്രമിക്കുന്നത്. ഇതെല്ലാം കാവോർമ്മയിൽ ഏറെ പ്രാധാന്യമർഹിക്കുന്ന സാമൂഹിക പരിതസ്ഥിതികളാണ്.

### 3.1.1 കാവ് എന്ന ശീലം

പ്രവൃത്തിയുടെ രൂപത്തിലുള്ള ഓർമ്മകളാണ് ശീലം. പ്രത്യേകിച്ച് പ്രയത്നമൊന്നും കൂടാതെ അത് ശരീരങ്ങളെ ചലിപ്പിക്കുന്നു. കാവുമായി ബന്ധപ്പെട്ട ഓർമ്മകൾ ചലിപ്പിക്കുന്നത് ജാതിശരീരത്തെയാണ്. വിമർശനാത്മകമായി ചിന്തിക്കാതെ നമ്മൾ സ്വയം ചെയ്യുന്ന പ്രവൃത്തികളാണ് ശീലങ്ങൾ. അനുഷ്ഠാനാചാരങ്ങളാണ് കാവിലെ "ശീല സമുച്ചയം". കാവിൽ ജാതിശരീരങ്ങളുടെ ക്രമപ്പെടുത്തിയ ചലനമാണ് ആചാരാനുഷ്ഠാനങ്ങളെന്ന് വിളിക്കപ്പെടുന്ന ശീലങ്ങൾ. ശീലങ്ങളിൽ മാറ്റമുണ്ടാവുകയോ പരിണാമം സംഭവിക്കുകയോ ചെയ്യാനിടവന്നാൽ അത് സാമൂഹികപ്രശ്നങ്ങൾക്ക് കാരണമാകും. ശീലങ്ങൾ ഒരു മനുഷ്യന്റെ ശരീരത്തിൽത്തന്നെ ലയിച്ചു ചേർന്നിട്ടുള്ളതാണ്. ശീലമായ ഓർമ്മകൾ മനുഷ്യ മനസ്സിലല്ല ഉള്ളത്. അത് ശരീരസ്ഥമാണ്. ശരീരസ്ഥമായ ഓർമ്മകളാണ് ശീലം എന്നതിനാൽ അത്തരം ശരീരസ്ഥമായ ഓർമ്മകളിൽ മനസ്സ് കൊണ്ടൊരു പ്രത്യേക പ്രവർത്തനത്തിന്റെ ആവശ്യമില്ല. കാവിൽ തിറക്കാലമായി പ്രത്യേകിച്ചാരും പറയാതെ തന്നെ മനുഷ്യർ ഓരോരോ

പ്രവൃത്തികൾ ചെയ്യുന്നു. ശീലമായിട്ടുള്ള ഓർമ്മകളും അനുഭവങ്ങളായിട്ടുള്ള ഓർമ്മകളും കൂടിച്ചേർന്നതാണ് കാവ്. അതുകൊണ്ട് കാവ് എന്ന് പറയുന്നത് ഒരു കല്പിതയാഥാർത്ഥ്യമാണ്. ഈ കല്പിതയാഥാർത്ഥ്യത്തിന് മുകളിലാണ് നാം കാണുന്ന ഭൗതികമായ കാവ് നിലനിൽക്കുന്നത്. കാവിൽ ഉത്സവം ആരംഭിക്കുന്ന ദിവസം അവിടെയുള്ള ആളുകൾ സ്വയം ചലിക്കുന്നു.

കാവിനെ പ്രധാന കേന്ദ്രമാക്കി അനവധി ശീലങ്ങൾ നിലനിന്നു പോരുന്നുണ്ട്. കാവ് എപ്പോഴും നിലനിൽക്കുന്നത് ഗ്രാമീണരുടെ ജാതിസങ്കല്പങ്ങളിൽ അധിഷ്ഠിതമായ ശീലങ്ങളിലൂടെയാണ്. പെരുവണ്ണാൻ എപ്പോഴും കാവിൽ തിറയാട്ടം നടത്തിക്കൊടുക്കുകയും ഉത്സവത്തിന്റെ അന്നു മാത്രം കാവിൽ കയറുകയും അല്ലാത്ത സമയങ്ങളിൽ കാവുതീണ്ടാതെ അയിത്താചാരത്തോടുകൂടി ജീവിക്കുകയും ചെയ്യുന്നു. താണജാതിക്കാരെന്ന് വിളിക്കുന്ന മറ്റുള്ളവർ ഒരിക്കലും കാവിന്റെ മുറ്റത്ത് ഇറങ്ങാൻ സാധിക്കാത്തവരാണ്. അവർ നേർച്ചപ്പണവും ദ്രവ്യങ്ങളും അർപ്പിച്ച് കാവിന്റെ സമീപത്തുനിന്ന് ഏറെ ദൂരെനിന്ന് ദേവിയെ വന്ദിക്കുന്നു. ഊരായ്മക്കാർ ഉടമസ്ഥാവകാശത്തോടെ കാവിൽ ഇടപെടുന്നു. കൊല്ലന്മാർ ദേവിയുടെ ആയുധം ഉണ്ടാക്കിയും മിനുക്കിയും വർഷം മുഴുവൻ ദേവിയെ സേവിച്ച് മുറ്റത്തിറങ്ങാതെ അയിത്തം കൽപിക്കപ്പെട്ടവരായി മാറി നിൽക്കുന്നു. തിറ കെട്ടുമ്പോൾപോലും ദേഹം വൃത്തിയാക്കാൻ കുളത്തിലിറങ്ങിയാൽ കുളം തീണ്ടുന്ന അവസ്ഥയിൽ അവരുടെ സാമൂഹ്യജീവിതം സംഘർഷ ഭരിതമായിരുന്നു. ഇതിൽ പ്രതിഷേധിച്ച് തിറയാട്ടത്തിൽനിന്ന് വിട്ടുനിന്ന അനുഭവവും അവർക്ക് പറയാനുണ്ട്. കാവിനെക്കുറിച്ചുള്ള ഓർമ്മകളിൽ ശീലങ്ങളും ശീലങ്ങളുടെ ലംഘനവും കടന്നുവരുന്നത് കാണാം.

കാവ് ശീലങ്ങൾ കാവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ തന്നെയാണ്. തിറനിശ്ചയം മുതൽ കാവനുഷ്ഠാനങ്ങൾ തുടങ്ങുന്നു. ഇരുന്ന് പുറപ്പെട്ട് പോവുക, അണിയറ പൂജ, ഒടക്കം, വെള്ളാട്ട്, വെട്ടും വെളിച്ചപ്പാടും, തോറ്റവും അഞ്ചടിയും, തിറയാട്ടം, ചാന്താട്ടം, കുടികൂട്ടുക തുടങ്ങിയവയെല്ലാം കാവനുഷ്ഠാനങ്ങളാണ്. തിറ നടത്താനിരിക്കുന്ന ദിവസം ഊരായ്മക്കാരും കെട്ടിയാട്ടക്കാരും ചേർന്ന് നിശ്ചയിക്കുന്നതാണ് തിറനിശ്ചയം. കാവിൽ തിറകെട്ടാൻ നിയോഗിക്കപ്പെട്ട തറവാട്ടിലെ മൂത്തപെരുവണ്ണാനെ കാവിലേക്ക് സ്വീകരിച്ചു കൊണ്ടുവരുന്ന ചടങ്ങാണ് ഇരുന്ന് പുറപ്പാട്. വരവിന്റെ കൂടെ മൂത്ത

പെരുവണ്ണാനും മറ്റ് കോലക്കാരും വാദ്യത്തിന്റെ അകമ്പടിയോടെ കാവിലേക്ക് പ്രവേശിക്കുന്നു. കൂടാതെ ഉത്സവത്തോടനുബന്ധിച്ച് നടക്കുന്ന മറ്റ് ഒരുക്കങ്ങളുമുണ്ട്. കുരുത്തോലയും പൂക്കുലയും വാളും വിറകും എല്ലാം അതത് മേഖലയിൽ പ്രവർത്തിക്കുന്ന ജാതിവിഭാഗങ്ങൾ എത്തിച്ചുകൊടുക്കുന്നു. തിയ്യർ, കൊല്ലൻ, ആശാരി, മണ്ണാൻ തുടങ്ങിയ ഓരോ ജാതിശരീരങ്ങളും കാവുശീലത്തിന്റെ ഭാഗമാകുന്നു.

### 3.1.2 കാവ് എന്ന അനുഭവം

മനുഷ്യന്റെ കാവോർമ്മകൾ ശീലങ്ങളിലെന്നപോലെ അനുഭവങ്ങളിലും വ്യാപിച്ചുകിടക്കുന്നു. കാവെങ്ങനെയാണ് ഓരോ തരത്തിലുള്ള മനുഷ്യരുടെയും ജീവിതത്തെ സ്വാധീനിക്കുന്നതെന്ന കാര്യം ഇവിടെ വ്യക്തമാണ്. കാവ് ജനജീവിതത്തിന്റെ ഭാഗമായി മാറുമ്പോൾ അത്തരം അനുഭവങ്ങൾക്ക് തീക്ഷ്ണതയേറും, കാവിനെ സംബന്ധിക്കുന്ന ഓരോന്നും പലതലങ്ങളിലുള്ള മനുഷ്യരുടെ ജീവിതോപാധികളാണ്. ഭൗതിക ജീവിതത്തിലെ തൊഴിലുകൾ മുഖേനയാണ് കാവുമായി ജീവിതം ഇഴചേർക്കപ്പെടുന്നത്. കാവുമായി ബന്ധപ്പെട്ട മനുഷ്യരുടെ അനുഭവങ്ങൾ വാമൊഴിയിലൂടെയാണ് പങ്കുവെക്കപ്പെടുന്നത്.

## 3.2 വാമൊഴി ചരിത്രത്തിലെ വിള്ളൽ

വാമൊഴിയിലൂടെ മാത്രമാണ് അരികുവൽകരിക്കപ്പെട്ട ചരിത്രയാഥാർത്ഥ്യങ്ങൾ പലപ്പോഴും കണ്ടെടുക്കപ്പെടുന്നത്. വാമൊഴിയുടെയും വരമൊഴിയുടെയും ബോധഘടന ഏറെ വ്യത്യാസപ്പെട്ടാണിരിക്കുന്നത്. വാമൊഴിയിലേക്ക് പ്രവേശിക്കാതിരുന്ന ഇത്തരം ചരിത്രങ്ങൾ ഇരുണ്ട യാഥാർത്ഥ്യങ്ങളാണ്. മനുഷ്യന്റെ ബോധഘടനയെ രൂപപ്പെടുത്തുന്ന ശക്തിയായ വാമൊഴിയറിവുകൾ കേട്ടുകേൾവിയിലൂടെയാണ് ഹൃദ്യസ്ഥമാവുന്നത്. വരമൊഴിൽനിന്നും ഏറെ വ്യത്യസ്തമാണ് വാമൊഴിയിലൂടെ സംവദിക്കപ്പെടുന്ന അറിവുകൾ. വാമൊഴിയിലൂടെ പങ്കുവെക്കപ്പെടുന്ന സംഗതികളിൽ ആത്മനിഷ്ഠത അധികമായി സന്നിവേശിക്കപ്പെടുന്നുണ്ട്. ചരിത്ര യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾക്ക് ഉപയുക്തമായ രീതി എന്ന നിലയിൽ വാമൊഴി, ഇരുണ്ട ചരിത്രത്തെ വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. രേഖ

പ്പെടുത്താതെപോയ ആരാലോ നിർമ്മിക്കപ്പെട്ട സാമൂഹികനിലവാരത്തിനപ്പുറത്തുള്ള ചരിത്രസന്ദർഭങ്ങൾ കണ്ടെടുക്കപ്പെടുന്നത് വാമൊഴിയാഖ്യാനങ്ങളിലൂടെയാണ്.

ആത്മനിഷ്ഠമായ വിവരങ്ങൾ പങ്കുവയ്ക്കപ്പെടുമ്പോൾ സമൂഹം സമ്പൂർണ്ണമായും ചരിത്രവൽക്കരിക്കപ്പെടുകയാണ് ചെയ്യുന്നത്. പ്രത്യേക താൽപര്യങ്ങൾക്കടിസ്ഥാനമായി മാത്രം ചരിത്രം രേഖപ്പെടുത്തപ്പെടുമ്പോൾ വാമൊഴിയുടെ ആഖ്യാനതലങ്ങൾ കക്ഷിതാൽപര്യങ്ങൾക്കധീതമായി പ്രവർത്തിക്കുന്നു. സകല മേഖലകളിലുമുള്ളവരുടെയും ജീവിതചരിത്രനിർമിതി വാമൊഴിയിലൂടെ സാധ്യമാകുന്നു. മറയ്ക്കപ്പെട്ടേക്കാവുന്ന ചരിത്രം മറനീക്കി പുറത്തു വരുമ്പോൾ മാത്രമാണ് വാമൊഴിയുടെ ആഖ്യാനതലങ്ങൾ വ്യത്യസ്തമാവുന്നത്. വാമൊഴിയെ വരമൊഴിയിൽനിന്ന് വ്യത്യസ്തമാക്കുന്നത് അതിന്റെ സ്വതസിദ്ധമായ സവിശേഷതതന്നെയാണ്. വാമൊഴിയാഖ്യാനരീതികൾ സംബന്ധിച്ച് ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഫിലിപ്പീൻസ് ദ്വീപുനിവാസികൾക്കിടയിൽ നടത്തിയ ഒരു ഗവേഷണത്തിൽ റൊസാൾഡോ 13 വാമൊഴി ജനുസുകളെ കണ്ടെത്തുന്നുണ്ട്. സാമാന്യമായി ഇവയെ നേർഭാഷണം (striaght speech) വക്രഭാഷണം (crooked speech) മാന്ത്രികഭാഷ (language of spells) എന്നിങ്ങനെ തിരിച്ചിരിക്കുന്നു. നേർഭാഷണത്തെ വാർത്ത അഥവാ ഊഹാപോഹം (news or gossip), ആസന്നഭൂതകാലത്തെക്കുറിച്ചുള്ള കഥകൾ (myths or stories about the recent past), പുരാവൃത്തങ്ങൾ അഥവാ വിദൂര ഭൂതകാലത്തെക്കുറിച്ചുള്ള കഥകൾ (myths or stories about a more distant past) എന്നിങ്ങനെ മൂന്നായി വിഭജിക്കാം. വക്രഭാഷണത്തെ കടങ്കഥകൾ (riddles), കുട്ടിപ്പാട്ടുകൾ (children's rhymes), പാട്ടുകൾ (songs), പ്രകടനങ്ങൾ (Performances), പ്രഭാഷണങ്ങൾ (oratory), എന്നിങ്ങനെ അഞ്ചായി തിരിക്കാം (അനിൽ, 2018: 209 - 210).

വാമൊഴിയും വരമൊഴിയും വ്യത്യസ്തമായ ചിന്താപരിസരങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. വാമൊഴിയുടെ നേർലിഖിതരൂപമല്ല വരമൊഴി. രണ്ടും വ്യത്യസ്ത സ്വഭാവം കാണിക്കുന്ന ആഖ്യാനങ്ങളാണ്. വ്യത്യസ്തവ്യവഹാരങ്ങളെ മാനകീകരിച്ചുകൊണ്ടുള്ളതാണ് വരമൊഴിയുടെ സ്വഭാവമെങ്കിൽ അനുഭവതലങ്ങളെ ഉദ്ഗ്രഥനാത്മകമായി സംവേദനം ചെയ്യുന്ന രീതിയാണ് വാമൊഴിയുടേത്. വാമൊഴിയിൽ ഓരോ വാക്യങ്ങൾക്കും തനതായ അസ്ഥിത്വം ഉണ്ട്. ഓരോ വാക്യത്തിന് പിന്നിലും മറ്റു വാക്യ

ങ്ങൾ തുടരെ കണ്ണിചേർക്കപ്പെടുകയാണ് ചെയ്യുന്നത്. അംഗവാക്യത്തെ പിൻപറ്റി തുടർന്ന് പോരുന്ന അംഗിവാക്യം എന്ന ഘടനാ സമ്പ്രദായം വരമൊഴിയിൽ നിന്നും വാമൊഴിയെ വ്യത്യസ്തമാക്കുന്നു.വരമൊഴിയുടെ സാങ്കേതികതയൊന്നും തന്നെ വാമൊഴിയിൽ കാണാൻ സാധിക്കില്ല. ഖണ്ഡിക തിരിച്ചും അധ്യായം തിരിച്ചും വരമൊഴി കൃത്യമായ ചട്ടക്കൂടുകളിൽ നിലനിൽക്കുമ്പോൾ, ആശയങ്ങൾമാത്രം ഉൾക്കൊണ്ട് ഒരു സാങ്കേതികതക്കും അടിപ്പെടാതെ വാമൊഴി സ്വതന്ത്രമായി നിലകൊണ്ടു. വരമൊഴി അപഗ്രഥനാത്മകമാണെങ്കിൽ ഉദ്ഗ്രഥനാത്മകതയാണ് വാമൊഴിയുടെ സ്വഭാവം. വിശേഷണങ്ങളും അലങ്കാരങ്ങളും വാമൊഴികളുള്ളിൽ എപ്പോഴും ചേർന്നു നിന്നിരുന്നു. കൃത്യമായ ചിട്ടവട്ടങ്ങൾക്കകത്ത് വാമൊഴി ഒരിക്കലും ഒതുങ്ങി നിന്നിരുന്നില്ല. അയഞ്ഞമട്ടിലുള്ള ഘടനയാണ് വാമൊഴിയുടേത്. മാത്രവുമല്ല അനവധി പാഠഭേദങ്ങൾ ഉണ്ട് എന്നതും വാമൊഴിയെ വരമൊഴിയിൽനിന്നും വ്യത്യസ്തമാക്കുന്ന ഘടകമാണ്. "വെറും രാജകുമാരൻ വാമൊഴിയിൽ പ്രത്യക്ഷപ്പെടുന്നില്ല. ധീരനായ രാജകുമാരൻ മാത്രമേ കടന്നുവരു. അതുപോലെ രാജകുമാരി എല്ലായ്പ്പോഴും സുന്ദരിയായ രാജകുമാരി ആയിരിക്കും ഈ വിശേഷണങ്ങളെല്ലാം ആഖ്യാനത്തിൽ മാനകീകരിക്കപ്പെട്ടിരിക്കും" (അനിൽ, 211: 2018).

### 3.2.1 വാമൊഴിയും ആശയസംവേദനവും

വാമൊഴിയിൽ ആശയത്തിന്റെ പുനരാഗമനം സാധ്യമാവുന്നില്ല. ഉച്ചാരണം സാധ്യമാവുന്നതോടെ വാമൊഴിയിലെ പാഠം അപ്രത്യക്ഷമാകുന്നതിനാൽ പാഠത്തിലേക്ക് വീണ്ടും വീണ്ടും തിരിച്ചുവരാൻ സാധിക്കുന്നില്ല. വാമൊഴിയിൽ പാഠത്തിന്റെ മുന്നോട്ടോ പിന്നോട്ടോ ഉള്ള സഞ്ചാരം സാധ്യമാവുന്നില്ല. ഉച്ചാരണ സമയം കഴിഞ്ഞാൽ ആശയം വീണ്ടെടുക്കുന്നതിനായി ആവർത്തിക്കുക മാത്രമേ വഴിയുള്ളൂ. ഇടയ്ക്കിടയ്ക്ക് പാഠത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുന്നില്ല. വിശകല നാത്മകമായ ആശയങ്ങളെ ഉൾക്കൊള്ളാൻ വരമൊഴിക്ക് സാധിക്കുന്നതുപോലെ വാമൊഴിക്ക് സാധിക്കുന്നില്ല. വാമൊഴിയുടെ പ്രത്യേകത ആവർത്തനമാണ്. ആവർത്തനത്തിലൂടെയാണ് വാമൊഴിയെ ദൃഢപ്പെടുത്താൻ സാധിക്കുന്നത്. പാരമ്പര്യത്തിലൂടെയുള്ള കൈമാറ്റത്താലാണ് വാമൊഴിപാഠത്തെ ഉൽദിപ്പിക്കുന്നതും വിതരണം ചെയ്യുന്നതും. ഉൽപാദന പുനരുൽപാദനപ്രക്രിയയിലൂടെയാണ് വാമൊഴി നിലനിൽക്കുന്നത്. ആഖ്യാ

നങ്ങൾ പുതിയ അനുഭവമായി ശ്രോതാവിന് അനുഭവപ്പെടുന്നതിനായി അനേകം വ്യവഹാരിക ഘടകങ്ങൾക്കൂടി ചേർക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ പാഠത്തെ വാമൊഴി നിരന്തരം പുനരുൽപ്പാദിപ്പിക്കുന്നു. നിരന്തരം നവീകരിക്കപ്പെടുന്ന ഈ പ്രക്രിയയിലൂടെ ആഖ്യാനങ്ങളുടെ പുനരുൽപാദനമാണ് സാധ്യമാകുന്നത്.

വാമൊഴി എപ്പോഴും സന്ദർഭാധിഷ്ഠിതമായാണ് സ്ഥാനപ്പെട്ടു കിടക്കുന്നത്. സന്ദർഭത്തിൽനിന്നും വാമൊഴിയെ അടർത്തിമാറ്റാൻ സാധിക്കുന്നില്ല. മനുഷ്യന്റെ വ്യവഹാരസന്ദർഭങ്ങളിൽ വാമൊഴി കുരുങ്ങികിടക്കുന്നു. വാമൊഴിയിൽ ഏറ്റുമുട്ടലുകൾ കാണാൻ സാധിക്കുന്നുണ്ട്. കടങ്കഥയിലൂടെയും പഴഞ്ചൊല്ലുകളിലൂടെയും നാടൻപാട്ടുകളിലൂടെയും ഇത്തരം ഏറ്റുമുട്ടലുകൾ ദൃശ്യമാകുന്നുണ്ട്. വ്യക്തികളുടെ പങ്കാളിത്തത്തോടുകൂടി മാത്രമാണ് വാമൊഴി വളർച്ച പ്രാപിക്കുന്നത്. അതുകൊണ്ടാണ് വാമൊഴി ആത്മനിഷ്ഠപരമാകുന്നത്. വരമൊഴിയേക്കാളേറെ വാമൊഴിയിലൂടെയാണ് പ്ലേറ്റോവിന്റെ കാലങ്ങളിൽ കവിത നിലനിന്നിരുന്നത്. ആത്മനിഷ്ഠമായിരുന്ന അത്തരം കവിതകൾക്കെതിരെയാണ് പ്ലേറ്റോ വിമർശനം ഉന്നയിച്ചിരുന്നത്.

വാമൊഴി വർത്തമാനകാലത്തിനാണ് പ്രാധാന്യം നൽകുന്നത്. ഭൂതകാലത്തിലുള്ള ഓർമ്മകളിൽനിന്ന് വർത്തമാനകാലത്തേക്കാവശ്യമായതിനെ മാത്രമേ വാമൊഴി സ്വീകരിക്കുന്നുള്ളൂ. നിരന്തരം നവീകരണപ്രക്രിയ നടന്നുകൊണ്ടിരിക്കുന്നുണ്ട് വാമൊഴിയാഖ്യാനങ്ങളിൽ. ധർമ്മം നഷ്ടപ്പെട്ടവയേയും അസ്തിത്വം ഇല്ലാത്തവയേയും വാമൊഴി ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. അതത് കാലത്തിനാവശ്യമായവയെ മാത്രമാണ് മനുഷ്യർ വാമൊഴിയിലൂടെ ഓർമ്മയിൽ സൂക്ഷിക്കുന്നത്. വാമൊഴി ഭൂതകാലത്തെ ഗൗനിക്കാത്തതുകൊണ്ടും ഭൂതകാലത്തെ വാക്കുകൾ ആവശ്യമില്ലാത്തതുകൊണ്ടും നിഘണ്ടുവിന്റെ ആവശ്യം വരമൊഴിയെപോലെ വാമൊഴിക്കില്ല. വാമൊഴിയിൽ കൈമാറ്റം സാധ്യമാകുന്നുണ്ട്. തലമുറകളിലൂടെ വാമൊഴിയറിവുകൾ കൈമാറ്റത്തിന് വിധേയമാകുമ്പോൾ അതത് സമൂഹത്തിന് ആവശ്യമുള്ളവ മാത്രമേ മനുഷ്യർ സ്വീകരിച്ചിരുന്നുള്ളൂ. ആവശ്യമില്ലാത്ത അറിവുകൾ വാമൊഴിയിലൂടെ വർത്തമാനകാലത്തേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരുന്നില്ല. നിരന്തരം നവീകരിക്കപ്പെട്ടു കൊണ്ടാണ് വാമൊഴിയിലൂടെ അറിവുകൾ നിലനിൽക്കുന്നത്. ഇത്തരം അറിവുകൾ തലമുറകളിൽ

നിന്ന് തലമുറയിലേക്ക് കൈമാറികൊണ്ടാണ് ഓരോ ജനസമൂഹത്തിലും നിലനിന്നിരുന്നത്. വാമൊഴിയിൽ കൂടിയാണ് നാട്ടറിവും നാടൻ കലകളും സംഗീതവും കൈമാറ്റം ചെയ്യപ്പെടുന്നത്. ഓർമ്മകളിൽ നിന്നാണ് വാമൊഴിയിലൂടെ അറിവുകൾ തെളിഞ്ഞുവരുന്നത്. ഓർമ്മയും വാമൊഴിയും തമ്മിൽ ഒഴിച്ചുകൂടാൻ സാധിക്കാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു.

## 3.2.2 വാമൊഴി അറിവും സ്വത്വവും

വാമൊഴി ആഖ്യാനങ്ങൾ സ്വത്വപരമാണ്. ഓരോ വ്യക്തിയും തങ്ങളുടെ അനുഭവങ്ങളെയാണ് ചരിത്ര നിർമ്മാണത്തിനുപയുക്തമായ അറിവുകളാക്കി മാറ്റുന്നത്. ജാതി, മത, ദേശ, കാല, ലിംഗപരമായ വൈവിധ്യങ്ങളിലൂടെ ഓരോ വ്യക്തികളുടെയും വ്യത്യസ്തമായ അനുഭവങ്ങൾ ചരിത്രനിർമ്മാണ പ്രക്രിയയുടെ ഭാഗമായി വാമൊഴിയിലൂടെ അടയാളപ്പെടുത്തപ്പെടുന്നു. സമഗ്രചരിത്രം എന്ന സങ്കൽപ്പത്തേക്കാളുപരി പ്രാദേശികചരിത്രരചനയാണ് വാമൊഴിയാഖ്യാനങ്ങളിലൂടെ പ്രധാനമായും സാധ്യമാകുന്നത്. അനവധി ജീവിതസാഹചര്യങ്ങളിലുള്ള മനുഷ്യരുടെ അനുഭവസാക്ഷ്യങ്ങൾ വാമൊഴിയിലൂടെയാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. തനതു ഭാഷയിലൂടെ തനതു ജീവിതം പറഞ്ഞുവെക്കപ്പെടുകയാണ്. ചെറിയചെറിയ ജീവിതാനുഭവങ്ങൾ കൂടിച്ചേർന്നുള്ള വിപുലതയിലൂടെയാണ് പലപ്പോഴും ബൃഹദ്ചരിത്രം രൂപപ്പെടുന്നത്. ആ ബൃഹദ്ചരിത്രത്തിന്റെ കണ്ണികളാണ് പ്രാദേശികമായ ഓരോ വാമൊഴി ആഖ്യാനങ്ങളും. വാമൊഴിയിലൂടെയുള്ള അറിവുകൾ ചരിത്രനിർമ്മാണത്തിന് ഉപയുക്തമായ ഉപാദാനമായി സ്വീകരിക്കാൻ തുടങ്ങിയതു മുതൽ അറിയപ്പെടാതെപോയ അനേകം മനുഷ്യരുടെ ജീവിതയാഥാർത്ഥ്യങ്ങളാണ് പുറത്തുവന്നിട്ടുള്ളത്.

“നാടൻ വാമൊഴിരൂപങ്ങൾ ചരിത്രപഠനത്തിന്റെ ഉപാദാനങ്ങളായി സ്വീകരിക്കാമെന്ന വസ്തുത ചരിത്രകാരന്മാർക്ക് പോലും ബോധ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഫോക്‌ലോറിന്റെ വിവിധഗണങ്ങൾ ചരിത്രപഠന നിർമിതിക്ക് സഹായകമായിത്തീരും. നാടൻ പാട്ടുകൾ, ഐതിഹ്യങ്ങൾ, വീരചരിതങ്ങൾ തുടങ്ങിയവയെല്ലാം ചരിത്രാംശങ്ങൾ ഉൾക്കൊള്ളുന്നവയോ ചരിത്രസൂചനകൾ നൽകുന്നവയോ ആണ്. പ്രത്യേകിച്ചും പ്രാദേശിക ചരിത്രത്തിന്റെയും സാംസ്കാരിക ചരിത്രത്തിന്റെയും രചനയ്ക്ക്

നാടൻവാങ്മയങ്ങൾ വളരെ പ്രയോജനപ്രദങ്ങളാണ്. ഓർമ്മകളിലൂടെ നിലനിൽക്കുന്ന പല വസ്തുതകളും അവയിലുണ്ടാകും. ശിലാരേഖകളും തൊപ്പികല്ലുകളും പുരാവസ്തുക്കളും ഉണ്ടെങ്കിലേ ചരിത്രരചന നടക്കുകയുള്ളൂ എന്ന ധാരണ തിരുത്തപ്പെട്ടു കൊണ്ടിരിക്കുകയാണ്" (വിഷ്ണുനമ്പൂതിരി :2000:783)

വാമൊഴിയിലൂടെ ഒരു വ്യക്തിയുടെ ചിന്തകളും വികാരങ്ങളും വ്യക്തമാകുന്നതോടൊപ്പം തനതായ ഭാഷയുടെ കല്പനാ ചാതുര്യവും വാങ്മയ വിജ്ഞാനവും വീണ്ടെടുക്കാൻ സാധിക്കുന്നുണ്ട്. വാങ്മയ സംസ്കാരത്തിൽ ഓർമ്മയ്ക്ക് ഏറെ പ്രാധാന്യമുണ്ട്. നാടൻവാങ്മയ സംസ്കാരത്തിന് വിശാലമായ വിഷയപരിധിയുണ്ട്. നാടൻകലകളും സാഹിത്യവും ഇത്തരം വാങ്മയങ്ങളുടെ ഭാഗമായി നിലകൊള്ളുന്നു. വാമൊഴിയായി മാത്രമായിരുന്നു അറിവുകൾ കൈമാറ്റം ചെയ്യപ്പെട്ടിരുന്നത്. നാടൻപാട്ടുകളും നാട്ടുവൈദ്യവും അനുഭവങ്ങളും എല്ലാം കഥകളിലൂടെ വാമൊഴിയായി പ്രചരിച്ചിരുന്നു. വ്യക്തികളിൽനിന്നും വ്യക്തികളിലേക്കും കൂട്ടായ്മകളിലേക്കും വാമൊഴിയിലൂടെ അറിവുകൾ മാറ്റത്തിന് വിധേയമായിക്കൊണ്ടിരുന്നു.

### 3.2.3 എഴുത്തും വാമൊഴിയും

എഴുത്തിന് പ്രാധാന്യം ഏറി വന്നപ്പോൾ വാമൊഴിക്ക് തനതായ അസ്തിത്വം നഷ്ടപ്പെടുകയും വാമൊഴിയെ ചരിത്രത്തിനുള്ള ആകരമായി സ്വീകരിക്കുന്നതിൽ മാറ്റം വരുകയും ചെയ്തു. സാമൂഹ്യ വ്യവഹാരങ്ങളിലൂടെ ചരിത്രനിർമ്മിതി സാധ്യമാകണമെങ്കിൽ വാമൊഴിയിലൂടെ അത്തരം വ്യവഹാരങ്ങളെ അറിവ് ശേഖരണത്തിന്റെ ഭാഗമാക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ചരിത്രനിർമ്മിതി പൂർണ്ണമാകുകയുള്ളൂ. മുഖ്യധാരാ ചരിത്രം മാത്രം രേഖപ്പെടുത്തപ്പെടാതെ സമ്പൂർണ്ണ സാമൂഹികചരിത്രനിർമിതി സാധ്യമാകുന്നതിന് വാമൊഴി വലിയ പങ്കുവഹിക്കുന്നുണ്ട്. വരമൊഴി അധീശവർഗ്ഗത്തിന്റെ പ്രത്യയശാസ്ത്ര ഉപകരണമായിരുന്നെങ്കിൽ വാമൊഴി അരികുവൽക്കരിക്കപ്പെട്ടവരുടെ ജീവിതാനുഭവചരിത്രം രേഖപ്പെടുത്തുന്നതിന് സഹായിക്കുന്ന ഉപാധിയായി പ്രവർത്തിച്ചു. ചരിത്രനിർമ്മാണ പ്രക്രിയയിൽ വാമൊഴിയിൽ മാത്രം ഒതുങ്ങിനിന്ന് വരമൊഴിയിലേക്ക് പ്രവേശിക്കാതിരുന്ന ചരിത്രത്തെയും ഇരുണ്ട ചരിത്രം എന്നാണ് വിളിച്ചിരുന്നത്. വരമൊഴി വെളിച്ചവും വാമൊഴി ഇരുണ്ടതുമാണെന്ന് സമൂഹം കൽപ്പി

ച്ചിരുന്നു. അങ്ങനെ വരുമ്പോൾ സമൂഹത്തിൽ അരികവൽക്കരിക്കപ്പെട്ടവരുടെ ചരിത്രം എവിടെയും അടയാളപ്പെടുത്താതെ പോവുകയാണ്. തങ്ങളുടെ ഉല്പത്തിയെക്കുറിച്ച്, പൂർവപിതാക്കന്മാരെക്കുറിച്ച്, ദേശാന്തരഗമന(migration)ത്തെക്കുറിച്ച്, പല ഘട്ടങ്ങളിൽ സമ്പർക്കത്തിൽ വന്ന അന്യ(Others)സമൂഹങ്ങളെക്കുറിച്ച്, സാമൂഹ്യബന്ധങ്ങളുടെ ഉല്പത്തിയെക്കുറിച്ചെല്ലാമുള്ള നിരവധിയാഖ്യാനങ്ങൾ ഓരോ വാമൊഴി സമൂഹത്തിനും കാണാം. ഇതിലെല്ലാം അവരുടെ ചരിത്രമുണ്ട്. എന്നാൽ ഇതെല്ലാം ചരിത്രമാണെന്ന് പറയാനാവില്ല. ആദിമ മനുഷ്യന്റെ സമൂഹബോധം (collective unconsciousness), സൗന്ദര്യസങ്കല്പം, മതം എന്നിവയെല്ലാം ഇതിൽ കൂടി കുഴഞ്ഞിട്ടുണ്ട്. കൊളോണിയലിസം സൃഷ്ടിച്ച ജ്ഞാനിമ(epistemology)ങ്ങൾക്ക് ഇവയെ വേർപ്പെടുത്താനോ വ്യാഖ്യാനിക്കാനോ കഴിഞ്ഞില്ല (അനിൽ, 2018: 224).

വാമൊഴിയെക്കാൾ വരമൊഴിയ്ക്ക് പ്രാധാന്യം കൂടിവന്നതോടെ വാമൊഴിയിലെ അറിവുകൾ പ്രാധാന്യമില്ലാത്തവയായി മാറ്റപ്പെട്ടു. അത്തരത്തിലുള്ള അവഗണനകളിലൂടെയാണ് ചരിത്രം സമൂഹത്തിലെ ചില പ്രത്യേക വിഭാഗങ്ങളുടേത് മാത്രമായി ചുരുങ്ങിപ്പോയത്. അരികുവൽക്കരിക്കപ്പെട്ടവരുടെ ചരിത്രബോധ്യങ്ങൾ അടയാളപ്പെട്ടത് വാമൊഴിയിലൂടെ മാത്രമായിരുന്നു. എഴുത്തിന് പ്രാധാന്യം ലഭിച്ചതിനാൽ ചരിത്രം രേഖപ്പെടുത്തപ്പെട്ടത് രാജവംശങ്ങളിലും രാജകൊട്ടാരങ്ങളിലും ക്ഷേത്രങ്ങളിലും കാണപ്പെട്ട ശാസനങ്ങളെയും ഗ്രന്ഥവരികളെയും സ്മാരകങ്ങളെയും ഉപാദാനങ്ങളായി സ്വീകരിച്ചുകൊണ്ടായിരുന്നു. ചരിത്രനിർമ്മിതിക്കുള്ള ഉപാദാനങ്ങളായി ഏറെ പ്രാധാന്യത്തോടെയാണ് സമൂഹം ഇവയെ കണ്ടിരുന്നത്. അങ്ങനെ ചരിത്രം പലപ്പോഴും രാജകൊട്ടാരങ്ങളിലും രാജവംശങ്ങളിലും ഒതുങ്ങിനിന്നു. എഴുത്തിൽമാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന പരമ്പരാഗത ചരിത്രരചനാരീതിക്ക് മാറ്റമുണ്ടാവുന്നത് ആധുനികചരിത്രരചനാസമ്പ്രദായത്തിന്റെ വികാസത്തിലൂടെയാണ്. വാമൊഴി ആഖ്യാനങ്ങൾക്കും വരമൊഴിയോടൊപ്പംതന്നെ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ചരിത്രരചനാരീതിശാസ്ത്രം പിന്തുടരാൻ ആധുനിക ചരിത്രാഖ്യാനങ്ങൾക്ക് സാധിച്ചു. പ്രാദേശിക ചരിത്രനിർമ്മിതിക്ക് പലപ്പോഴും ഉപയുക്തമായ ഒന്നായി വാമൊഴിയാഖ്യാന രീതി സ്വീകരിക്കപ്പെട്ടു. അരികുവൽക്കരിക്കപ്പെട്ടവരുടെ ചരിത്രം പുനർനിർമ്മിക്കാൻ വാമൊഴി ആഖ്യാനങ്ങളെ ഉപാദാനമായി സ്വീകരിക്കുന്നതിലൂടെ സാധ്യമായി. വാമൊഴിയിൽ രേഖപ്പെടുത്തിവയ്ക്കാത്ത

ആകരമില്ലാത്ത ഒരു ജനവിഭാഗത്തിന്റെ ചരിത്രനിർമ്മാണത്തിന് വാമൊഴി വഴക്ക ത്തെതന്നെ ആശ്രയിക്കേണ്ടതായിവന്നു. വാമൊഴിയാഖ്യാനങ്ങളിലൂടെയുള്ള ചരിത്ര നിർമ്മിതി സാധ്യമാകുന്നത് ഓരോ ജനങ്ങളുടെയും ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കപ്പെട്ട പ്പോഴാണ്. ഓരോ വ്യക്തികളും ജീവിക്കേണ്ടിവന്ന സാമൂഹിക അവസ്ഥകളും സാഹച ര്യങ്ങളും അവരുടെ അനുഭവങ്ങളിലൂടെ മനസ്സിലാക്കപ്പെടുന്നു. ഇത്തരം അനുഭവങ്ങൾ ഓരോരുത്തരുടെയും വാമൊഴിയാഖ്യാനങ്ങളിലൂടെയാണ് മനസ്സിലാക്കാൻ സാധിക്കു ന്നത്. മരണപ്പെട്ടുപോയ വീരനായകന്മാരുടെ കഥകൾ ഇത്തരത്തിൽ വാമൊഴിയിലൂടെ നിലനിൽക്കുന്നു. ചില വീരനായകന്മാരുടെയും നായികന്മാരുടെയും കഥ പറയുന്ന പാട്ടുകളും പ്രാദേശികമായി പ്രചരിക്കാറുണ്ട് വാമൊഴിയിലൂടെയാണിത് സാധ്യമാകു ന്നത്.

### 3.2.4 വാമൊഴി ചരിത്രം

ബൃഹദ് ചരിത്രത്തെക്കാളുപരി അതതു സ്വത്വങ്ങളെ പ്രതിപാദിപ്പിക്കുന്നതാണ് വാമൊഴിയാഖ്യാനങ്ങളിലൂടെയുള്ള ചരിത്രനിർമ്മിതി. നവീനമായ ബോധ്യങ്ങളെ യാണ് വാമൊഴിചരിത്രം പലപ്പോഴും കണ്ടെത്തുന്നത്. ഭൂതകാലത്തെ മനുഷ്യരുടെ നേരനുഭവങ്ങളെയാണ് വാമൊഴിചരിത്രം അടയാളപ്പെടുത്തി വയ്ക്കുന്നത്. എങ്ങും രേഖ പ്പെടുത്താതെ പോയ അത്തരം അനുഭവങ്ങൾ വാമൊഴിയാഖ്യാനങ്ങളിലൂടെ ചരിത്ര ത്തിന്റെ ഭാഗമാകുന്നു. ഭൂതകാലത്തെക്കുറിച്ചുള്ള അറിവുല്പാദനത്തിനായി ലിഖിതങ്ങ ളെയും സ്മാരകങ്ങളെയുമായിരുന്നു പൊതുവെ നാം സ്വീകരിച്ചിരുന്നത്. ആയതിനാൽ ലിഖിതങ്ങളിലും സ്മാരകങ്ങളിലും അടയാളപ്പെടാതെപോയ ജനസമൂഹങ്ങൾക്ക് ഭൂതകാലചരിത്രം ഉണ്ടായിരുന്നില്ല. അവരുടെ അനുഭവങ്ങൾ കാലാന്തരത്തിൽ അലിഞ്ഞ് ഇല്ലാതാവാറായിരുന്നു പതിവ്. എന്നാൽ അവർ തങ്ങളുടെ ശബ്ദമുയർത്താൻ തുടങ്ങിയ സമയം മുതൽ അവരുടെ ജീവിതാനുഭവചരിത്രം രേഖപ്പെടുത്തപ്പെട്ടു തുടങ്ങി. അടിച്ചമർത്തപ്പെടുകയും മാറ്റിനിർത്തപ്പെടുകയും ചെയ്ത സാധാരണക്കാരായ ബഹുഭൂരി പക്ഷത്തിന്റെ ചരിത്രം നിർമ്മിച്ചെടുക്കുന്നത് പലപ്പോഴും വാമൊഴിയിലൂടെയാണ്. അധികാരം കയ്യാളുന്നവർ രേഖകളിലൂടെയും കണക്കുകളിലൂടെയും പുരാവസ്തുക്കളി ലൂടെയും തെളിവുകൾ നിരത്തിയാണ് ചരിത്രം രേഖപ്പെടുത്താൻ ശ്രമിച്ചത്. അതത് കാലഘട്ടത്തിലെ അധികാരികൾക്ക് അനുകൂലമായ രീതിയിലാണ് ചരിത്രം രേഖപ്പെട്ട

ത്തപ്പെടുന്നത്. മാറ്റിനിർത്തപ്പെട്ടവരുടെ ചരിത്രം രേഖപ്പെടുത്താൻ ഉപാദാന സാമഗ്രികൾ ലഭ്യമായിരുന്നില്ല. അവ വാമൊഴി ആഖ്യാനങ്ങളിലൂടെ തന്നെയാണ് ഭൂതകാലത്തെ നിർമ്മിച്ചെടുത്തിരുന്നത്. അധീശത്വചരിത്രം സാധാരണക്കാരായ ജനങ്ങളുടെ ചരിത്രത്തെ മായ്ച്ചുകളയാൻ ശ്രമിച്ചിരുന്നു. അധീശ പ്രത്യയശാസ്ത്രത്തെ ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കാൻ അധികാരവർഗ്ഗം നിരന്തരം ശ്രമിച്ചുകൊണ്ടേയിരുന്നു. സാധാരണക്കാരന്റെ അനുഭവങ്ങളും വീക്ഷണങ്ങളും ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടുന്നതിന് വാമൊഴി ആഖ്യാനം വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഭൂതകാലത്തിന്റെ വ്യാഖ്യാനമായി ചരിത്രത്തെ രേഖപ്പെടുത്തിവെക്കുമ്പോൾ കർഷക ജനതയുടെയും ഭൂരിപക്ഷം വരുന്ന സാധാരണക്കാരന്റെയും ചരിത്രം പലപ്പോഴും രേഖപ്പെടുത്തപ്പെടുന്നത് വാമൊഴി ആഖ്യാനങ്ങളിലൂടെയാണ്. ആധികാരികത സ്ഥാപിക്കുന്നതിനായി അധികാര-അധീശത്വ താൽപര്യങ്ങളാൽ എഴുതപ്പെട്ട ചരിത്രം ഏകപാഠത്തിൽ ഒതുങ്ങാൻ ശ്രമിക്കുമ്പോൾ ജനജീവിതത്തിന്റെ സങ്കീർണതലങ്ങൾ ഉൾക്കൊള്ളുന്ന വാമൊഴിചരിത്രം അനേകപാഠങ്ങളിൽ ചിതറിക്കിടക്കുന്നു. ബൃഹദ് ചരിത്രരചനക്കപ്പുറം അതത് പ്രാദേശിക ചരിത്രനിർമ്മാണമാണപ്പോൾ സാധ്യമാകുന്നത്. അപ്പോഴാണ് വാമൊഴിചരിത്രം പ്രസക്തമായി തീരുന്നത്..

വാമൊഴിചരിത്രം സംരക്ഷിക്കപ്പെടേണ്ടവയാണ്. ബൃഹത്തായ സ്മാരകങ്ങൾ സംരക്ഷിക്കുന്ന അത്രയും കൃത്യമായ മുൻകരുതൽ വേണം കാലാനുസൃതമായ വാമൊഴി ചരിത്രസംരക്ഷണത്തിനും. ഭൂതകാല സംഭവങ്ങളിൽനിന്നും അനുഭവങ്ങളിലൂടെയുള്ള അറിവുകളാണ് വാമൊഴിയിലൂടെ രേഖപ്പെടുത്തപ്പെടുന്നത്. അറിയപ്പെടാതെ പോവുന്ന ബഹുഭൂരിപക്ഷത്തിന്റെയും ചരിത്രം രേഖപ്പെടുത്തപ്പെടുന്നതെങ്ങനെയാണ്. മറ്റു ചരിത്രരീതികളിൽനിന്നും വ്യത്യസ്തമായ വാമൊഴിചരിത്രരചനാസമ്പ്രദായത്തിലൂടെ ചരിത്രത്തിന്റെ മുഖ്യധാരയിൽനിന്ന് തിരസ്കരിക്കപ്പെട്ടവരുടെയും കീഴാളരുടെയും സ്ത്രീകളുടെയും പ്രാദേശികജനതയുടെയും ചരിത്രം വീണ്ടെടുക്കാൻ സാധിക്കുന്നുണ്ട്. വ്യക്തികേന്ദ്രീകൃതമായാണ് വാമൊഴി ചരിത്രനിർമ്മിതി സാധ്യമാകുന്നത്. വ്യത്യസ്ത ജീവിതാനുഭവങ്ങളിൽ ഏർപ്പെടുന്ന വ്യക്തികളുടെ സംഭാഷണങ്ങളിലൂടെയാണ് ചരിത്രം നിർമിക്കപ്പെടുന്നത്. ഓർമ്മകൾ ചരിത്രമായി മാറുന്ന പ്രക്രിയയാണ് വാമൊഴിചരിത്രരചനയിൽ നടക്കുന്നത്. അനുഭവത്തെക്കുറിച്ചുള്ള വിവരണം ആഖ്യാതാവിലൂടെയുള്ള

ചരിത്രനിർമ്മാണമാണ് സാധ്യമാക്കുന്നത്. ബൃഹത്തായ ഒരൊറ്റ ചരിത്രത്തിനുപകരം വാമൊഴിയിലൂടെ രേഖപ്പെടുത്തപ്പെടുന്നത് ചരിത്രങ്ങളാണ്. അനവധി തലങ്ങളിൽ ചരിത്രം രേഖപ്പെടുത്തപ്പെടുമ്പോൾ സാമ്പ്രദായികചരിത്രത്തിന്റെ ആധികാരികതയും വിശുദ്ധിയുമാണ് ചോദ്യം ചെയ്യപ്പെടുന്നത്. സമൂഹത്തിലെ വ്യത്യസ്തതലങ്ങളിൽ ജീവിക്കുന്ന മനുഷ്യരുടെ വൈവിധ്യമായ ചരിത്രം സാമ്പ്രദായിക ചരിത്രരചനാ സങ്കല്പത്തെ തന്നെ മാറ്റിമറിക്കുന്നുണ്ട്. ആഖ്യാനങ്ങളിലൂടെ രേഖപ്പെടുത്തപ്പെടുന്ന ചരിത്രം അനേകം സംഭവങ്ങളുടെ ചരിത്രമാണ്. എഴുതപ്പെട്ട സാമ്പ്രദായിക ചരിത്രരചനയിൽ രേഖപ്പെടുത്താതെപോയ ചരിത്രയാഥാർഥ്യങ്ങളെ വാമൊഴിചരിത്രം തിരിച്ചുപിടിക്കാൻ ശ്രമിക്കുന്നുണ്ട്. അധീശത്വപരമായ നിലപാടുകളെ എതിർക്കുന്ന തരത്തിലാണ് വാമൊഴി ചരിത്രം ഇന്ന് നിലകൊള്ളുന്നത്. അത് പുറമ്പോക്കിലേക്ക് മാറ്റിനിർത്തപ്പെട്ടവരുടെ ചരിത്രം കണ്ടെത്തുന്നു. ചരിത്രത്തെ ജനാധിപത്യവൽക്കരിക്കുന്ന പ്രവർത്തനമാണ് വാമൊഴി ചരിത്രരചന മുന്നിൽ കാണുന്നത്. പ്രാദേശിക ചരിത്രരചനയുമായി ബന്ധപ്പെട്ടുകൊണ്ടാണ് കേരളത്തിൽ വാമൊഴിചരിത്രം വളർന്നു വന്നിട്ടുള്ളത്. പ്രദേശത്തിലെ നാനാവിഭാഗങ്ങളിലെ ജനസമൂഹത്തെക്കുറിച്ചും അവരുടെ തൊഴിൽമേഖലകളെക്കുറിച്ചും ജീവിത സാഹചര്യങ്ങളെക്കുറിച്ചും എല്ലാമുള്ള വിവരങ്ങൾ വാമൊഴിയിലൂടെയാണ് മനസ്സിലാക്കാനും ചരിത്രവൽക്കരിക്കാനും സാധിക്കുന്നത്.

### 3.2.5 ഓർമ്മയും വാമൊഴിയും

സാധാരണക്കാരുടെ അറിവുകൾ മിക്കപ്പോഴും അവരുടെ ഓർമ്മകളിലാണ് നിലനിൽക്കുന്നത്. അനുഭവസ്ഥമായ ഇത്തരം അറിവുകൾ രണ്ട് തരത്തിലാണുള്ളത്. അതിലൊന്ന് തലമുറകളിലൂടെ പകർന്നുകിട്ടിയിട്ടുള്ള രേഖപ്പെടുത്താതെപോയ വിജ്ഞാനസംബന്ധമായ അറിവുകളും മറ്റൊന്ന് സാമൂഹികജീവിതത്തിന്റെ ഭാഗമായി അനുഭവിക്കേണ്ടിവന്ന തിക്താനുഭവങ്ങളെക്കുറിച്ചുള്ള അറിവുകളുമാണ്. പലപ്പോഴും ഇത്തരം കാര്യങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. വാമൊഴി ആഖ്യാനങ്ങളിലൂടെയാണ് ഈ രണ്ടു തരത്തിലുള്ള അറിവുകളും ചിലപ്പോഴെങ്കിലും രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. ആത്മനിഷ്ഠ സാഹചര്യത്തിൽനിന്നുകൊണ്ടാണ് ആഖ്യാനം സാധ്യമാവുന്നത്. ഓർത്തെടുത്ത് വാമൊഴിയിലൂടെ പങ്കുവെക്കപ്പെടുന്ന അറിവുകൾ എഴുതിവെക്കപ്പെടുമ്പോൾ മറവിക്കെതിരെയുള്ള കലഹമായത് മാറുന്നു. ചരിത്ര നിർമ്മിതിയാണപ്പോൾ സാധ്യമാവുന്നത്.

മറവിക്ക് വിട്ടുകൊടുക്കാതെ ഓർമ്മകളിലൂടെ പങ്കുവെക്കപ്പെടുന്ന അറിവുകൾ ചരിത്ര നിർമ്മാണ പ്രക്രിയയിലെ പ്രധാനഘടകങ്ങളായി പ്രവർത്തിക്കുന്നു.

എഴുതിവെക്കപ്പെടുമ്പോൾ അടിസ്ഥാനപരമായി ആ പ്രവൃത്തി മറവിക്കെതിരെ യുള്ള പ്രവർത്തനമായി മാറുകമാത്രമല്ല ചെയ്യുന്നത്, പുതിയ ചരിത്രനിർമ്മാണം കൂടി സാധ്യമാവുന്ന തലത്തിലേക്ക് വികാസം പ്രാപിക്കുകയാണ്. എഴുത്തിന്റെ തലത്തി ലേക്ക് ഓരോ അനുഭവസ്ഥമായ വിവരങ്ങളും വാമൊഴി ആഖ്യാനങ്ങളിലൂടെയാണ് എത്തിച്ചേരുന്നത്. സാധാരണക്കാരായ മനുഷ്യരുടെ ചരിത്രമാണപ്പോൾ രേഖപ്പെടുത്ത പ്പെടുന്നത്. വാമൊഴിയിൽ നിലനിൽക്കുന്ന ചരിത്രം സാധാരണക്കാരന്റെ കഷ്ടപ്പാട് നിറഞ്ഞ ജീവിതയാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ളവയാണ്. വാമൊഴിയിലൂടെ പാടിപ്പ തിഞ്ഞ ചില തോറ്റംപാട്ടുകളിൽ ഇത്തരത്തിലുള്ള പതിതരുടെ ജീവിതം കാണാൻ സാധിക്കുന്നുണ്ട്. ആധുനിക ജീവചരിത്രങ്ങളിൽ കല്ലേൻപൊക്കുടന്റെ ജീവചരിത്രം ഇതിനുദാഹരണമാണ്. വാമൊഴിയിലൂടെയാണദ്ദേഹം തന്റെ ജീവിതത്തെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കുവച്ചിരുന്നത്. ഓർമ്മയും വാമൊഴിയും ഇങ്ങനെയെല്ലാമാണ് ബന്ധപ്പെട്ടിരിക്കുന്നത്.

അപ്രസക്തമായി കണക്കാക്കിയിരുന്ന സാധാരണക്കാരന്റെ അറിവുകൾക്ക് പ്രാധാന്യം കല്പിക്കപ്പെടുന്നത് അവരിലൂടെ ചരിത്രം നിർമ്മിക്കപ്പെടുമ്പോൾ മാത്രമാണ്. അല്ലാത്തപ്പോഴെല്ലാം മാറ്റിനിർത്തപ്പെടലുകൾക്കും അവഗണനകൾക്കും വിധേയമായി എങ്ങും അടയാളപ്പെടുത്തപ്പെടാതെ അവരുടെ ചരിത്ര മുഖ്യധാരാചരിത്രത്തിന്റെ ഭാഗമ ല്ലാതായി മാറുന്നു. അനുഭവങ്ങളിലൂടെ പങ്കുവെക്കപ്പെടുന്ന വാമൊഴി ആഖ്യാനങ്ങൾക്ക് പ്രാധാന്യം ലഭിച്ചുതുടങ്ങിയതിന് ശേഷം അത്തരത്തിലുള്ള അനവധി വിവരങ്ങളിന്ന് സാംസ്കാരികകേരളത്തിന്റെ ഭാഗമായി ചേർന്നുകിടക്കുന്നുണ്ട്. ചരിത്രനിർമ്മിതിയുടെ ആദ്യഘട്ടമായ രേഖപ്പെടുത്തൽ സാധ്യമാവുന്നതിലൂടെ എല്ലാ ചരിത്രങ്ങളും സമൂഹ ത്തിൽ സ്ഥാനപ്പെടുകയാണ് ചെയ്യുന്നത്.

കീഴാളകലകൾ പ്രധാനമായും വാമൊഴിയിലൂടെ നിലനിൽക്കുന്നതുപോലെ തന്നെ കീഴാളജീവിതചരിത്രവും ആദ്യകാലങ്ങളിൽ വാമൊഴിയിലൂടെ തന്നെയാണ് പ്രധാനമായും നിലനിന്നിരുന്നത്. പിന്നീട് മാത്രമാണവ രേഖപ്പെടുത്തപ്പെട്ടത്.

ആധുനികകാലത്തിന്റെ ആവശ്യമായിരുന്നു അത്തരം ചരിത്രങ്ങൾ അടയാളപ്പെടുത്തപ്പെടുക എന്നുള്ളത്. പ്രധാനമായും കീഴാളചരിത്രത്തെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ ഓർമ്മകളാണ് ചരിത്രനിർമ്മാണത്തിലേക്ക് നയിക്കുന്നത് എന്ന് വ്യക്തമാണ്. സാധാരണക്കാരായ മനുഷ്യർ തങ്ങളുടെ ഓർമ്മയിലൂടെ ചരിത്രനിർമ്മാണ പ്രവർത്തനത്തിൽ പങ്കാളികളാവുന്നു.

കീഴാള ആഖ്യാനങ്ങൾക്ക് ഇന്നേറെ പ്രാമുഖ്യമുണ്ട്. വ്യവസ്ഥാപിത ചരിത്രരചനകളിൽനിന്ന് പുറന്തള്ളപ്പെട്ട കീഴാളജനങ്ങളുടെ ജീവിതങ്ങളെക്കുറിച്ചിന്ന് എഴുതപ്പെടുകയും വായിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഓർമ്മകൾ പലതും ഇന്ന് ചരിത്രപരമായി മാറുന്നു. അരികുവൽക്കരിക്കപ്പെട്ടവരുടെ ചരിത്രം രേഖപ്പെടുത്തപ്പെടുന്നതിങ്ങനെയാണ്. ഓർമ്മകളാണ് വാമൊഴി ആഖ്യാനങ്ങളുടെ സഹായത്തോടെ എഴുത്ത് രൂപത്തിലേക്ക് മാറ്റപ്പെടുന്നത്. രേഖപ്പെടുത്തലുകളിലൂടെ ചരിത്രത്തിന്റെ ഭാഗമായി ഉറച്ചുനിൽക്കാൻ വ്യത്യസ്തജീവിതസന്ദർഭത്തിൽ ഇടപെടുന്നവർക്കിന്ന് സാധിക്കുന്നുണ്ട്. ചരിത്രം രേഖപ്പെടുത്തേണ്ടത് ചിലരെ മാത്രം ഉൾക്കൊണ്ടുകൊണ്ടല്ല എന്ന തിരിച്ചറിവിലൂടെയാണിത് സാധ്യമാവുന്നത്.

### വാമൊഴിചരിത്രം സാധ്യമാവുന്ന ഇടങ്ങൾ

കേരളത്തിലെ ആദിവാസികൾ, ദളിതർ, സ്ത്രീകൾ തുടങ്ങി പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിതമാണ് വാമൊഴി ആഖ്യാനങ്ങളിലൂടെ പ്രധാനമായും പുറത്തുവന്നിട്ടുള്ളത്. പൊതുസമൂഹത്തിന് അതുവരെ അന്യമായിരുന്ന നിരവധിതരത്തിലുള്ള അനുഭവങ്ങളാണ് പിന്നീട് ചരിത്രത്തിൽ ഇടം പിടിച്ചത്. വിദ്യാഭ്യാസപരമായ പുരോഗതി അവകാശപ്പെടാനില്ലാത്ത ജനവിഭാഗങ്ങൾക്ക് എപ്പോഴും ആശയസംവേദനത്തിന് വാമൊഴി മാത്രം ആശ്രയിക്കേണ്ടതായിവന്നു. അവരുടെ ജീവിതം പലപ്പോഴും അധികാരിവർഗങ്ങൾക്കുവേണ്ടിയുള്ള ഉൽപ്പാദനപ്രവർത്തനങ്ങളിൽ മുഴുകിക്കൊണ്ടുള്ളതായിരുന്നു. അതുകൊണ്ടുതന്നെ വിദ്യാഭ്യാസപരമായ യാതൊരുതരത്തിലുള്ള ഉയർച്ചയും അവരിലുണ്ടായിരുന്നില്ല. എഴുത്തും വായനയും അറിയാതിരുന്ന നിരക്ഷരരായവർക്ക് വരമൊഴിയുടെ ഭാഗമാവാൻ കഴിഞ്ഞിരുന്നില്ല. ചരിത്രത്തിൽ നിന്നും അങ്ങനെയാണിവർ തിരസ്കരിക്കപ്പെടുന്നത്. ബഹിഷ്കൃതരുടെ ചരിത്രം അവരുടെ ജീവിതാനു

ഭവങ്ങളാൽ നിർമ്മിക്കപ്പെട്ടതാണ്. വാമൊഴിയുടെ ആഖ്യാനതലങ്ങളിലൂടെയാണത് വികസിച്ച് വന്നിട്ടുള്ളത്. "പാർശ്വവൽക്കരിക്കപ്പെട്ടവരും തിരസ്കരിക്കപ്പെട്ടവരുമൊക്കെ സ്മരണകളിലൂടെയും പുരാവൃത്തപാട്ടുകഥാപാത്രങ്ങളിലൂടെയുമാണ് തങ്ങളുടെ ഭൂതകാല ചരിത്രം കൊണ്ടുനടക്കുന്നത്. ഐതിഹ്യങ്ങൾ, കടങ്കഥകൾ, ആചാരാനുഷ്ഠാനങ്ങൾ, വാമൊഴിത്തോറ്റങ്ങൾ തുടങ്ങിയ ഫോക്‌ലോർ വസ്തുതകൾ (Folklore Materials) ഇപ്രകാരം ഒരു സമാന്തര ചരിത്രത്തിന്റെ ധർമ്മം പലപ്പോഴും നിർവഹിക്കുന്നുണ്ട്" (പുന്നൂസ്, 29: 2022). വാമൊഴി ആഖ്യാനങ്ങളിലൂടെ പങ്കുവെക്കുന്ന അറിവുകളാണ് മുഖ്യധാരാചരിത്രത്താൽ തിരസ്കരിക്കപ്പെട്ടവർ തങ്ങളുടെ ചരിത്രം വീണ്ടെടുക്കുന്നതിനും പുനർനിമ്മിക്കുന്നതിനുമായി ഇന്ന് ഉപയോഗിക്കുന്നത്. അങ്ങനെ ചരിത്രത്തിൽ നിന്നും വിച്ഛേദിക്കപ്പെടുന്ന മനുഷ്യർ വാമൊഴി ആഖ്യാനങ്ങളിലൂടെ തങ്ങളുടെ ചരിത്രം പുനർനിർമ്മിക്കുന്നു. പുല്ലാട്ടുകാവിലെ അനുഷ്ഠാനങ്ങളുടെ ഭാഗമായി നിലകൊള്ളുന്ന ജന വിഭാഗങ്ങളുടെ ചരിത്രം വാമൊഴിയാഖ്യാനങ്ങളിലൂടെ നിർമ്മിച്ചെടുക്കാൻ ശ്രമിക്കു മ്പോൾ ആധികാരികചരിത്രത്തിന്റെ ഭാഗമാവാതിരുന്ന ഒരു കൂട്ടം മനുഷ്യരുടെ ജീവിത യാഥാർത്ഥ്യങ്ങളാണ് വർത്തമാനകാലത്തിലേക്ക് കടന്നുവരുന്നത്.

### വാമൊഴി നൽകുന്ന സൂചനകൾ

കുലത്തൊഴിലുമായി ബന്ധപ്പെട്ട ഓർമ്മകൾ ആവേദകരിൽ പലരും ഓർത്ത് വയ്ക്കുന്നതായി കാണാം. ഇവയിലെല്ലാം ജാത്യടിസ്ഥാനത്തിന്റെ സൂചനകളുണ്ട്. ഉദാഹ രണമായി കൃഷ്ണൻകുട്ടി തന്റെ സംഭാഷണത്തിൽ കാവിന്റെ പരിസരത്ത് വെച്ച് മണ്ണിൽ കുഴികുഴിച്ച് കുമ്പിള് വെച്ച് കഞ്ഞികുടിച്ചതും കാവിലേക്ക് വേണ്ട അനുഷ്ഠാനാചാരങ്ങൾ മുഴുവനും ചെയ്തുകൊടുത്തതും ഓർമിക്കുന്നുണ്ട്. അയിത്താചാരത്തെക്കുറിച്ചും അദ്ദേഹ ത്തിന് ചില ഓർമ്മകളുണ്ട്. കാവധികാരികൾ നൽകുന്ന തുച്ഛമായ പണം മാത്രമേ കാവാചാരങ്ങളിൽ ഏർപ്പെട്ടിരുന്നവർക്ക് ലഭിച്ചിരുന്നുള്ളൂ. കാവിൽനിന്ന് പട്ടും വളയും ബഹുമാനരൂപേണ കെട്ടിയാട്ടക്കാരന് ലഭിച്ചിരുന്നുവെങ്കിലും ഉത്സവം കഴിഞ്ഞാൽ പട്ടും വളയും പുണ്യാഹത്താൽ ശുദ്ധമാക്കിയതിന് ശേഷം മാത്രമേ കാവിലേക്ക് തിരിച്ച് സ്വീകരിച്ചിരുന്നുള്ളൂ. അനുഷ്ഠാനാചാരങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള പിഴവ് സംഭവിച്ചാൽ ഊരാളർ ശക്തമായി വിമർശിച്ചിരുന്നു. കാവിലെ കുളം അശുദ്ധമാവുമെന്ന കാരണം പറഞ്ഞ് കെട്ടിയാട്ടക്കാരന് കുളം ഉപയോഗിക്കാൻ സാധിക്കാതിരുന്നത്

സംഘർഷത്തിന് വഴിയൊരുക്കിയിരുന്നു. മാത്രവുമല്ല കാവിലെ ഉത്സവത്തിന് തടസ്സം നേരിടുന്ന ഒരു തരത്തിലുള്ള ആചാരങ്ങളും തറവാട്ടുകാർ പിന്തുടർന്നില്ല. മരിച്ചാലും ജനിച്ചാലും പുല ആചരിച്ചിരുന്നില്ല. കെട്ടിയാട്ടസമുദായത്തിലെ പുരുഷന്മാർ പുത്തൻ തിറ ആടിയതിനു ശേഷമേ വിവാഹം ചെയ്തിരുന്നുള്ളൂ.

നാനാ ജാതിയിലുള്ള ആളുകൾ ഉത്സവത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ പങ്കെടുത്തിരുന്നതിനാൽ വിവാഹത്തിനായി തങ്ങളുടെ തുണയെ കണ്ടെത്താനും ഉത്സ വത്തിലൂടെ സാധിച്ചിരുന്നു. ദേവിയെ ആരാധനയ്ക്കായി സ്വീകരിക്കാൻ സന്നദ്ധരായവർ സാമ്പത്തികമായും ജാതീയമായും ഉയർന്നവർ തന്നെയായിരുന്നു. ജന്മിത്വത്തെ ക്കുറിച്ചും മന്ത്രവാദം, വൈദ്യം തുടങ്ങിയവയെക്കുറിച്ചുള്ള സൂചനകൾ ആവേദകരിൽ നിന്ന് കിട്ടി. കൃഷിയുമായി ബന്ധപ്പെട്ട് ഗ്രാമത്തിൽ നടന്നിട്ടുള്ള പ്രക്ഷോഭങ്ങളും അവരുടെ ഓർമ്മയിൽ ഉണ്ട്. ദാരിദ്ര്യത്തിൽ മാത്രം ജീവിച്ചിരുന്ന വിഭാഗങ്ങളെക്കുറിച്ചും അവരിൽനിന്നും സകലതും ചൂഷണം ചെയ്യാൻ ശ്രമിച്ചുകൊണ്ടിരുന്ന സാമൂഹിക വ്യവസ്ഥിതികളെക്കുറിച്ചും അവർ സംസാരിക്കുന്നുണ്ട്.

വരേണ്യർ പൂജ നടത്തുന്ന കാവുകളുടെ പേരുകളാണ് ചില ആവേദകർ പറഞ്ഞത്. കാവുത്സവത്തിൽ വിവിധങ്ങളായ കർമ്മങ്ങൾ നിറവേറ്റേണ്ട ജാതി വിഭാഗ ങ്ങളെക്കുറിച്ച് ആവേദകർ കൃത്യമായി സൂചിപ്പിക്കുന്നുണ്ട്. കർമ്മങ്ങളെ ജാതിയുമായി ബന്ധിപ്പിച്ചുകൊണ്ടാണ് പലരും ഓർമിക്കുന്നത്. കാവിലെ ഉത്സവത്തിലെ ബ്രാഹ്മ ണിക് സങ്കല്പത്തെക്കുറിച്ചും ആധിപത്യത്തെക്കുറിച്ചും ചില ആളുകൾ ഓർത്തെടുക്കു ന്നുണ്ട്. ഓരോ ജാതിസമൂഹങ്ങൾക്കും അവരുടേതായ സമുദായദേവതകളും ആരാധനാ സങ്കൽപ്പങ്ങളുമുണ്ടായിരുന്നു.

ജാതിശ്രേണിയിൽ താഴ്ന്നവർക്കൊന്നുംതന്നെ പുല്ലാട്ടുകാവിലേക്ക് പ്രവേശനമു ണ്ടായിരുന്നില്ല. മാത്രവുമല്ല ജാതിക്ക് സമൂഹം കൽപ്പിച്ചുകൊടുത്തിട്ടുള്ള നിലവാരത്തി നനുസരിച്ച് കാവിലെ പ്രത്യേക ഇടങ്ങൾ ഓരോ ജാതിക്കായി നിർണയിക്കപ്പെട്ടു. എന്നിരുന്നാലും എല്ലാ മനുഷ്യരിൽനിന്നും നേർച്ചകളും മറ്റുദ്രവ്യങ്ങളും സ്വീകരിക്കാൻ കാവധികാരികൾ സന്നദ്ധരായിരുന്നു. പണത്തിന് അയിത്തം കൽപ്പിച്ചിരുന്നില്ലെന്ന് ആവേദർ കൂട്ടിച്ചേർത്തു. ജന്മിമാരാൽ ഭരിക്കപ്പെട്ട നാട്ടിൽ ക്രൂരമായ ജാതി പീഡനങ്ങൾ

അനുഭവിക്കേണ്ടിവന്ന മനുഷ്യരുണ്ടായിരുന്നു. അധികാരികൾ കൊലപ്പെടുത്തിയാൽ പോലും ചോദിക്കാനോ പറയാനോ ആരുമില്ലാതിരുന്ന ചൂഷിതവിഭാഗങ്ങൾക്ക് പകലന്തിയോളം പണിയെടുത്താൽ കൂലി ലഭിച്ചിരുന്നില്ല. തുച്ഛമായി മാത്രം നെല്ല്കൊടുത്തിരുന്നെങ്കിലും അത് കുടുംബത്തിൽ ആരുടെയും വിശപ്പ് മാറുന്നതിനായി തികയുമായിരുന്നില്ല. താമസസ്ഥലത്തിനു പോലും സ്ഥിരതയുണ്ടായിരുന്നില്ല. ജന്മിയുടെ കൃഷിയിടത്തിലെവിടെയെങ്കിലും മാത്രം കുരകെട്ടി താമസിക്കുകയും അവിടെനിന്നും ഒഴിഞ്ഞുപോകാൻ ആവശ്യപ്പെടുമ്പോൾ കുര ഒഴിഞ്ഞുപോവുകയും ചെയ്യേണ്ട അവസ്ഥയായിരുന്നു കീഴാളവിഭാഗങ്ങൾക്കുണ്ടായിരുന്നത്. തങ്ങളുടെ വീടുകളിൽ നിന്ന് കുലദൈവങ്ങളെ പ്രാർത്ഥിക്കുന്നതിൽ അവരുടെ ആരാധന ഒതുങ്ങി നിന്നിരുന്നു. എന്നാൽ അയിത്തോച്ചാടനപ്രക്ഷോഭംപോലുള്ള സാമൂഹികമുന്നേറ്റങ്ങൾ നടന്നതിനു ശേഷം കാവിൽ കയറുന്നതിനുള്ള അനുവാദം സംഘർഷഭരിതമായ പ്രവർത്തനങ്ങളിലൂടെ കീഴാളർ നേടിയെടുത്തു.

സ്വന്തമായി കൃഷിയിടം ഇല്ലാത്ത കീഴാളർ പാട്ടത്തിന് സ്ഥലമെടുത്തായിരുന്നു കൃഷി ചെയ്തിരുന്നത്. പല അവസരങ്ങളിലും വിളവായി കിട്ടുന്ന നെല്ല് പാട്ടം നൽകാൻ പോലും തികയാതെ വരുമ്പോൾ കൃഷിക്കാരൻ പട്ടിണിയിലാവുന്നു. കൃഷിയെക്കുറിച്ച് പറഞ്ഞതുപോലെ തന്നെ പുല്ലാട്ട് കാവിനെക്കുറിച്ചും ആവേദകർ സംസാരിച്ചു. കാവിൽ താലപ്പൊലി എടുക്കാനും വെളിച്ചപ്പെടാനും അവകാശം തറവാട്ടുകാർക്ക് മാത്രമാണെന്ന രീതിയിലാണവർ  സംസാരിച്ചത്. പുല്ലാട്ടുകാവുമായി ബന്ധപ്പെട്ട നായർതറവാട്ടുകാരെക്കുറിച്ചവർ ഓർത്തെടുക്കാൻ ശ്രമിക്കുന്നുണ്ട്. തോറ്റത്തെക്കുറിച്ചും അതിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങളെക്കുറിച്ചും സംസാരിക്കുന്നു. പുല്ലാട്ട് കാവിൽ ആരാധനയ്ക്ക് തുടക്കം കുറിക്കാൻ  കാരണമായ ഐതിഹ്യം പങ്കുവയ്ക്കുന്നതിലൂടെ ഇതെല്ലാം ഞങ്ങളുടെ പൂർവികന്മാർ പറഞ്ഞുതന്നിട്ടുള്ള അറിവുകളാണെന്ന് സാക്ഷ്യപ്പെടുത്താനും അവർ മറക്കുന്നില്ല.

അയിത്താചരണത്തിന്റെ ഭാഗമായി നടന്നിട്ടുള്ള പ്രക്ഷോഭങ്ങളും സംഘർഷങ്ങളും ആവേദകർ ഓർത്തെടുക്കുന്നുണ്ട്. തീണ്ടൽ മാറാൻ പൈസ വെള്ളത്തിൽ മുക്കി എടുക്കില്ലല്ലോ? കീഴാളർ തരുന്ന മറ്റ് ദ്രവ്യങ്ങൾക്കൊന്നും അയിത്തം ബാധകമാവുന്നില്ലല്ലോ? എന്ന് തുടങ്ങി മറു ചോദ്യങ്ങൾ ചോദിക്കാനും ഇവർ മടിക്കുന്നില്ല.താലപ്പൊലി

പോലുള്ള അനുഷ്ഠാനങ്ങളിൽ നിന്ന് മറ്റു ജാതി വിഭാഗങ്ങളെ മാറ്റിനിർത്തുന്നതിനെക്കുറിച്ചും ആവേദകർ സംസാരിക്കുന്നു. കുളത്തിലിറങ്ങാൻ സമ്മതിക്കാത്തതിനാൽ കാവാരാധനയിൽപങ്കുചേരാതിരുന്ന മണ്ണാറക്കൽ തറവാട്ടുകാരെ ഒരുപാട് തവണ വിളിച്ചെങ്കിലും അവർ പിന്നീട് ഉത്സവകാര്യങ്ങളിൽ പങ്കാളികളായിരുന്നില്ലെന്ന് ആവേദകർ കൂട്ടിചേർക്കുന്നുണ്ട്.

പ്രമാണിമാരായിരുന്ന തറവാട്ടുകാരുടെ ചൂഷണ മനോഭാവത്തെക്കുറിച്ചും കൂലിയില്ലാതെയുള്ള വേലചെയ്യിപ്പിക്കലിനെക്കുറിച്ചും ആവേദകർ സംസാരിക്കുന്നു. ഓരോ വിഭാഗങ്ങളുടെ കുലത്തൊഴിൽ സംബന്ധിച്ച വിവരവും ഇദ്ദേഹം പങ്കുവയ്ക്കുന്നുണ്ട്. അയിത്താചരണത്തിന്റെ ഭാഗമായി പാത്രം അശുദ്ധമാവുന്നതിനാൽ പാത്രത്തിൽ ഭക്ഷണം കൊടുക്കാതെ ചിരട്ടയിലും മറ്റും ആഹാരസാധനങ്ങൾ നൽകുന്നത് ഇദ്ദേഹം ഓർത്തെടുക്കുന്നുണ്ട്. പണിയെടുക്കുന്നതിന് കൂലിയൊന്നും നൽകാതെ പോയിക്കെടാ.... എന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി തൊഴിലാളികളായ അടിയാളനോട് മനുഷ്യത്വരഹിതമായി ജന്മിമാർ പെരുമാറിയിരുന്നു. വീട്ടുകാരെയും വീട്ടുജോലിക്കാരായ കർഷകരെയും അടക്കി ഭരിച്ചിരുന്നത് തറവാട്ടുകളിലെകാരണവന്മാരായിരുന്നു. ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും ഭീകരാവസ്ഥയെക്കുറിച്ച് ആവേദകർ വാചാലരാവുന്നുണ്ട്. വിശപ്പ് മാറ്റാനായി താളും പനംകുറുക്കും മറ്റും കഴിച്ച് ജീവിച്ചിരുന്ന കുട്ടിക്കാലത്തെക്കുറിച്ചവർ സംസാരിക്കുന്നു. കാവുകളിൽ ജാതിപരമായ സ്ഥല വേർതിരിവുകൾ ഉണ്ടായിരുന്നതായി പറയുന്നുണ്ട്. ഓരോ വിഭാഗങ്ങളും അയിത്താടിസ്ഥാനത്തിൽ വ്യത്യസ്ത അളവിൽ കാവിൽ നിന്നും അകലം പാലിക്കേണ്ടത് നിർബന്ധമായിരുന്നു. കാവിലേക്ക് വേണ്ട അനുഷ്ഠാനങ്ങൾ നിറവേറ്റേണ്ടവർ വ്രതശുദ്ധി പാലിക്കണമായിരുന്നു. അധികാരികൾ പറയുന്നതുപോലെ മാത്രമേ ജീവിക്കാൻ പാടുണ്ടായിരുന്നുള്ളൂ. മിക്ക ജനങ്ങളും അടിമത്തം അനുഭവിച്ചിരുന്നു. തൊഴിലുമായി ബന്ധപ്പെട്ട അനുഷ്ഠാന കർമ്മങ്ങളെക്കുറിച്ച് ആവേദകർ സംസാരിക്കുന്നു. കൊല്ലന്മാർ എന്നും ഇരുമ്പ് ജോലികൾ ചെയ്യാൻ വിധിക്കപ്പെട്ടവർ മാത്രമാണെന്ന് സമൂഹം ധരിച്ചിരുന്നു. കാവിൽ സജ്ജീകരിക്കുന്ന പ്രത്യേക ഇടത്ത് തങ്ങൾക്ക് ഏൽപ്പിച്ച തന്ന ഇരുമ്പ് ഉപകരണങ്ങൾ പണിതീർത്ത് സമർപ്പിക്കുന്നതിനായി അവർ വിനിയോഗിക്കപ്പെട്ടു. ഈ സമയം രാവിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകുന്ന പൂജാരി വന്ന് ഉപകരണ

ങ്ങളിലെല്ലാം പുണ്യാഹം കുടഞ്ഞ് ശുദ്ധിയാക്കി കാവിലേക്കായി സ്വീകരിക്കുന്നു. വ്രതമെടുത്ത് സമർപ്പിച്ചിരിക്കുന്ന ഈ വകകളിലെല്ലാം വീണ്ടും പുണ്യാഹം നടത്തി ശുദ്ധമാക്കേണ്ട ആവശ്യകത അശുദ്ധി സങ്കല്പത്തെ സൂചിപ്പിക്കുന്നതാണ്.

കാവ്തീണ്ടുന്ന അവസരത്തിൽ ഉത്തമകർമ്മങ്ങൾക്കായി എത്തിച്ചേർന്ന നമ്പൂതിരി വളരെ പണിപ്പെട്ടാണ് കാവിൽ നിന്ന് പുറത്തു കടക്കുന്നത്. വിരുന്ന് പുറപ്പെട്ട് കാവിലേക്ക് പെരുവണ്ണാൻമാർ കയറുമ്പോഴേക്കും തീണ്ടിപ്പോകാതിരിക്കാൻ നമ്പൂതിരി ഓടികളയുകയായിരുന്നു പതിവെന്ന് ആവേദകർ അനുഭവം പങ്കുവെക്കുന്നുണ്ട്.

ആദ്യകാലങ്ങളിൽ കുലത്തിന്റെ ആചാരങ്ങൾ നിറവേറ്റുന്നതിനായി ചെറിയ ചെറിയ കുടുംബങ്ങളായി ചിതറി വരേണ്യരുടെ തറവാടുകളുടെ സമീപപ്രദേശങ്ങളിൽ താമസമാക്കേണ്ടിയിരുന്നു. മണ്ണാറക്കൽതറവാട്ടുകാർ അങ്ങനെ വേർപിരിഞ്ഞുപോയ പെരുമണ്ണാൻ വിഭാഗക്കാരായിരുന്നു. 'മാറ്റ്കൊടുക്കുക' പോലുള്ള പരമ്പരാഗത ആചാരങ്ങൾ കീഴാള വിഭാഗങ്ങളെ ചിതറിക്കുന്നതിന് കാരണമായി. കുടുംബപരമായ ഐക്യവും ദൃഢതയും നഷ്ടപ്പെടാൻ ഇത്തരത്തിലുള്ള കുടിയേറ്റം കാരണമായി. ഒരു തോടിന്റെ അടയാളം പറഞ്ഞ് അക്കരക്കാർ, ഇക്കരക്കാർ എന്ന് ഒരേ കുടുംബങ്ങൾ വേർപിരിയാൻ കാരണമായി. ദാരിദ്ര്യത്താൽ കൈവശമുണ്ടായിരുന്ന ഭൂമിപോലും പണയപ്പെടുത്തിയതിനാൽ കിടപ്പാടം പോലും നഷ്ടമാകുന്ന രീതിയിലേക്ക് കീഴാള ജീവിതം മാറ്റപ്പെട്ടു. തങ്ങളുടെ എഴുത്തുപള്ളിക്കൂടങ്ങൾ വരേണ്യർ പിടിച്ചടക്കുകയും ചെയ്തു. അത് സ്വകാര്യ സ്കൂളായി മാറിയിരിക്കുന്നതിന് കീഴാളർ മൂകസാക്ഷിയാകേണ്ടിവന്നു. ആദ്യം മണ്ണാറക്കൽ സ്കൂൾ എന്നറിയപ്പെട്ട വിദ്യാലയം ഇപ്പോൾ കുരുവട്ടൂർ എ.യു.പി. സ്കൂൾ ആയി മാറി. കീഴാളരുടെ വിഭവങ്ങൾക്കുമേൽ അഭിജാതർ ആധിപത്യം ചെലുത്തുന്നതിന്റെ മാതൃകയാണിത്.

പുല്ലാട്ട് കാവുമായി ബന്ധപ്പെട്ട് കൊണ്ട് നടത്തിപോരുന്ന അനുഷ്ഠാനങ്ങളെക്കുറിച്ചുള്ള ലഘു വിവരണമാണ് ചില ആവേദകർ പങ്കുവെക്കുന്നത്. കലങ്കരി, തിറയാട്ടം, അനുഷ്ഠാനദിനപൂജകൾ തുടങ്ങി കാവുമായിബന്ധപ്പെട്ടുകൊണ്ട് നടത്തിവരുന്ന അനുഷ്ഠാനങ്ങളുടെ ഓർമ്മ അവരുടെ മനസ്സിലുണ്ട്. പുല്ലാട്ടുകാവ് കുടുംബക്കാ

വായി നിലകൊള്ളുന്നതിനാൽ പ്രാർത്ഥനാകാര്യങ്ങളിലെല്ലാം അവരുടെ കുടുംബത്തി ലുള്ള ആളുകൾ മാത്രമാണ് പങ്കുചേരുന്നത് പ്രതിഷ്ഠാദിനം കാവിൽ ഉത്സവം പോലെ തന്നെ ഗംഭീരമായി നടത്തിവരുന്ന ആഘോഷമാണ്. മണ്ണാറക്കൽകാവുമായി ബന്ധ പ്പെട്ട് ചില സംഘർഷങ്ങൾ നിലനിൽക്കുന്നതുകൊണ്ട് തന്നെ വരേണ്യദൈവത്തെ ദൃഢമായി സ്ഥാപിച്ചെടുക്കുന്നതിൽ പ്രതിഷ്ഠാദിനത്തിന് ഏറെ പ്രാധാന്യമുണ്ടായിരുന്നു.

ഉത്സവം കെട്ടുന്ന കോലക്കാരനാണെങ്കിൽ പോലും വെള്ളരിത്തറയുടെ അടുത്തേക്ക് ആദ്യകാലങ്ങളിൽ പ്രവേശനമുണ്ടായിരുന്നില്ല. എന്നാലിന്ന് കാവിന്റെ ഏത് ഭാഗത്തും എല്ലാവർക്കും പെരുമാറാം. കോലക്കാരന് പോലും പ്രവേശനം നിഷേധിക്കപ്പെട്ടതിന്റെ കാരണം ആഢ്യത്തരമാണെന്ന് ഇദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്. വെള്ളം തീണ്ടാൻ പാടില്ലാത്തതിനാൽ അണിയറയിലെ ആവശ്യങ്ങൾക്കുള്ള വെള്ളം പോലും വരേണ്യർ കിണറിൽ നിന്ന് കോരിത്തരികയായിരുന്നു പതിവ്. അതൊക്കെ തന്നെ കലാകാരന്മാരെ ബുദ്ധിമുട്ടിച്ചിരുന്ന സംഗതികളായിരുന്നു. കോലക്കാരനെ ബഹുമാനിച്ചുകൊണ്ട് പട്ടും വളയും നൽകുകയും വള പിറ്റേന്നാൾ തിരിച്ചുവാങ്ങുകയും ചെയ്യുമായിരുന്നു. ഇങ്ങനെ തിരിച്ചു കൊടുക്കുന്ന വള ശുദ്ധിവരുത്തിയതിന് ശേഷമാണ് വരേണ്യർ സ്വീകരിക്കുന്നത്. കാവിന്റെ നൂറുമീറ്റർ അകലെ മാത്രം നിൽക്കാൻ അവകാശമുണ്ടായിരുന്ന ഹരിജനങ്ങളുടെ നേർച്ചയും മറ്റ് ദ്രവ്യങ്ങളും കാവ് അധികാരി കൾ അയിത്തത്തിന്റെ പേരിൽ വേണ്ടെന്ന് വെച്ചിരുന്നില്ല. ദൈവത്തിന്റെ കോലം കെട്ടുന്ന മണ്ണാന്മാർക്ക് ഉത്സവ ദിവസം മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളൂ. അല്ലാത്ത ദിവസം അവർക്കും പ്രവേശനമില്ലായിരുന്നു. ഉത്സവം കഴിഞ്ഞാൽ ശുദ്ധികലശം നടത്തി കാവിന്റെ അയിത്തം കളഞ്ഞതിന് ശേഷം മാത്രമാണ് കാവിൽ മറ്റ് പൂജാ കർമ്മങ്ങൾ ചെയ്തിരുന്നത്.

അടിയാളരുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളാണ് ചില ആവേദകർ പ്രധാന മായും പറയുന്നത്. പെരുവണ്ണാൻ വിഭാഗത്തിന്റെ മണ്ണാറക്കൽ തറവാട്ടിൽ നിന്നാണ് പുല്ലാട്ടേയ്ക്ക് ദേവിയെ എഴുന്നള്ളിച്ച് കൊണ്ടുവരുന്നത് എന്നവർ ഓർത്തെടുക്കുന്നു. ഉത്സവം കഴിഞ്ഞാൽ ദേവി കുടികൊള്ളുന്നത് കീഴാളന്റെ കാവായ മണ്ണാറയ്ക്കൽ തന്നെ യാണെന്ന് അവർ പറഞ്ഞു വയ്ക്കുന്നുണ്ട്. മണ്ണാറക്കൽ തറവാട്ടിൽ ദേവിയെ ആരാധിക്കാ നായി ഒരു മുറിയുണ്ട്. അവിടെനിന്നാണ് പുല്ലാട്ട് കാവിലേക്കുള്ള ‘വിരുന്നുപുറപ്പാട്’

എന്ന അനുഷ്ഠാനം തുടങ്ങുന്നത്. പുല്ലാട്ട് കാവിലെ അടിയാളരായ മണ്ണാറക്കൽ തറവാട്ടു കാരായിരുന്നു കാവിലെ ഉത്സവം ആദ്യകാലങ്ങളിൽ ചെയ്തിരുന്നത്. എന്നാൽ ജാതിപരമായ അയിത്താചാരത്തോടൊപ്പം നിൽക്കാൻ അവർ തയ്യാറായിരുന്നില്ല. ജാതിപരമായ വേർതിരിവിനനുസരിച്ചായിരുന്നു കാവിലെ പ്രാർത്ഥനാഇടങ്ങളെല്ലാം നിർണയിക്കപ്പെട്ടിരുന്നത്.

അയിത്തോച്ചാടനപ്രക്ഷോഭത്തിന്റെ ഭാഗമായുള്ള പ്രവർത്തനഫലമായാണ് പുല്ലാട്ടുകാവിലും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രവേശനം സാധ്യമായത്. സ്ത്രീകളെല്ലാം പ്രവേശന സമയത്തെ ഏറെ ഭീതിയോട്കൂടിയായിരുന്നു സമീപിച്ചിരുന്നത്. മനുഷ്യർ തമ്മിലുള്ള സംഘർഷം അപകടത്തിലേക്ക് നയിക്കുമോ എന്നവർ ഭയപ്പെട്ടു. കാവുതീണ്ടലിൽ അധികം ആളുകൾ പങ്കെടുത്തിരുന്നില്ല. കാരണം അധികാരികളോടുള്ള ഭയമായിരുന്നു. കീഴാളവിഭാഗം ജീവിച്ചുപോന്നത് തന്നെ വരേണ്യരെ ആശ്രയിച്ച് കൊണ്ടായിരുന്നു. ആശ്രയം നിലച്ചു പോയാൽ തുടർന്നുള്ള ജീവിതം പ്രയാസമാകുന്നതിനാൽ നിവൃത്തികേടുകൊണ്ട് പലരും പ്രക്ഷോഭത്തിൽ പങ്കെടുക്കുന്നില്ല.

നായർ കുടുംബങ്ങളിലെ മരുമക്കത്തായ സമ്പ്രദായവുമായി ബന്ധപ്പെട്ട സ്വത്ത് വിഭജനത്തെക്കുറിച്ച് ആവേദകർ സംസാരിക്കുന്നു. നായർ വിഭാഗത്തിലുള്ളവരായിരുന്നു അന്നത്തെ അധികാരിമാർ. പട്ടയം കൊടുക്കാനും ജന്മം കൊടുക്കാനും എല്ലാമുള്ള അധികാരം അതുകൊണ്ട് അവർക്ക് തന്നെയായിരുന്നു. അന്നത്തെ പ്രധാന അധികാരികൾ ഒരുപാട് സ്വത്ത് കൈവശപ്പെടുത്തി. കുടുംബങ്ങളിലെ എല്ലാവർക്കും സ്വത്തിൽ തുല്യമായ സ്വത്തവകാശമുണ്ടായിരുന്നില്ല. പിൽക്കാലത്ത് നിയമം മാറി വന്നതിനുശേഷമാണ് സ്വത്തിൽ തുല്യാവകാശം കൈവന്നത്. നായന്മാർ നാട്ടുരാജാക്കന്മാരുടെ പടനായകന്മാരായിരുന്നതിനാൽ ഓരോ വിജയത്തിലും രാജാക്കന്മാരിൽ നിന്നും ഇവർക്ക് പാരിതോഷികങ്ങൾ ലഭിച്ചിരുന്നു. അത് പലപ്പോഴും പറമ്പും സ്ഥലങ്ങളുമായിരുന്നു. അങ്ങനെ കുറുവട്ടൂരിലെ നായർ വിഭാഗം സമ്പന്നരായി. യുദ്ധത്തിലേർപ്പെട്ടിരുന്നവരായതുകൊണ്ടുതന്നെ പരമ്പരാഗതമായ കളരിസമ്പ്രദായം ഇവിടെ നിലനിന്നിരുന്നു. സാമൂതിരിപ്പാടിന്റെ പടനായകന്മാരായിരുന്ന ഇവർ യുദ്ധത്തിൽ പങ്കെടുത്ത് മരണമടഞ്ഞാൽ ആശ്രിതർക്കായി ഭൂമിയും മറ്റു വകകളും ലഭിച്ചിരുന്നു. അത് പലപ്പോഴും പറമ്പും സ്ഥലങ്ങളുമായിരുന്നു. അങ്ങനെ ലഭിക്കുന്ന ഭൂമി പാട്ടത്തിന് മറ്റുള്ള

കീഴാളവിഭാഗങ്ങൾക്ക് കൊട്ടുത്ത് പത്തായം നിറച്ചിരുന്നവരായിരുന്ന കുരുവട്ടൂരിലെ നായർ വിഭാഗങ്ങൾ.

പുല്ലാട്ടുകാവിന്റെ ചരിത്രത്തെക്കുറിച്ച് സംസാരിക്കുമ്പോൾ കാവിൽ ഭഗവതി പ്രതിഷ്ഠ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നില്ലെന്ന് ആവേദകർ അഭിപ്രായപ്പെടുന്നുണ്ട്. തിറയാട്ടം നടത്തുന്നതിനായി മണ്ണാറക്കൽ തറവാട്ടിൽനിന്നും ദേവിയെ ആവാഹിച്ച് കൊണ്ടു പോവുകയും തിരിച്ചുകൊണ്ടുവരികയുമായിരുന്നു പതിവ്. എന്നാൽ കാലാന്തരത്തിൽ പുല്ലാട്ടു കാവിലെ ഊരാളർ ആരാധനാമൂർത്തിയെ തങ്ങളുടേതാക്കി മാറ്റുകയും ദേവിയെ പുല്ലാട്ടുകാവിൽ പ്രതിഷ്ഠിക്കുകയുമാണ് ഉണ്ടായത്. പരമ്പരാഗതമായി മന്ത്രവാദത്തിലും മറ്റു കർമ്മങ്ങളിലും ഇടപെട്ട് പോന്ന കാരണവന്മാരെക്കുറിച്ചുള്ള ഓർമ്മകളും ഇവർ പങ്കുവെക്കുന്നുണ്ട്. മലദൈവങ്ങളെ മാത്രമായിരുന്നു പുല്ലാട്ട് കാവിൽ ആരാധിച്ചിരുന്നതെന്നും ഭഗവതിപ്രതിഷ്ഠ ഇല്ലായിരുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. കഴിവില്ലി, കുലവൻ, കരിയാത്തൻ തുടങ്ങിയ മലദൈവങ്ങളുടെ ആരാധനാസങ്കേതമായിരുന്നു പുല്ലാട്ട്കാവ്. കുലവൻ ദൈവത്തിന്റെ ഐതിഹ്യവും ചിലർ പങ്കുവെച്ചു. പുല്ലാട്ടുകാവിൽ ആദ്യം കുലവൻ ദൈവം മാത്രമാണുണ്ടായിരുന്നത്. പിന്നീട് അധീശത്വപരവും വരേണ്യവുമായ വ്യവഹാരങ്ങളിലൂടെയാണ് ഭഗവതിആരാധന കാവിൽ വന്നുചേർന്നത്. കാവിലെ കുലവൻ ദൈവത്തെ സംബന്ധിച്ച് പറഞ്ഞുപോരുന്ന അനുഭവകഥകൾ അദ്ദേഹം പങ്കുവയ്ക്കുന്നുണ്ട്. കുലവൻ ദൈവത്തിന് നിവേദ്യമായി മദ്യം നൽകുന്നതിനെക്കുറിച്ചും കരിയാത്തൻ, മുത്താശി തുടങ്ങിയ മറ്റ് ആരാധനാമൂർത്തികളെ സംബന്ധിച്ചും അദ്ദേഹം സംസാരിച്ചു.

നമ്പൂതിരിമാർക്ക് കാവിലെ ഉത്തമ പൂജയുമായി ഏറെ ബന്ധമുണ്ട്. ഉത്സവദിവസത്തെ രാവിലത്തെ പൂജകൾ ചെയ്യുന്നത് അവരാണ്. കൂടാതെ മാസത്തിൽ ഒരു ദിവസം കാവിൽ സംക്രാന്തി പൂജ ചെയ്യുന്നതും നമ്പൂതിരിമാരാണ്. കോൽപുറത്ത് ഇല്ലത്തെ നമ്പൂതിരിമാരായിരുന്നു ആദ്യകാലങ്ങളിൽ കർമ്മങ്ങളിൽ ഏർപ്പെട്ടിരുന്നതെങ്കിലും ഇന്ന് പറമ്പിടി ഇല്ലത്തുകാരാണ് പുല്ലാട്ടുകാവിലെ പൂജകൾ ചെയ്യുന്നത്. കാവുകൾ അമ്പലങ്ങളായി മാറിയതിന്റെ പിന്നിൽ കച്ചവട താൽപ്പര്യങ്ങളുണ്ടെന്ന് ചിലർ നിരീക്ഷിക്കുന്നു. ക്ഷേത്രത്തിന്റെ പേരിൽ നടക്കുന്ന വ്യാപകമായ പണപ്പിരിവിനെ ഇവർ വിമർശിക്കുന്നുണ്ട്.

ശുദ്ധാശുദ്ധ സങ്കല്പങ്ങൾ ആവേദകരുടെ സംസാരത്തിന്റെ ഭാഗമാകുന്നുണ്ട്. തിറയാട്ട ഉത്സവം കഴിഞ്ഞാൽ ശുദ്ധികലശം കഴിഞ്ഞതിന് ശേഷമേ കാവിൽ ഉത്തമത്തിലുള്ള പൂജ നമ്പൂതിരി ചെയ്യുകയുള്ളൂ എന്ന് അദ്ദേഹം പറയുന്നു. തിറയാട്ടം ഭഗവതിയുടെ ഉത്സവ ദിവസത്തെ പ്രതിനിധീകരിക്കുന്ന കലാപ്രകടനമാണെങ്കിൽ പോലും അയിത്തവും ശുദ്ധവും പാലിക്കേണ്ട തലത്തിലേക്ക് തരംതാഴ്ത്തപ്പെട്ട നിലയിലാണിത് കാണാൻ സാധിക്കുന്നത്. കാവിലെ കോമരവും കാർണോരും ഉത്സവത്തിൽ പങ്കാളികളായിട്ടുള്ള ആളുകളുമെല്ലാം കാവിനെ അശുദ്ധമാക്കുന്നുവെന്നും ആ അശുദ്ധിയെ ശുദ്ധീകരിക്കുന്നതിനാണ് ഉത്സവം കഴിഞ്ഞ് ഏഴാം ദിവസം ശുദ്ധി കലശം ചെയ്യുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

കീഴാളരുടെ ദൈവമാണ് പുല്ലാട്ടുകാവിലെ ആരാധന മൂർത്തി എന്ന് ആവേദകർ പറയുന്നു. അതിൽ അവർ ഉറച്ചു വിശ്വസിക്കുന്നുമുണ്ട്. വരേണ്യർ തട്ടിയെടുത്തതാണ് ഞങ്ങളുടെ ആരാധനാമൂർത്തിയെ എന്നവർ അവകാശപ്പെടുന്നുണ്ട്. ആചാരാനുഷ്ഠാനങ്ങൾ നിരീക്ഷിച്ചാൽ കീഴാളർക്ക് ഉള്ള പ്രാധാന്യത്തെക്കുറിച്ച് വ്യക്തമാകുന്നുമുണ്ട്. കുലവൻ ദൈവത്തെ മാത്രം ആരാധിച്ചിരുന്ന പുല്ലാട്ട് കാവിൽ പിന്നീട് പ്രധാന ആരാധനാമൂർത്തിയായി ദേവിസങ്കല്പം മാറ്റപ്പെടുന്നു. അധികാര അധീശത്വപരമായ രീതികളിലൂടെയാണ് ഇത് സാധ്യമായിട്ടുള്ളത്. അണിയറയിൽ നിന്നാണ് ഭഗവതിറ വേഷമിട്ട് ഇറങ്ങുന്നത്.

കീഴാളർ അവരുടെ ഇടമായ അണിയറയിലാണ് തങ്ങളുടെ ദൈവത്തെ കാണുന്നതെന്നും അതുകൊണ്ടാണ് അവിടെനിന്നും ഭഗവതിറ മിറ്റത്തേക്ക് ഇറങ്ങുന്നതെന്നും ചിലർ വ്യാഖ്യാനിക്കുന്നു. കാവിൽ നടത്തപ്പെടുന്ന പ്രശ്നവിധികളിൽ പുല്ലാട്ടു തറവാട്ടുകാരുടെ ദൈവമല്ലെന്ന് പറയപ്പെടാറുണ്ടെങ്കിലും തറവാട്ടുകാർ അത് ഗൗനിക്കാറില്ല. കുളം തീണ്ടുന്നതിനെ ചൊല്ലിയുള്ള തർക്കത്തിന്മേലാണ് ഇത്തരത്തിൽ ആരാധനാരീതികൾ മുടങ്ങിപോവാൻ കാരണമായത്. ജനങ്ങളുടെ പണം സ്വീകരിക്കുന്നവർ ജനങ്ങളെ കാവിൽ പ്രവേശിപ്പിക്കാൻ അനുവദിക്കാതിരിക്കുന്നതിനെക്കുറിച്ചും അയിത്തമാണ് എല്ലാറ്റിന്റെയും പിന്നിലെന്നും കൂട്ടിച്ചേർത്തവരുണ്ട്. അയിത്തം ആചരിച്ച് താഴ്ന്ന നിൽക്കാൻ കഴിയില്ലെന്നും ആവേദകർ അഭിപ്രായപ്പെട്ടു.

മണ്ണാറക്കൽ തറവാട്ടുകാരുമായി തെറ്റിയതിനു ശേഷം പുല്ലാട്ടുകാർ വേറെ ഉണ്ടാക്കിയതായിരുന്നു അവിടെ ഉണ്ടായിരുന്ന പീഠം. അത് പിന്നീട് പുന:പ്രതിഷ്ഠ നടത്തിയപ്പോൾ അലങ്കാര ബിംബമാക്കി മാറ്റുകയും ചെയ്തു.

വിരുന്നുപുറപ്പാട് എന്ന ചടങ്ങ് ഇപ്പോൾ നടത്തുന്നത് പെരുമണ്ണാൻ സമുദായ ക്കാരുടെ വീട്ടിൽ വച്ച് തന്നെയാണ്. എന്നാൽ മണ്ണാറക്കൽ തറവാട്ടിൽ നിന്നും ഈ ചടങ്ങ് നടത്തിയിരുന്നത് പോലെ പീഠമോ വാളോ ഒന്നും ഇപ്പോഴത്തെ വിരുന്ന് പുറപ്പാ ടിൽ ഉണ്ടാവാറില്ല. വരവിന് ചെണ്ടക്കാരും പെരുമണ്ണാന്റെ തറവാട്ടിലെ ആളുകളും മാത്രമാണ് ഉണ്ടാകാറ്. മൂന്നുവർഷം മാത്രം ഈ ചടങ്ങ് മണ്ണാറക്കൽ തറവാടിന്റെ ഭാഗമായി മറ്റൊരു വീട്ടിൽവെച്ച് നടത്തിയിരുന്നു. ആദ്യകാലങ്ങളിൽ മണ്ണാറക്കൽ തറവാട്ടിൽ നിന്ന് പോവണം എന്ന നിർബന്ധം ഉണ്ടായിരുന്നു. എല്ലാ കാവുകളി ലേക്കും അവിടെ നിന്നായിരുന്നു വിരുന്നു പുറപ്പെട്ട് പോവാറ്. എന്നാലിന്ന് പെരുവ ണ്ണാൻ വിഭാഗത്തിന്റെ കാവുകളിലെ ഒരു കാരണവരുടെ വീട്ടിൽ നിന്നാണ് വരവ് പോകുന്നത്. അയിത്തം പാലിക്കപ്പെടുന്നത് സംബന്ധിച്ചുണ്ടായ സംഘർഷമാണ് പ്രശ്ന ങ്ങൾക്കെല്ലാം കാരണം. വാമൊഴിയിലൂടെ പങ്കുവെച്ചിരിക്കുന്ന വസ്തുതകളെല്ലാം ഏറെ പ്രാധാന്യമർഹിക്കുന്നവയാണ്.

ഈ പറഞ്ഞിരിക്കുന്ന വിവരങ്ങളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. ഈ ഓർമ്മകളുടെ വിശകലനമാണ് അടുത്ത അധ്യായത്തിൽ പ്രതി പാദിച്ചിരിക്കുന്നത്.

## 4.0 ആമുഖം

പുല്ലാട്ടുകാവ്, അവിടെയുള്ള അനുഷ്ഠാനങ്ങൾ, ആ കാവിന്റെ ചലനാത്മകത എന്നിവയെക്കുറിച്ചുള്ള ഓർമ്മകളാണ് കഴിഞ്ഞ അധ്യായത്തിൽ ക്രോഡീകരിച്ചിട്ടുള്ളത്. ചോദ്യങ്ങൾ ചോദിച്ച് ഉത്തരം പറയിപ്പിക്കുന്നതിനു പകരം ആവേദകർ അവരുടെ ഓർമകളിലൂടെ സ്വതന്ത്രമായി സഞ്ചരിക്കുകയാണുണ്ടായത്. കാവിനെക്കുറിച്ചും, ഓർമ്മയിൽ അക്കാലത്തെ പലതരം വിവേചനങ്ങളുടെയും, ദാരിദ്ര്യത്തിന്റെയും വിഭവങ്ങളിൽനിന്നുള്ള മാറ്റിനിർത്തലിന്റെയും ഓർമ്മകൾ പടർന്നുകയറുന്നത് കാണാം. വ്യക്തിപരമായ ഓർമ്മകൾ സംഘസ്മൃതികളിലേക്കും അഭിപ്രായ-രൂപീകരണത്തിലേക്കും നയിക്കുന്നുണ്ട്. ഇവയുടെ സാമാന്യമായ വിശകലനമാണ് ഈ അധ്യായം.

### ഓർമ്മയും ചരിത്രവും

ഓർമ്മ എന്നത് സമകാലസമൂഹശാസ്ത്രപഠനങ്ങളിൽ പ്രധാനപ്പെട്ട ഒരു താക്കോൽപദമായി ഉപയോഗിക്കുന്നുണ്ട്. സാഹിത്യപഠനം, സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം, എത്തനോഗ്രഫി, ചരിത്രം എന്നീ മേഖലകളിലെല്ലാം ഓർമ്മയുടെ പിൻബലത്തെ പ്രയോജനപ്പെടുത്തുന്നത് കാണാം. ഓർമ്മക്ക് സ്വത്വബോധവുമായി ബന്ധമുണ്ട്. ഓർമ്മയുടെ തുടർച്ചയിലാണ് സ്വത്വബോധം രൂപപ്പെടുന്നതും ഉറയ്ക്കുന്നതും. ചരിത്രാതീതകാലം മുതൽ സമകാലം വരെയുള്ള ഓർമ്മകളിലൂടെയുള്ള ഒരു നുലോട്ടമാണ് സ്വത്വം. എല്ലാ ഓർമ്മകളും ഓർമ്മിക്കുന്ന വ്യക്തിയേയും ഓർമ്മിക്കപ്പെടുന്ന വ്യക്തികൾ/വസ്തുക്കൾ/സന്ദർഭങ്ങൾ എന്നിവയേയും പരസ്പരം ബന്ധിപ്പിക്കുന്നു. ഓർമ്മകൾ ഒന്നിനുമേൽ മറ്റൊന്നായി പതിയുന്നതും പതിവാണ്. ഓർമ്മകളിലൂടെയാണ് വ്യക്തികൾ അപരവുമായി മുഖാമുഖം വരുന്നത്. പാഠപരമായ അതിർത്തികളെ മുറിച്ചു ചെല്ലുന്നതാണ് ഓർമ്മകൾ. ഓരോ ഓർമ്മയും പല ഓർമ്മകളുമായി ഒരേ

സമയം ബന്ധിക്കപ്പെടുന്നതുകൊണ്ട് സ്വത്വബോധം എന്നത് സ്ഥിരമോ നിയതമോ അല്ല (Caeners, 2015: 283-284).

ഓർമയിലൂടെ രൂപപ്പെടുന്ന ആഖ്യാനങ്ങളൊന്നും പ്രതിനിധാനപരമല്ല. ഭൂത ഭാവിവർത്തമാനകാലങ്ങൾ അവയിൽ കൂടിക്കുഴയുകയും ആഖ്യാനത്തിൽ ക്രമഭംഗം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ലഭിച്ച ആഖ്യാനങ്ങളെ വിഷയക്രമത്തിൽ ക്രോഡീകരിക്കാനും വിശകലനം ചെയ്യാനുമാണിവിടെ ശ്രമിക്കുന്നത്.

കാവുകളിലെ അനുഷ്ഠാനാചാരങ്ങൾ ജാതിയുമായി ബന്ധപ്പെട്ട് കിടക്കുന്നവ യാണ്. അനുഷ്ഠാനങ്ങളിലൂടെയും വാമൊഴിയിലൂടെയും കാവ് സംസ്കാരത്തിന്റേയും അധികാരത്തിന്റേയും സൂചനകൾ ലഭിക്കുന്നുണ്ട്. കാവിന്റെ സംസ്കാരചരിത്രം ജനത യുടെ ഓർമ്മയിലും വാമൊഴിയിലുമായി ചിതറിക്കിടക്കുന്നു. ഇവകൂടി കാവാചാരവുമായി ചേർത്തു വെയ്ക്കേണ്ടതുണ്ട്. അനുഷ്ഠാനത്തിലും കാവാചാരങ്ങളിലും തുടർന്നുവരുന്ന വരേണ്യ കീഴാള സംസ്കാരങ്ങളുടെ പ്രതിഫലനം വ്യക്തമാക്കുന്ന തെളിവുകളാണ് വാമൊഴിയിൽ കണ്ടെത്താൻ ശ്രമിക്കുന്നത്. ഇത്തരം തെളിവുകൾ ജനജീവിതങ്ങളുടെ അനുഭവപരിസരത്ത് നിന്നാണ് ശേഖരിച്ചിട്ടുള്ളത്.

പുല്ലാട്ടുകാവിനെ സംബന്ധിച്ചുള്ള അനുഷ്ഠാനങ്ങളും ആചാരങ്ങളും പ്രധാനമായും തിറയാട്ടവുമായി ബന്ധപ്പെട്ടാണ് നടക്കുന്നത്. ഉത്തരകേരളത്തിലെ ജനജീവിതവു മായി അഭേദ്യമായി ബന്ധപ്പെട്ട അനുഷ്ഠാനകലയാണ് തിറയാട്ടം. ഈ കലയെ അടിസ്ഥാനമാക്കി ഒരു പ്രദേശത്ത് അധിവസിക്കുന്ന ജനവിഭാഗങ്ങളുടെ സ്മരണകളിലൂ ടെയുള്ള പ്രാദേശികചരിത്രമാണ് കാവനുഷ്ഠാനങ്ങളെ മുൻനിർത്തി ഈ അധ്യായത്തിൽ കണ്ടെത്താൻ ശ്രമിക്കുന്നത്. സജീവസംസ്കാരത്തെ ഉൾക്കൊള്ളുന്ന അനുഷ്ഠാനകലാ രൂപം എന്ന നിലയിൽ തിറയാട്ടത്തിലെ അനുഷ്ഠാനങ്ങളെ അപഗ്രഥിക്കുന്നതിലൂടെ ഒരു നാടിന്റെ സാംസ്കാരിക ചരിത്രം ചുരുൾ നിവരും. സാധാരണക്കാരന്റെ പ്രതീകോപാസ നയാണ് ഉത്തരകേരളത്തിൽ നടത്തിവരാറുള്ള ഈ കലാരൂപം. ഗ്രാമീണജനതയുടെ നിത്യജീവിതത്തെയും ആചാരജീവിതത്തെയും കലാജീവിതത്തെയും ഫോക്‌ലോറി ലൂടെ കാണാൻ സാധിക്കുന്നു. നാടൻ കലകളിലൂടെയും അതിന്റെ അനുഷ്ഠാനങ്ങളിലൂ ടെയും പ്രാക്തന സംസ്കാരത്തെയും എഴുതപ്പെടാത്ത അരികുജീവിതത്തെയും സംബ ന്ധിച്ച് അറിവ് പ്രദാനം ചെയ്യുന്ന രീതിയിലാണ് ഈ പഠനം തയ്യാറാക്കിയിരിക്കുന്നത്.

ജാതിയുടെ സംഘടിതഭാവമാണ് കാവനുഷ്ഠാനങ്ങളിലൂടെ സ്ഥാപിക്കപ്പെട്ടുപോരുന്നത്. ഓരോ ജാതി ഇടപെടലുകളും കാവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ആകെത്തുക യാണ്. ജാതിയുടെ സാമൂഹികനിലവാരം കാവിലുള്ള ഇടപെടലിൽനിന്നും തെളിഞ്ഞു വരുന്നുണ്ട്. സംഘടിത സമൂഹപഠനത്തിന് ഉചിതമായ മാർഗമാണ് അനുഷ്ഠാനങ്ങൾ. ഉത്സവങ്ങളെ സംബന്ധിച്ച് ചടങ്ങുകളുടെ ഒരു വലിയ നിര തന്നെ കണ്ടുവരുന്നു. ഉത്സവപൂർവ്വചടങ്ങ്, ഉത്സവച്ചടങ്ങ്, ഉത്സവാനന്തരച്ചടങ്ങ് എന്നിങ്ങനെ ഉത്സവവുമായി ബന്ധപ്പെട്ട് ചടങ്ങുകളുടെ വലിയൊരു ശൃംഗല തന്നെയുണ്ട്.

## 4.1 കാവുപരിസരം: കീഴാളസമൂഹം

കാവുസംസ്കാരത്തിൽ പൊതുവെ ബ്രാഹ്മണിക് സങ്കല്പങ്ങൾക്കല്ല പ്രാധാന്യം. ദ്രാവിഡ സംസ്കാരത്തിലധിഷ്ഠിതമാണ് കാവ് പാരമ്പര്യം. കാവിന്റെ ആരാധനാ രീതിയും ആരാധനാദൈവങ്ങളും വ്യത്യസ്തമാണ്. കാവാചാരങ്ങൾ അധികവും അനുഷ്ഠി ക്കുന്നത് കീഴാളവിഭാഗങ്ങളാണ്. വരേണ്യദൈവങ്ങൾ ഇവർക്ക് അന്യമായിരുന്നു. കാഞ്ചാ ഐലയ്യ തന്റെ അനുഭവത്തിലൂടെ അത് വ്യക്തമാക്കുന്നതിങ്ങനെയാണ്. "എന്റെ കുട്ടിക്കാലത്ത് ഞങ്ങളാരും ഹിന്ദുക്കളുടെ ദൈവത്തെക്കുറിച്ച് കേട്ടിട്ടുപോലു മില്ല. അതേസമയം വിദ്യഭ്യാസകാലത്താണ് രാമനെയും വിഷ്ണുവിനെയും കുറിച്ചറിയു ന്നത്. ഞങ്ങൾക്ക് പോച്ചമ്മ, എലമ്മ എന്നിങ്ങനെയുള്ള ദേവിമാരെ കൂടാതെ വീരപ്പയെ പ്പോലുള്ള ദേവന്മാരുമുണ്ടായിരുന്നു. ഈ ദേവീദേവന്മാരുടെ ഉത്സവങ്ങളാണ് മറിച്ച് ഹിന്ദുക്കളുടെ ഉത്സവങ്ങളല്ല ഞങ്ങൾ ആഘോഷിച്ചിരുന്നത്. ഇത്തരം ആഘോഷങ്ങ ളിൽ സ്ത്രീപുരുഷന്മാർ ഒന്നിച്ച് ചേർന്ന് പാട്ടുപാടുകയും നൃത്തം ചെയ്യുകയും മദ്യം കഴിക്കുകയും മൃഗങ്ങളെ ബലിയർപ്പിക്കുകയും ചെയ്തിരുന്നു. ഇത്തരം ആരാധനാ രീതികൾ അശുഭമായിട്ടാണ് ഹിന്ദുക്കൾ കണ്ടിരുന്നത്. ഞങ്ങളുടെ ദൈവങ്ങൾ ഞങ്ങ ളുടെ ഉൽപ്പാദനപ്രവർത്തനങ്ങളുമായി ഗാഢമായി ബന്ധപ്പെട്ടിരുന്നു. ഉദാഹരണമായി ഞങ്ങളുടെ ദേവിയായ കട്ടമ്മമായിസയുടെ കാര്യമെടുക്കുക. അവളുടെ കടമ ഞങ്ങളുടെ ജലാശയങ്ങൾ നിറക്കുകയാണ്. അവളത് ചെയ്യുകയാണെങ്കിൽ വളരെ അധികം മൃഗങ്ങ ളാണ് ബലിയർപ്പിക്കപ്പെടുന്നത്. അതേസമയം കുളങ്ങൾ വറ്റി വരളുകയാണെങ്കിൽ ആ വർഷം മൃഗബലി ഉണ്ടാവുകയില്ല. വീരപ്പ ആട്ടിടയന്മാരായ കുറുമരുടെ ദേവനാണ്. ആ ദേവന്റെ കടമ കന്നുകാലികളുടെ ക്ഷേമമാണ്. കമ്പിളിനൂൽ സമൃദ്ധമായി ലഭിക്ക

മ്പോൾ വീരപ്പയ്ക്ക് നിരവധി ആടുകൾ ബലിയർപ്പിക്കപ്പെടുന്നു. ഞങ്ങളെപ്പോലെ തന്നെ ഞങ്ങളുടെ ദൈവങ്ങളും ഉൽപ്പാദകരാണ്. ഇതല്ല ബ്രാഹ്മണരുടെ ദൈവങ്ങളുടെ സ്ഥിതി. അവർക്ക് ഉൽപാദനപ്രവർത്തനങ്ങളിൽ പങ്കൊന്നുമില്ല, മറിച്ച് അവർ ദേവ സൂക്തങ്ങളാൽ തളയ്ക്കപ്പെട്ടവരാണ്. അതുകൊണ്ട് നാം മനസിലാക്കേണ്ടത് ദലിത്-ബഹുജൻമതവും ബ്രാഹ്മണമതവും രണ്ട് വ്യത്യസ്തധാരകളാണെന്നും, അവ പരസ്പരം എതിർക്കുന്നവയുമാണെന്നാണ് " (ഐലയ്യ, 2004: 93-94). കാഞ്ചാ ഐലയ്യയുടെ നിരീക്ഷണം കീഴാള ദേവതാരാധന നിലനിൽക്കുന്ന ഏത് സന്ദർഭത്തിലും പ്രസക്ത മാണ്. കരിയാത്തൻ, കരിവില്ലി, കൊലോൻ, അസുരാളൻ, മുത്തശ്ശി, ദേവി തുടങ്ങിയ ദൈവങ്ങളാണ് കാവിൽ ആരാധിച്ചിരുന്നത്. ഇവരൊന്നും തന്നെ വരേണ്യദൈവങ്ങ ളല്ല. ബ്രാഹ്മണ്യാധിപത്യത്തിന്റെ ഭാഗമായി ചില അനുഷ്ഠാനങ്ങൾ കാവിൽ നടക്കു ന്നുണ്ട്. ദ്രാവിഡ സംസ്കാരത്തിന്മേലുള്ള ആര്യാധിനിവേശമായി അതിനെ വായിച്ചെടു ക്കാൻ സാധിക്കും. കാവിലെ ഉത്സവപൂർവ്വ ചടങ്ങുമായി ബന്ധപ്പെട്ടതാണിത്.

### 4.1.1 കാവിലെ ശുദ്ധിയും അശുദ്ധിയും

ഉത്സവദിവസം രാവിലെ കാവിൽ നടക്കുന്നത് ബ്രാഹ്മണപൂജയാണ്. ഈ പൂജയിലൂടെയാണ് ഉത്സവാദികാര്യങ്ങളുടെ ആരംഭം. ഉത്സവത്തിന്റെ നടത്തിപ്പവകാശി കളായ പെരുവണ്ണാൻ സമുദായം കാവ് തീണ്ടി കഴിഞ്ഞാൽ പിന്നെ അവിടം അശുദ്ധ മാവും എന്നാണ് സങ്കല്പം. അതിനാൽ ബ്രാഹ്മണർ അവിടെനിന്ന് ഇറങ്ങുകയും ഉത്സവ മെല്ലാം കഴിഞ്ഞ് ഏഴാം നാൾ ശുദ്ധികലശത്തിനായി വീണ്ടും കാവിൽ എത്തിച്ചേരു കയും ചെയ്യുന്നു. ജാതിയുടെ ആധാരമായ അസ്പൃശ്യതയെ പുനരുൽപാദിപ്പിക്കുന്ന ചട ങ്ങാണിത്.

#### 4.1.1.1 കാവിലെ ബ്രാഹ്മണപൂജ: അയിത്തത്തെ ഉറപ്പിക്കുന്ന യുക്തി

അസ്പൃശ്യതയെ പ്രാതിഭാസികമായി മനസ്സിലാക്കാനുള്ള ശ്രമമാണ് സുന്ദർ സരുക്കായുടെ 'Phenomenology of untouchability' എന്ന പ്രബന്ധം. ജാതിയെ ക്കുറിച്ച് പൊതുവെ കണ്ടുവരുന്ന പഠനങ്ങളിൽ നിന്ന് വ്യത്യസ്തവുമാണത്. അസ്പൃശ്യ തയെ സംബന്ധിച്ച കുറേക്കൂടി വിപുലമായ ദാർശനികപാഠമാണത്. പൗരസ്ത്യവും പാശ്ചാത്യവുമായ ദാർശനിക ധാരകളെ തന്റെ പഠനത്തിനായി അദ്ദേഹം ഉപയോ

ഗിച്ചു. അസ്പൃശ്യതയെ മനസ്സിലാക്കുന്നതിൽ സ്പർശനം എന്ന ആശയം പ്രധാനമാണെന്ന് അദ്ദേഹം പറഞ്ഞു. ശരീരത്തിന്റെ പ്രാഥമികമായ ഇന്ദ്രിയമാണ് തൊലി. അദ്ദേഹം പിന്നീട് സമർത്ഥിക്കാൻ ശ്രമിച്ചത് ബ്രാഹ്മണ്യത്തെ നിലനിർത്തുന്നതിൽ അസ്പൃശ്യത എന്ന സങ്കല്പം പ്രധാന പങ്കുവഹിക്കുന്നുണ്ട് എന്നാണ്. ബ്രാഹ്മണ്യത്തിന്റെ അവശ്യഘടകമാണ് അസ്പൃശ്യത എന്നുകൂടി അദ്ദേഹം വാദിക്കുന്നുണ്ട്. അസ്പൃശ്യത ഉണ്ടാക്കി അതിന്റെ ബാധ്യത മറ്റുള്ളവരെ ഏൽപ്പിക്കുക മാത്രമല്ല ബ്രാഹ്മണർ ചെയ്യുന്നത്. ബ്രാഹ്മണരല്ലാത്തവരുടെ പ്രവൃത്തികളുടെയും പരിശിഷ്ടമായി[1] അസ്പൃശ്യത പ്രവർത്തിക്കുംവിധമുള്ള തത്വചിന്താപരമായ ചലനത്തിലൂടെ അവരെ അതിൽ പങ്കാളികളാക്കുകയുമായിരുന്നു (അനിൽ, 2018: 89-90).

### 4.1.1.2 മനുസ്മൃതി: അസ്പൃശ്യതയുടെ സാധൂകരണം

"മഹാതേജസ്വിയായ ആ ബ്രഹ്മാവ് സമഗ്രസൃഷ്ടിയുടെയും സംരക്ഷണത്തിനായി ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രരുടെ കർത്തവ്യങ്ങൾ വേറെ വേറെ വിഭജിച്ചു നിശ്ചയിച്ചു"[2]

"വേദധ്യാപനം വേദാധ്യയനം, യാഗം ചെയ്യൽ, യാഗം ചെയ്യിക്കൽ, ദാനം ചെയ്യൽ, ദാനം സ്വീകരിക്കൽ ഇവ ആറും ബ്രാഹ്മണരുടെ കർത്തവ്യങ്ങളാവുന്നു"[3]

ഹിന്ദുക്കൾ മലിനീകരണത്തെ അംഗീകരിച്ചിരുന്നുവെന്ന് മനുസ്മൃതിയിൽ നിന്ന് വേണ്ടുവോളം വ്യക്തമാകുന്നു. ശാരീരികമായ അശുദ്ധിയെയും സൈദ്ധാന്തികമായ അശുദ്ധതയെയും മനു അംഗീകരിക്കുന്നുണ്ട്.

ജനനത്തേയും മരണത്തേയും ആർത്തവത്തേയും മനു അശുദ്ധിയുടെ സ്രോതസ്സുകളായി കണക്കാക്കി. മരണത്തെ സംബന്ധിച്ചിടത്തോളം അശുദ്ധതയുടെ പരിധി വളരെ വ്യാപകമായിരുന്നു. അത് രക്തബന്ധത്തിന്റെ നിയമത്തെ അനുവർത്തിച്ചു.

---

1 ദെറിദയുടെ supplement എന്ന ആശയമാണ് ഇവിടെ പരിശിഷ്ടം എന്ന തർജ്ജമ ചെയ്തിരിക്കുന്നത്. ഒന്നിന് പകരം നിൽക്കുന്ന സൂചകം എന്ന അർഥത്തിലാണ് ഈ സങ്കൽപ്പനം ദെറിദ ഉപയോഗിക്കുന്നത്.

2 സർവസ്യാസ്യ തു സർഗസ്യ ഗുപ്ത്യർത്ഥം സ മഹാദ്യുതി
മുഖബാഹൂരുപജ്ജാനാം പൃഥക് കർമ്മാണ്യകല്പയത് (ശ്ലോകം 87, ഒന്നാമധ്യായം, മനുസ്മൃതി)

3 അധ്യാപനമധ്യയനം യജനം യാജനം തഥാ
ദാനം പ്രതിഗ്രഹം ചൈവ ബ്രാഹ്മണാനാമകല്പയത് (ശ്ലോകം 88, ഒന്നാമധ്യായം, മനുസ്മൃതി)

മരണം, പരേതനായ വ്യക്തിയുടെ കുടുംബാംഗങ്ങൾക്ക് – സാങ്കേതികമായി ഇവരെ വിളിക്കുന്നത് സപിണ്ഡരെന്നും സമാനോദകരെന്നുമാണ് അശുദ്ധത വരുത്തിവച്ചു. മാതുലനെപ്പോലെ മാതൃവഴിക്കുള്ള ബന്ധുക്കൾ മാത്രമല്ല, പിന്നെയോ, വളരെ അകന്ന ബന്ധുക്കൾ കൂടിയും അതിൽ ഉൾപ്പെട്ടിരുന്നു. (1) ഗുരു, (2) ഗുരുപുത്രൻ, (3) ഗുരുപത്നി, (4) ശിഷ്യൻ, (5) സഹപാഠി, (6) ശ്രോതിയൻ, (7) രാജാവ്, (8) സുഹൃത്ത്, (9) ബാന്ധവർ, (10) മൃതദേഹം ചുമന്നവർ, (11) മൃതദേഹത്തെ തൊട്ടവർ എന്നിങ്ങനെ ബന്ധുക്കളല്ലാത്തവർക്കുപോലും അത് ബാധകമായിരുന്നു. അശുദ്ധതയുടെ വ്യാപ്തിക്കുള്ളിൽ വരുന്ന ഒരുത്തർക്കും അതിൽനിന്ന് രക്ഷപ്പെടാൻ സാധ്യമല്ലായിരുന്നു.

ബ്രാഹ്മണൻ 'നിത്യവിശുദ്ധിയുള്ളവ'നാണെന്ന മനുവിന്റെ പ്രസ്താവനയെ, ബ്രാഹ്മണനെ എല്ലാറ്റിലും മീതെയാക്കി പുകഴ്ത്തുന്ന സാധാരണാർഥത്തിൽ മനസ്സിലാക്കേണ്ടതാണ്. ബ്രാഹ്മണൻ അശുദ്ധതയിൽ നിന്ന് വിമുക്തനാണെന്നാണ് ഇതിന്റെയർത്ഥമെന്ന് ധരിച്ചുകളയരുത്. ബ്രാഹ്മണർ അശുദ്ധതയിൽ നിന്ന് വിമുക്തനായിരുന്നില്ല. ജനനങ്ങൾകൊണ്ടും മരണങ്ങൾകൊണ്ടും ഉണ്ടാകുന്ന അശുദ്ധിക്കു പുറമെ, അബ്രാഹ്മണരെ ബാധിക്കാത്ത മറ്റ് കാരണങ്ങൾ കൊണ്ടുണ്ടാകുന്ന അശുദ്ധിയും തീർച്ചയായും ബ്രാഹ്മണർ അനുഭവിച്ചിരുന്നു. ബ്രാഹ്മണരെ മാത്രം ബാധിക്കുന്ന വിലക്കുകളും നിരോധനങ്ങളും മനുസ്മൃതിയിൽ നിറയെയുണ്ട്. ബ്രാഹ്മണർ അതൊക്കെ പാലിക്കണം; അത് പാലിച്ചില്ലെങ്കിൽ അവൻ അശുദ്ധനായിത്തീരും.

മനുസ്മൃതിയിലെ, അശുദ്ധതയെന്ന സങ്കല്പം, യഥാർത്ഥമാണ്: കേവലം സൈദ്ധാന്തികമല്ല; കാരണം, അശുദ്ധനായ വ്യക്തി നൽകുന്ന ആഹാരം അസ്വീകാര്യമാണെന്ന് മനു പറയുന്നുണ്ട്.

മനു അശുദ്ധിയുടെ കാലയളവും നിർദ്ദേശിച്ചിരിക്കുന്നു; അതിൽ വൈവിധ്യമുണ്ട്. സപിണ്ഡത്തിന്റെ മരണം മൂലം ഉണ്ടാകുന്ന അശുദ്ധി പത്തു ദിവസത്തേക്കുണ്ട്. കുട്ടികളുടെ മരണം മൂലമാണെങ്കിൽ മൂന്നുദിവസം. സഹപാഠികളുടെ മരണം മൂലമാണെങ്കിൽ ഒരു ദിവസം. നിർദ്ദിഷ്ട കാലയളവ് കഴിഞ്ഞുവെന്നതുകൊണ്ടുമാത്രം അശുദ്ധത അപ്രത്യക്ഷമാവുകയില്ല. ആ കാലയളവിന്റെ അവസാനത്തിൽ അവസരോചിതമായ ശുദ്ധീകരണ കർമ്മം നടത്തണം.

ശുദ്ധീകരണ ലക്ഷ്യം വച്ചുകൊണ്ട് മനു മൂന്നു കാഴ്ചപ്പാടുകളിൽ നിന്ന് അശുദ്ധ തയെന്ന വിഷയത്തെ കൈകാര്യം ചെയ്യുന്നു. (1) ശാരീരികമായ അശുദ്ധമാക്കൽ, (2) സൈദ്ധാന്തികമായ അല്ലെങ്കിൽ മനഃശാസ്ത്രപരമായ അശുദ്ധമാക്കൽ (3) ധാർമികമായ അശുദ്ധമാക്കൽ, വ്യക്തിക്ക് ദുഷിച്ച ചിന്തകളുണ്ടാവുമ്പോഴാണല്ലോ ധാർമ്മികമായ അശുദ്ധമാക്കൽ സംഭവിക്കുന്നത്. അതിന്റെ ശുദ്ധീകരണത്തിനുള്ള നിയമം കൂടുതൽ ശാസനകളും പ്രബോധനങ്ങളുമാണ്. എന്നാൽ സൈദ്ധാന്തികവും ശാരീരികവുമായ അശുദ്ധമാക്കലിനുള്ള ചടങ്ങുകൾ നേരത്തേ പറഞ്ഞതുപോലെ തന്നെ. ജലം, മണ്ണ്, ഗോമൂത്രം, കുശപ്പുല്ല്, ചാരം, എന്നിവ അതിനുവേണ്ടി ഉപയോഗിക്കുന്നു. അചേതന വസ്തുക്കളുടെ സ്പർശം മൂലമുണ്ടാകുന്ന ശാരീരികാശുദ്ധതകൾ ദൂരീകരിക്കാനുള്ള ശുദ്ധീ കരണ കാരകങ്ങളാണ് മണ്ണ്, ഗോമൂത്രം, കുശപ്പുല്ല്, ചാരം എന്നിവയെന്ന് നിർദ്ദേശിച്ചി ട്ടുണ്ട്. സൈദ്ധാന്തികാശുദ്ധത ദൂരീകരിക്കാനുള്ള മുഖ്യകാരണം ജലമാകുന്നു. ജലം മൂന്നു രീതിയിൽ ഉപയോഗിക്കുന്നുണ്ട്. കുടിക്കുന്നതിനും കുളിക്കുന്നതിനും ആചമനത്തിനും. പിൽക്കാലത്ത് സൈദ്ധാന്തികാശുദ്ധത ദൂരീകരിക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട കാരകം പഞ്ചഗവ്യമായിത്തീർന്നു. ഗോവിന്റെ അഞ്ചുൽപ്പന്നങ്ങളുടെ (അതായത്, പാൽ, മൂത്രം, ചാണകം, തൈര്, നെയ്യ് എന്നിവയുടെ) മിശ്രിതമാണത് (അംബേദ്കർ, 2000: 19-21).

### 4.1.1.3 അയിത്തം കേരളത്തിൽ

അയിത്തം ആചാരമായി കേരളത്തിലെ ജനങ്ങൾ പിന്തുടർന്നിരുന്നു. സാമൂ ഹികജീവിതത്തിൽ തൊട്ടുകൂടായ്കയും തീണ്ടിക്കൂടായ്കയും പ്രകടമായിരുന്നു. ബ്രാഹ്മണർ ശുദ്ധിപാലിക്കുന്നതിനായി മൂന്ന് നേരം കുളിച്ചിരുന്നു. മതപരമായ ഒരു കർമ്മാനുഷ്ഠാനം എന്ന രീതിയിലായിരുന്നു ഹിന്ദുക്കൾ കുളിയെ കണ്ടിരുന്നത്. കുളി കഴിഞ്ഞ് ശുദ്ധവസ്ത്രം ഉടുത്തായിരുന്നു അന്തർജ്ജനങ്ങളും സവർണജാതിയിലെ സ്ത്രീകളും അടുക്കളയിൽ പാചകത്തിനായി കയറിയിരുന്നുള്ളൂ. "ശൂദ്രാദികളെ തൊട്ടാൽ മുങ്ങിക്കുളിക്കണം. താണ ജാതിക്കാർ അടുത്തുവന്നാലും കുളിക്കണം. താണജാതി തൊട്ട കിണറ്, കുളം ഇവ തൊട്ടാലും കുളിക്കണം. നിലം ചൂലുകൊണ്ടു തുത്താൽ അവിടെ തളിക്കുന്നതിനുമുമ്പ് ചവിട്ടിയാലും കുളിക്കണം" (ഭാസ്കരനുണ്ണി, 2012:101) തുടങ്ങിയവ അയിത്തത്തിന്റെ ഭാഗമായി തുടർന്നുപോന്നിരുന്ന ആചാരങ്ങളായിരുന്നു.

കേരളത്തിലുള്ള ഇത്തരം ആചാരങ്ങളുടെ ഉറവിടം ജാതിയാണ്. മനുസ്മൃതിയെ അടിസ്ഥാനമാക്കിക്കൊണ്ട് കേരളത്തിലെ സാമൂഹ്യജീവിതം ജാത്യാചാരങ്ങളിലധിഷ്ഠിതമായിരുന്നു. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രവർണ്ണ വ്യവസ്ഥ എ.ഡി. എട്ടാം നൂറ്റാണ്ടോടെ പ്രായോഗികമായി കേരളത്തിൽ നടപ്പിലായി. ജാതിയെ ഒരു മതസ്ഥാപനമോ പ്രസ്ഥാനമോ ആയി സ്ഥാപിച്ചെടുക്കാൻ വേദബ്രാഹ്മണന്മാർക്ക് സാധിച്ചു. ജാതിശ്രേണി അയിത്തത്തിന്റെ തോതിനനുസരിച്ചായിരുന്നു പ്രവർത്തിച്ചിരുന്നത്. അയിത്തം എന്ന വാക്ക് പലപ്പോഴും അശുദ്ധമെന്ന സംസ്കൃതപദത്തിനു പകരമായി നിലകൊണ്ടു. ഉന്നത ജാതിയും നീച ജാതിയും ഉണ്ടെങ്കിൽ മാത്രമേ അയിത്തമുണ്ടാവുന്നുള്ളൂ. സാമീപ്യം കൊണ്ടും സ്പർശംകൊണ്ടും അയിത്തമുണ്ടാവുന്നുണ്ട്. സവർണ്ണനും അവർണ്ണനും കാണുന്നതിനും സംസാരിക്കുന്നതിനും നിശ്ചിത അകലമുണ്ടായിരുന്നു. പുല്ലാട്ടുകാവിൽ ഇത് വളരെ പ്രകടമായി കാണാൻ സാധിക്കുന്നുണ്ട്. കാവിന്റെ പരിസരങ്ങൾ ഓരോ ജാതിവിഭാഗങ്ങൾക്കും വിഭജിച്ച് നൽകിയിരുന്നു. ജാതിശ്രേണിക്കനുസരിച്ച് കാവിൽനിന്നും ഓരോ ജാതിവിഭാഗങ്ങളും നിശ്ചിതദൂരം പാലിച്ചിരുന്നു.

"ശുദ്ധാശുദ്ധവിചാരത്തിന്റെ പേരിലുമുണ്ടായി രണ്ടു കേസുകൾ. 1887 ലാണ് ഒന്നെങ്കിൽ മറ്റൊന്ന് ഏതാണ്ട് 1900-ാമാണ്ടോടടുപ്പിച്ച് അതിനു തൊട്ടുമുമ്പാണുണ്ടായത്. സാമന്തൻ എന്നാൽ ഗോമാംസം ഒഴികെ മറ്റു മാംസങ്ങൾ കഴിക്കുന്ന ഒരു ജാതി നായരാണെന്ന് മലബാർ കലക്ടറായിരുന്ന ലോഗൻ പറയുകയോ എഴുതുകയോ ചെയ്തതിനെതിരായിരുന്നു കേസ്. സാമന്തന്മാർ മാംസഭോജികളല്ലെന്നും നായരെ തൊട്ടാൽ സാമന്തനു കുളിയുണ്ടെന്നും മറ്റും പറഞ്ഞ് കോഴിക്കോട്ട് ഡിസ്ട്രിക്ട് കോർട്ടിൽ നിലമ്പൂർ കോവിലകത്തെ മാനവിക്രമൻ ഇളയതിരുമുല്പാട് കേസ്സു കൊടുത്തു. 1888-ൽ വിചാരണയും സാക്ഷിവിസ്താരവുമെല്ലാം കഴിഞ്ഞ്, കേസ്സു തള്ളുകയാണുണ്ടായത്" (ഭാസ്കരനുണ്ണി, 2012:125) അയിത്തമുള്ള മനുഷ്യന്മാർ പരസ്പരം തൊടുന്നതും കാണുന്നതും വലിയ തെറ്റായാണ് പരിഗണിച്ചിരുന്നത്. ഓരോ ജാതിക്കാർക്കും ഓരോ ജാതിക്കാർ അയിത്തക്കാരായിരുന്നു. സ്വതന്ത്രമായി വഴി നടക്കുന്നതിന് ജാതിയിൽ താഴ്ന്ന ആർക്കും അവകാശമുണ്ടായിരുന്നില്ല. മണ്ണാന്മാരും പാണന്മാരും ഈഴവർക്ക് വഴിമാറി കൊടുക്കേണ്ടിയിരുന്നു. പുലയനും പറയനും പാണനും ഈഴവർക്ക് വഴിമാറി കൊടുക്കേണ്ടവരായിരുന്നു. ഇത്തരത്തിൽ അയിത്തത്തെ വ്യത്യസ്ത ജാതിയിൽപ്പെട്ടവർ വ്യത്യസ്ത

മായാണ് കണ്ടിരുന്നത്. അയിത്തത്തിന് പല രീതിയിലുള്ള മുഖങ്ങളുണ്ടായിരുന്നു. ചില ജാതിക്കാരെ തൊട്ടാൽ മാത്രമാണ് അയിത്തമെങ്കിൽ ചിലരെ കാണുന്നതും അവരുടെ സാന്നിദ്ധ്യവും അയിത്തമായി പരിഗണിക്കപ്പെട്ടിരുന്നു. യുക്തിക്ക് നിരക്കാത്ത പലതും അയിത്തമെന്ന പേരിൽ നാട്ടിൽ പ്രചാരത്തിലുണ്ടായിരുന്നു. നമ്പൂതിരി കുളിച്ച് ശുദ്ധ മായി വരുമ്പോൾ നായരോട് മിണ്ടിയാൽ അയിത്തമാവുന്നത് കേവലം ഒരുദാഹരണം മാത്രമാണ്. സവർണ്ണ ജാതിക്കാർക്കു മുമ്പിൽ മറ്റുള്ള ഓരോ ജാതികളും എത്രദൂരം അകലം പാലിക്കണമെന്നുള്ളത് ശാസ്ത്രഗ്രന്ഥങ്ങളിൽ അളവ് രേഖപ്പെടുത്തിയിരുന്നു. "നായാടികൾ (നായ്ക്കളെ തിന്നുന്നവർ) 72 അടി ദൂരം, പുലയൻ (അടിമ) 64 അടിദൂരം, കണിശൻ (ജ്യോത്സൻ) 36 അടിദൂരം, മുക്കുവൻ (മത്സ്യം പിടിക്കുന്നവൻ) 24 അടിദൂരം" (ഭാസ്കരനുണ്ണി, 2012: 137).

സവർണ്ണ ജാതിയിലുള്ളവരുടെ ശവശരീരം പോലും അയിത്ത ജാതിക്കാർ തൊട്ടാൽ അശുദ്ധമാവുമെന്നായിരുന്നു സങ്കല്പം. വരേണ്യർക്ക് സ്പർശനം മൂലം അയിത്ത മാകുന്ന വിഭാഗക്കാരാണ് മുഹമ്മദീയരും, ക്രിസ്ത്യാനികളും, വൈദേശിക ഹിന്ദുക്കളും. ഈ വിധത്തിലുള്ള അയിത്തബോധം വരേണ്യർക്ക് തന്നെ അനവധി തരത്തിലുള്ള അസൗകര്യങ്ങളുണ്ടാക്കിയിരുന്നു. അസുഖം വന്ന് മരിക്കാൻ കിടന്നാലും യൂറോപ്യനോ താഴ്ന്ന ജാതിക്കാരനോ ആയ ഭിഷഗ്വരനെകൊണ്ട് തൊട്ടുവിപ്പിക്കുന്നതിനേക്കാൾ അയിത്തം കൂടാതെ മരിച്ച് പുണ്യം ലഭിക്കുന്നതാണ് നല്ലതെന്ന് അവർ കരുതിയിരുന്നു. ഓരോ പ്രധാന ജാതികൾക്കിടയിൽപോലും അയിത്തം നിലനിന്നിരുന്നു. മേൽജാതി ക്കാരുടെ ഭക്ഷണം താഴ്ന്ന ജാതിക്കാർക്ക് കഴിക്കാമായിരുന്നെങ്കിലും തങ്ങളുടെ ജാതി യുടെ തൊട്ട് താഴെ സ്ഥാനപ്പെട്ട് കിടക്കുന്ന ജാതിക്കാരുടെ കൂടെപോലും ജാതിഹിന്ദു ക്കൾ പന്തിയിൽ ഇരുന്നിരുന്നില്ല. എന്നാൽ നമ്പൂതിരിക്ക് താഴെയുള്ള ഏതു ജാതിയു മായും സംബന്ധമാവാമായിരുന്നു. അതിൽതന്നെ നായർ ജാതിയിൽനിന്ന് താഴേക്ക് പോവാൻ പാടില്ല എന്ന വ്യവസ്ഥയുമുണ്ടായിരുന്നു. ജാതിഹിന്ദുക്കളും അസ്പൃശ്യരും ഒരേ പോലെ യുക്തിക്കും ബുദ്ധിക്കും വിവേകത്തിനും നിരക്കാത്ത അയിത്തമെന്ന ദുരാചാര ത്തെ പിന്തുടർന്നു. അതുകൊണ്ട് തന്നെ ഇവരുടെയെല്ലാം സാമൂഹിക ജീവിതം ദുരിത പൂർണമാക്കാൻ അയിത്തത്തിനു സാധിച്ചു എന്നനുമാനിക്കാവുന്നതാണ്. അയിത്തം

ഒരിക്കലും ലംഘിക്കപ്പെടാൻ പാടില്ലാത്തതാണെന്ന് രണ്ട് കൂട്ടരും ധരിച്ചിരുന്നു. അതു കൊണ്ട് തന്നെ ഇരുവിഭാഗക്കാരും കൃത്യമായിത് പാലിച്ചുപോന്നു.

ബ്രിട്ടീഷ് ഭരണത്തിനു ശേഷം വഴിമാറാതെ നടന്നിരുന്ന കീഴ്ജാതിക്കാരെ ശിക്ഷാനിയമത്തെ ഭയന്ന് നായന്മാർ കൊന്നില്ലെങ്കിലും അസ്വാതന്ത്ര്യത്തോടുകൂടി മാത്രമേ അവർക്ക് ജീവിക്കാൻ സാധിച്ചിരുന്നുള്ളൂ. രാജ്യവഴികളിൽക്കൂടി സ്വാതന്ത്ര്യത്തോടെ നടക്കാൻ പാടില്ലായിരുന്നു. മേൽജാതിക്കാർക്ക് വഴിമാറികൊടുക്കേണ്ടതിനാൽ സ്വതന്ത്രമായി സഞ്ചരിക്കാൻ സാധിച്ചിരുന്നില്ല. നിത്യോപയോഗ സാധനങ്ങൾപോലും മേൽജാതിക്കാരുടെ സഹായം കൂടാതെ വാങ്ങിക്കുവാൻ കഴിഞ്ഞിരുന്നില്ല. യാത്രാസൗകര്യത്തിന് അയിത്തം ഒരു പ്രശ്നമായതിനാൽ താൽപര്യമുള്ള തൊഴിലിൽ ഏർപ്പെട്ട് സാമൂഹിക ജീവിതം നയിക്കുവാൻ ഇവർ ഏറെ ബുദ്ധിമുട്ടിയിരുന്നു. ചെറുമർ, കണക്കൻ, പുലയൻ, പറയൻ, നായാടി എന്നിവരെല്ലാം അയിത്തം കാരണം കൃഷിപ്പണി മാത്രം ചെയ്യേണ്ടതായി വന്നു. അക്ഷരാഭ്യാസവും വിദ്യാലയ ചിന്തകളും അവർക്കന്യമായിരുന്നു. അസുഖം ബാധിച്ചാൽ ചികിത്സ പോലും ലഭിച്ചിരുന്നില്ല. താമസിക്കാനായി പാടത്തിന്റെ ഒരു മൂലയോ കാടോ ചളിപ്രദേശമോ ആണവർക്ക് ലഭിച്ചിരുന്നത്. ക്ഷേത്രങ്ങളിൽ നിന്നും ദൈവത്തെ ദർശിക്കുന്നതിൽനിന്നും അയിത്തം കാരണം അവർ മാറ്റിനിർത്തപ്പെട്ടു. ഭൂതപ്രേതപിശാചുക്കളേയും ദുർമൂർത്തികളേയുമാണ് അവർ ആരാധിച്ചിരുന്നത്. ആരാധനയിൽ മാറ്റം വരുത്തി മതം മാറിയാൽ കഷ്ടപ്പാടുകളിൽനിന്നും മുക്തി ലഭിക്കുന്നതിനാൽ അനവധി മനുഷ്യർ ക്രിസ്തുമതം സ്വീകരിച്ചു. മതം മാറാതെ ജീവിക്കുന്ന വിദ്യാസമ്പന്നനാണെങ്കിൽ പോലും ഭാവിജീവിതം പ്രയാസം നിറഞ്ഞത് തന്നെയായിരുന്നു. പീഡനങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനായി കാർഷിക മേഖലയിലുള്ള ജനങ്ങൾ പകൽ സമയങ്ങളിൽ ബന്തിങ്ങ ധരിച്ചിരുന്നു. മരണത്തിനു പോലും അയിത്തത്തെ കീഴടക്കുക സാധ്യമായിരുന്നില്ല. പകർച്ചവ്യാധികളിൽ ദുരിതം അനുഭവിച്ച് അയിത്തജാതിക്കാർ മരണപ്പെട്ടാൽ ആ ശരീരം തീണ്ടാതിരിക്കുന്നതിനായിരുന്നു വരേണ്യർ ശ്രദ്ധിച്ചിരുന്നത്. അല്ലാതെ പകർച്ചവ്യാധിയിൽ നിന്നും മനുഷ്യരെ എങ്ങനെ രക്ഷിക്കാം എന്നതിനെക്കുറിച്ച് ചിന്തിച്ചിരുന്നതേയില്ല.

സാമൂഹിക ജീവിതവുമായി അയിത്തം എല്ലാ നിലയിലും ബന്ധപ്പെട്ടിരുന്നു. ചില മനുഷ്യർക്ക് മാത്രം പ്രവേശനം ഇല്ലാതിരുന്ന ഇടങ്ങളായിരുന്നു സമൂഹത്തിലധി

കവും. ഉദാഹരണമായി ആധുനിക കാലത്ത് നിലവിൽ വന്നിട്ടുള്ള തപാലാപ്പീസിൽ പോലും കീഴാളരായ ജാതിവിഭാഗങ്ങൾക്ക് കടന്നുചെല്ലാൻ കഴിഞ്ഞിരുന്നില്ല. സഞ്ചാര സ്വാതന്ത്ര്യം തീരെ ഇല്ലാതിരുന്ന വിഭാഗമായിരുന്നതിനാൽ ചെളിപ്പാടങ്ങളും ചുള്ളിക്കാടുകളും മലകളും കാടുകളും കയറിയിറങ്ങി, ആറുകളും തോടുകളും നീന്തിക്കടന്ന് മാത്രമേ അവർ യാത്രചെയ്തിരുന്നുള്ളൂ. വരേണ്യരെ തീണ്ടാതിരിക്കുന്നതിനായാണ് ഇത്രയും ബുദ്ധിമുട്ടി യാത്ര ചെയ്യാൻ അവർ ശ്രമിച്ചിരുന്നത്. ജാതിയിൽ ഉയർന്നവർ പുറത്ത് സഞ്ചരിക്കുമ്പോൾ പോ... പോ... എന്ന് ആട്ടിക്കൊണ്ടിരിക്കുകയും ഹോ ഹോ/ ഹോയ്... ഹോയ് എന്നും ശബ്ദം പുറപ്പെടുവിക്കുകയും ചെയ്തു. അയിത്തജാതിയിലുള്ള തിയ്യർ തീണ്ടളേ,... തീണ്ടളേ... എന്നും ഹരിജനങ്ങൾ ഏ... ഏ... എന്നും ശബ്ദമുണ്ടാക്കി മാത്രമേ യാത്ര ചെയ്തിരുന്നുള്ളൂ. ഈ ശബ്ദങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ജാതിയിൽപ്പെട്ടവരും അവനവന് വിധിക്കപ്പെട്ടിട്ടുള്ള അകലത്തിൽ മാറിനിൽക്കേണ്ടിയിരുന്നു. അയിത്തക്കാർ വരുന്നുണ്ടെന്ന് അറിയിക്കാൻ അവർണ്ണനും അയിത്തക്കാർ ദൂരെ മാറിനിർക്കണം എന്ന് അറിയാൻ സവർണ്ണനും ഇത്തരത്തിൽ ശബ്ദം പുറപ്പെടുവിച്ചിരുന്നതിനെ 'ഒച്ചാട്ട്' എന്നാണ് പറഞ്ഞിരുന്നത്.

അയിത്തനിയമങ്ങൾ പാലിക്കാതെ ജീവിക്കാൻ ആർക്കും സാധിച്ചിരുന്നില്ല. കീഴ്ജാതിക്കാരുമായി തൊട്ടുണ്ടവരെ ജാതിഭ്രഷ്ടരാക്കിയിരുന്നു. ജാത്യാചാരങ്ങളുടെ സംരക്ഷണത്തിനായി മനുഷ്യമനഃസാക്ഷിക്ക് നിരക്കാത്ത സംഭവങ്ങളായിരുന്നു അന്ന് നടന്നിരുന്നത്. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ഇത്തരം വ്യവസ്ഥിതികൾക്ക് മാറ്റമുണ്ടായിരുന്നില്ല. പൊതുനിരത്തിൽ നിന്നുപോലും ഈഴവർ സവർണ്ണർക്കു വഴിമാറി കൊടുക്കേണ്ടിയിരുന്നു. 64 അടിവരെ മാറിനിൽക്കേണ്ടിയിരുന്നു. ഈ അകലത്തിൽ കുറവ് സംഭവിച്ചാൽ അയിത്തജാതിക്കാരൻ അടികൊള്ളേണ്ടി വന്നിരുന്നു. യാദൃശ്ചികമായി സവർണ്ണന് തീണ്ടൽ പറ്റിയാലും അടിയും ഇടിയും കൊള്ളേണ്ടത് അവർണ്ണൻ തന്നെയായിരുന്നു.

വസ്ത്രം ധരിക്കുന്നതിലും അവർണ്ണർക്ക് ചില ചിട്ടകൾ പിന്തുടരേണ്ടിവന്നു. മുണ്ടുടുക്കുമ്പോൾ കാൽമുട്ട് കവിഞ്ഞ് കിടക്കാൻ പാടില്ല. ചെറിയ മുണ്ട് കൂടെ എടുക്കാമെങ്കിലും അത് തോളിൽ ഇടാൻ പറ്റുമായിരുന്നില്ല. അരയിൽ കെട്ടുകയോ, മടക്കിയോ ചുരുട്ടിയോ കക്ഷത്തിൽ വെക്കുകയോ ചെയ്യേണ്ടിയിരുന്നു. സ്ത്രീകളാണെങ്കിൽ അതൊ

രിക്കലും മാറ് മറയ്ക്കാൻ ഉപയോഗിക്കരുത്. മടിക്കുത്തിൽ വച്ചേക്കണം തുടങ്ങിയ നിബന്ധനകളാണുണ്ടായിരുന്നത്. വരേണ്യരുടെ അനുവാദം കൂടാതെ യാതൊരു പ്രവൃത്തിയിലുമവർക്ക് ഏർപ്പെടാൻ സാധിച്ചിരുന്നില്ല. അയിത്തം പാലിക്കുന്നതിനായി ഒരു പാട് കഷ്ടതകൾ അനുഭവിക്കേണ്ടിവന്നിരുന്നു.

തിരുവിതാംകൂർ സർക്കാർ 30 തീണ്ടൽ ജാതിയെ പരസ്യപ്പെടുത്തിയിട്ടുണ്ട്. ഇവർ നാട്ടുനടപ്പനുസരിച്ച് പെരുമാറണമെന്നാണ് പറയപ്പെടുന്നത്. 1. ആദി ദ്രാവിഡർ, 2. അലവൻ, 3. അരയൻ, 4. ഭരൻ, 5. ചെക്കാരവൻ, 6. ചെക്കിലിയൻ, 7. ചാവലക്കാരൻ, 8. ഈഴവൻ, 9. ഈഴവാത്തി, 10. കാക്കാലൻ, 11. കണിയാൻ, 12. കാവതി, 13. കുറവൻ, 14. മരയ്ക്കാൻ, 15. മറവൻ, 16. മുക്കുവൻ, 17. നാടാർ, 18. നുളയൻ, 19. പാലൻ, 20. പാണൻ, 21. പണിക്കൻ, 22. പറവൻ, 23. പറയൻ, 24. പുലയൻ, 25. പുള്ളുവൻ, 26. തണ്ടാൻ, 27. തണ്ടാപ്പുലയൻ, 28. വാലൻ, 29. വേലൻ, 30. വേടൻ എന്നീ ജാതിക്കാരാണവർ. ഈ ജാതിയിൽപ്പെട്ടവരെ സവർണ്ണർ കണ്ടാൽ മഹാ അശുദ്ധിയും പാപവുമായി കണക്കാക്കിയിരുന്നു.

സവർണരെ തീണ്ടിയാൽ ലഭിക്കുന്ന ശിക്ഷയെക്കുറിച്ച് ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട് ('സ്മാർത്തപ്രായശ്ചിത്തം' എന്ന കൃതിയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു).[4]

---

[4] തഥാ ശൂദ്രർക്കുമാറടി
രജകാന്തഃ മ്ലേച്ഛജാതേ
ശൂദ്രവാച്യത്വമത്ര ഹി
തീണ്ടായിരുന്നവർക്കത്രേ
വിധിച്ചു പന്തിരണ്ടടി
അഷ്ടാദശം സൂതികയ്ക്ക്
ദാഹകർക്കിരുപത്തിനാൽ
തച്ചനും മൂശാരി കൊല്ലൻ
തട്ടാനീഴവരും തഥാ
ചതുർവ്വിംശതി പാദസ്സ്യാൽ
ഇച്ചൊന്നോരു ജനത്തിന്
പറയൻ പുല്ക്കസന്മാരും
നായാടിയും വേടരും തഥാ
ഇച്ചൊന്ന പരിഷയ്ക്കെല്ലാം
നാല്പത്തെട്ടടി ദൂരന്തഃ
മറ്റു ചൊല്ലാത്തവർക്കെല്ലാം
മുപ്പത്താറടി വേണമേ" (ഭാസ്കരനുണ്ണി, 2012: 146-147)

അയിത്തം കാരണം വരേണ്യരിൽ നിന്ന് ദേഹോപദ്രവം ഏൽക്കേണ്ടി വന്നിരുന്നു എന്നാണ് ഈ വരികളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ജാതീ ശ്രേണിയിൽ അടയാളപ്പെടുത്തപ്പെട്ട ഓരോ ജാതിക്കും ജാതിനിലവാരത്തിനനുസരിച്ച് വരേണ്യരിൽ നിന്നും അടി ശിക്ഷയായി വാങ്ങേണ്ടിവന്നിരുന്നു. സവർണരുമായി ബന്ധപ്പെട്ട ഇടങ്ങളിലൊന്നും തന്നെ ഈ പറഞ്ഞ ജാതിക്കാർക്ക് പ്രവേശനമുണ്ടായിരുന്നില്ല. പ്രവേശിച്ചാൽ അവിടം അയിത്തമായതായി കണക്കാക്കുന്നു.

വരേണ്യക്ഷേത്രങ്ങളിൽ അവർക്കുമാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളൂ. ക്ഷേത്രത്തിന്റെ സമീപ പ്രദേശങ്ങളിൽ എവിടെവരെയാണ് മറ്റ് ജാതിക്കാർക്ക് പ്രവേശിക്കേണ്ടതെന്ന് വരേണ്യർ തീരുമാനിച്ചിരുന്നു. തീണ്ടൽജാതിക്കാർക്ക് ക്ഷേത്രത്തിന് വെളിയിൽ നിന്ന് മാത്രമേ ആരാധിക്കാൻ അനുവാദം ലഭിച്ചിരുന്നുള്ളൂ. ഓരോ ജാതിക്കാരും ക്ഷേത്രവുമായി എത്ര അടി അകലം പാലിക്കണമെന്നും വ്യവസ്ഥയുണ്ടായിരുന്നു. വരേണ്യർക്ക് അസ്പൃശ്യർ അയിത്തമാവുന്നതുപോലെ തന്നെ ക്ഷേത്രവിഗ്രഹത്തിനും ഇവരുടെ സാന്നിദ്ധ്യം അയിത്തമുണ്ടാക്കും എന്നവർ വിശ്വസിച്ചു. സച്ഛൂദ്രൻ മൂന്നടി, അന്യശൂദ്രകനും രജകനും പതിതരും ആറടി, രജസ്വല പന്ത്രണ്ടടി, ദാഹകൻ, ഈഴവൻ, അൻകുടി കമാളർ എന്നിവർക്ക് 24 അടി, പുലയൻ, വേടൻ, പറയൻ എന്നിവർക്ക് 48 അടി ബാക്കി തീണ്ടലുകാർക്കെല്ലാം 36 അടി എന്നിങ്ങനെയാണ് അകലം പാലിക്കേണ്ടിയിരുന്നത്. അയിത്തത്തെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന സാമൂഹിക പ്രശ്നമായി മനുഷ്യർ കണ്ടിരുന്നു. ക്ഷേത്ര സമീപമുള്ള റോഡുകളിലും പ്രധാന വഴികളിലുമെല്ലാം തീണ്ടൽപ്പലകകൾ സ്ഥാപിച്ചുകൊണ്ട് അവർണർക്ക് പ്രവേശനം നിഷേധിച്ചിരുന്നു. ബ്രിട്ടീഷ് ഭരണ സമയത്ത് ഇത്തരത്തിലുള്ള ബോർഡുകൾ നാട്ടിലുടനീളം ഉണ്ടായിരുന്നു. തീണ്ടിയാൽ അവർണരിൽ നിന്നും പിഴ ഈടാക്കിയിരുന്നു. ചില വിദ്യാലയങ്ങളിൽ അവർണർക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. അതിന് കാരണമായി പറയുന്നത് ക്ഷേത്രത്തിനടുത്താണ് സ്കൂൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്നും ഉയർന്ന ജാതിക്കാരുടെ താമസസ്ഥലത്തിനടുത്താണ് സ്കൂൾ നിലനിൽക്കുന്നതെന്നുമൊക്കെയുള്ള ന്യായങ്ങളായിരുന്നു. അയിത്തം ഒരു വിഭാഗം ജനങ്ങളുടെ സാമൂഹിക ജീവിതത്തെ പാടേ നിഷ്കാസനം ചെയ്യുന്ന രീതിയിലായിരുന്നു കേരളത്തിൽ നിലകൊണ്ടിരുന്നത്.

പുല്ലാട്ടുകാവിന്റെ പരിസരത്ത് ശുദ്ധാശുദ്ധസങ്കല്പങ്ങൾ ഉറപ്പിക്കാൻ ബ്രാഹ്മണ പ്രത്യയശാസ്ത്രം ശ്രമിക്കുന്നതിനെ ഇത്തരം വിപുലമായ ഒരു പശ്ചാത്തലത്തിൽ വേണം വായിക്കാൻ. ദേവിയുടെ ഉത്സവനടത്തിപ്പിനായി വരുന്നവർ കാവ് അശുദ്ധപ്പെടുത്തു മെന്നും അങ്ങനെ അശുദ്ധപ്പെടുത്തിയ കാവ് വീണ്ടും ശുദ്ധീകരിക്കണമെങ്കിൽ ബ്രാഹ്മ ണപൂജ വേണമെന്നും പറയുന്നതിലൂടെ അയിത്തത്തെ സാധൂകരിക്കുകയാണ് ചെയ്യു ന്നത്. അശുദ്ധമായ പരിസരത്തിൽ ആരാധിക്കപ്പെടുന്ന ദേവതയായതുകൊണ്ട് ഇവിടെ ദേവി ബ്രാഹ്മണരുടെ മൂർത്തിയല്ല. ബ്രാഹ്മണർ അവിടെ കീഴാളദേവതയ്ക്കും മുകളിലുള്ള 'ശക്തി' യായി സ്വയം സ്ഥാപിക്കപ്പെടുന്നു.

ബ്രാഹ്മണർ
↑
കീഴാളദേവത
↑
കീഴാള ജനത

എന്ന ശ്രേണി രൂപപ്പെടുത്തുന്ന അനുഷ്ഠാനക്രമമാണ് കാവിൽ നടക്കുന്നത്. ദ്രാവിഡ ആരാധനാരീതികളും ദൈവങ്ങളും ആര്യദൈവസങ്കല്പങ്ങളുമായി ഇടഞ്ഞ് നിൽക്കുന്ന വയാണെന്ന് കഞ്ചാ ഐലയ്യ പറയുന്നു. ഓരോ ചടങ്ങുകളിലൂടെയും ജാതി നിരന്തരം പുനരുൽപ്പാദിപ്പിക്കപ്പെടുകയും ജാതിബോധത്തെ ശാക്തീകരിക്കുകയും ചെയ്യുന്നു എന്ന താണ് ഫോക്‌ലോറിലെ അനുഷ്ഠാനങ്ങളുടെ ധർമ്മം.

ബ്രാഹ്മണപൂജയ്ക്ക് ശേഷം കാവിലെ മറ്റെല്ലാ ചടങ്ങുകളും ആരംഭിക്കുന്നു. തീർത്തും ജാതിയിൽ ഉറച്ചുനിന്നുകൊണ്ടാണ് കാവിലെ ഓരോ ആചാരാനുഷ്ഠാനങ്ങളും നടക്കുന്നത്. തിറയാട്ടവുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ കർമ്മങ്ങളിലും ജാതി സങ്കൽപ്പം വ്യക്തമായി തന്നെ പ്രതിഫലിക്കുന്നുണ്ട്. നമ്പൂതിരി, വണ്ണാൻ, പാണൻ, വേലൻ, നായർ, തിയ്യർ, കൊല്ലൻ, ആശാരി, ചാലിയ, മൂശാരി തുടങ്ങിയ ജാതിവിഭാഗങ്ങളെല്ലാം ഉത്സവത്തിന്റെ ഭാഗമായി കാവിൽ ജാതിയധിഷ്ഠിതമായ ആചാരനുഷ്ഠാനങ്ങൾ നിറ വേറ്റുന്നവരാണ്. ഈ വിഭാഗങ്ങൾക്കെല്ലാം കാവിന്റെ പശ്ചാത്തലത്തിൽ വ്യത്യസ്തമായ സാമൂഹികസ്ഥാനങ്ങളാണുള്ളത്. ജാതിയുടെ ക്രമികമായ വിന്യാസത്തിലൂടെ യുള്ള ഉയർന്നവർ, താഴ്ന്നവർ എന്ന നിലകളിൽ നിന്നുകൊണ്ട് തന്നെയാണ് കാവ് പരിസരങ്ങ ളിലെ സാമൂഹിക പദവി സ്ഥാനപ്പെട്ടു കിടക്കുന്നത്. ഇത്തരം വേർതിരിവുകളിൽ

ഏറ്റവും അടിത്തട്ടിൽ നിലകൊള്ളുന്ന, തീർത്തും കീഴാളരെന്ന് സമൂഹം മുദ്രകുത്തുന്ന ദളിതർക്ക് കാവിടങ്ങളിൽ സ്ഥാനമാനങ്ങളൊന്നുമില്ലതന്നെ. അവർ കാവിന് പുറത്താണ്. അയിത്തമെന്ന സങ്കല്പം അവരെ കാവിൽനിന്ന് ഒരുപാട് ദൂരെ നിർത്തിയിരുന്നു.

### 4.1.2 ഉത്സവം, കുലത്തൊഴിൽ, അനുഷ്ഠാനം

കാവിന്റെ അനുഷ്ഠാനപരിസരത്ത് ബ്രാഹ്മണപ്രത്യശാസ്ത്രത്തിന്റെ സ്ഥാപനവൽക്കരണമാണ് വാർഷിക ഉത്സവങ്ങളിലൂടെ സാധ്യമാവുന്നത്. സമൂഹം ജാതിയുടെ ശ്രേണീകൃതമായ വ്യവസ്ഥിതിക്കുള്ളിലാണ് നിലകൊള്ളുന്നത്. കുലത്തൊഴിൽ സങ്കല്പത്തിലൂടെ കാവിലെ ജാതിചിന്തയെ നിലനിർത്തിപ്പോരാനാണ് കാവൂരായ്മക്കാർ ശ്രമിക്കുന്നത്. കാവിന്റെ അനുഷ്ഠാനനിർവ്വഹണത്തിനായി ഭൗതികമായ അനവധി കാര്യങ്ങൾ നിറവേറ്റപ്പെടേണ്ടതായുണ്ട്. ഇത്തരം ആവശ്യനിർവഹണത്തിനായുള്ള ആളുകൾ സംഘടിപ്പിക്കപ്പെടുന്നത് ജാതിയുടെ അടിസ്ഥാനത്തിലൂടെയാണ്. ജാതിസങ്കല്പവും കുലത്തൊഴിലും നിർബന്ധമായും പാലിക്കപ്പെട്ടുക്കൊണ്ടിരിക്കാനാണ് കാവിലെ ഊരായ്മക്കാർക്ക് താൽപര്യം. ഇത്തരം താൽപര്യങ്ങളിലൂടെയാണ് കാവിന്റെ ഭൗതിക പരിസരം ജാതിയുടെ ദൃഢീകരണത്തിനുള്ള സ്ഥാപനമായി മാറുന്നത്.

ജാതിയെ ഒരു പ്രത്യയശാസ്ത്രരൂപമായി കാണുന്ന സമീപനങ്ങളുണ്ട് (Franco et al, 11-14). സംസ്കാരം എന്നത് പ്രത്യക്ഷമോ പരോക്ഷമോ ആയ ചില ക്രമങ്ങളാണ്. പ്രതീകങ്ങളിലൂടെ കൈമാറ്റം ചെയ്യപ്പെടുകയും സ്വാംശീകരിക്കുകയും ചെയ്യുന്ന പെരുമാറ്റരീതികളാണ് അവയെല്ലാം. ജാതി എന്ന പ്രത്യയശാസ്ത്രത്തിന് രണ്ട് മാനങ്ങളുണ്ട്. അതിലൊന്ന് വ്യക്തികളെ ജാതിസമൂഹത്തിലേക്ക് ഉൾക്കൊള്ളിക്കുന്ന അസ്തിത്വവാദപരവും എല്ലാറ്റിനേയും ഉൾക്കൊള്ളുന്നതുമായ ഒരു മാനമാണ്. രണ്ടാമത്തേത് ജീവിതത്തെയും മരണത്തേയും കുറിച്ചുള്ള ചില പ്രഹേളികകൾക്ക് ഉത്തരം നൽകലാണ്. ഈ രണ്ട് മാനങ്ങൾ ജാതിയെ പ്രത്യയശാസ്ത്രപരമായി പുനരുത്പാദിപ്പിക്കുന്നു. വ്യക്തികളെ സ്ഥാനപ്പെടുത്തുകയും പ്രസ്തുത സ്ഥാനത്തെ ചരിത്രപരമായി നിർവ്വചിക്കുകയും ചെയ്യുന്നത് ഇന്ത്യൻ സമൂഹത്തിൽ ജാതിയാണ്. സാമൂഹികമായ ശ്രേണി നിലനിൽക്കുന്ന ഒരു വ്യവസ്ഥയിൽ വ്യക്തികളുടെ ജീവിതത്തിനും പ്രവർത്തികൾക്കും സാധൂകരണം നൽകുന്നത് വർണവ്യവസ്ഥയാണ്. ശുദ്ധാശുദ്ധസങ്കല്പങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ വ്യവസ്ഥ പ്രവർത്തിച്ചിരുന്നത്. വ്യക്തികളുടെ പ്രവർത്തികൾക്ക് അർത്ഥം

നൽകുന്ന എന്നത് കൊണ്ടാണ് ജാതിയെ പ്രത്യയശാസ്ത്രപരമായി മനസിലാക്കുന്നത്. നന്മ/തിന്മ, ശരി/തെറ്റ്, പുണ്യം/പാപം എന്നീ ദ്വന്ദ്വങ്ങളുടെയെല്ലാം അടിസ്ഥാനം ഇന്ത്യൻ സമൂഹത്തിൽ ജാതിയാണ്. കുടുംബം, വിവാഹം, ആരാധനാലയങ്ങൾ, മരണവീട്, നിയമം എന്നീ സ്ഥാപനങ്ങളെല്ലാം പ്രവർത്തിക്കുന്നത് ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ്. വ്യക്തികളെ ഈ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നത് ജാതിനിയമങ്ങളാണ്. ജാതിപ്രത്യയശാസ്ത്രത്തിന്റെ അടിത്തറയായി വർത്തിച്ചത് മനുസ്മൃതിയാണ് ജാതിശ്രേണീകരണത്തെ സാധൂകരിക്കുന്ന തത്വങ്ങൾ മനുസ്മൃതിയിൽ വിശദീകരിച്ചിരിക്കുന്നു.

"1927-ൽ അംബേദ്കർ മനുസ്മൃതി കത്തിക്കുകയുണ്ടായി. ഗാന്ധിയാകട്ടെ വർണ്ണാശ്രമ സമ്പ്രദായത്തെ ഉറപ്പിച്ച ഭഗവത്ഗീത എപ്പോഴും കൈയിൽ കൊണ്ടു നടന്നു. ജാതിക്കെതിരായ മുന്നേറ്റത്തിന് വിലങ്ങുതടിയായ പ്രത്യയശാസ്ത്രമെന്ന നിലയിൽ ഭഗവത്ഗീതയെ അംബേദ്കർ ശക്തമായി വിമർശിച്ചു. ഒരു വശത്ത് പ്രശ്നത്തിന്റെ ജൈവപരമായ പ്രതിവിധികളും വ്യവസ്ഥയുടെ പാകപ്പിഴകളും പരിഹരിച്ച് മുൻകാലത്തുണ്ടെന്ന് കരുതിപ്പോന്ന സംശുദ്ധമായ സംവിധാനത്തിലേക്കുള്ള മടക്കം മറുവശത്ത് യഥാർത്ഥ വിപ്ലവകരമായ പ്രതിവിധി മുന്നോട്ടുവയ്ക്കുന്ന പ്രശ്നത്തെ മൊത്തം വ്യവസ്ഥയുടെ ലക്ഷണമായി തിരിച്ചറിയുകയും വ്യവസ്ഥയെത്തന്നെ മാറ്റിത്തീർക്കാതെ അതിന്റെ ലക്ഷണങ്ങളെ ഇല്ലാതാക്കാനാവില്ലെന്നും ഉള്ള നിലപാടുകൾ തമ്മിലുള്ള സംഘർഷം തന്നെയാണ്" (സിസെക്, 2021: 16).

### 4.1.2.1 ജാതി എന്ന പ്രത്യയശാസ്ത്രരൂപം

ഏതൊരു പ്രത്യയശാസ്ത്രത്തേയും പോലെ ജാതിപ്രത്യയശാസ്ത്രവും ഒരതിഭാഷാ വ്യവഹാരമാണ്. പ്രതീകങ്ങളിലൂടെയും സൂചകങ്ങളിലൂടെയുമാണിത് പ്രവർത്തിക്കുന്നത് (Franco et.al., 18). അതുവഴി അതീവസങ്കീർണമായ അർത്ഥവ്യവസ്ഥയാണ് ജാതിപ്രത്യയശാസ്ത്രം ഉൽപ്പാദിപ്പിക്കുന്നത്. പുല്ലാട്ട് കാവിലെ അനുഷ്ഠാനങ്ങൾ, സ്ഥലവിന്യാസം, വസ്തുക്കൾ എന്നിവയെല്ലാം പ്രതീകാത്മകമാണ്. ശുദ്ധാശുദ്ധസങ്കല്പങ്ങളുടെ രൂപീകരണവും സംസ്ഥാപനവും നടക്കുന്നത് ഇത്തരം പ്രതീകങ്ങളിലൂടെയാണ്. ഉത്സവങ്ങളും അതിലെ ക്രിയകളും ചാക്രികമായൊരു കാലബോധത്തിനകത്താണ് പ്രവർത്തിക്കുന്നത്. ഈ കാലബോധം കർമ്മസിദ്ധാന്തവുമായും പുനർജന്മസി

ദ്ധാന്തവുമായും ബന്ധപ്പെട്ടിരിക്കുന്നു. ചാക്രികമായ ഗതിയെ തെറ്റിക്കുന്നതെന്തും പാപമായും ദൈവദോഷമായും പരിഗണിക്കും.

ജാതിയുടെ ശ്രേണീവത്കരണത്തിൽ വരേണ്യതയ്ക്ക് എന്നും ശക്തമായ പങ്കുണ്ട്. ഉയർന്ന ജാതിയാവുക എന്നത് കാവിന്റെ അനുഷ്ഠാനങ്ങളിൽ ഉയർന്ന പദവിയിൽ നിലകൊള്ളാൻ സാധ്യമാവുക എന്നായിരുന്നു അർത്ഥം. അങ്ങനെ വരുമ്പോൾ കാവുടമകളേക്കാൾ വലിയ സാമൂഹികനില കാവനുഷ്ഠാനങ്ങൾക്ക് തുടക്കം കുറിക്കുന്ന ബ്രാഹ്മണനായിരുന്നു. ബാക്കിയുള്ള എല്ലാ വിഭാഗങ്ങളും ബ്രാഹ്മണരേക്കാൾ കാവനുഷ്ഠാനത്തിൽ പങ്കുകൊള്ളുന്നുണ്ടെങ്കിലും സാമൂഹികസ്ഥാനം നിർണയിക്കപ്പെട്ടുന്നത് ജാതിയുടെ ഉയർച്ചതാഴ്ച്ചാനിലവാരത്തിലൂടെയാണ്.

ജാതി ഒരു പ്രതിനിധാന വ്യവസ്ഥയാണ്. വരേണ്യജാതികളുടെ പെരുമാറ്റങ്ങളും സങ്കല്പങ്ങളും ശുദ്ധിയുടേയും ബുദ്ധിയുടേയും നന്മയുടേയും പ്രതിനിധാനമായി വിലയിരുത്തപ്പെടുന്നു. ഇതെല്ലായ്പ്പോഴും ഉന്നതജാതിക്കാരുടെ പദവി സുരക്ഷിതമായി നിലനിർത്തുന്നു (Franco, et. al., 18). കാവിന്റെ ഭൗതികപരിസരങ്ങളുമായി മനുഷ്യർ ഇടപെടുമ്പോൾ അവർ ജാതിശരീരങ്ങളെന്ന നിലയിൽ വിലയിരുത്തപ്പെടുന്നു. ഓരോ ജനവിഭാഗങ്ങളും എങ്ങനെ തങ്ങളുടെ കുലത്തൊഴിലും ജാതിയുമായി കാവനുഷ്ഠാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നുവെന്ന് വിശദമായി ചിന്തിക്കേണ്ടതുണ്ട്.

തിറയാട്ടവുമായി ബന്ധപ്പെട്ട് കാവിൽ എത്തിച്ചേരുന്ന മനുഷ്യരെ ജാതിവേർതിരിവിന്റെ അടിസ്ഥാനത്തിൽ കാവ് പാരമ്പര്യം വർഗീകരിക്കാൻ ശ്രമിക്കുന്നു. ദേവീദേവന്മാരുടെ കോലം കെട്ടി നൃത്തമാടുന്ന ജാതിവിഭാഗങ്ങൾ വേലൻ, പാണൻ, പെരുമണ്ണാൻ തുടങ്ങിയവരാണ്. മനുഷ്യരിലൂടെ ദൈവരൂപങ്ങൾ സൃഷ്ടിച്ചെടുക്കുന്നതിവരാണ്. ഓരോ വേഷങ്ങൾക്കും അനുയോജ്യമായ രീതിയിലുള്ള മുഖത്തെഴുത്തും ആടയാഭരണങ്ങളും നൃത്തച്ചുവടുകളുമെല്ലാം ഇവർ ഏറ്റവും ഭംഗിയായി ചെയ്തുപോരുന്നു. ദേവീദേവന്മാരുടെ പ്രീതിക്കായി അവരെ പ്രകീർത്തിച്ചുകൊണ്ടുള്ള തോറ്റം പാട്ടുകൾ ഉണ്ടാക്കുകയും ചിട്ടപ്പെടുത്തുകയും ചെയ്യുന്നത് ഇവർ തന്നെയാണ്.

'നായന്മാർ' എന്ന ജാതിവിഭാഗം പൊതുവെ ഊരായ്മക്കാരായാണ് കാവുമായി ചേർന്നുനിൽക്കുന്നത്. തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ ഓരോ ജാതിവിഭാഗങ്ങളും കൃത്യമായി ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ച് വിലയിരുത്തലാണ് ഇവർ മുഖ്യമായും ചെയ്യുന്നത്. കാവാചാരങ്ങളിൽ കൃത്യതയില്ലായ്മ അനുഭവപ്പെടുമ്പോഴെല്ലാം ഇവരത് ചൂണ്ടിക്കാണിക്കാൻ മുന്നോട്ട് വരാറുണ്ട്. "തോറ്റം അഞ്ചടിം ഈ വകകളൊക്കെ വേണ്ടോണംണ്ടാവും ഒക്കെ ചെയ്യോൾണം. എല്ലാ കാര്യങ്ങളും അത് ഓലെന്നെ അറിവുള്ള ആള്കള്ണ്ടാവും. ഓലത് കേട്ട് തഴമ്പിച്ച ആള്കള്ണ്ടാവും. അതോണ്ടെല്ലെ നല്ല ഓർമ്മ ശക്തിള്ള ആള്കളൊക്കെ ഉണ്ടാവും. ഒരു വരി തെറ്റിപ്പോയാൽ അവര് പറയും. എന്താടോ കേളുകുട്ട്യേയുങ്ങനെ ചെല്ല്യേന്ന് ചോദിക്കും" (അനു.: 1-13). തോറ്റം പാട്ടിൽ വന്ന് ചേർന്നുപോയ തെറ്റ് ചൂണ്ടിക്കാണിക്കുന്നതിന്റെ തെളിവാണ് ഈ സംഭാഷണവും ചിത്രങ്ങളും. ഇത് കേവലം ഒരുദാഹരണം മാത്രമാണ്. ഇതേ രീതിയിൽ എല്ലാ വിഭാഗങ്ങളെയും സൂക്ഷ്മമായി നിരീക്ഷിച്ച് ഭംഗിയായി കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുവാൻ സദാസമയവും നായർവിഭാഗം ഉത്സാഹിക്കുന്നു, മറ്റ് ജാതിസമൂഹങ്ങളെല്ലാം ഒന്നടങ്കം പ്രർത്തിക്കുന്നത് ഊരാളർക്ക് വേണ്ടിയാണ്. പ്രധാനമായും ജാതിസങ്കല്പം ഉറപ്പിച്ച് നിർത്താൻ ശ്രമിക്കുന്നതും ഊരാളർ തന്നെയാണ്.

തിയ്യർ കാവുമായി ബന്ധപ്പെടുന്നത് അവരുടെ തൊഴിലിന്റെ അടിസ്ഥാനത്തിലാണ്. തെങ്ങുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ ജോലികളും നിറവേറ്റപ്പെടുന്നത് തിയ്യരിലൂടെയാണ്. തെങ്ങുകയറ്റം, കള്ള്ചെത്ത്, മദ്യ ഉൽപാദനം തുടങ്ങിയ പണികളെല്ലാം ഇവർ പരമ്പരാഗതമായി ചെയ്തുപോന്നിരുന്നു.

തിയ്യരെ സംബന്ധിച്ച് ഇതിൽ കടമ, അവകാശം, തറേലെ തിയ്യൻ തുടങ്ങിയ വാക്കുകളിലൂടെ ജാതി സ്ഥാപിക്കപ്പെടുകയാണ്. ഇതേ രീതിയിൽതന്നെ ഊരായ്മക്കാരായ കാവധികാരിയുടെ സേവകരായി സമീപ പ്രദേശത്ത് താമസിക്കുന്ന ഓരോ ജാതി വിഭാഗവും മാറുകയാണ്. അവകാശമാണെന്ന് പറഞ്ഞ് ധരിപ്പിച്ചുകൊണ്ട് അവരെ കൊണ്ട് അടിമവേല ചെയ്യിക്കുകയാണ്. ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റപ്പെടാൻ ആ തൊഴിൽ അറിയാവുന്ന മനുഷ്യരെ ആയിരുന്നില്ല കാവധികാരികൾ സമീപിച്ചിരുന്നത്. ജാതിനിഷ്ഠ പാലിക്കുന്ന കുലത്തൊഴിൽ ആചരിക്കുന്ന ഒരു വിഭാഗം ആളുകൾക്ക് മാത്രമേ കാവനുഷ്ഠാനത്തിൽ പങ്കു ചേരാൻ സാധിച്ചിരുന്നുള്ളൂ. അവകാശം

കൊട്ടുത്തിരുന്നതും ദേശക്കാരൻ സ്ഥാനം കൊടുത്തിരുന്നതും ഈ വിഭാഗങ്ങൾക്ക് മാത്രമായിരുന്നു. ഒരു തരത്തിൽ സമൂഹത്തിൽ ജാതി കൂടുതൽ ശക്തമായി സ്ഥാപിക്ക പ്പെട്ടിരുന്നത് ഇത്തരം അനുഷ്ഠാന നിർവഹണത്തിലൂടെയാണ്.

അവകാശങ്ങളും സ്ഥാനങ്ങളും കൊടുത്തിരുന്നെങ്കിലും തിയ്യവിഭാഗത്തിന് കാവിന്റെ മുറ്റത്തേക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. കാവിന്റെ പുറത്ത് നിന്ന് മാത്രമേ ഇവർക്ക് പ്രാർത്ഥിക്കാൻ സൗകര്യമുണ്ടായിരുന്നുള്ളൂ. കാവിലേക്കുള്ള നേർച്ചദ്രവ്യങ്ങ ളെല്ലാം ഊരായ്മക്കാർ സ്വീകരിച്ചിരുന്നത് കാവിന്റെ പുറത്ത് നിന്നായിരുന്നു. ഓരോ ജാതിവിഭാഗങ്ങൾക്കും കാവിന്റെ പുറത്ത് വ്യത്യസ്ത ഇടങ്ങൾ ഉണ്ടായിരുന്നു. ഈ ഇടങ്ങളിൽ നിന്ന് കാവിലേക്ക് കൊണ്ടുവരുന്ന ദ്രവ്യങ്ങൾ കാവധികാരികൾ സ്വീക രിച്ചു പോന്നു. എന്നാൽ ആ ദ്രവ്യം നൽകിയ വ്യക്തിയെ മാത്രം ഊരായ്മകൾ ജാതിയുടെ പേരും നിലവാരവും നോക്കി മാറ്റിനിർത്തുകയാണുണ്ടായത്. മനുഷ്യർക്ക് അയിത്തം കൽപ്പിക്കുകയും അവരുടെ കയ്യിലുള്ള വിഭവങ്ങൾക്ക് അയിത്തം കൽപ്പിക്കാതിരിക്കു കയും ചെയ്യുന്ന വൈരുദ്ധ്യം അനുഷ്ഠാനങ്ങളിൽ കാണാം. നിലവാരത്തിൽ താഴ്ന്നവരായി കണക്കാക്കപ്പെട്ട ജാതിവിഭാഗങ്ങളെയെല്ലാം കാവാരാധനയിൽ നിന്നും മാറ്റിനിർ ത്താൻ ഊരായ്മക്കാർ ശ്രമിച്ചുകൊണ്ടിരിക്കുമ്പോഴും കാവിന്റെ നടത്തിപ്പിന് അവരെ നിരന്തരം ആശ്രയിക്കുകയും അവരുടെ അധ്വാനം ചൂഷണം ചെയ്യുകയും ചെയ്തു. ഇത് തങ്ങളുടെ അവകാശമാണെന്ന മട്ടിൽ ആ അടിമത്തത്തെ ആദർശവത്കരിക്കാൻ ആ ജനതയെത്തന്നെ പ്രാപ്തമാക്കുകയും ചെയ്തു. കാവിലെ അനുഷ്ഠാനജീവിതം പ്രത്യശാസ്ത്ര പരമായിത്തീരുന്നതിങ്ങനെയാണ്.

കാവുമായി ബന്ധപ്പെട്ട കർമ്മങ്ങൾ ചെയ്തുവരുന്ന ജാതിവിഭാഗങ്ങളിൽ പ്രബ ലരാണ് ആശാരിമാർ. കനലാട്ടം എന്ന ചടങ്ങുമായി ബന്ധപ്പെട്ടാണ് ആശാരിമാർ കാവുത്സവത്തിന്റെ ഭാഗമായി മാറുന്നത്. ഓരോ കാവിലും ഉത്സവത്തിന്റെ ഭാഗമായി നടക്കുന്ന ചടങ്ങാണ് കനലാട്ടം. പ്ലാവിന്റെ കാതൽ മാത്രമാണ് തിറയാട്ടത്തിന് സാധാ രണയായി ഉപയോഗിക്കുന്ന മരം. ചില കാവുകളിൽ ചിരട്ടയും ഉപയോഗിക്കാറുണ്ട്. ഗോപുരം പോലെ അടുക്കിവെച്ചിരിക്കുന്ന വിറക് ഉത്സവത്തിന്റെ ഭാഗമായി കത്തിക്കു കയും വെളിച്ചപ്പാടും കെട്ടിയാട്ടക്കാരും ചവിട്ടിത്തെറിപ്പിക്കുകയും ചെയ്യുന്നതാണ് കന ലാട്ടം. അധികകാവുകളിലും വളരെ ഉയരത്തിലാണ് വിറക് കൂട്ടിവെക്കുന്നത്. ഒരുപാട്

സമയം കനലാട്ടത്തിലേർപ്പെട്ടാൽ മാത്രമേ കനൽ തീരുകയുള്ളൂ. ഈ ചടങ്ങിൽ അഗ്നിയ്ക്കാണ് പ്രധാനസ്ഥാനം. അതുകൊണ്ട് തന്നെ ഏറെ സൂക്ഷിക്കേണ്ട ഒരു ചടങ്ങുകൂടിയാണിത്. കനലാട്ടത്തിന്റെ മുന്നോടിയായി കാവിന്റെ മുറ്റത്ത് കൂട്ടിവെച്ചിരിക്കുന്ന വിറക് പൂജിക്കുക എന്നതാണ് ആശാരി ചെയ്യേണ്ട കർമ്മം. ഏറെ ഭക്തിയോടും വ്രതനിഷ്ഠയോടുംകൂടി കനലാട്ടത്തിന് ആവശ്യമായ വിറക് ഇവർ പൂജിക്കുന്നു. പരമ്പരാഗതമായി മരപ്പണിയിൽ ഏർപ്പെട്ടിരുന്നവരായതിനാൽ തൊഴിലുമായി ബന്ധപ്പെട്ട മേഖല തന്നെയാണ് ഇവർക്ക് അവകാശമായി കൽപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ പ്രവൃത്തി ചെയ്യുന്നതിനായി ഒരിക്കലും മറ്റൊരു ജാതിയിലെ വ്യക്തിയെ തെരഞ്ഞെടുക്കുന്നില്ല. ആചാരനുഷ്ഠാനത്തിലൂടെ അയിത്തവും ജാതിയും പൂർവ്വാധികം ശക്തിയോടെ സ്ഥാപിക്കാൻ തന്നെയാണ് ജാതിവ്യവസ്ഥ ശ്രമിക്കുന്നത്.

തിറയാട്ടത്തിൽ ഒഴിച്ചുകൂടാനാവാത്ത വിഭാഗമാണ് മൂശാരിമാർ. ഓട്ടുപാത്രവുമായി ബന്ധപ്പെട്ട എല്ലാ ജോലികളും ചെയ്യുന്നതിൽ നല്ല കഴിവുള്ള വിഭാഗമാണിവർ. ഓട്ടുപയോഗിച്ച് വിഗ്രഹങ്ങളും ശില്പങ്ങളും എല്ലാം ഇവർ ഉണ്ടാക്കും. കാവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഓട്ടുപാത്രങ്ങളെല്ലാം തുടച്ചുവൃത്തിയാക്കി നിറം കൂട്ടി തിളക്കം ഉള്ളവയാക്കികൊണ്ടുവരികയും പുതിയവ ഉണ്ടാക്കുകയും ചെയ്യുന്നത് മൂശാരിമാരാണ്. ഇത്തരത്തിൽ ഓരോ ജാതിയിൽപ്പെട്ട ആളുകളും വ്യത്യസ്തങ്ങളായ സ്ഥാനം വഹിച്ചിരുന്നു.

'തിറയാട്ടം' കാവുകളിൽ നടത്തിവരുന്ന ഒരു പ്രബലവിഭാഗമാണ് പെരുവണ്ണാന്മാർ. പുല്ലാട്ടുകാവുമായി ബന്ധപ്പെട്ട് അവർക്ക് ഒരുപാട് അനുഭവങ്ങൾ പങ്കുവെക്കാനുണ്ട്. അതിലേറെയും ജാതീയമായ അധിക്ഷേപങ്ങളെക്കുറിച്ചുള്ളവയുമാണ്.

കാവിൽ അനുഷ്ഠാനസംബന്ധമായി ചേർന്നുനിൽക്കുന്ന മറ്റൊരു ജാതിവിഭാഗം കൊല്ലന്മാരാണ്. ഇവരും ജാതിവ്യവസ്ഥയിൽ അസ്പൃശ്യരത്രേ. ഇരുമ്പുകൊണ്ടുള്ള വ്യത്യസ്ത സാധനങ്ങളുടെ നിർമ്മാണമാണ് ഇവരുടെ തൊഴിൽമേഖല. ഇരുമ്പിനെക്കുറിച്ച് വ്യക്തമായ അറിവുള്ളവരാണിവർ. എത്രതരം ഇരുമ്പുകളാണുള്ളതെന്നും അവ ഓരോന്നിന്റേയും ഉപയോഗക്രമം എന്താണെന്നും ഓരോന്നും മറ്റുള്ളതിൽനിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നുമെല്ലാമുള്ള അറിവ് ഇവർക്കുണ്ടായിരുന്നു.

കാവുമായി കൊല്ലന്മാർ ബന്ധപ്പെട്ടുനിൽക്കുന്നത് അവരുടെ ജോലിയുടെ ഭാഗമായി ത്തന്നെയാണ്. കാവിലെ ദേവിയുടെ ആയുധമായി കരുതുന്ന വാൾ പുതുക്കിക്കൊടുക്കു ന്നതും മറ്റ് ഇരുമ്പ് സംബന്ധമായ തൊഴിലുകൾ ചെയ്യുന്നതും ഇവരാണ്.

തങ്ങളുടെ കഴിഞ്ഞകാലാനുഭവങ്ങൾ പങ്കുവെക്കുകയാണ് ഈ മനുഷ്യർ. മാറ്റി നിർത്തപ്പെട്ട ഒരു വിഭാഗത്തിന്റെ ചരിത്രം അടയാളപ്പെടുത്തണമെങ്കിൽ പ്രസ്തുതവിഭാഗ ത്തിന്റെ ഓർമ്മകൾ ശേഖരിക്കേണ്ടതുണ്ട്. ഈ ഓർമ്മകൾ അവരുടെ ജീവചരിത്രത്തിൽനിന്ന് വേർപെടുത്തിയെടുക്കാനാവില്ല.

'കലശം' കൊണ്ടുവരുക എന്നത് കാവുത്സവത്തിലെ ഒരു പ്രധാന ചടങ്ങാണ്. ഈ കർമ്മത്തിനായി നിയോഗിക്കപ്പെട്ട ജാതി വിഭാഗം തിയ്യരാണ്. നമ്പൂതിരിമാർ കാവിൽ ഉത്തമത്തിലുള്ള പൂജാവിധികൾ ചെയ്ത് പെരുവണ്ണാൻ കാവ് തീണ്ടുന്നതിന് മുൻപു തന്നെ കാവിൽ നിന്നും പുറത്തുകടക്കുന്നു. ശേഷം കാവിൽ നടക്കുന്ന പൂജാദി കാര്യങ്ങളും അനുഷ്ഠാനങ്ങളും എല്ലാം തികച്ചും ദ്രാവിഡസംസ്കാരത്തെ പിൻപറ്റികൊണ്ടു ള്ളതായിരുന്നു. കോഴി അറവ്, ഗുരുതി പൂജ, മദ്യം നിവേദിക്കുക തുടങ്ങിയ കർമ്മങ്ങ ളൊന്നും ബ്രാഹ്മണ സമ്പ്രദായത്തിലുള്ളവയല്ല. നിവേദിക്കാനുള്ള മദ്യം കാവിലേക്ക് ആഘോഷപൂർവ്വം ഭഗവതിയുടെ താലപ്പൊലിയോടൊപ്പം കൊണ്ടുവരുന്നു. 'കലശം കൊണ്ടുവരിക' എന്നതുകൊണ്ടുദ്ദേശിക്കുന്നതിതാണ്. ഈ ചടങ്ങ് ദേശത്തുള്ള അവകാ ശികളായ തിയ്യരാണ് ചെയ്യേണ്ടത്. അങ്ങനെ കാവനുഷ്ഠാനത്തിന്റെ ഭാഗമായി നേരിട്ട് പങ്കുണ്ടായിട്ടും അയിത്ത സങ്കല്പത്താൽ മാറ്റി നിർത്തപ്പെടേണ്ട അവസ്ഥ സൃഷ്ടിക്കാൻ ജാതിപ്രത്യയശാസ്ത്രത്തിന് കഴിയുന്നു. തികച്ചും വസ്തുതയ്ക്ക് നിരക്കാത്ത രീതിയിലുള്ള നിയമങ്ങളും ചിട്ടകളുമായിരുന്നു കാവിന്റെ ജാതി നിർമ്മാണത്തിലവർ തുടർന്നിരുന്നത്. ഇതിനെതിരായി ആരാധനാസമൂഹത്തിന്റെ തന്നെ ഭാഗമായിരുന്ന താഴ്ന്നപ്പെട്ട ജാതി യിൽപ്പെട്ടവർ ശബ്ദമുയർത്തുകയും പ്രക്ഷോഭ ങ്ങളിലേർപ്പെടുകയും ചെയ്തു. അയിത്തോ ച്ചാടനക്കമ്മറ്റിയുടെ പ്രവർത്തനങ്ങളുടേയും കേരളനവോത്ഥാനപ്രവർത്തനങ്ങളുടേയും ഭാഗമായിട്ടാണ് പിന്നീട് എല്ലാ ജാതിവിഭാഗങ്ങൾക്കും പുല്ലാട്ടുകാവിൽ പ്രവേശനാനു മതി ലഭിച്ചത്.

കാവ് തീണ്ടിയതിന് ശേഷം ദളിതർ കാവിൽ തൊഴാനോ മറ്റ് കാര്യങ്ങൾക്കോ പോവാറില്ലെന്നവർ അവകാശപ്പെടുന്നു. കാവുതീണ്ടുക എന്നത് അന്നത്തെ ഒരാവശ്യമായിരുന്നു എന്നവർ പറയുന്നു. കാവുതീണ്ടിയതിനെ കീഴാളർ ഒരു അടയാളപ്പെടുത്തലായും വ്യക്തിത്വത്തിന്റേയും അംഗീകാരത്തിന്റേയും ആവശ്യമായുമാണ് കണ്ടത്. ഞങ്ങൾ കയറിയാൽ ഒന്നും സംഭവിക്കില്ലെന്നവർക്ക് കാണിച്ചുകൊടുക്കേണ്ടിയിരുന്നു. അടിമകളായി മാത്രം നിലിന്നുകൊണ്ട് കാവനുഷ്ഠാന ങ്ങളുടെ ഭാഗമാവാൻ ഞങ്ങളെക്കൊണ്ടാവില്ലെന്നവർ തെളിയിച്ചു. വരേണ്യരുടെ മുന്നിൽ അനുസരണയോടെ മാത്രം തൊഴുതുനിന്ന് കാര്യങ്ങളെല്ലാം നിർവഹിച്ചുകൊടുക്കാൻ ഞങ്ങൾ ഇനി സന്നദ്ധരെല്ലെന്ന സാധാരണക്കാരായ നാട്ടുകാരുടെ നിശ്ചയദാർഢ്യമായിരുന്നു കാവ് തീണ്ടലിലൂടെ[5] സാധ്യമായത്.

---

5 1927 മാർച്ച് 20ന് മഹാരാഷ്ട്രയിലെ മെഹദിൽ അംബേദ്കറുടെ നേതൃത്വത്തിൽ നടന്ന ദളിത് സമ്മേളനവും അയിത്തോച്ചാടന പ്രയത്നവും ഏറെ ശ്രദ്ധേയമാണ്. മെഹദിനടുത്തുള്ള 'ചവതാർ' കുളത്തിൽനിന്ന് വെള്ളമെടുക്കാനായി അംബേദ്കറും സംഘവും തീരുമാനിച്ചു. ജാതിഹിന്ദുക്കൾ ചവതാർ കുളത്തിൽനിന്ന് അസ്പൃശ്യരെന്ന് മുദ്രകുത്തപ്പെട്ട വിഭാഗങ്ങൾ വെള്ളമെടുക്കുന്നതിൽനിന്ന് വിലക്കിയിരുന്നു. സമ്മേളനത്തിനു ശേഷം അംബേദ്കറിന്റെ നേതൃത്വത്തിൽ ആയിരക്കണക്കിന് വരുന്ന ദളിത് ബഹുജനങ്ങൾ ചവതാർ കുളത്തിലിറങ്ങി വെള്ളമെടുക്കുകയും ജാത്യാചാരം ലംഘിക്കുകയും ചെയ്തു. ആ സമ്മേളനവും അയിത്തോച്ചാടനയത്നവും ഇന്ത്യൻ ജാതിവ്യവസ്ഥയ്ക്ക് നേരെ നടന്ന പ്രധാനപ്പെട്ട സമരങ്ങളിലൊന്നായിരുന്നു. ഈ സമരത്തിൽ വേളയിൽ അംബേദ്കർ ദളിത് സ്ത്രീകളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയുണ്ടായി. പഴയ തരത്തിലുള്ള ആചാരങ്ങളെല്ലാം ഉപേക്ഷിക്കാൻ അദ്ദേഹം സ്ത്രീകളോട് ആവശ്യപ്പെട്ടു. അതേ തുടർന്ന് ദളിത്-സ്ത്രീകൾ ജാതിഹിന്ദുക്കളിലെ സ്ത്രീകളെപ്പോലെ വസ്ത്രം ധരിക്കാൻ ആരംഭിച്ചു. അംബേദ്കറും അനുയായികളും നടത്തിയ സമരം ജാതി ഹിന്ദുക്കളെ പ്രകോപിപ്പിച്ചു. ഗോമൂത്രവും ചാണകവുമുപയോഗിച്ച് ബ്രാഹ്മണർ മന്ത്രം ചൊല്ലി അവർ കുളത്തിന്റെ അശുദ്ധി നീക്കി. ഇതേ തുടർന്ന് മെഹദിൽ വെച്ചുതന്നെ ഡിസംബർ 26, 27 തിയ്യതികളിൽ ഒരു സമ്മേളനം കൂടി വിളിച്ചുചേർക്കാൻ അംബേദ്കർ നിശ്ചയിച്ചു. എന്നാൽ ഇത് മുൻകൂട്ടി മനസ്സിലാക്കിയ ജാതിഹിന്ദുക്കൾ പോലീസിന്റെ സഹായത്തോടെ സമ്മേളനം തടഞ്ഞു. ഇതിൽ പ്രതിഷേധിച്ച് ഡിസംബർ 25ന് അംബേദ്കർ 'മനുസ്മൃതി' കത്തിച്ചു. 1940 മാർച്ച് 19ന് മെഹദ് സത്യാഗ്രഹത്തിന്റെ 14-ാം വാർഷികത്തിൽ അംബേദ്കർ വീണ്ടും ഒരു പൊതുസമ്മേളനം വിളിച്ചുചേർക്കുകയും മെഹദ് സത്യാഗ്രഹം ഇന്ത്യയിലെ ദളിത് വംശജരുടെ ശാക്തീകരണദിനമായി അടയാളപ്പെടുത്തുകയും ചെയ്തു.

അംബേദ്കറുടെ നേതൃത്വത്തിൽ മെഹദിൽ നടന്ന കുളംതീണ്ടൽ ഇന്ത്യയിലെ ദളിതരുടെ സംഘബോധത്തിൽ ആഴത്തിൽ മുദ്രണം ചെയ്യപ്പെട്ടു. തങ്ങളുടെ പൗരാവകാശത്തിനുവേണ്ടി ദളിത്ജനത സംഘം ചേർന്ന് മുന്നോട്ടുവരുന്നത് പൊതുമണ്ഡലത്തിൽ തങ്ങളുടെ സാന്നിദ്ധ്യം അതിശക്തമായി ആവിഷ്ക്കരിക്കുന്ന ഒന്നാണ്. ഈ സംഭവത്തിന് രണ്ടുപതിറ്റാണ്ട് മുൻപ് മഹാത്മാ അയ്യങ്കാളിയുടെ നേതൃത്വത്തിൽ പുലയക്കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഐതിഹാസികമായ സമരം നടന്നെങ്കിലും അത് വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയി. യഥാർത്ഥത്തിൽ ഇന്ത്യയിൽ നടന്ന മഹത്തായ പൗരാവകാശസമരങ്ങളാണ് ഇവയെല്ലാം. അംബേദ്കർ ഈ സമരത്തെ 1789 ജനുവരി 24ന് നടന്ന ഫ്രഞ്ച് വിപ്ലവുമായാണ് താരതമ്യപ്പെടുത്തിയിട്ടുള്ളത്.

ജാതിവ്യവസ്ഥ ദളിതരെ സമൂഹത്തിന്റെ ഏറ്റവും താഴ്ന്നനിലയിൽ നിർത്തി. കാവാരാധനയുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളിൽ അവർക്ക് ഒരു വിധത്തിലുള്ള സ്ഥാനങ്ങളും നൽകിയിരുന്നില്ല. അവർക്ക് അവരുടേതായ ദൈവസങ്കല്പങ്ങളും ആരാധനാമൂർത്തികളുമാണ് ഉണ്ടായിരുന്നത്. പുല്ലാട്ടുകാവിലെ പ്രവേശനാനുമതിക്കായി വിപ്ലവകരമായ തീരുമാനങ്ങൾ എടുക്കാനും പ്രവർത്തിക്കാനും തയ്യാറായത് ദളിതരാണ്.

കാവുമായി ബന്ധപ്പെട്ടുള്ള ദളിതനുഭവങ്ങളുടെ നേർചരിത്രമാണ് കാവാരാധനയിലൂടെ സ്പഷ്ടമാകുന്നത്. ഭീകരമായ ജാതി വേർതിരിവുകളിലൂടെ കടന്നുപോവേണ്ടിവന്നതിന്റെ തെളിവുകളാണവ. അടിമകളെപോലെ പണിയെടുത്ത് പട്ടിണികിടന്ന് തള്ളിനീക്കിയ ജീവിതത്തെക്കുറിച്ചാണ് അവർക്കധികവും സംസാരിക്കാനുള്ളത്.

വിവേചനത്തിന്റെ അനുഭവങ്ങളവർ പങ്കുവെക്കുന്നുണ്ട്. വിപ്ലവാത്മകമായി അവർ കാവ് തീണ്ടി. അതിനുശേഷമാണ് കാവിൽ എല്ലാ ജാതിയുള്ളവർക്കും പ്രവേശനം ലഭിച്ചത്. വരേണ്യർ തങ്ങളുടെ സമ്പത്തിന്റെയും അധികാരത്തിന്റെയും ബലത്താൽ മറ്റുള്ള ജനങ്ങളെയൊന്നും മനുഷ്യരായിപ്പോലും പരിഗണിച്ചിരുന്നില്ല. മണ്ണിൽ കുഴികുഴിച്ചിട്ട് കുമ്പിള് കുത്തി കഞ്ഞികൊടുത്തും പാടത്ത് എല്ലുമുറിയെ പണിയെടുപ്പിച്ചും അവർ ദളിതരായ ജനവിഭാഗങ്ങളെ ശരിക്കും ചൂഷണം ചെയ്യുകയായിരുന്നു. കാവുതീണ്ടുന്നതിനെക്കുറിച്ചുള്ള ആലോചനായോഗത്തിൽ മറ്റ് ജാതിക്കാർ ഉണ്ടായിരുന്നെങ്കിലും കാവുതീണ്ടുന്ന സമയത്ത് അവരൊന്നും പങ്കെടുത്തില്ലെന്ന് ശ്രീധരൻ പറയുന്നുണ്ട്. അതിന്റെ കാരണവും അവർക്കുതന്നെ വ്യക്തമാണ്. ജീവിക്കണമെങ്കിൽ ജാതിയിൽ ഉയർന്നവരായ ജന്മിമാർ കനിയണം. ഈ പ്രക്ഷോഭത്തിന്റെ പേരിൽ തന്റെ പറമ്പിൽ പണിക്ക് വരേണ്ടെന്നോ, കുടികിടപ്പ് ഒഴിയണം എന്നോ പറഞ്ഞാൽ ജാത്യടിമകൾ എന്തുചെയ്യും. എല്ലാറ്റിന്റെയും പരമാധികാരികൾ ജന്മിമാരായിരുന്നതിനാൽ അവരെ ധിക്കരിച്ച് ജീവിക്കാൻ സാധ്യമല്ലാത്തതുകൊണ്ട് മാത്രം എല്ലാം സഹിച്ചുകൊണ്ട് ജീവിക്കാൻ ഈ അടിമജാതിക്കാർ നിർബന്ധിതരായി.

ആചാരാനുഷ്ഠാനങ്ങളിലൂടെ ജാതിസങ്കല്പം സ്ഥാപിച്ചെടുക്കുകയും അതിനെ പിന്തുടരുകയും ചെയ്യാൻ വരേണ്യരായ കാവൂരായ്മക്കാരും ജന്മിമാരും ശ്രമിച്ചപ്പോൾ

അത്തരം ആചാരാനുഷ്ഠാനങ്ങൾക്കെതിരെ നിന്ന് പ്രവർത്തിക്കാനായിരുന്ന കീഴാളരായ ഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങൾ തയ്യാറായത്. അവർ അതിനായി പ്രവർത്തിക്കുകയും ലക്ഷ്യത്തിലെത്തിച്ചേരുകയും ചെയ്തതിന്റെ ഫലമായാണ് കാവ് സങ്കല്പങ്ങളിലെ ജാതിവേർതിരിവിൽ കുറേയൊക്കെ ഇളക്കം സംഭവിച്ചത്. എന്നാൽ ജാതിപ്രത്യയശാസ്ത്രത്തെ തിരുത്തിക്കുറിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ലെന്നാണ് അന്വേഷണത്തിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്.

കാവനുഷ്ഠാനങ്ങളിൽ ശുദ്ധാശുദ്ധ സങ്കൽപ്പം പ്രവർത്തിച്ചത് ആഴമേറിയ ഘടനയിലാണ്. ജാതിവ്യവസ്ഥക്ക് അവബോധത്തിന്റെയും പ്രയോഗത്തിന്റേതുമായ തലങ്ങളുണ്ടായിരുന്നു. അവബോധം എല്ലാത്തിനേയും നിയന്ത്രിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്ന കേന്ദ്രവും പ്രയോഗം സാന്ദർഭികവും താൽക്കാലികവുമാണ്. ഭാഷയിലെ 'ലാങ്'' 'പരോൾ'[6] സങ്കൽപ്പത്തിന് സദൃശമാണിത്. ജാതിപ്രത്യയശാസ്ത്രത്തെ അതത് സന്ദർഭത്തിന് അനുയോജ്യമായ വിധം appropriate (പിടിച്ചുപറ്റുക) ചെയ്തുകൊണ്ടാണ് ജാതിവ്യവസ്ഥ അതിന്റെ നിയതസന്ദർഭങ്ങൾ സൃഷ്ടിക്കുന്നത്. ജാതിവ്യവസ്ഥയെ ഒരു സൈനികവ്യവസ്ഥയായല്ല, ഒരു പ്രത്യയശാസ്ത്ര വ്യവസ്ഥയായാണ് വിഭാവനം ചെയ്തത്. അതിനാൽ ജാത്യാടിമകളെത്തന്നെ അടിമത്തത്തെ സാധൂകരിക്കുന്നവരാക്കിത്തീർക്കാൻ കഴിയുന്ന സങ്കൽപ്പനങ്ങൾ രൂപപ്പെടുത്തിയെടുക്കുകയാണ് വർണ്ണാശ്രമവ്യവസ്ഥ ചെയ്തത്. ആഖ്യാനങ്ങളും അനുഷ്ഠാനങ്ങളുമെല്ലാം ഈ ദൗത്യമാണ് നിറവേറ്റിയത്.

### 4.1.2.2 അനുഷ്ഠാനങ്ങളുടെ തമസ്കരിക്കപ്പെട്ട ചരിത്രം

അംഗീകൃത ചരിത്രത്തിന്റെ വ്യവസ്ഥകൾക്കെതിരായാണ് വർത്തമാനകാലം ചില ചരിത്രങ്ങൾ നിർമ്മിച്ചെടുക്കുന്നത്. ചരിത്രരചനയെക്കുറിച്ചുള്ള ധാരണയിൽ വന്നിട്ടുള്ള മാറ്റമാണിതിനു കാരണം. ദളിതരുടെ ചരിത്രമില്ലായ്മ പ്രശ്നവത്ക്കരിക്കുന്നത് സമൂഹം അവർക്ക് ഒരു തരത്തിലുള്ള മൂല്യവും കല്പിച്ചിരുന്നില്ല എന്നുതന്നെയാണ്. ദളിതർ അനുഭവിച്ചുപോന്നിരുന്ന തിക്താനുഭവങ്ങൾ എവിടെയും രേഖപ്പെടുത്തപ്പെട്ടില്ല.

---

6 ഭാഷ ഒരു ഘടനയാണെന്ന് ഘടനാവാദികൾ അഭിപ്രായപ്പെടുന്നു. ഭാഷയുടെ പരോക്ഷ ഘടനയാണ് ലാങ്. അത് പ്രയോഗത്തെ നിർണ്ണയിക്കുന്ന ഭാഷാവബോധമാണ്. ഒരു ഭാഷണസമൂഹം പൊതുവിൽ പങ്കുവെക്കുന്നതാണ് ലാങ് – എന്നാൽ സന്ദർഭത്തിനും വ്യക്തികൾക്കുമനുസരിച്ച് ഭാഷയുടെ പ്രയോഗം വ്യത്യാസപ്പെടുന്നു. ഭാഷയുടെ പ്രയോഗത്തെയാണ് പരോൾ എന്ന് വിശേഷിപ്പിക്കുന്നത്.

ഉപാദാനങ്ങളേക്കാൾ വ്യക്ത്യാനുഭവങ്ങൾക്കും ഓർമ്മകൾക്കുമാണിവിടെ പ്രാധാന്യ മേറുന്നത്. അധീശ ചരിത്രരചനാമാതൃക ദളിത് ചരിത്രനിർമ്മിതിയ്ക്ക് പ്രാപ്യമായിരു ന്നില്ല.

നിർമ്മിക്കപ്പെട്ട വരേണ്യചരിത്രങ്ങൾക്ക് സമാന്തരമായി തന്നെ ദളിത് ചരിത്ര ത്തെയും അടയാളപ്പെടുത്തേണ്ടതുണ്ട്. കാർഷകവൃത്തിയിൽ ഏർപ്പെട്ടിരുന്ന, അടിമ വേല ചെയ്തിരുന്ന മനുഷ്യരുടെ ആധികാരികചരിത്രം ഏറെ പ്രധാനപ്പെട്ടതുതന്നെ യാണ്. സ്വന്തം ജീവിതത്തിലൂടെ അനുഭവിച്ച സാമൂഹിക പരിസരങ്ങളെക്കുറിച്ചുള്ള ധാരണകൾ പങ്കുവെക്കപ്പെടുമ്പോൾ മാത്രമാണ് ചില വംശങ്ങളും ജാതികളും ചരിത്ര ത്തിന്റെ ഭാഗമാകുന്നത്. തങ്ങൾ ഏർപ്പെട്ടിരുന്ന സാമൂഹികവ്യവഹാരങ്ങളെക്കുറിച്ചുള്ള അറിവും അനുഭവവും കീഴാളരിലൂടെയുള്ള ചരിത്രനിർമ്മാണപ്രക്രിയയെ സാധൂകരി ക്കുന്ന ഘടകങ്ങളാണ്. വാമൊഴി ആഖ്യാനങ്ങളുടെ സഹായത്താലാണിത് മിക്ക പ്പോഴും ഫലവത്താവുന്നത്. “സാമ്പ്രദായിക ചരിത്രങ്ങൾ ശാരീരികവും വൈകാരിക വുമായ ഭാവങ്ങളെക്കുറിച്ച് പറയാറേയില്ല. ഇവിടുത്തെ കാര്യത്തിൽ അടിമത്തത്തിന്റെ പുനർസ്മരണകളിലൂടെ ചരിത്രമെന്നത് വർത്തമാനയാഥാർത്ഥ്യമായി അനുഭവത്തിൽ വരുന്നു. അടിമത്തത്തിന്റെ നിഷ്ഠുരത വർത്തമാനചരിത്രാനുഭവമായിത്തീരുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഭൂതകാലത്തിന്റെ ഭാവനാത്മകപുനഃസൃഷ്ടിയിലൂടെയാണ് ഇതു സംഭവിക്കുന്നത്. ചരിത്രത്തെ വിമർശനാത്മകമായി പുനഃസന്ദർശിക്കാനുള്ള സാഹ ചര്യം ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു. ഈ പുനഃസന്ദർശനം പൂർണ്ണസമവായത്താലല്ല, മറിച്ച് കൂട്ടായ്മയിലാണ് നിർണ്ണയിക്കപ്പെടുന്നത്. ചില ഉറ്റ വ്യാഖ്യാനങ്ങൾ കഥാകഥന രൂപത്തിലാണ് ഉണ്ടാവുന്നത്. ഭൂതകാല പുനഃസൃഷ്ടിക്കുള്ള മുഖ്യോപാധിയാണ് കഥാക ഥനം” (സനൽമോഹൻ, 2021: 50). കഴിഞ്ഞുപോയ ജീവിതയാഥാർത്ഥ്യങ്ങൾ ഇത്തരം കഥാകഥനത്തിലൂടെ ചരിത്രവൽരിക്കപ്പെടുന്നു.

ജന്മിമാരുടെ കീഴിൽ അടിമപ്പണി ചെയ്തുകൊണ്ട് കാലം കഴിച്ചവരായിരുന്നു സമൂഹത്തിലെ താഴ്ന്ന ജാതിക്കാർ എന്നുപറയപ്പെടുന്നവർ. അവരുടെ ചരിത്രം രേഖപ്പെ ടുത്തേണ്ടവതന്നെയാണ് എന്ന ആലോചനകൾ ഉണ്ടാവുന്നത് വർത്തമാന കാലത്ത് മാത്രമാണ്. ജന്മിമാരുടെ അധീനതയിലായിരുന്നതുകൊണ്ട് തന്നെ സ്വന്തമായൊരു സ്ഥിത്വം ഇല്ലാതിരുന്ന ജനസമൂഹമായിരുന്നു കീഴാളർ. ചരിത്രപ്രതിനിധാനം നഷ്ടപ്പെട്ട

വരായിരുന്നു ഇവർ. ഇവരുടെ ചരിത്രം പാട്ടുകളിലും മറ്റ് വാമൊഴി ആഖ്യാനങ്ങളിലു മായി ചിതറിക്കിടക്കുന്നുണ്ട്. അടിമവ്യവസ്ഥയെക്കുറിച്ചുള്ള വിവരണങ്ങൾ പലതും ഇത്തരം പാട്ടുകളിൽ ദൃശ്യമാണ്. അധീശത്വപരമായ വരേണ്യരുടെ പെരുമാറ്റങ്ങൾക്ക ടിപ്പെട്ട് ജീവിച്ചിരുന്ന മനുഷ്യരുടെ ചരിത്രം മുഴുവനായും ഉൾക്കൊള്ളുന്നത് ഇത്തരം വാമൊഴി രൂപങ്ങളിലാണ്.

ഉത്സവദിവസം ഭഗവതിത്തിറ കെട്ടുന്ന മൂത്തപെരുവണ്ണാന് കാവിൽനിന്ന് ബഹു മാനാർത്ഥം ഒരു വളകൊടുക്കുന്നുണ്ട്. ഇത് പിറ്റേ ദിവസം പുണ്യാഹം കുടഞ്ഞ് ശുദ്ധി യാക്കി അവർ തിരിച്ചു വാങ്ങുന്നു. അനുഷ്ഠാനത്തിന്റെ പേരിൽ പുരസ്കരിക്കപ്പെടുമ്പോൾ ത്തന്നെ ജാതിയുടെ പേരിൽ തിരസ്കരിക്കപ്പെടുന്നതിന്റെ ദൃഷ്ടാന്തമാണിത്. ജാതീയപര മായി അധിക്ഷേപിക്കുന്ന അനവധി സന്ദർഭങ്ങൾ കാവനുഷ്ഠാനത്തിന്റെ ഭാഗമായി കീഴാള ജനത നേരിടുന്നുണ്ട്. ഉത്സവനടത്തിപ്പുകാരും കെട്ടിയാട്ടക്കാരും ആയതു കൊണ്ട് മാത്രം പെരുവണ്ണാൻ സമുദായത്തിനെ കാവിന്റെ മുറ്റത്തേക്ക് കയറാൻ അനുവദിക്കുന്നു. അല്ലാത്ത ദിവസങ്ങളിൽ അവരും മറ്റുള്ളവരെ പോലെത്തന്നെ കാവിന് പുറത്താണ്.

ഉത്സവദിവസംപോലും കെട്ടിയാട്ടക്കാർക്ക് ശ്രീകോവിലിനടുത്തേക്ക് പ്രവേ ശനം ഉണ്ടായിരുന്നില്ല. കാവ് പ്രദക്ഷിണം ചെയ്യാൻ പാടുണ്ടായിരുന്നില്ല. സാമൂഹിക മായുള്ള ഒരു ശ്രേണീവത്കരണത്തിന്റെ ഭാഗമായാണിങ്ങനെ സംഭവിക്കുന്നത്. ജാതിയെ സ്ഥാനപ്പെടുത്തി ഓരോ ജാതിക്കും ഓരോ സ്ഥാനവും നൽകിയിരിക്കുന്ന രീതിയിലാണ് ആ ശ്രേണീ സജ്ജീകരിച്ചിരിക്കുന്നത്.

കാവിലേക്ക് ആയുധങ്ങൾ പണികഴിപ്പിച്ചുകൊടുത്തിരുന്നത് ഒരു പ്രത്യേക ജാതിവിഭാഗമായിരുന്നു. ഇത്തരം വസ്തുക്കൾ കാവിലേക്ക് സമർപ്പിക്കുമ്പോൾ ഊരായ്മ ക്കാരുടെ ഭാഗത്തുനിന്ന് പ്രത്യേക പൂജകളും കർമ്മങ്ങളും നടത്തപ്പെടുന്നു. ഈ സമയത്ത് അരി, നെല്ല്, തേങ്ങ, വെറ്റില തുടങ്ങിയ ദ്രവ്യങ്ങളെല്ലാം ഉപയോഗിക്കുന്നു. പൂജ കഴിഞ്ഞാൽ ഇതെല്ലാം കൊല്ലന്മാർക്ക് ലഭിക്കുന്നു. ഇതവരുടെ അവകാശമാ ണെന്ന് ധരിപ്പിച്ചിരിക്കയാണ് അധികാരവർഗം (അനു.: 6.6). വ്യത്യസ്തമായ പല വിധത്തിലുള്ള അവകാശങ്ങൾ ജാതിസമൂഹങ്ങളുമായി ബന്ധപ്പെട്ട് കാവനുഷ്ഠാനങ്ങ ളിൽ കാണാൻ സാധിക്കുന്നുണ്ട്. പണ്ടത്തെ സാമൂഹികജീവിതപരിസരത്തെ ചേർത്തു

നിർത്തി ചിന്തിക്കുമ്പോൾ ഇത്തരം അവകാശങ്ങളിൽ കൂടിയായിരുന്ന ഒരുവിഭാഗം ജനത ജീവിതം മുന്നോട്ട് കൊണ്ടുപോയിരുന്നതെന്ന് വ്യക്തമാണ്. അവർക്ക് ലഭിക്കുന്ന അവകാശങ്ങളെന്ന് പറയപ്പെടുന്ന ദ്രവ്യങ്ങൾ ഉപയോഗിച്ച് പട്ടിണി മാറ്റിയിരുന്ന അത്രയും ദാരിദ്ര്യാവസ്ഥയിലായിരുന്നു നമ്പൂതിരിമാരും ജന്മിമാരും ഒഴികെയുള്ള ജന വിഭാഗങ്ങളൊക്കെയും.

ഉത്സവദിവസം കാവൂരായ്മക്കാരാണ് കാവിലെ ചടങ്ങുകളിൽ നേതൃത്വ വഹി ക്കുന്നതെങ്കിലും മാസത്തിൽ ഒരു തവണ നമ്പൂതിരിയെക്കൊണ്ട് ചെയ്യിക്കുന്ന പൂജാ കർമ്മങ്ങളും കാവിടങ്ങളിൽ നടത്തപ്പെടുന്നുണ്ട്. പുല്ലാട്ടുകാവ് ഒരു പ്രത്യേകവിഭാഗ ത്തിന്റെ ആരാധനാലയമായതിനാൽ ആ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾ മാത്രമേ മാസപൂജയ്ക്ക് കാവിൽ കൂടിച്ചേരുന്നുള്ളൂ. മറ്റ് ജാതിവിഭാഗങ്ങളെല്ലാം തന്നെ ഉത്സവ ത്തിന് മാത്രമേ കാവുപരിസരത്തിൽ എത്തിച്ചേരുന്നുള്ളൂ (അനു.: 8.3). ജാതിസ്വത്വം ഉറപ്പിക്കുന്ന അനുഭവമാണിത്.

കാവുത്സവനടത്തിപ്പിനായി ഒരു വിഭാഗത്തെ ഊരായ്മക്കാർ നിർണയിക്കു മ്പോൾ അവരുടെ അധികാരമാണവിടെ സ്പഷ്ടമാവുന്നത്. അവരുടെ കാവിലെ ഉത്സവനടത്തിപ്പുകാരായി ഒരു പ്രത്യേകവിഭാഗം ജനങ്ങളെ അവിടുത്തെ അടിയാളർ മാത്രമാക്കി സംരക്ഷിച്ചു പോരുന്നു എന്ന അർത്ഥത്തിൽ ജാതിപരമായ സ്ഥാപന വത്ക്കരിക്കലാണ് കാവുപരിസരത്തിലൂടെ നടത്തപ്പെടുന്നതെന്ന കാര്യം വ്യക്തമാവുന്ന ഉദാഹരണങ്ങൾ ഏറെയുണ്ട്. ഒരു കൂട്ടായ്മയുടെ രീതിയിൽ ജാതി സമൂഹങ്ങളെ ചേർത്തു നിർത്താൻ ശ്രമിക്കുന്നതാണ് ജാത്യാധികാരത്തിന്റെ രീതി. അത്തരം പ്രവണതകൾ ഉന്നതജാതിയിലുള്ളവരാണ് നിർബന്ധപൂർവ്വം തുടരാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നത് (അനു.: 9.21).

ഓരോ ജാതിവിഭാഗങ്ങൾക്കും ഓരോ കടമ ഏൽപ്പിച്ചു നൽകി ജാതീയത എന്ന സങ്കല്പത്തെ ഉറപ്പിച്ചുനിർത്താൻ തിറയാട്ടത്തിലൂടെ ശ്രമം നടന്നിരുന്നു. കുലത്തൊഴി ലിന്റെ അടിസ്ഥാനത്തിൽ മാത്രമേ തിറയാട്ടവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യിപ്പി ച്ചിരുന്നുള്ളൂ.

പ്രത്യയശാസ്ത്രം എന്നത് വിളിയാണ് (interpellation) എന്ന് അൽത്തൂസർ പറയുന്നുണ്ട്. പ്രത്യയശാസ്ത്രത്തിന്റെ വിളിയാണ് വ്യക്തികളെ കർത്താക്കളാക്കുന്നത്. ജാതിവ്യവസ്ഥ എല്ലാവരേയും ഉൾക്കൊള്ളുകയും സുരക്ഷിതത്വം നൽകുകയും ചെയ്യുന്നു (Franco et.al, 19). ജാതിമര്യാദകൾ ലംഘിക്കുന്നത് സമൂഹത്തിൽനിന്ന് പുറന്തള്ളപ്പെടാൻ കാരണമായിത്തീരും. ഈ ഉൾക്കൊള്ളലിന്റെ ഭാഗമാണ് അവകാശമെന്ന സങ്കല്പം. ചൂഷണത്തെ അവകാശമായി ധരിക്കുന്നത് ഈ സുരക്ഷിതത്വബോധത്തിന്റെ തണലിലാണ്. ജാതിവ്യവസ്ഥ സമാധാനപൂർണമായ സഹജീവനത്തെ വിഭാവനം ചെയ്യുന്നു. സംഘർഷങ്ങളെ അത് വിശ്വാസങ്ങളിലൂടെയും ആഖ്യാനങ്ങളിലൂടെയും സമീകരിക്കുന്നു. ഓരോ ജാതികളും അതിനകത്ത് അനുഭവിക്കുന്നത് ഈ സുരക്ഷിതത്വമാണ്. അത് അവരിൽ ഒരു സാമുദായിക ഭാവം ജനിപ്പിക്കുന്നു. സമുദായത്തിൽനിന്ന് ഭ്രഷ്ടമാവുക എന്ന ഭയമാണ് വ്യക്തികളെ ജാതിയിൽ ഉറച്ചുനിൽക്കാൻ പ്രേരിപ്പിക്കുന്നത്. ജാതിശുദ്ധി സംരക്ഷിക്കാതിരിക്കുന്നത് വലിയ കുറ്റമായി കരുതപ്പെട്ടു.

കാവുത്സവമായി ബന്ധപ്പെട്ട് നിൽക്കുന്ന അനുഷ്ഠാനങ്ങളും കർമ്മങ്ങളും എല്ലാം നിറവേറ്റപ്പെടുന്നതിന് ജാതി പ്രധാനകാരണമായി തുടരുന്നു. ഇത്തരം ജോലികൾ മറ്റുള്ള വിഭാഗങ്ങൾക്ക് അറിയാമായിരുന്നാലും അവരെക്കൊണ്ടത് ചെയ്യിപ്പിക്കുന്നില്ല. ചില കാവുകളിൽ 'ദേശക്കാർ' എന്ന അവകാശം ഇന്നും ഒരു മാറ്റവും കൂടാതെ പിന്തുടരുന്നുണ്ട്. കാവിന്റെ നിശ്ചിത ചുറ്റുപാടിൽ ഉള്ള ജാതിവിഭാഗങ്ങൾക്കാണ് 'ദേശക്കാർ' എന്ന സ്ഥാനം നൽകുന്നത്. കുലത്തൊഴിലിലൂടെയാണ് അവർ കാവുമായി ബന്ധപ്പെട്ടിരുന്നത്. ജാതിയെ സ്ഥാപിക്കാൻ കാവനുഷ്ഠാനങ്ങളിലൂടെ ശ്രമം നടന്നു എന്നു വേണം മനസ്സിലാക്കാൻ. കാവനുഷ്ഠാനങ്ങളിൽ ഊരായ്മക്കാർ പറയുന്നതായിരുന്നു അവസാന വാക്യം. ഇത്തരം അനുഷ്ഠാനങ്ങളിൽ കീഴാളപ്രാതിനിധ്യം ഉണ്ടെങ്കിലും ഉത്സവദിവസം മാത്രമാണ് അനുഷ്ഠാനവുമായി ബന്ധപ്പെട്ടവർക്ക് കാവിൽ കയറാൻ അനുമതി കൊടുക്കുന്നത്.

കീഴാളപരിസരത്ത് നിന്നുകൊണ്ടുള്ള ആചാരാനുഷ്ഠാനരീതികളാണ് മിക്ക നാടൻ കലകളിലുമുള്ളത്. അതുകൊണ്ടുതന്നെയാണ് നാടൻകലകളെക്കുറിച്ചുള്ള പഠനം ജാതി-വർഗ്ഗ സംസ്കൃതിയേക്കുറിച്ചുള്ള അന്വേഷണമായി മാറുന്നത്. ജാതിയുടെ നിലനിൽപ്പിൽ സമ്പത്തിനും ഏറെ പ്രാധാന്യമുണ്ട്. സാമൂഹികാദ്ധ്വാനം മുഴുവൻ കീഴാളന്റെ

ചുമതലയായിരുന്നു. എന്നാൽ അദ്ധ്വാനഫലം അവർക്കൊരിക്കലും ലഭിച്ചിരുന്നില്ല. മുതലാളുന്നവർ അവരുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്തു കൊണ്ടേയിരുന്നു. അവരുടേതായ കലകളിലൂടെയും അതിന്റെ ഐതീഹ്യങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും അടിസ്ഥാനവർഗ്ഗം തങ്ങളുടെ ആവലാതികൾ പങ്കുവെച്ചു. ജാത്യടിസ്ഥാനത്തിലുള്ള കലകളുടെ ഉൽപത്തിയും വികാസവും തിരോധാനവും സമ്പത്തുമായി ഉൾചേർന്നിരിക്കുന്നു. അതുകൊണ്ട് തന്നെയാണ് ഒരു ജനതയുടെ സാമൂഹ്യരാഷ്ട്രീയ-സാമ്പത്തികപശ്ചാത്തലത്തിൽ മാത്രം ആ ജനതയുടെ ആവിഷ്കാരത്തെ മനസിലാക്കാൻ സാധിക്കുന്നത്. സാമൂഹികസാഹചര്യങ്ങളാൽ ചൂഷിതരും കീഴടക്കപ്പെട്ടവരുമായ ഒരു കൂട്ടം മനുഷ്യർക്ക് അവരുടെ പ്രതികരണങ്ങൾ പ്രകടിപ്പിക്കാനുള്ള അവസരമാണ് ഉത്സവങ്ങൾ.

## 4.2 ജാതി എന്ന അധീശരൂപം

സമൂഹത്തിന്റെ അബോധത്തിൽ മറഞ്ഞുകിടക്കുന്ന അധികാരരൂപങ്ങളെയാണ് കണ്ടെടുക്കാൻ ശ്രമിക്കുന്നത്. സംസ്കാരപഠനത്തിന്റെ അടിത്തട്ടിൽ നിന്നുകൊണ്ടാണ് പഠനം തുടരുന്നത്. വിജ്ഞാനോൽപാദനമേഖലയിൽ പലതുറകളിലുള്ള മനുഷ്യർക്കും പങ്കുണ്ട്. കാവനുഷ്ഠാനത്തിന്റെയും ദലിത് ആവിഷ്കാരത്തിന്റെയും ഭാഗമായി നിലകൊള്ളുന്ന ഒരു കൂട്ടം മനുഷ്യരുടെ വാമൊഴി ആഖ്യാനങ്ങളിലൂടെയുള്ള ചരിത്രാന്വേഷണമാണ് ഈ പഠനത്തിലൂടെ നിർവഹിക്കപ്പെടുന്നത്. ദലിത് സംസ്കാരവും ജീവിതവും അടയാളപ്പെടുത്താൻ സാധ്യമായ ഒരു പ്രധാന ഇടമാണ് കാവ്. ഇ.പി. തോംസന്റെ കാഴ്ചപ്പാടിൽ സംസ്കാരമെന്നത് സമഗ്രമായ പോരാട്ടത്തിന്റെ രീതിയാണ് (Whole way of struggle). പോരാട്ടങ്ങളിലൂടെയും സംഘർഷങ്ങളിലൂടെയുമാണ് മറയ്ക്കപ്പെട്ട ചരിത്രം നിർമ്മിക്കപ്പെടുന്നത്. "വിജ്ഞാന പ്രവർത്തനം ഉൾപ്പെട്ട എല്ലാറ്റിനെയും മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധമായി കാണുകയാണ് സംസ്കാരപഠനത്തിൽ. ശാസ്ത്രമുൾപ്പെടെ എല്ലാം മനുഷ്യന്റെ സാംസ്കാരികാനുഭവത്തിന്റെ ഭാഗമാണെന്നും അതിലെല്ലാം നീതിയുടേയും അനീതിയുടേയും അധികാരത്തിന്റെയും വിധേയത്വത്തിന്റെയും യുക്തികൾ പ്രവർത്തിക്കുന്നുണ്ട് എന്നുമുള്ള തിരിച്ചറിവാണിത്. ഈ തിരിച്ചറിവിനോടൊപ്പം ഈ യുക്തികളെ വിശകലനങ്ങളിലൂടെ വെളിപ്പെടുത്തുന്ന രീതിശാസ്ത്രങ്ങളും സംസ്കാരപഠനത്തിൽ ഉൾപ്പെടുന്നു. വിജ്ഞാനോത്പാദനത്തിൽ സാധാരണക്കാരനും പണ്ഡിതനും തമ്മിലുള്ള വ്യത്യാസത്തെ അത് ഗൗനിക്കുന്നില്ല. എന്നുമാത്രമല്ല സാധാരണക്കാ

രനമേൽ പണ്ഡിതനുള്ള അറിവധികാരത്തെയും അത് ചോദ്യം ചെയ്യുന്നു. അതുകൊണ്ട് എല്ലാ വിജ്ഞാനോത്പാദന പ്രക്രിയകളേയും ചോദ്യം ചെയ്യുന്ന അറിവിന്റെ മേഖല യായി ഇതിനെ കാണാം. സംസ്കാരപഠനം ഉൽപാദിപ്പിക്കുന്ന വിജ്ഞാനത്തെ പോലും അത് അകത്ത് നിന്ന് ചോദ്യം ചെയ്യുന്നുണ്ട്"(ഒരു സംഘം ലേഖകർ, 2017: 10).

സംസ്കാരപഠനത്തിന്റെ അടിത്തറയാണ് അധീശത്വാബോധം എന്ന സങ്കല്പന ത്തിന്റെ ബലം. അധീശത്വാബോധത്തിലൂടെ കീഴാളചരിത്ര നിർമ്മിതിയാണ് സാധ്യമാവുന്നത്. കൃത്യമായ വിചാരധാരകളിലൂടെയും വിഭജനമാതൃകകളിലൂടെയും ഈ ആശയ ത്തിൽ നിന്നുകൊണ്ട് കീഴാളചരിത്രം കണ്ടെത്താൻ കഴിയും. ജാത്യാധികാര വ്യവഹാരം, തൊഴിൽ സംയോഗാധിഷ്ഠിത തലം, സംഘർഷതലം തുടങ്ങിയ ഘട്ടങ്ങ ളുടെ വിശകലനത്തിലൂടെയാണ് സമൂഹത്തിന്റെ മറവികളിൽ അടിപ്പെട്ടുപോയ ചരിത്ര ത്തെ അധീശത്വാബോധം എന്ന ആശയത്തിലൂടെ കണ്ടെടുക്കാൻ ശ്രമിക്കുന്നത്. കേരളസമൂഹത്തിൽ സാധ്യമായിരുന്ന അധീശത്വപരമായ വരേണ്യ ഇടപെടലുകൾ ചരിത്രത്തിൽ മറഞ്ഞുകിടക്കുകയാണ്. അത് കണ്ടെത്തുന്നതിനും അവലോകനം ചെയ്യുന്നതിനുമായാണ് ജാത്യധീശത്വം എന്ന ആശയത്തിലൂടെ ശ്രമിക്കുന്നത്. സാംസ്കാ രിക ആധിപത്യം സമൂഹത്തിന്റെ മിക്ക ഇടങ്ങളിലും സാധ്യമാവുന്നുണ്ട്. അത് പല പ്പോഴും മറഞ്ഞ് കിടക്കപ്പെടുകയും അബോധപൂർവ്വമായി പ്രവർത്തിക്കുകയുമാണ് ചെയ്യു ന്നത്. ഈ അധീശത്വം സമൂഹത്തിന്റെ ചലനത്തിന്റെ ഭാഗമായി ഉൾച്ചേർന്ന് കിട ക്കുന്നുണ്ടെങ്കിലും എപ്പോഴും അത് മറയ്ക്കപ്പെട്ട് കിടക്കുകയാണ്. സമൂഹത്തിന്റെ അബോധത്തിലേക്ക് തള്ളിമാറ്റപ്പെടുന്ന ആധിപത്യപ്രവണതകളേയും പ്രവർത്തനങ്ങ ളേയുമാണ് ജാത്യധീശത്വം എന്ന സംജ്ഞകൊണ്ടുദ്ദേശിക്കുന്നത്. അവയെ വ്യാഖ്യാന ത്തിലൂടെ പുറത്തുകൊണ്ടുവരേണ്ടതുണ്ട്. അറിവുകളായും ശീലങ്ങളായും ജാത്യധീശത്വം പ്രവർത്തിക്കുന്നു. ശീലങ്ങളായി പ്രത്യക്ഷപ്പെടുന്ന ജ്ഞാനവ്യവഹാരങ്ങൾ, വ്യവഹാര ങ്ങൾക്കിടയിലെ സംഘർഷങ്ങൾ എന്നിവയെ വിശകലനവിധേയമാക്കുമ്പോഴാണ് ജാത്യധീശത്വത്തിന്റെ സ്വഭാവം വെളിപ്പെടുന്നത്.

### 4.2.1 ശീലം എന്ന പ്രത്യയശാസ്ത്രവ്യവഹാരം

ജാത്യധികാരവ്യവഹാരത്തെ കൃത്യമായി വ്യാഖ്യാനിക്കേണ്ടതുണ്ട്. അധികാര വ്യവസ്ഥയുടെ പ്രവർത്തനം കൃത്യമായ അജണ്ടകളിലൂടെ പരിപാലിച്ചുപോരുന്നു. ഇതിൽ ജാതി സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. ജാതി അധികാരമായാണ് പ്രവർത്തിക്കുന്നത്. ജാത്യാധികാരവ്യവഹാരതലങ്ങൾ സമൂഹത്തിലുടനീളം പ്രതിഫലിക്കുന്നുണ്ട്. അവകാശങ്ങളും കടമകളും പരമ്പരാഗതമായി അനുവർത്തിച്ചുപോരുന്ന ശീലങ്ങളാണ്. സാമൂഹിക സാംസ്കാരിക തലങ്ങളിലെല്ലാം ഇത്തരം ശീലങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സാധാരണക്കാരന്റെ ആരാധനാസമ്പ്രദായത്തിൽ 'കാവവകാശങ്ങൾ' എന്ന രീതിയിൽ ഇതിന്റെ പ്രതിഫലനം സ്പഷ്ടമാണ്. കാവുമായിചേർന്നുനിന്ന് ഉത്സവനടത്തിപ്പിനാവശ്യമായ ജോലികളിൽ മുഴുകുന്ന എല്ലാവരും ജാത്യാധികാരികളുടെ മുന്നിൽ താഴെതട്ടിൽ കഴിയുന്നവരാണ്. ജാതി അധികാരത്തിലാണ് കാവുമായി ബന്ധപ്പെട്ട എല്ലാ വ്യവഹാരങ്ങളും നടക്കുന്നത്. കാവുമായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സമൂഹങ്ങൾക്ക് കാവനുഷ്ഠാനത്തിലൂടെ ലഭ്യമായിരുന്ന അരി, നെല്ല്, പോലുള്ള ദ്രവ്യങ്ങളെല്ലാം 'അവകാശങ്ങൾ' ആണ്. ഇതെല്ലാംതന്നെ ജാതിയെ സാധൂകരിക്കുന്ന ശീലങ്ങളാണ്. ദേശപ്പെരുവണ്ണാൻ, ദേശത്തെ കൊല്ലൻ, ദേശത്തെ തിയ്യൻ തുടങ്ങിയ അധികാര നിർണ്ണയനവും ജാതിയെ നിലനിർത്താനുതകുന്ന വ്യവഹാരം തന്നെയാണ്. ജാതിയിൽ അധിഷ്ഠിതമായ തൊഴിൽ മേഖലകൾ കാവിലൂടെ വീണ്ടും വീണ്ടും സ്ഥാപിക്കപ്പെടുന്നത് ദേശപ്പെരുവണ്ണാൻ പോലുള്ള സംജ്ഞകളിലൂടെയാണ്. തൊഴിൽ ജാതിയുടെ സുസ്ഥാപനത്തിന് പ്രധാനകാരണമായി തൊഴിൽ പ്രവർത്തിക്കുന്നുണ്ട്.

### 4.2.2 ജ്ഞാനവ്യവഹാരങ്ങൾ

കാവുകളിൽ തൊഴിൽ സംയോഗം നടക്കുന്നത് അനുഷ്ഠാനത്തിലൂടെയാണ്. ഓരോ അനുഷ്ഠാനവും നിർവഹിക്കേണ്ടത് ഓരോ തൊഴിൽ മേഖലയിലും പ്രവർത്തിച്ചിരുന്ന, ജാതി അധിഷ്ഠിതമായി നിലകൊള്ളുന്ന മനുഷ്യരാണ്. തൊഴിലാളി ശരീരത്തെ അത് ജാതിശരീരമായി പരിവർത്തിപ്പിക്കുന്നു. കാവിൽ ഇവർ പലപ്പോഴും ജാതിശരീരങ്ങൾ മാത്രമായാണ് പ്രവർത്തിച്ചത്. തൊഴിൽസംയോഗം സാധ്യമായിരുന്നത് ജാതിയെ അടിപ്പടവാക്കിക്കൊണ്ടായിരുന്നു. അനുഷ്ഠാനങ്ങളിൽ ഏർപ്പെടുത്തിയി

രുന്ന മേൽക്കീഴ്ബന്ധത്തിൽ നിന്നും ജാതിശ്രേണിയുടെ ഏറ്റവും കീഴിൽ സ്ഥാനപ്പെട്ടിരുന്ന വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടു. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയിലൂടെ അവരെ മാറ്റിനിർത്തുന്ന ഒരു യന്ത്രമായാണ് ജാതിവ്യവസ്ഥ പ്രവർത്തിക്കുന്നത്. ആധിപത്യപരമായ നിലപാടുകളാണ് ജാതിശ്രേണിയുടെ മുകൾ തട്ടിലുള്ളവർ സ്വീകരിച്ചിരുന്നത്. കാവനുഷ്ഠാനങ്ങൾ കുലത്തൊഴിൽ പരമായാണ് നിർണയിച്ചിരുന്നത്. അനുഷ്ഠാനപരമായ സാധ്യതകളിൽക്കൂടി കുലത്തൊഴിൽ എന്ന സംജ്ഞയെ ഉറപ്പിച്ചു നിർത്താനും അതിലൂടെ ജാതിയെ നിർബന്ധപൂർവ്വം സ്ഥാപിച്ചെടുക്കാനും ജാതി സങ്കല്പം നിലനിർത്താനും ജാതിപ്രത്യശാസ്ത്രം ശ്രമിച്ചു. അനുഷ്ഠാനപരമായ കാവാചാരങ്ങൾ നിർവ്വഹിക്കുന്നതിന് വേണ്ടി നിലകൊള്ളുന്ന ജാതിസ്ഥാപനമാർഗ്ഗമായികൂടി കുലത്തൊഴിൽ പ്രവർത്തിച്ചു.

ജാതിവ്യവസ്ഥ വ്യക്തികളുടെ സാമൂഹികമായ ഉദ്ഗതിയെ തടസ്സപ്പെടുത്തുന്നു. അതായത് ഏതെങ്കിലും ഒരു ജാതിയിൽ പിറന്ന ഒരാൾ ആ ജാതിയിലും കുലധർമ്മത്തിലും മരവിച്ചുപോകുന്നു. അതുകൊണ്ടാണ് അംബേദ്കർ ജാതിയെ അടഞ്ഞവർഗം എന്ന് വിളിച്ചത്. വർഗവും ജാതിയും തമ്മിലുള്ള ബന്ധമാണ് ഈ നിരീക്ഷണത്തിൽ വ്യക്തമാവുന്നത്. ആധുനിക സമൂഹത്തിൽ കുലത്തൊഴിലുകൾ ഏറെക്കുറേ അപ്രസക്തമായിട്ടുണ്ടെങ്കിലും ഉത്സവാചാരങ്ങളിലൂടെ അവ ഉറപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്. പുല്ലാട്ടുകാവിലെ ഉത്സവത്തോടനുബന്ധിച്ച് ഓരോ ജാതികളുടെയും അവകാശമായി കല്പിക്കപ്പെട്ടിട്ടുള്ളത് അവരുടെ കുലത്തൊഴിലല്ലാതെ മറ്റൊന്നുമല്ല. കർമ്മധർമ്മ സിദ്ധാന്തങ്ങളുടെ പിൻബലത്തിൽ ഓരോ മനുഷ്യരും ഉൾപ്പെട്ടിട്ടുള്ള ജാതി എന്ന അടഞ്ഞ കൂടിനെ അവരുടെ ഓർമ്മയിലേക്ക് കൊണ്ടുവന്ന് ഉറപ്പിച്ചെടുക്കുകയാണ് ഉത്സവാചാരങ്ങൾ ചെയ്യുന്നത്. അപ്രസക്തമായ കുലത്തൊഴിലുകളെ വർഷത്തിലൊരിക്കൽ അതത് ജാതിക്കാരിലൂടെ നിർവ്വഹിച്ചുകൊണ്ട് വർഗത്തെ ജാതിയായി പുനരുത്പാദിപ്പിക്കുകയാണ് ഉത്സവങ്ങൾ ചെയ്യുന്നത്. സവിശേഷമായ കർതൃരൂപങ്ങളെ ഉൽപാദിപ്പിക്കുന്ന നിരവധി വ്യവഹാരങ്ങളുടെ ഒരു സ്ഥാപനമാണ് ജാതി. കുലത്തൊഴിലിനോട് ബന്ധിപ്പിച്ചും ശ്രേണിയിൽ ഉറപ്പിച്ചുനിർത്തിയും സമൂഹത്തിലെ ഓരോ വ്യക്തികളേയും കർതൃപദവിയിൽ തളച്ചിടാനാണ് ആചാരങ്ങളും വിശ്വാസങ്ങളും മറ്റും ശ്രമിക്കുന്നത്. എന്നാൽ വിദ്യാഭ്യാസം, രാഷ്ട്രീയപ്രസ്ഥാനങ്ങൾ, സമരങ്ങൾ

എന്നിവ ഈ കർതൃത്വത്തിന്റെ ജഡാവസ്ഥയെ തകർക്കുകയും അവരെ സാമൂഹ്യമാറ്റത്തിനുള്ള ഏജന്റുകളായി പരിവർത്തിപ്പിക്കുകയും ചെയ്യുന്നു. അതായത് കർതൃപദവിയും ഏജൻസിയും[7] തമ്മിലുള്ള നിരന്തര സംഘർഷത്തിന്റെ ഒരു സ്ഥാനമാണ് വ്യക്തി. ഈ സംഘർഷമാണ് സാമൂഹ്യ മാറ്റത്തിന്റെമുന്നിൽ നിൽക്കാൻ വ്യക്തികളെ പ്രാപ്തമാക്കുന്നത്. പുല്ലാട്ടുകാവിലെ ദളിദ് സമൂഹത്തെ കുളം തീണ്ടാൻ പ്രേരിപ്പിച്ചത് ഈ സവിശേഷമായ കർതൃപരിണാമമാണ്.

### 4.2.3 വ്യവഹാരങ്ങൾക്കിടയിലെ സംഘർഷം

വിദ്യാഭ്യാസത്തിലൂടെയും രാഷ്ട്രീയപ്രസ്ഥാനങ്ങളിലൂടെയും ഒരു സമൂഹത്തിലേക്ക് പുതിയ ആശയങ്ങൾ കയറിവരുന്നു. ഇവയെല്ലാം പുതിയ വ്യവഹാരങ്ങൾക്ക് ജന്മം നൽകുന്നു. ആധുനികതയിലേക്കുള്ള ഈ പ്രവേശം ആ സമൂഹത്തിലെ അധഃസ്ഥിതരെ സ്വാതന്ത്ര്യബോധമുള്ളവരാക്കി മാറ്റുന്നു. അവർ നിലവിലുള്ള പ്രത്യയശാസ്ത്രത്തെ വിമർശനബുദ്ധിയോടെ വിശകലനം ചെയ്യുകയും അതിന്റെ പ്രവർത്തനത്തെ മൗലികമായി റദ്ദ് ചെയ്യാനുമുള്ള ശ്രമങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. ഇതിന്റെ ഫലമായാണ് ഒരു സാമൂഹ്യവ്യവസ്ഥയിൽ സംഘർഷങ്ങൾ ഉണ്ടായിവരുന്നത്. ജാതിമതങ്ങൾക്കതീതമായ വ്യവഹാരങ്ങളിൽ ഏർപ്പെടുമ്പോൾ മാത്രമാണ് ജീവിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യസാഹചര്യങ്ങളെ സംബന്ധിച്ച് പ്രത്യയശാസ്ത്രപരമായ അവബോധം മനുഷ്യർക്കുണ്ടാകുന്നത്.[8] സമത്വത്തേയും സ്വാതന്ത്ര്യത്തേയും കുറിച്ചുള്ള ധാരണ മനുഷ്യ മനസ്സ

---

[7] സാമൂഹ്യഘടനയിലെ കൽപ്പിതസ്ഥാനമാണ് കർതൃത്വം. മുൻകൂട്ടി കൽപ്പിക്കപ്പെട്ട കർതൃസ്ഥാനത്തിരുന്നാണ് വ്യക്തികൾ അവരുടെ സാമൂഹ്യധർമ്മം നിർവഹിക്കുന്നത്. കർതൃപദവി വ്യക്തികളുടെ തെരഞ്ഞെടുപ്പല്ല. അതുകൊണ്ടുതന്നെ കർതൃപദവിയോടുള്ള വിമർശം നിർവ്വഹിക്കുന്ന ഒരു ഘടകവും വ്യക്തിയിലുണ്ട്. അതാണ് ഏജൻസി. ഏജൻസിയും കർതൃത്വവും തമ്മിലുള്ള സംഘർഷസ്ഥാനമാണ് ഒരു വ്യക്തി.

[8] സാംസ്കാരികരംഗം ഇന്നേറെ പ്രബുദ്ധമാവാൻ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഏറെ നിലനിന്നിരുന്നു. എഴുത്തുപള്ളികളിലൂടെയായിരുന്നു അന്ന് വിദ്യാരംഗം കുറിച്ചിരുന്നത്. 1885ൽ നിലവിൽ വന്ന പയന്ത്ര എലിമെന്ററി സ്കൂളാണ് ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. ഇന്നത് ഹൈസ്കൂളായി നിലനിൽക്കുന്നു. ഗവൺമെന്റ് വെൽഫെയർ എൽ.പി. സ്കൂൾ പൊയിൽത്താഴം, എ.യു.പി. സ്കൂൾ കുരുവട്ടൂർ, എ.എം.എൽ.പി. സ്കൂൾ പറമ്പിൽ, എം.എൽ.പി. സ്കൂൾ കോണോട്ട്, എം.എ.യു.എം. യു.പി. സ്കൂൾ കോണോട്ട്, എം.എ.യു.എം. യു.പി. സ്കൂൾ പറമ്പിൽ എന്നിവ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായി അക്കാലത്ത് നിലവിൽ വന്നതാണ്. വിദ്യാലയങ്ങളും വായനശാലകളും കുരുവട്ടൂരിലെ വിദ്യാഭ്യാസ പുരോഗതിക്ക് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. ജനാധിപത്യ പ്രക്രിയ പൂർത്തിയാക്കപ്പെടുന്നതിനും ജനതയിൽ സാംസ്കാരിക മൂല്യങ്ങൾ രൂപപ്പെടുന്നതിനും ഇവകാരണമായി. കുരുവട്ടൂരിന്റെ സാംസ്കാരിക രംഗത്ത് പ്രവർത്തിച്ച ഗ്രന്ഥശാലകളാണ് പ്രഭാതം വായനശാല, പറമ്പിൽ

കളിലേക്ക് വിദ്യാഭ്യാസത്തിലൂടെ എത്തിച്ചേർന്നു. മനുഷ്യരുടെ സാമൂഹിക വിവേചനം സാധ്യമായിരുന്നത് ഇത്തരം വ്യവഹാരങ്ങളിലൂടെയായിരുന്നു. സാമൂഹ്യാധികാര വ്യവസ്ഥക്ക് പുറത്തുകടക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചവർ ചിന്തിച്ചു. മാറ്റിനിർത്തപ്പെട്ട ജനവിഭാഗങ്ങളുടെ വിമോചനവുമായി ബന്ധപ്പെട്ട അനവധി സംഘർഷങ്ങൾ സമൂഹത്തിലുണ്ടായി. അതിൽ ചിലതുമാത്രമാണ് ജാത്യാധിഷ്ഠിതമായി കാവുകളിൽ നടന്ന ഇടർച്ചകൾ. സമത്വത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും അവർ മനസ്സിലാക്കിത്തുടങ്ങിയിരുന്നു. "സമത്വം, ജനാധിപത്യം എന്നീ വളരെ ലളിതമായ ആശയങ്ങളാണ് ആധുനികത മുന്നോട്ടുവെക്കുന്നത്. എങ്കിലും അതാണ് ഈ സമൂഹത്തിൽ രൂപം മാറി വന്നുകൊണ്ടിരിക്കുന്നത്. സമത്വം ജനാധിപത്യം എന്നിവക്കുവേണ്ടിയാണ് എല്ലാ സമൂഹങ്ങളിലും സമരങ്ങളെല്ലാം നടക്കുന്നത്. പുല്ലാട്ടുകാവിലെ കുളം തീണ്ടാനും സമത്വം സ്ഥാപിക്കാനും പെരുവണ്ണാൻ സമുദായത്തിലെ കലാകൃത്തുക്കൾക്ക് സാധിച്ചത് അക്കാലമായപ്പോഴേക്കും സമൂഹത്തിൽ വ്യാപിച്ചിരുന്ന നവോത്ഥാനത്തിന്റെ പ്രേരണമൂലമാണ്." (അനിൽ, et. al., 2022: 132)

#### 4.2.3.1 ജാതൃധികാരവൃവഹാരതലം

ജാതിയുമായി ബന്ധപ്പെട്ട് സമൂഹത്തിന്റെ അബോധത്തിൽ നിലകൊള്ളുന്ന ധാരണകളിൽനിന്നുകൊണ്ട് ജാത്യാധികാരത്തെ കാവനുഷ്ഠാനങ്ങളിലൂടെ കണ്ടെടുക്കാനുള്ള ശ്രമമാണിത്. അധ:സ്ഥിതവർഗ്ഗത്തിന്റെ കാവനുഷ്ഠാനങ്ങളിലൂടെയും കാവുവ്യവഹാരങ്ങളിലൂടെയും ജാത്യാധികാരം പ്രകടമാകുന്നുണ്ട്. കാവുമായി ബന്ധപ്പെട്ട ജാതിസമൂഹങ്ങളുടെ തറവാട്ടും കുടുംബവും കുടുംബത്തിലെ മിക്ക വ്യക്തികളും കാവാചാരങ്ങൾ സംരക്ഷിക്കുന്നതിനായി നിലകൊള്ളുന്നു (അനു.: 1.1, 1.2).

---

പഞ്ചായത്ത് വായനശാല, കുരുവട്ടൂർ. അരുണോദയം വായനശാല, പുറ്റമണ്ണിൽതാഴം, ചന്ദ്രോദയം വായനശാല - പയിമ്പ്ര, കൈരളി വായനശാല, ആശാരികൽതാഴം എന്നിവ. 1946-ൽ കുരുവട്ടൂർ പഞ്ചായത്തിലെ പറമ്പിൽ ബസാറിൽ സ്ഥാപിച്ച പ്രഭാതം പൊതുജന വായനശാലയാണ് ആദ്യത്തെ വായനശാല. ദേശത്തിലെ ജനങ്ങളിൽ രാഷ്ട്രീയ ദേശീയ സാംസ്കാരിക ഉൽബുദ്ധത വളർത്തുന്നതിൽ ഈ വായനശാല വലിയ പങ്ക് വഹിച്ചിട്ടുണ്ട്. പയമ്പ്ര ബോയ്സ് സ്കൂൾ അധ്യാപകനായിരുന്ന കൃഷ്ണൻ നമ്പ്യാർ മാസ്റ്റർ ബസാറിലെ കച്ചവടസ്ഥാപനമായ വൈദ്യരുടെ പീടികയിൽ നിന്ന് ദേശീയദിനപത്രമായ മാതൃഭൂമി വാർത്തകൾ ഉറക്കെ വായിക്കുകയും ദേശീയസ്വാതന്ത്ര്യത്തിന്റെ അലകൾ ശ്രോതാക്കൾക്ക് പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ടിരിക്കെ ഉണ്ടായ ഒരാശയമാണ് സ്ഥിരമായി ഒരു ഗ്രന്ഥശാല സ്ഥാപിക്കാനിടയായത് (ഗ്രാമപഞ്ചായത്ത് വികസനരേഖകൾ, 1997).

തോററവും[9] അഞ്ചടിയും[10] പോലുള്ള സ്തോത്രരൂപേണ നടത്തുന്ന ആരാധന ഭഗവതിപ്രീതിക്കായി പെരുവണ്ണാൻ വിഭാഗം നടത്തിപ്പോരുന്നതാണ്. ഈ ചൊല്ലിപ്പാടിയുള്ള ആരാധനയിലെ ഗാനാത്മകതയോ പദ, അർത്ഥ സ്ഫുടതയോ സ്പഷ്ടമായി നിർവഹിക്കുന്നതിൽ കീഴാളവിഭാഗത്തിന്റെ ഭാഗത്ത് നിന്നും കൃത്യതക്കുറവു സംഭവിക്കുന്നുണ്ടോ എന്ന് നിരന്തരം വരേണ്യവിഭാഗം നിരീക്ഷിച്ചിരുന്നുണ്ട്.

തെറ്റുകൾ ഉണ്ടാവുമ്പോൾ ചൂണ്ടിക്കാണിക്കുന്നതിനും വരേണ്യവിഭാഗം ജനങ്ങൾ പ്രത്യേകമായി ഉത്സാഹിച്ചിരുന്നു. ചെറിയ തെറ്റുകൾക്കുപോലും കീഴാളജനത വലിയ പഴി കേൾക്കേണ്ടിവന്നു. ജാതിപരമായ സാമൂഹികശ്രേണിതലത്തിലെ അടിത്തട്ടിൽനിലകൊള്ളുന്ന വിഭാഗങ്ങളായതിനാൽ ജാതി അധിക്ഷേപവാക്കുകളും പെരുമാറ്റരീതികളും വരേണ്യരിൽനിന്നും കീഴാളവർഗ്ഗം നിരന്തരം അനുഭവിക്കേണ്ടിവന്നു (അനു.: 1.13).

പ്രാഗൽഭ്യത്തോടുകൂടി വാദ്യങ്ങൾ കൈകാര്യംചെയ്തിരുന്ന മേളക്കാരും മെയ് വഴക്കത്തോടുകൂടി ചടുലമായ നൃത്തസംവിധാനങ്ങളിലൂടെ ആരാധനാസമൂഹത്തിന് സ്വീകാര്യമായ രീതിയിൽ തിറയാട്ടം കെട്ടിയാടിയിരുന്ന കലാകാരന്മാരും പുല്ലാട്ടുകാവിലെ ഉത്സവത്തിന്റെ ഭാഗമായിരുന്നു. പെരുവണ്ണാന്മാരുടെ തറവാടുകൾ ഉണ്ടായിരുന്ന ഇടങ്ങളിൽനിന്നെല്ലാം പുല്ലാട്ട്കാവിലേക്ക് കെട്ടിയാട്ടസമൂഹം എത്തിച്ചേർന്നിരുന്നു (അനു.: 1.18). കാവാവശ്യങ്ങൾക്കായി കുളം കുഴിച്ചപ്പോൾ ജാതിയിൽ താഴ്ന്ന മനുഷ്യരൊന്നും അതുപയോഗിക്കാൻ പാടില്ലെന്ന നിലപാടായിരുന്നു കാവുരായ്മക്കാർ സ്വീകരിച്ചിരുന്നത്. ശുദ്ധാശുദ്ധസങ്കല്പം ജാതിയുടെ അടിസ്ഥാനത്താൽ നിർണയിക്കപ്പെട്ടു. തീണ്ടൽ, അയിത്തം, അശുദ്ധി തുടങ്ങിയ വാക്കുകളുടെ പ്രയോഗത്തിലൂടെ അടിസ്ഥാനവിഭാഗം കുളം ഉപയോഗിക്കുന്നതിൽ വരേണ്യവിഭാഗം വിലക്കേർപ്പെ

---

[9] അനുഷ്ഠാനകലകളിൽ ഒരു വിഭാഗം. തോറ്റത്തെ സ്തോത്രത്തിന്റെ തൽഭവരൂപമായി പരിഗണിക്കാറുണ്ട്. എന്നാൽ, തോന്നുക, സൃഷ്ടിക്കുക, പുനരുജ്ജീവിപ്പിക്കുക, പ്രത്യക്ഷപ്പെടുക, പ്രകാശിക്കുക എന്നീ അർത്ഥങ്ങളും സന്ദർഭാനുഗുണം അതിനുയോജിക്കും. തോറ്റംപാട്ടുകൾ എന്ന പേരിൽ അനേകം പ്രാക്തനഗാനങ്ങൾ കേരളത്തിന്റെ നാനാഭാഗങ്ങളിലും പ്രചാരത്തിലുണ്ട് (വിഷ്ണുനാരായണൻ നമ്പൂതിരി, 2000: 463).

[10] നാതിദീർഘങ്ങളായ പദ്യഖണ്ഡങ്ങൾ. അഞ്ചുപാദങ്ങളോടുകൂടിയ ഗാനങ്ങളെ അയ്യടിയെന്നും അതിൽ കൂടുതലുള്ളവയെ കഴിനെടിലടിയെന്നും വിളിക്കാറുണ്ടെന്ന് കേരള ഭാഷാ സാഹിത്യചരിത്രവും ശബ്ദതാരാവലിയും പറയുന്നു (വിഷ്ണുനാരായണൻ നമ്പൂതിരി, 2000: 9)

ടുത്തി. ഈ പ്രശ്നം ശക്തമായ ചില തീരുമാനങ്ങൾക്ക് കാരണമായി. കെട്ടിയാട്ടക്കാരായ ദേശപ്പെരുവണ്ണാന്മാർ കാവധികാരികളുമായി സഹകരിക്കാൻ തയ്യാറല്ല എന്ന തീരുമാനത്തിലെത്തിക്കാൻ കുളം സംബന്ധിച്ച ഈ പ്രശ്നം കാരണമായി (അനു.: 1.20).

ആചാരപരമായ എന്തുകാര്യവും സ്വയം സ്വീകാര്യമാണെങ്കിൽ മാത്രമേ പുല്ലാട്ട് തറവാട്ടുകാർ ഉൾക്കൊള്ളുമായിരുന്നുള്ളൂ. കേരളത്തിലുടനീളം വിവിധ ജാതികൾ ബന്ധുജനങ്ങൾ മരണപ്പെട്ടാൽ പുല ആചരിക്കാറുണ്ട്. എല്ലാ ജാതികളുടെ ഇടയിലും പലതരത്തിൽ ഈ ആചാരം നിലനിൽക്കുന്നുണ്ട്. എന്നാൽ പുല്ലാട്ട് കാവിലെ തറവാട്ടുകാർ ഇതിൽ വിശ്വസിച്ചിരുന്നില്ല. അതേപോലെ ജനനസമയത്തെ പുലയും അവർ ഗൗനിച്ചിരുന്നില്ല. ഈ വക കാര്യങ്ങൾ നടന്ന വീട്ടുകാർ മാത്രം കാവിലെ ഉത്സവ ദിവസം മാറിനിന്നു. മറ്റുള്ളവരെല്ലാം കാവനുഷ്ഠാനങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. അതു കൊണ്ട് തന്നെ പുല്ലാട്ട് കാവിലെ ഉത്സവം ഒരിക്കലും മുടങ്ങാറുണ്ടായിരുന്നില്ല. മുടങ്ങാൻ തറവാട്ടുകാർ അനുവദിച്ചിരുന്നില്ല എന്ന് പറയുന്നതാവും യുക്തം. തങ്ങളുടെ സൗകര്യാർത്ഥമാണ് കുടുംബത്തിൽ മരണപ്പെട്ടാലും ജനിച്ചാലും ആചരിക്കേണ്ടുന്ന 'പുല' വാലായ്മ തുടങ്ങിയ കാര്യങ്ങൾ വേണ്ടെന്നു വയ്ക്കാൻ വരേണ്യരായ തറവാട്ടുകാർ ശ്രമിക്കുന്നത്. ജനനമോ മരണമോ സംഭവിച്ചാൽ ആ വീട്ടുകാർ മാത്രം കാവിൽ പ്രവേശിക്കാതിരിക്കുകയും മറ്റ് കുടുംബാംഗങ്ങൾ മുഴുവൻ ഉത്സവം നടത്തുകയും ഉത്സവത്തിൽ പങ്കുചേരുകയും ചെയ്യുന്നുണ്ട്. ആചാരങ്ങളിൽ മാറ്റങ്ങൾ ദൃശ്യമാവുന്നൊരിടം കൂടിയാണിത്. ആചാരങ്ങൾ മിക്കപ്പോഴും ജാതികേന്ദ്രീകൃത വ്യവസ്ഥയ്ക്കകത്താണ് നിലകൊള്ളുന്നത്. ജാതിക്കകത്ത് ശക്തവും ദൃഢവുമായ അധികാരം പ്രവർത്തിക്കുന്നുണ്ട്. പതിനാറ് ദിവസം കഴിഞ്ഞാൽ മാത്രമേ അയിത്തം മാറി ശുദ്ധിയാവൂ എന്നാൽ മാത്രമേ കാവിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളൂ എന്നുമുള്ള ചിട്ടകളെല്ലാം സൗകര്യാർത്ഥം വേണ്ടെന്നു വെയ്ക്കാൻ ജാതിമേല്ക്കോയ്മയ്ക്ക് സാധിക്കുന്നുണ്ട്. ജാതിവ്യവസ്ഥയ്ക്കും തറവാട്ടധികാരവ്യവസ്ഥയ്ക്കും ഉണ്ടായിരുന്ന ഉത്സവം മുടങ്ങരുതെന്ന നിലപാടിൽ നിന്നാണ് ഇത്തരം കാര്യങ്ങൾ മാറ്റങ്ങൾക്ക് വിധേയമായികൊണ്ടിരിക്കുന്നത് (അനു.: 1.30).

ഉത്സവം മുടങ്ങുന്ന സാഹചര്യങ്ങൾ വന്നുചേർന്നാലും കൃത്യമായ ഇടപെടലുകളിലൂടെ ഉത്സവം നടത്താൻ അധികാരവർഗം ശ്രമിച്ചു. അയിത്തത്തിന്റെ കാരണത്താൽ

ദേശത്തെ കെട്ടിയാട്ടക്കാരുമായി വേർപിരിഞ്ഞ സാഹചര്യത്തിൽ ഉത്സവം മുടങ്ങാതിരിക്കാൻ കൊയിലാണ്ടിയിൽനിന്നും പെരുവണ്ണാൻ സമുദായക്കാരെ കൊണ്ടുവന്നാണ് കാവിലെ ഉത്സവം നടത്തിയിരുന്നത് (അനു.: 1.28).

വെള്ളം അയിത്തമാവുമെന്ന ധാരണയിൽ കുളം ഉപയോഗിക്കാൻ പാടില്ലെന്ന് കെട്ടിയാട്ടക്കാരോട് കാവുരായ്മക്കാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ദേശക്കാരൻ തിറ നടത്തിപ്പ് സ്ഥാനമൊഴിഞ്ഞത്. തൊട്ടടുത്ത വർഷത്തിൽ തിറയുമായി ബന്ധപ്പെട്ട് ദേശക്കാർ വല്ല പ്രശ്നങ്ങൾക്കും ഇടയുണ്ടാക്കിയാലോ എന്ന ധാരണയാൽ പോലീസുകാരേയും മറ്റ് ചട്ടമ്പിമാരേയും കാവ് പരിസരത്ത് വിന്യസിപ്പിച്ചുകൊണ്ടാണ് അവർ ഉത്സവം നടത്തിയിരുന്നത് (അനു.: 1.30). പുല്ലാട്ട് തറവാട്ടുകാരാണ് കുടുംബകമ്മിറ്റിയുടെ അടിസ്ഥാനത്തിൽ ഇന്ന് കാവിലെ കർമ്മങ്ങളെല്ലാം ചെയ്തുപോരുന്നതെങ്കിലും മറ്റ് നായർ തറവാടുകളുമായി പുല്ലാട്ട് കാവിന് നല്ല ബന്ധമുണ്ട്. 'കുമുള്ളിൽ' എന്ന നായർ തറവാട്ടുകാരുടെ പക്കലാണ് ഇന്ന് പുല്ലാട്ട് ആരാധിച്ചുവരുന്ന കുലവൻ ദൈവത്തെ ലഭിച്ചതെന്ന് ഒരു കഥ തറവാട്ടുകാർ പരമ്പരാഗതമായി പറഞ്ഞുപോരുന്നുണ്ട്. അവർക്ക് കാവാരാധനരീതികൾ നോക്കി നടക്കാൻ സാമ്പത്തികമായി സാധ്യമല്ലാത്തതിനാലാണ് ആഢ്യത്തപരമായും സാമ്പത്തികമായും അന്നത്തെ കാലത്ത് ഉയർന്നു നിന്നിരുന്ന തറവാട്ടുകാരായ പുല്ലാട്ട തറവാട്ടുകാർക്ക് തങ്ങൾക്ക് ലഭിച്ചെന്നവകാശപ്പെടുന്ന ദൈവത്തെ കുമുള്ളിൽ തറവാട്ടുകാർ ഏൽപ്പിക്കുന്നത്. അടിസ്ഥാനപരമായിട്ടുള്ള കാര്യങ്ങൾ കാവിടങ്ങളിൽ നിറവേറ്റുന്നതിന് സാധ്യമായ രീതിയിൽ പുല്ലാട്ട് തറവാട്ടുകാർ നിലകൊണ്ടതു കൊണ്ടാണ് കുമുള്ളിൽകാർ ആരാധനാകാര്യങ്ങളിലുള്ള ഉത്തരവാദിത്വം പുല്ലാട്ടുകാരെ ഏൽപ്പിക്കുന്നത് (അനു.: 1.43).

കാവ് ദ്രാവിഡാരാധനാപരമായ രീതിയിൽ നിലകൊള്ളുന്ന ആരാധാനാസ്ഥാനമാണെങ്കിലും ആര്യാധിനിവേശസംബന്ധമായ ചില ശേഷിപ്പുകൾ അതിൽ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ക്ഷേത്രങ്ങളിൽ പൂജാകർമ്മങ്ങൾ ചെയ്യുന്ന നമ്പൂതിരി വിഭാഗം ചില പ്രത്യേക വിശേഷ ദിവസങ്ങളിൽ കാവിൽ അവരുടേതായ കർമ്മങ്ങൾ ചെയ്തുപോരുന്നുണ്ട്. പുല്ലാട്ട് കാവുമായി ബന്ധപ്പെട്ട താന്ത്രിക കർമ്മങ്ങളെല്ലാം ചെയ്തിരുന്നത് കുരുവട്ടൂർ പ്രദേശത്ത് തന്നെയുള്ള കോൽപ്പുറത്ത് ഇല്ലക്കാരായിരുന്നു. കെട്ടിയാട്ടക്കാരനായ പെരുമണ്ണാനെപ്പോലെയും പൂക്കുലയും കുരുത്തോലയും എടുക്കേണ്ടിയിരുന്ന

തിയ്യനെപോലെയും തന്നെ താന്ത്രിക കർമ്മങ്ങൾ ചെയ്യുന്നതിനും പ്രത്യേകമായി ചില തറവാട്ടുകാരെ നിയോഗിച്ചിരുന്നു. താന്ത്രിക രീതിയിലുള്ള ചടങ്ങുകളെല്ലാം കാവുമായി ബന്ധപ്പെട്ട് ചെയ്യുന്നുണ്ടെങ്കിലും കാവാരാധനാരീതിയെക്കുറിച്ചുള്ള മുഴവൻ കാര്യങ്ങളിലും ആധികാരികമായ അറിവ് നമ്പൂതിരിവിഭാഗങ്ങൾക്കില്ലായിരുന്നു. കാവിൽ വർഷത്തിൽ ഒരിക്കൽ ഉത്സവമായി നടത്തുന്ന 'തിറയാട്ടം' എന്ന ആഘോഷത്തിന്റെ പേര് പോലും അവർ ഓർത്തു വെക്കുന്നില്ല. കാരണം അവർ ഉൾചേർന്ന് നിൽക്കുന്ന ആരാധനരീതിയല്ല തിറയാട്ടം എന്നതുകൊണ്ടുതന്നെ അതിനെ സംബന്ധിക്കുന്ന യാതൊരു രീതിയിലുള്ള അറിവും സൂക്ഷിക്കേണ്ടതില്ല എന്ന ധാരണ നിലനിൽക്കുന്നുണ്ട്. കാവിടത്തെ സംബന്ധിച്ച് അവിടെ ഒരു സംഗതി നടത്താറുണ്ടല്ലോ എന്നും അതിന് എന്താണ് പറയു എന്നു പോലും ചോദിക്കുന്നുണ്ട്. കാവനുഷ്ഠാനത്തെക്കുറിച്ചും ഉത്സവത്തെക്കുറിച്ചും കൃത്യമായ ധാരണ ഇവർക്കില്ലെന്ന് വ്യക്തമാവുന്ന സന്ദർഭമാണിത്. 'തിറയാട്ടം' എന്ന വാക്ക് തന്നെ അവർക്കന്യമാണ്. വരേണ്യവിഭാഗത്തിന്റെയും അടിയാളവിഭാഗത്തിന്റെയും ആരാധനാരീതികൾ തികച്ചും വ്യത്യസ്തമായിരുന്നു. ജാതി/വർഗ/സംസ്കാര സംബന്ധമായ തലങ്ങളിലൂടെ ഒരേ പ്രദേശത്ത് ജീവിച്ചിരുന്ന മനുഷ്യർ എത്രത്തോളം വൈവിധ്യമായ രീതിയിലാണ് ഇടപെടുന്നത്. ജാതിപരമായ വേർതിരിവുകൾ ആചാരാനുഷ്ഠാനങ്ങളിൽ എത്രമാത്രം പ്രവർത്തിച്ചിരുന്നെന്ന് കണ്ടെത്താൻ സാധിക്കുന്നത് ഇത്തരം രീതിയിലുള്ള വ്യവഹാരങ്ങളിലൂടെയാണ്. കീഴാളരുടെ ആചാരങ്ങളും ഉത്സവങ്ങളും ഒന്നും തന്നെ അറിയാനോ മനസ്സിലാക്കാനോ വരേണ്യവർഗം ശ്രമിച്ചിരുന്നില്ല (അനു.: 2.2, 2.3).

പുല്ലാട്ടുകാവിൽ ഉത്സവസംബന്ധമായ കാര്യങ്ങൾ നിർവഹിക്കുന്നതിന് ചുമതലപ്പെട്ടവർ ആരാണെന്ന് പറയാൻ ഇവർക്ക് സാധിക്കുന്നുണ്ട്. ജാതിപരമായി കുരുവട്ടൂർ പ്രദേശങ്ങളിലെ മുഴവൻ കാവുകളിലേയും ഉത്സവത്തിന് തിറയാട്ടം നടത്തിക്കൊടുത്തുകൊണ്ടിരുന്നത് മണ്ണാറക്കൽ തറവാട്ടുകാർ തന്നെയായിരുന്നു. ഈ കാവുകളിലേക്കൊക്കെയുള്ള താന്ത്രികവിഷയങ്ങൾ മുഴവനും കോൽപ്പുറത്ത് ഇല്ലക്കാരാണ് ചെയ്തു വന്നിരുന്നതെങ്കിലും ജോലി സംബന്ധമായ പല കാരണങ്ങൾ കൊണ്ട് പരമ്പരാഗതമായി തുടർന്നുപോന്നിരുന്ന അത്തരം സംഗതികൾ തുടർന്നുപോരാൻ കോൽപ്പുറത്ത് ഇല്ലത്തുള്ള നമ്പൂതിരിവിഭാഗത്തിന് സാധിച്ചില്ല. ഭൗതികജീവിതത്തിന് പ്രാധാന്യം

കൊടുക്കുന്ന സമയത്ത് ഇത്തരം ആത്മീയ ആചാരങ്ങൾ നിർവഹിക്കുന്നതിനായി മറ്റ് തറവാട്ടുകാർ പിന്നീട് നിയമിക്ക പ്പെടുന്നുണ്ട് (അനു.: 2.4). എല്ലാ കാര്യങ്ങളിലും ജാതീയതയുണ്ടെന്ന് സമർത്ഥിക്കുന്ന രീതിയിലാണ് ശ്രീകുമാരൻ നമ്പൂതിരി സംസാരിച്ചിരുന്നത്. തിറയാട്ടമെന്ന അനുഷ്ഠാന കലാനിർവഹണത്തിന് മുൻപ് കാവിൽ നമ്പൂതിരിയുടെ താന്ത്രികമായ രീതികളിലുള്ള പൂജാദികർമ്മങ്ങൾ ചെയ്യണമെന്നും അത്തരം കർമ്മങ്ങൾ ചെയ്തു കഴിഞ്ഞതിന് ശേഷം മാത്രമേ തിറയാട്ടം തുടങ്ങാൻ സാധിക്കുമായിരുന്നുള്ളൂ എന്നും പറയുമ്പോൾ ജാതിയുടെ മേല്കീഴ് ബന്ധമാണിവിടെ സ്പഷ്ടമാവുന്നത്.

കരുവട്ടൂർ പ്രദേശത്തെ പിന്നോക്ക സമൂഹങ്ങൾക്ക് ആരാധനാ സംബന്ധമായ ഒരിടങ്ങളിലേക്കും പ്രവേശനം ഉണ്ടായിരുന്നില്ല. ഉയർന്ന ജാതിക്കാരുടെ കൃഷിപ്പണിയും മറ്റ് സേവനപ്രവൃത്തികളും തിരിച്ചൊന്നും പ്രതീക്ഷിക്കാതെ അടിമപ്പണി എന്ന രീതിയിൽ ചെയ്തുകൊടുക്കുന്നത് മാത്രമായിരുന്നു അവരിൽ നിക്ഷിപ്തമായിരുന്ന കർത്തവ്യം. മറ്റ് ജോലികളിലേക്കോ മറ്റ് സ്വതന്ത്ര മേഖലകളിലേക്കോ അടിസ്ഥാന വർഗങ്ങൾക്ക് പ്രവേശനാനുമതി ഉണ്ടായിരുന്നില്ല. എല്ലാ സാമൂഹിക ഇടങ്ങളിൽ നിന്നും ജാത്യധിക്ഷേപ വാക്കുകൾ കേട്ട് മാറി നിൽക്കാൻ ശീലിച്ചുപോന്നവരായിരുന്നു അവർ. പ്രത്യേക ജാതിയിൽ ജനിച്ചവർ എന്ന് പറഞ്ഞ് അവരെ സമൂഹം അകറ്റി നിർത്തിയിരുന്നു. അത് തന്നെയാണ് കാവിടങ്ങളിലും സംഭവിച്ചിരുന്നത്. സമൂഹത്തിന്റെ ഉറസുകളിലേക്ക് അവർക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. ഒതുങ്ങിക്കൂടി കാലം കഴിക്കാൻ മാത്രമായിരുന്നു അവർക്ക് സാധിച്ചിരുന്നത്. കാവുപരിസരത്ത് വ്യത്യസ്തമായ ഇടങ്ങളിൽ ജാതിയെ തട്ടുകളായി വിഭജിച്ച് നിർത്താൻ നിരന്തരമായി ശ്രമങ്ങൾ നടന്നിരുന്നു. എന്നാൽ വരുമാനമാർഗം ഒരിക്കലും ത്യജിക്കാൻ അവർ തയ്യാറായിരുന്നില്ല. അത്കൊണ്ടുതന്നെ ഏത് ജാതിയിൽപ്പെട്ട ജനങ്ങളായിരുന്നാലും അവരിൽ നിന്ന് കാവിലേക്ക് ലഭിക്കുന്ന നാണയത്തുട്ടുകൾ സ്വീകരിക്കുന്നതിനായി പ്രത്യേകം പ്രത്യേകം ഭണ്ഡാരങ്ങൾ സ്ഥാപിച്ചിരുന്നു (അനു.: 3.1, 3.2).

### 4.2.3.2 ജാതിയും അധ്വാനചൂഷണവും

കേരളത്തിന്റെ കാർഷികമേഖലയിലെ പ്രവർത്തനങ്ങൾ മുഴുവനും ചെയ്തിരുന്നത് അടിയാളരായ കാർഷിക ജനതയായിരുന്നു. കൃഷി നടത്തിപ്പുകാർ മാത്രമായി

രുന്നു നായർവിഭാഗങ്ങൾ. അവർ ഒരിക്കലും മണ്ണിൽ ഇറങ്ങി പണിചെയ്തിരുന്നില്ല. അടിയാളരെക്കൊണ്ട് തൊഴിലെടുപ്പിച്ച് അതിൽനിന്നും ലഭിക്കുന്ന മുതൽ മുഴുവൻ കരസ്ഥമാക്കിയിരുന്ന ജന്മിമാരായിരുന്നു വരേണ്യർ. അധികാരം കൈമുതലായി കൊണ്ടുനടന്നിരുന്ന ഇവരുടെ കൈകളിലായിരുന്നു നാട്ടിലെ ഭൂമി മുഴുവൻ ഉണ്ടായിരുന്നത്. കീഴാളരായ കർഷകർക്ക് ഭൂമി കൈവശം ഇല്ലാതിരുന്നതിനാൽ പാട്ടത്തിന് ജന്മിമാരിൽനിന്നും കൃഷിഭൂമി കൈപറ്റി മണ്ണിലിറങ്ങി അവർ പണിചെയ്തത്കൊണ്ടു മാത്രം അന്നം കഴിച്ചുപോന്ന അധികാരി വർഗങ്ങളായിരുന്നു വരേണ്യഭൂപ്രമാണിമാർ. പാട്ടം നിശ്ചയിച്ചിരുന്നത് ജന്മിമാരായിരുന്നു. കൃഷിക്കാരന് ലാഭമൊന്നുമില്ലാത്ത രീതിയിലായിരുന്നു പാട്ടം കണക്കാക്കിയിരുന്നത്. നെല്ല് അളന്ന് പാട്ടം കൃത്യമായി ജന്മിമാരെ ഏൽപ്പിക്കേണ്ട ഉത്തരവാദിത്വം മുഴുവനും ഉണ്ടായിരുന്നത് കുടിയാനായിരുന്നു. വാമൊഴി ആഖ്യാനത്തിലൂടെ പങ്കുവെക്കുന്ന ഈ ഓർമകൾ ജാതിയാൽ ചൂഷിതരാക്കപ്പെട്ടവരുടെ ജീവിതയാഥാർത്ഥ്യമാണ് (അനു.: 4.1). ഉത്സവവുമായി നേരിട്ട് ബന്ധമില്ലെങ്കിലും എന്തുകൊണ്ടാണ് ഇത്തരം പരാമർശങ്ങൾ ഈ സന്ദർഭത്തിൽ ഓർമ്മയിലേക്ക് വരുന്നത്, വിഭവങ്ങളുടെ മേലുള്ള അവകാശത്തെപ്പറ്റിയുള്ള ഓർമ്മ സംസ്കാരത്തെപ്പറ്റിയുള്ള ആലോചനയുടെ ഭാഗമായി കടന്നുവരും. സംസ്കാരവും ഒരു വിഭവമാണ്.

കടവിന്റെ അടുത്തുകൂടി അടിയാളർ സഞ്ചരിച്ചാൽ കടവിൽനിന്നും വരേണ്യവിഭാഗം കരയിൽ കയറി നിൽക്കുകയും അടിയാളർപോയതിനുശേഷം മാത്രം വെള്ളത്തിൽ ഇറങ്ങുകയും ചെയ്തിരുന്നു. ഇത്തരം കാട്ടിക്കൂട്ടലുകളെല്ലാം ഒരുതരം ഭ്രാന്തുപിടിപ്പിക്കലായാണ് വളർന്നുവരുന്ന തലമുറയിലുള്ളവർ വിലയിരുത്തിയിരുന്നത് (അനു.: 4.15, 4.16, 4.17). " 'തൊട്ടാൽ അശുദ്ധമാവുമെന്ന ധാരണ'യെ മാനദണ്ഡമാക്കുമ്പോൾ അത് സൈദ്ധാന്തികമായ അർത്ഥത്തിലല്ല, അക്ഷരാർത്ഥത്തിൽത്തന്നെയാണ് പരിഗണിക്കേണ്ടതെന്ന അഭിപ്രായം ഉന്നയിക്കപ്പെടുന്നുണ്ട്. അക്ഷരാർത്ഥത്തിൽ, അസ്പൃശ്യനെന്നാൽ തൊട്ടുകൂടാത്തവനാണ്; അയാളുടെ സ്പർശനം, അശുദ്ധിയുളവാക്കും എന്നതുകൊണ്ട്, ഒഴിവാക്കപ്പെടുന്നു; ഒഴിവാക്കാൻ കഴിയാതെവന്നാൽ അനുഷ്ഠാനപരമായ ശുദ്ധീകരണക്രിയ നടത്തുന്നു" (അംബേദ്കർ. 1997: 231). കീഴാളർ തീണ്ടിയാൽ പ്രശ്നമാകുമെന്നും അയിത്തമാകുമെന്നുമുള്ള ആദ്യകാലത്തെ വ്യവസ്ഥിതിയെ അശ്ലീലം കലർന്ന പരിഹാസത്തോടുകൂടിയാണ് പില്ലാല സ്ത്രീകൾ കണ്ടിരുന്നത് (അനു.: 4.18).

തീർത്തും വരേണ്യരുടെ ആരാധനായിടമായ ക്ഷേത്രങ്ങളിലേക്ക് മാത്രമായിരുന്നില്ല അടിസ്ഥാനവിഭാഗങ്ങൾക്ക് പ്രവശനം നിഷിദ്ധമായിരുന്നത്. ആദ്യകാലങ്ങളിൽ കാവിന്റെ നേർക്ക് നിന്ന് തൊഴാൻ വരേണ്യർ അടിസ്ഥാനവർഗത്തെ അനുവദിച്ചിരുന്നില്ല. അധ്വാന പ്രക്രിയയിൽ ഏർപ്പെട്ടിരുന്ന ഒരു വിധം ജാതിവിഭാഗങ്ങൾക്കെല്ലാം തന്നെ കാവിടം നിഷിദ്ധമായിരുന്നു. എന്നാൽ ഉത്സവദിവസം പെരുവണ്ണാൻ വിഭാഗം കാവുതീണ്ടിയാൽ ചില ജാതിവിഭാഗങ്ങൾക്ക് മാത്രം കാവിൽ പ്രവേശനം സാധ്യമായിരുന്നു എന്നതായിരുന്നു അലിഖിതമായ നിയമം. ദൈവത്തിനെ കൊണ്ടുനടക്കുന്നവരായാലും കെട്ടിയാട്ടക്കാരായാലും അയിത്തം ആചരിക്കേണ്ടിവരുന്നുണ്ട്. ഉത്സവദിവസം കാവിൽ ഇറങ്ങുമ്പോൾ മാത്രമേ അവരെ അയിത്തക്കാരല്ലാതെ കണക്കാക്കുന്നുള്ളൂ. ഉത്സവനടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിറവേറ്റി കഴിഞ്ഞാൽ പിന്നീട് അവർ കാവിൽ കയറുന്നതും അയിത്തമായി തന്നെ സങ്കല്പിച്ചിരുന്നു. എല്ലാ സമയത്തും പ്രവേശനം ഉണ്ടായിരുന്നത് ജാതിവ്യവസ്ഥയ്ക്ക് മുകളിൽ ഉള്ള നമ്പൂതിരിമാർ, നായന്മാർ തുടങ്ങിയ വിഭാഗങ്ങൾക്കായിരുന്നു. ബാക്കിയുള്ള ജനവിഭാഗങ്ങളെല്ലാം തന്നെ കാവിന് പുറത്തായിരുന്നു (അനു.: 4.19, 4.20).

### 4.2.3.3 കാവിലെ തീണ്ടൽ : ജാതിയുടെ പ്രകടനം

കാവനുഷ്ഠാനത്തിലും ജാതി പ്രവർത്തിക്കുന്നുണ്ട്. ഭഗവതിക്കാവായതിനാൽ താലപ്പൊലിക്ക് നല്ല പ്രാധാന്യം ഉണ്ടായിരുന്നു. ഈ പ്രാധാന്യത്തിൽ നിന്നും ജാതിയുടെ പ്രവർത്തനം തെളിഞ്ഞ് കാണാൻ സാധിക്കുന്നുണ്ട്. താലപ്പൊലിയിൽ പങ്കെടുത്തിരുന്നത് നായർ വിഭാഗത്തിലെ ഏറ്റവും പ്രായം ചെന്ന ഒരു മുത്തശ്ശിയും നായർ ജാതിയിൽപ്പെടുന്ന കുട്ടികളുമായിരുന്നു. മറ്റ് ജാതിയിലുള്ള കുട്ടികൾക്കും മുത്തശ്ശിമാർക്കും താലപ്പൊലിയിൽ പങ്കെടുക്കാൻ സാധിച്ചിരുന്നില്ല. ഭഗവതി ത്തിറയുടെ സമയത്താണ് താലപ്പൊലി നടത്തുന്നത്. തിറയുടെ മദ്ധ്യഭാഗത്തായാണ് താലപ്പൊലിയുടെ സമയം. ഭഗവതിയുടെ കോലം കെട്ടിയ പെരുവണ്ണാനും താലപ്പൊലിയോടൊപ്പം കാവ് പ്രദക്ഷിണം ചെയ്യുന്നുണ്ടെങ്കിലും താലപ്പൊലി എടുക്കാനുള്ള സ്വാതന്ത്ര്യം ഉയർന്ന ജാതിവിഭാഗങ്ങൾക്കു മാത്രമേ അനുവദിച്ചു കിട്ടിയിരുന്നുള്ളൂ. പണ്ടുമുതലേ ഇങ്ങനെയാണ് നടന്നുവരുന്നതെന്നാണ് ഊരായ്മക്കാർ അവകാശപ്പെടുന്നത്. എന്നാൽ മുത്തശ്ശിമാർ ബ്ലൗസ് എന്ന മേൽവസ്ത്രം ഇടാതെയായിരുന്നു ആദ്യകാലങ്ങളിൽ ഈ

ചടങ്ങിൽ സംബന്ധിച്ചിരുന്നത്. എല്ലാ ജാതിവിഭാഗങ്ങൾക്കും താലപ്പൊലി എടുക്കാം എന്ന രീതിയിലേക്ക് ഇപ്പോഴും മാറ്റം വന്നിട്ടില്ല (അനു.: 4.24). ജാതിയുടെ അധികാരം ഏപ്പോഴും നിലനിന്നതും ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചതും കീഴാളനിലായിരുന്നു. കാവാചാരങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും ഈ സംഗതികൾ സ്പഷ്ടമാവുന്നുണ്ട്.

തിറ നടത്തിക്കൊടുക്കുമ്പോൾ പെരുവണ്ണാനെ വരേണ്യവിഭാഗം തൊഴുതുനിന്നു. വേഷം മാറുന്നതിനായി കോലം കെട്ടിയ പെരുവണ്ണാൻ ദേഹം വൃത്തിയാക്കാൻ കാവിന്റെ കുളത്തിലിറങ്ങിയാൽ കുളം അശുദ്ധമാവുമെന്ന് പറഞ്ഞ കാരണത്താൽ ഉത്സവം നടത്തികൊടുക്കാൻ ഞങ്ങൾക്ക് സാധിക്കില്ലെന്ന് പെരുവണ്ണാൻ സമുദായം ഊരായ്മക്കാരോട് പറഞ്ഞു. കാവിടങ്ങളിൽ ജാത്യധികാരം എങ്ങനെയെല്ലാം പ്രവർത്തിച്ചിരുന്നുവെന്നും ഈ വ്യവഹാരങ്ങളെല്ലാം കാവുമായി ബന്ധപ്പെട്ട മനുഷ്യരെ അനുകൂലമായും പ്രതികൂലമായും എങ്ങനെ നോക്കിക്കാണാനാണ് ശ്രമിച്ചതതെന്നും കൃത്യമായി കണ്ടെത്താൻ ഉതകുന്ന വസ്തുതകളാണിവ (അനു.: 4.31).

ഒരു ഘട്ടത്തിൽ കാവാചാരങ്ങളുമായി അകലം പാലിച്ച നിൽക്കുകയും വരേണ്യരുടെ അയിത്താചാരങ്ങളെ അംഗീകരിച്ചുകൊണ്ട് മുന്നോട്ട് പോകാൻ ഞങ്ങൾ സന്നദ്ധരല്ലെന്ന അറിയിക്കുകയും ചെയ്തു. ഇവിടെ കീഴാളരുടെ അഭിപ്രായം വ്യക്തമാകുന്നു (അനു.: 4.32).

കെട്ടിയാട്ടക്കാർ അനുഷ്ഠാനങ്ങളിൽനിന്ന് മാറിനിൽക്കുന്നത് അയിത്താചാരങ്ങളുടെ ഭാഗമായി നിലകൊള്ളാൻ സാധിക്കില്ലെന്ന ഉറച്ചതീരുമാനത്തിൽനിന്നുകൊണ്ട് തന്നെയാണ്. ഇത് കെട്ടിയാട്ടക്കാരുടെ തെറ്റായ പ്രവർത്തനമായി എല്ലാ വരേണ്യരും കാണുന്നില്ല. തിറയാട്ടം എന്ന അനുഷ്ഠാനകല കൃത്യമായ രൂപഭംഗിയോടുകൂടി അവതരിപ്പിക്കാൻ പ്രാപ്തിയുള്ളവരാണ് കരുവട്ടൂർ പ്രദേശത്തെ കെട്ടിയാട്ടവിഭാഗമെന്ന് കൂടി ചേർത്തുസംസാരിക്കാനുള്ള ശ്രമം വരേണ്യവിഭാഗത്തിലെ മനുഷ്യരിൽ പ്രകടമായി കാണുന്നുണ്ട്. ജാതിയുടെ പ്രവർത്തനം പരോക്ഷമായും രൂപമാറ്റം സംഭവിച്ചും സമൂഹത്തിൽ നിലനിന്നുകൊണ്ടിരിക്കുന്നു എന്ന നിഗമനത്തിലേക്ക് എത്തിച്ചേരുന്നതിനായുള്ള ഉപാധികളായി കാവാചാരങ്ങളിലെ ജാതിവ്യവഹാരത്തെ സ്ഥാപിക്കാൻ സാധിക്കും.

ജാത്യധികാരം പ്രകടമാവുന്നത് എപ്പോഴും ഉയർന്ന ജാതിയിലുള്ള മനുഷ്യരുടെ പെരുമാറ്റത്തിലൂടെയാണ്. ജന്മിസമ്പ്രദായവും ദായക്രമവും ഈ അധികാരങ്ങൾക്ക് മുതൽക്കൂട്ടാണ്. സമ്പത്ത് കൈവശമുണ്ടായിരുന്നതും ഇവർക്കു തന്നെയാണ്. മറ്റ് ജാതിയിൽപ്പെട്ടവരുടെ കുടിയാന്മാരായി അവരവരുടേതല്ലാത്ത സ്ഥലത്ത് വീടുണ്ടാക്കി താമസിക്കാനും അവർ ഒഴിഞ്ഞു തരാൻ പറഞ്ഞാൽ ഒഴിഞ്ഞുകൊടുക്കാനും മാത്രമേ ദളിതർക്ക് സാധിച്ചിരുന്നുള്ളൂ. ജന്മിമാരുടെ സ്ഥലത്ത് താമസിക്കുമ്പോൾ അവിടെയുള്ള മരങ്ങളും ഫലങ്ങളും എല്ലാം ജന്മിയുടെ അധീനതയിലായിരുന്നു. കുടിയാന്മാർക്ക് ഒന്നിലും അവകാശം ഉണ്ടായിരുന്നില്ല. ഭക്ഷണമില്ലാതെ മിക്ക സമയങ്ങളിലും പട്ടിണി കിടക്കാൻ അവർ നിയോഗിക്കപ്പെട്ടു. മക്കളുടെ വിശപ്പടക്കുന്നതിനായി ചക്ക, പൂള (കപ്പ) പോലുള്ള ഭക്ഷണസാധനങ്ങളായിരുന്നു അരിയെക്കാളുപരി കീഴാളർ ആശ്രയിച്ചിരുന്നത്. എന്നാൽ അതുപോലും നിഷേധിക്കുന്ന ജന്മിമാരുടെ സമീപനത്തെ ചിലർ ഓർത്തെടുക്കുന്നുണ്ട് (അനു.: 5.8, 5.9).

തീണ്ടലിനെക്കുറിച്ചുള്ള ഭീകരമായ അനുഭവങ്ങളാണ് വാമൊഴി ആഖ്യാനങ്ങളിലൂടെ പങ്കുവെക്കപ്പെടുന്നത്. പെരുവണ്ണാൻ കാവുതീണ്ടി വാദ്യക്കാരോടൊപ്പം കാവിലേക്ക് പ്രവേശിക്കുന്ന സമയത്ത് കാവിലെ താന്ത്രിക കർമ്മങ്ങൾ ചെയ്തുവരുന്ന പൂജാരി തീണ്ടലാവുന്നതിൽനിന്ന് ഓടിക്കളയുമായിരുന്നു എന്നു പറയുമ്പോൾ അയിത്തത്തിന്റെ പ്രകടനമായി അതിനെ മനസ്സിലാക്കാം. കീഴാളരായവരെ തീണ്ടിപ്പോയാൽ താൻ അശുദ്ധിയാവുമെന്ന വിചാരത്താലാണ് പണ്ടത്തെ നമ്പൂതിരി അങ്ങനെ ഓടിരക്ഷപ്പെട്ടിരുന്നതെന്ന് വ്യക്തമാണ് (അനു.: 6.10).

ജാത്യടിസ്ഥാനത്തിലാണ് സാമൂഹികമായ പ്രവർത്തനങ്ങളിൽ ജനങ്ങൾ മുഴുകിയിരുന്നത്. 'മാറ്റ് കൊടുക്കുക'[11] എന്ന സമ്പ്രദായം കേരളീയസമൂഹത്തിൽ ഒരു കാലത്ത്

[11] കേരളത്തിലെ പ്രാചീനാചാരങ്ങളിലൊന്ന്. വണ്ണാത്തി(മണ്ണാത്തി)യോ വേലത്തിയോ വയ്ക്കുന്ന തുണിയാണ് മാറ്റ്. ചത്താലും പെറ്റാലും ഋതുവായാലും ആശൗചം നീങ്ങുവാൻ മാറ്റുടുത്തു കുളിക്കണമെന്നാണ് പഴയ നിയമം. പ്രസവിച്ച സ്ത്രീകളുടെ അശുദ്ധിയും, മരിച്ചാലുള്ള പുലയും ഋതുവായാലുള്ള അശുദ്ധിയും നീങ്ങുവാൻ പല സമുദായക്കാരും മാറ്റുടുത്തു കുളിക്കും. സവർണ്ണസമുദായക്കാർക്കിടയിൽ മാറ്റുടുത്തുകുളി പതിവുണ്ട്. അവർണ്ണരിൽ ചിലർക്കുമാത്രമേ ഈ ആചാരമുള്ളൂ. പണ്ട് രാജഹിതത്തിനെതിരായി പ്രവർത്തിച്ചവർക്ക് നൽകിവന്ന ശിക്ഷകളിലൊന്നത്രേ 'ഈറ്റുംമാറ്റും' വിലക്കുകയെന്നത്. മറ്റേതു ശിക്ഷയേക്കാളും ജനങ്ങൾ ഇതിനെ ഭയപ്പെട്ടിരുന്നു (വിഷ്ണുനമ്പൂതിരി, 2000: 720).

ഒഴിച്ചുകൂടാനാവാത്ത സംഗതിയായിരുന്നു. ആ കാലഘട്ടങ്ങളിൽ പെരു വണ്ണാൻ സമുദായമായിരുന്നു ഇതിന് നിയോഗിക്കപ്പെട്ടവർ. വല്ല തെറ്റോ ചെയ്ത് കുറ്റക്കാ രായി മാറിയിരുന്ന കുടുംബാംഗങ്ങൾക്ക് മാറ്റ് നിഷേധിക്കുക പോലുള്ള ഇടപെടലുകൾ നാട്ടുരാജാക്കന്മാരുടെ ഭാഗത്തുനിന്നും ഉണ്ടായിരുന്നു. ഇത്തരം കീഴ് വഴക്കങ്ങൾ ക്കെല്ലാം ആധാരമായിരുന്നത് ജാതിവ്യവസ്ഥിതി തന്നെയായിരുന്നു (അനു.: 7.2).

### 4.2.3.4 ജന്മിത്തത്തിൽ വന്ന മാറ്റവും കാവനുഷ്ഠാനങ്ങളും

അധികാരം സാമൂഹികവ്യവഹാരങ്ങളിലൂടെ പ്രതിഫലിക്കുന്നുണ്ട്. അധികാരം നിർണയിക്കപ്പെടുന്നതും ബലവത്താവുന്നതും ജാതിയുടെ ഉയർച്ചതാഴ്ചകൾക്കനുസരി ച്ചാണ്. അതുകൊണ്ടുതന്നെ ജാതിശ്രേണിയിൽ ഉയർന്നവരുടെ കൈവശം തന്നെ യാണ് അധികാരവും കേന്ദ്രീകരിച്ചിരിക്കുന്നത്. ഭരണസംവിധാനങ്ങളിലൊക്കെയും പ്രവർത്തിച്ചിരുന്നത് ഉയർന്ന ജാതിയിൽപ്പെട്ട ആളുകളായിരുന്നു. അതുകൊണ്ട് തന്നെ കർഷകരും അടിമപ്പണിക്കാരുമായിരുന്ന വിഭാഗങ്ങൾക്കൊന്നും ഒരിക്കലും നീതി ലഭിച്ചിരുന്നില്ല. കഷ്ടതകൾ നിറഞ്ഞ ജീവിതത്തിലൂടെ അവർ നിലനിൽപ്പിനുവേണ്ടി ശബ്ദമുയർത്താൻ സാധിക്കാത്തവരായി ജീവിതം തള്ളിനീക്കി. അംശം അധികാരി എന്ന സ്ഥാനമായിരുന്നു അന്നത്തെ കാലത്ത് വില്ലേജ് അസിസ്റ്റന്റിന്. ആ സ്ഥാനം കുറ്റ്യായത്തിൽ എന്ന നായർ തറവാട്ടിലെ ഒരു വ്യക്തിക്കായിരുന്നു. കോൽക്കാരൻ, മേനോൻ എന്നെല്ലാം പറയുന്ന അധികാരസ്ഥാനമാനങ്ങളായിരുന്നു അന്നത്തെ കാല ത്തുണ്ടായിരുന്നത്. ഈ സ്ഥാനമാനങ്ങളെല്ലാം ഇത്തരത്തിൽ സമൂഹത്തിന്റെ ഉയർന്ന ജാതിയിൽപ്പെട്ടവർക്ക് ലഭിച്ചിരുന്നതായിരുന്നു. അധികാരവും ഭൂമിയും എല്ലാം ഉന്നത രുടെ കൈകളിലായിരുന്നു. അവരുടെ ജീവിതം സുഗമമാക്കുന്നതിനായി തുച്ഛമായ കൂലിക്ക് വേണ്ടി കഷ്ടപ്പെട്ട സാധാരണക്കാരായ മനുഷ്യർ മാത്രമായിരുന്നു ബാക്കി വരുന്ന ജനവിഭാഗങ്ങളൊക്കെയും (അനു.: 10.2). അന്നെല്ലാം അടിമത്തപരമായ ജീവി തമായിരുന്നു. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നിലയിലായിരുന്നു ജീവിതശൈലി. തുല്യത എന്നൊരു സങ്കല്പനം പോലുമുണ്ടായിരുന്നില്ല (അനു.: 10.3).

അധഃകൃതസമുദായങ്ങളിലുള്ള ഭൂരിഭാഗം ജനങ്ങളും കർഷകരായിരുന്നു. പാട്ട കുടിയാന്മാരായിരുന്ന ഇവർക്ക് കൃഷി ചെയ്ത് കിട്ടുന്ന നെല്ല് പാട്ടമളന്ന് നൽകാനേ

കഴിഞ്ഞിരുന്നുള്ളൂ. പകലന്തിയോളം പണിയെടുത്താൽ കൂലിയായി നെല്ല് തന്നെയാണ് ലഭിച്ചിരുന്നത്. കുടുംബത്തിൽ എല്ലാവർക്കും വിശപ്പ് മാറ്റുന്നതിനായി തുച്ഛമായി കിട്ടുന്ന ആ നെല്ല് കൊണ്ട് സാധിച്ചിരുന്നില്ല. വിളയുന്ന നെല്ല് മുഴുവൻ പാട്ടമളന്ന് കൊടുക്കേണ്ട ഗതികേടായിരുന്നു ഇവർക്കുണ്ടായിരുന്നത്. ബ്രിട്ടീഷ് ഭരണത്തിനു കീഴിലും അധഃകൃതരുടെ ഈ ജീവിതത്തിൽ മാറ്റമൊന്നുമുണ്ടായിരുന്നില്ല. അത് കൂടുതൽ ബുദ്ധിമുട്ടിലായിത്തീരുകയാണ് ചെയ്തത്. നിയമം, പോലീസ് തുടങ്ങിയവയിലൂടെയെല്ലാം ബ്രിട്ടീഷുകാർ ജന്മികൾക്ക് പിന്തുണ നൽകി. അതുകൊണ്ട് തന്നെ ജന്മി കുടിയാൻ ബന്ധം ബ്രിട്ടീഷ്ഭരണകാലഘട്ടത്തിൽ കൂടുതൽ സങ്കീർണ്ണമായിത്തീരുകയാണുണ്ടായത്. നിയമങ്ങളും മറ്റ് സംവിധാനങ്ങളും ബ്രിട്ടീഷ് ഭരണ കാലഘട്ടത്തിലൂടെ ശക്തമായി തുടരുകയാണുണ്ടായത്. നാട്ടുനടപ്പുകളനുസരിച്ച് നീങ്ങിയിരുന്ന വ്യവസ്ഥകളെ നിയമത്തിന്റെ വഴികളിലേക്ക് സന്നിവേശിപ്പിക്കാനാണ് ബ്രിട്ടീഷുകാർ ശ്രമിച്ചത്. അത് പലപ്പോഴും ജന്മിമാരുടെ തെറ്റുകൾ മൂടിവെക്കപ്പെടുന്ന രീതികളിലേക്കാണ് വഴിമാറിയിട്ടുള്ളത്. നിയമങ്ങൾ സംരക്ഷിക്കുന്നതിനായി 'അധികാരി'കളെ നിയമിച്ചിരുന്നു. പുല്ലാട്ടുകാവിന്റെ പരിസരത്ത് ഇത്തരം ഓർമ്മകൾ പങ്കുവെക്കുന്ന മനുഷ്യർ ജീവിച്ചിരിക്കുന്നുണ്ട്. ഇത്തരം അധികാരികളുടെ കീഴിൽ അന്നത്തെ സാമൂഹ്യജീവിതം ദുരിതപൂർണമായിരുന്നു.

കാവുത്സവദിവസം കാവധികാരികൾ കെട്ടിയാട്ടക്കാർക്ക് ഭക്ഷണം നൽകുന്നുണ്ട്. അങ്ങനെ ഭക്ഷണം നൽകുന്നത് ശ്രദ്ധിച്ചാൽ അയിത്തത്തിന്റെ ഏറ്റവും ശക്തമായ തലങ്ങൾ വ്യക്തമാവുന്നുണ്ട്. കീഴാളർക്ക് വരേണ്യർ കല്പിച്ചു നൽകിയിരുന്ന അയിത്തം ഭക്ഷണം നൽകുന്നതിൽ ഏറ്റവും ശക്തമായ രീതിയിൽ തെളിഞ്ഞു കാണുന്നുണ്ട്. കീഴാളർ വരേണ്യരുടെ മുന്നിൽനിന്ന് ഭക്ഷണം കഴിച്ചിരുന്നത് മാത്രം നോക്കിയാൽ മതിയാവും അയിത്തത്തിന്റെ വലിപ്പം മനസ്സലാക്കാൻ. മണ്ണിൽ കുഴികുഴിച്ചിട്ട് അതിൽ ഇല വച്ചതിന്റെ മുകളിൽ കഞ്ഞി ഒഴിച്ച് മുക്കി കുടിച്ചിട്ടായിരുന്നു അടിസ്ഥാന വർഗം വിശപ്പകറ്റിയിരുന്നത്. തീക്ഷ്ണമായ ഇത്തരം അയിത്താനുഭവങ്ങളിലൂടെ കടന്നു പോവേണ്ടി വരുന്നത് സമൂഹത്തിലെ അടിസ്ഥാന വിഭാഗങ്ങൾക്ക് മാത്രമാണ്. ഇതേ രീതിയിലുള്ള അനുഭവങ്ങൾ മാത്രമായിരുന്നു കീഴാളന് കാവിടങ്ങളിൽ ഉണ്ടായിരുന്നത് (അനു.: 1.3). "അസ്പൃശ്യജാതികളിൽ ആരോപിക്കുന്ന സാമൂഹ്യമായ അശുദ്ധി അർത്ഥ

മാക്കുന്നതിത്രമാത്രമാണ് : ഉയർന്ന ജാതിയിൽപ്പെട്ടയാൾ അസ്പൃശ്യനിൽ നിന്ന് ഭക്ഷണ പാനീയങ്ങൾ സ്വീകരിക്കുകയില്ല. അസ്പൃശ്യനെ തൊടുകയോ അയാളുമായി ഉറ്റ സമ്പർക്കം പുലർത്തുകയോ ചെയ്താൽ ഉയർന്ന ജാതിക്കാരൻ ഭക്ഷണം കഴിക്കുന്നതിന് മുമ്പ് മറ്റുയർന്ന ജാതിക്കാരുമായി ഇടപഴകുന്നതിനുപോലും മുമ്പ്, സ്നാനകർമം നടത്തിയിരിക്കണം" (അംബേദ്കർ, 1997: 236)

### 4.2.3.5 അനുഷ്ഠാനം എന്ന കൂലിയില്ലാവേല

ഏത് തരത്തിലുള്ള ജോലിയിൽ ഇടപെടുന്ന കീഴാളജനവിഭാഗങ്ങൾക്കും ആദ്യ കാലങ്ങളിൽ ഒരു വിധത്തിലുള്ള കൂലിയും ലഭിച്ചിരുന്നില്ല. തുച്ഛമായ എന്തെങ്കിലും ലഭിച്ചാൽ മറുത്തൊന്നും പറയാതെ അതും വാങ്ങി തിരിച്ചുപോരാൻ മാത്രമേ കീഴാള നായ ഏതു തൊഴിലിൽ ഏർപ്പെട്ടവർക്കും സാധിക്കുമായിരുന്നുള്ളൂ. തൊഴിൽ ചൂഷണ മാണ് എല്ലാ മേഖലകളിലും നടന്നിരുന്നത്. കാവിടങ്ങളിലെ പ്രവൃത്തിയെ തൊഴിൽ എന്നതിലുപരി ഒരു ആത്മീയപ്രവർത്തനമായി വിവക്ഷിക്കുന്നതിനാൽ ചെയ്യുന്ന പ്രവൃത്തിക്ക് ലഭിക്കുന്ന കൂലിക്ക് കൃത്യമായ കണക്ക് പറയാൻ സാധിക്കാത്ത അവസ്ഥ യിലൂടെ കീഴാളർക്ക് കടന്നുപോവേണ്ടിവരുന്നു. അനുഷ്ഠാനപരമായി നിറവേറ്റപ്പെടേ ണ്ടിയിരുന്ന കർത്തവ്യങ്ങൾ കൂലിയൊന്നുമില്ലെങ്കിലും നിറവേറ്റാൻ അടിസ്ഥാനവർഗം തയ്യാറായിരുന്നു. തൊഴിൽചെയ്യുന്നതിന് അനുസൃതമായുള്ള കൂലിയൊന്നും ലഭിച്ചില്ലെ ങ്കിലും ചില അവകാശങ്ങൾ ഊരായ്മക്കാർ കീഴാളന് കൊടുത്തിരുന്നു. ആ അവകാശങ്ങ ളിൽപ്പെട്ടൊരു സംഗതിയാണ് 'പട്ടും വളയും' നൽകുന്നത്. പുല്ലാട്ട് കാവിലെ ഭഗവതി യുടെ തിറകെട്ടുന്നത് ആരായാലും അവർക്ക് ലഭിക്കുന്ന ഒന്നാണ് ഈ പട്ടും വളയും. അത് നല്കുമ്പോൾ അവകാശമാണെന്ന കേളിയോടുകൂടി കെട്ടിയാട്ടക്കാർക്ക് കൊടുക്കു ന്നുണ്ടെങ്കിലും പിറ്റേന്ന് രാവിലെ അത് തിരിച്ചേൽപ്പിക്കേണ്ടി വരുന്നുണ്ട്. അങ്ങനെ തിരിച്ചേൽപ്പിക്കേണ്ടി വരുമ്പോൾ അവർ പുണ്യാഹം കുടഞ്ഞ് ശുദ്ധിയാക്കിയതിനു ശേഷമാണ് വള തിരിച്ചു സ്വീകരിക്കുന്നത്. ജാതിയിൽ താഴ്ന്നവർ ഉപയോഗിച്ചതാണെ ന്നതിനാൽ ശുദ്ധിചെയ്തതിന് ശേഷം മാത്രമേ അവർ വള തിരിച്ചു സ്വീകരിക്കാൻ തയ്യാറാവുന്നുള്ളൂ. ഇങ്ങനെ ചെയ്യുമ്പോൾ അവകാശത്തിന്റെ പേര് പറഞ്ഞ് അയിത്തം സംരക്ഷിക്കുന്നതാണ് കാണാൻ സാധിക്കുന്നത്. വള കിട്ടുന്ന സമയത്ത് അതൊരു ശക്തിയും ബലവുമായി കൊണ്ടാണ് കീഴാളർ കണ്ടിരുന്നത്. വർഷത്തിൽ ഒരു ദിവസം

മാത്രം അവർക്ക് ഒരു പരിഗണനയും അധികാരവും ലഭിക്കുന്നത് ഈ പട്ടും വളയും ലഭിക്കുന്നതിലൂടെയാണ് (അനു.: 1.6). ഭഗവതിയുടെ തിറ കെട്ടുന്ന ആൾക്ക് മാത്രമേ പട്ടും വളയും നൽകുകയുള്ളൂ. അങ്ങനെ നല്കുന്ന പട്ടും വളയും ഒരു അഭിമാനമായാണ് കെട്ടിയാട്ടക്കാർ കൊണ്ടു നടന്നിരുന്നത്. അതിലൂടെ വർഷത്തിൽ ഒരു തവണമാത്രം തങ്ങൾ വലിയവരാണെന്നും ബഹുമാനിക്കപ്പെടേണ്ടവരാണെന്നും അവർ കരുതി (അനു.: 1.7). ബഹുമാനം വരേണ്യർ നിശ്ചയിക്കുന്ന രീതിയിലായിരുന്നു ലഭിച്ചിരുന്നത്. തിറയാട്ടം നടക്കുന്ന സമയത്ത് മാത്രം ദേവിയുടെ വള അണിഞ്ഞ കോലക്കാരൻ ബഹുമാനിതനായി. ആ ദിവസം മാത്രമേ ആചാരത്തിന്റെ ഭാഗമായി ചില പരിഗണനകൾ കെട്ടിയാട്ടക്കാരന് ലഭിച്ചിരുന്നുള്ളൂ. അനുഷ്ഠാനാചാരങ്ങൾ നിറവേറ്റി തിരിച്ച് സ്വന്തം തറവാട്ടിലേക്ക് കെട്ടിയാട്ടക്കാരൻ മടങ്ങുമ്പോൾ തുച്ഛമായ പ്രതിഫലത്താൽ തൃപ്തിയാകേണ്ടി വന്നിരുന്നു. പലപ്പോഴും ആ ബോധ്യം അവർക്കുണ്ട്. 'ഒരഞ്ചുറുപ്പിക ഇങ്ങോട്ട് തരും അതും വാങ്ങിക്കൊണ്ട് ഇങ്ങോട്ട് പോന്നാള്ആ' എന്ന് പറയുമ്പോൾ കിട്ടുന്നത് വാങ്ങിപോരാൻ മാത്രമേ അന്നത്തെ അവസ്ഥയനുസരിച്ച് സാധിച്ചിരുന്നുള്ളൂ എന്ന് വ്യക്തമാണ് (അനു.: 1.13). കാവനുഷ്ഠാനങ്ങളിൽ പ്രബലമായി ജാതിനില നിന്നിരുന്നതിനാൽ തിറയാട്ടം നടത്തേണ്ട ജാതിസമൂഹം പെരുവണ്ണാന്മാരായതിനാൽ കെട്ടിയാട്ട സമുദായത്തിലുള്ള സമീപപ്രദേശങ്ങളിൽനിന്നുപോലും പെരുവണ്ണാന്മാർ പുല്ലാട്ടുകാവിലെ അനുഷ്ഠാനങ്ങളിൽ പങ്കെടുത്തിരുന്നു (അനു.: 1.18).

ചില ജാതിനിർബന്ധങ്ങൾ അനുഷ്ഠാനത്തിലൂടെ കാണാൻ സാധിക്കുന്നുണ്ട്. ദേശപ്പെരുവണ്ണാൻ എന്ന രീതിയിൽ അതത് ദേശത്തുള്ളവർ മാത്രമേ ഭഗവതിത്തിറ കെട്ടാൻ പാടുള്ളൂ എന്ന തരത്തിലുള്ള പരമ്പരാഗതമായി തുടർന്നുപോരുന്ന ജാതിനിർബന്ധങ്ങൾ പുല്ലാട്ടുകാവിനെ സംബന്ധിച്ച് കീഴ്‌വഴക്കമായി തുടർന്നുപോന്നിരുന്നു (അനു.: 1.19). ജാതിസംഘർഷത്തിന്റെ ഭാഗമായി ദേശക്കാർ തിറയാട്ടം നടത്തിക്കൊടുക്കാതെ മാറിനിന്ന സാഹചര്യം പുല്ലാട്ടുകാവുമായി നിലനിന്നുപോന്നിരുന്ന ജാതിനിർബന്ധങ്ങൾ തെറ്റാൻ കാരണമായ സംഗതിയാണ്. ഈ സന്ദർഭത്തിലാണ് ആദ്യമായി മറ്റ് ദേശക്കാർ പുല്ലാട്ടുകാവിൽ തിറയാട്ടം നടത്തുന്നത്. പിന്നീട് പല സന്ദർഭത്തിലും ഇത്തരം മാറ്റങ്ങളുണ്ടായി. ചില നിബന്ധനകൾ പൊളിയാനത് കാരണമാവുകയും ചെയ്തു. ജാതി അവസ്ഥകളിലൂടെ കടന്നു പോയിട്ടുള്ള ചരിത്രം പുല്ലാട്ടുകാവുമായി ബന്ധ

പ്പെട്ട് ചരിത്രത്തിന്റെ അബോധങ്ങളിൽ ലയിച്ച ചേർന്നിട്ടുണ്ട്. വാമൊഴിയിലൂടെ ചരിത്രത്തിൽ മൂടിപ്പോയ ഇത്തരം ജാതിസംഘർഷാവസ്ഥകൾ കണ്ടെടുക്കേണ്ടതുണ്ട് (അനു.: 1.28).

'57ന് ശേഷാണ് മ്പള് മ്പളായത് ' എന്ന് കൃഷ്ണൻകുട്ടി കാർണോര് പറയുന്നുണ്ട്. എല്ലാവരേയും മനുഷ്യരായി പരിഗണിക്കാൻ തുടങ്ങിയത് ആധുനിക കേരളത്തിന്റെ പിറവിയോടെയായിരുന്നു. തൊഴിലിന്റേയും ജാതിയുടേയും അടിസ്ഥാനത്തിൽ മനുഷ്യരെ തീർത്തും അവഗണിച്ചിരുന്ന സാമൂഹികപരിസരമായിരുന്നു കേരളത്തിന്റെ ഇന്നലെകൾ. ഓരോ വ്യക്തികൾക്കും തങ്ങളുടെ ജാതിത്തൊഴിലിൽ ഏർപ്പെടാൻ മാത്രമേ അധികാരികൾ അനുവദിച്ചിരുന്നുള്ളൂ. വലിയ തറവാടുകൾ പറയുന്നതെന്താണോ അത് മാത്രമേ ചെയ്യാൻ സാധ്യമായിരുന്നുള്ളൂ എന്ന് ആവേദകർ പങ്കുവെക്കുന്നുണ്ട് (അനു.: 1.51).

കുലത്തൊഴിലുകളിൽനിന്നും വ്യതിചലിക്കാൻ ജന്മിമാർ സമ്മതിച്ചിരുന്നില്ല. വരേണ്യഅധീശത്വവിഭാഗത്തിന്റെ വലിയ പറമ്പുകളിലെ സകല ജോലികളും നിറവേറ്റപ്പെട്ടത് ജാതി അടിസ്ഥാനത്തിലുള്ള തൊഴിൽ മേഖലയിലൂടെ തന്നെയായിരുന്നു. തിയ്യർ, മണ്ണാൻ, നമ്പൂതിരി, നായര് തുടങ്ങിയവർക്കൊക്കെയും ജാതിയുമായി ബന്ധപ്പെട്ട തൊഴിൽ മേഖലയിൽനിന്നും മാറി ചിന്തിക്കുക സാധ്യമായിരുന്നില്ല. ജാതി മാറിയുള്ള തൊഴിലുകൾക്കായി ആരും ആരെയും വിളിച്ചിരുന്നില്ല. പരമ്പരാഗതമായി തുടർന്ന് പോന്നിരുന്നതും ജാതി അടിസ്ഥാനത്തിൽ ദൃഢമായി ബലപ്പെട്ടുപോന്നിരുന്നതുമായിരുന്നു ഓരോ തൊഴിൽമേഖലയും. തിയ്യർക്ക് പ്രധാനമായിട്ട് കള്ള് ചെത്തും തെങ്ങുകയറ്റവുമായിരുന്നു തൊഴിൽ. ഈ ജോലിയിൽനിന്നുമാത്രമായിരുന്നു തിയ്യർ ഉപജീവനമാർഗം കണ്ടെത്തിയിരുന്നത്. പെരുവണ്ണാന്മാർക്ക് കാവുകളിലെ ഉത്സവവും തുണി അലക്കും ആയിരുന്നു പ്രധാന ഉപജീവനമാർഗ്ഗം. ഒരു പ്രദേശത്തുള്ള കാവുകളിൽ മുഴുവനും ആ ദേശത്തുള്ള പെരുവണ്ണാന്മാരായിരുന്നു ഉത്സവം നടത്തിക്കൊടുത്തിരുന്നത്. അതിന് മാറ്റങ്ങൾ ഉണ്ടാവാറില്ലായിരുന്നു. ജാതിപരമായ സംഘർഷാവസ്ഥ നിലിനിന്ന സാഹചര്യത്തിലാണ് പുല്ലാട്ടുകാവിലെ ഉത്സവം ദേശപെരുവണ്ണാനല്ലാതെ മറ്റ് പ്രദേശങ്ങളിൽനിന്നും വന്നവർ ഏറ്റെടുത്ത് നടത്തേണ്ടിവന്നത്. തുണി അലക്ക് കാര്യത്തിലാണെങ്കിൽ ഓരോ വീടുകളിലും പോയി അലക്കാനുള്ള തുണി

ശേഖരിച്ചുകൊണ്ടുവന്ന് അലക്കിവെളുപ്പിച്ച് അവിടെ കൊണ്ടുപോയി കൊടുക്കണമായി രുന്നു. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും സാമൂഹിക ജീവിതത്തിൽ പ്രതിഫലിച്ചിരുന്നു. താഴ്ന്നജാതിക്കാർ എന്ന് വിവക്ഷിക്കപ്പെട്ട മനുഷ്യർക്കൊന്നും മോലാളരുടെ കോലായി ലേക്കോ മറ്റിടങ്ങളിലേക്കോ പ്രവേശനം ഉണ്ടായിരുന്നില്ല. വരേണ്യരുടെ എന്തെങ്കിലും വസ്തുക്കൾ തൊട്ടാൽ അത് അയിത്തമായി പോവുകയും ആ വസ്തു പിന്നീട് വരേണ്യർക്ക് ഉപയോഗിക്കാൻ സാധിക്കാതെ വരുകയും ചെയ്തിരുന്നു. അയിത്തമെന്ന സങ്കല്പനമായി രുന്നു ഇതിന്റെയെല്ലാം അടിസ്ഥാന ഹേതു. വരേണ്യർ കഴിക്കുന്ന പാത്രം ഉപയോഗി ക്കാൻ അനുവാദമില്ലാതിരുന്നതിനാൽ കീഴാളർക്ക് പാത്രത്തിലൊന്നും ഒരിക്കലും ഭക്ഷണം കഴിക്കാൻ അവകാശമുണ്ടായിരുന്നില്ല. ചിരട്ടയിലോ മണ്ണിൽ കുഴി കുഴിച്ചിട്ട് ഇല വച്ച് അതിലോ ആയിരുന്നു ജാതിയിൽ താഴ്ന്നവർക്ക് ഭക്ഷണം കൊടുത്തിരു ന്നത്. അടിയാളർ ഉപയോഗിച്ചിരുന്ന വസ്തുക്കളൊന്നും വരേണ്യർ സ്പർശിക്കുകപോലും ചെയ്തിരുന്നില്ല. കീഴാളർക്ക് നേരെ ശക്തമായ അയിത്തം വരേണ്യവിഭാഗം വെച്ചുപുലർ ത്തിയിരുന്നു. മറ്റുള്ള ജാതിവിഭാഗങ്ങളെല്ലാം അടിമകളെന്ന രീതിയിലാണ് ജീവിച്ചിരു ന്നത്. താഴ്ന്ന വിഭാഗക്കാരുടെ പ്രധാന തൊഴിൽ ജന്മിമാരുടെയും തമ്പ്രാക്കന്മാരുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുക എന്നതായിരുന്നു. പണിയെല്ലാം കഴിഞ്ഞ് ജന്മി യുടെ മുന്നിലെത്തിയാൽ 'ഇന്നൊന്നല്ല്യാ - പൊയ്ക്കോടാ' എന്ന് പറഞ്ഞ് ആട്ടി ഓടിക്കുന്ന രീതിയിലുള്ള ഇടപെടലുകളായിരുന്നു വരേണ്യവിഭാഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായി രുന്നത്. കൂലിയൊന്നുമില്ലാതെ പണിയെടുക്കാൻ വിധിക്കപ്പെട്ടവരായിരുന്നു ഒരു കാലത്ത് അധഃസ്ഥിതവർഗത്തിൽ പ്പെട്ട മുഴവൻ ജനങ്ങളും (അനു.: 1.49).

കാവിൽ പ്രത്യേകരീതിയിലുള്ള സ്ഥാനമായിരുന്നു ഓരോ തൊഴിലിൽ ഏർപ്പെടുന്നവർക്കും ഉണ്ടായിരുന്നത്. ഓരോജാതി വിഭാഗത്തിന്റേയും ഇടങ്ങളിലേക്ക് മറ്റ് ജാതിവിഭാഗങ്ങൾക്ക് പ്രവേശിക്കൽ സാധ്യമായിരുന്നില്ല. ഓരോ വിഭാഗങ്ങൾക്കും വ്യത്യസ്തമായ സ്ഥാനം കാവിടങ്ങളിൽ നിർണയിക്കപ്പെട്ടിരുന്നു. തിയ്യർ പൂക്കുലയും കുരുത്തോലയും എടുത്ത് കാവിൽ എത്തിക്കേണ്ടിയിരുന്നു. പൂക്കുല എടുക്കുന്നതിന് മാത്രമായി പരമ്പരാഗതമായി അവകാശം ലഭിച്ചിരുന്ന വീടുകളും ഉണ്ടായിരുന്നു. 'തറേലെ തിയ്യർ' എന്നൊരു പ്രയോഗം നിലനിന്നിരുന്നു. അവർക്കായിരുന്നു

കുരുത്തോല എടുക്കാൻ അവകാശം ഉണ്ടായിരുന്നത്. ജാതിയങ്ങനെ തൊഴിലിലൂടെ സ്ഥാപിക്കപ്പെട്ടുപോന്നു.

പകലന്തിയോളം തൊഴിലെടുത്താലും വിശപ്പ് മാറ്റുന്നതിനായി ഒരു നല്ല നെല്ലു പോലും ലഭിക്കാതിരുന്ന ഒരുപാട് ദിനങ്ങൾ ഉണ്ടായിരുന്നു. രണ്ടുമൂന്ന് ദിവസമൊക്കെ എന്തായാലും പട്ടിണി കിടക്കേണ്ടിവന്നിരുന്നു. എന്ന് ആവേദകർ പങ്കുവെക്കുന്നു. സ്കൂളിൽ പഠിക്കുന്നകാലത്തെക്കുറിച്ചുള്ള ഓർമകൾ ആവേദകർ പങ്കുവെക്കുമ്പോൾ, അത്രയ്ക്കും കഷ്ടതയാർന്ന ജീവിതം നയിച്ചിരുന്ന ഒരു പിൻതലമുറയെക്കുറിച്ചുള്ള ബോധ്യം നമുക്കുണ്ടാവുന്നുണ്ട്. പനയും കുമ്പളത്തിന്റെ ഇലയുമെല്ലാമായിരുന്നു പാവങ്ങളുടെ വിശപ്പടക്കിയിരുന്ന പ്രധാന ഭക്ഷണസാധനങ്ങൾ. ചോറും കഞ്ഞിയുമെല്ലാം ജന്മിമാരുടേയും വരേണ്യരുടേയും പണമുള്ളവരുടേയും ഭക്ഷണസാധനങ്ങളായിരുന്നു. സാധാരണക്കാരായ മനുഷ്യർ അധികവും പട്ടിണിക്കിടക്കുകയും അല്ലെങ്കിൽ ചക്ക, പന, കുമ്പളത്തിന്റെ ഇല പോലുള്ള കാര്യങ്ങൾ ഭക്ഷിച്ച് വിശപ്പുമാറ്റുകയുമായിരുന്നു ചെയ്യാറ്. ജന്മിമാർക്കും ഉയർന്ന ജാതിയിലുള്ളവർക്കും തൊഴിലെടുക്കാതെതന്നെ വയറുനിറച്ചും ഭക്ഷണം കഴിക്കാമായിരുന്നെങ്കിൽ നിത്യവും പകലന്തിയോളം തൊഴിലെടുക്കുന്ന കർഷകർക്കും ജന്മിമാരുടെ മറ്റ് തൊഴിലിൽ ഏർപ്പെടുന്നവർക്കും ഒരു കാരണവശാലും വയറുനിറച്ചും ഭക്ഷണം കഴിക്കുവാനുള്ള അവസ്ഥ ആദ്യ കാലഘട്ടങ്ങളിൽ ഉണ്ടായിരുന്നില്ല (അനു.: 5.7). ഓരോ തറവാട്ടുകാരും അവരവരുടെ കുലത്തൊഴിലിന്റെ അടിസ്ഥാനത്തിൽ നാട്ടിലെ പ്രഗത്ഭരായ ജന്മിമാരുടെ വീട്ടിലേക്കുള്ള പണിക്കാരായിരുന്നു. പുല്ലാട്ട് തറവാട്ടുകാരുടെ ജോലിക്കാരായിത്തന്നെ ഒരേ ജാതിയിൽ നിന്നും ഒരുപാട് പേരുണ്ടാവും അവരെയൊക്കെ പുല്ലാട്ടെ പടിക്കലേക്കുള്ള തിയ്യര്, പുല്ലാട്ടെപടിക്കലേക്കുള്ള പെരുവണ്ണാൻ, പുല്ലാട്ട് പടിക്കലേക്കുള്ള ഹരിജനങ്ങൾ എന്നിങ്ങനെയായിരുന്നു അറിയപ്പെട്ടിരുന്നത്. എല്ലാ ജനങ്ങളും ജീവിച്ചിരുന്നത് അവരവരുടെ ജന്മിമാർക്കോ തമ്പ്രാക്കന്മാർക്കോ വേണ്ടിയായിരുന്നു (അനു.: 5.10). കൊല്ലന്മാരെന്ന ജാതിവിഭാഗം ആയുധങ്ങളുമായി ബന്ധപ്പെട്ട് സകല പ്രവൃത്തികളും കാവിലേക്ക് വേണ്ടി ചെയ്തിരുന്ന വിഭാഗമായിരുന്നു. ആയുധങ്ങൾ സ്വീകരിക്കുന്ന സമയത്ത് കാവൂരായ്മക്കാർ പൂജ ചെയ്തതിനുശേഷമേ കൊല്ലന്മാരിൽനിന്ന് ആയുധങ്ങൾ സ്വീകരിച്ചിരുന്നുള്ളൂ. കാവിലെ കർമ്മി വന്ന് പൂജ ചെയ്തതിനുശേഷമേ വാളും മറ്റ് ആയുധങ്ങളും കാവി

ലേക്ക് ഏറ്റുവാങ്ങിയിരുന്നുള്ളൂ. ശുദ്ധാശുദ്ധ സങ്കല്പം തന്നെയാണ് ഈ പൂജയുടെ യൊക്കെ അടിസ്ഥാനമായി നിലകൊണ്ടുപോരുന്നത് (അനു.: 6.3). ഈ പൂജയുടെ സമയത്ത് ഉപയോഗിക്കുന്ന അരി നിറച്ച് വെക്കുന്നതും തേങ്ങയും വെറ്റിലയും എല്ലാം ഈ കൊല്ലന് അവകാശപ്പെട്ടതാണ്. അതിൻപ്രകാരം ഈ സാധനങ്ങളെല്ലാം അവർ സ്വീകരിക്കുന്നു (അനു.: 6.5).

കാവുൽസവങ്ങളിൽ കീഴാളരെ പ്രവേശിപ്പിച്ചിരുന്നത് ജന്മിസമ്പ്രദായത്തിന്റ സാധൂകരണമെന്ന നിലക്ക് തന്നെയാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. കൊടുങ്ങല്ലൂർ ഭരണി ആഘോഷത്തെക്കുറിച്ച് വില്യം ലോഗൻ ഇങ്ങനെ രേഖപ്പെടുത്തുന്നു.

"കുംഭത്തിലോ മീനത്തിലോ നടത്തുന്ന ഉത്സവത്തിൽ ബ്രാഹ്മണർക്ക് താഴെയുള്ള എല്ലാ ജാതികളും പങ്കെടുത്തിരുന്നു. പുലയരും ചെറുമരും ഭക്ഷണവും കള്ളും കഴിച്ചശേഷമാണ് അമ്പലത്തിൽ പ്രദക്ഷിണം ചെയ്യുക. ഈ മൂന്നുദിവസവും ബ്രാഹ്മ ണർ അമ്പലത്തിൽ പ്രവേശിക്കാറില്ല". കൊട്ടിയൂരിലും സമാനമായ രീതിയാണ് പണ്ടു ണ്ടായിരുന്നത്. കൊട്ടിയൂരിൽ പോവുന്ന ഭക്തർ വഴിയിൽ കാണുന്നവരോട് ആഭാസത്ത രങ്ങൾ കാണിച്ചും തിരികെ വളരെ ശാന്തരായും ആണ് വന്നിരുന്നതെന്നും ഫോസറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. കൊടുങ്ങല്ലൂർ പോലെ ഇതും പണിയാള സമുദായങ്ങളെ സാംസ്കാരികമായി കീഴാളരാക്കി നിർത്താനുള്ള വരേണ്യസൃഷ്ടിയാകാം. പൊതുവെ ജാത്യടിസ്ഥാനവരവുകളാണ് കാവുത്സവങ്ങളിലെ പ്രധാനസവിശേഷത. ജന്മിമാർ ക്കുള്ള കാഴ്ചവസ്തുക്കളുമായുള്ള കീഴാളവിഭാഗങ്ങളുടെ വരവുകൾ ഒരു തരത്തിൽ സാംസ്കാ രിക അടിമത്തത്തിന്റെ വരവുകളും കാഴ്ചരൂപങ്ങളും തന്നെയായിരുന്നു. 1895 പിഷാരി കാവിൽ ഉത്സവത്തെക്കുറിച്ച് ഫോസറ്റിന്റെ വിവരണം ശ്രദ്ധേയമാണ്. ചാരായമട ങ്ങിയ കലശമാണ് തീയരുടെ വരവിന് കൊണ്ടുവന്നിരുന്നത്. മുക്കുവ-വേട്ടുവ, പാണർ, തുടങ്ങിയ സമുദായങ്ങളുടെ വരവിനെക്കുറിച്ചും തീയ്യസ്ത്രീകളുടെ താലപ്പൊലിയുടെ ആകർഷണീയതയെക്കുറിച്ചും പറയുന്നുണ്ട്. കൊടുങ്ങല്ലൂരിൽ നടക്കുന്നപോലെത്തന്നെ പിഷാരികാവിലും ഉത്സവദിവസങ്ങളിൽ അയിത്തം പാലിക്കുന്നതിനായി ബ്രാഹ്മണർ കാവ് വിട്ടുപോവുകയാണ് പതിവ്. ആ പതിവ് ഇന്നും നിലനിന്നുവരുന്നു. പുലയർ തുടങ്ങിയ കാർഷികഅടിമകൾക്ക് അമ്പലത്തിൽ പോവാനുള്ള അപൂർവ്വ അവസരമാ യിരുന്നു കാവുത്സവങ്ങളെന്നും അനന്തകൃഷ്ണയ്യർ നിരീക്ഷിച്ചിട്ടുണ്ട്. തങ്ങളുടെ വിശ്വാസ

പ്രമാണങ്ങളെ കീഴാളജനതയ്ക്കുമുമ്പിൽ ഭയഭക്തി ബഹുമാനത്തോടെ നിലനിർത്താനും അതുവഴി ജന്മിത്വത്തേയും ജാതിമേൽക്കോയ്മയേയും സാധൂകരിക്കാനും ഈ ആചാരങ്ങൾക്ക് കഴിഞ്ഞു. ഒട്ടുമിക്ക അഹിന്ദുജാതിസമുദായങ്ങളേയും ബ്രാഹ്മണിക് ഹിന്ദു വിശ്വാസ സമ്പ്രദായത്തിൽ പരോക്ഷമായി പങ്കാളികളാക്കാൻ ഇത് ഇടനൽകി (ഷിത്തോർ, 2022: 7-8).

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂരംശത്തിലെ പ്രധാന പെരുവണ്ണാൻ തറവാട്ടുകാരാണ് മണ്ണാറക്കൽ. ഈ തറവാട്ടിൽ നിന്നും പിരിഞ്ഞുപോയവരാണ് സമീപപ്രദേശങ്ങളിലുള്ള മറ്റ് പെരുവണ്ണാൻ തറവാട്ടുകാരൊക്കെയും (അനു.: 7.14, 7.15, 7.16).

കാവുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഇടപെടാൻ അടിയാളരായിട്ടുള്ള ആളുകൾക്ക് സാധിച്ചിരുന്നില്ല. പുലയൻ പോലുള്ള ജാതിവിഭാഗങ്ങൾക്ക് കാവിൽ ഒരു തരത്തിലുള്ള അധികാരങ്ങളോ അവകാശങ്ങളോ ഉണ്ടായിരുന്നില്ല. കാവിന്റെ ഒരുപാട് ദൂരെ നിൽക്കാൻ മാത്രം പുലയജാതിയിൽപ്പെട്ടവർക്ക് സാധിച്ചിരുന്നുള്ളൂ. അവർക്കൊരിക്കലും കാവിന്റെ മുന്നിലോ സമീപപ്രദേശത്തോ നിൽക്കാൻ സാധിച്ചിരുന്നില്ല. ജാതി അടിസ്ഥാനത്തിൽ അയിത്തത്തിന്റെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുന്നുണ്ട്.

### 4.2.4 കാവിലെ സംഘർഷങ്ങൾ

ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും പേരിൽ കാവിൽ നിരന്തരം സംഘർഷം ഉണ്ടാവുന്നുണ്ട്. അധികാരം സംരക്ഷിക്കപ്പെടുന്നതിനും തുടരുന്നതിനുമായി വരേണ്യർ സംഘർഷത്തിലേർപ്പെടുമ്പോൾ സമാധാനപരമായ ജീവിതത്തെ ഉദ്ദേശിച്ചു മാത്രമാണ് കീഴാളർ സംഘർഷത്തിലേർപ്പെടുന്നത്. ജാത്യധീശത്വത്തെ കൃത്യമായി അടയാളപ്പെടുത്താൻ സംഘർഷതലത്തിലൂടെ സാധ്യമാവുന്നുണ്ട്. അബോധത്തിൽ മറഞ്ഞിരിക്കുന്ന അധീശത്വപരമായ പ്രവണതകളെ തുറന്നുകാട്ടാൻ വാമൊഴി ആഖ്യാനങ്ങൾക്ക് സാധിക്കുന്നുണ്ട്.

കാവുപരിസരങ്ങളിൽ നിലനിന്നുപോന്നിരുന്ന സംഘർഷാവസ്ഥയുടെയെല്ലാം അടിത്തറ എന്നും ജാതിയുടെ ഉയർച്ച താഴ്ചകളായിരുന്നു. പുല്ലാട്ടുകാവിൽ പുതിയതായി ഒരു കുളം അയിത്തത്തിന്റെ പേരിൽ താഴ്ന്നപ്പെട്ട ജാതികളെ അയിത്തത്തിന്റെ പേരിൽ മാറ്റിനിർത്തി. പുല്ലാട്ടുകാവിൽ പരമ്പരാഗതമായി വർഷങ്ങളായി ഉത്സവം നടത്തി

കൊടുത്തു കൊണ്ടിരുന്ന പെരുവണ്ണാൻ തറവാട്ടുകാരായ മണ്ണാറക്കൽ തറവാട്ടുകാരു മായി ഇന്നോളം തുടർന്നുപോരുന്ന പിണക്കത്തിന് കാരണമായത് ഈ കുളവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന തർക്കമാണ്. ഇന്ത്യൻ ജാതിവ്യവസ്ഥയിൽ ഏറ്റവുമധികം ശുദ്ധി കൽപ്പിച്ചിട്ടുള്ളത് വെള്ളത്തിനാണ്. അസ്പൃശ്യരുടെ സാമീപ്യം വെള്ളത്തെ അശു ദ്ധമാക്കുമെന്നാണ് സങ്കൽപ്പം. ഇതിന്റെ ബ്രാഹ്മണിക യുക്തിയെന്തെന്ന് സുന്ദർസരുക്കായും ഗോപാൽഗുരുവും വിശദീകരിക്കുന്നുണ്ട്.

ഭൂമി, വെള്ളം, അഗ്നി, വായു, ആകാശം എന്നിവയാണ് പഞ്ചമഹാഭൂതങ്ങൾ സാംഖ്യദർശനമനുസരിച്ച് ഈ പഞ്ചമഹാഭൂതങ്ങളാൽ നിർമ്മിതമാണ് മനുഷ്യശരീരം. ആ സങ്കല്പം ശരീരങ്ങൾ തമ്മിലുള്ള തുല്യതയെ സാധൂകരിക്കുന്നുണ്ട്. അത് വിവേചന ങ്ങളില്ലാത്ത മനുഷ്യശരീരത്തെ പരിഗണിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ശുദ്ധാശുദ്ധസങ്കല്പങ്ങളുടെ പ്രത്യശാസ്ത്രത്തിനകത്തേക്ക് പഞ്ചമഹാഭൂതതത്വത്തെ കൊണ്ടുവരുന്നതോടുകൂടി അത് ഋണോത്മകമായ അർത്ഥം ഉല്പാദിപ്പിക്കാൻ തുടങ്ങുന്നു. അങ്ങനെയാണ് ഘടനാപരമായ ശ്രേണീവത്കരണത്തെ സാധൂകരിക്കുന്ന ഒന്നായി സാംഖ്യദർശനത്തെ മാറ്റിത്തീർത്തത്. ജാതിവ്യവസ്ഥയിൽ ഓരോരുത്തരും അവരുടെ ജാതിയെ പുനരുല്പാദിപ്പിക്കാൻ ശ്രമിക്കുമ്പോൾ പഞ്ചമഹാഭൂതതത്വം മുന്നോട്ടുവെക്കുന്ന ധാർമ്മികയുക്തി ആരെയും പ്രചോദിപ്പിക്കുന്നതായി കാണുന്നില്ല. ഓരോ ജാതി ഗണവും മറ്റൊരു ജാതിഗണത്തിന് മുകളിൽ അധീശത്വം സ്ഥാപിക്കണമെന്നുള്ളത് അവരുടെ ഭൗതികവും സാംസ്കാരികവുമായ ആവശ്യമാണ്. അതിനുവേണ്ടി പഞ്ചമഹാ ഭൂതതത്വത്തെ അധഃകരിക്കുന്ന സമീപനമാണ് ജാതിവ്യവസ്ഥയ്ക്കകത്ത് സ്വീകരിച്ചത്. ശ്രേണീവത്കരണത്തിന്റെ സദാചാരമൂല്യങ്ങളെ സാമൂഹികമായ പ്രതിപ്രവർത്തന ത്തിന്റെ മൗലികതത്ത്വമായി സ്വീകരിക്കുകയാണ് ജാതിസമൂഹം ചെയ്തത്. ഇന്ത്യയിൽ ധാരാളം സന്ന്യാസി പാരമ്പര്യങ്ങളുണ്ട്. എന്നാൽ പഞ്ചമഹാഭൂതതത്ത്വത്തിലൂടെ സമത്വമെന്ന ആശയത്തെ ജനങ്ങളിലേക്കെത്തിക്കുന്നതിൽ ഭൂരിപക്ഷവും പരാജയ പ്പെട്ടു. അവയെല്ലാം തന്നെ ഘടനാവത്കൃതമായ സംസ്കൃതവത്കരണത്തെ പ്രോത്സാഹി പ്പിക്കുകയും അതുവഴി ബ്രാഹ്മണ്യത്തെ പുരസ്കരിക്കുകയും ചെയ്തു. എന്നാൽ അവയെ ചോദ്യം ചെയ്ത സന്യാസി പാരമ്പര്യങ്ങളുണ്ടായിരുന്നു. അവയിൽ ഒന്നായിരുന്നു കബീറിന്റെ പാരമ്പര്യം. എന്നാൽ അവരുടെ ആദർശങ്ങളൊന്നും തന്നെ ജനങ്ങൾ

ഗൗരവതരമായി സ്വീകരിക്കുകയോ ജീവിതത്തെ പുതുക്കിപ്പണിയുന്നതിന് ഉപയോഗിക്കുകയോ ചെയ്യില്ല. പഞ്ചമഹാഭൂതതത്വത്തെ ജാതിവ്യവസ്ഥയെ സാധൂകരിക്കുന്ന ഒരു തത്ത്വമാക്കി പരിവർത്തിപ്പിക്കുക എന്ന രാഷ്ട്രീയനയമാണ് മനുസ്മൃതി പോലുള്ള പാഠങ്ങൾ ചെയ്യുന്നത് എന്നാണ് ഗോപാൽ ഗുരു നിരീക്ഷിക്കുന്നത്.

വെള്ളം പ്രകൃതിദത്തവും ശുദ്ധവുമാണ്. അതിനെ അശുദ്ധമാക്കുക എന്നത് സാധാരണനിലയ്ക്ക് വിലക്കുള്ള ഒന്നാണ്. അതേ സമയം തന്നെ ഒരാൾക്ക് അയാളുടെ ശരീരം വൃത്തിയാക്കാൻ വേണ്ടി വെള്ളം ഉപയോഗിക്കുന്നത് തടയുക എന്നത് ആധുനികസമൂഹത്തെ സംബന്ധിച്ചിടത്തോളം നീതിയല്ല. ഇതേ വെള്ളമുപയോഗിച്ചാണ് ജാതിവ്യവസ്ഥ മനുഷ്യരെ വേർതിരിച്ചത്. സാമൂഹിക ജീവിതത്തിലും സാംസ്കാരിക ജീവിതത്തിലും ഇതേ അസന്തുലിതാവസ്ഥ തന്നെയാണ് ഉന്നതകുലജാതരായ ആളുകൾ ഉപയോഗിച്ചത്. മനുസ്മൃതിയെ പിന്തുടർന്നുകൊണ്ട് ഉന്നതകുലജാതരായ ആളുകൾ വെള്ളത്തെയാണ് സാമൂഹികമായ വേർതിരിവുകൾക്ക് പ്രയോജനപ്പെടുത്തുന്നത്. ഒരു വിഭാഗം മനുഷ്യരുടെ ശരീരം അനുഷ്ഠാനപരമായി ശുദ്ധിയുള്ളതും മറ്റൊരു വിഭാഗം മനുഷ്യർ എക്കാലത്തേക്കും അശുദ്ധിയുള്ളവരുമായി മാറുന്നു. കടൽവെള്ളം അശുദ്ധമാവുമെന്ന സങ്കല്പം ഉയർന്ന ജാതിക്കാരിലുണ്ട്. അനുഷ്ഠാനപരമായി ശുദ്ധിയാവാനുള്ള ഒരു സ്രോതസ്സായി അവർ വെള്ളത്തെ നിർവ്വചിച്ചു. ഇങ്ങനെ മണ്ണിൽനിന്ന് വ്യത്യസ്തമായി വെള്ളം എന്നത് ശുദ്ധാശുദ്ധങ്ങളുടെ ഒരു മാനദണ്ഡമായി മാറുന്നു. ജാതിവ്യവസ്ഥ എത്രമാത്രം നമ്മുടെ സാമൂഹിക ജീവിതത്തിൽ തുളഞ്ഞുകയറിപ്പോയിട്ടുണ്ട് എന്നത് മനസ്സിലാക്കുന്നതിനുള്ള ഒരു മാനദണ്ഡമാണ് ഇത്. വെള്ളവുമായിട്ടുള്ള ഈ ബന്ധം അസ്പൃശ്യതയെ പുനരുദ്പാദിപ്പിക്കുന്നതിനുള്ള നിർവ്വാഹക ഘടകവുമാണ്. അസ്പൃശ്യതയുടെ അതിജീവനം വെള്ളത്തെ ആശ്രയിച്ചിരിക്കുന്നു.

സഞ്ചരിക്കുന്ന ചവറുവണ്ടി (walking carrier) എന്ന നിലയിലാണ് അസ്പൃശ്യരോട് പെരുമാറിയിരിക്കുന്നത്. അത് ചലിച്ചുകൊണ്ടിരിക്കുന്നതാണ് എന്നത് ബ്രാഹ്മണർക്ക് അയിത്തജാതിക്കാരിൽ പേടിയും അറപ്പും ഉണ്ടാക്കുന്നു. ബ്രാഹ്മണർക്ക് അസപൃശ്യരോടുള്ള വികർഷണത്തിന് അവർ സാധൂകരണം കണ്ടെത്തുന്നത് പഞ്ചഭൂത സിദ്ധാന്തത്തിലൂടെയാണെന്നാണ് ഗുരു പറയുന്നത്. ഇങ്ങനെ പഞ്ചഭൂത തത്വം അതിന്

വിരുദ്ധമായി പ്രവർത്തിക്കുന്നതാണ് ഇന്ത്യൻ ജാതിവ്യവസ്ഥയിൽ സംഭവിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്നദ്ദേഹം നിരീക്ഷിക്കുന്നു (അനിൽ, 298: 92-96).

കുളത്തിന്റെ പണിയെല്ലാം പൂർത്തിയായപ്പോൾ വരേണ്യരുടെ ആവശ്യത്തിന് വേണ്ടി മാത്രം കുഴിച്ചുണ്ടാക്കിയതാണ് ഈ കുളമെന്ന നിലപാടായിരുന്നു അധികാരി കളുടെ ഭാഗത്തുനിന്നും ഉണ്ടായിരുന്നത്. എന്നാൽ അയിത്ത ജാതിക്കാർ ഇത് അംഗീകരിച്ചില്ല. അവർ കുളം തീണ്ടുകയും കുളത്തിൽ ചാടിക്കുളിക്കുകയും ചെയ്തു. ഈ സംഭവം കാവുമായി ബന്ധപ്പെട്ട ജാതിഘടനയെ വിമർശവിധേയമാക്കുന്നതിൽ ഒരു പരിധിവരെ സഹായകമായി (അനു.: 1.22). ഭഗവതിയുടെ കോലം കെട്ടിയ വേഷ ക്കാരൻ ദേഹം വൃത്തിയാക്കുന്നതിനും ചമയങ്ങൾ മാറുന്നതിനും വേണ്ടിയായിരുന്നു കുളം ഉപയോഗിച്ചിരുന്നത്. അവരുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കായിരുന്നില്ല, കാവിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടിയായിരുന്നു കുളം ഉപയോഗിച്ചി രുന്നത്. ഉത്സവദിവസം കാവിലെ അനുഷ്ഠാനാചാരങ്ങളുമായി ബന്ധപ്പെട്ടുപോലും കുളം ഉപയോഗിക്കാൻ പാടില്ലെന്നും കുളം അശുദ്ധിയായി പോവുമെന്നുമായിരുന്നു യാഥാ സ്ഥിതികരുടെ വാദം. കാവിലെ ഉത്സവനടത്തിപ്പുമായി ബന്ധപ്പെട്ട സകലകാര്യങ്ങളും ചെയ്യാം കുളം മാത്രം ഉപയോഗിക്കാൻ സാധ്യമല്ല എന്നതിൽ എന്ത് അർത്ഥമാണുള്ള തെന്ന ചോദ്യം ഉന്നയിച്ച് കൊണ്ട് കാവുമായി ബന്ധപ്പെട്ട അനുഷ്ഠാനാചാരങ്ങളിൽ നിന്നും ദേശപ്പെരുവണ്ണാൻ പിന്മാറുകയാണുണ്ടായത്. ഈ സംഭവം മഹാരാഷ്ട്രയിൽ അംബേദ്കറുടെ നേതൃത്വത്തിൽ നടന്ന മെഹദ് സത്യാഗ്രഹത്തെ ഓർമ്മിപ്പിക്കുന്നുണ്ട്. 1927 ലാണ് ഈ സംഭവം നടക്കുന്നത്. മാർച്ച് 20ന് ചവ്ദാർ കുളത്തിൽനിന്ന് ജാതിവിലക്ക് ആയിരക്കണക്കിന് അസ്പൃശ്യരും നയിച്ച ഐതിഹാസിക സമരമാണ് മെഹദ് സത്യാഗ്രഹം. ഈ സത്യാഗ്രഹവേളയിൽ അംബേദ്കർ പറഞ്ഞു:

> “ഹിന്ദുക്കളുടെയിടയിലെ അസ്പൃശ്യത അന്യാദൃശമായ പ്രതിഭാസമാണെ ന്നതിൽ സംശയമില്ല. അഹിന്ദുസമൂഹങ്ങൾ വ്യക്തികളെ അശുദ്ധരായി കണക്കാക്കിയിട്ടുണ്ട്. പക്ഷേ അപ്പോഴും വ്യക്തികളെന്ന നിലയിൽത്ത ന്നെയാണ് അവരോട് പെരുമാറിയിട്ടുള്ളത്. ഒരു വർഗത്തോട് മുഴുവനും ഒരിക്കലും അവർ അശുദ്ധരാണെന്ന മട്ടിൽ പെരുമാറിയിട്ടില്ല. മാത്രമല്ല, അവരുടെ അശുദ്ധി താൽക്കാലിക കാലയളവിലേക്ക് മാത്രമുള്ളതും

ചില ശുദ്ധീകരണ കർമ്മങ്ങൾ ചെയ്ത് ദൂരീകരിക്കാവുന്നതുമായിരുന്നു. ഒരിക്കൽ അശുദ്ധനായവൻ എന്നും അശുദ്ധൻ എന്ന നിയമത്തിലധിഷ്ഠിതമായ സ്ഥിരം അശുദ്ധതയുടെ ഉദാഹരണം ഒരിക്കലും ഉണ്ടായിട്ടില്ല. അഹിന്ദു സമൂഹങ്ങൾ വ്യക്തികളോട് അവർ അശുദ്ധരാണെന്ന മട്ടിൽ പെരുമാറുകയും അവരെ സാമൂഹ്യസംസർഗത്തിൽ നിന്നുതന്നെ വിഛേദിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, വ്യക്തികളെ സ്ഥിരം വേർപിരിക്കാൻ പാളയത്തിലാക്കിയ ഒരു സംഭവവും ഒരിക്കലുമുണ്ടായിട്ടില്ല. അഹിന്ദുസമൂഹങ്ങൾ ഒരുകൂട്ടം ജനങ്ങളെ ഒന്നടങ്കം അശുദ്ധരായി കണക്കാക്കിയിട്ടുണ്ട്. പക്ഷേ, അവർ ബന്ധുസമൂഹത്തിന് പുറത്തുള്ള അന്യരായിരുന്നു. ഒരു ജനത അവരുടെ കൂട്ടത്തിൽത്തന്നെ ഒരു വിഭാഗത്തെ സ്ഥിരമായും പരമ്പരാഗതമായും അശുദ്ധരായി കണക്കാക്കിയ സംഭവം ഒരിക്കലും ഉണ്ടായിട്ടില്ല. ഹിന്ദുക്കളുടെയിടയിലെ അസ്പൃശ്യത അന്യാദൃശപ്രതിഭാസമാണ്. ലോകത്തിന്റെ ഇതരഭാഗങ്ങളിലുള്ള നരവംശത്തിന് ഇതജ്ഞാതമാണ്. അപരിഷ്കൃതമോ, പ്രാചീനമോ, ആധുനികമോ ആയ മറ്റൊരു സമൂഹത്തിലും ഇതുപോലെയുള്ള യാതൊരേർപ്പാടും കാണാനില്ല"

(അംബേദ്കർ, 2000: 29).

മനുസ്മൃതിയുടെ ദഹനവിധിക്കുശേഷം ഡോ. ബാബാസാഹെബ് അംബേദ്കർ സത്യാഗ്രഹക്കമ്മറ്റിയിൽ ചില കാര്യങ്ങൾ സംസാരിക്കുകയുണ്ടായി. മാർച്ച് 19-ന് സത്യാഗ്രഹികളെല്ലാവരും 'ചവദാർ' ചിറയിൽ പോയപ്പോൾ 'മെഹദി'ലെ ജാതിഹിന്ദുക്കൾ ചിറയിൽ വച്ച് അവരെ തടഞ്ഞില്ലെങ്കിലും ശേഷം അടിയും പ്രശ്നങ്ങളുമുണ്ടാക്കി അവരുടെ എതിർപ്പ് പ്രകടമാക്കി. ഈ ആക്രമണത്തിന് കാരണക്കാരായ ജാതിഹിന്ദുക്കൾക്ക് നന്നാലുമാസം കഠിനതടവാണ് ശിക്ഷയായി ലഭിച്ചത്. മാർച്ച് 19 ന് സത്യാഗ്രഹികൾ വെള്ളമെടുത്തതിന് സവർണർ പ്രശ്നമൊന്നും ഉണ്ടാക്കിയിരുന്നില്ലെങ്കിൽ ചിറയിൽ നിന്നും വെള്ളമെടുക്കാൻ അവർക്ക് സമ്മതമാണെന്നും എല്ലാവർക്കും വെള്ളമെടുക്കാനുള്ള അവകാശം ഉണ്ടെന്ന് സ്ഥാപിതമാകുകയും ചെയ്യുമായിരുന്നു. അങ്ങനെ നടക്കാത്തതിനാൽ സമ്മേളനം വിളിച്ചുകൂട്ടി വെള്ളമുപ

യോഗിക്കുവാനുള്ള സ്വാതന്ത്ര്യം സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളിൽ മുഴുകേണ്ടിവന്നു. മെഹദിലെ ഈ ചിറ പൊതുവായിട്ടുള്ളതായിരുന്നു. ഇവിടെയുള്ള അസ്പൃശ്യജനങ്ങൾ വിവേകമുള്ളവരായതിനാൽ അവരോടൊപ്പം മറ്റുള്ളവർക്കും ചിറയിലെ വെള്ളം ഉപയോഗിക്കാൻ അനുവാദം നൽകിയിരുന്നു. മുസ്ലീങ്ങൾ, മറ്റ് മതക്കാർ, മാനവരിലും താഴ്ന്ന പശു, പക്ഷികൾ, അസ്പൃശ്യർ ആട്ടികൊണ്ടുവന്ന നാൽക്കാലികൾ എന്നിവ യ്ക്കെല്ലാം അവിടെനിന്നും വെള്ളം കുടിക്കാം. ദയയുടെയും സഹാനുഭൂതിയുടെയും ഉറവിടമായ സവർണർ ഒരിക്കലും ഹിംസ ചെയ്തിരുന്നില്ല. ആരെയും ഉപദ്രവിക്കുകയും ചെയ്തിരുന്നില്ല. എച്ചിൽ കൈകൊണ്ട് കാക്കയെ ആട്ടുക, പിശുക്കന്മാരും സ്വാർഥികളും ആവാതിരിക്കുക, ദാനശീലം ഉണ്ടായിരിക്കുക തുടങ്ങിയ ഗുണങ്ങൾ തങ്ങൾക്കുണ്ട് എന്നവർ അവകാശപ്പെട്ടു. പരോപകാരം പുണ്യമാണെന്നും പരപീഡനം പാപമാണെന്നും അവർ സ്വന്തം പെരുമാറ്റത്തിലൂടെ കാണിച്ചുതന്നിരുന്നു. നിരുപദ്രവകാരിയായ പശുവിനെ പോറ്റുന്നതുപോലെ പാമ്പിനെപോലുള്ള ക്ഷുദ്രജീവികളെ അവർ രക്ഷിച്ചിരുന്നു. സർവ്വഭൂതങ്ങളിലും ഒരേ ആത്മാവിനെ കാണാൻ അവർ ശീലിച്ചിരുന്നു. ഇത്തരത്തിലെല്ലാം സ്വഭാവമുള്ള ജാതിഹിന്ദുക്കൾ/സവർണ്ണർ സ്വന്തം മതത്തിൽപ്പെട്ട ചിലരെ മാത്രം എന്തുകൊണ്ട് എതിർക്കുകയും ചവദാർ ചിറയിൽ നിന്ന് വെള്ളമെടുക്കാൻ അനുവദിക്കുകയില്ല എന്ന് പറയുകയും ചെയ്യുന്നതിലെ പ്രശ്നം മനസ്സിലാക്കേണ്ടതുണ്ട്. ഗൗരവപരമായി ഈ സംഗതിയെ വീക്ഷിക്കേണ്ടതുണ്ട്. ഹിന്ദുക്കളിൽ ശാസ്ത്രപരമായി നാലും പാരമ്പര്യമായി അഞ്ചും വർണ്ണങ്ങളാണുള്ളത്. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ, അതിശൂദ്രർ എന്നിങ്ങനെയാണത് തരംതിരിച്ചിരിക്കുന്നത്. ഈ വർഗങ്ങൾ തമ്മിൽ ഒരിക്കലും സമാനതകളുണ്ടായിരുന്നില്ല. താഴന്തോറും വർണ്ണങ്ങളുടെ സ്ഥാനം കുറഞ്ഞുവന്നു. ഓരോ വർഗത്തിനും പ്രത്യേകമായ പെരുമാറ്റച്ചട്ടങ്ങളുണ്ടായിരുന്നു. സഹവാസത്തിനുള്ള നിയന്ത്രണങ്ങൾ വിവാഹത്തിലും ഭക്ഷണത്തിലും കുടിവെള്ളത്തിലും പ്രകടമായി. അസമാനതയുടെ ചിഹ്നങ്ങളായിത് നിലകൊണ്ടു. നിയന്ത്രണങ്ങളുടെ സ്ഥിതിക്കനുസരിച്ച് വർണ്ണത്തിന്റെ സ്ഥിതിയും മനസ്സിലാക്കാവുന്നതാണ്. എല്ലാ നിയന്ത്രണങ്ങളും പാലിക്കേണ്ടിയിരുന്നവർ ഏറ്റവും ഹീനരും നിയന്ത്രണങ്ങൾ ഇല്ലാത്തവർ ഉന്നതരുമായിരുന്നു. ഈ കാരണംകൊണ്ട് ഉയർന്നവർ ഈ വ്യവസ്ഥിതി നിലനിർത്തുന്നതിനായി പ്രവർത്തിച്ചുകൊണ്ടേയിരുന്നു.

“സദ്ഗൃഹസ്ഥരേ നമ്മൾ തുടങ്ങിയിട്ടുള്ള സമരത്തിന്റെ ഭാവാർഥമെന്താണെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാവുമല്ലോ. സത്യാഗ്രഹക്കമ്മിറ്റി നമ്മളെ മെഹദിലേക്ക് വിളിച്ചിട്ടുള്ളത് അവിടത്തെ ചിറയിലെ വെള്ളം കുടിയ്ക്കാനാണ് എന്ന് ധരിക്കരുത്. ചവദാർചിറയിലെ വെള്ളം കുടിച്ചാൽ ഞാനും നിങ്ങളും മരണമില്ലാത്തവരാവും എന്നൊന്നുമില്ല. ഇന്നുവരെ ചവദാർ ചിറയിലെ വെള്ളം കുടിക്കാതിരുന്നതുകൊണ്ട് നമ്മൾ മരിച്ചുപോയിട്ടുമില്ല. ചവദാർ ചിറയിൽ പോകുന്നത് വെറുതെ അതിലെ വെള്ളം കുടിക്കാനല്ല. മറ്റുള്ളവരെപ്പോലെ നമ്മളും മനുഷ്യരാണെന്ന് സ്ഥാപിക്കാൻ നമുക്ക് ചിറയിൽ പോകേണ്ടതുണ്ട്. അതായത്, ഈ സഭ സമത്വത്തിന്റെ മുഹൂർത്തം നിശ്ചയിക്കാൻവേണ്ടി കൂടിയിട്ടുള്ളതാണ് എന്നത് വ്യക്തമാണ്. ആ ദൃഷ്ടിയിൽ ഇതൊരു അപൂർവ സംഭവമാണെന്നതിനെക്കുറിച്ച് ആരും ശങ്കിക്കേണ്ടതില്ല. ഇന്നത്തെ സന്ദർഭം പോലെ മറ്റൊന്ന് ഇന്ത്യയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇതുപോലെ മറ്റൊന്ന് ഇന്ത്യയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇതുപോലെ മറ്റൊന്ന് അന്വേഷിച്ചുപോയാൽ യൂറോപ്പിലെ ഫ്രാൻസിൽ നാം ചെന്നെത്തും. 138 കൊല്ലങ്ങൾക്ക് മുമ്പ് ഫ്രാൻസിലെ ലൂയി പതിനാറാമൻ 1789 ജനുവരി 24 ന് ഒരു വിജ്ഞാപനം പുറപ്പെടുവിച്ച് പ്രജകളുടെ പ്രതിനിധിസഭ വിളിച്ചുകൂട്ടി. ഇതിനെ ഫ്രഞ്ച് രാഷ്ട്രീയസഭ എന്ന് ചില ചരിത്രകാരന്മാർ വിളിക്കുന്നു. ഈ സഭ ഫ്രാൻസിലെ രാജാറാണിമാരെ ശൂലത്തിലേറ്റി; വരിഷ്ഠവർഗത്തെ തേടിപ്പിടിച്ച് കശാപ്പു ചെയ്തു; ബാക്കിയായവരെ തെണ്ടികളാക്കി. പണക്കാരുടെ സ്വത്തെല്ലാം ജപ്തി ചെയ്തു; 15 കൊല്ലത്തിലധികം കാലം യൂറോപ്പു മുഴുവൻ ആഭ്യന്തരയുദ്ധം നടമാടി. ഇങ്ങനെയാണ് ആ ഫ്രഞ്ച് രാഷ്ട്രീയസഭയുടെ മേലുള്ള ആരോപണം. എന്റെ അഭിപ്രായത്തിൽ ഈ ആരോപണം അസ്ഥാനത്താണ്; മാത്രമല്ല ചരിത്രകാരന്മാർക്ക് രാഷ്ട്രീയസഭയുടെ ഉദ്ദേശ്യം മനസ്സിലായിട്ടില്ല എന്നുതന്നെ പറയേണ്ടിവരും. ഈ സഭയുടെ പ്രവർത്തനം മൂലം ഫ്രാൻസിനു മാത്രമല്ല, യൂറോപ്പുഭൂഖണ്ഡത്തിനു മുഴുവൻ ക്ഷേമം കൈവന്നിട്ടുണ്ട്. ഇന്ന് യൂറോപ്പു മുഴുവൻ സുഖവും സമൃദ്ധിയുമുണ്ടെങ്കിൽ അതിന്റെ ഏകകാരണം 1789-ൽ വിളിച്ചുകൂട്ടിയ വിപ്ലവാത്മകമായ ഫ്രഞ്ചുരാഷ്ട്രീയസഭ, സാമൂഹിക ഘടനയുടെ താറുമാറായ അവസ്ഥ അന്നത്തെ ഫ്രഞ്ചു രാഷ്ട്രീയത്തിന്റെ മുമ്പിൽ വച്ചതും, പുതിയ തത്വങ്ങൾ നിർബന്ധപൂർവം നടപ്പാക്കിയതും മറ്റു യൂറോപ്യൻ രാജ്യങ്ങളും അവയെ അംഗീകരിച്ചതാണ്.

ഈ ഫ്രഞ്ചുരാഷ്ട്രീയസഭയുടെ മഹത്വവും അവരുടെ തത്വങ്ങളുടെ പ്രാധാന്യവും മനസ്സിലാക്കാൻ അക്കാലത്തെ ഫ്രഞ്ചുസമൂഹത്തിന്റെ പരിതസ്ഥിതി മനസ്സിൽ വയ്ക്കേണ്ടതുണ്ട്. നമ്മുടെ ഈ ഹിന്ദുസമൂഹം വർണാശ്രമത്തിൽ രചിച്ചിട്ടുള്ളതാണെന്ന് എല്ലാവർക്കുമറിയാം. ഇതുമാതിരിയൊരു വർണാശ്രമവ്യവസ്ഥ 1789-ലെ ഫ്രാൻസിലും ഉണ്ടായിരുന്നു. വ്യത്യാസം, ഫ്രഞ്ചു സമൂഹത്തിലും ബ്രാഹ്മണരും ക്ഷത്രിയരുമുണ്ടായിരുന്നു. പക്ഷേ, ഫ്രഞ്ചു സമൂഹത്തിൽ വൈശ്യർ, ശൂദ്രർ, അതിശൂദ്രർ എന്ന വ്യത്യാസമില്ലാതെ മൂന്നും കൂടി ഒരു വർണ്ണമായിരുന്നു. ഈ വ്യത്യാസം നിസ്സാരമാണ്. ഹിന്ദു ഫ്രഞ്ചുസമൂഹങ്ങൾ തമ്മിൽ സാമ്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം. വർണവ്യവസ്ഥയിലെ അസമാനത ഫ്രഞ്ചുസമൂഹത്തിലുമുണ്ടായിരുന്നു. ഫ്രാൻസിൽ ഈ അസമത്വത്തിന്റെ സ്വരൂപത്തിന് വ്യത്യാസമുണ്ടായിരുന്നു. അവിടെ അസമത്വത്തിന്റെ രൂപം സാമ്പത്തികമായിരുന്നു. അത് വളരെ തീവ്രവുമായിരുന്നു. ആകെപ്പാടെ ശ്രദ്ധിക്കപ്പെടേണ്ട കാര്യം ഇതാണ്. ഇന്നത്തെ ഈ നമ്മുടെ സഭയും വൈസോയിയിൽ 1789 മേയ് 5 ന് ചേർന്ന ഫ്രാൻസിലെ വിപ്ലവാത്മകമായ രാഷ്ട്രീയ സഭയും തമ്മിൽ അത്യധികം സാമ്യമുണ്ട്" (അംബേദ്കർ, 2011 : 106-107)

ഫ്രാൻസിലെ വിപ്ലവകരമായ രാഷ്ട്രീയസഭയും ഹിന്ദുസമൂഹത്തിന്റെ ഉദ്ഗ്രഥനത്തിനായി വിളിച്ചു ചേർത്തിട്ടുള്ള ഈ സഭയും തമ്മിൽ പരിതസ്ഥിതിയിലും ആദർശത്തിലും വളരെ സാമ്യമുണ്ട്. ഹിന്ദുസമൂഹത്തിന്റെ ഉദ്ഗ്രഥനം ഏതു തത്ത്വത്തിലധിഷ്ഠിതമായിട്ടായിരിക്കണം എന്ന് തീരുമാനിക്കുന്നതിനു മുൻപ് ഫ്രാൻസിലെ സഭ രാജ്യത്തിന്റെ ഉദ്ഗ്രഥനത്തിനായി സ്വീകരിച്ചിട്ടുള്ള ആശയങ്ങളെക്കുറിച്ച് വിശകലനം ചെയ്യേണ്ടതായി അംബേദ്കർ അഭിപ്രായപ്പെട്ടു. ഫ്രഞ്ച്സഭയുടെ വ്യാപ്തി വളരെ വലുതായിരുന്നെന്നും അദ്ദേഹം കൂട്ടിചേർത്തു. രാഷ്ട്രീയവും സാമൂഹികവും മതപരവുമായ ഉദ്ഗ്രഥനത്തെക്കുറിച്ചു മാത്രമേ ഫ്രഞ്ചുസഭയ്ക്ക് ചിന്തിക്കേണ്ടിയിരുന്നുള്ളൂ. അതിൽ സാമൂഹികവും മതപരവുമായ ഉദ്ഗ്രഥനത്തിന് അവർ എന്തുചെയ്തു എന്നു ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അത് അവർ ഇറക്കിയ വിജ്ഞാപനത്തിലൂടെ പുറത്തുവന്നിട്ടുണ്ട്. അതിൽ ആദ്യത്തെ വിജ്ഞാപനം 1789 ജൂൺ 17 ന് പുറത്തുവന്നിട്ടുള്ള വർണാശ്രമങ്ങളെക്കുറിച്ചുള്ളതായിരുന്നു. ഫ്രാൻസിലെ ത്രൈവർണ്ണികമായ സമൂഹത്തെ ഇല്ലാതാക്കി ഏകവർണ്ണമാക്കിത്തീർക്കുന്നതിന് സഹായിച്ചു. ദേശീയ സഭാഗൃഹത്തിൽ ത്രൈവർണി

കർക്കുവേണ്ടി വ്യത്യസ്ത സ്ഥലങ്ങൾ നിർണയിച്ചിരുന്നത് ഒന്നാക്കപ്പെട്ടു. രണ്ടാമത്തെ വിജ്ഞാപനം മതപരമായ ഉപദേശികളെ സംബന്ധിച്ചുള്ളതായിരുന്നു. പുരാതന സമ്പ്രദായമനുസരിച്ചുള്ള മതോപദേശക നിയമനം രാഷ്ട്രത്തിന്റെ സ്വാധീനത്തിലേക്ക് മാറ്റപ്പെട്ടു. മതഉപദേശകന്മാരുടെ അർഹത, നിയമനം, ശമ്പളം തുടങ്ങിയവയുടെയെല്ലാം നിർണയനം ഫ്രഞ്ചുരാഷ്ട്രം ഏറ്റെടുത്തു. മൂന്നാമത്തെ വിജ്ഞാപനം പൊതു കാര്യങ്ങളെക്കുറിച്ചുള്ളതായിരുന്നു. സാമൂഹികവ്യവസ്ഥകൾ ഏതെല്ലാം തത്ത്വങ്ങളിൽ അധിഷ്ഠിതമായിരിക്കണമെന്നത് വ്യക്തമായിരുന്നു. ഈ വിജ്ഞാപനത്തിൽ മറ്റുള്ള വിജ്ഞാപനത്തേക്കാൾ ഇത് ആ അർത്ഥത്തിൽ മഹത്വപൂർണ്ണമാകുന്നു. അതിനെ എല്ലാ വിജ്ഞാപനങ്ങളുടെയും രാജാവ് എന്ന് അംബേദ്കർ വിളിച്ചു. ജന്മസിദ്ധമായ മനുഷ്യാവകാശങ്ങളുടെ വിജ്ഞാപനം എന്ന നിലയിൽ അദ്ദേഹം അതിനെ പ്രാധാന്യത്തോടെ കാണുന്നു. ഫ്രാൻസിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നായിരുന്നില്ല അത്. ആധുനികരാഷ്ട്രങ്ങളുടെയെല്ലാം ചരിത്രത്തിലെ ഒരു വഴികാട്ടിയായി അംബേദ്കർ അതിനെ കണ്ടു. യൂറോപ്പിലെ മറ്റ് രാജ്യങ്ങൾ ഈ വിജ്ഞാപനത്തെ പിന്തുടർന്നു കൊണ്ടാണ് അവരുടെ രാഷ്ട്രവ്യവസ്ഥയ്ക്ക് അടിസ്ഥാനമുണ്ടാക്കിയിരുന്നത് ആയതിനാൽ ഫ്രാൻസിൽ ഒതുങ്ങിനിൽക്കാതെ ഇത് ലോകം മുഴുവനുള്ള വിപ്ലവത്തിന് വഴികാട്ടിയായി, ലോകം മുഴുവൻ വിപ്ലവം വരുത്തി.

"ഈ വിജ്ഞാപനത്തിൽ ആകെ 17 വകുപ്പുകൾ ഉണ്ട്. അവയിൽ പ്രധാനം ഇവയാണ്.

1. മനുഷ്യരെല്ലാം ജന്മനാ സമാനപദവിയിലുള്ളവരാണ്, അത് മരണംവരെ നിലനിൽക്കുകയും ചെയ്യും. ലോകഹിതത്തിനുവേണ്ടി പദവിയിൽ വ്യത്യാസങ്ങൾ വരുത്താൻ കഴിയും. ഈ സമാനപദവി സ്ഥിരമായിട്ടുള്ളതാണ്.

2. മേൽപ്പറഞ്ഞ സമാനാവകാശം നിലനിർത്തുക എന്നതായിരിക്കണം രാഷ്ട്ര കാര്യങ്ങളുടെ അന്തിമഹേതു.

3. അധികാരങ്ങളെല്ലാം പ്രജകളിൽ സന്നിവേശിച്ചിരിക്കുന്നു. ഏതെങ്കിലും വ്യക്തിയുടെയോ സമുദായത്തിന്റെയോ വർഗത്തിന്റേയോ പ്രത്യേക അവകാശങ്ങൾ -

അവ രാഷ്ട്രീയമോ മതപരമോ ആയിക്കൊള്ളട്ടെ – പ്രജകൾ കൊടുത്തിട്ടുള്ളത ല്ലെങ്കിൽ മാനിക്കപ്പെടുകയില്ല.

4. ഏതൊരു വ്യക്തിക്കും അവന്റെ ജന്മസിദ്ധ അവകാശമനുസരിച്ച് പെരുമാറാൻ സ്വാതന്ത്ര്യമുണ്ട്. അതിൽ പരിമിതികൾ ഏർപ്പെടുത്തുകയാണെങ്കിൽ അത് മറ്റുവ്യക്തികളുടെ ജന്മസിദ്ധാവകാശങ്ങളുടെ ഉപയോഗം നിലനിർത്താൻ വേണ്ടി മാത്രമായിരിക്കും. ഇത്തരം പരിമിതികൾക്ക് നിയമപരമായ സാധുത ഉണ്ടായിരിക്കും. അത് മതപരമായതോ മറ്റേതെങ്കിലും കാരണങ്ങളാലോ നിർണയിക്കപ്പെടുകയില്ല.

5. സമൂഹത്തിൽ ആഘാതങ്ങൾ വരുത്തുന്ന കാര്യങ്ങൾ നിയമപരമായി തടയപ്പെടും. ഇപ്രകാരം തടയപ്പെട്ടിട്ടില്ലാത്ത പ്രവൃത്തികളിൽ ഏർപ്പെടാൻ ഏവർക്കും സ്വാതന്ത്ര്യമുണ്ട്. അതുപോലെ, നിയമപ്രകാരം ആവശ്യമില്ലാത്ത കാര്യങ്ങൾ ചെയ്യാൻ ആരെയും നിർബന്ധിക്കുകയില്ല.

6. നിയമമെന്നു പറയുന്നത് ഏതെങ്കിലുമൊരു വർഗം ഏർപ്പെടുത്തിയിട്ടുള്ള നിബ ന്ധനകളല്ല. അവ ഏതെങ്കിലും പ്രകാരത്തിലായിരിക്കണമെന്ന് നിശ്ചയി ക്കേണ്ട അധികാരം പ്രജകൾക്കും അവരുടെ പ്രതിനിധികൾക്കും ആയിരിക്കും. സംരക്ഷണാത്മകമോ ശാസനാത്മകമോ ആയ നിയമം എല്ലാവരുടെയും സമത്വം എന്ന തത്വത്തിൽ ആധാരമാക്കിയായിരിക്കും വ്യവസ്ഥകൾ എന്നതു കൊണ്ട് വ്യക്തികളെല്ലാം ബഹുമതികൾ, അധികാരം, വ്യവസായം എന്നീ തുറകളിൽ ഒന്നുപോലെ പാത്രമായിരിക്കും. ഇക്കാര്യത്തിൽ ഭേദാഭേദങ്ങൾ ഉണ്ടാവുകയാണെങ്കിൽ അത് വ്യക്തിപരമായ ഗുണദോഷങ്ങളെ മാത്രം ആധാര മാക്കിയായിരിക്കും, ജന്മം മൂലമായിരിക്കുകയില്ല.

ഇന്നത്തെ നമ്മുടെ ഈ സഭയും ഫ്രഞ്ചു രാഷ്ട്രീയസഭയും തമ്മിലുള്ള സാമ്യങ്ങൾ നമ്മുടെ കൺമുമ്പിൽ ഉണ്ടായിരിക്കണമെന്ന് എനിക്ക് തോന്നുന്നു. ഫ്രാൻസിന്റെ പുരോഗതിക്കുവേണ്ടി ഉണ്ടാക്കിയതും മറ്റുരാജ്യങ്ങൾ അനുകരിച്ചതുമായ തത്വങ്ങൾ ഹിന്ദുസമൂഹത്തിന്റെ പുരോഗതിക്കുവേണ്ടിയും ഈ സഭ സ്വീകരിക്കണം. വിവാഹം മുതൽ കുടിക്കഴിയൽവരെയുള്ള വർണ്ണാശ്രമധർമത്തിന്റെ നിയന്ത്രണങ്ങൾ പറിച്ചു

കളഞ്ഞ് ഹിന്ദുസമൂഹത്തെയാകെ ഒറ്റവർണ്ണമാക്കണം. അതില്ലാതെ അയിത്തം ഇല്ലാതാവുകയോ സമത്വം സ്ഥാപിക്കപ്പെടുകയോ ഉണ്ടാവുകയില്ല" (അംബേദ്കർ, 2011: 108-109). സമത്വം സ്ഥാപിക്കാനായി ഫ്രാൻസിൽ നടന്ന ജനകീയ സമരത്തിന്റെയും മെഹദിൽ നടന്ന ദളിത്പ്രക്ഷോഭത്തിന്റെയും വഴിയിലാണ് പുല്ലാട്ടുകാവിലെ തീണ്ടൽ സമരത്തെ അടയാളപ്പെടുത്തേണ്ടത്. അന്തസ്സ്, ആത്മാഭിമാനം എന്നിവ അനുവദിച്ചു കിട്ടുന്നതിനായാണ് ഈ സമരം നടന്നത്. സമത്വം എന്നത് വിഭവങ്ങൾക്കുമേലുള്ള തുല്യാവകാശം മാത്രമല്ല,[12] സാംസ്കാരിക മൂലധനത്തിലുള്ള തുല്യാവകാശംകൂടിയാണ്. ആയതിനാൽ പുല്ലാട്ടുകാവിൽ നടന്ന തീണ്ടൽ സമരം സാംസ്കാരിക മൂലധനം പിടിച്ചെടുക്കാനുള്ള സമരമായിരുന്നു.

കുംഭം പത്തിന് മാത്രം തിറ കഴിക്കുന്ന പുല്ലാട്ടുകാവിൽ കുളവുമായി ബന്ധപ്പെട്ട സംഘർഷം ഉണ്ടായതിനുശേഷം ദേശപ്പെരുവണ്ണാനല്ലാതെ കോഴിക്കോടുള്ള മറ്റൊരു പ്രദേശമായ കൊയിലാണ്ടിയിൽനിന്നും കെട്ടിയാട്ടക്കാർ വന്നു ഉത്സവം കഴിച്ചിരുന്നു. ദേശക്കാരെ വീണ്ടും ഒന്നിപ്പിക്കുന്നതിനായി അടുത്തവർഷം കുംഭം പത്താം തിയ്യതിയും പതിനൊന്നാം തിയ്യതിയും ഉത്സവം നടത്തി തൊട്ട് മുന്നത്തെ വർഷം ദേശക്കാരെ വിളിക്കാതിരുന്നതിനാൽ അതും കൂടി ചേർത്ത് രണ്ട് ദിവസം ഉത്സവം നടത്തി. പെരുവണ്ണാന്മാരുമായി പിണക്കം ഒഴിവാക്കി അയിത്തം നിലനിർത്തികൊണ്ടുതന്നെ കാവുത്സവം തുടരുന്നതിനു വേണ്ടിയായിരുന്നു അത്. എന്നാൽ മണ്ണാറക്കൽ തറവാട്ടിലെ പെരുവണ്ണാന്മാർ അതിൽ പങ്കെടുത്തില്ല. മണ്ണാറക്കലിൽ നിന്നും പിരിഞ്ഞുപോയ മറ്റ് തറവാട്ടുകാർ മാത്രമേ രണ്ട് ദിവസം ഉത്സവം നടത്തിയ വർഷത്തിൽ പങ്കെടുത്തിരുന്നുള്ളൂ (അനു.: 1.27).

ഉൽസവത്തിന് എന്തെങ്കിലും തടസ്സം വന്നാലോ എന്ന് കരുതി ഊരാളർ നിറഞ്ഞ പോലീസ്സന്നാഹത്തോടുകൂടി തന്നെയായിരുന്നു ഉത്സവം നടത്തിയിരുന്നത് (അനു.: 1.31).

---

12 പിയർ ബോർദ്യൂ അവതരിപ്പിച്ച ആശയമാണ് സാംസ്കാരിക മൂലധനം എന്നത്. അറിവ്, പെരുമാറ്റം, നൈപുണി എന്നിവയുടെ സമാഹൃതരൂപമാണ് സാംസ്കാരിക മൂലധനം. സാംസ്കാരിക മൂലധനം സമൂഹത്തിലെ പദവിയെ നിർണ്ണയിക്കുന്നുണ്ട്. വിദ്യാഭ്യാസം, വർഗ്ഗപരമായ നില എന്നിവയെല്ലാം ഒരു സാമൂഹ്യഘടനയിൽ വിനിമയസാധ്യതയുള്ളവയാണ്. അതിനാൽ അവയെല്ലാം സാംസ്കാരിക മൂലധനമായി പരിഗണിക്കാം.

തങ്ങളുടെ അടിമജീവിതത്തിൽനിന്നുള്ള മോചനം സാധ്യമാക്കിയ അനുഭവങ്ങളിൽ ചിലത് ആവേദകർ പങ്കുവെക്കുന്നുണ്ട്. ജനാധിപത്യസമ്പ്രദായത്തിലൂടെയുള്ള വോട്ടിങ്ങ് സമ്പ്രദായമൊക്കെ വന്നത് അടിമത്തത്തിൽനിന്നും രക്ഷപ്പെട്ട് സ്വതന്ത്രമായി ജീവിക്കാൻ സാധ്യത നൽകിയതായി ആവേദകർ കരുതുന്നു.

കുടിയൊഴിക്കൽ അക്കാലത്തെ നിത്യസംഭവമായിരുന്നു. തങ്ങൾ ചൂഷണം ചെയ്യപ്പെടുന്നതിന്റെ അടിസ്ഥാനകാരണം ജാതിവ്യവസ്ഥിതിയാണെന്ന് മനസ്സിലാക്കിയ കീഴാളർ അതിനെതിരെ പോരാടാൻ തുടങ്ങിയ സമയത്താണ് വ്യത്യസ്തരീതിയിലുള്ള സംഘർഷങ്ങൾ രൂപപ്പെട്ടിരുന്നത് (അനു.: 1.64, 1.65).

മേൽജാതിക്കാരുടെ ആരാധനാലയങ്ങളിൽ കീഴാളർക്ക് പ്രവേശനമുണ്ടായിരുന്നില്ല. പ്രവേശിച്ചാൽ വരേണ്യരുടെ ആരാധനായിടം അയിത്തമായി പോവുമെന്നായിരുന്നു പൊതുവെയുള്ള ധാരണ. സ്വതന്ത്ര്യാനന്തരമാണ് പുല്ലാട്ടുകാവിൽ കീഴാളർ പ്രവേശിച്ചിരുന്നത്. അയിത്തോച്ചാടന കമ്മിറ്റിയുടെ കീഴിൽ നിന്നുകൊണ്ടുള്ള പ്രവർത്തനത്തിലൂടെയാണ് കാവിൽ പ്രവേശനം സാധ്യമായിരുന്നത്. സംഘടിച്ചുകൊണ്ട് കീഴാളരെല്ലാം ധൈര്യപൂർവ്വം കാവിൽ പ്രവേശിച്ച തന്നെയാണ് അയിത്തം ഇല്ലാതാക്കിയത്. കാവിന്റെ ഒരുപാട് ദൂരെ നിന്നുമാത്രം കാവിൽ നടന്നിരുന്ന കാര്യങ്ങളെല്ലാം കാണാൻ സാധിച്ചിരുന്ന ഒരു വിഭാഗം ജനങ്ങൾ കാവിൽ പ്രവേശിച്ചത് പുല്ലാട്ടുകാവിനെ സംബന്ധിച്ച് വലിയ വിപ്ലവം തന്നെയായിരുന്നു (അനു.: 3.9). മണ്ണാറക്കൽ തറവാട്ടിൽനിന്ന് വേർപിരിഞ്ഞ് പോയ മറ്റൊരു കുടുംബമായിരുന്നു കോഴിക്കോട് ജില്ലയിൽ മണ്ണാറക്കൽ തറവാടിനടുത്തു തന്നെയുള്ള പയിമ്പ്ര എന്ന സ്ഥലത്ത് താമസിച്ചിരുന്നത്. മണ്ണാറക്കൽ തറവാട്ടുകാരെ പിന്നീട് ഊരായ്മക്കാർ ഉത്സവത്തിന് വിളിച്ചുപോലെതന്നെ പയിമ്പ്രക്കാരേയും ഉത്സവത്തിന് വിളിച്ചു. അവർ ഉത്സവ നടത്തിപ്പ് ഏറ്റെടുക്കുകയും ചെയ്തു. പയിമ്പ്രക്കാരെ പോലെയായിരുന്നില്ല മണ്ണാറക്കൽക്കാർ. അവർ എല്ലാറ്റിലും പ്രതികരിച്ചു. ഉത്സവനടത്തിപ്പിന് നാമമാത്രമായ കൂലി നൽകിയപ്പോൾ അത് മതിയാവില്ല ഭേദപ്പെട്ട കൂലി തന്നെ ലഭിക്കണമെന്നവർ പറഞ്ഞു. ഇതൊന്നും ഒരിക്കലും ഊരായ്മക്കാർക്ക് ദഹിച്ചിരുന്ന സംഗതികളായിരുന്നില്ല. ഊരായ്മക്കാർ നിശ്ചയിക്കുന്നതായിരുന്നു കൂലി. എന്നാൽ ഇതിനെയെല്ലാം ചോദ്യം ചെയ്യുന്ന രീതിയിൽ കെട്ടിയാട്ടക്കാരും മറ്റ് കാവുമായി ആചാരനുഷ്ഠാനങ്ങളിൽ ഏർപ്പെ

ടുന്ന മനുഷ്യരുമെല്ലാം പ്രതികരിക്കാൻ തുടങ്ങുമ്പോഴാണ് സംഘർഷാവസ്ഥ സംജാതമാവുന്നത്. പലപ്പോഴും കീഴാളരായ അടിസ്ഥാനവർഗം ശബ്ദമുയർത്തുമ്പോൾ മാത്രമാണ് ഇത്തരം പരിവർത്തനങ്ങൾ കാവിടങ്ങളിലും സമൂഹത്തിൽത്തന്നെയും ഉണ്ടാവുന്നത് (അനു.: 4.21).

ദൈവത്തിന്റെ പ്രതിരൂപങ്ങളെന്ന് പറയപ്പെടുന്ന വെളിച്ചപ്പാടുകളും ഭഗവതിയുടെ തിറയാട്ടസമയത്ത് താലപ്പൊലി എടുത്തിരുന്ന കന്യകകളായ കുട്ടികളും കുളിക്കുന്ന കുളത്തിൽ ഭഗവതിയുടെ കോലം കെട്ടുന്ന പെരുവണ്ണാനുമാത്രം അയിത്തം കല്പിച്ചിരുന്നതിലെ യുക്തി എന്താണ്? എന്നതായിരുന്നു തിറയാട്ടകാലകാരൻ ഉന്നയിക്കുന്ന ചോദ്യം. കെട്ടിയാട്ടക്കാരൻ കുളിക്കാൻ തുനിഞ്ഞപ്പോഴാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്. കെട്ടിയാട്ടക്കാർ കുളിച്ചാൽ അശുദ്ധമാവുമെന്നായിരുന്നു വരേണ്യരായ ഊരായ്മക്കാർ പറഞ്ഞിരുന്നത്. ജാതീയമായി മാറ്റിനിർത്തൽ തന്നെയായിരുന്നു ഇത്. കുളം ഒരു പ്രതീകമായി നിലകൊള്ളുക മാത്രമാണ്. മനുഷ്യരുടെ മനസിലുള്ള ജാതി ചിന്ത ഇത്തരം പ്രതീകങ്ങളിലൂടെയാണ് പ്രവർത്തിക്കുന്നത് (അനു.: 4.27).

കാവൂരായ്മക്കാർ ഉത്സവം നടത്തിക്കൊടുക്കുന്നതിനായിട്ട് മണ്ണാറക്കൽ തറവാട്ടുകാരെ വീണ്ടും വീണ്ടും സമീപിക്കുകയുണ്ടായെങ്കിലും ജാതിയുടെ പേരിൽ അനുഭവപ്പെട്ടതൊന്നും മറക്കാൻ അവർ തയ്യാറായിരുന്നില്ല. അത്കൊണ്ട്തന്നെ ഊരായ്മക്കാരുടെ ക്ഷണം അവർ ഇന്നോളം സ്വീകരിച്ചിട്ടില്ല (അനു.: 4.28).

തിറകെട്ടാനും മറ്റ് കർമ്മങ്ങളെല്ലാം ചെയ്യാനും ഞങ്ങളെക്കൊണ്ട് സാധിക്കുമ്പോൾ ദേഹത്തുള്ള ഈ കരിയും മഷിയും കഴുകിക്കളയാൻ ഞങ്ങൾക്ക് സാധിക്കില്ലെന്നും വരുമ്പോൾ എത്രമാത്രം ജാതി വേർതിരിവാണ് അനുഭവിക്കുന്നതെന്നുള്ള കെട്ടിയാട്ടക്കാരന്റെ ചോദ്യത്തിലും ന്യായമുണ്ടെന്ന് വരേണ്യർ തന്നെ പിൽക്കാലത്ത് അഭിപ്രായപ്പെടുന്നുണ്ട്. പുല്ലാട്ടുകാവിലെ കെട്ടിയാട്ടത്തിൽനിന്നും മാറിനിൽക്കാനാണ് തീരുമാനം എന്നതിൽ ഉറച്ചുനിന്നുകൊണ്ട് ദേശപ്പെരുവണ്ണാൻ സ്ഥാനം ഒഴിയുകയാണുണ്ടായത് (അനു.: 4.31, 4.33).

കെട്ടിയാട്ടക്കാർക്ക് കടം വാങ്ങിയത് തിരിച്ചുകൊടുക്കാൻ നിർവാഹമില്ലാതെ വന്നപ്പോഴാണ് എഴുത്തുപള്ളിക്കൂടം ഉൾപ്പെടുന്ന പറമ്പ് കുരിക്കൾവിഭാഗത്തിന്റെ

കൈവശമാവുന്നത്. അത് പിന്നീട് സ്കൂളായി പരിണമിച്ചപ്പോൾ മണ്ണാറക്കൽ സ്കൂൾ എന്ന പേര് മാത്രം നിലനിന്നിരുന്നെങ്കിലും ഇന്ന് ആ പേരും മാറ്റപ്പെട്ടിരിക്കുന്നു. എഴുത്തുപ്പള്ളിക്കൂടവും സ്ഥലവും ഉന്നതരുടെ കൈവശമായി. തറികുത്തി അവകാശത്തി പ്പെട്ട പത്ത് സെന്റ് സ്ഥലമൊഴികെ ബാക്കിയെല്ലാം നഷ്ടമാവുക യാണുണ്ടായത് (അനു.: 7.15, 7.16). കാവിൽ ചുറ്റുവിളക്ക് തെളിയിക്കാൻ ആദ്യകാലങ്ങളിൽ വരേണ്യർക്ക് മാത്രമേ അധികാരമുണ്ടായിരുന്നുള്ളൂ. മറ്റാരെയും അവർ വിളക്ക് തെളിയിക്കുന്നതിനായി അനുവദിക്കില്ലായിരുന്നു. എന്നാലിപ്പോൾ അത്തരം കാര്യങ്ങ ളിലെല്ലാം മാറ്റം സംഭവിച്ചിരിക്കുന്നു. കാവ് തീണ്ടിയതിനുശേഷം വന്നിട്ടുള്ള മാറ്റങ്ങളാ ണിത്. കാവിൽ എല്ലാ ജാതിവിഭാഗങ്ങൾക്കും പ്രവേശന മായതോടെ കാവ് എല്ലാ വർക്കും പ്രാർത്ഥിക്കാനും പ്രദക്ഷിണംവെക്കാനും പറ്റുന്ന ഇടമായി മാറി. ശ്രീകോവി ലിന്റെ മുൻപിലേക്ക് എല്ലാ ജാതിവിഭാഗങ്ങൾക്കും പ്രവേശനം സാധ്യമായ രീതിയിൽ മാറ്റം സംഭവിച്ചിരിക്കുന്നു. കീഴാളരുടെ ജീവചരിത്രം, ആചാരനുഷ്ഠാന ഇടങ്ങ ളിൽപ്പോലും കഷ്ടത നിറഞ്ഞ രീതിയിലായിരുന്നു എന്ന് വ്യക്തമാകുന്ന സംഗതിക ളാണിവ (അനു.: 8.5).

ദൈവത്തിന്റെ കോലം കെട്ടുന്ന മനുഷ്യനിലും ശ്രീകോവിലിന്റെ മുന്നിലേക്ക് പ്രവേശനം ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിലൂടെ ജീവിച്ച അനുഭവങ്ങൾ ജനങ്ങൾ പങ്കുവെക്കുന്നുണ്ട്. അണിയറയിലെ ആവശ്യങ്ങൾക്കുള്ള വെള്ളം ഊരായ്മക്കാർ ആരെ ങ്കിലും വന്ന് കോരിത്തരണമായിരുന്നു. സ്വയം പോയി കിണറ്റിൽനിന്നും കെട്ടിയാട്ട ക്കാരനായ ഒരു കീഴാളൻ വെള്ളമെടുക്കാൻ ശ്രമിച്ചാൽ കിണർ അശുദ്ധമാവും എന്ന് കരുതിയിരുന്നു (അനു.: 8.6).

ഉത്സവദിവസം രാവിലെ താന്ത്രികകർമ്മങ്ങൾ ചെയ്യുന്ന നമ്പൂതിരി കെട്ടിയാട്ട ക്കാർക്ക് കാവിലേക്ക് പ്രവേശനം അനുവദിക്കുന്നു. ഉത്സവദിവസം കഴിഞ്ഞാൽ പിന്നീ ടവർക്ക് കാവിലേക്ക് പ്രവേശനം ഉണ്ടായിരുന്നില്ല. ഉത്സവം കഴിഞ്ഞതിന്ശേഷം കാവിൽ ശുദ്ധികലശം നടത്തുന്നുണ്ട്. ഇങ്ങനെ ശുദ്ധിയാക്കിയതിന് ശേഷം വരേണ്യ വിഭാഗങ്ങൾക്ക് മാത്രമായിരുന്നു കാവിൽ പ്രവേശനമുണ്ടായിരുന്നത്. മറ്റുള്ളവർ കയറി യാൽ കാവ് അശുദ്ധമാവുമെന്നായിരുന്നു സങ്കല്പം (അനു.: 8.10). കാവു തീണ്ടിയത് പുല്ലാട്ടുകാവിനെ സംബന്ധിച്ച് വലിയൊരു സംഭവം തന്നെയായിരുന്നു. വെറും പത്തോ

പന്ത്രണ്ടോ ആളുകൾ മാത്രമേ കാവുതീണ്ടലിൽ പങ്കെടുത്തിരുന്നുള്ളൂ. വലിയ സംഘർഷാവസ്ഥയാവുമോ എന്ന് കരുതി നായർ സ്ത്രീകളെല്ലാം കാവ് തീണ്ടുമ്പോൾ കരയുകയും മറ്റും ചെയ്തു. വലിയ രീതിയിലുള്ള പ്രശ്നങ്ങളൊന്നും കാവുതീണ്ടിയപ്പോൾ ഉണ്ടായില്ല. ഒരുപാട് ആളുകൾ ചേർന്ന് വലിയ രീതിയിൽ നടത്താൻ ഉദ്ദേശിച്ചിരുന്ന ഒന്നായിരുന്നു ഈ കാവുതീണ്ടലെങ്കിലും സമയമായപ്പോൾ എല്ലാവരും പിന്മാറുകയാണുണ്ടായത്. പിന്മാറ്റത്തിനുള്ള പ്രധാന കാരണം വരേണ്യവർഗങ്ങളോടുള്ള ഭയം തന്നെയായിരുന്നു. ജീവിതം മുന്നോട്ടുപോവണമെങ്കിൽ അവർ കനിയണമായിരുന്നു. അവരുടെ പാടത്തും പറമ്പിലും ജോലി ചെയ്തുകൊണ്ടായിരുന്നു ബാക്കിയുള്ള ജനങ്ങളുടെയെല്ലാം ജീവിതം. അവരെ പിണക്കിക്കൊണ്ട് മുന്നോട്ട് പോവുക സാധ്യമായിരുന്നില്ല. അതുകൊണ്ടു തന്നെ അവരെ എതിർത്തുകൊണ്ടുള്ള ഒരു പ്രവർത്തനങ്ങൾക്കും സാധാരണജനങ്ങൾ തയ്യാറായിരുന്നില്ല (അനു.: 9.3).

### 4.2.5 പുല്ലാട്ടുകാവിലെ ഉൽസവം: ജാതിയെ പൊതിഞ്ഞു നിൽക്കുന്ന കാർണിവൽ

യൂറോപ്പിലെ മധ്യകാല കാർണിവലുകളെക്കുറിച്ച് ബക്തിൻ പഠിച്ചിട്ടുണ്ട്. എന്നാൽ ഇത്തരമൊരു കാർണിവൽ സ്വഭാവം പുല്ലാട്ടുകാവിലെ ഉൽസവത്തിനുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്.

ബക്തിന്റെ കാർണിവൽസങ്കല്പത്തെ ഓർമ്മിപ്പിക്കുന്ന തരത്തിൽ ചില സംഗതികൾ കാവുപരിസരങ്ങളിൽ കാണാൻ സാധിക്കുന്നുണ്ട്. ഫോക്ഹ്യൂമറായി ചേർത്ത് പറയാൻ പ്രാപ്യമായ തരത്തിലാണ് കാവിന്റെ പുറത്തുള്ള പ്രവർത്തനങ്ങളെല്ലാം നടക്കുന്നത്. ഉത്സവസ്ഥലങ്ങളിലെ ജനങ്ങളുടെ പെരുമാറ്റം, സംസാരം, തമാശ തുടങ്ങിയവയിലെല്ലാം കാർണിവൽ സ്വഭാവം പ്രകടമാണ്. മനുഷ്യശരീരത്തെ മേൽകീഴ് ഭാഗങ്ങളായി ബക്തിൻ കാണുന്നു. അതിൽ കീഴ്ഭാഗവുമായി ബന്ധപ്പെട്ടാണ് ബക്തിൻ കാർണിവൽ പ്രത്യേകതകളെക്കുറിച്ച് പറയുന്നത്. സാമൂഹ്യവ്യവസ്ഥയുടെ കീഴ്മേൽ മറച്ചിലായി ബക്തിൻ കാർണിവലിനെ നിരീക്ഷിക്കുന്നു.

പുല്ലാട്ടുകാവിലെ ആചാരാനുഷ്ഠാനങ്ങളെ മാറ്റി നിർത്തിയാൽ, കാവിന്റെ പുറത്ത് നടക്കുന്ന ക്രയവിക്രയങ്ങളിലൂടെ മാത്രമേ കാർണിവൽ സ്വഭാവം കാണാൻ സാധിക്കുന്നുള്ളൂ. കാവിനകത്ത് എല്ലാത്തരത്തിലുള്ള അധികാരശ്രേണികളും പ്രവർത്തിക്കു

മ്പോഴും കാവ് പരിസരങ്ങളായ ഉത്സവപറമ്പിലും കാവിൽ ഇടപെടുന്ന വ്യത്യസ്തമായ ജനവിഭാഗങ്ങളുടെ ആഘോഷങ്ങളിലും യാതൊരു വിധത്തിലുള്ള അതിർവരമ്പുകളോ നിയന്ത്രണങ്ങളോ ദൃശ്യമാകുന്നില്ല. ജനപ്രിയ ആഘോഷം തന്നെയാണ് പുല്ലാട്ടു കാവിലെ ഉത്സവം. ദൂരസ്ഥലങ്ങളിൽ ജോലിക്ക് പോയവരും വിവാഹശേഷം മാറി താമസിക്കുന്നവരും തുടങ്ങി കുരുവട്ടൂർ ഗ്രാമപ്രദേശവുമായി ബന്ധപ്പെട്ട എല്ലാവരും ഈ ആഘോഷത്തിൽ പങ്കെടുക്കുവാൻ എത്തിച്ചേരുന്നുണ്ട്. കാവിന്റെ പുറത്ത് മാത്രമേ കാർണിവലിന്റെ സ്വഭാവം ദൃശ്യമാവുന്നുള്ളൂ. സ്വതന്ത്രമായ ഇടപെടലൽ ഇവിടെ സാധ്യമാവുന്നുണ്ടെങ്കിലും കാവിനകത്ത് അനുഷ്ഠാനാചാരങ്ങളെല്ലാം വ്യത്യസ്ത തലത്തിലുള്ള നിയന്ത്രണങ്ങൾക്ക് കീഴിലാണ്. കാവിന്റെ പുറത്ത് മനുഷ്യരുടെ സ്വതന്ത്രമായ ഇടപെടൽ സാധ്യമാവുന്നുണ്ട്. ജാതിമതഭേദമന്യേ ജനങ്ങൾ ആഘോഷങ്ങളുടെ ഭാഗമാവുന്നു.

കാവിനകത്ത് ജാതിയുടെ സാമൂഹിക-ശ്രേണീകരണ തടസ്സങ്ങളാൽ വേർപ്പെട്ടവർ കാവിന് പുറത്ത് ഒരുമിക്കുന്നുണ്ട്. രണ്ടു വ്യത്യസ്തമായ തലങ്ങളാണ് കാവിന്റെ അകത്തിനും പുറത്തിനുമുള്ളത്. ആളുകൾ തമ്മിലുള്ള അകലം കാവിന് പുറത്തൊരിക്കലും സാധ്യമായിരുന്നില്ല. പലവിധത്തിലുള്ള കച്ചവടക്കാരും ജാതിമതഭേദമന്യേ ഭക്ഷണസാധനങ്ങളുടെ കൈമാറ്റവും ആളുകളുടെ സ്വാതന്ത്ര്യവും സന്തോഷപരവുമായ ഇടപെടലും കാവിനു പുറത്ത് സാധ്യമായിരുന്നു. കുരുവട്ടൂർ ദേശവുമായി ബന്ധപ്പെട്ട എല്ലാവരും ഈ ആഘോഷത്തിന്റെ ഭാഗമാവുന്നതിനായി പല ഇടങ്ങളിൽനിന്നും എത്തിച്ചേർന്നിരുന്നു എന്നത് ഒരു പ്രധാനഘടകം തന്നെയാണ്.

കാർണിവൽ ഒരു സാമൂഹിക സ്ഥാപനം എന്ന നിലയിൽ പ്രവർത്തിക്കുമ്പോൾ, പുല്ലാട്ടുകാവുമായി ഈ സങ്കല്പത്തെ ചേർത്തു വിശകലനം ചെയ്യുന്ന അവസരത്തിൽ കാവിനെ വ്യത്യസ്തമായ രണ്ട് തലങ്ങളായാണ് മനസിലാക്കാൻ സാധിക്കുന്നത്. കാവിൽ, കൃത്യമായ അതിർത്തി രേഖകളിലൂടെ സഞ്ചരിക്കുന്ന കാവനുഷ്ഠാനങ്ങളും കാവിന് പുറത്ത് സർവ്വസ്വതന്ത്രമായി പെരുമാറുന്ന ജനങ്ങളുടെ, അതിർത്തികൾ നിർണയിക്കപ്പെടാത്ത പ്രവർത്തനങ്ങളുമാണത്.

### 4.2.6 പുല്ലാട്ട് കാവ് : പ്രവർജ്ജനത്തിന്റെ ദേശയുക്തി

രാഷ്ട്രീയജനാധിപത്യത്തിന്റെ നട്ടെല്ലായി നിൽക്കുന്നത് ജനം എന്ന സങ്കല്പ മാണ്. ജനം എന്നത് എല്ലാതരം വർഗീകരണങ്ങൾക്കപ്പുറത്തുള്ളതും ഒരു രാഷ്ട്രത്തിലെ എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു സങ്കല്പനമാണ്. ഇന്ത്യയെ സംബന്ധിച്ചിട ത്തോളം ജാതീയമായ വേർതിരിവുകളെ ഇല്ലാതാക്കി ഒരു ജനസമൂഹത്തെ വിഭാവനം ചെയ്യുന്നതിനെയാണ് ജനാധിപത്യം എന്ന് പറയുന്നത്. ജനാധിപത്യമെന്നത് ഒരു ഭരണസമ്പ്രദായമല്ലെന്നും അതൊരു ജീവിതസമ്പ്രദായമാണെന്നും അംബേദ്കർ സൂചി പ്പിക്കുന്നുണ്ട്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയാണ് ജനാധിപത്യ ത്തിന്റെ ആധാരശിലകൾ. ഇവയിലേറ്റവും പ്രധാനം സാഹോദര്യമാണ്. സാഹോദര്യ ത്തിന്റെ അഭാവത്തിൽ സ്വാതന്ത്ര്യവും സമത്വവും സാക്ഷാത്കരിക്കാൻ കഴിയില്ല. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഈ സാഹോദര്യഭാവത്തിന് വിലങ്ങായി നിൽ ക്കുന്ന പ്രധാന ഘടകം ജാതി വ്യവസ്ഥയാണ്. ശ്രേണീകൃത അസമത്വമാണ് ജാതിവ്യ വസ്ഥയുടെ സവിശേഷത.

രാഷ്ട്രീയസമൂഹം സ്വാതന്ത്ര്യത്തേയും സമത്വത്തെയും കുറിച്ച് നടത്തുന്ന പ്രഖ്യാ പനങ്ങളെല്ലാം സാക്ഷാത്കരിക്കപ്പെടണമെങ്കിൽ പൗരസമൂഹത്തിൽ സാഹോദര്യ ഭാവം നിലനിൽക്കണം. ജാതിയെ പുനരുത്പാദിപ്പിക്കുന്ന അനുഷ്ഠാനങ്ങളും ആചാര ങ്ങളും ഇന്ത്യൻജനതക്കിടയിലെ സാഹോദര്യഭാവത്തെ ഇല്ലാതാക്കുകയാണ് ചെയ്യു ന്നത്. ഫലത്തിൽ അത് ജനാധിപത്യത്തിന്റെ സാക്ഷാത്ക്കാരത്തെ എന്നേക്കുമായി നീട്ടിവെക്കുന്നു (Sarukki, 2022; 2-3). ഒരർത്ഥത്തിൽ ശ്രേണീകൃത അസമത്വത്തെ പുനരുത്പാദിപ്പിക്കുന്ന അനുഷ്ഠാനക്രമങ്ങൾ തന്നെയാണ് പുല്ലാട്ട് കാവിലും നടക്കു ന്നത്.

കേരളത്തിലെ കാവുകളിൽ നടത്തപ്പെടുന്ന അമ്മദൈവാരാധനകളിലെല്ലാം തന്നെ ജാതിക്ക് കൃത്യമായ സ്ഥാനമുണ്ട്. ജാതിയുടെ ഉയർച്ച താഴ്ചാരീതിക്കനുസരി ച്ചാണ് കാവനുഷ്ഠാനങ്ങളിലെ ഓരോ കർമ്മങ്ങളും നിർവഹിക്കപ്പെടുന്നത്. സമൂഹ ത്തിന്റെ ജാതിബോധമാണിവിടെ പ്രകടമാവുന്നത്. അയിത്തസങ്കല്പത്തിൽ അടിയുറച്ച വിശ്വസിച്ചിരുന്ന സന്നിഹിതഭൂതകാലത്തിൽ കാവാരാധന ചില വരേണ്യവിഭാഗ ങ്ങളുടെ ആരാധനാകേന്ദ്രം കൂടിയായിരുന്നു. കീഴാളർക്ക് സമാന്തരമായി മറ്റ് ആരാധനാ സമ്പ്രദായങ്ങൾ ഉണ്ടെങ്കിൽപ്പോലും വരേണ്യാരാധനാ ഇടങ്ങളിൽ പ്രവേശനം നിഷിദ്ധമായിരുന്നു. ഇത്തരം ചുറ്റുപാടുകളിൽ നിന്നും അനവധിതരത്തിലുള്ള തിക്താനു ഭവങ്ങൾ സഹിക്കാൻ കീഴാളർ പലപ്പോഴും ബാധ്യസ്ഥരായിരുന്നു. സാമൂഹിക നവീകരണത്തിന്റെ ഭാഗമായാണ് മിക്കപ്പോഴും കീഴാളന് അസ്തിത്വം ലഭിച്ചിരുന്നത്. കാവനുഷ്ഠാനത്തിന്റെ ഭാഗമായി പല തരത്തിലുള്ള കർമ്മങ്ങളും കടമകളും കീഴാളർ പല അവസരങ്ങളിലും ചെയ്തുപോന്നിരുന്നെങ്കിലും അയിത്തസങ്കല്പത്തിന്റെ ഭാഗമായി കാവാരാധനാ പരിസരത്തുനിന്നും അവർ മാറ്റി നിർത്തപ്പെട്ടു. കാവിനെക്കുറിച്ചുള്ള നിർവ്വചനങ്ങൾ ആരാധനയിലും പരിസ്ഥിതിയിലുമാണ് കേന്ദ്രീകരിക്കപ്പെട്ടിരിക്കു ന്നത്. ചില ദൈവങ്ങൾ മാത്രമേ കാവാരാധനയുടെ ഭാഗമായി നിലകൊണ്ടുള്ളൂ. ആ ദൈവങ്ങൾ കീഴാളദൈവങ്ങളായിരുന്നു. ക്ഷേത്രങ്ങളിൽ പ്രവേശനമില്ലാതിരുന്ന കീഴാളജനത എപ്പോഴും തങ്ങളുടെ ആരാധനാലയമായി സങ്കല്പിച്ചിരുന്നത് കാവുകളെ യായിരുന്നു. എന്നാൽ കാവാരാധന വരേണ്യരും പിന്തുടർന്നിരുന്നു. അവർ നായാട്ടുദേവ തകളെയും നാഗങ്ങളെയും ആരാധിച്ചിരുന്നു. അത്തരം കാവുകളിൽ അടിസ്ഥാന ജനവി ഭാഗങ്ങൾക്ക് ക്ഷേത്രത്തിൽ ഏർപ്പെടുത്തിയിരുന്ന അതേ വിലക്കുതന്നെ പിന്തുടരേണ്ടി വന്നു. കാവുകൾ ക്ഷേത്രങ്ങളുടെ സ്വഭാവത്തിലേക്ക് പരിവർത്തനപ്പെട്ടു തുടങ്ങിയത് വരേണ്യരുടെ കാവാരാധനാ രീതിക്കടിസ്ഥാനമായാണ്. ചുറ്റമ്പലവും പൂജാദികാര്യങ്ങ ളിലെ പരിവർത്തനവും കാവിന്റെ പരിസരത്ത് സംജാതമാവുന്നതിന് ഇത് കാരണ മായി.

അമ്മദൈവാരാധന കേരളത്തിലുടനീളം പടർന്നുകിടക്കുന്ന ആരാധനാസമ്പ്രദായമാണ്. വൈവിധ്യങ്ങളായ അനുഷ്ഠാനങ്ങൾ ഇതിന്റെ ഭാഗമായി കേരളത്തിലങ്ങോളമിങ്ങോളം നടത്തപ്പെടുന്നുണ്ട്. തെയ്യം, പടയണി, കാളിയൂട്ട്, തിറയാട്ടം, താലപ്പൊലി തുടങ്ങിയവ ഉദാഹരണങ്ങൾ മാത്രമാണ്. അമ്മദൈവാരാധനയെ കേന്ദ്രീകരിച്ച് നടത്തപ്പെടുന്ന ഈ അനുഷ്ഠാനകലകളൊക്കെയും ജാതിസമ്പ്രദായത്തെ സ്ഥിരപ്പെടുത്താൻ ശ്രമിക്കുന്ന ഘടകങ്ങളായാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. വരേണ്യതാൽപര്യങ്ങളാണ് പലപ്പോഴും ജാതിയതയെ ഉറപ്പിച്ചുനിർത്താൻ സഹായിക്കുന്നത്. ജാതിയുടെ സ്ഥിരപ്രതിഷ്ഠയ്ക്കായി പ്രതീകങ്ങളായി നിലകൊള്ളുന്ന അനുഷ്ഠാനങ്ങളെയാണ് അധീശത്വവർഗം ആശ്രയിക്കുന്നത്. ഇത്തരം അനുഷ്ഠാനങ്ങൾ ജാതി എന്ന സങ്കല്പത്തെ കൃത്യമായി സ്ഥാനപ്പെടുത്തുന്ന പ്രധാന ഘടകങ്ങളാണ്. ജാതിയിൽ ഉയർന്നവരാണ് കാവിടങ്ങളിൽ അധികാരം കയ്യാളിയിരുന്നതെങ്കിൽ ജാതിശ്രേണിയുടെ കീഴ്ത്തട്ടിലേക്ക് വരുന്നതിനനുസരിച്ച് അയിത്തവും പീഡനവും ചൂഷണവും തുടർന്നുപോരുന്ന സമ്പ്രദായമാണ് അനുഷ്ഠാനകലകളെ ഇഴപിരിച്ച് പഠനവിധേയമാക്കുമ്പോൾ കണ്ടെത്താൻ സാധിക്കുന്നത്. ഹിന്ദുമതത്തിൽ ജാതിയെ പുനരുൽപ്പാദിപ്പിക്കുന്നതാണ് ദൈവാരാധന.

പുല്ലാട്ടുകാവിലെ ആരാധനാരീതികളെ മുൻനിർത്തി കീഴാളജനവിഭാഗങ്ങളുടെ ചരിത്രം കണ്ടെത്താനാണ് സവിശേഷമായ ഈ പഠനത്തിലൂടെ ശ്രമിച്ചിട്ടുള്ളത്. ജാതിപരമായ വേർതിരിവുകൾ അനുഭവിക്കേണ്ടിവന്ന ഒരുപാട് വ്യക്തികൾ അവരുടെ കാവോർമ്മകൾ പങ്കുവെക്കുന്നത് ഈ പഠനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാവനുഷ്ഠാനം, പുരാവൃത്തം, അധിനിവേശം തുടങ്ങിയ സംജ്ഞകളുടെ വർഗീകരണ, വിശകലനത്തിലൂടെ പുല്ലാട്ടുകാവുമായി ചേർന്ന് നിൽക്കുന്ന എല്ലാ ജാതിവിഭാഗങ്ങളേയും പഠനത്തിൽ ഉൾച്ചേർത്തിയിട്ടുണ്ട്. അനുഷ്ഠാനങ്ങൾ പ്രതീകങ്ങളായി നിലകൊള്ളുമ്പോൾ പ്രതീകങ്ങളുടെ സൂക്ഷ്മനിരീക്ഷണങ്ങളിലൂടെ വസ്തുതകൾ കണ്ടെത്താൻ പഠനം ശ്രമിക്കുന്നുണ്ട്. വരേണ്യകീഴാള ആരാധനാലയങ്ങൾ തമ്മിൽ ഉണ്ടാവുന്ന സംഘർഷപരമായ തലങ്ങൾക്കാധാരം ജാതിചിന്ത തന്നെയാണ്. പുല്ലാട്ടുകാവിലെ ഓരോ അനുഷ്ഠാനങ്ങളെയും മുൻനിർത്തി പരിശോധിക്കുമ്പോൾ അവയെല്ലാം തന്നെ വരേണ്യർക്ക് പ്രാമുഖ്യമുള്ള രീതിയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നതെന്ന് കാണാം. കീഴാളസംസ്കാര

ത്തിൽ ഇടപെടുന്ന വരേണ്യവിഭാഗങ്ങൾ കീഴാളരുടെ ആരാധനാസമ്പ്രദായത്തെ അധിനിവേശപരമായി ഇടപെട്ടുകൊണ്ട് പരിവർത്തന വിധേയമാക്കുന്നുണ്ട്. ഇത്തരം പരിവർത്തനങ്ങൾ അധികാരവർഗങ്ങളുടെ താൽപര്യപ്രകാരമാണ് സാധ്യമായിരുന്നത്. ജാതിയും അയിത്താചരണവും ഏറ്റവും സ്പഷ്ടമായ രീതിയിൽത്തന്നെ പുല്ലാട്ടുകാവിൽ തുടർന്നുപോന്നിരുന്നു. കാവാരാധനയിലെ ജാതിമേൽക്കോയ്മ നിലനിർത്താനുള്ള ശ്രമം തുടർന്നുപോരുന്നുണ്ട്. അതിന്റെ ഭാഗമായാണ് താലപ്പൊലി പോലുള്ള ചടങ്ങുകൾ അനുഷ്ഠിക്കേണ്ടത് നായർവിഭാഗത്തിൽ ജനിച്ച കുട്ടികൾ മാത്രമാണെന്നുള്ള വാദം. അനുഷ്ഠാനങ്ങളിലൂടെ വരേണ്യതയെ ഉറപ്പിക്കുന്ന സ്ഥാപനങ്ങളാണ് കാവുകൾ എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം.

കാവിന്റെ അധികാരചരിത്രവും അധീശത്വചരിത്രവും ശ്രദ്ധിച്ചാൽ എങ്ങനെയാണ് കാവ് അധികാരകേന്ദ്രമായും അനുഷ്ഠാനങ്ങളിലേർപ്പെടുന്ന ജനവിഭാഗങ്ങൾ അധീശത്വത്താൽ പീഡനാവസ്ഥയിലൂടെ കടന്നുപോവുന്ന കേന്ദ്രമായും പ്രവർക്കുന്നതെന്ന് വ്യക്തമാകും. ജാതിയും അയിത്താചരണവും ഏറെ ബന്ധപ്പെട്ട് കിടക്കുന്ന രണ്ടു സംഗതികളാണ്. ജാതിയുടെ ഉയർച്ച താഴ്ചകൾക്കധീനമായാണ് അയിത്തം പാലിക്കപ്പെടുന്നത്. അയിത്തസങ്കല്പത്തിൽ അധിഷ്ഠിതമായി പുല്ലാട്ട്കാവൂരായ്മക്കാർ ഉത്സവത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയപ്പോഴാണ് കെട്ടിയാട്ടക്കാർ പുല്ലാട്ട്കാവുത്സവത്തിൽ നിന്നും മാറി നിൽക്കാൻ തീരുമാനിക്കുന്നതും ആരാധനയ്ക്കായി സ്വന്തമായൊരിടം കണ്ടെത്തുന്നതും. കീഴാളാരാധനയിലേക്കുള്ള വരേണ്യ അധിനിവേശ ശ്രമങ്ങളെക്കുറിച്ച് അപ്പോൾ മാത്രമാണ് കെട്ടിയാട്ടക്കാർ ബോധവാന്മാരാവുന്നത്.

അനുഭവസ്ഥമായ ഓർമ്മകളാണ് സ്മൃതി. കാവുമായി ചേർന്നുനിന്നിരുന്ന ഒരു കൂട്ടം മനുഷ്യർ അവരുടെ കാവോർമ്മകൾ പങ്കുവെക്കുമ്പോൾ ഒരു കാലഘട്ടത്തിലെ ജാത്യാധികാരം കാവിലൂടെ പ്രകടമായിരുന്നതെങ്ങനെ എന്ന് പറഞ്ഞുവെക്കുകകൂടിയാണ്. വെള്ളം തീണ്ടാൻ സാധിക്കാത്തതും നിലത്ത് കുഴികുഴിച്ച് ഭക്ഷണം കഴിച്ചതുമെല്ലാം ജാത്യധികാരത്തിന്റെ അയിത്തസൂചനകളാണ്. ഇത്തരത്തിലുള്ള അനവധി അനുഭവങ്ങൾ കാവിടങ്ങളിൽ ജീവിച്ചിരുന്ന മനുഷ്യർ പങ്കുവെക്കുന്നുണ്ട്. അനുഷ്ഠാനങ്ങൾ നിർണ്ണയിക്കപ്പെടുന്നത് ജാതിവ്യവസ്ഥയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടാണ്.

## നിരീക്ഷണങ്ങളും നിഗമനങ്ങളും

1. കേരളത്തിലെ ആരാധനാ പാരമ്പര്യങ്ങളിൽ ദമനം ചെയ്യപ്പെട്ട ചരിത്രയാഥാർത്ഥ്യങ്ങളുണ്ട്. കാവുകളിലെ വൈവിധ്യമാർന്ന ആചാരാനുഷ്ഠാനങ്ങളിൽ ജാതിസങ്കല്പം പ്രവർത്തിക്കുന്നുണ്ടെങ്കിലും അവ മറയ്ക്കപ്പെട്ടിരിക്കുന്നു. എഴുതിവെക്കപ്പെടാത്ത ചരിത്രത്തെ കണ്ടെത്താൻ വാമൊഴി ആഖ്യാനങ്ങളിലൂടെയാണ് സാധ്യമാവുന്നത്. അത്തരം ആഖ്യാനങ്ങൾ അനുഭവസ്ഥമായ ഓർമ്മകളാണ് പങ്കുവെക്കുന്നത്. കാവാരാധനാചരിത്രം നിർമ്മിച്ചെടുക്കുന്നതിൽ ഒർമ്മകൾക്ക് വലിയ സ്ഥാനം തന്നെയുണ്ട്. ആചാരാനുഷ്ഠാനങ്ങളാൽ നിരന്തരം സ്ഥാനപ്പെട്ടുകിടക്കുന്ന ജാതിസങ്കല്പം കാവ് പരിസരത്ത് കാണാൻ സാധിക്കുന്നുണ്ട്. എന്നാൽ ഇത് സ്വാഭാവികമെന്നോണമാണ് പരിഗണിക്കപ്പെട്ടുവരുന്നത്. അനുഷ്ഠാനങ്ങളാൽ മൂടപ്പെട്ടിരിക്കുന്ന ഒരു നിർബന്ധിത ജാതിവത്കരണം കാവാരാധനകളിലൂടെ സ്പഷ്ടമാവുന്നുണ്ട്.

2. കാവനുഷ്ഠാനങ്ങളെല്ലാം പ്രതീകങ്ങളാണ്. പ്രതീകങ്ങളുടെ അപഗ്രഥനത്തിലൂടെയാണ് ചരിത്രനിർമ്മിതി സാധ്യമാവുന്നത്. ഓരോ പ്രതീകങ്ങളും വിശകലനം ചെയ്യുമ്പോൾ തെളിഞ്ഞുകാണാൻ സാധിക്കുന്നത് അധികാരത്തേയും വിധേയത്വത്തേയുമാണ്. അനുഷ്ഠാനങ്ങളിൽ അധികാരിയായി വരേണ്യർ നിലകൊള്ളുകയും സേവകരായി കീഴാളർ പ്രവർത്തിക്കുകയും ചെയ്യുന്നു. അനുഷ്ഠാനങ്ങൾ പ്രതീകാത്മകമായി ജാത്യധികാരത്തേയും വരേണ്യപ്രത്യയശാസ്ത്രത്തേയുമാണ് പ്രകടിപ്പിക്കുന്നത്. ഊരാളരുടെ പരിഹാസവും ചൂഷണവും പീഡനവും ഏറ്റുവാങ്ങാൻ നിയോഗപ്പെട്ടവരാണ് ആചാരങ്ങൾ നിറവേറ്റുന്ന മനുഷ്യർ. അവർക്ക് സ്വന്തമായി ഒരസ്തിത്വവുമില്ല.

3. ഇന്ത്യയിലെ ദേവതകളേറെയും വൈദികദേവതകളാണ്. ബ്രാഹ്മണർക്കന്യമായിരുന്ന ആരാധനാസമ്പ്രദായങ്ങളാണ് കാവുകളിൽ തുടർന്നുപോരുന്നത്. പ്രാദേശികമായ നാമങ്ങളിലൂടെ അവ അറിയപ്പെടുന്നു. ദ്രാവിഡാരാധനാസമ്പ്രദായമാണ് കാവുകളിൽ തുടർന്നുപോരുന്നത്. അമ്മദൈവാരാധനയുടെ അടിസ്ഥാനം തന്നെ ഉർവ്വരതാ സങ്കല്പമാണ്. ആയതിനാൽ കൊയ്ത്ത് കഴിഞ്ഞുള്ള

സമയത്താണ് കേരളത്തിലെ അമ്മദൈവാരാധന അനവധി വൈവിധ്യമാർന്ന അനുഷ്ഠാനങ്ങളിലൂടെ നടക്കുന്നത്. പ്രാദേശികമായ വ്യത്യാസങ്ങളോടെ അമ്മ ദൈവത്തെ കേരളത്തിൽ ആരാധിച്ചുവരുന്നു.

4. കേരളത്തിലെ പ്രധാന അനുഷ്ഠാന രൂപങ്ങളാണ് പടയണി, പൂതനും തിറയും, കാളിയൂട്ട്, മുടിയേറ്റ്, തെയ്യം, താലപ്പൊലി, തിറയാട്ടം തുടങ്ങിയവ. ഇവയിലൂടെ ജാതി നിരന്തരം ഉറപ്പിക്കപ്പെടുന്നുണ്ട്. അനുഷ്ഠാനകലകളുടെയെല്ലാം ചടങ്ങുകളിലൂടെയാണ് ഇത് സാധ്യമാവുന്നത്. ഓരോ ചടങ്ങുകൾ നിർവഹിക്കപ്പെടുന്നതിന് ഓരോ കലയ്ക്കും ഓരോ ജാതിവിഭാഗങ്ങളെയാണ് ആശ്രയിക്കേണ്ടിവരുന്നത്. ആ ജാതിവിഭാഗങ്ങളാൽത്തന്നെ കർമ്മങ്ങൾ തുടർന്നുപോരണമെന്ന അലിഖിതമായ നിയമപ്രകാരം ആചാരാനുഷ്ഠാനങ്ങൾ ജാതിയെ നിരന്തരം ഉറപ്പിച്ചുനിർത്താൻ ഉതകുന്ന ഘടകമാകുന്നു. നാടൻ കലകളിലൂടെ ജാതിസങ്കല്പം മാറ്റാൻ കഴിയാത്തവിധം സ്ഥാനപ്പെട്ടുകിടക്കുന്നു.

5. കീഴാള-മേലാളവിഭാഗങ്ങൾ തമ്മിൽ അയിത്തത്തിന്റെ പേരിൽ സംഘർഷങ്ങളിൽ ഏർപ്പെട്ടിരുന്നു. ഇതിന്റെ പ്രധാന കാരണം ജാതിവ്യവസ്ഥിതി തന്നെയാണ്. അനുഷ്ഠാനങ്ങൾ ചെയ്യേണ്ടവർ കീഴാളവിഭാഗങ്ങളാവുമ്പോൾപ്പോലും അനുഷ്ഠാനങ്ങൾക്കകത്ത് ശുദ്ധാശുദ്ധസങ്കല്പം നിലകൊള്ളുന്നുണ്ട്. വരേണ്യമേല്കോയ്മാരീതിക്കനുസരിച്ചാണ് എല്ലാ കർമ്മങ്ങളും രൂപപ്പെടുത്തപ്പെട്ടിരിക്കുന്നത്. എന്നിരുന്നാലും ചില തീണ്ടൽ തൊടീൽ സംഘർഷങ്ങൾ കാവിടത്തിൽ പ്രകടമാവുന്നുണ്ട്. അതിന്റെ അടിസ്ഥാനം ഊരാളർ ഉയർന്ന ജാതിയും കെട്ടിയാട്ടക്കാരും കാവിലേക്കുള്ള സഹായങ്ങൾ ചെയ്യുവാൻ നിയോഗിക്കപ്പെട്ടവരും ജാതിയിൽ താഴ്ന്നവരാണ് എന്നതുതന്നെയാണ്. അതുകൊണ്ടുതന്നെയാണ് ജാതിപ്പേര് പറഞ്ഞുകൊണ്ട് നിങ്ങൾ കുളം അശുദ്ധമാക്കരുത്, നിങ്ങൾ കിണർ സ്പർശിക്കരുത് എന്ന രീതിയിലുള്ള സംസാരങ്ങൾ ഊരായ്മക്കാരുടെ ഭാഗത്തുനിന്നും ഉണ്ടാവുന്നത്. ഇത്തരം അയിത്തപ്രശ്നങ്ങൾ വലിയ സംഘർഷങ്ങളിലേക്കാണ് നയിച്ചിട്ടുള്ളത്.

6. കെട്ടിയാട്ടദിവസം വൈവിധ്യങ്ങളായ ചടങ്ങുകളും അനുഷ്ഠാനങ്ങളും ജാതിയെ കേന്ദ്രീകരിച്ചാണ് കാവുപരിസരങ്ങളിൽ നടത്തുന്നത്. ജാതിയെ മാറ്റിനിർത്തി ക്കൊണ്ടുള്ള ഒരസ്തിത്വം അനുഷ്ഠാനങ്ങൾക്കൊരിക്കലും ഉണ്ടായിട്ടില്ല. ഉത്സവനട ത്തിപ്പുകാരായ പെരുവണ്ണാനും ഇരുമ്പുപണിക്കാരായ കൊല്ലനും കലശം കൊണ്ടുവരുന്നവരായ തിയ്യനും കാവുപരിസരത്ത് കർമ്മങ്ങളിലേർപ്പെടുന്നത് ജാതിക്കടിസ്ഥാനമായിത്തന്നെയാണ്.

7. വരേണ്യവിഭാഗങ്ങളുടെ അധീശത്വം കീഴാളരുടെ കാവുകളിൽ പ്രകടമാണ്. കാവുകളെല്ലാം ക്ഷേത്രങ്ങളായി മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. കാവാരാധനാരീതികളിലെല്ലാം മാറ്റങ്ങളുണ്ടാകുന്നുണ്ട്. വർഷത്തിലൊരിക്കൽ മാത്രം തുറന്നിരിക്കുന്ന കാവുകൾ നിത്യബ്രാഹ്മണ്യപൂജക്ക് വിധേയമാവുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ വരേണ്യാധിപത്യത്തിന്റെ സൂചനകളാണ്.

8. ജാതിബദ്ധമായി നടത്തുന്ന അനുഷ്ഠാനാചാരങ്ങൾ വരേണ്യർക്ക് കീഴാളരുടെ മേൽ ചൂഷണം നടത്താനായുള്ള ഉപാധിയായി തുടരുന്നുണ്ട്. ഏറെ തുച്ഛമായ പ്രതിഫലം മാത്രം കൈപ്പറ്റിയായിരുന്നു കാവനുഷ്ഠാനങ്ങളിൽ കീഴാളർ ആദ്യ കാലങ്ങളിൽ ഏർപ്പെട്ടിരുന്നത്. എതിരായി ഒരു വാക്കുപോലും മറുത്തുപറയാൻ പറ്റാതിരുന്ന കാലത്ത് പ്രതിഫലം ചോദിക്കുന്നത് ആലോചിക്കാൻ പോലും പറ്റില്ലായിരുന്നു എന്ന് ആവേദകർ അനുഭവം പങ്കുവെക്കുന്നുണ്ട്. കീഴാളരുടെ അദ്ധ്വാനം ചൂഷണം ചെയ്യപ്പെടുകയാണുണ്ടായത്. സമീപകാലത്ത് മാത്രമാണ് അതിൽ മാറ്റം വന്നിട്ടുള്ളത്.

9. വാമൊഴി ആഖ്യാനങ്ങളിലൂടെ കീഴാളജീവിതങ്ങളുടെ നേർചിത്രം മനസ്സിലാ ക്കാൻ സാധിക്കുന്നുണ്ട്. കൃത്യമായ ജാതിവേർതിരിവുകളെക്കുറിച്ച് സംവദി ക്കാൻ അവരുടെ അനുഭവങ്ങൾക്ക് സാധിക്കുന്നുണ്ട്. കാവിടത്തിലേക്കുള്ള പ്രവേശനം, അനുഷ്ഠാനങ്ങളിലെ പങ്കാളിത്തം, ഊരായ്മക്കാരുടെ പെരുമാറ്റം എന്നിവ ഉദാഹരണങ്ങളാണ്.

10. കീഴാളജീവിതചരിത്രനിർമ്മിതിയിൽ കാവുപഠനങ്ങൾക്ക് പങ്കുണ്ട്. കാവി നോട് ചേർന്നുള്ള മനുഷ്യരുടെ പ്രവർത്തനങ്ങൾ പലപ്പോഴും മാറ്റിനിർത്തപ്പെട

ലിന്റെയും ജാതിവേർതിരിവുകളുടേതുമായിരുന്നു. കാവിനോട് ചേർന്നുജീവിച്ച ഒരു കൂട്ടം വ്യക്തികളുടെ അനുഭവങ്ങളെ രേഖപ്പെടുത്താനും മറയ്ക്കപ്പെട്ടുപോയ ചരിത്രം നിർമ്മിച്ചെടുക്കാനും പറ്റുന്ന തരത്തിൽ പഠനം സാധ്യമായിട്ടുണ്ട്. കീഴാള, മേലാള വിഭാഗങ്ങളുടെ ബോധ്യങ്ങളിൽ കാവ് വ്യത്യസ്ത രൂപത്തി ലാണ് നിലനിൽക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. ആവേദകർ നൽകുന്ന വാമൊഴി പാഠങ്ങൾ ഇക്കാര്യത്തിൽ നിർണ്ണായകമാണ്.

11. ഓരോ ജാതിവിഭാഗങ്ങളെയും വേർതിരിച്ച് കണ്ടുകൊണ്ട് അവർ കാവിൽ ചെയ്യേണ്ടുന്ന പ്രവൃത്തികൾ ജാതിയുടെ സാമൂഹിക നിലവാരത്തിൽ നിർണയി ക്കപ്പെടുന്നതെങ്ങനെയെന്ന് പഠനത്തിലൂടെ കണ്ടെത്താൻ സാധിക്കുന്നുണ്ട്. ജാതി ഹയറാർക്കി അനുസരിച്ചാണ് കാവിലെ പ്രവർത്തനങ്ങളെല്ലാം നടന്നിരുന്നത്. അനുഷ്ഠാനങ്ങളിലൂടെ ജാതി വീണ്ടും ഉറപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്.

12. ജാതി ഒരു അധീശത്വരൂപമായി ബോധതലത്തിൽ ഇപ്പോഴും പ്രവർത്തിക്കു ന്നുണ്ട്. അതിന്റെ സ്വാഭാവികവത്കരണമാണ് കാവിലെ അനുഷ്ഠാനങ്ങൾ. ജാതി അയിത്തം കാവിൽ നിർബന്ധപൂർവ്വം പാലിക്കപ്പെടാനുള്ള ശ്രമം നടക്കുന്ന സാഹചര്യങ്ങളിലെല്ലാം കാവന്തരീക്ഷം സംഘർഷഭരിതമായിരുന്നു.

'കീഴാളസമൂഹചരിത്രനിർമ്മിതിയും കാവനുഷ്ഠാനങ്ങളും: പുല്ലാട്ടുകാവിനെ മുൻ നിർത്തിയുള്ള പഠനം' എന്ന ഗവേഷണത്തിന്റെ ഭാഗമായി കേരളത്തിലെ ദേവീആരാ ധനാരീതികളെയും അവയിൽ പ്രവർത്തിക്കുന്ന ജാതിസങ്കൽപത്തെയും വിശദീകരിച്ചു കൊണ്ട് കോഴിക്കോട് ഭാഗങ്ങളിൽ നടന്നുവരുന്ന തിറയാട്ടം എന്ന അനുഷ്ഠാനകലയെ മുൻനിർത്തി ജാതിപരമായ അധീശത്വനിലപാടുകൾ പുല്ലാട്ടുകാവിന്റെ പശ്ചാത്തല ത്തിൽ സവിശേഷമായി പഠിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. കാവനുഷ്ഠാനങ്ങളെ കേന്ദ്രീ കരിച്ചുള്ള ജാതിപഠനത്തിലൂടെ ജാത്യാധീശത്വം എന്ന സങ്കല്പനത്തെ വിശകലനം ചെയ്യാനും പഠനത്തിലൂടെ സാധിച്ചു.

അച്യുതമേനോൻ, ചേലനാട്ട്., 2015. *കേരളത്തിലെ കാളീസേവ.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

അച്യുതവാര്യർ, എസ്., 2001. *കേരളസംസ്കാരം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

അജു കെ, നാരായണൻ., (എഡി.), 2017. *താക്കോൽ വാക്കുകൾ വിചാരമാതൃകകൾ കേരളീയ നോട്ടങ്ങൾ.* ആലുവ: വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണ കേന്ദ്രം.

അനിൽ, കെ.എം., 2003. *ഫോക്‌ലോർ ജനസ്സ് സിദ്ധാന്തം രാഷ്ട്രീയം.* കോഴിക്കോട്: പാപ്പിയോൺ ബുക്സ്.

______________., 2016. *പാന്ഥരും വഴിയമ്പലങ്ങളും.* കോഴിക്കോട്: പ്രോഗ്രസ് ബുക്സ്.

______________., (എഡി.), 2017. *സംസ്കാരനിർമ്മിതി.* കോഴിക്കോട്: പ്രോഗ്രസ് ബുക്സ്.

______________., (ലേഖനം) *ഓർമ്മയും ചരിത്രവും: പൈതൃകവിജ്ഞാനത്തിന്റെ അകപ്പൊരുൾ.* അപ്രകാശിതം.

______________., 2018. *ശരീരം ജാതി അധികാരം അസ്പൃശ്യതയുടെ പ്രതിഭാസികത.* കോഴിക്കോട്: പ്രോഗ്രസ് ബുക്സ്.

അനിൽ, കെ.എം., രമ്യ കെ.പി., 2022. *ആധുനികതയുടെ ഉറവകൾ.* കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്ക.

അരവിന്ദാക്ഷൻ, വി., 1986. *ആചാരങ്ങൾ ആഘോഷങ്ങൾ.* കോഴിക്കോട് : ഡി.സി. ബുക്സ്.

_______________., 2017. *സമന്വയവും സംഘർഷവും.* തൃശ്ശൂർ: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്.

അശോക്, ഡിക്രൂസ്., 2019. *ഗവേഷണത്തിന്റെ രീതിയും നീതിയും.* കോഴിക്കോട് : പാവനാത്മ പബ്ലിക്കേഷൻസ്.

_______________., 2019. *മലയാളഗവേഷണം റഫറൻസിന്റെ രസതന്ത്രം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ആദർശ്, സി., രാജേഷ്, എം.ആർ., 2020. *സൂത്രവാക്കുകൾ.* തൃശ്ശൂർ: ഗയ.

അംബേദ്കർ ബി.ആർ., *ജാതി ഉന്മൂലനം.* ബിജുരാജ്, ആർ.കെ., വിവ. കോട്ടയം: ഡി.സി. ബുക്സ്.

_______________., 2000. *ഡോ. അംബേദ്കർ സമ്പൂർണകൃതികൾ.* വാല്യം 14. ഇഗ്നേഷ്യസ്, കാക്കനാടൻ., വിവ. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

_______________., 2011. *ഡോ. അംബേദ്കർ സമ്പൂർണകൃതികൾ.* വാല്യം 38. രവിവർമ്മ, കെ.ടി., വിവ. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഇം.എം.എസ്., 2012. *കേരളം മലയാളികളുടെ മാതൃഭൂമി.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

_______________., 2013. *കേരളചരിത്രവും സംസ്കാരവും ഒരു മാർക്സിസ്റ്റ് വീക്ഷണം.* തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ്.

ഉണ്ണികൃഷ്ണൻ, ഇ., 1995. *ഉത്തരകേരളത്തിലെ വിശുദ്ധവനങ്ങൾ.* തൃശ്ശൂർ: ജീവരേഖ.

എംഗൽസ്, ഫ്രെഡറിക്., 2018. *കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉദ്ഭവം.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

ഒരു സംഘം ലേഖകർ. 2017. *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം.* കോട്ടയം: നാഷണൽ ബുക്ക്സ്റ്റാൾ.

വാസുദേവൻപിള്ള, കടമ്മനിട്ട., 1993. *പടേനി.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

_______________., 1997. *പടയണിയുടെ ജീവിതതാളം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കർത്താ, പി.സി., 1998. *ആചാരാനുഷ്ഠാനകോശം.* കോട്ടയം: ഡി.സി. ബുക്സ്.

ഐലയ്യ, കാഞ്ച., 2004. *ഞാനെന്തുകൊണ്ട് ഒരു ഹിന്ദുവല്ല.* കോട്ടയം: ഡി.സി. ബുക്സ്.

_______________., 2006. *ദൈവമെന്ന രാഷ്ട്രമീമാംസകൻ.* ശിവദാസ്, പി.കെ. വിവ. കോട്ടയം: ഡി.സി. ബുക്സ്.

_______________., 2017. *എരുമദേശീയത.* കോട്ടയം: ഡി.സി. ബുക്സ്.

കാരാട്ട്, പി.എൻ., 2008. *കുരുവട്ടൂർ പഴമ സത്യവും ഐതിഹ്യവും.* കോഴിക്കോട് : പി.എൻ. കാരാട്ട് അപ്സര.

കുട്ടികൃഷ്ണമേനോൻ, വി.എം., 1957. *ആചാരാനുഷ്ഠാനകോശം.* കോട്ടയം: ഡി.സി. ബുക്സ്.

കുഞ്ഞഹമ്മദ്, കെ.ഇ.എൻ., 2004. *കറുപ്പിന്റെ സൗന്ദര്യശാസ്ത്രം.* കോഴിക്കോട് : ലിപി പബ്ലിക്കേഷൻസ്.

കുമാരൻ, വയലേരി., (എഡി.), 2010. *കാവ് തെയ്യം പുരാവൃത്തം.* പയ്യന്നൂർ: സാഹിതി സംസ്കാര സർവ്വകലാശാല.

കുറുപ്പ് കെ.കെ.എൻ. 1949. *കേരളചരിത്രപഠനങ്ങൾ.* തൃശ്ശൂർ: കേരള ശാസ്ത്രസാഹിത്യ പരിഷത്ത്.

_______________., 2018. *പ്രാദേശികചരിത്രം രചനയും രീതിശാസ്ത്രവും.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

______________., 2019. *ആര്യദ്രാവിഡഘടകങ്ങൾ മലബാറിലെ നാടൻകലയിൽ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കൃഷ്ണപ്പിള്ള, എൻ., 1958. *കൈരളിയുടെ കഥ.* കോട്ടയം: ഡി.സി. ബുക്സ്.

കൃഷ്ണപ്പിള്ള, നാലാങ്കൽ., 1998. *മഹാക്ഷേത്രങ്ങൾക്കുമുമ്പിൽ.* കോട്ടയം: ഡി.സി. ബുക്സ്.

കൊച്ച്, കെ.കെ., 2018. *കേരളചരിത്രവും സമൂഹരൂപീകരണവും.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കൊച്ചുനാരായണൻ, ടി.കെ., 1988. *കേരളവിജ്ഞാനകോശം.* തിരുവനന്തപുരം: ദേശബന്ധു പബ്ലിക്കേഷൻസ്.

കൊസാംബി, ഡി.ഡി., 1981. *മിത്തും യാഥാർത്ഥ്യവും.* തിരുവനന്തപുരം: കൊസാംബി കൃതികളുടെ പ്രസിദ്ധീകരണസമിതി.

ഗണേഷ്, കെ.എൻ., 2015. *കേരളത്തിന്റെ ഇന്നലെകൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗോപാലകൃഷ്ണൻ, പി.കെ., 1974. *കേരളത്തിന്റെ സാംസ്കാരിക ചരിത്രം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗോപാലൻ നായർ, സി., 2010. *മലബാറിലെ തിറയാട്ടങ്ങൾ.* കോഴിക്കോട് : മാതൃഭൂമി ബുക്സ്.

ഗോപിനാഥൻ, ആർ., 2019. കേരളത്തിന്റെ ഗോത്രവർഗപൈതൃകം. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗോവിന്ദൻ മാസ്റ്റർ, എം.വി., 2012. *സ്വത്വരാഷ്ട്രീയത്തെപ്പറ്റി.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

ഗംഗാധരൻ, പുതുക്കുടി., 2014. *കോഴിക്കോട് പട്ടണപ്രദേശങ്ങളിലെ ആവാസ കേന്ദ്രങ്ങൾക്ക് ചുറ്റും ഒരു പ്രാദേശിക വാമൊഴി ചരിത്രം,* ചെറുവണ്ണൂർ: ഗീതാഞ്ജലി ഓഫ് സെറ്റ് പ്രിന്റേഴ്സ്.

ചന്തേര, സി.എം.സി., 1973. *കണ്ണകിയും ചീർമ്മക്കാവും.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

ചന്ദ്രൻ, മുട്ടത്ത്., 2008. *തട്ടുംദളം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ചന്ദ്രശേഖരൻ നായർ, വൈക്കം., 1992. *പ്രാചീന നാടകത്തിലൂടെ ഒരു പര്യടനം.* കോട്ടയം: ഡി.സി. ബുക്സ്.

ഝാ, ഡി.എൻ., 2015. *വിശുദ്ധപശു.* കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്ക.

ചുമ്മാർ, ചൂണ്ടൽ., 2003. *ജനജീവിതവും കലകളും.* കണ്ണൂർ: ഫോക്‌ലോർ അക്കാദമി.

ജമാൽ, കൊച്ചങ്ങാടി., (എഡി.), 2014. *കേരള സംസ്കാരത്തിലെ ആദാനപ്രദാനങ്ങൾ.* കോഴിക്കോട്: ലീഡ് ബുക്സ്.

ജയരാജൻ, പി., (എഡി.), 2017. *ഉത്തരകേരളം ആരാധനാലയങ്ങളും സമകാലീന പ്രവണതകളും.* തിരുവനന്തപുരം : ചിന്താ പബ്ലിക്കേഷൻസ്.

ജെ.ജെ. പള്ളത്ത്, എസ്.ജെ., 1993. *ദലിത് വിമോചനം സമസ്യയും സമീക്ഷയും.* കണ്ണൂർ: സംസ്കൃതി ഗവേഷണപ്രവർത്തനകേന്ദ്രം.

ജോൺ, വിൽസൻ., 2006. *ഇന്ത്യൻ ജാതിവ്യവസ്ഥ.* സത്യദാസ്, എ.എൻ., വിവ. തിരുവനന്തപുരം: ആരോ ബുക്സ്.

ദാമോദരൻ, കെ., 1991. *കേരളചരിത്രം.* കോട്ടയം : പ്രഭാത് ബുക്സ്.

ദിനേശൻ, വടക്കിനിയിൽ., 2021. *ആരുടെ കേരളം.* കോഴിക്കോട് : ഇൻസൈറ്റ് പബ്ലിക്കേഷൻസ്.

നമ്പൂതിരി, എൻ.എം., 2002. *കേരളസംസ്കാരം അകവും പുറവും,* കോഴിക്കോട് : കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർസ്.

നമ്പൂതിരി, എൻ.എം., ശിവദാസ് പി.കെ., (എഡി.), 2018. *കേരള ചരിത്രത്തിന്റെ നാട്ടുവഴികൾ.* കോട്ടയം: ഡിസി. ബുക്സ്.

നാരായണപ്പണിക്കർ, കാവാലം., 1991. *കേരളത്തിലെ നാടോടി സംസ്കാരം.* ഡൽഹി: നാഷണൽ ബുക് ട്രസ്റ്റ്.

നായർ, എസ്.കെ., 1957. *സംസ്കാരകേദാരം.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം.

പീതാംബരൻ, മൂർക്കനാട്., 2017. *തിറയാട്ടം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പോക്കർ, പി.കെ., 2007. *സ്വത്വരാഷ്ട്രീയം.* കോഴിക്കോട്: പ്രോഗ്രസ് പബ്ലിക്കേഷൻ.

പ്രദീപൻ, പാമ്പിരിക്കുന്ന്., 2017. *ദലിത് പഠനം സ്വത്വം സംസ്കാരം സാഹിത്യം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഇളയിടം, സുനിൽ പി., അനിൽ, കെ.എം., (എഡി.), 2020. *പ്രദീപൻ പാമ്പിരിക്കുന്നിന്റെ ലേഖനങ്ങൾ.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

പ്രഭാകരൻ, കെ.വി., 2010. *നമ്മുടെ കലകൾ.* കോഴിക്കോട് : ബട്ടർഫ്ലൈ ബുക്സ്.

പ്രശാന്ത് കൃഷ്ണൻ, എ.എസ്., 2013. *ഒഴിച്ചുനിർത്തപ്പെട്ടവർ വയനാട്ടിലെ കുറുമരുടെ ജീവിതവും സംസ്കാരവും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പ്രേംനാഥ്, വെട്ടിയാർ., 1926. *കേരളത്തിലെ അടിമകൾ.* കോട്ടയം: കറന്റ് ബുക്സ്.

____________., 1956. *നമ്മുടെ നാടൻപാട്ടുകളും നാടൻ കലകളും.* എർണാകുളം: പ്രഭാത് ബുക്ഹൗസ്.

ബാലകൃഷ്ണൻ, കൊയ്യാൽ., 2012. *നമ്മുടെ നാടൻകലകൾ.* കണ്ണൂർ: ഫോക്‌ലോർ അക്കാദമി.

ബാലകൃഷ്ണൻ, പി.കെ., 2015. *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും.* കോട്ടയം: ഡി.സി. ബുക്സ്.

ബാലകൃഷ്ണക്കുറുപ്പ്, കെ., 2000. *കോഴിക്കോടിന്റെ ചരിത്രം - മിത്തുകളും യാഥാർത്ഥ്യങ്ങളും.* കോഴിക്കോട് : മാതൃഭൂമി ബുക്സ്.

ബാലചന്ദ്രൻ, ചുള്ളിക്കാട്., 2006. *പി. കുഞ്ഞിരാമൻ നായരും സവർണഹിന്ദുമതവും.* തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ.

ഭരതൻ, കെ.എം., 2003. *ഫോക്‌ലോർ സിദ്ധാന്തവും പ്രയോഗവും.* പയ്യന്നൂർ: ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ.

ഭാർഗ്ഗവൻപിള്ള, ജി., 2000. *നാട്ടരങ്ങ് വികാസവും പരിണാമവും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഭാസ്കരനുണ്ണി, പി., 2012. *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം,* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

മാത്യു, ഏർത്തയിൽ., 2016. *മലബാറിലെ ദലിത് പ്രസ്ഥാനങ്ങൾ.* കോട്ടയം : കറന്റ് ബുക്സ്.

മാരാർ, കെ.കെ., 1999. *കേരളത്തനിമ നാടൻ കലാവിജ്ഞാനീയത്തിനൊരു ആമുഖം.* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്.

മുരളി, കവിയൂർ., 1997. *ദലിത് ഭാഷ.* കോട്ടയം: കറന്റ് ബുക്സ്.

____________., 2001. *ദലിത് സാഹിത്യം.* കോട്ടയം: കറന്റ് ബുക്സ്.

മുരളീധരൻ, നെല്ലിക്കൽ., 2008. *കേരളജാതി വിവരണം.* ചെങ്ങന്നൂർ: റെയിൻബ്രോ പബ്ലിഷേഴ്സ്.

മേനോൻ, കെ.കെ., 1971. *ദക്ഷിണേന്ത്യയിലെ ക്ഷേത്രങ്ങൾ.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം.

യഹിയ, പുളിക്കൽ., (എഡി.). 2010. *ജനസംസ്കാരപഠനങ്ങൾ.* കണ്ണൂർ; ജനസംസ്കാരപഠനകേന്ദ്രം.

രവിശങ്കർ, എസ്. നായർ., 2021. *സാഹിത്യ ഗവേഷണം സിദ്ധാന്തവും പ്രയോഗവും.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാഘവവാര്യർ, എം.ആർ., രാജൻ ഗുരുക്കൾ, പി.എം., 1994. *മിത്തും സമൂഹവും.* കോഴിക്കോട് : ജാലകം ബുക്സ്.

രാഘവവാര്യർ, എം.ആർ., 2006. *അമ്മവഴികേരളം.* തൃശ്ശൂർ : കേരള സാഹിത്യ അക്കാദമി.

____________., 2016. *ചരിത്രം: രീതി ശാസ്ത്രപഠനങ്ങൾ.* മലപ്പുറം: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല.

____________., 2016. *മദ്ധ്യകാലകേരളം സ്വരൂപനീതിയുടെ ചരിത്രപാഠങ്ങൾ.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

രാഘവൻ, പയ്യനാട്., 1979. *തെയ്യവും തോറ്റവും പാട്ടും.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

____________., 1997. *കേരളഫോക്‌ലോർ.* പയ്യന്നൂർ: ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ.

____________., 1998. *ഫോക്‌ലോറിന് ഒരു പഠനപദ്ധതി.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

____________., 2019. *ഫോക്‌ലോർ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

രാജഗോപാലൻ, സി.ആർ., 2007. *ഫോക്‌ലോർ സിദ്ധാന്തങ്ങൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

____________., 2015. *മുടിയേറ്റ് നാടോടിനേരരങ്ങ്.* കോട്ടയം: അസെൻസ് പബ്ലിക്കേഷൻസ്.

രാജേന്ദ്രൻ, പി.ജി., 2000. *ക്ഷേത്ര വിജ്ഞാനകോശം.* കോട്ടയം: ഡി.സി. ബുക്സ്.

രാജേഷ്, ചിറപ്പാട്., 2015. *ദലിത് വർത്തമാനം.* തിരുവനന്തപുരം: മൈത്രി ബുക്സ്.

രാധാകൃഷ്ണൻ, ഇളയിടത്ത്., 2016. *ജൈവ ധൈഷണികർ.* കോഴിക്കോട് : പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്.

വിജയൻ, കെ.പി., 2004. *ദളിത് സമരങ്ങൾ ഇന്നലെ ഇന്ന് നാളെ.* കോട്ടയം: കറന്റ് ബുക്സ്.

വിദ്യാസാഗർ, കെ., 1998. *അനുഷ്ഠാനം പുരാവൃത്തം പൊരുൾ.* പയ്യന്നൂർ: ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ.

വില്യം, ലോഗൻ., 1985. *മലബാർ മാന്വൽ.* കൃഷ്ണൻ, ടി., വിവ. കോഴിക്കോട്: മാതൃഭൂമി ബുക്സ്.

വിഷ്ണു നമ്പൂതിരി, എം.വി., 1996. *നാടോടിവിജ്ഞാനീയം.* കോട്ടയം: ഡി.സി. ബുക്സ്.

____________., 1998. *തെയ്യം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

____________., 2000. *ഫോക്‌ലോർ നിഘണ്ടു.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

____________., 2012. *കേരളത്തിലെ നാടോടി വിജ്ഞാനീയത്തിനൊരു മുഖവുര.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

____________., 2014. *പുരാവൃത്തപഠനം.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

വിഷ്ണു നമ്പൂതിരി, എം.വി., സുരേഷ്ബാബു, എളയാവൂർ., (എഡി.). 2004. *കാളീസങ്കല്പം കേരളപരിസരത്തിൽ.* കണ്ണൂർ: കേരള ഫോക്‌ലോർ അക്കാദമി.

വസന്തകുമാരി, പി., 2010. *ഫോക്‌ലോറിലെ സ്ത്രീ സ്വത്വനിർമ്മിതി.* പയ്യന്നൂർ: എഫ്.എഫ്.എം. പബ്ലിക്കേഷൻസ്.

ശശി, കെ.വി., 2019. *ദളിത് വൈജ്ഞാനികത ചരിത്രം സംസ്കാരം സൗന്ദര്യം.* മലപ്പുറം: തുഞ്ചത്തെഴുത്തച്ഛൻ, മലയാള സർവ്വകലാശാല.

ശശിധരൻ, ക്ലാരി., 2012. *കേരളത്തിലെ നാടൻ കലകൾ.* തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്.

ശശിഭൂഷൺ, എം.ജി., 2019. *കേരളീയരുടെ ദേവതാസങ്കല്പം.* കോട്ടയം: ഡി.സി. ബുക്സ്.

ശിവദാസ്, കെ.കെ., 2010. *തൃശ്ശൂർ പൂരം പകിട്ടും പെരുമയും.* തൃശ്ശൂർ: കറന്റ് ബുക്സ്.

ശിവശങ്കരപ്പിള്ള, പി.കെ., 1997. *ഫോക്‌ലോർ പഠനങ്ങൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ശ്രീധരമേനോൻ, എം., 1982. *കേരള സംസ്കാരം.* കോട്ടയം: എൻ.ബി.എസ്.

ഷിത്തോർ, പി.ആർ., മലയാളിയുടെ ഹിന്ദുമതം (അപ്രകാശിതം).

ഷംഷാദ് ഹുസൈൻ, കെ.ടി., 2020. *മലബാർ കലാപത്തിന്റെ വാമൊഴി പാരമ്പര്യം.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

സഞ്ജീവൻ, അഴീക്കോട്., 2007. *തെയ്യത്തിലെ ജാതി വഴക്കം.* തൃശ്ശൂർ: കറന്റ് ബുക്സ്.

സനൽ മോഹൻ, പി., 2021, കീഴാളപക്ഷചരിത്രവും വീണ്ടെടുപ്പിന്റെ പാഠങ്ങളും. പത്തനംതിട്ട: പ്രസക്തി ബുക്ഹൗസ്.

സന്തോഷ്, എച്ച്.കെ., 1998. *ഫോക്‌ലോർ വഴിയും പൊരുളും.* കണ്ണൂർ: സംസ്കൃതി പബ്ലിക്കേഷൻസ്.

സലിം, പി.ബി., ഹാഫിസ് മുഹമ്മദ്, എൻ.പി., വസിഷ്ഠ്, എം.സി., (എഡി.) 2011. മലബാർ പൈതൃകവും പ്രതാപവും. കോഴിക്കോട് : മാതൃഭൂമി ബുക്സ്.

സി.ജി.എൻ., 2016. *ഇന്നലെയുടെ മുഖങ്ങൾ.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

സീലിയാ തോമസ്, പി., 2011. *കേരളത്തിലെ ആദിവാസി കലാപാരമ്പര്യം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

സുഗതൻ, കെ., 2014. *ബുദ്ധമതവും ജാതിവ്യവസ്ഥയും.* കോഴിക്കോട്: പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്.

ഇളയിടം, സുനിൽ പി., 2005. *അജ്ഞാതാവുമായുള്ള അഭിമുഖങ്ങൾ.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

സൂസി, താരു., സഞ്ജീവ്, എസ്., 2006. *കീഴാളപഠനങ്ങൾ.* കോട്ടയം: ഡി.സി. ബുക്സ്.

സോമൻ, കടലൂർ., 2011. *ഫോക്ലോറിന്റെ സൗന്ദര്യശാസ്ത്രം.* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

സോമൻ, പി., 2011. *അമ്മദൈവവും സംസ്കാരവും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഹരിദാസ്, വി.വി., 2019. *അ/വിശ്വാസികളുടെ ദൈവങ്ങൾ.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

റൊമില, ഥാപ്പർ., 2010. *ചരിത്രരചനയും മതേതരവൽക്കരണവും.* കാർത്തികേയൻ, നായർ വി., വിവ. തിരുവനന്തപുരം: ചിന്താ പബ്ലിക്കേഷൻസ്.

**ഗവേഷണപ്രബന്ധങ്ങൾ**

അജു, കെ.എൻ., 2001. *കേരളത്തിലെ ബുദ്ധമതപാരമ്പര്യം നാടോടികഥകളിലൂടെ ആലപ്പുഴ ജില്ലയിലെ നാട്ടറിവുകൾ ആധാരമാക്കി ഒരു പഠനം.* കാലടി: ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല.

ആദർശ്, സി., 2010. *കൊടുങ്ങല്ലൂരിന്റെ സാംസ്കാരികത്തനിമയും കേരളീയാവബോധവും.* കാലടി: ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല.

ഉമർ, തറമേൽ., 1995. *ആധുനിക മലയാള നോവലിൽ മിത്തുകളുടെ സ്വാധീനം.* തേഞ്ഞിപ്പലം: കാലിക്കറ്റ് സർവ്വകലാശാല.

പ്രദീപൻ, എം.കെ., 2004. *കേരളസംസ്കാരം ഒരു ദലിത് സമീപനം: സാഹിത്യകൃതികൾ മുഖ്യവലംബമാക്കിയുള്ള പഠനം.* തേഞ്ഞിപ്പലം: കാലിക്കറ്റ് സർവ്വകലാശാല.

രാഗിണി, ഇ.വി., 2009. *തെയ്യവും തിറയും ഒരു ജാനപ്പശിക സമീപനം*: തേഞ്ഞിപ്പലം: കാലിക്കറ്റ് സർവ്വകലാശാല.

ഷംഷാദ് ഹുസൈൻ, കെ.ടി., 2005. *മലബാർ കലാപത്തിന്റെ വാമൊഴിപ്പാരമ്പര്യം.* കാലടി: കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല.

**English Books**

Balakrishnan, Koyyal., 2016. *Folk art forms of Kerala.* Kannur: Kerala Folklore Akademy.

Caeners, Torsten., “Memory and Memory Work” in Julian Wolfreys (Ed.) Introducing Criticism in the 21 Century, Edinburgh; UP, 2015.

Canney, Maurice A., 1976. *An Encyclopaedia of Religions.* Delhi: Ivag Publishers.

Channa, V.V., 1979. *Caste Identity and Continuity.* Delhi: B.R. Publishing Corporation.

Child, Gorden., 1972. *What Happened in History.* New Yor: Menter Book.

Franco, C.F. and Sarvar V. Sherry Chand., *Varna Ideology as Social Practice* New Delhi: Critical Quest, 2009.

James, Fredric., 2002. *The Political Unconscious Narrative As a Socially Symbolic Act.* London: Routledge.

Kurup, K.K.N., 2000. *The Cult of Theyyam and Hero Worship in Kerala.* Thenhippalam: University of Calicut.

Sarukki, Sundar., 2022. *The Social Life of Democracy.* London: Seagull Books.

Veluthattu, Kesavan., 1978. *Brahmin Settlements in Kerala.* Calicut University.

Kosambi, D.D., 1965. *Culture and Civilization of Ancient India Historical Outline*. Bombay: Popular Prakasan.

Davies, Martin., Tony Stone., (Ed.), 1995. *Folk Psychology*. UK: Blackwell Publishers.

Dundas, Paul., 1992. *The Jains*. London and New York: Routledge.

Payyanad, Raghavan., (Ed.), 1999. *Ideology Politics and Folklore*. Payyanur: FFM Publications.

Thurston, Edgar., 1987. *Caste and Tribes of Southern India*. Delhi.

**ആനുകാലികങ്ങൾ**

ഗോപീകൃഷ്ണൻ, പി.എൻ., 2019. 'നടരാജഗുരുവും സന്യാസ ആധുനികതയും', മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 97, ലക്കം 24, സെപ്തംബർ.

പുന്നൂസ്, എം.ഐ., 2022. 'ഏഴരപ്പള്ളികൾ: മിത്തും ചരിത്രവും', വിജ്ഞാനകൈരളി, വാല്യം 54, ലക്കം 1, ജനുവരി.

പ്രദീപ്കുമാർ, കെ. എസ്., 2019. 'ഗോത്രജനതയുടെ കലകൾ, ജീവിതം', ദേശാഭിമാനി വാരിക പുസ്തകം 50, ലക്കം 44, മാർച്ച്.

പ്രസന്ന, കെ. ഗിരീഷ്., 2019. 'യന്ത്രനിർമ്മിത നാടകക്കാലം', ദേശാഭിമാനി വാരിക പുസ്തകം 50, ലക്കം 49, ഏപ്രിൽ.

ഭരതൻ, കെ.എം., 2019. 'തെയ്യം: കലയും കാലവും', ദേശാഭിമാനി വാരിക, പുസ്തകം 50, ലക്കം 36, ജനുവരി.

മാധവൻ, കെ.എസ്., 2021. 'ചട്ടമ്പിസ്വാമിയും കേരളത്തിന്റെ ബ്രാഹ്മണ്യവിരുദ്ധ ചരിത്രഭാവനയും', വിജ്ഞാനകൈരളി, വാല്യം 53 ലക്കം 8, ആഗസ്റ്റ്.

രാജീവൻ, ബി., 2019. 'അംബേദ്കർ കണ്ട മാർക്സ്; മാർക്സിസ്റ്റുകാർ കാണാത്ത മാർക്സ്'', മാതൃഭൂമി ആഴ്ച്ചപ്പതിപ്പ് പുസ്തകം 97 ലക്കം 23, ആഗസ്റ്റ്.

രേഖാരാജ്., 2021. 'കേരളത്തിന്റെ ആധുനികതയും ജാതിശരീരവും', മലയാളം റിസർച്ച് ജേർണൽ, വാല്യം 14 ലക്കം 3, സെപ്റ്റംബർ - ഡിസംബർ.

സുനിൽ, പി. ഇളയിടം., 2017. ഭൂമിമലയാളം റിസർച്ച് ജേർണൽ, 2017: പുസ്തകം 9, ലക്കം 1.

## Websites

http://binumonippally.blogspot.com retrieved on 18.07.2017.

http://www.keralaculture.org retrieved on 22.02.2020

https://ml.m.wikipedia.org. retrieved on 03.06.2021

# ആവേദകസൂചി

| ക്രമ. നം. | പേരാ | സ്ത്രീ/പുരു. | വിലാസം | വയസ്സ് |
|---|---|---|---|---|
| 1. | അച്യുതൻ, | പുരു. | എടക്കാട്, പുളിബസാർ, | 76 |
| 2. | അച്യുതൻ നായർ | പുരു. | പുല്ലാട്ട്, കുരുവട്ടൂർ | 70 |
| 3. | അജീഷ് കെ.പി. | പുരു. | കണ്ടോത്ത്പ്പാറയിൽ, പി.സി. പാലം, നരിക്കുനി, | 42 |
| 4. | അനിൽകുമാർ പി.കെ., | പുരു. | പടിഞ്ഞാറെ കണ്ടിയിൽ, കുരുവട്ടൂർ, | 39 |
| 5. | അപ്പുക്കുട്ടി, | പുരു. | ഇത്തിലോട്ട്, കുരുവട്ടൂർ, | 76 |
| 6. | കമലമ്മ, | സ്ത്രീ | കെണറ്റേര, കുരുവട്ടൂർ, | 78 |
| 7. | കൃഷ്ണൻകുട്ടി, | പുരു. | മണ്ണാറക്കൽ, കുരുവട്ടൂർ, | 84 |
| 8. | ഗീതേഷ്, | പുരു. | മണ്ണാറക്കൽ, കാരപ്പറമ്പ്, തടമ്പാട്ടുതാഴം, | 49 |
| 9. | ജനാർദ്ധനൻ, | പുരു. | കുളപ്പുറത്ത്, കുരുവട്ടൂർ, | 75 |
| 10. | ജയകൃഷ്ണൻ, | പുരു. | മണ്ണാറക്കൽ, കുരുവട്ടൂർ, | 53 |
| 11. | ജയരാജൻ, | പുരു. | കുളപ്പുറത്ത്, കുരുവട്ടൂർ, | 50 |
| 12. | ജിഗേഷ് ടി, | പുരു. | എടവങ്ങാട്ട് പറമ്പ്, ഈസ്റ്റ് ഹിൽ, | 28 |
| 13. | പ്രകാശൻ എം.കെ., | പുരു. | മേലേകളത്തിൽ, എടക്കാട്, | 53 |
| 14. | പ്രമീഷ് പി., | പുരു. | പെരിയാട്ടിൽ, ചെലവൂർ, കോഴിക്കോട്, | 32 |
| 15. | പ്രമോദ് എം.കെ. | പുരു. | മണ്ണാരകണ്ടിയിൽ, പെരുംപ്പൊയിൽ, ചേളന്നൂർ, | 45 |
| 16. | ബാലകൃഷ്ണൻ, | പുരു. | മണ്ണാറക്കൽ, കുരുവട്ടൂർ, | 65 |
| 17. | ബാലകൃഷ്ണൻ, | പുരു. | വേട്ടുപുരയ്ക്കൽ, കുരുവട്ടൂർ, | 63 |

| ക്രമ. നം. | പേരാ | സ്ത്രീ/പുരു. | വിലാസം | വയസ്സ് |
|---|---|---|---|---|
| 18. | ഭരതൻ എം., | പുരു. | മേത്തലോട്ടിൽ, ചെലവൂര്, | 77 |
| 19. | മധു, | പുരു. | മണ്ണാറക്കൽ, കുരുവട്ടൂർ, | 58 |
| 21. | മോഹനൻ നായർ | പുരു. | നമ്പോനത്തിൽ, കുരുവട്ടൂർ | 60 |
| 22. | രമേശൻ ടി.പി., | പുരു. | താഴെപെരയാട്ടിൽ, ചെലവൂര്, കോഴിക്കോട്, | 58 |
| 23. | രവീന്ദ്രൻ ഒ., | പുരു. | കിഴക്കേ പുതിയേടത്തി, പറമ്പിൽ ബസാർ, മേരിക്കുന്ന്, | 52 |
| 24. | രാജഗോപാലൻ മാസ്റ്റർ | പുരു. | | 67 |
| 25. | രാധാകൃഷ്ണൻ പി., | പുരു. | ഇ.എം.എസ്. പില്ല, കൊട്ടുവാട്കുന്ന്, ചെലപ്രം, | 58 |
| 26. | രാഹുലൻ കെ., | പുരു. | കരിമ്പനക്കൽ ഹൗസ്, ഗാന്ധി കോളനി, | 21 |
| 27. | വിഷ്ണുകുമാർ കെ.കെ, | പുരു. | കൊളോത്തു കണ്ടിയിൽ, പറമ്പിൽ, കോഴിക്കോട്, | 24 |
| 28. | വെള്ളൻകുട്ടി, | പുരു. | വേട്ടുപുരയ്ക്കൽ, | 84 |
| 29. | ശശിധരൻ എം.പി., | പുരു. | മുണ്ടക്കരമീത്തൽ, പാലത്ത്, | 65 |
| 30. | ശാരദ, | സ്ത്രീ | കുളപ്പുറത്ത്, കുരുവട്ടൂർ, | 66 |
| 31. | ശ്രീകുമാരൻ, | പുരു. | കോല്പ്പുറത്ത്, കുരുവട്ടൂർ, | 62 |
| 32. | ശ്രീധരൻ, | പുരു. | ഉള്ളാച്ചേരിത്താഴത്ത്, കുരുവട്ടൂർ, | 60 |
| 33. | ശ്രീമതി, | സ്ത്രീ | കൊല്ലാറമ്പത്ത്, കുരുവട്ടൂർ, | 76 |
| 34. | സിദ്ദാർത്ഥൻ, | പുരു. | കണ്ടോത്ത് പാറയിൽ, പി.സി. പാലം, | 56 |
| 35. | സുബീഷ് പി., | പുരു. | പുത്തുരം വീട്ടിൽ, മാത്തറ, | 42 |
| 36. | സുരേന്ദ്രൻ | പുരു. | നമ്പോനത്തിൽ, കുരുവട്ടൂർ | 60 |
| 37. | ഹരികൃഷ്ണൻ, | പുരു. | കോല്പ്പുറത്ത്, കുരുവട്ടൂർ, | 57 |
| 38. | ഹരിദാസൻ, | പുരു. | കുളപ്പുറത്ത്, കുരുവട്ടൂർ, | 71 |

# അനുബന്ധം

# വാമൊഴികൾ

**വാമൊഴി 1 – കൃഷ്ണൻകുട്ടി**

1.1 കാവുമായി ബന്ധപ്പെട്ട തറവാടുകൾ ഉണ്ടാവൂലെ?

ഉ. കാവുമായി ബന്ധപ്പെട്ട തറവാട് ഉണ്ട്. നമ്പളെ . . മണ്ണാറക്കൽ തന്നെ. മണ്ണാറക്കൽ കാവുമായി ബന്ധപ്പെട്ട തറവാടാണ്. പിന്നെ അതെ മാതിരി കാവുമായിട്ട് തിരുവളയനാട്. അതും പെരണാന്മാരുമായിട്ട് ബന്ധപ്പെട്ടിട്ട് ഉള്ളത് തന്ന്യ.

1.2 അത് മാങ്കാവ് ഉള്ളതല്ലെ?

ഉ. ആ .. . മാങ്കാവ് ഉള്ളത് പിന്നെ അതേ മാതിരി കാവുമായിട്ട് ബന്ധപ്പെട്ടത്. . . (ആലോചിക്കുന്നു). ഒന്നാമതെന്താ അറിയോ ആ വിഷയത്തിന് പോവാത്തേനെ കൊണ്ട്പ്പം ഓർമ്മേല് കിട്ടുന്നില്ല. നമ്പളതിന് പോവാഞ്ഞിട്ട് കാലങ്ങള് കൊറേ ആയല്ലോ. ഇപ്പങ്ങനെ പോക്കില്ലല്ലോ. പിന്നെ ഇവിടുള്ളതൊക്കെ പറയും നമ്പളെ കരുവട്ടൂരംശംത്തിലുള്ളതൊക്കെ ഏകദേശൊക്കറിയാം.

1.3 പ്രധാനമായും പുല്ലാട്ടുകാവിലൊക്കെ?

ഉ. ആ... പുല്ലാത്ത് കാവിലൊക്കെ പഴയകാലത്ത് എന്താച്ചാല് ഒരു കുലത്തൊഴിലായിട്ടാണ് ബക്ക്.

അന്നേത്തെ ആഢ്യന്മാര് നായന്മാര് അന്നൊക്കെ ബക്ക് സാധാരണ കഞ്ഞി തരാറ്. ചോറൊന്നും തരൂല. പ്പഴൊക്കെ അല്ലെ ചോറും തൊക്കെ ആയത്. കുഴികുഴിച്ചിട്ട് എല വച്ചിട്ട് എലേന്റെ അകത്താണ് തര്യ. നാക്കെല വച്ചിട്ട്. ചീളെല വെക്കാൻ പറ്റൂല. വാട്ടീട്ട് അതിന്റെ അകത്താ ചൂടുള്ള കഞ്ഞ്യാ ഒഴിക്ക്യാ. അന്നേരം തന്നെ എല വാടി പോവും. അതിന്റാത്ത്ന്ന് പ്ലാവിലോണ്ട് മുക്കി കുടിക്കലൈന്നേനി. അക്കാല ത്തൊക്കെ നമ്പളൊക്കെ പോണ കാലത്ത് ഇനിക്ക് നല്ല ഓർമ്മണ്ട്. കുമ്പിളിലാ ഇനിക്കൊക്കെ കഞ്ഞ്യന്നെ. എന്താച്ചാലന്ന് തടകൊണ്ടോര്യാ എന്നിട്ടാണ് അതിലാണ് കഞ്ഞി വെളമ്പാ.

1.4 തടാച്ചാ എന്താ?

ഉ. വാഴത്തട, വാഴപ്പോള

1.5 അത്പ്പം എത്ര വർഷം മുന്ന്യാ.

ഉ. അത് ഒരുപത് എഴുപത് വർഷത്തിലും ഒക്കെ മുന്ന്യാ. പിന്നെ അവിടേക്ക് വേണ്ട അനുഷ്ഠാനാചാരങ്ങൾ പ്രകാരം നമ്മളാണ് അവിടേക്കുള്ള സാധനങ്ങളൊക്കെ കൊടുക്കാ. ഉടുപുടകള്, തുണിസാധനങ്ങള് മറ്റേത് മറിച്ചേതൊക്കെ . . അങ്ങനാണ്.

അന്ന് അവർക്ക് ഇഷ്ടപ്പെട്ടത് എന്താച്ചാ തരും. അത് വാങ്ങി പോര്യാ . . ചെയ്യ.

മ്പള് അങ്ങോട്ടൊന്നും പറയാൻ പാടില്ല. കൂല്ല്യോന്നും ഇല്ല. അക്കാലത്ത് തുച്ഛമായ ഒരണയോ രണ്ടണയോ തരും. അഞ്ച് ഉറുപ്പേയ്യൊക്കെ എത്ര കാലം തിറ കെട്ടീക്കിന്. പിന്നെ ആചാരങ്ങളൊക്കെ ചെയ്യും. ഒരു വളേം ഒരു പട്ടും തരും. മ്പള് രാവിലെ പോയാല് ഒരു വള തരും പട്ടില്.

1.6 അതെന്തിന് ഉള്ളതാ?

ഉ. അവിടുത്തെ ഭഗവതീന്റെ തിറ കെട്ടുന്ന ആൾക്ക്. ആർക്കാണെങ്കിലും. മ്പളെ മണ്ണാറക്കന്നാണ് പോകുന്നത്. ആര് പോവാണെങ്കിലും കിട്ടും അത്. ചോപ്പ് പട്ടിന്റെ അകത്ത് വള തര്യാ ചെയ്യ. അതൊരു പവറാണ്. അത് പിറ്റേന്ന് രാവിലെ അവിടെ ഊരികൊടുത്തിട്ട് വേണം വരാൻ. അത് അവിടുത്തെ ഭഗവതീടെ പട്ടും വളയുമാണ്. അത് അവിടുത്തെ ഭഗവതീടെ തിറകെട്ടുന്ന ആൾക്ക്.

1.7 അപ്പോ വർഷത്തില് ഒരു ദിവസം മാത്രം അവരെ മ്പളെ ബഹുമാനിക്കാണോ?

ഉ. ബഹുമാനിക്കാനാണ്. അവര് ബളെ ബഹുമാനിക്ക്യാണ്. ദേവീന്റെ ആളാണല്ലോ മ്പള്. ദേവീന്റെ തറ കെട്ടുന്നത് മ്പളല്ലെ. കാര്യമായിട്ട് അവിടെ ഭഗവതി തിറയാണ്.

1.8 അത് തന്ന് കഴിഞ്ഞാൽ ഓല്ലും കുമ്പ്ള് കുത്തീട്ട് തന്ന്യല്ലെ കഞ്ഞി കൊടുക്ക.

ഉ. ഓല്ക്ക് അന്ന് ഭക്ഷണങ്ങളൊന്നും ഇല്ല.

1.9 ഇല്ല്യല്ലെ

ഉ. അന്ന് ഭക്ഷണങ്ങളൊന്നും ഇല്ല

1.10 ഉപവാസാണോ

ഉ. ഉപവാസം ച്ചാല് എന്തെങ്കിലും ഒരു തരിക്കഞ്ഞിയോറ്റം

1.11 ഈ ഭഗവതിതിറ കെട്ടുന്ന ആൾക്ക് ചോറൊന്നും കഴിക്കാൻ പറ്റൂലെ.

ഉ. അത് ചെറുപറയോ വാഴക്കയോ അങ്ങനെ പുഴക്കെന്തെങ്കിലും രാവിലെ കഴിക്കും.

1.12 അപ്പോ ഇവര്ങ്ങനെ ആദരിക്കുന്ന സമയത്തെന്നെ കുമ്പ്ള് കുത്തി കഞ്ഞി കുടിപ്പിക്കേം അങ്ങനെ ചെയ്യോ?

ഉ. അതില്ല. അത്ബ്ള് കഞ്ഞികുടിക്കുന്ന സ്ഥാനത്ത്ന്ന്. ഇത് അമ്പലത്തിന്റെ മുറ്റത്ത്ന്ന്,

1.13 അപ്പോ ഈ വള തന്നു കഴിഞ്ഞാൽ അവര് അയിത്തായി കണക്കാക്കോ?

ഉ. അത്ണ്ടാവല്ലോ. അതെങ്ങനാണെങ്കിലുംണ്ടാവും

തറയ്ക്ക് മാത്രാണല്ലോ ആചാരായിട്ട് ഓരോന്ന് തരുന്നുള്ളൂ. ബക്ക്. തറ കെട്ടുന്നയാൾക്ക് മാത്രം. എല്ലാർക്കൊന്നൂല്യാ. ആ ബഹുമാനം നേരം വെളുക്കോളണ്ടാവും. പിറ്റേന്ന് നേരം വെളുത്താൽ ആ ബഹുമാനോം ഇല്ല പിറ്റേന്ന് ആ ബഹുമാനവും പോയി. ഒരഞ്ചുറുപ്പ്യാങ്ങോട്ട് തരും. അത് ആയിട്ട് ബള്ങ്ങ് പോന്നോൾണം. വേറൊരു വിവരോല്യാ. പഴയ ആചാരങ്ങളൊക്കെ അങ്ങനൊക്ക്യാ.

പിന്നെ തോറ്റോം അഞ്ചടിം ഈ വകകളൊക്കെ വേണ്ടോണംണ്ടാവും. ഒക്കെ ചെയ്യോൾണം. എല്ലാ കാര്യങ്ങളും. അത് ഓലെന്നെ അറിവുള്ള ആള്കള്ണ്ടാവും. ഓലത് കേട്ട് കേട്ട് തയമ്പിച്ച ആള്കള്ണ്ടാവും. അതോണ്ടെല്ലെ നല്ല ഓർമ്മശക്തിയുള്ള ആള്കളൊക്കെ ഉണ്ടാവും. ഒരു വരി തെറ്റിപ്പോയാൽ അവര് പറയും. എന്താടോ കേളുകുട്ട്യേയ്യങ്ങനെ ചെല്ല്യേന്ന് ചോദിക്കും. പിന്നെ അതേ മാതിരി പുല്ലാട്ട് കാവിന്റെ പ്രത്യേകത എന്താച്ചാല് കാവില് അച്യുതൻ വൈദ്യര്ന്ന് പറഞ്ഞിട്ടുള്ള ഒരാള്ണ്ടായിര്ന്ന്. തായമ്പക കൊട്ടാച്ചാല് ഒരു പണം ഇവിടെ (തള്ള വിരലിനടുത്ത്) വച്ചിട്ടേനി. ഒരു പണം കയ്യിന്റെ മേലിവിടെ വെക്കും.

1.14 ആണല്ലെ

ഉ. ഉം.. . കയ്യില് അതായാൾക്ക് പേര് കിട്ടാൻ കാരണം.

1.15 അവര്ടെ പേരെന്തായ് രുന്നു?

ഉ. അച്യുതൻ

1.16 അവര് ഏത് ജാതീലുള്ള ആളായിരുന്നു.

ഉ. അവര് പെരണ്ണാൻ തന്നെ

1.17 ഓലേ തറവാടൊക്കെ?

ഉ. തിരുവളയനാട്.

1.18 അന്ന് വളയനാട് ആളുകളും ഇവിടെ വരാറുണ്ടായിരുന്നോ?

ഉ. ഓ. . . പലേ സ്ഥലത്ത്ന്നും വരും തിരുവളയനാട്ന്ന് വരും, പിന്നെ മേടേന്ന് വരും (മേടയിൽ ഒരു തറവാട്ടുപേര്) കീഴല്ലൂര്ന്ന് വരും. അങ്ങനെ പല സ്ഥലത്ത്ന്നൊക്ക്യാണ് ആളുകള് വരുന്നത്.

1.19 പിന്നെ ഈ ദേശപ്പെരുവണ്ണാന്മാർക്ക് എന്താ പ്രത്യേകത?

ഉ. ദേശപ്പെരുവണ്ണാന് എന്താച്ചാല് ഭഗവതിതിറ ദേശക്കാര് കെട്ടണംന്ന് നിർബന്ധാണ് ആ കാലത്ത്. ആ കാലത്ത് നിർബന്ധാ ഇപ്പോഴത്തെ കാലം പോലെയല്ല.

അതൊക്കെ നമ്മളെന്നെ കെട്ടണം മററ് പെരണാന്മാര് കെട്ടാൻ പാടില്യ. പ്പഴല്ലെ 'രവ്യക്കെ' വന്ന് കെട്ട്ന്നത്. നമ്മള് തെററിപിരിഞ്ഞ് വന്നതിന് ശേഷമാണ് കാണ്ന്നോല് വന്ന് കെട്ട്ന്നത്.

1.20 എപ്പം തെറ്റിപ്പിരിഞ്ഞ്?

ഉ. ഒക്കെ തെറ്റിപ്പിരിഞ്ഞ് പോയില്ലെ. ഇപ്പെ കൊളപ്പുറത്ത് ഉള്ളോല് വേറെയും, കൊളപ്പുറത്ത്ന്ന് തന്നെയല്ല. ഇപ്പം തിറയാട്ടം തന്നെ തെറ്റിപിരിഞ്ഞ്പോയില്ലെ.

ഒരു കൊളം കുഴിച്ച് ആ കൊളത്തില് തീണ്ടലും മാറ്റലും ഒക്കെ?

1.21 ഏത് കൊളം

ഉ. പുല്ലാട്ട് കാവില്

1.22 അതെനിക്ക് വ്യക്തമായിട്ടൊന്ന് പറഞ്ഞരോ

ഉ. പൂല്ലാട്ട് കാവിലെ കൊളം അതിമ്മിലാണ് നമ്മളും പുല്ലാട്ട്കാരും ആയിട്ട് തെറ്റാനുണ്ടായ കാരണം. നമ്മള് മണ്ണാറക്കൽക്കാര് മണ്ണാറക്കൽ കാര്ന്ന്ച്ചാല് കുരുവട്ടൂർ പെരണാന്മാരായിട്ട് തെറ്റാനുണ്ടായ കാരണം. അത് അവരാവശ്യ ത്തിന് കുഴിച്ചതാണ്. അത് കുഴിച്ചതാരാച്ചാല്, നമ്മളെ പൈസോണ്ടാണ് കുഴിച്ചത്. എല്ലാവരും പിരിപ്പിച്ച് പൈസ കൊടുത്ത്. അതവരെ ആവശ്യത്തിന് വേണ്ട്യാ കുഴിച്ചതെന്ന് പുല്ലാട്ടാര്ണ്ടാക്കി. അതില് ആദ്യം പോയിട്ട് ചാടി ഗോവിന്ദൻ കുട്ടി കാരണോര്, രണ്ടാമത് ചന്ദ്രൻ കാരണവര് അങ്ങനെ ഓലതില് ചാടികുളിച്ച്. അവിട്യാണ് കൊഴപ്പം അവിടുന്നങ്ങോട്ടാ

തെറ്റിപ്പോയത്. അവര് പുല്ലാട്ട്കാര് എന്ത് പറഞ്ഞു. ങ്ങക്ക് കുളിക്ക്യാനുള്ള തല്ലത്. ന്ന് ഞങ്ങളെ ആവശ്യത്തിന് വേണ്ടി കുഴിച്ചതാണെന്ന് പറഞ്ഞു.

1.23 അതെന്ത് കൊണ്ടാ അയിത്താവുന്നത് കൊണ്ടാ?

ഉ. അയിത്താവും. നമ്മള് കുളിച്ചുകഴിഞ്ഞാൽ അയിത്താവ്വോയ് താണജാത്യല്ലെ, മണ്ണാന്മാര് അതുകൊണ്ട്.

1.24 അത്പ്പം എത്രം വർഷം മുന്നെയാ?

ഇന്നെ ഒക്കെ കല്യാണം കഴിക്കുന്നതിന് മുന്ന്യാ (ഭാര്യ പറഞ്ഞു) ഒരു അറുപത് കൊല്ലായി കാണും. അറുപതോ അമ്പതോ കൊല്ലമായി കാണും.

ഉ. ഇപ്പോഴെങ്ങന്യാ എന്നിട്ട് ആ കുളം ഉപയോഗിക്കുന്നത്?

ഇപ്പോരെന്നെ നമ്മളാരും ഉപയോഗിക്കലൊന്നുല്യ. ഇപ്പരന്നെ കയ്യും കാലും കഴുകിപോന്ന് മാത്രം. ഇപ്പം എല്ലാ സ്ഥലത്തും മോട്ടറെല്ലെ. അന്ന് മ്പക്ക് ഒരു തുള്ളി വെള്ളം കിട്ടാനില്ലല്ലോ. ഓലെ കാല് പിടിച്ചാലല്ലെ ഒരു തുള്ളി വെള്ളം കിട്ടുള്ളൂ. ഓര് കോരിത്തരണ്ടെ വെള്ളം കിട്ടണെങ്കില്. ഓലെകെണറ്റിന്ന് കോരാൻമ്മക്കന്ന് അധികാരല്ല്യല്ലോ. ഇമ്പക്കന്ന് അധികാരല്ല്യല്ലോ. ഇന്നമ്മക്ക് ഏടെ പോയിട്ടും ഏതടുക്കളയിപോവാനുള്ള അധികാരണ്ട്.

1.25 അന്നീ വേഷമൊക്കെ അഴിക്കാനും മേല് വൃത്തിയാക്കാനും വേണ്ടീട്ടാ. കൊളം ഉപയോഗിച്ചിരുന്നതല്ലെ.

ഉ. ഉം . . . അതെ. അത് തര്വ്വലാന്ന് ഓര് പറഞ്ഞ്.

വാശി. അയ്യിലാ പോന്നത്. അങ്ങന്യാണ് പിന്നെ ന്നമ്മളെ നന്നാക്കാൻ വേണ്ടീട്ടാണ് പിറ്റേത്തെ കൊല്ലം 2 ദിവസം തറയാക്കിയത്.

1.26 2 ദിവസം തറച്ചാല്

ഉ. 10 ആന്തിം തറ 11 ന്നാന്തിം തറ

1.27 അതെങ്ങനെ?

ഉ. നമ്മള് നന്നാവാൻ വേണ്ടീട്ട്, ന്നമ്മളും അവരും കൂടെ നന്നാവാൻ വേണ്ടിട്ട്. പുല്ലാട്ടുകാരും നമ്മളും നന്നാവാൻ വേണ്ടീട്ട്, അപ്പം നമ്മളെ വിളിച്ച്, നമ്മളെ വിളിച്ചപ്പം തറ ആയിക്കോട്ടെന്ന് പറഞ്ഞ്.

1.28 തറ മുടങ്ങീട്ടുണ്ടോ?

ഉ. ഇല്ല മുടങ്ങീല്ല്യ കൊയിലാണ്ടിക്കാരെ വരെ കൊണ്ടോന്നില്ലെ

അവിടെ തറ മൊടങ്ങുലല്ലോ. ഓലാൾക്കാരോ ഇമ്പളാർക്കാരോ മരിച്ചാലും, ശവം അകത്ത് വെച്ചാലും തറ നടത്തികോൾണംന്ന

1.29 അതെങ്ങന്യാ?

ഉ. അതെങ്ങന്യാച്ചാല് ഇമ്പക്കന്ന് പെറ്റാലും പൊലല്ല്യ. അതേ മാതിരി അവർക്കും ചത്താലുംല്ല്യ, പെറ്റാലുംല്ല്യ പൊല.

അത്കൊണ്ട് മൊടങ്ങൂല തറ. ഇമ്പക്കിവിടെ 16 ദിവസം കഴിയണംന്ന് പറയ്ന്ന്ല്ലെ ആ പരിപാടി ഒന്നും ഇല്ല.

1.30 അത് സൗകര്യാർത്ഥം ഉണ്ടാക്കിയതല്ലെ?

ഉ. സൗകര്യാർത്തം ഓര്ണ്ടാക്കിയത. ഈ തറ മൊടങ്ങരുത്ന്ന് വിചാരിച്ചിട്ട് അങ്ങന്യാണ് ഓല്ണ്ടാക്കിത്.

ഇത് പെരണാന്മാർക്കെന്നല്ല, ഓരെ വീട്ട്തന്നെപ്പാരെങ്കിലും ജനിച്ച്, മരിച്ച് ന്നാലും തറ മൊടങ്ങൂല. അത്രയും അടുത്താള്കള് മക്കളാണ്ച്ചാല്, പൊറത്ത് നിക്ക അതെന്നെ. മറ്റോല് തിറ കഴിക്കും.

പിന്നെ ആ കൊളത്തിന് പ്രശ്നത്തിന് ശേഷം 2 കൊല്ലം തറ കഴിച്ച് ആ ഒരു കൊല്ലം ഇവര് വന്ന് കഴിച്ച്, കൊയിലാണ്ടിക്കാരെ കൊണ്ടോന്ന് കഴിച്ച്. ആ... അന്നേരം അഗോം പൊറപ്പാടും ഒക്കെണ്ടെയ്നി. നമ്മളെ കടക്കാൻ സമ്മതിക്കില്ല. പോലീസും പട്ടാളോംക്കെണ്ടെയ്നി.

1.31 ആരെ കടത്താൻ സമ്മതിക്കുല?

ഉ. നമ്മളെ, നമ്മളെ അങ്ങോട്ട് കടത്താൻ പാടില്യാന്ന്. നമ്മളെ കടത്താൻ പാടില്ല്യാന്ന്. കടന്നാ അവര്ക്കെന്തെങ്കിലും വേദനാക്കുംന്ന് പറഞ്ഞ്ട്ട്. ഓല് കൊയിലാണ്ടിക്കാരെല്ലെ. ഓര്ക്ക്വ്ടത്തെ ചിട്ടേം അറിയില്ലല്ലോ അയ്ന്മ്മ ളെന്തോം പറയുന്നതൊക്കെ വച്ചിട്ട്, എന്തേലും പറയുംന്ന് പേടിച്ചിട്ട്. വടെ പോലീസാര് കംപ്ലീറ്റ് പോലീസാര് അയിന് ഓലെ ആളുകളും, നായന്മാരെ ആളുകളുണ്ടാവും. ദാ... ഇവരെ സൂക്ഷിക്കണം സൂക്ഷിക്കണംന്ന് പോലീസാരോട് പറഞ്ഞിട്ട്.

പിന്നെ പിറ്റേത്തെ കൊല്ലം ഇതിന് വേണ്ടീട്ടാണ് ഇടക്കമന മ്പളെ കമ്മന രാമൻ നായര്, കുട്ടൻ നായര്, നാരായണൻ നായര് – അയാളാണ് മ്പള് നന്നാവാൻ വേണ്ടീട്ട് പിറ്റേത്തെ കൊല്ലം പതിനൊന്നാമത്തെ ദിവസം കഴിക്ക്യാന്ന് പറഞ്ഞത്. അത് 2 ദിവസത്തെ തറയാക്കി മ്പള് കൂട്യാടാൻ വേണ്ടീട്ട്.

1.32 അത് രണ്ടും കൂടി ഒരു ദിവസം ആക്യാലെന്തായിരുന്നു.

ഉ. അത് പറ്റൂല. അതോണ്ട് രണ്ടേസം, രണ്ടേസം ആയിക്കോട്ടേന്ന് പറഞ്ഞ്. നമ്മക്കൊരു ബഹുമാനം കിട്ടീന്നാണ്. രണ്ട് ദിവസം തറയാക്കിയത്കൊണ്ട്. അയാളെന്നാണ് പറഞ്ഞത് നമ്പക്ക് അത് വേണ്ട, രണ്ട് ദിവസം ആക്കിക്കാളീന്ന്. അതിന് ഓല് തന്ന്യാണ്, നട്ടൽ കമ്മന അയാളെന്ന്യാണ് കാരണംണ്ടാക്കീത്. അവര് നമ്മളെ ഭാഗത്തേക്കായി 'കിഴപ്പനത്ത്കാര് നമ്മളെ ഭാഗത്തേക്കായി ചരിവ്, അതാ രണ്ട് ദിവസത്തേക്കാക്കീത്.

1.33 അപ്പോ ഈ കാവിലേക്കുള്ള വരുമാനൊക്കെ എങ്ങന്യാ ഉണ്ടാക്കീത്?

ഉ. വരുമാനമൊക്കെ ഓരോരോര്ത്തര്ടെ, ജനങ്ങൾടെ പ്രാർത്ഥനയല്ലെ. നമ്പളൊക്കെ പുല്ലാട്ട് കാവില് പുത്തൻ തറ ആടീട്ട് മാത്ത്രാ കല്യാണം കഴിക്കാൻ പാടുള്ളേ്യനി. ഓ... അക്കാലത്ത് ഞാൻ, ചന്ദ്രൻ കാര്ണോര്, ഗംഗാധരൻ ഒക്കെ പുത്തൻ തറ ആടീർന്ന് ഗംഗാധരനിങ്ങോട്ട് പിന്നാരും പുത്തൻ തറ ആടീട്ടില്ല്യാ. മറ്റെല്ലാരും പുത്തൻ തറ ആടീണ്ട്. അത്ച്ചാല് നമ്പളെ കുരവട്ടൂർ അംശത്തിന് നായർക്കോ തിയ്യർക്കോ ഏതെങ്കിലും ഒരാൾക്ക് പെണ്ണ് വേണെങ്കിലും ഒക്കെ പുല്ലാട്ട് കാവിലാണ് പെണ്ണ് കാണൽ, എല്ലാ ആളുകളും അവിടുന്നല്ലെ പെണ്ണ് കാണല്, ഉള്ള ആള്കളൊക്കെ പലേ പലേ ഭാഗത്ത്ന്നും വരും.

.... കുംഭ മാസം പത്താം തിയ്യതി പുല്ലാട്ടുകാവിൽ തിറയുണ്ടുപോലും അവിടെ കെട്ടിച്ചമഞ്ഞാൽ കാണാംമ്പോലും. (പാട്ടുപോലെ പറയുന്നു).

1.34 പുല്ലാട്ട് കാവിന് എത്ത്രവർഷം പഴക്കണ്ടാവും?

ഉ. ഇനിക്കി തോന്ന്പ്പം ഇന്റെറിവിലാവുന്ന കാലത്തെ അങ്ങനെ തന്നെണ്ട്. ഇനിക്ക്യന്നെ ആയിലെപ്പം 79 വയസ്സ്.

അക്കാലത്ത് ഓലേനി പിന്നോക്ക്യാ ഓടാക്കീത്

സാക്ഷാൽപ്പം ഈ ദൈവം ആരതാച്ചാല് 'കുമുള്ളിൽ' കാരതാ... കുമുള്ളിലാ.. വരതാരതും അല്ല. കുമുളിൽക്കാര്ക്കാ.. കിട്ട്യത്.

1.35 എങ്ങന്യാ കിട്ടീത്? അവിടെള്ള ആള്കൾക്ക്

ഉ. പ്രതിഷ്ഠ

1.36 അപ്പോ പ്രതിഷ്ഠല്ലെ അവരെ വീടിന്റെ അവിടുന്ന്ല്ലെ...

ഉ. ആ.. അവർക്കവിടെ വെക്കാൻ സൗകര്യം ഇല്ലാഞ്ഞിട്ട്, പുല്ലാട്ട് ഏൽപ്പിച്ച.

1.37 അതെന്താ സൗകര്യം ഇല്ലാത്തത്?

ഉ. അതന്ന് അതിനാവശ്യമുള്ള അമ്പലം ഉണ്ടാക്കാനോ അയിന് വേണ്ട കർമ്മങ്ങൾ കൊടുക്കാനോന്നും കഴിവുള്ള ആള്കളല്ല. പുല്ലാട്ട് കഴിവുള്ള ആളുകൾ ഉണ്ടായിരുന്നു.

1.38 അപ്പോ പുല്ലാട്ട് ജന്മിമാരെ പോലെ?

ഉ. ആ... ജന്മിമാരെപ്പോലെ

1.39 വയൽ സ്ഥലങ്ങളൊക്കെ ഉണ്ടാവും ല്ലെ.

ഉ. വയലും പറമ്പും കൃഷിസ്ഥലോം ഒക്കെ ഓല്ക്കാ...

ഈ കുമുള്ളിൽ ആളുകൾക്ക് തീരെ ഒന്നും ഇല്ല്യ.

അന്ന് കിട്ട്യാ അന്ന് ഭക്ഷിക്ക്യാ, പിറ്റേന്ന് കിട്ട്യാ പിറ്റേന്ന് ഭക്ഷിക്ക്യാ.. അങ്ങൻത്തെ പാവം കുടുംബങ്ങളേനി.

1.40 അവിട്ത്തെ ആൾക്കാർക്കാ ബിംബം കിട്ട്യത്.

ഉ. അതൊരു കൊളത്ത്ന്നോ മറ്റോ ആണ്ന്നാ ഞാൻ കേട്ടത്. അവടെ എവിടെയോ ഒരു കൊളത്ത്ന്നാണ്ന്നാ കേട്ടത്. പുന്നകൊളം ഭാഗത്തിന്റെ അപ്പറത്ത് ഉണ്ടൊരു കൊളം. അവിടുന്നെവിടുന്നോ ആണ്. ഒരു കൊളത്ത്ന്നാണ്.

1.41 കുമുള്ളിൽ എവിടെയാ?

ഉ. കുമുള്ളിൽന്നറഞ്ഞാല് മ്പളെ പുല്ലാട്ടേന്റൊക്കെ മുൻഭാഗത്ത് പുല്ലാട്ടിന്റെ നേരെ മുൻഭാഗത്ത് 'നടുത്തന', നടുത്തനേന്റെ അപ്പുറം.

1.42 'കുള്ളിൻ' കാരെന്താ പുല്ലാട്ട്കൊണ്ട് കൊടുത്തത്. പുല്ലാട്ടും കുമുള്ളിൽകാരും തമ്മിൽ എന്താബന്ധം.

ഉ. ആടെ കൊണ്ട് കൊടുത്തത്. ആടെ ആള്കള്ണ്ട്.

1.43 വേറെ ഏതെങ്കിലും തറവാട്ടിൽ കൊടുത്തുടായിരുന്നോ?

ഉ. അന്നൊക്കെ കേളിള്ള ആള്കള് അവരാണ്. ഇത്രയും വലിയ കേളിള്ള ആള്ല്ലല്ലോ. ഇത്രയും കേൾവിയും പ്രാധാന്യവും ഉള്ള ആള്കള്ല്ല്യ. പുല്ലാട്ടേന്റെ മാതിരി. പുല്ലാട്ട്, പിന്നെ കറ്റടിമൂത്തേടത്ത് അതൊക്കെ നല്ല നായന്മാരാ.

പുല്ലാട്ടും കറ്റടിമൂത്തേടത്തും നല്ല നായമാരില്ലെ ഇത് രണ്ടും രണ്ട് തറവാട്ടുകാരാ? കുളിക്കാര് ലേശം കൊറഞ്ഞ ആള്കളാ. കാരറ്റ് കുറഞ്ഞ ആള്കള്. പുല്ലാട്ട് നല്ല നായന്മാരാ കറ്റടിക്കാരും.

1.44 ഇവരുടെയൊക്കെ കൃഷിഇടങ്ങൾ എവിട്യാർന്നു?

ഉ. കൃഷിഇടങ്ങളൊക്കെ പല ഭാഗങ്ങളിലും ഇവിടെണ്ടാവും അവിടെണ്ടാവും പലഭാഗത്തും ഉണ്ടാവും അക്കാലത്ത്.

1.45 അവർക്ക് ജോലിക്കാരൊക്കെ ആരായിരുന്നു. തൊഴിലാളികള്?

ഉ. ജോലിക്കാര്ച്ചാല് നമ്മളെ പോലൊക്കെ ഉള്ളോര്. ഹരിജൻസാണ് കൂടുതലുംണ്ടാവാ. കൃഷിചെയ്യാനൊക്കെ, നമ്മളെപോലുള്ള ആള്കള്.

ഇന്ന് പൈശല്ല്യാന്നർഞ്ഞാ പോയ്ക്കോൾണംമ്പള്.

രാത്രി ആവ്ന്നവരെ പണി എടുത്ത് കഴിഞ്ഞാ രണ്ടിടങ്ങഴി നെല്ലങ്ങോട്ട് അളന്ന് കൊടുക്കും. അതും കൊണ്ടോൻ പോയ്ക്കോൾണം. അത് ആടെ കൊണ്ടോയ് ഉണങ്ങല് കുത്തി പൊടിച്ച് കഞ്ഞിണ്ടാക്കും. അപ്പോൾത്തേക്കും നേരോം വെളുക്കും. അക്കാലത്തെ കഥയൊക്കെ അങ്ങനായിരുന്ന്.

1.46 അറുപത്കൊല്ലം മുന്നെ ആണോ?

ഉ. അതിനൊക്കെ മുമ്പ് ഉള്ള കാലഘട്ടത്തിലാ. ഞാൻ ചെറുപ്പത്തിലൊക്കെ ഇങ്ങനെ തന്യാ. ഈ സമ്പ്രദായങ്ങളൊക്കെണ്ട്.

മ്പള് ചെറ്പ്പത്തില് ഈ സമ്പ്രദായങ്ങളൊക്കെണ്ട്ച്ചാല് മ്പക്ക് .... ഞാൻ ചെറുപ്പത്തില് മനത്താനത്തൊക്കെ ഓണം വിഷുന്നം സാധനങ്ങളൊക്കെ കൊണ്ടോയ് കൊടുക്കണം. ജന്മി അന്ന് ഓലായിരുന്നു. ഓലെ സ്ഥലത്താണല്ലോ നമ്മൾ താമസിക്കുന്നത്. നമ്മുടെ ജന്മ്യാണല്ലോ അവര്. ഈ സ്ഥലൊക്കെ അവരതായിരുന്നു. ഈ വരുന്ന വഴിക്കുള്ളതൊക്കെ. എന്നിട്ട് നമുക്കെങ്ങനെ കിട്ടീന്നോ. അത് വേറെ ഒരാളോട് അച്ഛൻ വാങ്ങി. അവിടെ ചോയിന്ന് പറയുന്ന ഒരാൾക്ക് മറ്റോല് കൊടുത്ത തായ്നി അയാളോട് എന്താ പറഞ്ഞത്ച്ചാല് എണക്ക് വേണ്ടാന്ന് തോന്നുമ്പം ഇയ്യാർക്കും കൊടുക്കരുത്. അത് ഇനിക്കന്നെ തിരിച്ച് തരണംന്ന് പറഞ്ഞ്. ഇയാളെന്ത് പണിചെയ്ത് ഇയാളത് മറിച്ച് അച്ഛന് കൊട്ത്ത്.

1.47 അവരന്ന് സ്ഥലം പോയ്പോവുംന്ന് കരുതീട്ടാവുംല്ലെ.

ഉ. ആ ... അങ്ങനൊക്കെ ആയിരുന്നു ആ കാലഘട്ടം ന്നാ പറയ് ന്നത്. ഞാൻ പറഞ്ഞത് കേട്ടതാണ് ട്ടോ. മനത്താനത്ത് കുട്ടൻ നായര്ന്ന് പറഞ്ഞാൽ പറ പറത്തിക്കുന്ന മന്ത്രവാദ്യായിരുന്നു. ഭയങ്ക മന്ത്രവാദ്യായിരുന്നു.

1.48 മന്ത്രവാദവും വൈദ്യവുമൊക്കെ പെരുവണ്ണാൻമാരല്ലെ കൊണ്ട് നടന്നിരുന്നത്.

ഉ. അവർക്കുംണ്ട്. വിദ്യ അറിയുന്നവർക്ക് പഠിക്കല്ലോ സാമുദായികമായിട്ട് ഇമ്പക്കാണ് ന്നാലും അവരൊക്കെ വിദ്യ അറിയുന്ന അഭ്യാസികളല്ലെ. അവർക്കും പഠിക്ക. ഇപ്പം കമ്മന കുട്ടൻനായര് വെഷവൈദ്യം, അയാളൊക്കെ മരിച്ചുപോയി. വെഷവൈദ്യം അയാൾക്കെങ്ങനെ കിട്ടി. അവരാള്കളുംണ്ട്. അതേ മാതിരി മന്ത്രവാദം.

1.49 അന്ന് ഈ കീഴാളരായിട്ടുള്ള ആളുകളെ ഉപദ്രവിക്കുമായിരുന്നോ?

ഉ. ഓ .... അനവധി ആളുകളെ. അടിക്കും ദുഷ്പ്രവൃത്തികളൊക്കെ ചെയ്യും. കൂലിയൊക്കെ ചോദിച്ചാല് പോടാ. നാളെ വന്നെടാ... ന്ന് പറയും. ഓ..... അങ്ങനെ ആയിക്കോട്ടേന്ന് പറഞ്ഞ് പോരണം. അങ്ങനെ പറഞ്ഞില്ലെ പിറ്റേന്ന് അവിടെ നിക്കാൻ പറ്റില്ലല്ലോ. പ്രശ്നം അവിട്യാണ്. പിന്നെ അവിടെ നിക്കാൻ കയ്യൂലല്ലോ. എറങ്ങണംന്ന് പറഞ്ഞാ അപ്പം എറങ്ങിക്കോണം അവിടെന്ന്. അപ്പോ ഓലെ അധീനതയിൽ ജോലിചെയ്യാൻ പറ്റൂല.

1.50 ഇതിനെതിരെ പ്രക്ഷോഭങ്ങളോ പ്രതികരണങ്ങളോ ഒന്നും ഉണ്ടായില്ലെ.

ഉ. എന്ത് പ്രക്ഷോഭം ഈ പ്രക്ഷോഭങ്ങളൊക്കെ വന്നത്പ്പം അടുത്തകാലത്തിങ്ങോട്ടല്ലെ. അന്ന് കന്നുകുട്ടലൊഴിവാക്ക്യപ്പം ചന്ദ്രക്കാരണോരെ വെരളറ്റു പോയതിനിങ്ങോട്ടല്ലെ പ്രക്ഷോപങ്ങളൊക്കെ ഉടലെടുത്തത്. അതുവരെ ഒന്നൂല്ല്യ.

1.51 ചന്ദ്രൻ കാരണോര്ന്ന് പറഞ്ഞാല്?

ഉ. മണ്ണാർക്കലെ ഓലെ കയ്യി ട്രാക്ടർന്റെ ഉള്ളിൽ കുടുങ്ങ്യതല്ലെ. കന്നുകുട്ടണം ട്രാക്ടർ കൊണ്ടോരാൻ പറ്റൂലാന്ന് പറഞ്ഞ് പിടിച്ച് വെച്ച് ട്രാക്ടറങ്ങോട്ട് ഓണാക്കി. കയ്യിന്റെ വെരലങ്ങോട്ട് അറ്റുപോയി. കന്ന്കുട്ട് ഇല്ലാതാക്കാൻ വേണ്ടീട്ട് ട്രാക്ടർ കൊണ്ടോന്നിട്ട് ഉപയോഗിക്കാതിരിക്കാൻ. മറ്റ് മൂരികളെ കൊണ്ടോന്നിട്ടാണല്ലോ കന്നുകുട്ട. ഇതതല്ല. പണം ഉള്ള ആള്കള് ട്രാക്ടർ കൊണ്ടോര. പൂട്ടുക. മറ്റേത്പം അഞ്ചെട്ട് കണ്ടം വയല്ണ്ടെങ്കില് മൂന്നാലേസം പൂട്ടാൻ കിട്ടും. ഇത് രണ്ട് മണിക്കുറോണ്ട് പണികഴിഞ്ഞില്ലെ. പൈസേം കുറവ് കൊടുത്താമതി. ഇതൊക്കെ മോളെ ഇമ്പളെ കുറഞ്ഞകാലത്തിന്റെ ഇങ്ങോട്ടായിട്ടെ ഉള്ളൂ ഇതൊക്കെ നിന്നിട്ട്. ഇമ്പളൊക്കെ ഈ അടിമപണീന്നൊക്കെ ഒഴിവായത് ഈ ഇ.എം.എസിന്റെ ഭരണം വന്നപ്പഴാ ... അത് വരെള്ള കഷ്ടപ്പാട് ചെറിയ കഷ്ടപ്പാടൊന്നല്ല. നമ്പൂതിരിപ്പാട് മന്ത്രിസഭേ കയറ്യപ്പഴ് അയാള്ണ്ടാക്കികൊണ്ടോന്നത ഇതൊക്കെ. അത് വരെ എന്താ ഓര് പറയുംപോലെ അല്ലായ് ര്ന്നോ ഒരു രക്ഷയും ഇല്ലാത്തൊരുകഥയല്ലെ. 57ന്റെ ഇങ്ങോട്ടാ മ്പള് മ്പളായത്. ഇന്ന ആളുകളെന്നും ഇന്ന സമുദായമാണെന്നും

ഇന്നതൊഴിലാണെന്നും ഇന്നതേ ഒരാൾക്ക് ചെയ്യാൻ പാടുള്ളൂന്നാർന്നു. നമ്പൂതിരിപ്പാട്, ചാത്തുണ്ണിമാഷ് ചേളന്നൂരെ, ഇവരൊക്കെ എത്രകാലം ഒളിവിൽകെടന്ന ആള്ക്കാരാ. ചാത്തുണ്ണിമാഷ് മണ്ണാറക്കൽ ഒളിവിൽ നിന്നിട്ടുണ്ട്. അതിന് മുന്നെ കറ്റടിക്കാര് പറയുന്നോണം ഇമ്പള് ജീവിച്ചോൾണം.

1.52 ചാത്തുണ്ണിമാഷ്, ബാലൻ വൈദ്യര്ടെയൊക്കെ?

ഉ. ബാലൻവൈദ്യര്ടെ ഏട്ടൻ.

അന്നേന്ന് ശേഷാണ് ബാലറ്റ് പെട്ടിയൊക്കെ വെച്ചിട്ടുള്ള വോട്ടിങ്ങൊക്കെ വന്നത്. അന്നേനേശാണ് ഇവരെ അടിമത്വന്നൊക്കെ മോചനായത്. കറ്റടിക്കാരുടെയും എല്ലാവരുടെയും. ഇവിടുത്തെ പഴയകാലത്തെ പ്രധാനിമാരെല്ലെ. പേര്കേട്ട ജന്മിമാര് കറ്റടി, മനത്താനത്ത്, പുല്ലാട്ട്. അക്കാലത്തെ പടനായകന്മാരൊക്കെ ഓരെ കൂട്ടത്തില്ണ്ട്. പടനായകന്മാര്, പടയ്ക്ക് പോണോല്, വെട്ടിപ്പിടിക്കാൻ പോണോല്, രാജാവിന് വേണ്ടി, സാമൂതിരി രാജാവിന്. അതെല്ലെ മ്പളെ ഉണിപ്പറമ്പത്തൊക്കെ പടനായകന്മാരാ. നായര് വെള്ളാട്ട് അവരതല്ലെ.

1.53 ഉണിപറമ്പത്ത് കാവിലെ പ്രതിഷ്ഠ പടനായകൻമാരെല്ലെ.

ഉ. ആ .... പ്രതിഷ്ഠ പടനായകന്മാര്.

1.54 അപ്പോ അത് ഗുരുകാരണവന്മാരായിട്ടാണോ ഇവര് കാണുക.

മോളൊന്നാലോചിച്ച് നോക്ക് ഉണിപറമ്പത്ത് പറമ്പ്ന്ന് പറഞ്ഞാൽ എവിടംവരെണ്ടാപറമ്പ് അപാര പറമ്പല്ലെ. ഉഗ്രൻ പറമ്പാ ആ കാലത്ത് അങ്ങനെയുള്ള ആള്കളാണെന്നാ പറയുന്നത്. അപാര പടനായകന്മാരാ ഒരൊറ്റ രാത്രികൊണ്ടാണ് കോലാക്കൊളത്തിന്റെ അടുത്ത്ന്ന് തെരുവത്ത് താഴം വരെ ഒരൊറ്റ തോട് കീറികളഞ്ഞത്. ഒരാള് ഒരൊറ്റാള് കോലാക്കൊളത്തിന്റെ അടുത്ത്ന്ന് പാലത്തങ്ങോട്ട് പോയിട്ട് ഉള്ള തോട്.

1.55 എത്ര മീറ്റർ ഉണ്ടാവും

ഉ. 40, 50 മീറ്ററെങ്കിലും ഉണ്ടാവും.

1.56 അത്രയൊക്കെ ഉണ്ടാവോ?

ഉ. അങ്ങനത്തെ ആള്കളല്ലെ ഓല്.

1.57 ഒരാള് മാത്രമാണോ?

ഉ. ഒറ്റാള് മാത്രം അതിനയാള് വേറെന്തോ ഒരു പണി ഒപ്പിച്ച്ക്ക്ന്. ആ ഭാഗത്തുടെ ഉള്ള തെങ്ങിന്റെ മേല്ള്ള ഒരൊറ്റ കര്ക്കും അയാള് വെച്ചില്ല. കംബ്ലീറ്റ് അയാള് ശര്യാക്കീന്. അമ്മാരി ആള്കളെല്ലെ. പിന്നെ അതേമാതിരി ആടെ ഉണിപ്പറമ്പത്ത് ഒര് വീട്ണ്ട് അവിടെ ഒരാള് വന്ന് അയാള് വന്നപ്പം അയാൾക്ക് ചോറെട്ടം കുറഞ്ഞ് പോയേരിക്കും ചോറ് കൊറഞ്ഞോയെന്ന് (വീട്ടാര്) ഓലെന്തോ പറഞ്ഞ്? അപ്പയാള് ആ പത്തായം ചുമലോണ്ടൊന്നങ്ങോട്ട് തട്ടിവച്ച്. അവിട്ടത്തെ വീട്ടാരൻ വന്നപ്പം ചോദിച്ച് ഇവിടെ ആരെ വന്നീനി? വടെ ഒരാള് വന്നിനി. അയാൾക്കൊന്നും കൊടുത്തില്ലെന്ന് ചോദിച്ച്? ഇല്ല. കൊടുത്തു. ചോറ് കൊറച്ചേ ഉള്ള്യേനി. ചോറ് കൊറച്ച് തോനെ ഉണ്ടാക്കീട്ടെ അയാളെ വിളിക്കണം നമ്പക്ക്ന്നാല്. പത്തായം നൃർത്തി ഇങ്ങോട്ട് വെക്കണങ്കില് അയാള് തന്നെ വരണം. എങ്ങന്ണ്ട് കഥ. അതാണ് ചാത്തുപുലി. ഇവരൊക്കെ പുലികളാണ്.

1.58 അതെന്താ പുലീന്ന് പറയുന്നത്?

ഉ. കേളുപുലി പുലിവർഗത്തിൽപ്പെടുന്ന ആളുകളാണ്ന്ന്ള്ള അർത്ഥത്തിൽ.

1.59 വലിയ കരുത്തന്മാരായിട്ടാണോ?

ഉ. ആ .... അത്രയും പ്രഗൽഭന്മാരാണ്.

1.60 അപ്പോ ഇവർക്ക് ഈ ആയോധനവിദ്യയൊക്കെ, കളരിയൊക്കെ ഉണ്ടായ്ര്ന്നോ?

ഉ. കായികാഭ്യാസണ്ട്, പയറ്റ്, കളരി.

1.61 ഈ കളരിയൊക്കെ നിലനിന്നിരുന്നത് രാജാക്കന്മാർക്ക് യുദ്ധത്തി നൊക്കെ പോവാൻ വേണ്ടീട്ട്. അല്ലേ?

ഉ. അതിന് വേണ്ടീട്ടുള്ള സംഗതികളൊക്കെ. പ്പങ്ങന്യാണ്. ഇപ്പം ഇമ്പക്ക് മനസമാധാനത്തോട് കൂടി നിൽക്ക. പ്പമ്പക്ക് 2 സെന്റ് ഭൂമി വേണെങ്കില് എവിടുന്നെങ്കിലും കിട്ടോ? കിട്ടൂല. പ്പമ്പളെ മണ്ണാറക്കൽ തന്നെ ആലോചിച്ച് നോക്ക് മണ്ണാറക്കൽ പറമ്പ് ഇമ്പക്ക് വേണ്ടതാ. . മ്പളെ വസ്തുവ്വം അതൊക്കെ പഴയ ആള്കള്. അതൊക്കെ എങ്ങനെ ഗുരുക്കന്മാരെ എട്ടത്തെത്തി? ഗുരുക്കന്മാര് വടെ വന്നതാ . . വടകരക്കാരാ ഓല് ഗുര്ക്കന്മാര് ഇവിടെ വന്ന്. വടകരക്കാരാ ഓലൊക്കെ.

ഗുരുക്കള്ന്ന് പറയുന്നത് ഒരു സമുദായം തന്ന്യാണ്. അവര് ഇമ്പളെ വടെ അധികല്ല്യെ വടകര, പേരാമ്പ്ര, പയ്യോളി ആ ഭാഗത്തൊക്ക്യാണ്. ഇമ്പളെ വടെ

ഓല്ലൊരുപ്പെണ്ണ് കിട്ടാൻണ്ടാവൂല. വര്പ്പം നായന്മാര് കുട്ട്യോളെയാണ് കല്യാണം കഴിക്കുന്നത്.

1.62 ഇപ്പോൾ അവരെങ്ങനെ ഇവിടെ കുടിയേറിയത്?

ഉ. ഇവരെ വടകരേന്ന് വടെ ഒരാള് കൊണ്ടോന്നത.

1.63 അവര്ക്കപ്പം എന്ത് ജോലികൊടുക്കാൻ വേണ്ടീട്ടാർന്നു.

ഉ. വര് ഗുരുക്കളാണ് പറഞ്ഞ്ങ്ങാണ്ട് ഉഴിച്ചില് പണിക്ക് വേണ്ടി കൊണ്ടോന്നതാ. അയാളെ അയാൾക്ക് ഈ ജോലിട്ട് അറിഞ്ഞും കൂടാ. ഗുരുക്കൾന്നുള്ള പേര് കേട്ട് കൊണ്ടോന്നത. വടെ വന്നേക്കുമ്പം അയാൾക്കതിനെപ്പറ്റി ഒന്നും അറിഞ്ഞൂട. അങ്ങന്യാണ് അവര് വടെ എത്തിപ്പെടാൻ കാരണം. അവര്ക്ക് കോയ്മാ ഒരധികാരം കൊടുത്ത്. ഇങ്ങളപ്പം വടെ നിന്നോളി. ഇമ്പക്ക് അതൊക്കെ ശര്യാക്കാന്ന പറഞ്ഞ്. അങ്ങന്യാണ് ഓല് വടെ കേറി പറ്റ്യേത്. വ്ടത്തെ നായന്മാരാണ് ഓല സ്ഥിരമാക്കി വെച്ചത്.

1.64 നമ്മള്ടെ മണ്ണാറക്കൽ സ്ഥലൊക്കെ അവര്ടത്ത് എങ്ങനെ എത്തി.

ഉ. ഇമ്പളെ കാരണവന്മാര് ഓരട്ത്ത്ന്ന് നാലണങ്ങെട്, ഒരാറണങ്ങെട്, രണ്ട് മുക്കാലങ്ങെട് . . പറഞ്ഞ് കടം വാങ്ങി അങ്ങന്യാണ്.

1.65 അപ്പോ അവര് ആധാരം വാങ്ങിവെട്ടിട്ട്ണ്ടാവും.

ഉ. ആധാരം വാങ്ങിവെച്ച്. കേളുകുട്ടി . . . ചാത്തുണ്ണി . . ചെറിയേക്ക . . കുഞ്ഞിപെര്ക്കാന്ന് പറഞ്ഞ്ണ്ടാണ്ട് വാങ്ങിവെച്ച്.

1.66 കുഞ്ഞിപെര്ക്കൻനൊക്കെ ആള്കള്ടെ പേര് കളാണോ?

ഉ. ആ കാലഘട്ടത്തിലുള്ള പേരങ്ങനെയല്ലെ. ആ . . അന്ന്പ്പളത്തെ പേരൊന്നും അല്ലല്ലോ. രാധാകൃഷ്ണൻ, കൃഷ്ണൻകുട്ടി, ബാലകൃഷ്ണൻ എന്നൊന്നും അല്ലല്ലോ. ആ കാലത്ത് പേര്കളങ്ങനെ ഒക്ക്യ. ഇമ്പളെപ്പോലെത്തെ ആള്കളൊക്കെ പേര് ചെറിയേക്കൻ, ചാത്തുക്കുട്ടി, എന്നൊക്ക്യ അറിയപ്പട്ആ.. ഇമ്പളെ ആള്കളോ മഹാ കുരുത്തം കെട്ടേറ്റിങ്ങളും വേണ്ടാത്തെല്ലാ കുരുത്തക്കേടും ഒപ്പിച്ചുവെക്കും. രാവ് പകലാക്കുന്ന ആള്ക്കാര്ണ്ടേനി.

1.67 രാവ് പകലാക്കാന്ന്ച്ചാല്?

ഉ. രാവ് പകലക്കാന്ന്ച്ചാല് അങ്ങൻത്തെ ചെമ്പോലേല് ഉള്ള മന്ത്രം. അങ്ങനെയൊക്കെ ആയിരുന്നു.

**വാമൊഴി 2 - ശ്രീകുമാരൻ നമ്പൂതിരി**

2.1 കരുവട്ടൂർ പ്രദേശത്തെ പ്രധാന കാവുകൾ ഏതൊക്കെയാ?

ഉ. കരുവട്ടൂർ പഞ്ചായത്തിൽ ആകെ പ്രധാനമായിച്ച് നാല് കാവുകളാണുള്ളത്. അരീക്കരകാവ്, ഉണിപ്പുറമ്പത്ത് കാവ്, എടക്കമനകാവ്, പുല്ലാട്ട്കാവ് ഇതിന് പുറമെ ചെറിയ ചെറിയ കാവുകൾ വേറെയുമുണ്ട്.

2.2 പുല്ലാട്ട്കാവിലെ ഐതിഹ്യങ്ങളെക്കുറിച്ച് പറയാമോ?

ഉ. പുല്ലാട്ട് കാവിനെ പററിയുള്ള ഐതീഹ്യപരമായിട്ട് പറയാൻ അത്ര അറിയില്ല. അവിടുത്തെ ചടങ്ങുകളുടെ ഉത്തരവാദിത്വപ്പെട്ട ആള്ക്കാരേം അതൊക്കെ അറിയാം. അവിടെ കെട്ടിയാടാനും . . കൊട്ട്. . . മറ്റേ എന്തോന്ന് അതിന് പറയ്യ?

2.3 തിറയാട്ടം ആണോ?

ഉ. എന്തേർന്ന് അതിന് പറയ്യ. അങ്ങനനല്ലെ പറയ്യ.

2.4 ആ , , തിറയാട്ടം ന്ന് തന്നെ.

ഉ. ഇതിനൊക്കെ കൊളപ്പുറത്തുള്ളോർക്കേനി (മണ്ണാറക്കൽ തറവാട്ടിൽ നിന്നും പിരിഞ്ഞു വന്ന ഒരു കുടുംബം) അതിന്റെ അവകാശം. ഇപ്പം അങ്ങനാണോന്നെനിക്ക് അറിയില്ല. പണ്ട് അവിടുത്തെ താന്ത്രിക വിഷയങ്ങള് ഇവിടേക്കാണ്. കോൽപ്പുറത്ത് ഇല്ലത്തേക്ക്. അത് പറഞ്ഞ എല്ലാ കാവുകളിലും അതേ. എല്ലാ കാവുകളിലേയും താന്ത്രികവിദ്യകൾ നിർവഹിക്കാനുള്ള ഉത്തരവാദിത്വം മുമ്പ് കോൽപ്പുറത്ത് ഇല്ലത്തേ ക്കായിരുന്നു. പിന്നെ എല്ലാ ദിക്കിലേക്കും കൊട്ടാനും കെട്ടിയാടാനും ഉള്ള അവകാശം കുളപ്പുറത്ത് തറവാട്ടിലേക്ക് ആയിരുന്നു. മിക്ക കാവുകളിലും മാസത്തിൽ ഒരു പൂജ എന്നതാണ് പതിവ്. ഇത് സംക്രമദിവസ ത്തിലായിരിക്കും (ഓരോ രാശിയിലേക്കും സൂര്യൻ പ്രവേശിക്കുന്ന സമയം).

എന്നാൽ ഇന്ന് അങ്ങനെയല്ല. തോന്ന്യ സമയത്ത് തുറക്കുന്നു. ചെയ്യുന്നു.

രാവിലെ പൂജ കഴിഞ്ഞതിന് ശേഷം തിറ തൊടങ്ങാൻ പാടുള്ളൂ.

ഉത്സവന്ന് പറയുന്നത് ഒരു ദേശത്തിന്റെ ഉത്സവമാണ്. നമ്മൾ പറഞ്ഞ് കേട്ടിട്ടുണ്ട്. ജാതി ചോദിക്കരുത് പറയരുത് ന്നൊക്കെ. ജാതിയുമായിട്ട് ബന്ധപ്പെട്ട കാര്യങ്ങൾ നമ്മൾ നല്ലളു ചീത്തയും കേട്ടിട്ടുണ്ട്.

2.5 കാവിന്റെ കാര്യങ്ങളൊക്കെ ഇതിന്റെ അടിസ്ഥാനത്തിൽ തന്നെയല്ലേ.

ഉ. എല്ലാ കാര്യത്തിലും ഈ ജാതീയതയുണ്ട്.

2.6 ആദ്യം പുല്ലാട്ടേക്ക് ഇവിടുന്നല്ലെ പൂജ ചെയ്യാറ്. പിന്നെ എങ്ങനെ അത് മാറി.

ഉ. അരീക്കര, ഉണിപ്പറമ്പത്ത്, എടക്കമന അവിടൊക്കെ ഞങ്ങൾ ആയിരുന്നു. ഞാനായിട്ട് ഒഴിവാക്ക്യതാ. പുവ്വാനാളില്ലാതായി നമ്മൾക്ക് കൊണ്ടു നടക്കാൻ സാധിക്കില്ല. അപ്പോ നമ്മള് ഇവിട്ന്ന് ഏൽപിച്ചത് പറമ്പിടി ക്കാരെയ. അതോല് ഇപ്പോഴും നിവർത്തിച്ച് പോരുന്നുണ്ട്.

2.7 ഏതെല്ലാം വിഭാഗങ്ങൾക്കായിരിന്നു കാവിൽ പ്രവേശനം.

പഴയകാലത്ത് എല്ലാ വിഭാഗം ആൾക്കാർക്കും ഇതേപോലെ കാവുകളുണ്ടാവും. പണ്ട് വലിയ വലിയ ആൾക്കാർക്ക്. കാവാചാരങ്ങൾ കൊണ്ടുനടക്കാൻ നന്നായി സാധിച്ചിരുന്നു. ഭൂപ്രമാണിമാരാണ് ഇവർക്കൊക്കെ കൊണ്ട് നടക്കാനുള്ള ശക്തിണ്ടാവും. മറ്റുള്ള എല്ലാവർക്കും വീട്ടിലൊരു ദൈവണ്ട്. കുലദൈവം എന്നാണതിന് പറയ്യ. ഇതൊക്കെ എല്ലാ കുടുംബങ്ങൾക്കുംണ്ട്. ഇതിന് പുറമെ ഓരോ വിഭാഗത്തിനും ഉണ്ടാവും സമുദായദേവത.

**വാമൊഴി 3 - വെള്ളൻക്കുട്ടി വേട്ടുപുരയ്ക്കൽ**

3.1 പണ്ട്ള്ള ഓരോ കാര്യങ്ങൾ അറിയാൻ വേണ്ടിയിട്ടാണ്. പുല്ലാട്ട് കാവിനെ ക്കുറിച്ചുള്ള ഐതീഹ്യങ്ങളോ കഥകളോ അങ്ങനെ വല്ലതും അറിയോ?

ഉ. പുല്ലാട്ട് ഹരിജനങ്ങൾക്കൊന്നും പോവാൻ പാടില്ല. താഴ്ന്ന ജാതിക്കാർക്കൊന്നും പോവാൻ പാടില്ല. പഴയകാലത്ത്. ഹരിജൻസേൾക്ക് ഇങ്ങനത്തൊരു സ്ഥലത്തും പോവാൻ പാടില്ല. പിന്നെ ഓരോരുത്തർക്കും ഓരോ സ്റ്റെപ്പുണ്ടാവും. തിയ്യന്മാർക്ക് അമ്പലത്തിന്റെ മുറ്റത്തേക്ക് എറങ്ങാൻ പാടില്ല. ഓര്ക്ക് അതിന് പുറത്തൊരു തറ കെട്ടീട്ട് അവടേനി നേർച്ചകൊടുക്ക. ഞങ്ങൾക്കൊക്കെ വടക്കേ ഭാഗത്തൊരു പാലണ്ടേനി അവിടെ ചൊകന്ന പട്ടും കറുത്തപട്ടും ഒരു ഭണ്ഡാരം വെക്കും. ആ പട്ടില് ദൈവത്തിനെ സങ്കല്പിച്ച് പൈസ ഇട. അങ്ങോട്ട് കടക്കാൻ പാടില്ലേനി. അമ്പലത്തിലേക്കി.

3.2 പൈസൊക്കെ വാങ്ങോ?

ഉ. പൈസൊക്കെ ഓരെടുക്കും. പൈസക്ക് അയിത്തല്ല. ആൾക്കാർക്കേ അയിത്തുള്ളൂ. പൈസക്കൊന്നും അയിത്തല്ല. നമ്മൾകങ്ങോട്ട് പോവാൻ പാടില്ല (ചിരിക്കുന്നു)

3.3 ഇവിടുത്തെ പണ്ടത്തെ ജന്മിമാര് ആരായിരുന്നു?

ഉ. ജന്മിമാരായിരുന്നു നാട് ഭരിച്ചിരുന്നത്. കറ്റടി മുത്തേടത്ത്, മാക്കാലില്, ഏറാട്ട് പറമ്പത്ത്, കെണറ്റേര. അന്നത്തെ ജന്മിമാരാണ് അവരൊക്കെ പഴേ തറവാട്കളൊക്കെണ്ടല്ലോ. ഓരെ കീഴിലാണ് ഭരണം. പിന്നെ അധികാരി യാണ് ഓരോ പ്രശ്നങ്ങളൊക്കെ അന്വേഷിച്ച് റിപ്പോർട്ട് ഒക്കെ അയക്ക. അന്നത്തെ കാലത്ത് അധികാരി അന്വേഷിക്കാച്ചാല് ഒരാളെ തല്ലിക്കൊന്ന് ഇട്ടാലും ശരി, അത് തല്ലി കൊന്നതല്ല. കാല് വെച്ച് കുത്തീട്ടോ... അങ്ങനേ... കൊഴഞ്ഞ് വീണിട്ടോ എന്തോ ആയിട്ട് മരിച്ചതാണ് എന്ന് റിപ്പോർട്ട് എഴുത്യാല് പിന്നങ്ങനെ തന്നെ. പിന്നെ അന്വേഷണൊന്നുംല്ല്യ. ആ കാലഘട്ടം അതാ. അധികാരി റിപ്പോർട്ട് അയക്ക തഹ്സിൽദാർക്കാ. തഹ്സിൽദാർക്ക് റിപ്പോർട്ടയച്ചാൽ പിന്നെ അതിനെപറ്റി അന്വേഷണല്ല്യ. നാട്ടധികാരി യാണല്ലോ. നാട്ടധികാരി അന്വേഷിച്ച് റിപ്പോർട്ടയച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന് മേലെ അന്വേഷിക്കാൻ സാധ്യല്ലാന്ന് പറയും. താലൂക്ക് താഹ്സിൽദാർക്ക് അയക്കാ ചെയ്യ. പിന്നെ പുനർനടപ്പടി എടുക്കണ്ട ആള് അയാളാ താഹ്സിൽദാറാ. താഹ്സിൽദാറ് പറഞ്ഞാലേ പോലീസ് അന്വേഷിക്കുള്ളൂ. അല്ലാണ്ടെ അന്വേഷിക്കുല. അന്നത്തെ കാലം അങ്ങന്യാ.

3.4 അന്നൊക്കെ പണിയെടുത്താൽ പൈസ തരുമായിരുന്നോ?

ഉ. അന്ന് പണിയെടുത്താൽ കൂലി പൈസല്ല്യാ.

നെല്ല് ഞങ്ങൾക്കൊക്കെ നെല്ല് എല്ലാർക്കും നെല്ല്. തേങ്ങവലിക്കുന്നോന് തേങ്ങന്നെ. പൈസല്ല്യാ. ഏത് തൊഴിലാച്ച അങ്ങനെ അടക്ക പറിക്കുന്നോന് അടക്ക. പൈസല്ല്യ. അതെന്നെ കൂലി. എടുക്കുന്ന പണി എന്താച്ചാല് അതെന്നെ കൂലി.

3.5 അവര് തരുന്ന നെല്ല് മത്യാവോ?

ഉ. അത് മതിയാവൂല. ഓരെന്നെ കണക്കാക്കും. ആണിനിത്ര പെണ്ണിനിത്ര. അതേ തരുള്ളൂ. ഓര് തരുന്നതിനെ ചോദ്യം ചെയ്യാൻ പാടില്ല. ചോദ്യം ചെയ്താൽ കൊണ്ടോയി മർദ്ദിക്കും. ജന്മിമാരെ ഗുണ്ടകളുണ്ടാവും. അവര് വന്നിട്ട് രാത്രി. ചെലപ്പം മ്പളെ വീടും കൂടെണ്ടാവൂല. അന്ന് ജന്മിമാരെ സ്ഥലത്ത് അധികം ആളുകളും വെച്ചെട്ടി കൂടുന്നോലാണല്ലോ. സാധനൊക്കെ വലിച്ചെറിഞ്ഞ് പൊര തീയ്യിട്ടിട്ട് ആ പൊര നിന്ന സ്ഥലൊക്കെ കൊത്തീട്ട് പയറോ നെല്ലോങ്ങാനും വിതച്ചിട്ടേക്കും. ആർക്കും ഗതില്ല്യാ. എവിടെപോയിട്ടും കാര്യല്ല്യാ. പോലീസ് സ്റ്റേഷനിൽ പോയാലും ഓല്ലെന്നാണ് അധികാരം. നമ്മളെ മാറ്റി മാറ്റി താമസിപ്പിച്ച് നമ്മളെക്കൊണ്ട് ഭൂമി നന്നാക്കിപിക്കും. ഓലതൊക്കെ മ്പളെ പഴയ കാർണോന്മാര് വെച്ച് പിടിപ്പിച്ച സാധനങ്ങളാ.

ഇയാൾക്ക് ഒരു പൊര ഉണ്ടാക്കണെങ്കിൽ പെങ്ങളെ കൊണ്ടോയോന് പൊര ഉണ്ടാക്കണംന്ന്ണ്ട്. ഓര് തമ്മില് പെണക്കിലാണ്. അതോണ്ട് ഇയ്യി അങ്ങേപ്പൊറം പോയി കൂടിക്കോന്ന് പറഞ്ഞാൽ, അവിടെ കാലി സ്ഥലേക്കും. അങ്ങനെ പോവുമ്പോ, ഒഴിഞ്ഞ് പോവുമ്പോ, അഞ്ചടങ്ങഴി നെല്ലും കൊടുക്കും. 2 അണയോ നാലണയോ അങ്ങനെ എന്തേലും കൊടുക്കും. വെച്ച് കെട്ടി പൊര ഉണ്ടാക്കേണ്ടതൊക്കെ നമ്മളെന്ന്യാ. വേറെ ആര്ണ്ട്.

3.6 അന്നത്തെ കാലത്ത് പ്രാർത്ഥനാരീതികളൊക്കെ ഉണ്ടായിരുന്നോ?

ഉ. നമ്മുടെ കുലദൈവത്തിനെ മാത്രം പ്രാർത്ഥിക്ക. വേറെ അമ്പലത്തിലേക്കൊന്നും പോവാൻ പറ്റൊന്നൂല്ല്യാ.

3.7 കുലദൈവം ആരായിരുന്നു.

ഉ. നമ്മുടെ വീട്ടിലെ ദൈവം തന്നെ, ഇപ്പോ നമ്മള് ഉത്സവം കഴിക്കുന്ന ദൈവം. നമ്മുടെ സമുദായം, ഓരോ സമുദായത്തിന്റെ അമ്പലത്തിൽ മാത്രാ പോവ. മറ്റൊരമ്പലത്തിലും പോവാൻ പാടില്ല. അയിത്താണ്.

3.8 പിന്നെ പുല്ലാട്ട് കാവിലൊക്കെ എപ്പോഴാ കയറിയത്. എപ്പോഴാ കയറിയത്?

ഉ. അത് സ്വാതന്ത്ര്യതിന് ശേഷം വീണ്ടെടുത്തതാ. നാല്പത്തി എഴിന് ശേഷം അതിന് ഇങ്ങനെ തിരിപ്പൊക്കെണ്ടായിട്ട്ണ്ട്. വരാൻ പാടില്ല. തല്ലും കൊല്ലുംന്നൊക്കെ പറഞ്ഞിട്ട്.

3.9 ആര്?

ഉ. അവകാശികള് കാവിന്റെ അവകാശികള് ഞങ്ങളാരേം കൂശലാക്കിയില്ല. ഞങ്ങള് പോയി. ഞങ്ങളെ ആരും തല്ലാനും കൊല്ലാനും ഒന്നും വന്നിട്ടില്ല. ഞങ്ങള് കൊറേ ആള്ക്കാര് പോയി. അയിത്തോച്ചാടന കമ്മിറ്റീന്റെ ഒരു ഓഫീസ്ണ്ട് കോഴിക്കോട്. ആടെ ഞങ്ങള് വിവരം കൊടുത്തു. അഖിലേന്ത്യാ ബേസിലുള്ളതാണ് സംഘടന.

**വാമൊഴി 4 – കമലമ്മ കെണറ്റേര**

4.1 നിങ്ങൾ പാട്ടത്തിന് കൊട്ടത്തിരുന്നോ?

ഉ. എന്റെ അമ്മോന്റെ മോൻ ഇരുപത്തൊന്ന പറ നെല്ല് തരണം. വർഷത്തില് അത് കിട്ടിയാൽ ഞാൻ പാട്ടത്തിന്റെ ശീട്ട് കൊടുത്താൽ മതി. അളന്നെടുത്തോളാൻ പറയും. അപ്പോ ഞാൻ പറയും എനിക്കിത് അളക്കാനൊന്നും ആവൂലാന്ന്. അപ്പോ അവിടുന്ന് അളന്ന് കണക്കാക്കി വരും. അങ്ങനെ പാട്ടം ശീട്ട് കൊടുക്കും. പാട്ടം കിട്ടിബോധിച്ചൂന്നൊക്കെ. അങ്ങനേനി. ഞങ്ങക്ക് നടത്താൻ ആളില്ലേനി 14 കണ്ടം വയല്ണ്ടേനി. ഇന്റെ അമ്മോന്റെ മോനാ നടത്തിയത്. ഓലാ തരണ്ടത്. വല്ല്യമ്മോനാ തരണ്ടത്. പിന്നെ ഒരു മാപ്പിള ഉണ്ട് അവിടെ ഉള്ള പൂന്താനത്ത് താഴത്ത്ള്ള, അയാള് എടക്കുടിയാനേനി. അയാളും വര്ക്ക് കൊടുത്തിട്ട് രണ്ടുംകൂടി വര് കൊണ്ടതരലേനി. ഏരാറ്റ് പറമ്പത്ത്ള്ള ഞങ്ങളെ കുടുംബക്കാര് അവരാ നടത്തിരുന്നത്.

4.2 അപ്പോ അവിടെ കൃഷി നടത്തല് ആരാ?

ഉ. അന്നോ? അന്ന് വല്ല്യമ്മോനേനി. വല്ല്യമ്മോൻ പോയേരെ രാമുഏട്ടൻ കൊറേ നടത്തി. ദാമുഏട്ടൻ നടത്തി. പിന്നെ ആരും നടത്താതെയായി. ഓരോരുത്തേര്ക്ക് ഭാഗിച്ച് കൊടുത്ത് ഭാഗിച്ച് കൊടുത്ത് കൊറേ ആൾക്കാരൊക്കെ വിറ്റു. കൊറേ ആൾക്കാരെ അടുത്തൊക്കെ ഇപ്പം കൊറച്ച്ണ്ട്. പെൺമക്കളെ അടുത്തൊക്കെ ഇപ്പം കൊറച്ച്ണ്ട്. പിന്നെ കൊറേയൊക്കെ മക്കളെ അടുത്തും. വയല് ഉർക്കേം ഒക്കെ ചെയ്തു.

4.3 പുല്ലാട്ട്കാവ് ഇങ്ങളെ കാവ് ആണോ?

ഉ. ഞങ്ങളെ കാവാണ്. ഞങ്ങള് കുടികയ്യേണ്ട കാവാണ്. ഞങ്ങളൊക്കെ പൈസ്സ കൊടുത്തിട്ടാണ് അവിടെ കഴിഞ്ഞ് പോരുന്നത്. പിന്നെ മാളോരെല്ലാരും തരേം ചെയ്യും. നാട്ടാരൊക്കെ തരേം ചെയ്യും. നാട്ട്കാര്ക്ക് കാര്യം ഉണ്ടായിട്ടാണ് ഓല് തര്ന്നത്. ഓരോ സ്ഥലത്തും പോയാല് ഓരോന്ന് അറിയല്ലോമ്പള്. ഞാൻ ഒക്കെ താലപ്പൊലി എടുക്കണം.... ദാ ഇവനൊക്കെ വെളിച്ചപ്പെടേണ്ടതാ (മകൾടെ മകനെ കാണിച്ച് പറയുന്നു) ഇവന്റെ മോള് വരെ താലപ്പൊലി എടുത്തീണ്ട്.

4.4 നിങ്ങളെ തറവാട്ട് പേര് കെണറ്റേര അല്ലെ. പിന്നെ 'കുമുള്ളിൽ' പിലാത്തോട്ടത്തില് അതൊക്കെ?

ഉ. ഞങ്ങളൊക്കെ അടുത്തടുത്ത് കുടുംബങ്ങളാ ... ചത്താ പൊലണ്ട്.

4.5 മെയിൻ തറവാട് ഏതാ?

ഉ. കെണറ്റേര. ശിവദാസൻ ഇല്ലെ ഓര് എടുത്തതാ തറവാട്. ഭാഗിച്ചപ്പം. ഞങ്ങളൊക്കെ അതിന്റെ ഭാഗാണ്. പിലാത്തോട്ടത്തിൽക്കാര് വേറെ കുടുംബാ .... വേറെ കുടുംബാച്ചാല് അകന്ന കുടുംബംന്ന് അത്ര അങ്ങോട്ട് പറഞ്ഞും കൂടാ ... അതുപോലെ പുതിയേടത്തുകണ്ടി. പിലാത്തോട്ടത്തില്, പൊറത്താട്ട്, നമ്പോനത്തില്.

4.6 ഇവരൊക്കെ കൂടീട്ടാണോ ഇവിട്ടത്തെ തിറ കഴിക്കേണ്ടത്?

ഉ. ആ .... എല്ലാരും കൂടീട്ട്.

പിന്നെ നമ്മള് അധികം പിരിവൊന്നും എടുക്കലില്ല. പിന്നെ ഇമ്പളെ നാട്ട്കാര് ഒക്കെ കഴിയുന്നത് തരും. അന്ന് വയനാട്ടിൽ പണി ഉള്ളോരും കൂടിവരും ആ ദിവസം.

4.7 ഈ തറവാട്ടുകളൊക്കെ ചേർന്നിട്ട് എന്താ ഒരു ബന്ധം ഉള്ളത് പിലാതോട്ടത്തിലും പുല്ലാട്ടും നമ്പോനത്തിലും?

ഉ. കൂടികഴിയേണ്ട ആൾക്കാരാണ്. അമ്പലത്തിലെ ഒക്കെ ആവശ്യങ്ങള്.

4.8 ഇതൊക്കെ കിഴക്കലങ്ങോട്ട്ന്ന് പോയ ആള്കളാ?

ഉ. ആ .... ഞങ്ങളെ തറവാടാണാ കിഴക്കലങ്ങോട്ട് അമ്പലം. മലദൈവാ ... എവിട്ടുന്നോ വന്നതാണ്.

4.9 അപ്പോ ഈ കിഴക്കലങ്ങോടിന്റെ താവഴി ആയിട്ടുള്ളതാ ഈ പറഞ്ഞ തറവാട്ടുകൾ മുഴുവനും?

ഉ. ആ .... അത് തോറ്റത്തിൽ തന്നെ ഉണ്ട്. കിഴക്കലങ്ങോട്ട് വന്നിരുന്ന സ്ഥലവും അതിന്റെ പേരും. അവിടെ ഇരുന്ന് ആലോചിച്ചോലും ദൈവം ആചോലിച്ചപ്പം കൊറച്ചവിടെ നിന്ന് നോക്ക്യപ്പം ദൈവത്തിന് തോന്നി ഇതൊന്നു പോരാ. ഇവിടെ നിക്ക്ന്നില്ലാന്ന്. അങ്ങനെ വെട്ടും വെളിച്ചപ്പാടും ഒക്കെ ആയി പുല്ലാട്ടൊരു സ്ഥലം കണ്ടത്. അവിടൊരു ദൈവം മനസ്സില് വന്നോലെ അപ്പോ അവിടായി. പിന്നെ കോട്ട ഇവിടെ ആയി. ഞങ്ങളെ തറവാടിന്റെ അപ്പുറം ഒരു കോട്ട ഉണ്ട്. ആ കോട്ട പിന്നെ അയ്ത്തവും ശുദ്ധീം ഒന്നും ഇല്ലാത്തൊരു സ്ഥലായിവന്ന്. കള്ളും കളിയാട്ടോം ഒക്കെ ആയി. കുടിയന്മാരും ഒക്കെ ആയി.

4.10 പണ്ട് അപ്പോ ഇവിടെ ആയിരുന്ന ദൈവം എന്നാണോ?

ഉ. കിഴക്കലങ്ങോട്ട് കെണറ്റേര ആണ്.

4.11 കിഴ്ക്കലങ്ങോട്ട് ഉള്ളതാണോ പുല്ലാട്ടേക്ക് പോയത്? അപ്പോ ഈ കുമുള്ളിൽകാര്ക്ക് കിട്ടിയതാണെന്ന് പറയുന്നതോ?

ഉ. അത് ഓർക്ക് കിട്ടിയത് എങ്ങനെ ആണെന്ന് അറിയോ? കുള്ളിക്കാര് .. പണ്ടൊരമ്മ കുവ്വ കൊത്തിയതാ ... കോറേ കാലം ആയി. വന്നല്ലോ? അമ്മയ്ക്ക് തോന്നി കുവ്വകൊത്തണംന്ന്. കുഴിച്ച്കൊണ്ട് വെക്കട്ടെ കുഴിച്ച് കൊണ്ട് വെക്കട്ടെ. ഇപ്പോ ഞങ്ങള് തൊഴിലൊറപ്പിനൊക്കെ പോയാലൊക്കെ ചോദിച്ച് എടുക്കും. പറ്റുന്നോല് എടുക്കും അല്ലാത്തോല്ക്ക് അങ്ങട് കൊടുത്തിക്കും. ഇത് ആയമ്മ പോയിട്ട് കുഴിച്ച്, പതിനൊന്ന് മണിക്ക്യാ. കുവ്വ കുഴിച്ച് ശ്രദ്ധിക്കുല ഇപ്പം ഇമ്പള് ഒരു പണിക്ക് എറങ്ങ്യാല്. ഇമ്പക്ക് ഇമ്പളെ പണി ആയിരിക്കും. വേറെ ഒന്നിലേക്കും ശ്രദ്ധപോവൂല. ഇയ്യമ്മ ഇങ്ങനെ കുഴിപാരയും കൈകോട്ടും ഒക്കെ എടുത്തിട്ട് ഇങ്ങനെ കൊത്താണ് അങ്ങനെ കൊത്തി കൊത്തി കൊറേ എടുത്ത് വച്ചപ്പം തോന്നി അവിടെ ഒന്ന് കൊത്തട്ടെന്ന്. അങ്ങനെ ഒരു കല്ലിന്റെ ഇപ്പുറത്ത് ഒരു കൊത്തുകൊത്തി. അപ്പോ കൊത്തിയതിനോട്ക്കൂടെ ചോര തെറിച്ചോല്ലം മേത്തേക്ക്. ചോര തെറിച്ചതിനോട് കൂടെ ഇയമ്മ വീണ് പോയോലെ. തോറ്റത്തിൽ പറയുന്നുണ്ട് അതൊക്കെ. അഞ്ചടിതോറ്റം ഒക്കെ ഉണ്ടാവൂലോ അപ്പോ പറയും. അങ്ങനെ അത് കൊലോൻ ദൈവ ... അതാണ് പന്ത്രണ്ട് മണിക്കാണ് ആ തറ കളിക്ക. പന്ത്രണ്ട് മണിക്ക് ആ തറ മിറ്റത്തേക്ക് വരും.

4.12 കുവ്വ കൊത്തീന്ന് പറഞ്ഞത് പകല് പതിനൊന്ന് മണിയാണോ? രാത്രിയോ?

ഉ. പകല്. അത് രാത്രിയാക്കി തറ. ആ സമയം ആവുമ്പോഴേക്കും വര്ക്ക് കഴിച്ച് കൊടുക്കണം. ഓരോരത്തില് പോയി അറിയല്ലോ മ്പള് ഓരോ വയ്യായ്ക വരുമ്പോഴും എന്തെങ്കിലും ഒക്കെ വരുമ്പോഴ് ഇമ്പള് ആലോചിച്ച്, അറിഞ്ഞ് കേട്ട് വരുമല്ലോ. അപ്പോ ഒക്കെ ശര്യ ശര്യ ശര്യ ... ഒക്കെ വല് എഴുതിവെക്കും. പണിക്കര് കൊടുത്ത ചാർത്ത് വര് എഴുതി വെച്ചിട്ട് കാര്യപ്പെട്ടോലെ അടുത്ത് വര് കൊണ്ട് കൊടുക്കും. കാര്യപെട്ടോലെ അടുത്ത് കൊണ്ട് കൊടുത്താല് ഓര് ഇനീം നോക്കും ഒന്നോണ്ടും രണ്ടോണ്ടും ഒന്നും അല്ല. നോക്കി നോക്കി ഒക്കെ സമായി വന്നാല് ശര്യാവും. ഇത് മലേന്ന് എറങ്ങി വന്നതാന്നാ ... വയനാട്പോലുള്ള മലകളൊക്കെ ഉണ്ടാവൂലെ അത്ങ്ങനെ അവിടെ കൊറെ ഇതൊക്കെ കഴിയുമ്പം കാട്ടും പടലോം ഒക്കെ വെട്ടി പൊളിച്ച് ആൾക്കാര് വർദ്ധിക്കുമ്പം ഒക്കെ ഒഴിഞ്ഞ് പോവൂല്ലോ. അങ്ങനെ ദൈവോം ഇങ്ങോട്ട് ഒഴിഞ്ഞ് പോരും. ആന വരലണ്ടേനി പണ്ട്, പുലി വരലണ്ടേനി പണ്ട് ഇപ്പം ഒന്നും എറങ്ങ്ണില്ല. ഇമ്പളെ അയ്യപ്പനേം ശരണോം ഒക്കെ അവിടെയും വെടക്കായിട്ടോ ....

4.13 ഇപ്പോ ഈ പറഞ്ഞ ദൈവത്തിന്റെ കഥ ആര് പറഞ്ഞ് തന്നതാ?

ഉ. ഞങ്ങളോടോ? ഞങ്ങളെ പൂർവ്വികന്മാര്, ഇത് ഇമ്പക്ക് ഇത് ചെയ്യണംച്ചാല്, ഇമ്പള് എവിടെയെങ്കിലും പോയി അറിഞ്ഞിട്ട് ഇതിന്റെ കണക്ക് കാര്യങ്ങള് ഒക്കെ ഇമ്പള് മണ്ണാന്മാരെ അടുത്ത് കൊണ്ടോയി കൊടുക്കും. വേറെ ഇവിടെ നൃറ്റവന്മാരും പാണന്മാരും ഒന്നും അല്ല ഇവിടെ പെരണാന്മാരാ തറ കളിക്ക. ഇപ്പം പറഞ്ഞിലെ ഓരോന്ന് കഴിക്ക്യ. ഓര് കഴിക്കുമ്പം ഓര്തൊക്കെ ചോദിച്ച് അറിഞ്ഞ് കുറിപ്പൊക്കെ ഉണ്ടാക്കി ആടെ എല്ലാരെയും കണ്ടുപിടിച്ച് ഞങ്ങളെ ഇപ്പോ കിഴക്കലങ്ങോട്ട് പഴയതായില്ലെ, ദൈവം ഒക്കെ പുല്ലാട്ടേക്ക് ആയില്ലെ ..... ന്നാലും ദൈവം അവിടെ ഉണ്ട്ന്നാ ..... ഭഗവതി ആടെ ഉണ്ട്, ഗുരുണ്ട്, അങ്ങനെ ഉള്ള ദൈവങ്ങളൊക്കെണ്ട്. എന്താ .... ഞങ്ങക്കൊക്കെ കോപാ ... ഒന്ന് മരിക്ക്യ, ഒന്നിന് സൂക്കേട് ഒന്നിന് കൈ പൊട്ട്ആ ... കാല് പൊട്ടുക .. എന്നപോലെ ഓരോരോ സൂക്കേട്. പെട്ടെന്ന് കിണറ്റിൽ ചാടുക പെട്ടെന്ന് ഞ്ഞി ചാവ ... അങ്ങനെ പല പല ആപത്തുകളും വന്നാലല്ലെ ഇമ്പള്ത് നോക്കുള്ളൂ. കുട്ടികളൊക്കെ നഷ്ടപ്പെട്ടുമ്പോഴൊക്കെ. മണ്ണാരക്കൽ തന്നെ കണ്ടില്ലെ .... മക്കളൊക്കെ പോയില്ലെ .. വയസ്സായിട്ടാണ് കുറച്ച് ആള്കളൊക്കെ, ഇന്റെ പ്രായാണ് ചന്ദ്രന്ന്, മരിച്ചുപോയ. അതിന്റെ എളേത ഗംഗാധരൻ. ഞങ്ങളൊക്കെ ഒന്നിച്ച് കുത്തിരുന്നതാ ബഞ്ചിന്മേലൊക്കെ. ആ ലോഹ്യം ഇന്നും ഉണ്ട്. ഞങ്ങളൊക്കെട്ടോ ആ ദൈവത്തിന്റെ (മണ്ണാറക്കൽ ദൈവത്തിന്റെ) അടുത്ത് വരേം കൊടുക്കേം ഒക്കെ ചെയ്യുന്നുണ്ട്. അന്നിതൊക്കെ പറഞ്ഞീനി അവിടെ എന്തോ ദൈവദോഷം ഉണ്ട്. അതൊക്കെ നന്നാക്കി കൊടുക്കണം. എന്തൊക്കെയോ അന്ന് പറഞ്ഞിനി ഞങ്ങളൊക്കെ പോയീനി പ്രശ്നം കേൾക്കാൻ.

4.14 ഈ മണ്ണാറയ്ക്കൽന്ന് അല്ലായ് രുന്നോ പണ്ട് പുല്ലാട്ടേക്ക് വരവ് പോവ്വ?

ഉ. ആ .... അതെന്താ കാരണംന്ന് വച്ചാല്, അത് ഞാനംപ്പം പണി എടുക്കും. ഇയ്യും പണി എടുക്കും. എല്ലാരും പണിം എടുക്കും. പൈസ കൊടുക്കുന്നതില് ശരിക്കേട്ണ്ടായിട്ട്.

4.15 ജാതിപരമായിട്ടുള്ള അയിത്തങ്ങളൊക്കെ ഉണ്ടായിട്ടുണ്ടാവുംല്ലേ?

ഉ. ഓ .... ഇമ്പള് കൊളത്ത്ന്ന് കുളിക്ക്യാണ്ന്ന് വിചാരിച്ചെ ... കൊളത്തിന്റെ അടുത്ത്കൂടെ ആണ്പ്പം ഹരിജൻങ്ങൾക്ക് പോണ്ടത്. ചെറുമക്കൾന്നാ പറയ്യ. അപ്പോ പോകുമ്പം കേറിനിൽക്കാൻ പറയും.

4.16 എന്തിനാ?

ഉ. വെള്ളം തീണ്ടും. ഇമ്പള് വെള്ളത്തില് നിന്നാല് ഓല് അതിലെ പോയാല് ഇമ്പക്ക് വെള്ളം തീണ്ടും. കൊളത്തിലെ വെള്ളം തീണ്ടും. അതെന്തൊരു വിവരക്കേടാണ്.

4.17 അവര് പോവുമ്പോഴല്ലെ?

ഉ. ആ .... അപ്പോ ഇമ്പള് കയറി നിക്ക ... ഓല് പോയിക്കോട്ടേന്നും പറഞ്ഞിട്ട്. എന്ന കൊളത്തിൽനിന്ന് ഓരെ കുളിപ്പിക്കാൻ ഞങ്ങള് തന്നെ ഉത്സാഹിച്ച് ... ഓര് കുളിച്ചോട്ടെ, ഞങ്ങളൊക്കെ തലമുറയായി വന്നപ്പം കുളിച്ചോട്ടെ .... കണ്ടും കേട്ടും ഉള്ള കേൾവിം ഒന്നും എല്ല. ഞങ്ങള് സ്വതവേ ... പൂന്താനത്ത് ഒരു ചന്തുകുട്ടിനായര്ണ്ട് ഒരു ശീല്യ ഏടത്തിണ്ട് ഓലെ മോൻ ഇന്നാളാ മരിച്ചത്. ഏരാറ്റ് കൊളത്തിന്റെ അടുത്തൂടെ പോവുമ്പം. കേറി നിക്ക .... അന്ന് തലക്കൊടയ ... കുളിക്കാൻ പോവുമ്പഴൊക്കെ തലക്കൊടയാ ... അതും കയ്യിപ്പിടിച്ചിട്ട് കേറിനിക്ക, ഭ്രാന്ത് പിടിക്ക്യാന്ന്ച്ചാല് അങ്ങനത്തെ ഒക്കെ അയിത്തക്കേടാണ്.

4.18 കേറി നിക്കാൻ വിട്ട്പ്പോയാല് എന്താക്കും?

ഉ. പിന്നെ പുണ്യാഹോ കലശ്ശോ കൊണ്ട് പാര്ആ നമ്പൂതിരി, അയാള് മൂത്രം മുക്കി കൊണ്ടോന്ന് പാര്യാണോന്ന് ഇപ്പം ഇമ്പക്ക് നിച്ചണ്ടോ? ഞങ്ങളൊക്കെ ആയേരെ അതാ പറയ ..... അതൊക്കെ ഇപ്പോ എത്ര്യോ മാറി. അതൊന്നും ഇപ്പം ഇല്ല്യ. തീണ്ടലില്ല്യ. കുളീല്ല്യ .... അയിത്തല്ല്യ .. ഒന്നൂല്ല്യപ്പം. ഇപ്പം ഒരു ജാതി .. ഇനി അങ്ങോട്ടങ്ങോട്ട് ആണും പെണ്ണും ആങ്ങളല്ല്യ അച്ഛനില്ല, അമ്മല്ല്യ ആണും പെണ്ണും ഒന്നൂല്ല്യ രണ്ട് ജീവിതം മാത്രം. ഒരു കുടുംബം മറ്റേത് മറച്ചേത് എന്നൊന്നും ഇല്ലോലെ ഇനി അങ്ങോട്ട് വരാൻപോണ തലമുറ ... അങ്ങനാണോലെ .... ഞങ്ങള് ഓരോന്നും ഒക്കെ കേൾക്കാൻ പോവ്വല്ലോ അന്നേരം ഒക്കെ പറയുന്നത് ഇതൊക്കെയാ .... പിന്നെ ഇനിയുള്ള മക്കള് മക്കളൊക്കെ അങ്ങനെയല്ലെ ശീലിക്ക്യാ ....

4.19 കാവിലും അയിത്തം ഉണ്ടായീണ്ടാവും ല്ലെ?

ഉ. കാവില് ഇപ്പം നേർക്ക് വന്നിട്ട് തൊഴ. പണ്ട് നാല് ഭണ്ഡാരം ആയിരുന്നു പുല്ലാട്ട് ഒക്കെ. അത് ഞങ്ങള് നായന്മാരും ഒക്കെ എറങ്ങ്നോട്ത്തേക്ക് തറവാട്ട്കാരും നായന്മാരും ഒക്കെ എറങ്ങ്നോട്ത്തേക്ക് ഇങ്ങളെപോല്യള്ളോർക്കും കാവുതീണ്ടിയാൽ കയറ. കാവ് തീണ്ട്ന്നത് വരെ ഇങ്ങൾക്കും വരര്ത്. അങ്ങനെ കാവിന്റെ അട്ത്ത് ഇങ്ങനെ നിന്നിട്ട് അവിട്ന്ന് ഭണ്ഡാരം തരും ഇടാൻ. ദൂരെയാ വെക്ക. പൈസ തന്നാൽ അതിന് തീണ്ടലില്ല.

അതിനെ കുളിപ്പിച്ച് എടുക്കേം ഇല്ല. ഞങ്ങളൊക്കെ ബാലൻനായരോട് ചോദിക്കും അല്ല പൈസേനെ കുളിപ്പിച്ചെടുക്കോന്ന് ....

4.20 അതുപോലെ എണ്ണയും അല്ലേ ...

ഉ. ആ ... എണ്ണയും ഒക്കെ നന്ന് ഒക്കെ ദൂരം വെച്ച് കൊടുത്താ നന്ന്. അന്ധവിശ്വാസം എന്നെല്ലാതെ എന്ത്? പിന്നെ പിന്നെ ഇങ്ങനെ ഉള്ളോലൊക്കെ പറഞ്ഞ് പറഞ്ഞ് പറഞ്ഞ് ജാഥയ്യൊക്കെ പോയിട്ട് ഞാനൊക്കെ എത്രയോ മുദ്രാവാക്യം വിളിച്ചീണ്ട്. 'പാളയിൽ കഞ്ഞികുടിക്കില്ലെന്നും തമ്പ്രാനെന്നും വിളിക്കില്ലെന്നും' പറഞ്ഞ് ഞങ്ങള് സമരത്തിന് പോവേനം. ഒക്കെ വസന്തേം ഞങ്ങളെല്ലാരുടെയാ പോവ്വ. വസന്തേനൊക്കെ അറിയൂലെ ... ന്നാള് കഴിഞ്ഞകൊല്ലംവരെ പോയിക്കിന് ഇക്കൊല്ലം ഞങ്ങള് പണിക്ക് പൈസ കിട്ടാൻ വേണ്ടീട്ട് പോയിക്കിന് ... തൊഴിലൊറപ്പിന്റൊക്കെ .....

4.21 എല്ലാവർക്കും കയറാൻ വേണ്ടീട്ട് കാവ് തീണ്ടിയപ്പോ പ്രക്ഷോഭങ്ങളൊക്കെ ഉണ്ടായിരുന്നോ?

ഉ. അന്ന് ഇമ്പക്ക് ആരെങ്കിലും ഉണ്ടാവ്വോ? ഓര് പെണങ്ങ്ട്ആ. ഒക്കെ ചെയ്യും. ആര് വെലവെക്കും. അങ്ങനെവല് ഒഴിഞ്ഞ് പോയത് എങ്ങന്യാന്ന് അറിയോ? മണ്ണാറക്കൽക്കാര് .... നല്ല തറയൊക്കെ ഓല്ക്ക് കെട്ടണം ... ഇവര് പെണങ്ങി പെണങ്ങി ഇങ്ങനെ വന്നപ്പം പയിമ്പ്രക്കാരെ വിളിച്ച് ഒരു കൊല്ലം കൊറച്ച് ആളെ പകുതി ഓലെയും പകുതിവലെയും വിളിച്ച് .... അപ്പോൽക്ക് തീരെ ശര്യായില്ല. ഇവര്ക്ക് തീരെ ശര്യായില്ല അതൊന്നും. അപ്പോ പറഞ്ഞ് ഞങ്ങക്ക് നല്ല തറയൊന്നും തന്നില്ലെങ്കില് ഞങ്ങള് വരൂലാന്ന്. അങ്ങനെ പറഞ്ഞ് ലഹളകൂടി .... പിന്നെ വല് ക്ക് കൊടുക്കുന്ന കൂലിയൊന്നും പോര. ഞങ്ങളും പറയന്ന്ണ്ട് കൂലി കൊടുക്കുന്നത് പോരാന്ന്. കൂലി കൊറഞ്ഞാപ്പോ ഞാൻ വരോ? എനക്ക്പ്പം പത്ത് ഉറുപ്പ്യ തര്യാന്ന്ച്ചാല് ഇനിക്കാ പത്തുർപ്പ്യ കിട്ടെണ്ടെ ... ഞാൻ അധ്വാനിച്ചാല്. തരുന്ന കണക്ക് ഇമ്പളെല്ലാരും ചാടിക്കളിക്കുന്നത് ഒരേ മാതിര്യാ .... എല്ലാരും വേഷം കെട്ടുന്നത് ഒരേ മാതിര്യാ .. എല്ലാം. തറ എല്ലാർക്കും ഒരേ മാതിര്യാ .... എല്ലാർക്കും കൊടുക്കുംപോലെ ഇമ്പക്കെല്ലാർക്കും തരണം. അങ്ങനെ ഒത്ത് പിടിച്ച് പോണം അതോല് കയ്യൂലാന്ന് പറഞ്ഞ് ....

4.22 ആര്?

ഉ. പുല്ലാട്ട് ഉള്ളോല്. പുല്ലാട്ടെ ദൈവത്തിന്റെ ആൾക്കാരേ ... തരൂലാന്ന് ... പറഞ്ഞ് അന്നപ്പം വര് വയ്യോട്ട് നിന്നാൾഞ്ഞ് ... അതിന്ന് ഓരോര് നാശം

ഇവർക്ക് വന്നു. വെളിച്ചപാട്ണ്ടാവുമ്പോം പറയും എന്ത് കഴിക്കുമ്പോം പറയും. ഓരോന്നിനെ, ഓരോന്നിനെ കൊന്ന് തീർത്താള ..... ആൾക്കാര് അംഗം കൂട്ടുന്നെങ്കില് ദൈവം അതില് കോപിക്കരുതെന്നാ ഞാൻ പറയ് ന്നേ ... ല്ലെ ....

4.23 എന്നിട്ട്പ്പം കഴിഞ്ഞപ്രാവശ്യം പയിന്ര്രക്കാരാണെന്ന് തോന്ന്ന്ന് ല്ലെ .....?

ഉ. കഴിഞ്ഞപ്രാവശ്യം അല്ല ഇപ്പം ഒരു അഞ്ചാറ് കൊല്ലായി പയിന്ര്രക്കാര് ..... ഞങ്ങളൊക്കെ ഏഴ് വയസ്സ് മുതല് പന്ത്രണ്ട് വയസ്സ് വരെ താലപ്പൊലി എട്ത്തീനി .....

4.24 അതെന്താ അവിടെ ചെറിയ കുട്ടികള് മാത്രം താലപ്പൊലി എടുക്കുന്നത്?

ഉ. അത് വല്ല്യോർക്ക് എടുക്കാൻ പാടില്ല്യ. അതും പണ്ട് എങ്ങനെ ആയിനിന്ന് അറിയോ മുത്തശ്ശിമ്മാര് ഇമ്പളെ താവഴി മുത്തശ്ശിമാര് ഓര് ഇമ്പളെ കുട്ട്യേൾടെ മുന്നില് നിക്കണം. നോൽമ്പൊക്കെ ആയിട്ട്. അമ്മ ഭഗവതി ആയിട്ട് എന്നിട്ട് അതിന്റെ വയ്യേക്കേ കുട്ട്യോൾക്ക് എടുക്കാൻ പാടുള്ളൂ. ഇപ്പം ഒരൊറ്റ മനുഷ്യന്മാരും കുപ്പായം കയിച്ച് നിക്കുല. വയസ്സായോലും നിക്കുല. കുപ്പായം കയിക്കണം ഇല്ലേ അത് ഇഷ്ടപ്പെടൂല ആടെ ..... വേറൊന്നും ഉണ്ടാവൂല അന്നപ്പോളത്തേക്ക് ഓര്ക്ക് വസൂരിയായി. കയ്യോ .... കാലോപ്പൊട്ടി അങ്ങനെ എന്തെങ്കിലും ഒരു ആപത്ത് വരും. എവിടെങ്കിലും പോയി അറിഞ്ഞാൽ ഇത് പറയും.

4.25 അവിടെ വേറെ ജാതിയിലുള്ളവർക്കാർക്കും താലപ്പൊലി എടുക്കാൻ പറ്റാത്തതെന്താ?

ഉ. അത് പറ്റൂല .... അതാണല്ലോ ദൈവത്തിന്റെ കളി. അവിടെ അങ്ങൻത്തെ ആള്ക്കാര്ക്ക് മാത്ര പറ്റുള്ളൂ. അയ്യപ്പൻകോവില് എല്ലാർക്കും എടുക്ക. ഇക്കൊല്ലോം ഞങ്ങളൊക്കെ പോയിട്ട് എടുത്ത്ക്ക്ന്. എല്ലാർക്കും എടുക്ക. വയസ്സായോൽക്ക്. അയിത്തോം ശുദ്ധോന്നുല്ല്യ. അങ്ങനൊക്ക്യാണ് കഥകള് വര്ന്നത്.

4.26 അവിടെ പുല്ലാട്ട് കൊളത്തിന്റെ എന്തോ പ്രശ്നം ഉണ്ടായ് ര്ന്നല്ലോ?

ഉ. ചന്ദ്രന് അതിൽന്ന് കുളിക്കണംന്ന്.

4.27 അത് കമ്മറ്റിക്കാര് ഉണ്ടാക്ക്യേതാ?

ഉ. കമ്മറ്റി ഒന്നും ഉണ്ടാക്കിയതല്ല .... അന്ന് അധികം ഒരു പിരിവുംല്ല്യ. അവിട്ത്തെ പിരിവ്വോണ്ടെന്ന്യാ ... മറ്റ് നമ്പോനത്ത്ന്ന് കൊളത്ത്ന്ന് കുളിച്ചിട്ട്

അങ്ങോട്ട് ആ വയില്കൂടി പോണം. താലപ്പൊലി കുട്ട്യേൾക്കും പോണം. വെളിച്ചപാട്യോൾക്കും പോണം. എല്ലാർക്കും പോണം. ആടെ ഒരു ചെറിയ കൊളംണ്ട് അതിൽന്ന് വെള്ളം കോരീട്ടാ .... എല്ലാ കാലോം വെള്ളാണതില് .... ആട്ന്ന് വെള്ളം കോരി കുളിച്ചിട്ട് പോണം. ഇപ്പം പഞ്ചായത്ത് കെണറാക്കാൻ വേണ്ടിട്ട് അവിടെ സ്ഥലം കൊടുത്ത്ക്ക്ന്. പൈപ്പൊക്കെ വച്ചിട്ട് ... പഞ്ചായത്തിലേക്ക് നമ്പോനത്തില് എറക്കില് ... അങ്ങനെ വയില്കൂടി താലപ്പൊലി എടുക്കുന്ന കുട്ട്യേളെ ഇങ്ങനെ കൊണ്ട് പോവണ്ടെന്ന് ച്ട്ട്. അപ്പോ ആടെ വെളിച്ചപ്പാട് ഉണ്ടായപ്പം ആടെ കുളിക്കുന്നതിഷ്ടാ ... ആടെ വെളിച്ചപാട്യോൾക്കും കുട്ട്യോൾക്കും. അയ്ക്കാക്കാതെ കുളിച് പോര ... അതിനെകൊണ്ട് കുഴിക്കേം ചെയ്തു. അപ്പോൾക്കിവല്ക്ക് കുട്ട്യേളെപ്പോലെ അല്ലെ. മറ്റൊലെപോലെയല്ലെ ഞങ്ങൾക്കും കുളിച്ചൂടേന്ന്. അതിന് ഓല് വാശിപിടിച്ചു. തറയ്ക്കോല് വാശി പിടിച്ചു. വാശി കാണിക്കാന്ന്ച്ചാല് ഇമ്പള് ചോദിക്കണ്ടെ. ഇതത് ചോദിച്ചില്ല.

4.28 അനുവാദം ചോദിച്ചീല്ലാ?

ഉ. ഇല്ല ... വെറ്റിലേം ഒക്കെകൊണ്ട് പിന്നെ എത്രയോ പോയി പൈസേം ഒക്കെ ആയിട്ട് വന്നാല് എടുക്കുലാന്നെല്ല ... ഇങ്ങളാ ഭാഗത്തുള്ളോലൊക്കെ വരുന്നുണ്ട്. വല് മാത്രം വരില്ല്യ. മരിക്കാന്പ്പം വയസ്സായാലെല്ലാരും മരിക്കും .... ആ ഗംഗാധരന്റെ ചെറിയ മോനൊക്കെ മരിച്ച കാര്യമൊക്കെ ആലോചിക്കാൻ പറ്റാത്തൊരു കാര്യ. അതിറ്റാൽ ചെറിയേറ്റ്യേളെ ഒക്കെ പറിച്ച് പോവ്വാ ദൈവം.

4.29 അത്പ്പം ഒരു ദോഷായിട്ടാണല്ലെ കണക്കാക്കുന്നത്?

ഉ. ദോഷം തന്ന്യാ ... എല്ലാരും കണക്കാക്കുന്നത്. എവിടെപോയാലും മാറ്റി പറയൂല്ലല്ലോ ... മൂകാംബിക ഒക്കെ മാതിരി ഉള്ള ദൈവം ആണത്. അതിന്റെയൊക്കെ നാമം അവിടെ ചൊല്ലും.

4.30 അപ്പോ പുല്ലാട്ട്ള്ള കാരണവന്മാരൊക്കെ കുളിക്കണ്ടാന്ന് തന്നെ ഇവരടുത്ത് പറഞ്ഞോ?

ഉ. കുളിക്കണ്ടാന്ന് പറഞ്ഞിട്ട് വല് സ്വീകരിച്ചില്ല ഓര് കുളിച്ചു.

4.31 അതെന്തുകൊണ്ടാ കുളിക്കേണ്ടാന്ന് പറഞ്ഞത്?

ഉ. അത് അയിത്തത്തിന്റെ താരാരോണ്ട്. തറ കെട്ടാൻ ഞങ്ങൾക്ക് പറ്റൂന്നം ഇതൊക്കെ ചെയ്യാൻ ഞങ്ങക്ക് പറ്റൂന്നം ഞങ്ങക്ക് ഇതിലൊന്ന് കുളിച്ച് ഈ കരിയൊക്കെ ഞങ്ങക്ക് പോക്കാൻ പറ്റൂലാന്നും ഉണ്ടോന്ന് ചോദിച്ചു ... അതില് ന്യായല്ലെ?

4.32 അപ്പോ ഇവരെന്ത് പറഞ്ഞ്?

ഉ. പറ്റൂലാന്ന് ഇന്നാ ... ഞങ്ങക്കും ഇതിനൊന്നും പറ്റൂല ... ന്ന് ഓല് പറഞ്ഞ് .....

4.33 അങ്ങനെ ഈ കാരണംകൊണ്ടാണോ ഓല് ഒഴിഞ്ഞത്?

ഉ. ഓലങ്ങോട്ട് ഒഴിഞ്ഞ് കൊടുത്താൾഞ്ഞ് വരെന്തെങ്കിലും ആയിക്കോട്ടേന്ന് വിചാരിച്ച് ... അതൊക്കെയാ വേറെ ഒരു കുറ്റോം ഓര് ചെയ്യ്തീല്ല്യ ... ഓരോക്കെ നല്ല പത്രാസില് തറേം കെട്ടും. നോക്കി നിക്കാനേ തോന്നൂ ... തറ ...

**വാമൊഴി 5 - ഹരിദാസൻ കരുവട്ടൂർ**

5.1 പണ്ടത്തെ പ്രധാന തറവാട്ടുകാര് ആരൊക്കെയാ?

ഉ. കുറ്റ്യോയത്തിൽ കാരാണ് ഒന്നാം സ്ഥാനം. പിന്നെ രണ്ടാം സ്ഥാനം ഉള്ളത് കിഴപ്പനത്തിൽ കാര്ക്കാവടെ. മൂന്നാം സ്ഥാനം പുല്ലാട്ട്കാർക്ക്. നാലാം സ്ഥാനം വീരാൻക്കാ അങ്ങന്യവര്യാ വട്ത്തെ ജന്മിമാര്. പ്രഗല്ഭരായ ആള്കള് ഫസ്റ്റ് കുറ്റ്യോയത്തിൽക്കാരാ. അങ്ങനാണ്. കുലത്തൊഴിലായിട്ട്, പണ്ടേ പോരുന്നത്. ഓരോരാൾക്കും ഓരോ തൊഴിലാ. ഈയ്യവര്, മണ്ണാൻ, നമ്പൂതിരി, നായര് ഇവരൊക്കെ ആയിരുന്നു. തീയ്യരന്ന് മെയ്നായിട്ട് കള്ള് ചെത്തും തെങ്ങ് കയറ്റവും മാ. . . പെരണാൻമാർക്ക്ന്ന് പറഞ്ഞായ് മെയ്നതാ അമ്പലത്തിന്റെ ഉത്സവം, തുണി അലക്കം. ഓരോ പൊരേല് പോയിട്ട് എടുത്തിട്ട് കൊണ്ടോവേനി. കൊണ്ട്കൊടുക്കുന്ന പരിപാടി ഒന്നും ഇല്ല. നായന്മാർക്കന്ന് . . . ആഢ്യത്തര. ഭയങ്കര ആഢ്യന്മാരായിരുന്നോര്. ഒരു തരം അടിമത്തവ്യവസ്ഥയാണന്ന്. പണ്ട്ള്ള കാലത്ത്. ഇങ്ങനെ. . തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർന്നൊക്കെ പറയുന്നൊരു കാലഘട്ടല്ലെ. അങ്ങന്യാണ് ആ കാലഘട്ടത്തില്. അതായത് ഒരരിജൻസാണെങ്കില് അവര്ക്ക് കോലായിലോ. . അതായത് അവര് കുടിക്കുന്ന പാത്രത്തില് കുടിക്കാനോള്ള അനുവാദല്യ. . ഇങ്ങനെ വിട്ടിട്ട് ഇങ്ങനെ പാർന്ന് കെടുത്തിട്ടാ . . ഭക്ഷണൊക്കെ കൊടുത്താല് ഈ . . ശരിക്ക് പറഞ്ഞാച്ചാ . . പാത്രത്തിൽ കൊട്ടുക്കൂല. . അവര്ക്ക് ചെരട്ടയോ കാര്യോ . . . വീര്യോ. . . ക്കെ ഓര്ക്കായിട്ട്. പിന്നെ അത് ഉപയോഗിക്കൂല മറ്റുള്ളോര്. വെള്ളം കോരാനോ, അങ്ങനൊന്നുല്യ. അങ്ങനെ ഒരാഢ്യത്വസ്വഭാവങ്ങളാണ്, ഒരടിമത്തം പിന്നെ ഹരിജൻസിന് സ്ഥിരായിട്ടൊരു പണില്യ. പൊതുവായിട്ടോര് തമ്പ്രാന്മാരെ പടിക്കലേ കുള്ളോരാണ്. കൂലിയൊന്നും അന്നൊന്നും കൊടുക്കൂല. പൊയ്ക്കോട . . . ഇങ്ങന്യാ . . ഇന്നൊന്നുല്യ. ഇങ്ങനൊക്ക്യാ . . ഇന്ന് പണി എട്ട്ത്താ വരമ്പത്തെന്യാ കൂലി. അന്നതൊന്നും കിട്ടൂല. അന്ന്. . ഉച്ചമായത്. അതായത് അവര് വെച്ച് പിടിപ്പിച്ച മരങ്ങള് കാര്യങ്ങള് വീര്യങ്ങളൊക്ക്യാണ്ന്ന്ള്ളത്. വല്ല്യതമ്പ്രാക്കന്മാര്ടെ വീട്ടിലൊക്കെ പോയോക്ക്യാല്. ഈ ഹരിജൻസ്ണ്ടാക്ക്യാ കാര്യങ്ങള്. അല്ലാതെ ഓലൊന്നും ചെയ്യൂല.. . പണ്ട് . . ഒരാഢ്യന്റെ പെരേല് ഒരു പിച്ചക്കാരൻ കയറിവന്നിട്ട് ഇയാള് പൊറത്ത് പോയതാ . . അവിടുത്തെ ആ വീട്ടിലെ കരണവന്മാർക്കേ പറയാനുള്ള അധികാരോള്ളൂ വേരാർക്കൊന്നുല്യ. അയാള് പറയണം, അങ്ങനെ ഈ വല്ല്യ തറവാട്ട്ന്ന് ങ്ങനെ എറങ്ങിപോണേരം ഇയ്യാള്ങ്ങനെ (ജന്മി) നെരത്ത്മ്മ് ന്ന് ഇങ്ങനെ വര്യാ. . . വീട്ടിലേക്ക്. അപ്പോ ചേദിച്ച് ഈ ഭിക്ഷക്കാരനോട് ഇയ്യെവിടുന്നാ വര്ന്നേന്ന്. എവിടുന്ന് വരുണൂന്ന്? മാറിനിന്നിട്ടേ പറയുള്ളൂ

അടുത്ത്നൊന്നും പറയൂല. പറയാനൊന്നും പാടില്ല്യാ . . . തൊട്ടുകൂടാത്ത കാലഘട്ടങ്ങളൊക്ക്യാ . . അങ്ങനെ . . ചോദിച്ച് . . ഞാനാ വല്യ വീട്ടിൽ പോയി. ഒന്നുല്ല്യാന്ന് പറഞ്ഞ്. (ഭിക്ഷക്കാരൻ പറഞ്ഞു) ആ . . . ഇന്നാവാന്ന് പറഞ്ഞ് കുട്ടിക്കൊണ്ടോന്ന് . . ആടെ നിപ്പിച്ച് അയാള് തലേകെട്ടൊക്കെ ഊരി കയ്യും മൊഖവും ഒക്കെ തൊടച്ച്, ഇണ്ട്ന്ന് പറയാനും ഇല്ലാന്നാ പറയാനുംള്ള അവകാശം ഇനിക്കാണ് ഇവിടെ ഉള്ളത് ഉം... പോയ്ക്കോ. ആ. . . അങ്ങന് ത്ത കാലഘട്ടൊക്കെ ആയ് ര്ന്ന്. അതാണ് അന്നെത്തെ സ്ഥിതി. ഇത് രണ്ടും പറയാനുള്ള അവകാശം ഇനിക്ക്യാണ് വടെ, പോയ്ക്കോന്ന്. അത്രൂംണ്ടന്ന്, ഇങ്ങളെ പറമ്പ് ഈ തമ്പ്രാൻമാരിൽ തന്നെ ജന്മിമാരില്ലെ. ജന്മിന്മാരതെന്ന് പറഞ്ഞ് കേട്ടീല്ലെ. . ഇന്ന് ജന്മിത്വം ഒന്നുംല്യ. ഒക്കെ പോയിക്കിന്ന് . . . നമ്പൂതിരിപ്പാട് വന്നേനേശം, നമ്പൂതിരിപ്പാടിന്റെ കാലഘട്ടത്തിലതൊക്കെ പോയി. വല്ല്യ വല്ല്യമരങ്ങളൊക്കെ ഓലാ ... മുറിച്ചോണ്ടോവ്വ. പ്ലാവൊക്കെ ഇഷ്ടം മാരി ചക്കണ്ടായിട്ട് തിന്ന്ന്നെ ചോറൊന്നും കിട്ടൂല. കുമ്പളത്തിന്റെ എലയോ വെളീന്റെ എലയോ, താളും തകരയും പറച്ചോളൂ അങ്ങനെയും ഇങ്ങനെയും പറച്ചോളൂന്നൊക്കെ പറഞ്ഞ മാതിര്യാ ... ഒന്നൂല്ല്യ. പക്ഷേ അന്ന് എന്തായാലും വെശപ്പാണല്ലോ വലുത്. വെശന്നിട്ട് ഇയ്യെന്ത് ഭക്ഷണം കഴിച്ചോക്ക് അതിന് വല്ല്യ രസായിരിക്കും. അല്ലാതെ വിശപ്പില്ലാതെ എണക്ക് നാലുതരം കൂട്ടാനും പപ്പടോം ഉപ്പേരിം പൊരിച്ചതും തന്നാ എണക്കത്ര ഇഷ്ടണ്ടാവൂല. മൊളക് കൂട്ട്യതും കൂട്ടിതിന്നും വെശപാണെങ്കില് വെശപ്പാണതിന് കാരണം. വെശക്കുമ്പം എന്തും തിന്ന. ഒരു കേട്ടൂല്ല്യ അന്നത്തേന് ...

5.2 തിയ്യർക്ക് കാവുമായിട്ട് എന്തെങ്കിലും തരത്തിലുള്ള ബന്ധങ്ങള്ണ്ടായ് ര്ന്നോ?

കാവില് പുല്ലാട്ട് കാവിലന്ന് തിയ്യർക്കൊരു സ്ഥാനം, നായന്മാർക്കൊരു സ്ഥാനം, അങ്ങോട്ട് കടന്നൂടാ ... ഉള്ളോട്ട് കടക്കാൻ വഴില്ല്യ. അതെല്ലാ കാവിലും നായന്മാർടെ കാവിലങ്ങനെ ആയിനി. പണ്ട്ള്ള കാലത്ത് ഓല്ക്ക് വേറെ തന്ന്യ സ്ഥാനം. ഈ പറയമാരും ഹരിജൻസിനും ഒക്കെ അപ്പുറത്ത് പാലേന്റെ ചോട്ടില്. പുല്ലാട്ടൊരു പാലണ്ട് കണ്ട്ക്ക്നോ? ആ പാലേന്റെ അട്ത്തേനി ഹരിജൻസിന്റെയും പറയന്മാരുടെയും തറ. ഭണ്ഡാരം. തിയ്യരത് അമ്പലത്തിന്റെ നേരെ മുന്നില്. മോൾള്ളേനി ഭണ്ഡാരം. ഓല് പൊലർച്ചക്ക് എണീറ്റ്ങ്ങാണ്ട് പൂക്കൊലയും കുരുത്തോലയും എടുത്തോണ്ട് കൊടുത്തോൾണം. അതിന് അതിന്റേതായ വീട്കള്ണ്ട്. മണപ്പുറത്ത്, വല്ലേപ്ര, കുള്ളി. തേങ്ങേം വലിച്ചോള, കുരുത്തോലേം എടുത്തോള, അത് തിയ്യര് ചെയ്യണം. അത് .... വരവ് വന്ന് കഴിഞ്ഞാല് മണ്ണാറയ്ക്കൽന്നേനി അന്ന് വരവ് പോവ്വ വരവ് വന്ന് കഴിഞ്ഞാല് തിയ്യരോടത് ഏറ്റ് വാങ്ങും. അമ്പലത്തിന്റെ

അകത്തേക്ക് നാക്കിലേം കുരുത്തോലേം. ഏ ... അങ്ങനെ അതിന് വര് പുല്ലാട്ട്ന്ന് കൊടുത്തോണ്ടിരുന്നത് പൈസ തന്നെ ആയിരുന്നു. അന്ന് ചോറെല്ലാർക്കും അമ്പലത്തിലില്ല. ഈ ഭണ്ഡാരം കാവൽ നിക്ക്ന്ന ആൾക്കാർക്ക് ചോറ്ണ്ട് ഓല്ക്ക് ചോറ് കൊടുക്കും. അല്ലാതെ പെരണാന്മാർക്ക് മാത്രേ അന്ന് ചോറുള്ളൂ. വേറാർക്കും കൊടുക്കൂല. ഇന്ന്പ്പം എല്ലാർക്കുംണ്ട്. അധികനായന്മാർടെ അമ്പലത്തിലും തെറ കെട്ടാ ഈ മണ്ണാന്മാരെന്ന് പറഞ്ഞാൾക്കാരാ വേറാരും അല്ല. അത്ങ്ങനെ ഓരോര് അതിന്റെ പടിക്കലേക്ക്ള്ള ആൾക്കാര്ണ്ട്. ഓല് ക്കേ ചെയ്യാനും പാടുള്ളൂ. തറേലെ പെരണാൻന്നാ പറയാ .... തറേലെ പെരണാന്മാരാ ഓല്ന്ന് പറയ. ഓലെ തറേലേക്ക് ഉള്ളോരാണ്ന്നാ അർത്ഥം. ഇതുപോലെ പൂക്കുലയും കുരുത്തോലയും എടുക്കാനും തിയ്യര്, അതിന്റെതായ തിയ്യര്. തറേലെ തിയ്യര്ന്നാ പറയാ. ഓല്ക്കേ പാടുള്ളൂ എല്ലാർക്കും പോയി എടുക്കാൻ പാടില്ല. അതിന് അന്നേത്തെ കാലത്തൊക്കെ വ്രതവും ചിട്ടയും ഒക്കെ ഉണ്ടേനി. ഇന്നതൊക്കെ പോയി ഒന്ന്വംല്ല്യ. വ്രതന്ന് പറഞ്ഞാല് ഏറ്റവും ചുരുങ്ങിയതൊരു പത്ത് ദിവസം മത്സ്യവും മാംസാദികളൊന്നും പാടില്ല. വീട്ടില് അശുദ്ധികളൊന്നും പാടില്ല. ഓൻ പൂക്കുലയും കുരുത്തോലേം എടുക്കാൻ പോന്നോനാ അമ്പലത്തില്. വീട്ടിലൊരശുദ്ധിയും പാടില്ല്യ. മത്സ്യമാംസാദികളൊന്നും പാടില്ല്യ വ്രതാ .... അങ്ങന്യാണ്. ഇപ്പതൊക്കെപ്പോയ് പൂക്കൊലയും കുരുത്തോലേം ഒക്കെ വേണെങ്കില് അവിട്ന്നെന്നെ അങ്ങോട്ട് മുറിച്ചോള്യാ .. അതെന്നെ. മറ്റ് അതിനായിട്ട് ഓരോര് വീട്കള്ണ്ടേനി പോയി എടുക്കാന്, തറേലെ. പേര്കേട്ടൊരു ഉത്സവായിനി പുല്ലാട്ട്. ഞങ്ങക്കേനി അങ്ങോട്ട് അവകാശം.

5.3 അവര് നമ്മളെ അടിയാളരായിട്ടാണോ പരിഗണിക്യാ ...

ഉ. നമ്മള് പടിക്കലെ അടിയാളന്മാരായിട്ടെന്ന്യാ .. ഓലെ അടിയാളന്മാരാമ്പള്ള് അങ്ങനെ ഓരോര് പടിക്കലേക്ക്ള്ള ആള്കളാ .. ഈ ... ഹരിജൻസ് മുഴവൻ മൂത്തേടത്തെ പടിക്കലേക്ക് ഉള്ളോരാ .. അങ്ങനെയാ പറയാ .... നമ്മളെ പടിക്കലേക്ക്ള്ള ആള്കളാണെന്നാ പറയാ ... ആ പടിക്കലേക്ക്ള്ള തിയ്യരാന്നാ പറയാ .... മൂത്തേടത്തെ പടിക്കലേക്ക്ള്ള ... വടെ പേരും പെരുമയും ഉള്ള തറവാടായിരുന്ന മൂത്തേടത്തെ തറവാട്.

5.4 അപ്പോ ഇവരെ പറമ്പുകളിലൊക്കെ തന്ന്യാണ് നമ്മള് തൊഴിലെടുക്കുക.

ഉ. ആ ... തൊഴിലെടുക്ക. തിയ്യര് തെങ്ങ്മ്മെ കയറിക്കോള്ളാ ... ഹരിജൻസോലെ നാട്ടി നട്ടോളാ .. അങ്ങനൊക്കാണ് ... നട്ടിനടലൊന്നെല്ല. പറമ്പ്പണീം എല്ലാ പണീം അങ്ങന്യാണ്. ഓരോരാൾക്കും ഓരോന്നാണ്. ചെലപ്പം മാന്യമായിട്ട്ള്ള

കൂലിയൊന്നും കിട്ടൂല. ഒരടിമത്തവേല. അന്ന് തമ്പ്രാൻ പറയുംപോലെ കേട്ടിട്ടില്ലെങ്കിൽ പോയി കാര്യം.

5.5 അവര് ഉപദ്രവിക്ക്യോ?

ഉ. ഉപദ്രവിക്കോന്നോ? ആ. . . ഹാ . . ഉപദ്രവം തന്ന്യാണ്. അടിയാ തര്യാ . . . പേടിച്ചിട്ടാണല്ലോ ഇതൊക്കെ ചെയ്യ്ന്നേ അതിനാണല്ലോ അടിമത്തംന്ന് പറയ് ന്നേ. ഈ വെറും കര്യാത്തൻന്ന് പറഞ്ഞിട്ട്ള്ള ഒരാള്ണ്ടേനി. എടക്കിലാമ്പത്ത്. അയാളെ ആരോ ബന്ധക്കാര് കല്ലായി പുഴേന്റെ പാലത്തിന്റെ അക്കരെ പീട്യ എടുത്തിട്ട് ടൈലർ ഷോപ്പ് തുടങ്ങിയ അപ്പോ ഇയാള് അങ്ങോട്ടേക്ക്ള്ള ആളെല്ല. കറ്റടി മൂത്തോടത്തിലേക്കാണെങ്കിലും ഇയാള് കുറ്റ്യോയത്തിലെ പടിക്കലേക്കുള്ള ആളാ . . വെറും കര്യാത്തൻന്ന് പറഞ്ഞാള് അങ്ങനെ വടെത്തി. ഈ കല്ലായി പാലത്തിന്റെ അടുത്തെത്തി അപ്പോ ചോദിച്ച് ഇനിയും കൊറേ പോവാൻണ്ടോന്ന് വളരെ ക്ഷീണിതനായിക്കിന്ന് മൂപ്പര്. വളരെ ക്ഷീണിതനായിക്കിന്. മെഷ്യൻ കൊണ്ടോവ്വ.. . ഓലെ ആരോ ബന്ധക്കാര്ണ്ട് ബാലൻ നായര് അവിടേക്ക്. അങ്ങനെ "ഈൗട്ത്തെല്ല്യച്ചൻ ഒരെറിയെങ്ങുമ്മേ ഏറാനർഞ്ഞിട്ട് ആനേറീട്ടില്ല. ഇൻക്യാവൂല കല്ലായിപ്പാലേറാന്നർഞ്ഞിട്ട്". ആടെച്ച് പൊന്നോൾഞ്ഞ് ഇയാള്. അതിന് തല്ല് ഇയാൾക്ക്വ്ട് ന്ന് കിട്ടി. ഇയാള് വിചാരിച്ചതെന്താച്ചാല് കല്ലായിപ്പാലംന്ന് പറഞ്ഞാ പീറ്റതെങ്ങെട്ടാണ്ന്നാ. അത്രയേ നിച്ചൊള്ളൂ അറയ് ല. അപ്പതാണ് "കുറ്റ്യോയത്തിലല്ല്യച്ച നൊരെറ്റിയെങ്ങ്മ്മേ. ഏറാർഞ്ഞിട്ട് ആനേറീട്ടില്ല ക്ക് കല്ലായ് പാലത്ത്മ്മേ ഏറാനവ്വലാന്ന്" പറഞ്ഞത് അതാണ്. അയ്ക്ക് തല്ല് കൊറെ കിട്ടി. അതാണല്ലോ. തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ ഇതൊക്കെ പോക്ക്യത് ആരാ . . നമ്പൂതിരിപ്പാടിന്റെ ഭരണത്തിനുശേഷം അയാളാണല്ലോ മുന്നിട്ട് നിന്നത്. നമ്പൂതിരിപ്പാടാദ്യം കോൺഗ്രസ്സ് കാരനേനി. അങ്ങനെ ഏക്കറ് കണക്കിന് സ്വത്ത്ള്ള ഭൂമിന്റെ ഒടമേനി അയാള്. അയാളെ പൂണൂലച്ചന് പൊട്ടിച്ച് എറിഞ്ഞ് കൊടുത്തിട്ടാണയാള് പാർട്ടീലേക്ക് വന്നത്. അയാളെ സ്വത്ത് മുഴ്വവൻ പാവപ്പെട്ടോൽക്ക് കൊടുത്തതാണല്ലോ. അയാൾക്കൊന്നും ല്ലേന്യല്ലോ. അയാളെ 20 ആം പാർട്ടി കോൺഗ്രസ്സ് ഇവിടെ നടന്നീനി.

5.6 ഇങ്ങളത് കാണാൻ പോയ്യോ?

ഉ. ടൗൺഹാൾ ളേനി അതിന്റെ പരിപാടി മുഴ്വവനം. അതിന്റെ പ്രദർശനം നെയ്ത്ത് കമ്പനി ഉണ്ടല്ലോ അതിന്റെ അകത്തേനി. നമ്മളേതൊരു വ്യക്തിയും അയാളെ ആ രംഗം കാണണം മ്പള് കരഞ്ഞോവ്വം. ഇങ്ങനൊക്കെ ആയിരുന്നോന്ന് തോന്നി പോവ്വം. ഒരു ബന്യേൻ അതില് ചായ ളുത്തക്കറ, അയാള്

ഉപയോഗിച്ച സൈക്കള്, കള്ളിമുണ്ട്. അയാളെ സൈക്കളൊക്കെ കാണുമ്പം, ആ ചായ ളുത്തതൊക്കെ കാണുമ്പം സങ്കടം വന്നോവും കരയും നമ്മള് അന്നേരം. അതിനെപറ്റി ചിന്തിക്കാണെങ്കില് അത്രയും ത്യാഗപ്പൊട്ടൊരാളേനി. അയാളണല്ലോ അടിമത്തൊക്കെ ഇല്ലാതാക്കീത്.

5.7 അന്നൊക്കെ ഭയങ്കര അരക്ഷിതാവസ്ഥ ആയിരുന്നെല്ലെ?

ഉ. പറയാൻണ്ടോ? ഭയങ്കരാ . . . ഒന്നുണ്ടാവൂല. രണ്ടേസം, മുന്നേസൊക്കെ പട്ടിണി കെടക്കും. ഞാനൊക്കെ രണ്ടേസം കെടന്ന്ക്ക്ന്. അന്ന് ഞാനൊക്കെ സ്കൂൾള് പഠിക്കുന്ന കാലത്തൊക്കെ. സ്കൂള് വിട്ട് വരുമ്പം അവിടെ രണ്ട് സംഗതിയുണ്ടാവും. ഞാൻ അമ്മേനോട് ആദ്യം പറയും ഇനിക്കി പന വേണ്ടട്ടോ. കുമ്പളത്തിന്റെ എല ഞാൻ നല്ലണം വാരി തിന്നും. അങ്ങനൊക്യാ . . അല്ലാതെ ചോറും കഞ്ഞിം ഒന്നല്ല്യ. പണ്ടൊക്കെന്ന് പറഞ്ഞാല് ഇയ്യി പഠിച്ചിട്ട് കാര്യല്ല്യടാ. . എന്തേം പണിക്കോയ്യോ. പൈസേം കാര്യേംല്ല്യ. എന്തേലും പഠിപ്പിക്കാൻ അന്നൊക്കെ പെൺക്കുട്ട്യോള്ന്ന് പറഞ്ഞാ എത്രവരെ പഠിക്കും. വല്യപൈസക്കാരാ ണെങ്കിലും ഒരെസ്സൽസി വരെണ്ടാവും. അയ് ന്റെ അങ്ങേ പ്പൊറത്തേക്ക്ണ്ടാവൂല. ഇന്നോ. ഇന്നെന്താ കഥ. അതൊക്കെ മ്പള് ഓർക്കേണ്ട തെന്ന്യാ. ഇന്ന് പെൺകുട്ട്യേക്കൊക്കെ എന്താ വിദ്യാഭ്യാസം. ഭയങ്കരവിദ്യാഭ്യാസം എല്ലാ മേഖലയിലുംന്ന് ജോലീം ഓല് ക്കെന്ന്യാ. പണ്ടൊരു പെണ്ണുങ്ങളെയെങ്കിലും, എന്തെങ്കിലും ഒരു ജോലിക്ക് എന്തെങ്കിലും ഒരോഫീസില് ഒരു 40, 50 കൊല്ലം ഇങ്ങോട്ടെല്ലാതെ അങ്ങോട്ട് കാണാൻ പറ്റൂല. അതായത് പെണ്ണ്ങ്ങളെ അടിമത്താണ്. അടിമ്യായി ജീവിക്ക്യാ. ഇന്നങ്ങനയാ ഇന്നങ്ങനാണോ? പകുതീം പകുതീം അല്ലേ 100% ആണെങ്കിൽ പകുതി സംവരണം ഓല്ക്കാം പകുതേയ് മ്പക്കൊള്ളൂ. വല്ല്യ അവകാശാക്കി മാറ്റീലെ ഇതൊക്കെ സർക്കാർ ചെയ്തതാ. ഇന്ന് സ്ത്രീകളോടൊന്നും വിചാരിച്ച മാതിര്യൊന്നും പറ്റൂല. ആ കാലഘട്ടൊക്കെ വേറ്യൊ. സ്വന്തം ഭാര്യാന്ന് പറഞ്ഞാലും തരക്കേടില്ല്യാ മോളാണെന്ന് പറഞ്ഞാലും തരക്കേടില്ല്യാ. മക്കളെ മക്കളായും തരക്കേടില്ല്യാ. വിദ്യാഭ്യാസത്തിന്റേത് കൊണ്ട് ള്ളതാ. പണ്ടങ്ങനൊന്നൂല്ല്യ. . ടീ. . . എന്നാ വിളിക്ക്യാ. ഇന്നേതെങ്കിലും ഒരു വീട്ട്ന്ന് മ്പള് കേൾക്കുല എടീന്ന് വിളിക്കണേ. അന്ന് ചെക്കൻ, ചെക്കൻന്നാ, പറയാ. . ഇന്നോ ഇന്ന് മോനേന്ന് സംബോധന ചെയ്തിട്ടാ വിളിക്യാ. . ചെക്കൻന്ന് വിളിക്കിന്നെ ഇയ്യികേട്ടീണ്ടോ? അത് പാർട്ടി പരമായിട്ട് പറയാണെങ്കിൽ "ചെക്കൻ വിളിയും അടിമ പണിയും ഇനിമേൽ നടക്കില്ലാന്ന്" പറഞ്ഞിട്ട് ഒഞ്ചിയത്ത്ന്ന് ണ്ടായതാ . . ആടേക്കൊക്കെ ചെക്കാന്നേനി. വടേകൊക്കെ പണ്ട്ള്ള കാലത്ത് അങ്ങനെന്യേനി. ചെക്കാ . . പെണ്ണേ നൊക്കേനി. ഇന്ന്

മോനെ മോളെന്നെല്ലാണ്ടൊന്ന് കേൾക്കുല. അത് മക്കളായ്യൊള്ളണംന്നില്ല. പൊറമെ ഉള്ളോലും മോളെന്നോ വിളിക്കുള്ളൂ.

5.8 ഇങ്ങള് പണ്ട് മുതൽക്കേ ഇവിടെ തന്നെ ജനിച്ച വളർന്നവരായിരുന്നോ?

ഉ. നമ്മളൊക്കെ ഞങ്ങളെ അച്ഛന്റെ അച്ഛന്റെ കാലഘട്ടത്തിലെ ഇവിടേനി. ഇവിട്ടുള്ള ആളുകളാ. . ഒരു മാറ്റോംല്ല. എല്ലാം ഞങ്ങൾക്കറിയാം.

ഇവിട്ടത്തെ കുരുവട്ടൂര്ത്തെ പുരോഗതി. ഇല്ലാത്തേനെപറ്റി എണക്ക് ഞാനൊന്ന് പറഞ്ഞ് തര. നായി പുല്ലിൽ കെടന്നാല് പുല്ല് നായ് തിന്നോ? നായി തിന്നൂല. പശു തിന്നേണ്ട സാധനാ പശൂന് തിന്നാൻ നായി സമ്മതിക്കുകയും ഇല്ല. അതില് വന്ന് കെടന്നാൽ അത് പശൂന്ന് തിന്നാനാവോ? അത് പോലെ കുരുവട്ടൂരിനെ സംബന്ധിച്ചിടത്തോളം പ്രഗൽഭന്മാര്ടെ അടുത്താണ് സൊത്തും കാര്യോം വീര്യോം ക്കെള്ളത്. ഓര്ക്കാരതും പത്ത് സെന്റ് വേണ്ട. അതിന് പുരോഗതി വേണെങ്കില് വേറെ ഒരുത്തത് വിൽക്കണം. ഇന്നാലല്ലെ പുരോഗതിം ആൾപ്പാർപ്പം പൊറമേന്ന് ആള്കളും വരുള്ളൂ. അതാണ് വട്ത്തെ സ്ഥിതി. ഇവിടെ ഒരുപാട് സ്ഥലൊക്കെ ഉള്ളത് ഒന്ന് കീഴപുനത്തിൽകാര്, മുഉവാട്ട്കാര്, ഒന്ന് വീരാൻക്ക, ഒന്ന് കുറ്റിപുനത്തിൽകാര്, വര്ക്കൊക്ക്യാ. ഇപ്പഴും അന്നും ഇപ്പഴും ഓർക്കെന്നെ, അന്നും ഓര്ക്കെന്നെ ഭൂമി ഉടമകളാണവര്.

5.9 പണ്ടെത്തെകാലത്തെ തുടർന്ന വന്ന ജന്മികളാണോ?

ഉ. ഞങ്ങളൊക്കെ ഓല്ക്ക് ജന്മിത്വം കൊടുത്ത ആള്കളാ. വല്ല്യ വല്ല്യ പ്ലാവ് അവട്ന്ന് ങ്ങനെ മുറിച്ച്കൊണ്ടോവുന്നേരം അച്ഛനിങ്ങനെ കൂട്ടിപിടിച്ച് ന്റെ മക്കളെ പോറ്റ്ന്നതാണേങ്ങ്ളത് മുറിക്കര്ത് ന്ന് പറഞ്ഞ് മാറ്റി നിർത്താആ....

5.10 ഇമ്പളെ തറവാട്ടീൽത്തെ പ്ലാവോ?

ഉ. ആ ...... കൊളപ്പുറത്തെ. ഇനിക്കിന്നും ഓർമ്മണ്ട്. ഞാനന്ന് കുട്ട്യ. ഇന്റെ മക്കളെ പോറ്റ്ന്നാണ് തമ്പ്രാനെ ഇങ്ങളത് മുറിക്കര്ത് ന്ന് പറഞ്ഞ് ഓര്ക്കെന്ത്ന്ന്. കുറ്റ്യോയത്തിൽകാര് അപ്പുണ്ണ്യാര് ഉള്ള കാലഘട്ടത്തിലേനി ഇന്നങ്ങനൊക്കെ നടക്കോ? അപ്പുട്ടൻ നായരെയൊക്കെ അച്ഛനാണ് അപ്പുണ്ണ്യാര്. ഓർക്കൊക്കെ അന്ന് അധികാരിമാരെ ഒഴിവാക്കാനുള്ള വോഴ്സണ്ട്.

5.11 അപ്പോ പുല്ലാട്ടുകാവും ആയിട്ട് കുരുത്തോലയും മറ്റും കൊടുക്കുന്ന ബന്ധംല്ലെ.

ഉ. പുല്ലാട്ടെ പടിക്കലേക്കുള്ള തിയ്യര് ഓലാന്നാ പറയ. അന്നത്പോലെ വല്ല്യ നായന്മാർടെ വീട്ടിലൊക്കെ ചത്താല് ഈ കർമ്മം ചെയ്യാൻ, ചൊടല പറയൻന്ന് പറയുന്ന രീതിലുള്ള അവകാശികള്ണ്ട് നായന്മാർക്ക് ചെയ്ത്

കൊടുക്കാൻ. അതന്ന് എളോറക്കാര്, കൊളപ്പൊറത്താര്, ളുക്കോട്ട്കാര് ഇവരെക്കേനി, ഓല് വന്നോൾണം ഓല് ബാക്കിള്ള ആളെ ക്കുട്ടിങ്ങാൾഞ്ഞ് അത് ചെയ്യോൾണം. കാറ്റോല പിടിച്ച് വീയർണം, വെട്ടിച്ചൂട്, കുഴിച്ചൂട്. ഇതിന്റെ അകത്ത് ഇങ്ങനൊക്കെ പലതും ഉണ്ട്. ഈ വെട്ടിച്ചൂടിന് ഈ കാറ്റോല വീയണം, തെങ്ങിന്റെ ഓലമെടഞ്ഞിട്ട് അപ്പറോ ഇപ്പറോം ആൾക്കാര് പിടിച്ചിട്ട് വീശ. അതാണ് കാറ്റോല. വല്ല്യ വല്ല്യ തമ്പ്രാക്കന്മാർക്കൊക്കെ അധികവും വെട്ടിച്ചൂടാണല്ലോ ഉണ്ടാവ്വ. ഇന്നൊക്കെ ഇപ്പം മാവൂർറോഡ് കൊണ്ടോവ. അന്നൊക്കെ അങ്ങന്യാ.

**വാമൊഴി 6 - സരോജിനി**

6.1 കാവുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്?

ഉ. ആയുധങ്ങളൊക്കെയാ നന്നാക്കി കൊടുക്ക .....

6.2 കാവിലേക്കുള്ള വാള് പോലുള്ള കാര്യങ്ങളൊക്കെയോ?

ഉ. ആ ....

6.3 അതെപ്പൊഴാ ഉത്സവത്തിനോടനുബന്ധിച്ചോ?

ഉ. ഉത്സവത്തിന്റെ തലെ ദെവസം കൊണ്ടോരും. അല്ലേ തലേന്നേന്റെ തലേന്ന് കൊണ്ടോരും. രണ്ട് ദിവസം മുന്നെ കൊണ്ടോരും ന്നിട്ട് ഉത്സവത്തിന്റെ അന്ന് രാവിലെ ഒക്കെ നന്നാക്കീട്ട് ആടെ കൊണ്ട്കൊടുക്കും ... ന്നിട്ട് അതിനൊരു പൂജേം കാര്യേംക്കെണ്ട്.

6.4 അത് നമ്മള് തന്ന്യാണോ ചെയ്യ?

ഉ. അല്ല അതോല് വെളിച്ചപ്പാട് വന്നിട്ട് പൂജ ചെയ്യ്ണ്ടാണ്ട് വാളേറ്റ് വാങ്ങീട്ട് അങ്ങാട്ട് കൊണ്ടോവ്വും.

6.5 അപ്പോ എന്തെങ്കിലും അവകാശങ്ങളൊക്കെ ഉണ്ടാവ്വോ?

ഉ. അവകാശങ്ങള് അരിനെറയ്ക്കും പിന്നെ അല്ലെങ്കി നെല്ലായിരിക്കും. അതിന് ഒന്നോ രണ്ടോ തേങ്ങണ്ടാവ്വും വെറ്റിലണ്ടാവും.

6.6 പിന്നെ ഉത്സവത്തിന്റെ അന്ന് ഭക്ഷണൊക്കെയോ പണ്ട്?

ഉ. പണ്ട് കൊല്ലന്മാർക്ക്ന്ന് പറഞ്ഞിട്ടുള്ള ഒരവകാശംണ്ടേനി. ആ അവകാശം തരും. അന്ന് തറ കെട്ടീട്ട് ആടുന്നോർക്കും കൊല്ലന്മാർക്കും മാത്രേ ഭക്ഷണം ഉള്ളേനി ... ഇപ്പം അതെല്ല ... എല്ലാർക്കും കൊടുക്ക്ന്ന് ണ്ട്.

ഉത്സവത്തിന് പോവ്വ ഭണ്ഡാരത്തില്ടാ ... എന്തെങ്കിലും കാര്യങ്ങളൊക്കെ നടക്കണംന്ന് വെച്ച് നേർച്ചയൊക്കെ കൊടുക്ക ... അധികം ഞങ്ങളതൊക്കെ വാളായിരിക്കും അവിടേക്ക് കൊടുക്ക. പുതിയ വാള് പണിതീർത്ത് കൊടുക്കും ... ഇവിടെ വച്ചിട്ട് പൂജിച്ച് ഓര് വെളിച്ചപ്പാട് വന്ന് കൊണ്ടോവ്വാ ചെയ്യ ...

6.7 കാവില് എറങ്ങി തൊഴാൻ പറ്റുമായിരുന്നോ?

ഉ. ആ .... ക്കാലം ഇല്ലായ് ര്ന്ന് ... അത് വടെ വല്ല്യഒരു എരഞ്ഞി ഉണ്ടായിരുന്നല്ലോ? മുറിച്ച്പോയ ആ ... എറഞ്ഞീ, ആലും എരഞ്ഞീം എല്ലാം കൂടി അതിന്റെ ചോട്ടിലൊരു തറ ഉണ്ടേനി, അവടേനി തിയ്യർക്കും അല്ലാതെ

പൊറമെ വരുന്നോൽക്കൊക്കെ ഭണ്ഡാരം. ഇപ്പം എല്ലാരും മുറ്റത്ത് എറങ്ങ്ന്നതിനെകൊണ്ട് അത് പൊളിച്ചാൾഞ്ഞ്.

6.8 അതേത് ഭാഗത്തായിട്ടാ?

ഉ. അത് ... അസുരാളൻ തറല്ലെ അതിന്റെ നേരെ ആ .... പടി അത് കയറുന്ന ആ പടി കയറുന്നോട്ത്തിൽ തന്നെ. അവിട്ന്നാണ് നേർച്ചയൊക്കെ കൊടുക്ക ..

6.9 ഇന്ന് വാളൊക്കെ പൂജിക്കുന്ന സമയത്ത് മുറ്റത്തെറങ്ങാൻ പറ്റോ?

ഉ. അന്ന് മുറ്റത്തെറങ്ങീട്ടാ കൊടുക്ക. നമ്മള് മേലേരി കൂട്ടുന്നതിന്റെ തൊട്ട അടുത്തായിരിക്കും.

6.10 അല്ലാത്ത ദിവസം എറങ്ങാൻ പറ്റൂലല്ലെ. അന്നത്തെ ദിവസം മാത്രെ എറങ്ങാൻ പറ്റൂ?

ഉ. ഉം.... അന്നാണല്ലോ ഉത്സവത്തിന്റെ അന്നാണല്ലോ കാവ് തീണ്ട്ആ .... ഇവിട്ന്ന് വിരുന്ന് പുറപ്പെട്ട്പോയിട്ട് മണ്ണാറക്കൽന്ന് വിരുന്ന് പുറപ്പെട്ട് പോയിട്ട് ചെണ്ട തല്ലും ഒക്കെ ആയിട്ട് അതിന് വിരുന്ന് പുറപ്പെട്ട് പോവാൻ ഒരു കാർന്നോരും ഉണ്ടാവും. അവിടെ ഓര് ചെല്ലുമ്പോഴേക്ക് നമ്പൂരി പുണ്യാള്ളം ഒക്കെ ആയിട്ട് എല്ലാരെയും കൊടഞ്ഞ് എന്നിട്ട് നായന്മാര് വന്നിട്ട് ആ വിരുന്ന് പുറപ്പെട്ട് പോന്നോലെ, കയ്യും പിടിച്ച് കൊണ്ടോവും അങ്ങന്യാണ് കാവുതീണ്ടുന്നത് അവിടെ. പണ്ടത്തെ നമ്പൂരി ഓടികളയുമായിരുന്നു തീണ്ടി പോവുന്നതിന് ഇപ്പോഴത്തെ നമ്പൂരി അവിടെ തന്നെ നിൽക്കും.

**വാമൊഴി 7 - കൃഷ്ണൻകുട്ടി**

7.1 അക്കര ഇക്കര എന്ന് പറയുന്നത് എന്താണ്?

ഉ. കളപ്പുറത്ത് മണ്ണാറക്കൽ തറവാട്ടുകാരെ കൊണ്ട് അക്കരെക്കാര് ഇക്കരെക്കാര് എന്നു പറയുന്നത് പഴയകാലത്ത് ഇവര് ആളില്ലാത്തതിന്റെ പേരില് അങ്ങോട്ട് പോയതാണ്. മനത്താനത്ത്ന്ന് ഇങ്ങോട്ട് വരാൻ പറ്റോ മണ്ണാറക്കലേക്ക് വരാൻ പറ്റോ.

7.2 മാറ്റ് കൊടുക്കാനൊക്കെ വേണ്ടീട്ടോ? ദൂരം കൂടുതലുള്ളത് കൊണ്ടാണോ

ഉ. ആ. . വരാൻ പറ്റോ ഈ വിഷയം ഓരാളോ രണ്ടാളോ ഉള്ള സമയത്ത് എങ്ങന്യാ സാധിക്ക്യ. അപ്പോ ആ പ്രശ്നത്തിന്റെ പേരില് ഒരാള് ഇവിട്ന്ന്ങ്ങോട്ട് മാറി താമസിച്ചു. കൊളപ്പുറത്തേക്ക് മാറി താമസിച്ചു. അപ്പോ അങ്ങനെ. പിന്നെ എങ്ങന്യാ ഒരക്കര ഇക്കരാന്ന് ആവാനുള്ള കാരണം? ഈ തോട് അടയാളം വച്ചിട്ടല്ലെ അക്കര ഇക്കരാന്ന് ഓല് ണ്ടാക്ക്യത്. ഞാൻ മനസിലാക്കുന്നത് അതാണ്. മറ്റ് വേറെ ഒരു വിശ്വാസവും ഇതിന്റെ അകത്തില്ല. അക്കര ഇക്കരാന്ന് പയറാണെങ്കില് അങ്ങനാണെങ്കില് ഈ രാമുവല്യച്ചനും അപ്പുണ്ണിവല്ല്യച്ഛനും ചെറുണ്ണിവല്യച്ഛനും ഒക്കെ വ്ട്ന്ന് വിരുന്ന് പുറപ്പെട്ട് പോവാൻ പറ്റ്വോ? മണ്ണാറക്കൽനിന്ന് പുല്ലാട്ടേക്ക് വിരുന്നു പുറപ്പെട്ട് പോവാൻ പാടുണ്ടോ?

7.3 അപ്പോ അത് തന്നെ ഇവിടെ തെളിയും?

ഉ. അത് തന്നെ ഇവിടെ തെളിഞ്ഞില്ലേ അക്കരയും ഇക്കരയും ഇല്ലാ എന്നുള്ളത്. മനസ്സിലായില്ലെ. ഇല്ലാന്നുള്ളത് അതിന്മല് മനസ്സിലായി വന്നില്ലെ. പിന്നെന്ത് അക്കരെ ഇക്കരെ വര്ന്നാടെന്ന്. .

7.4 പിന്നെ ആരാണ് ഇങ്ങനെ പറയുന്നത്?

ഉ. ഇപ്പോൾള്ള കുട്ടര് കുട്ട്യോള് പറയ്യാന്നെല്ലാതെ

7.5 ഓര്ക്കതിനെപറ്റി അറിയാഞ്ഞിട്ടാണോ കുടുംബത്തിലുള്ള പൂർവ്വികന്മാരിയി ട്ടുള്ള കാരണവന്മാരെപറ്റി അറിയാഞ്ഞിട്ടാണോ?

ഉ. ഉണ്ടാവൂല അതെന്ന്യാണല്ലോ?

7.6 ഈ ചാത്തു എന്നൊക്കെ പറയുന്നവര് വല്ല്യച്ഛന്മാരായിട്ട് വരുംല്ലെ

ഉ. അച്ഛന്റെ ഏട്ടന്മാര്.

7.7 സൗകര്യത്തിന് വേണ്ടി അന്ന് അക്കരാന്ന് പറഞ്ഞ് തുടങ്ങിണ്ടാവുംല്ലെ?

ഉ. അതെ അങ്ങന്യാ പറഞ്ഞുതൊടങ്ങുന്നത് അന്നതത്ര വെലവെക്കുന്നില്ലെന്ന്. ഇപ്പം ഈ വെളഞ്ഞ മക്കള്ണ്ടായതിന് ശേഷാണ് ഒക്കെ ഏടാകൂടം മുഴവൻ ഉണ്ടാക്കുന്നത്. എന്ത് ഏടാകുടംണ്ടാക്ക്കാണേലും ഇപ്പം ഈ വെളഞ്ഞ മക്കള് വന്നേരെയ. . അല്ലാതെ അക്കാലത്ത് അക്കരെ ഇക്കരെന്നൊന്നും പറയില്ല. ഒരുവർത്താനോം ഇല്ല. അക്കാലത്ത് ഞാൻ കേട്ടീല്ല. അക്കരേന്ന് ഇമ്പിച്ചുണ്ണി കാർണോര് വര്ന്ന്ണ്ട്. അല്ലെല് അക്കരേന്ന് ചെറുണ്ണിപാപ്പൻ വർണ് ണ്ട്ന്ന് ആരും പറയണേ കേട്ടില്ല. ഇന്റെ അച്ഛനൊന്നും ഞാൻ പറയുന്നേ കേട്ടീല്ല. ആ കൊളപ്പുറത്ത്ന്ന് ചെറുണ്ണ്യേട്ടൻ വരുന്നുണ്ടേ. . അങ്ങനെയെ പറയുള്ളൂ ഹ ഹ ഹ . . (ചിരിക്കുന്നു) ഇപ്പോൾത്തെ ചെറുപ്പക്കാര് പറയ് ന്ന മാതിരി അക്കര ഇക്കര അക്കര ഇക്കര അങ്ങനെ പറഞ്ഞ് കളിക്ക്യ. . അതിലൊക്കെ എന്താ ഒരു അർത്ഥള്ളത്. . . കൊളപ്പുറത്ത്ന്ന് ചന്തു വല്യച്ഛൻ വർണ് ണ്ട്ട്ടോ അല്ലേ കൊളപ്പുറത്ത്ന്ന് ചെറുണ്ണി പാപ്പൻ വര്ന്ന് ണ്ട്. അല്ലേ കൊളപ്പുറത്ത്ന്ന് ചന്തുകാരർണോര് വര്ന്ന്ണ്ട് ണ്ടോ.. എന്നുള്ള വർത്തമനോള്ളേനി. ഇപ്പൾത്തെ ചെറുപ്പക്കാര് വന്ന് ഒരുവിധായേറ്റിങ്ങള് രണ്ട് വിഭാഗമാക്കി അക്കരെ ഇക്കരെന്ന്. അവിടെയല്ലെ തകരാറ് കെടക്ക്ന്നത്. . അതാണ് അക്കരെ ഉള്ള ഒരാളണെങ്കില് ഇക്കരെ വന്നിട്ട് അക്കരേക്ക് വിരുന്ന് പുറപ്പെട്ട് പോവാൻ പാടുണ്ടോ? (ചിരിക്കുന്നു) അതാ ഞാൻ പറഞ്ഞത്. ഇവരൊക്കെ ഈ പൊരേന്ന് പോയാ ആള്കളാ . . ഇങ്ങനത്തെ ചില സൗകര്യത്തിന് വേണ്ടീട്ട് ഓരോര്ത്തര് ഓരോ തലക്കില് പോയി. മന്ത്രികത്തില് കുരുവട്ടക്കാരാ . . അങ്ങനത്തെ ദുഷ്ടപ്രവൃത്തി ഒക്കെ . . നല്ല വിഷയം മുഴവൻ പയിമ്പ്രക്കാർക്ക് .. ഉള്ള വൈദ്യന്മാരും ഡോക്ടർമാരും ഒക്കെ പയിമ്പ്രക്കാരാ ....

7.8 അതും ഈ തറവാട്ട്ന്ന് പോയവരാണോ?

ഉ. ഈ തറവാട്ട്ന്ന് പോയ ആള്കളെല്ലെ? അത് നന്മനത്തെ മൂസതിന്റെ ആ ഭാഗത്താ ... നന്മനത്ത് മൂസത് പയിമ്പ്ര.

7.9 എഴുത്തുപള്ളിക്കൂടം നടത്തിയത് മണ്ണാറക്കല് ഉള്ള ആള്കളല്ലെ? അവരെ പേരെന്താ? ചാത്തുണ്ണിയോ?

ഉ. ചാത്തുണ്ണി ... ഞാനറിയുന്ന കാലത്ത് ഓരേനി ... വേറെ ആരെങ്കിലും ഉണ്ടോന്ന് എനിക്ക് പറയാൻ പറ്റൂല.

7.10 അപ്പോൾ അതിന്റെ മുന്നെ വേറെ ആരെങ്കിലും ഉണ്ടായിരുന്നോ?

ഉ. ആ .... ഉണ്ടായിട്ടുണ്ടാകും. ഉണ്ടായിക്കൂടായ്കയില്ല.

7.11 അപ്പോ കുലത്തൊഴിലായിട്ട് എഴുത്തും ഉണ്ടായിരുന്നോ?

ഉ. ഓ .... തൊണ്ടില് ... മണലും തൊണ്ടും ...

മണലും തൊണ്ടും എഴുത്തോലയും ....

എഴുത്തോലേന്റെ അകത്തല്ലെ ഹരി ശ്രീ എന്നൊക്കെ ഉണ്ടാവ്വ ... അത് മ്പളെ ജാതകം പോലുള്ള ഒരു സാധനം. അതിന്റെ അകത്താ .... മറ്റ് കടലാസും പെൻസിലും അല്ല ... മണല് പരത്ത് ആ. എന്നിട്ട് അതിന്റെ അകത്ത് ഹരി ശ്രീ എന്നെഴുതും. കയ്യിങ്ങനെ പിടിക്കും ... അറിഞ്ഞൂടാത്തോര് അത് ഒന്നുംകൂടി അമർത്തി പിടിക്കും. തോല് പോയിണ്ടാവും ... തോലണ്ടാവൂല മോളെ അമ്മാതിരി വരയ്ക്കലാ ... വരച്ചാല്ആ ....

7.12 ഈ വൈദ്യമൊന്നും കൂടാതെ എഴുത്തും ഉണ്ടായിരുന്നല്ലെ?

ഉ. ഓ ... എഴുത്തും ഉണ്ടായിരുന്നു ....

7.13 അപ്പോ എവിട്യായിരുന്നു സ്ഥലം മണ്ണാരക്കൽ സ്കൂളിന്റെ അടുത്ത് തന്നെല്ലെ?

ഉ. ആ .... മണ്ണാറക്കൽ സ്കൂളിന്റെ അടുത്ത് ഇതൊക്കെ മണ്ണാറക്കലേക്ക് ഉള്ളതാ ....

7.14 അപ്പോ ഈ എഴുത്തുപ്പള്ളിക്കൂടമാണോ പിന്നീട് സ്കൂളായിട്ട് മാറിയത്?

ഉ. ആ .... സ്കൂളായി മാറിയത് ഗുരുക്കന്മാരുടെ കയ്യിൽ കിട്ട്യേരെയാ ... ഗുരുക്കന്മാര്ത് എഴുത്തുപള്ളിന്റെ ഉള്ളിൽകേറി പറ്റ്യേരയാ ....

7.15 നമ്മൾ വാക്കാലെ പറയുമ്പോ അങ്ങനെ കിട്ടുമോ? സ്ഥലമൊക്കെ?

ഉ. ഓ..... അക്കാലത്ത് അങ്ങനെ ആണല്ലോ? സത്യാണല്ലോ അന്നേത്തത്. ഇന്നെല്ലെ 50 ഉറുപ്പ്യേന്റെ സ്റ്റാമ്പ് പേപ്പറ് 500 ഉറുപ്പ്യേന്റെ സ്റ്റാമ്പ് പേപ്പറ് ഒക്കെ ഇന്നല്ലെ. അന്നൊക്കെ സത്യ. ഇയ്യൊരു വാക്ക് പറഞ്ഞാ ഇയ്യാവാക്ക് പാലിക്കും. ഞാനൊരു വാക്ക് പറഞ്ഞാ ഞാൻ പാലിക്കും. അത് ഇഷ്ടായാലും, കഷ്ടായാലും, നഷ്ടായാലും. അന്ന് വാക്കാലാ സത്യം. രജിസ്ട്രാഫീസൊന്നല്ല സത്യം .....

മറ്റോനോട് പറയ്യ ... ആ ... എണക്ക് 10 സെന്റ് ഞാൻ തരട്ടോ ... അങ്ങനെ പൈസ ഗുരുക്കന്മാരോട് കടം വാങ്ങ്യപ്പം എന്റെ ഇത്ര സെന്റ് ഇയ്യെടുത്തോ എന്ന് പറഞ്ഞ്, അങ്ങനെ ഗുരുക്കന്മാര്ടെ കൈവശായി ... അങ്ങന്യാണ് സംഭവം ഉണ്ടായത്.

7.16 എഴുത്തുപള്ളിക്കൂടം അടക്കം സ്ഥാപനം അടക്കം അവര്ക്ക് കൊടുക്കേണ്ടി വന്നല്ലെ?

ഉ. ഉം .... 10 സെന്റ് മാത്രം ബാക്കിയായി നമുക്ക് കിട്ടി. മണ്ണാറക്കൽ പറമ്പ് തറിക്കുത്തി അവകാശത്തില്പ്പെട്ടതാ .... മണ്ണാറക്കൽ പറമ്പേ .....

**വാമൊഴി 8 - അപ്പൂട്ടി ഇത്തിലോട്ട്**

8.1 പുല്ലാട്ടുകാവിൽ നടത്തുന്ന അനുഷ്ഠാനങ്ങൾ എന്തെല്ലാം?

ഉ. നമ്മൾ നടത്തുന്നതാണോ?

8.2 നമ്മൾ നടത്തുന്നതും അല്ലാതെ ഉള്ളതുമായ അനുഷ്ഠാനങ്ങൾ. ഉദാ. കലംകരി പോലുള്ള

ഉ. ഉച്ചാലിന് കലങ്കരി ഉണ്ട്. കുംഭമാസത്തിലാണ്.

8.3 കലങ്കരി, തിറയാട്ടം വേറെ എന്തെങ്കിലും തരത്തിലുള്ള അനുഷ്ഠാനങ്ങൾ ഉണ്ടോ?

ഉ. മാസം തോറും മലയാളമാസ അവസാനം കൂട്ടപ്രാർത്ഥന ഉണ്ട്. അവർ നായന്മാർ മാത്രം മറ്റാരും പങ്കെടുക്കാറില്ല.

മാസത്തിൽ ഒരു ദിവസം നമ്പൂതിവരും പ്രത്യേകപൂജകൾ ഉണ്ടാവും. മാസത്തിൽ ഈ ദിവസം മാത്രമേ നട തുറക്കൂ. എല്ലാ വിളക്കും തെളിയിക്കും. ചുറ്റുവിളക്ക് ഉണ്ടായിരിക്കും മറ്റുള്ള ദിവസങ്ങളിൽ ആളുകൾ പോയിട്ട് വിളക്ക് തെളിയിക്കും അത് ഉള്ളിൽ കത്തിക്കാറില്ല. പുറത്തുമാത്രമേ കത്തിക്കൂ. ഈ ദിവസം അവര് കുടുംബക്കാർ മാത്രമേ ഉണ്ടാവുകയുള്ളൂ.

8.4 നമുക്കൊക്കെ പോകാൻ പറ്റുമോ?

ഉ. പുറത്ത്ന്ന് ഒന്നും ആരും പോവാറില്ല. അത് കുടുംബത്തിന് വേണ്ടിയുള്ള കൂട്ടപ്രാർത്ഥനയാണ്. അവർക്കൊന്നും ദോഷമൊന്നും വരാതിരിക്കാനുമെല്ലാം വേണ്ടി നടത്തുന്നത്. ആണും പെണ്ണും ചെറിയതും വലിയതുമായ അവരുടെ തറവാട്ടുകാർ മാത്രം. അഞ്ചാറ് തറവാട്ടുകാരുണ്ടല്ലോ? കുടുംബത്തിൽനിന്നും വരാൻ പറ്റുന്നവരെല്ലാവരും വരും. അധികവും എല്ലാവരും വരും. ഇതൊക്കെ തന്നെ. പിന്നെ നിത്യപൂജ ഇല്ല. വേറൊന്ന് ഉള്ളത് വലിയ ഒരു ഉത്സവം തറയുടെ മുമ്പെയാണ് പ്രതിഷ്ഠാദിനം. ആദ്യത്തെ പ്രതിഷ്ഠയ്ക്ക് ചിതലൊക്കെ പിടിച്ചപ്പോൾ പ്രതിഷ്ഠ മാറ്റിയതാണ്. പ്രതിഷ്ഠാദിനം കുംഭത്തിൽ തിറയുടെ മുന്നേയാണ്. അത് ഭയങ്കര ആഘോഷമായിട്ടാണ് നടത്തുന്നത്. കുറേ ആളുകൾ ഉണ്ടാകും. കുംഭം 10 ആണ് തിറ അതിന്റെ 15 ദിവസം മുന്നേ ആണെന്ന് തോന്നുന്നു 4,5 വർഷമായി പ്രതിഷ്ഠാദിനമായി കയിക്കുന്നത്.

8.5. ആദ്യമൊന്നും നമുക്കവിടെ വിളക്ക് കത്തിക്കാൻ പറ്റുമായിരുന്നില്ലല്ലോ?

ഉ. സമ്മതിക്കില്ലായിരുന്നു. അത് നമുക്കവിടെ വെളിച്ചെണ്ണയോ. വെളിച്ചെണ്ണ തന്ന്യാണ് കാര്യായിട്ട് അല്ലെങ്കിൽ നെയ്യോ? നെയ്യാണ് പ്രതിഷ്ഠയുടെ നേരെ

മുന്നിലുള്ള വിളക്കിൽ കത്തിക്കാറ്. അതൊക്കെ ചെയ്യാൻ നമ്മൾ വാങ്ങിക്കൊണ്ടുകൊടുക്കുന്നത് അവർ തിരിയിടുകയും കത്തിക്കുകയും ഒക്കെയാണ്. ഇപ്പോഴിപ്പോഴാണ് ഇങ്ങനെ പണ്ട് കത്തിക്കാൻ പറ്റില്ലായിരുന്നു (അമ്പലത്തിന്റെ പുറമെയാണ് കത്തിക്കുന്നത്). ഇപ്പോൾ അങ്ങനെ കത്തിക്കുന്നത് നായന്മാർക്ക് സമ്മതാണ്. ആദ്യം കാവിന്റെ മുമ്പിൽ വന്ന് തൊഴുത് പോവലല്ലാതെ പ്രദക്ഷിണം വെയ്ക്കാൻ പറ്റില്ലായിരുന്നു. ഇപ്പോൾ എല്ലാ ജാതി സമുദായങ്ങളും വന്ന് പ്രദക്ഷിണം വയ്ക്കുന്നുണ്ട്. ദേവിയുടെ ശ്രീകോവിലിന്റെ അടുത്തേക്ക് പോകാൻ പറ്റില്ലായിരുന്നു. സോപാനം കഴിഞ്ഞ് മുന്നിൽ കെട്ടിയ വെള്ളരിത്തറയുടെ അടുത്തുവരെയോ പോവാൻ പറ്റുമായിരുന്നുള്ളൂ. ഇപ്പോൾ നെടുങ്ങോട്ടൂർ രവിയാണ് അവിടെ തിറകെട്ടുന്നത്. ഓൻ മണ്ഡകത്തിന്റെ മുമ്പിൽ നിന്നുകൊണ്ടാണ് വാക്കെണ്ണുകയും ഒക്കെ ചെയ്യുന്നത്. ആദ്യമൊക്കെ ശ്രീകോവിലിൽ കഴിഞ്ഞ് കുറച്ച് ദൂരെ നിന്നായിരുന്നു കല്പന പറയാറ്. എന്നാലിപ്പോൾ അതെല്ലാം ശ്രീകോവിലിന്റെ മുന്നിൽ നിന്നു ചെയ്യുന്നു. എന്റെ പാപ്പനൊക്കെ ഭഗവതി തിറ കെട്ടുമ്പോൾ വെള്ളരിത്തറയുടെ പുറത്ത് നിൽക്കണമായിരുന്നു. അതിന്റെ അകത്തേക്ക് പോകാൻ പറ്റില്ലായിരുന്നു. അന്ന് ആഢ്യത്തരമുള്ള നായന്മാരായിരുന്നു. ഇപ്പോഴൊക്കെ അത് മാറി.

8.6 ശരിക്കും ദൈവത്തിന്റെ കോലം കെട്ടുന്ന ആളുകളാണല്ലോ നമ്മൾ എന്നിട്ടും എന്താ ശ്രീകോവിലിന്റെ മുമ്പിലേക്ക് കോലക്കാരന് പ്രവേശനമില്ലാത്തത്?

ഉ. അത് ആഢ്യത്തരമാണ്. അവര് നായരാണ് നമ്മള് പെരണാനാണ് താണ ജാതിക്കാരാണല്ലോ? ദൈവത്തിന്റെ കോലം കെട്ടുന്നു. ഒക്കെ കാര്യം ശരി. നമുക്ക് പ്രവേശനമില്ലായിരുന്നു. ഇപ്പോഴും മുറ്റത്ത്, അമ്പലത്തിൽ രണ്ട് കിണറുണ്ട്. ഒന്ന് നമ്പൂതിരി മാത്രമാണ് വെള്ളം കോരുന്നത്. പായസം ഉണ്ടാക്കാനും പൂജാ ആവശ്യങ്ങൾക്കുമെല്ലാമായി ആ കിണറുപയോഗിക്കുന്നു. അല്ലാതെ ഒരു ചതുരകിണർ ഉണ്ട്. ആ കിണറിലും വെള്ളം കോരാൻ പറ്റില്ലായിരുന്നു. കോരി തരുമായിരുന്നു. അണിയറിയിലേക്കുള്ള ആവശ്യത്തിനൊക്കെ വെള്ളെടുക്കാനും കുടിക്കാനുമൊക്കെ ബുദ്ധിമുട്ടായിരുന്നു. പണ്ട് പച്ചവെള്ളമല്ലെ കുടിക്കല്. ഇപ്പോഴൊക്കെയല്ലെ ചൂടുവെള്ളമൊക്കെ ആയത്. ഇപ്പോഴും വെള്ളം അവർ കോരിതര്യാന്നാ തോന്നുന്നത്. പൂജയ്ക്ക് മാത്രം വേറെ കിണർ വേണമെന്ന് പ്രശ്നത്തിൽ കണ്ടതുകൊണ്ട് മറ്റേ കിണർ കോരാൻ അനുവാദം ഉണ്ടോ എന്നറിയില്ല. മണ്ഡകത്തിന്റെ അകത്ത് (ശ്രീകോവിലിന്റെ) പൂർവ്വികമായി സ്ഥാനം കിട്ടുന്നവരെ കയറുകയുള്ളൂ. ഇപ്പോൾ നമ്പോനത്തിലെ സുരേന്ദ്രനാണ് മണ്ഡപത്തിന്റെ അകത്ത് കയറാനുള്ള അവകാശം ഉള്ളത്. രണ്ട് വള ഉണ്ടാവും ഒന്ന് മെയ്ൻ കോമരക്കാരനാണ്.

മറ്റേത് ഭഗവതിയുടെ കോലം കെട്ടുന്ന ആൾക്കും അത് ഉത്സവം കഴിഞ്ഞാൽ പിറ്റേദിവസം രാവിലെ കൊടുക്കണം. അതവര് പുണ്യാഹം കൊടഞ്ഞ് പൂജാമുറിയിൽ വെക്കും. ദൈവത്തിന്റെ കോലം കെട്ടുന്നവർക്ക് ആചാരപ്രകാരം വള നല്കി കഴിഞ്ഞ് കോലം കെട്ടികഴിഞ്ഞ് വള തിരിച്ചേല്പ്പിക്കുമ്പോൾ പുണ്യാഹം കൊടഞ്ഞ് പൂജാമുറിയിൽ വെക്കും?

8.7 ദൈവത്തിന്റെ കോലം കെട്ടുന്നവർക്ക് ആചാരപ്രകാരം വള നല്കി കഴിഞ്ഞ് കോലം കെട്ടിക്കഴിഞ്ഞ് വള തിരിച്ചേല്പ്പിക്കുമ്പോൾ പുണ്യാഹം കുടഞ്ഞ് ശുദ്ധിവരുത്തേണ്ട കാര്യമെന്താണ്?

അതൊക്കെ ആഢ്യത്തത്തിന്റെ പേരിലാണ്.

ഞങ്ങൾ നായന്മാരാണ്. മറ്റേത് പെരണാമാരാണ് എന്ന പേരിൽ.

8.8 അവർക്ക് തിറകെട്ടാനുള്ള അവകാശമുണ്ടോ?

ഉ. അതില്ല.

പുല്ലാട്ടുകാവിന്റെ 100 മീറ്റർ അകലെയായിരുന്നു ഹരിജൻ വിഭാഗങ്ങൾ നിന്നിരുന്നത്. അവരുടെ ഭണ്ഡാരവും നേർച്ചയും എല്ലാം അവിടെ യായിരുന്നു. നമ്മളെ പറ്റി പറയാണെങ്കിൽ തിറ ദിവസം നമുക്ക് മുറ്റത്തുപോവുകയും തിറ ആട്ടുകയും ചെയ്യാം. അല്ലാത്ത ദിവസം പോവാൻ പാടില്ല. തിറയാട്ടക്കാരായ മണ്ണാൻമാർ തിറ ദിവസം രാവിലെ അമ്പലം തീണ്ടി. പിന്നെ പോവാൻ പാടില്ല. തിറ ദിവസം അല്ലാത്ത ദിവസം പോവാൻ പാടില്ല.

8.9 അല്ലാത്ത ദിവസം പോയാലോ?

ഉ. മുറ്റത്തിറങ്ങാൻ പാടില്ല. പടിക്കൽ തന്നെ നിൽക്കണം.

8.10 അന്നുമാത്രം എന്തുകൊണ്ടാണ് കയറാൻ പറ്റുന്നത്?

ഉ. അന്നു നമ്പൂതിരി വന്നിട്ട് പ്രവേശനം തര്യാണ്. പിന്നെ നമ്മൾ പോന്ന് കഴിഞ്ഞാൽ ശുദ്ധികലശം നടത്തും. നമ്മൾ പോന്നു കഴിഞ്ഞാൽ ശുദ്ധികലശം നടത്തിക്കഴിഞ്ഞാൽ പിന്നെ കയറാൻ പാടില്ല.

**വാമൊഴി 9 - വേട്ടപുരയ്ക്കൽ ബാലൻ & ഉള്ളാച്ചേരിത്താഴത്ത് ശ്രീധരൻ**

9.1 പുല്ലാട്ടുകാവിന്റെ ചരിത്രവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അറിയേണ്ടത്. കാവിൽ എല്ലാവിഭാഗത്തിൽപ്പെട്ട ആളുകളും കയറിയിരുന്നോ?

അടിയാളുരുടെ ചരിത്രം തുടങ്ങിയ കാര്യങ്ങൾ?

ആചാരനുഷ്ഠാനങ്ങളും കീഴാളരുമായിട്ടുള്ള ബന്ധം?

ഉ. കാര്യമായിട്ട് അടിയാളരുമായിട്ട് ബന്ധപ്പെട്ട കാര്യങ്ങൾ അല്ലെ?

വേട്ടുപുരയക്കൽ ഭഗവതി പുല്ലാട്ടുകാവിലെ ഭഗവതിയുടെ ചേട്ടത്തിയാണ് അതിൽ മാറ്റം ഉണ്ട്ട്ടോ (ശ്രീധരൻനോട് ബാലൻ യോജിക്കുന്നില്ല). പുല്ലാട്ട് കാവ് ക്ലമുള്ളിൽ തറവാട്ടുകാരുടെ കാവാണെന്ന് പറയപ്പെടുന്നു. പിന്നീട് പുല്ലാട്ടുകാരുടെ അധീനതയിൽ വന്നതാണ്. ക്ലമുള്ളിൽക്കാർക്ക് ദൈവത്തെ കിട്ടിയിട്ട് അവർക്ക് ദൈവത്തെ കൊണ്ടുനടക്കാനുള്ള സൗകര്യം ഇല്ലാത്തത് കൊണ്ട് പുല്ലാട്ട് കൊണ്ടുകൊടുത്തെന്നും പിന്നീടവിടെ പ്രതിഷ്ഠിച്ചതാണെന്നും ആണ് പറയപ്പെടുന്നത്. അപ്പോൾ ഇതിനെ മണ്ണാറയ്ക്കൽ നിന്നാണ് എഴുന്നള്ളിക്കുന്നത് എന്നാണ് ഇപ്പോഴുള്ള ആളുകൾ പറയുന്നത്. ഇപ്പോഴുള്ള ആളുകളല്ല പണ്ടുള്ള ആളുകളും അങ്ങനെയൊക്കെ തന്ന്യാണ് പറയുന്നത്. മണ്ണാറയ്ക്കൽ നിന്ന് ഇങ്ങോട്ട് എഴുന്നള്ളിക്കുകയാണ്. അത് കഴിഞ്ഞാൽ ഉത്സവം കഴിഞ്ഞാൽ ദേവി മണ്ണാറയ്ക്കൽ തന്ന്യാണ് എന്ന് പറയുന്നു.

9.2 ആദ്യമേ അങ്ങനെ തന്ന്യാണോ പറയുന്നത്?

ഉ. ആദ്യമേ ആളുകൾ അങ്ങനെ തന്ന്യാണ് പറയുന്നത്. സംഭവം എന്താണെന്ന് വ്യക്തതയിൽ നമുക്ക് പറയാൻ പറ്റില്ല. പക്ഷേ മണ്ണാറയ്ക്കൽ അതിനായിട്ട് ഒരു റൂമുണ്ട്. ഒരു മുറി അടച്ചിട്ട് വിളക്ക് കത്തിക്കുകയുമൊക്കെ ചെയ്യാറുണ്ട്.

ഉത്സവത്തിന്റെ അന്ന് വിരുന്നു പുറപ്പെട്ട് പോരുക എന്നൊരു പരിപാടി ഉണ്ടല്ലോ? അത് അവിടെ നിന്നാണ് കാവിലേക്ക് വരുക. ദേവി ഇവിടെയാണോ? അവിടെയാണോ എന്ന് കറക്ട് ആയിട്ട് പറയാൻ പറ്റില്ല. അതാണല്ലോ മണ്ണാറയ്ക്കൽ തിറ കുംഭം 7ന് കഴിക്കാൻ തുടങ്ങിയത്. അതുകൊണ്ട് അവർക്ക് ദോഷമേ ഉണ്ടായിട്ടുള്ളൂ.

ഇങ്ങനെയും പറയുന്നുണ്ട്. ഈ കാവില് ഉത്സവം കഴിക്കാൻ വേണ്ടിയുള്ള സാമഗ്രികളും അതിനുള്ള ആളുകളും അവിടെ നിന്നും പ്രാർത്ഥിച്ച് എഴുന്നള്ളി വരുന്നു എന്നും ഇവിടുത്തെ അടിയാളർ മാത്രമാക്കിയിട്ട് അവർ വേറെ എവിടെയും പോവാതെ ഇവിടുത്തെ അടിയാളർ മാത്രമായിട്ട് പോവുന്ന ഒരു പ്രാധാന്യം ഇവർക്കുകൊടുക്കുന്നുണ്ട്. അപ്പോൾ അവർക്ക് കാവിനോട് കൂടുതൽ

അധികാരവും അവകാശവും വന്നല്ലോ ഇവിടുത്തെ അവകാശികളായിട്ട് അവിടെ നിൽക്കുകയും ആ ദിവസം വരുമ്പോൾ അവകാശികളെല്ലാം കൂടി ഇങ്ങോട്ട്തന്നെ ഒരു കൂട്ടായ്മയുടെ ഭാഗം കൂടി ഉണ്ടാവും അതിൽ. അല്ലാതെ ഭഗവതിനെ അങ്ങോട്ടും ഇങ്ങോട്ടും കൊണ്ടുനടക്കാൻ പറ്റില്ലല്ലോ? അതിന് ഒരുപാട് മന്ത്രങ്ങളും തന്ത്രങ്ങളും ആവശ്യമാണ്.

ശരിക്കും പുല്ലാട്ട് തന്ന്യാണ് ഇതിന്റെയൊക്കെ അടിസ്ഥാനമെന്ന് പറയുന്നത്. അടിയാളരായിട്ടുള്ള ആളുകൾക്ക് കാവിൽ പ്രവേശിക്കാൻ കഴിഞ്ഞിരുന്നില്ല. തിയ്യർക്കും പുലയർക്കും തുടങ്ങി അടിയാളർക്ക് കാവിൽ യാതൊരു അധികാരവും ഉണ്ടായിരുന്നില്ല. പുലയർ താഴത്ത് തന്ന്യാണ് ഒരു പാലേടെ ചുവട്ടിൽ, തീയ്യർ മുകളിലെ തിണ്ടിന്റെ അടുത്ത്. തിയ്യർ കാവിലേക്ക് കൊടികൊടുക്കാണെങ്കിൽ തന്നെ അവർക്ക് കൊടി എഴുന്നള്ളിച്ച് കൊണ്ടാവാൻ പാടില്ല. വാങ്ങിയിട്ട് അവർ എഴുന്നള്ളിക്കും.

കീഴാളരായിട്ടുള്ള ഉത്സവം കെട്ടുന്ന പെരുവണ്ണാൻമാർക്ക് അവിടുത്തെ കുളത്തിൽ കുളിക്കാൻ പാടില്ലായിരുന്നു. മുറ്റത്ത് വെളിച്ചപ്പെടാം, തിറകെട്ടാം അവിടെ കുളിക്കാൻ പറ്റില്ല. അതിന് ഇവിടെ കുരുവട്ടൂര് ഭയങ്കര അയിത്തോച്ചാടന കമ്മറ്റി മീറ്റിങ് ഒക്കെ വെച്ചു. പിന്നെയാണ് പ്രവേശനമായത്.

9.3 ഇപ്പോൾ ഗുരുവായൂർ ക്ഷേത്ര വിളംബരമൊക്കെപോലെ

ഉ. അതെ അന്ന് ആ സമയത്ത് അയിത്തോച്ചാടന കമ്മിറ്റി മീറ്റിങ്ങും അതും ഇതും ഒക്കെ നടത്തിയിട്ടുള്ള പെരുവണ്ണാൻ, പാണൻ,, തിയ്യർ, സമുദയാത്തിൽ പ്പെട്ടവർ നാളെയാണ് കാവു തീണ്ടുന്നത് എന്നുറപ്പിച്ച കഴിഞ്ഞാൽ ഇന്ന് ഇവരെല്ലാം ഒഴിഞ്ഞ് കാലുപിടിച്ച് മാപ്പു പറഞ്ഞു. പിറ്റേ ദിവസം ചെറുമക്കളായിട്ടുള്ള ആളുകൾ മാത്രം 10, 12 ഓ ആളേ ഉള്ളൂ മാത്രം പോയി കാവുതീണ്ടി. അപ്പോൾ നായർ സ്ത്രീകൾ അയ്യോ ചെറുമക്കളെല്ലാം ഇപ്പം ചത്തു വീഴുമല്ലോന്ന് നെഞ്ചത്തടിച്ച് കരഞ്ഞിട്ടുണ്ട്. ബാക്കി ആളുകളൊക്കെ അന്ന് വലിഞ്ഞു. ഈ സംഭവത്തിനുശേഷം എല്ലാവർക്കും പ്രവേശനമായി (ബാലൻ) എനിക്ക് അന്ന് 10, 12 ഓ വയസ്സുണ്ടാവുള്ളൂ. 65, 66 കാലഘട്ടത്തി ലായിരിക്കണം (പാർവ്വതി) ഞാൻ ഒന്നിലോ രണ്ടിലോ ആണ്. കമ്മീസിട്ടാണ് ഞാൻ കാവുതീണ്ടൽ പങ്കെടുത്തത്. പ്രവേശനം കിട്ടിയിട്ട് അടുത്തടുത്ത സമയത്ത് കയറിയത് (ബാലൻ) എന്റെ അച്ഛനും വൈലേരിത്താഴത്തെ കണ്ടൻ കുട്ട്യേട്ടനും. ഓലങ്ങനെ വെള്ളടിച്ച് പോവ്വാ ചെയ്യ.

## 9.4 വെള്ളടിച്ച് കാവിൽ പോയോ?

ഉ. ആ ഓലങ്ങനെ വെള്ളടിച്ചങ്ങനെ പോവ്വാചെയ്യ. ഓല്ക്ക് വേറെന്ത്? കാവിന്റെ മുറ്റത്ത് നായന്മാരായിട്ടുള്ള ആളുകൾക്ക് മാത്രമേ പ്രവേശനം ഉള്ളൂ. ഉയർന്ന സമുദായത്തിൽ ഉള്ളവർക്ക് മാത്രം. നേരെ തിണ്ടിൽ തിയ്യർക്ക് മണ്ഡപത്തിന്റെ അടുത്ത് ഭണ്ഡാരപ്പെട്ടിണ്ട്. ആ ഭണ്ഡാര പ്പെട്ടിയിൽ മാത്രമേ പൈസടാൻ പറ്റുള്ളൂ. പ്രാർത്ഥിക്കാൻ പറ്റുള്ളൂ. മുറ്റത്തേക്ക് ഇറങ്ങാൻ പാടില്ല. തിണ്ടിൽ വന്ന് നിന്ന് തിറ കാണാം. കാവിലേക്ക് ഇറങ്ങാതെ ഇവരുടെ മണ്ഡപത്തിൽ നിന്നാണ് കൊടുക്ക. കൊടി ഓല് വാങ്ങികൊണ്ട് വന്ന് എഴുന്നള്ളിക്കും.

തിയ്യരാണ് കാവിലെ കൊടികെട്ടുക. കാവിലേക്ക് വേണ്ട എളന്നി, തേങ്ങ, കുരുത്തോല ഇതൊക്കെ സംഘടിപ്പിച്ച് കൊടുക്കുന്നത്. അവിടേക്ക് കനലാട്ടം എന്നു പറയുന്ന ഒരു സംഗതിയുണ്ട്. അതിനുവേണ്ട വിറകെല്ലാം കീറികൊടുക്കുന്നത് ആശാരിമാരാണ്. കൊല്ലന്മാരാണ് അണച്ചു കൊടുത്തിരുന്നത്. ഇതൊക്കെ അടിമകളായിട്ട് താഴെ തട്ടിലുള്ള ആളുകൾ ഇവർക്ക് ചെയ്തുകൊടുക്കണമെന്നുള്ള ഒരു കീഴ് വഴക്കം. അടുത്തകാലം വരെ ഇതൊക്കെ ഉണ്ടായിരുന്നു. ഒരു 80 വരെയൊക്കെ ഉണ്ടായിരുന്നു. അവസാനം കുളപ്പുറത്ത് ഭാസ്കരേട്ടൻ വരെ തിയ്യരുടെ പണികൾ ചെയ്തിരുന്നു. തിയ്യർ പ്രത്യേക മണ്ഡപത്തിൽ വരുകയും ചെറുമക്കൾ ഏറ്റവും താഴെ ഭാഗത്ത് ഒരു പാല ഉണ്ടായിരുന്നു. അവിടെ ചെറിയ പട്ടുവെച്ചിട്ട് മണ്ഡപം വെക്കും. വെളിച്ചപ്പാട് വന്നിട്ട് മുറ്റത്ത് നിന്ന് മറഞ്ഞു നിൽക്കുന്ന ആളുകളെ ചെറുമക്കൾക്ക് ഉത്സവം കാണുന്നതിനായി മാററിനിർത്തിച്ചിരുന്നു. കാവുതീണ്ടി കഴിഞ്ഞതിനുശേഷവും അവിടെ മണ്ഡപം വെറുതെ വെച്ചിരുന്നു. പിന്നീട് നേരെ പോയി കാണും കാവ് തീണ്ടിയതിനുശേഷം അങ്ങോട്ട് പോവേണ്ട ആവശ്യമില്ല. തീണ്ടി കാര്യം കഴിഞ്ഞു. പിന്നെ ഇവിടെ ഉള്ള ചെറുമക്കൾ കയറാതായി. ദേവിയോട് പ്രശ്നമൊന്നുമില്ല നമ്മൾക്ക്.

ഏറ്റവും വലിയ തെറ്റ് സ്കൂളിൽ പഠിക്കുന്ന നായരും വേറെ കുട്ടിയും ഒപ്പം കാവിൽ കയറാണെങ്കിൽ നായർക്ക് മാത്രം ഒരു പന്തൽ. മറ്റുള്ളവർക്കൊന്നും ഒരു തരത്തിലുള്ള പരിഗണനയും ഉണ്ടായിരുന്നില്ല. ഇതൊക്കെ ഇല്ലാതാക്കിയത് പാവപ്പെട്ട ഇവിടുത്തെ ജനങ്ങൾ തന്നെയാണ്. ഇപ്പോഴും അതിന്റെ ചില കാര്യങ്ങൾ ഇവിടെ നടത്തുന്നുണ്ട്. താലപ്പൊലിക്ക് അവിടെ ഉള്ള ആളുകളെ തന്നെയാണ് പണ്ടും ഇപ്പോഴും അവർ സ്വീകരിക്കുന്നത്. ആശാരിമാർ വിറക് പൂജിക്കുന്ന ചടങ്ങൊന്നും കണ്ടിട്ടില്ല. വിറക് കീറും അത്രമാത്രം.

കാവ് തീണ്ടിയത് അവിടെ വലിയൊരു സംഭവമാണ്. നമുക്ക് തീണ്ടാലോ എന്നത് തെളിയിച്ചു. അത് അന്നത്തെ ഒരാവശ്യമായിരുന്നു. അത് നടത്തി.

(ചെറുമക്കളെല്ലാതെ കാവുതീണ്ടലിൽ മറ്റുള്ള ജാതിക്കാർ ഒന്നും പങ്കെടുത്തിരുന്നില്ല) മറ്റുള്ള ജാതിക്കാർ ഭയം കൊണ്ടാണ് മാറിയത്. അന്ന് ഉത്സവം നടത്തികൊടുക്കുന്നവരുടെ മക്കളാണ് മാറി നിന്നത്. തിയ്യർ മാറി നിന്നും കാരണം അന്നൊക്കെ പരസ്പരസഹായങ്ങളാണ് ഉണ്ടായിരുന്നത്. ഉയർന്ന ജാതിക്കാരുടെ അടുത്തായിരുന്നു സ്വത്ത് സമ്പാദ്യം. തിയ്യർക്ക് തേങ്ങവലി ഇല്ലാതായാൽ, തമ്പ്രാൻ ഒരു തീരുമാനമെടുത്താൽ, വീടുകെട്ടാൻ തെങ്ങോല ഇവർ തരണം. കൂലിതന്നാലും ഇല്ലെങ്കിലും തമ്പ്രാക്കന്മാർ പോലുള്ള ആളുകളെ നമ്മൾ പരിപാലിക്കേണ്ടി വന്നു. അവർ അതൊക്കെ ഉപയോഗപ്പെടുത്തി.

അന്നൊക്കെ ചുരുട്ട് കൊടുക്കാനൊരു പരിപാടി ഉണ്ട്. നെല്ലെടുത്തിട്ട് ചുരുട്ടാക്കി കൊടുക്കും. അപ്പോൾ മഴപെയ്യുമ്പോൾ ഇവനെ വിളിച്ചാണ് പറയുക മഴ പെയ്യുന്നുണ്ട് എന്ന്. അപ്പോൾ ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്യണം. 24 മണിക്കൂറും ഈ ജന്മിയുടെ കൃഷി ഇടം നോക്കുന്നത് ഇവനാണ്. വയൽപണി എടുക്കുന്നവരെ ഇങ്ങനെ കുടുതൽ ജോലി ചെയ്യിപ്പിച്ചിരുന്നു. തമ്പ്രാൻ ഒരു ചുരുട്ട് അധികം കൊടുത്താൽ ഇവർ വലിയ കാര്യായിട്ട് കാണും. തമ്പ്രാൻ എനിക്കൊരു ചുരുട്ട് അധികം തന്നല്ലോ എന്ന് കരുതും. നാട്ടിനട്ടു കഴിഞ്ഞാൽ വയലിൽ വെള്ളം കെട്ടികിടക്കുന്നത് ഒഴിവാക്കണം. ഇത്തരം പണിയൊന്നും എടുക്കുന്നതിന് കൂലിയില്ല. അവനെ ഇതിന്റെ അധികാരിയാക്കി മാറ്റുന്നു. എന്നിട്ട് ചൂഷണം ചെയ്യുന്നു. മഴ പെയ്യുന്നുണ്ട്. നമ്മളെ കൃഷി നശിക്കുമോ എന്ന രീതിയിൽ. ഇവൻ ഇതിത്രയും വലിയ കാര്യമായിട്ടാണ് കാണുന്നത്. പണിയെടുക്കുന്നവന്റെ മനസ്സിൽ അവന്റെതെന്ന സങ്കല്പം ഉണ്ടാക്കിയെടുക്കുന്നു. അവനത് അറിയുന്നില്ല. തമ്പ്രാൻ പറയുന്നു മഴ പെയ്യുന്നുണ്ട്. എല്ലാം ഇന്ന് നട്ട നെല്ലല്ലെ അപ്പോൾ രാത്രിയാണെങ്കിലും കൈക്കോട്ടും എടുത്ത് പോവാണ്. ഇങ്ങനെ പണി എടുപ്പിക്കുന്നതിന് സോപ്പിടാൻ രണ്ട് ചുരുട്ട് നീ എടുത്തോട്ടോ എന്ന് പറഞ്ഞ് പല കാര്യങ്ങൾക്കുമായി ഉപയോഗപ്പെടുത്തുന്നു.

**വാമൊഴി 10 - രാജഗോപാലൻ കുരുവട്ടൂർ**

10.1 കുരുവട്ടൂരിലെ നായർ കുടുംബങ്ങളെക്കുറിച്ച് പറയാമോ?

ഉ. നായർ കുടുംബമെന്ന് പറയുന്നത് അധികവും മരുമക്കത്തായാണ്. മരുമക്കത്തായാണ് പറഞ്ഞാല് അമ്മാവനാണ് റൈറ്റ് കൂടുതല്, അച്ഛനല്ല. ഈ അമ്മാവനാണ് കാര്യങ്ങളൊക്കെ നിയന്ത്രിക്യ. അച്ഛൻന്ന് പറഞ്ഞാല് വിവാഹം കഴിക്ക്യാ സംബന്ധക്കാരനെന്നുള്ള റോളേ ഉള്ളൂ. കണ്ട് പോരുന്നത്. അത് നിർത്ത്യ കൊല്ലണ്ട്. ഏതേരുകൊല്ലാണ് മരുമക്കത്തായം നിർത്തീട്ട് പിന്നേം ഇത് തന്നെ വന്നത്. എന്നിരുന്നാലും നമുക്ക് പ്രത്യേകിച്ച് നായന്മാർക്ക് കൂടുതൽ റൈറ്റ് അച്ഛന്റെ ഭാഗത്ത്ന്നല്ല അമ്മന്റെ ഭാഗത്ത്ന്നാണ്. ഒരു സ്വത്തിലാണെങ്കിലും അച്ഛന്റെ സ്വത്തിനെക്കാളും കൂടുതൽ റൈറ്റ് അമ്മേന്റെ സ്വത്തിനാണ്. ഇപ്പം ഞങ്ങക്കെന്നെ കറ്റടിമൂത്തേടത്ത് അമ്പലാണ്. കറ്റടിമൂത്തേടത്ത് അമ്പലംന്ന് പറയുന്നത് കറ്റടിമൂത്തേടത്ത് തറവാടിന്റെയാ. എന്റെ അച്ഛനാണ് പിന്നെ ആ തറവാടിന്റെ അധികാരം. നമുക്കവിടെ പോവ്വാന്നല്ലാതെ ഉരായ്മ ആവൂല. കാരണം അത് അമ്മേന്റെ വഴിക്കാണെങ്കിലേ വരുള്ളൂ. ഇപ്പതൊക്കെപ്പോയി. പക്ഷേ എന്നിരുന്നാലും പണ്ടുമുതൽക്കേ പോരുന്ന ചിട്ടകളാ. അതുപോലെതന്നെപ്പം ഏത് കമ്മ്യൂണറ്റിക്കും ഉണ്ട്. കല്ല്യാണൊക്കെ കഴിച്ചുകൊടുക്കുമ്പോ പെൺകുട്ടിക്ക് സ്വത്തിന്മേലുള്ള അധികാരൊക്കെ പോവൂലെ. തിയ്യർ സമുദായത്തിലും സ്വത്ത് കൊടുക്കുന്നത് വളരെ കൊറവാണ്. ഈകുവൽ റൈറ്റ് ഇല്ല. അത്പ്പം ഒരച്ഛനും അമ്മയ്ക്കും നാല് മക്കളാണെങ്കിലും അവർടെ അച്ഛന്റെയും അമ്മടെയും സ്വത്തില് ഒര് ഈകുവൽ റൈറ്റൊന്നും അന്നില്ല. കൊട്ത്തത് വാങ്ങ്യാന്ന്ള്ളതേ ഉള്ളൂ. അമ്മേന്റെ സ്വത്താണെങ്കി കിട്ടും.

10.2 ഇവിടെ ആരുടെ അടുത്തായിരുന്നു കൃഷിഭൂമിയൊക്കെ ഉണ്ടായിരുന്നത്?

ഉ. ഒന്ന് ഇതെന്നെ ഈ കറ്റടിമൂത്തേടത്ത് തറവാട്. കറ്റടിമൂത്തേടത്ത് തറവാടിന്റെ ആദ്യത്തെ കാരണവര് കുറ്റ്യായത്തിൽ അപ്പുനായര്. അപ്പുനായര് അംശം അധികാരിയായിരുന്നു. കുരുവട്ടൂര് വില്ലേജിന്റെ അധികാരി. ഇന്നത്തെ വില്ലേജ് ഓഫീസറിന് പകരം അന്നൊക്കെ അധികാരി, കോൽക്കാരനും, മേനോനും ആണ് ഇപ്പോഴത്തെ വില്ലേജ് അസിസ്റ്റന്റ്. കോൽക്കാരൻ ക്ലർക്ക് ആണ്. മേനോൻ അധികാരിയാണ്. വില്ലേജ് ഓഫീസർ ഈ ഇവിടുത്തെ കറ്റടിമൂത്തേടത്തെ അംശം അധികാരിയായിരുന്നു. കാരണവര് അതിന്ശേഷം നമ്മളെ മനത്താനത്തെ അശോകൻമാഷിന്റെ അച്ഛൻ കറ്റടിമൂത്തേടത്ത് രാഘവൻ നായര് അയാളായി തറവാടിന്റെ കാരണവര്. പിന്നെ പട്ടയം കൊടുക്കാനും

ജന്മം കൊടുക്കാനും ഒക്കെള്ള അധികാരം അവർക്കാണ്. അതിന്റെ പൈസയും തറവാട്ട് കാരണവര്ന്ന്ള്ള നിലയ്ക്ക് അവരാ വാങ്ങ്യ. ഈ തറവാട്ഭൂമികൾ ഇഷ്ടംപോലെ ഏക്കറ് കണക്കിന് നൂറുകണക്കിന് ഏക്കർ ഈ തറവാട്ടിലേക്ക് ഉണ്ടായിരുന്നു. ഈ കാണുന്ന വലയുകളും എല്ലം ഒരേ തറവാടിന്റെയാ. ഭൂമികൾ മുഴുവൻ ഒറ്റ തറവാടിന്റെയാ. അത് ആദ്യം അപ്പുന്ന് പറഞ്ഞ അപ്പുഅധികാരിയും പിന്നെ ഈ രാഘവൻനായരും ഒക്കെ കുടുംബത്തിന് കുടുംബത്തിനങ്ങനെ ചാർത്തികൊടുക്കായിരുന്നു. ഓര്ക്ക് വേണ്ടത് ഓരും എടുക്കും. ഉദാഹരണത്തിന് കിഴക്കേവയിലേരിപറമ്പ് തൊട്ട പറമ്പാണ് അതില് രണ്ടും മൂന്നും സ്ത്രീകളിലുള്ള മക്കളുണ്ട്. പക്ഷേ അതില്ല് ആൺങ്ങളായിട്ടുള്ള വസിക്കുന്ന ഒരു ഫാമിലിയേ ഉണ്ടായിരുന്നുള്ളൂ. അവർക്കേ സ്വത്ത് കിട്ടിയുള്ളൂ. ഈ കുടുംബത്തിലുള്ള ആ ഭാര്യന്റെ ഭർത്താവ് മരിച്ചപോയത്കൊണ്ട് അവർക്ക് ഒന്നും കിട്ടീട്ടില്ല. ഇപ്പം ഇന്റെ അച്ഛനൊക്കെ കിട്ട്യത്പോലെ സ്വത്ത് കിട്ടേണ്ടതാണ്. ഹോട്ടൽപണിക്ക് പോവുന്ന മോഹനൻ ഇപ്പം പെണ്ണ്ങ്ങളിലെ, അതിനവർക്കൊന്നും ഒരു ഗതീം ഇല്ല. അന്ന് ഒന്നും കിട്ടിയില്ല.

10.3 അത് എന്ത്കൊണ്ടാ?

ഉ. അന്ന് അങ്ങനത്തെ ഒരു അടിമത്തം ഇല്ലെ. കയ്യൂക്കുള്ളവൻ കാര്യക്കാരൻ. ആ വിധത്തിലന്ന് ഈക്വൽ റൈറ്റ് ഒന്നും ആയിട്ടില്ല. പിൽക്കാലത്ത് നിയമം മാറി ഈക്വൽ റൈറ്റ് ഒക്കെ വന്നത്.

10.4 അവര്ടെ അച്ഛൻ പണ്ടേ മരിച്ച് പോയില്ലെ.

ഉ. സ്ത്രീകളും കുട്ട്യളും മാത്രമേ ഉള്ളൂ. കുട്ടികളാണെങ്കിൽ പ്രായമായോരില്ല. അത്കൊണ്ട് ആണുങ്ങളുള്ളോരൊക്കെ കാര്യം നേടുകയും ചെയ്തുതന്ന്. അത്പ്പം എല്ലാ കുടുംബത്തിലും അങ്ങനാണ്. ഈ അപ്പുനായര്ന്ന് പറഞ്ഞാല് അയാളും അയാൾടെ മക്കളും ഒക്കെ ഇഷ്ടംപോലെ പറമ്പ് കൊടുത്ത്ക്ക്ന് അയാൾടെ കുടുംബത്തിലൊക്കെ. അശോകൻമാഷിന്റെ അച്ഛനും ഇഷ്ടംപോലെ ഉണ്ടാർന്നു. മൂപ്പർക്ക് കിട്ട്യോണം തന്നെ മൂപ്പര് ഓരോ മക്കളെ കല്യാണത്തിന് പറമ്പ് വിറ്റ് പറമ്പ് വിറ്റ് പോയി.

10.5 ഇതൊക്കെ അവരുടെ അധീനതയിൽ എങ്ങനെ വന്നു?

അത് പണ്ട് തറവാടിനായിട്ട് പണ്ട് രാജാക്കൻമാരുണ്ടല്ലോ ഈ തറവാട്ന്ന് പറയുന്നത് ഈ കറ്റടിമൂത്തേടത്ത് തറവാടിന്റെ സ്വത്തുകൾ മുഴുവൻ സാമൂതിരിപ്പാടിന്റെതായിരുന്നു. അന്നീ സാമൂതിരിരാജാവിന്റെ പടതലവന്മാരും സൈന്യരും ആയിരുന്നു ഈ തറവാട്ടിലെ ആണുങ്ങള്. അതിന് കളരി ഉണ്ട്. ഇതൊക്കെ പഠിക്കാനുള്ള കളരി ഇവിടെ ഉണ്ട്. മൂത്തേടത്തേതിന്റെ തൊട്ടപമ്പ്

ഒരു കളരി ഉള്ള പറമ്പാണ് അത് ക്ഷയിച്ചുപോയതാ. അവര് യുദ്ധം ചെയ്യാൻ പോവുമ്പം പ്രാർത്ഥിക്കുന്ന അമ്പലമാണ് കറ്റടിമൂത്തേടത്ത് ഇപ്പഴം നിലവിലുള്ളത്. ഈ കാരണവന്മാര് അന്ന് യുദ്ധം ചെയ്ത് മരിച്ച മൂത്ത രണ്ട് കാരണവന്മാരെ ഈ അമ്പലത്തില് കുടിവെച്ചിട്ടുണ്ട്. ഓലാണ് ഗുരുന്ന് പറയുന്നത്. ഗുരുകാരണവന്മാര്ന്ന് പറയുന്ന രണ്ടമ്പലവും ഓർക്കുള്ളതാണ്. പണ്ട് രണ്ട് ഗുരുക്കന്മാര്, സാമൂതിരിപ്പാടിന്റെ പടത്തലവന്മാരാണ്. അപ്പം അന്ന് ഈ സാമൂതിരി കൊടുത്തതാണ് ഈ സ്വത്ത്കളൊക്കെ. അന്ന് രാജാവിന്റെ അടുത്താണല്ലോ അധികാരങ്ങളും അതിൽ ഒരു പ്രദേശം മുഴവൻ ഇങ്ങനെ യുദ്ധത്തിൽ സഹായിക്കുന്ന പ്രമാണിമാർക്ക് കൊടുക്കും. അങ്ങനെ വന്ന തലമുറയാണ്.

10.6 അങ്ങനെ പടയ്ക്ക് പോയിട്ട് മരിച്ച് പോയാൽ ഇവർടെ കുടുംബത്തിനെന്തെങ്കിലും കൊടുക്കുമോ?

ഉ. ഒന്നായിട്ട് കൊടുക്കും. ബാക്കിള്ള കാരണന്മാർടെ കയ്യില് കൊടുക്കും.

10.7 പോർളാതിരിന്ന് പറയുന്ന രാജാവിനെക്കുറിച്ച് അറിയുമോ?

ഉ. അറിയില്ല, പോർളാതിരീനെക്കുറിച്ച്.

അന്ന് നേരിട്ട് കൃഷി നടത്തീട്ടില്ല. അന്ന് മുഴവൻ പാട്ടത്തിന് കൊടുക്കാം കർഷകർക്ക്. എന്നിട്ട് ഇവര് സുഖമായിട്ട് ഇരുന്ന് ഈ പാട്ടം കൊട്ടുകൊടുക്കുന്നതിന് ഭക്ഷണം കഴിക്ക്യാനല്ലാതെ ഇവർക്ക് നേരിട്ട് കൃഷി ഇല്ല. പണ്ട്ള്ള കാരണവന്മാരൊന്നും ഓരൊക്കെ പാട്ടത്തിന് ഇങ്ങനെ ഒക്ക്യ ചെയ്യ. ഓര് കൊല്ലത്തേക്ക് ഇത്ര നെല്ല്ന്ന് പറഞ്ഞ്കൊണ്ട് കൊടുക്കും.

10.8 ആർക്കാ കൊടുത്തിട്ട്ണ്ടാവ്വ പാട്ടത്തിന്

ഉ. അത് ആർക്ക് വേണങ്കിലും കൊടുക്കാം ഇന്ന ജാതീന്ന് ഒന്നും ഇല്ല. ആ ഒരു ഏക്കറ് ഞാൻ നോക്കട്ടെ. അയിക്കോട്ടെ. അതിനൊരു പാട്ടം നിശ്ചയിക്കും. അതിനൊരു എഗ്രിമെന്റും എഴുതി. അങ്ങനെയാണ് ഈ ഇ.എം.എസ്. ഗവൺമെന്റ് വന്ന് ഈ ജന്മികുടിയാൻ വ്യവസ്ഥയൊക്കെ പോയത്. ഈ കുടിയാനൊക്കെ ജമ്മം കിട്ടി.

10.9 മെയിനായിട്ട് നായന്മാരാണല്ലെ

ഉ. അതെ അത് കഴിഞ്ഞാൽ തിയ്യരും ഇവിടെ എരഞ്ഞിക്കൽ എന്നൊരു തറവാട്ണ്ട്. മല്ലിശ്ശേരി താഴത്ത് അവക്ക് ഈ മെയിനായിട്ട്ള്ള പണീന്ന് വച്ചാ മദ്യം കാച്ചാണ്. ഈ നായന്മാര് ഈ വീട്ടിൽ പോയിട്ടാണ് സ്ഥിരമായിട്ട് മദ്യപിക്ക്യ. അന്ന് ആ പറമ്പ് ഇയ്യി എടുത്തോന്ന് പറയും. പൈസ കൊടുക്കൽ ഇല്ലല്ലോ പണം ഇല്ലല്ലോ.

10.10 നായന്മാരെല്ലാതെ നമ്പൂതിരിമാരുണ്ടോ?

ഉ. നമ്പൂതിരിമാരൊക്കെ ക്ഷയിച്ച് പോയതായിരുന്നു. ഇപ്പം ഇപ്പോഴാണ് നന്നായി വരുന്നത്. നമ്പൂതിരിമാരുണ്ടായിരുന്നു. ഇപ്പം പറമ്പിടിയാണെങ്കിലും കോൽപ്പുറത്താണെങ്കിലും കുറേ നമ്പൂതിരി തറവാട്ടുകൾ ഉണ്ടായിരുന്നു. അതൊക്കെ ക്ഷയിച്ചുപോയി. അതിൽ പറമ്പിടി നമ്പൂതിരി പറമ്പിടി നമ്പൂതിരിമാര് ഓര് പിടിച്ചുനിന്നു. അവര് പൂജാവിധികൾ പഠിച്ചു. ഈ മോഹനൻ നമ്പൂതിരി ഒന്നും ഇന്ന് ഇന്ത്യയിൽ ഇല്ല. ഇന്ന് സിംഗപ്പൂരാവും അല്ലെങ്കിൽ മലേഷ്യയിലായിരിക്കും ഒക്കെ ആളുകൾ ബുക്ക് ചെയ്ത് കൊണ്ടോവ്വാ പൂജയ്ക്ക് വേണ്ടിട്ട്. അവരുടെ ഫാമിലിയെ രക്ഷപ്പെട്ടുപോയി. അങ്ങനത്തെ ഫാമിലിയുള്ള നമ്പൂതിരിമാരും ഇവിടെ ഉണ്ട്. കോൽപ്പുറത്ത് ഭാഗത്തുള്ള നമ്പൂതിരിമാർ ശ്രീകുമാരൻ മാഷ്, കേശവൻ നമ്പൂതിരിമാഷ് ഓലൊക്കെ ഇങ്ങനെ ക്ഷയിച്ച് ക്ഷയിച്ച് പോയതാ .... പിന്നെ പൂജാവിധികള് അങ്ങനെ ഒന്നിനും അധികം പോയിട്ടില്ല. ഒക്കെ ജോലിം നോക്കി അങ്ങനെ നടന്ന് പോയതാണ്.

10.11 അതിന് മുന്നേ അവരുടെ ജീവിതം എങ്ങനെയാ കഴിഞ്ഞ് പോന്നിരുന്നത്.

ഉ. വെറും അമ്പലവാസികളായിട്ട് തന്നെ അമ്പലത്ത്ന്ന് കിട്ടുന്നത് കൊണ്ട് തന്നെ വേറെ ഒന്നും ഇല്ല. അന്നൊക്കെ ഭയങ്കരല്ലെ ഇപ്പം മുസ്ലിംങ്ങൾക്ക് പള്ളി ഉള്ളോണം ഹിന്ദുക്കൾക്ക് അമ്പലവും ആയിട്ട് അറ്റാച്ച് ചെയ്തിട്ടായിരുന്നു എല്ലാ പരിപാടിയും അക്കാലത്ത്. ഇപ്പം അമ്പലത്തിൽ പോണോലെ വിമർശിക്കുന്ന കാലാത്. മുസ്ലിംങ്ങൾക്കും ക്രിസ്ത്യൻസിനും അല്ലെ ഇപ്പം ഉള്ളൂ. അവർക്ക് മരിച്ചാലും ജനിച്ചാലും കല്ല്യാണത്തിനും ഒക്കെ വേണം. ഹിന്ദുക്കൾക്ക് അങ്ങനെ അല്ലല്ലോ? മരിച്ചാൽ അമ്പലം വേണോ ജനിച്ചാൽ വേണോ? കല്ല്യാണത്തിന് വേണോ?

10.12 പുല്ലാട്ട് കാവും ആയിട്ട് ബന്ധപ്പെട്ട കുടുംബങ്ങളൊക്കെ ഏതാണ്?

ഉ. കുറ്റ്യോയത്തിൽകാരാണ് അതിന്റെ ഒരുവിധം കാര്യങ്ങളൊക്കെ. പിന്നെ എളോറ രവിനോട് ചോദിച്ചാൽ പുല്ലാട്ടുകാവുമായിട്ട് ഉള്ള കാര്യങ്ങൾ അറിയാം. അവൻ അമ്പലവാസി ആയിട്ട് നടക്കുന്നതാണ്. കുറേകാലം ആയിട്ട്. അവിടുത്തെ ഊരായ്മക്കാരായിട്ട് കുറേ കാലായി. അവിടുത്തെ മുഴുവൻ ഡിറ്റെയിൽസും അവനറിയാം. പൊൻമിളി ബാലകൃഷ്ണനാണ് ഇപ്പം അവിടുത്തെ കമ്മറ്റി. അവനൊക്കെ ഇപ്പം അടുത്ത കാലായിട്ടോള്ളൂ അമ്പലവുമായി ബന്ധപ്പെട്ടിട്ട്. മറ്റ് കാര്യങ്ങളൊന്നും അറിയില്ല.

**വാമൊഴി 11 - ശശിധരൻ എം.പി., മുണ്ടക്കരമീത്തൽ**

11.1 പുല്ലാട്ട് കാവിന് മണ്ണാറക്കൽ കാവും ആയിട്ട് എന്താണ് ബന്ധം?

ഉ. അതായത് പറഞ്ഞ് കേട്ടത് എങ്ങന്യാച്ചാല് പുല്ലാട്ട് ഭഗവതി ഉണ്ടായിരുന്നില്ലാന്നാ പറയുന്നത്.

11.2 ആദ്യകാലത്തോ?

ഉ. ആ ആദ്യകാലത്ത് അത് .... മണ്ണാറക്കലായിരുന്നംമ്പോലെ ഭഗവതി ഉണ്ടായിരുന്നത്. അപ്പോ പുല്ലാട്ട് ഉത്സവം കഴിക്കാൻ വേണ്ടീട്ട് നമ്പള് മണ്ണാന്മാര്, പുല്ലാട്ടേയ്ക്കുള്ളതാണല്ലോ നമ്പള് അവിട്ത്തെ മണ്ണാന്മാര് അവര് ഭഗവതീനെ ആവാഹിച്ച് അവിടെ കൊണ്ടിരിത്തീട്ട് അവിടെ ഭഗതിത്തറേം അതും ഇതും ഒക്കെ കഴിച്ചിട്ട് പിറ്റേ ദിവസം ഇങ്ങോട്ടെന്നെ കുട്ടികൊണ്ടോരാന്നാ പറയുന്നത്. അതായിരുന്ന പണ്ടേത്തത് ന്നാ പറയുന്നത്. ഇവര്ങ്ങനെ ഇത്രയും കാലം ഇങ്ങനായ സ്ഥിതിക്ക് രണ്ട് സ്ഥലത്തും അതിന്റൊരു ചൈതന്യണ്ട്ന്നാ പറയുന്നത്. മണ്ണാറക്കലുംണ്ട്. പിന്നെ പുല്ലാട്ടുംണ്ട്. അപ്പോ പണ്ട് കാലത്ത് നമ്പളെ അച്ചനച്ചമ്മാര് മുതൽക്കേ പണ്ടേ അങ്ങനായിരുന്നംപോലും ഇവര് ആവാഹിച്ചങ്ങോട്ട് കൊണ്ടോവും. ഇന്ന്പ്പം ആവാഹിക്കാൻ പറ്റിയ ആൾക്കാരാരേലും ഉണ്ടോ. ആവാഹനമന്ത്രങ്ങളൊക്കെണ്ട്ന്ന്. അതൊന്നും അറിയാത്ത ചെറുപ്പക്കാര് കുണ്ടന്മാരെല്ലെ ഇള്ളത്പ്പം. പ്രായാധിക്യം ഉള്ളോരെല്ലാരും പോയില്ലെപ്പം. മധൂന്റെ അച്ഛനൊക്കെ അങ്ങനെ ചെയ്ത ആളായിരുന്നു. അവരൊക്കെ മന്ത്രവാദികളും ഒക്കെ ആയിരുന്നു. നമ്മളെ കുലത്തൊഴിലിതൊക്കെ ആയിരുന്നു. മന്ത്രവാദം, തിറയാട്ടം.

11.3 പുല്ലാട്ട് അപ്പോ പൂർവ്വികമായിട്ടുള്ള ദൈവങ്ങളേതൊക്കെയാ?

ഉ. പൂർവ്വികമായിട്ട് ഉള്ളേ ഇതൊക്കെ തന്നെ മലദൈവങ്ങള്. പുല്ലാട്ട് ഭഗവതി ഒന്നും ഇല്ലേർന്ന്. കരിവില്ലി, കൊലോൻ ഇതൊക്കെയാണ് അവിടെ ഇണ്ടായിരുന്നത്.

11.4 കരിവില്ലി എന്ന ദൈവത്തെക്കുറിച്ച് പറയാമോ?

ഉ. കരിവില്ലി എന്ന പറയുന്നത് ശിവചൈതന്യം ആണ്. ശിവന്റെ പിറവിയാണ്, ശിവനിൽനിന്നും ജനിച്ചതാണ്. മലദൈവങ്ങളാണ് കരിയാത്തൻ, കരിവില്ലി ഒക്കെ.

11.5 ഇവരെയൊക്കെ ആരാധിക്കുന്നവരുടെ കൂട്ടത്തിൽ ആദിവാസി സമൂഹം ഉണ്ടോ?

ഉ. അത് ഉണ്ടാവൂല. ആദിവാസികൾക്ക് ദൈവങ്ങള് വേറെ തന്ന്യാ. അവരെ ദൈവങ്ങൾക്ക് വേറെ എന്തൊക്കെയോ പേരുണ്ട്. അതിനെപറ്റി ശരിക്ക് എനിക്കറിയില്ല.

11.6 മലദൈവങ്ങൾന്ന് പറയുന്നതെന്താ?

ഉ. നമ്മള് ഭണ്ഡാരമൂർത്തി, ഭഗവതി എന്നൊക്കെ പറയുന്നുണ്ടല്ലോ അതൊന്നും മലദൈവങ്ങളല്ല. അതൊക്കെ നമ്മളെ ആരാധനാ മൂർത്തികളാ. ഭണ്ഡാരമൂർത്തി എന്നു പറയുന്നത് വസൂരി ഉണ്ടായിട്ട് മരിച്ചിട്ട് അവരെ കൂടിവെക്കുന്നതാണ് ഭണ്ഡാരമൂർത്തി. അപ്പോ ഇതിന്റെ പുറമെയുള്ള ഭൂതഗണങ്ങളാണ് ഇവരൊക്കെ ഈ കരിവില്ലി, കുലവൻ. കുലവൻന്ന് പറയുന്നതും ശിവന്റെ ചൈതന്യം തന്ന്യാണ്. അതായത് ശിവനും പാർവ്വതിയും കാട്ടാളവേഷം ധരിച്ചിട്ട് കാട്ടിൽ കൂടെ നടക്കുന്ന സമയത്ത് ശിവന് പാർവ്വതിയിൽ ഉണ്ടാവുന്ന പുത്രനാണിത്. കൊലോൻ അത് പൂരാടം നക്ഷത്രത്തിലാണ് ജനിക്കുന്നത്. മുടിപ്പൂരാടാണ് നക്ഷത്രം. അത് ഭൂമീനെ മുടിപ്പിക്കുംന്ന് ശിവന് തോന്നിയ സമയത്ത് ശിവൻ പർവ്വതത്തിന്റെ ഉള്ളിൽ കുഴിച്ചിട്ടിട്ട് പോര്യാ ഇവര് രണ്ടാളും കൂടി. അങ്ങനെ മലക്യോൻന്ന് പറഞ്ഞ ഒരാള് വേട്ടയ്ക്ക് പോയിട്ട് കെഴങ്ങൊക്കെ പറച്ച് തിന്നുന്ന സമയത്ത് കുന്നിന്റെ മോൾള് കുഴി ഉണ്ടാക്കുന്ന സമയത്തെ കുഴീന്ന് കിട്ടിയ കുട്ടിയാണ് കൊലോൻ. അത് ഇവര് കൊണ്ടോയി വളർത്തുമ്പോ ഇവര്ട്ട പേരാണ് കൊലോൻന്ന്. ഇവരാണെങ്കില് മദ്യപാനികളും മാംസഭുക്കുകളും ഒക്കെയാണ്. കിട്ടിയ ആള്. ആ ഇതില് ഈ കുട്ടീം അങ്ങനെ തന്നെ മദ്യപാനിയൊക്കെ ആയതാ.

11.7 അതാണ് ഈ പുല്ലാട്ട് കാവില് ലെ?

ഉ. പുല്ലാട്ട് കാവിൽ കണ്ടീല്ലെ ഈ കള്ളുകുടിച്ച മാതിരിപോവുന്നേ കൊലോന്റെ വെള്ളാട്ട്. അത് .... ഉച്ചക്ക് ശേഷാണ് ഈ കൊലോൻ അങ്ങനെ ആവുന്നത് ന്ന് ആണ് പറയുന്നത്. ഉച്ചവരെ കൊലോനങ്ങനെ മദ്യപാനോം അങ്ങനത്തതൊന്നും ഇല്ല. ഉച്ചയ്ക്ക് ശേഷാണ് മദ്യപാനോം മത്സ്യമാംസാദികള് ഒക്കെ കഴിക്കുന്നെ. ഒരു അലങ്കോലപ്പെട്ട് കൊണ്ടുള്ള ഒരാളാണ്. അതേമാതിരിതന്നെ അതില് വേറെ ഒരിത് പറയുന്നുണ്ട് നമ്മള് കൊലവന് വെച്ചു കൊടുക്കുന്ന സമയത്തെ നമ്മള് ഈ കള്ളും റാക്കും ഒക്കെ കുടിക്കുന്ന ആൾക്കാര് വന്നിട്ട് ഇതെന്ത് ഒരിറ്റെല്ലെ കിട്ട്യേത് ഇത് പോരാന്നും പറഞ്ഞിട്ട് ശാഠ്യം പിടിക്കാൻ പാടില്ല്യോലെ. അപ്പോ ഇതെന്താന്നൊക്കെ

ചോദിച്ച്ങ്ങാണ്ട് മക്കാറാക്കുന്നപോലെ പോന്നാല് പിന്നെ ഓനന്ന് നേരംവെളുക്കുന്നവരെ ആടെ തന്നെ ആയിപോവ്വും. അങ്ങനത്തെ അനുഭവങ്ങളൊക്കെ മ്മക്കുംണ്ടായിട്ട്ണ്ട്.

11.8 ആണല്ലെ. ഈ ഉത്സവസ്ഥലത്ത് തന്നെല്ലെ?

ഉ. ആ ഉത്സവസ്ഥലത്ത് തന്നെ. ആ നേരം വെളുക്കുന്നവരെ ഓന് വീട്ടിൽ പോവാൻ കഴിയില്ല. ആ ഉത്സവ സ്ഥലത്ത് തന്നെണ്ടാവും. അത്ങ്ങനെ ഈ മദ്യപാനീന്റെ മാതിരി തന്നെ ഇങ്ങനെ തടി ഉലഞ്ഞ്കൊണ്ട് ഒരു റെഡി ഇല്ലാത്തമാതിരി അങ്ങനെ കളിച്ച്ങ്ങാണ്ട് നേരം വെളുക്കുന്നവരെ ഓനവിടെണ്ടാവുംന്നാ പറയാ. അത് കൊലോന്റെ ഒരു പ്രത്യേകതയാണ്.

11.9 കൊലോൻ ദൈവത്തിന് നേർച്ചയായിട്ട് ആളുകള് മദ്യം ഒക്കെ കൊടുക്കോ?

ഉ. കൊലോൻ ദൈവത്തിന് കാര്യമായിട്ടുള്ള നേർച്ച മദ്യാണ്. പിന്നെ നമ്മളെ കലശം കെട്ടില്ലെ കുരുത്തോലയൊക്കെ കെട്ടി തലേല് തട്ട്തട്ടാക്കി വെച്ച്ങ്ങാണ്ട്, താലപ്പൊലീന്റെ ഏറ്റവും ബാക്കില് കലശക്കെട്ട്ന്ന് പറയും, ഈ കലശം കെട്ട് കൊലോനുള്ളതാ. മിക്കവാറും അത് നായന്മാരെ കാവിലാ ഉണ്ടാവ്വ, അത് തിയ്യന്മാരാ കലശംകെട്ട് എടുക്കേം ചെയ്യ. ഓല് നോൽമ്പൊക്കെ എടുത്തിട്ട് നാടൻ മദ്യം ഓലെന്നെ വാറ്റിണ്ടാക്കീട്ട് നേർച്ച്യായിട്ട് കൊണ്ടോരാ ചെയ്യ. പിന്നെ കള്ള് ചെത്ത്ന്ന ആള്ക്കാര്ണ്ടല്ലോ, അവര് ചെത്ത്യ കള്ള് വെള്ളൊന്നും ചേർക്കാതെ അതും കൊണ്ടോരും. അതൊക്കെയാണ് കൊലോന് പ്രാധാന്യം. ചില സ്ഥലത്തേ കലശം കെട്ടും നേർച്ചേം ഒക്കെ ഉണ്ടാവുള്ളൂ.

11.10 കരിയാത്തൻ കാവിലില്ലേ?

ഉ. കാട്ട്കരിയാത്തൻ കാവില്ണ്ട്. അവിടെ കൊലോനും ഉണ്ട്.

11.11 കരിയാത്തന് ഇങ്ങനെയുള്ള കഥകളുണ്ടോ?

ഉ. ശിവന്റെ ഒറിജിനൽ വേഷാണ് കരിയാത്തൻന്ന് പറയുന്നത്. ശിവന്റെ ചൈതന്യാണ് മറ്റേതൊക്കെ, ഇത് കരിയാത്തൻന്ന് പറയുന്നത് ശിവനാണ്, അതേ മാതിരിത്തന്നെ മുത്തപ്പൻന്ന് പറയുന്നതും ശിവനാണ്.

11.12 മുത്താച്ചിത്തിറാന്ന് പറയുന്നത് എന്ത് പ്രതിഷ്ഠയാ?

ഉ. പുല്ലാട്ട് .... അവിട്ത്തെ പുല്ലാട്ടിലെ തറവാട്ടിലെ ഒര് കാർന്നോത്തി ആയിര്ന്ന് ഓലെ അവിടെ കുടിവെച്ചതാ. മരിച്ച് കഴിഞ്ഞിട്ട്. ഓരെ കുടിവെച്ചതാ അതാണ് മുത്താച്ചി.

11.13 മുത്താച്ചിത്തറ രണ്ടെണ്ണം ഉണ്ടാവാറുണ്ടല്ലോ?

ഉ. അതെ, അത് ഒരു ജോഡി ഉണ്ടാവും. അത് ഒന്നോ രണ്ടോ ആള് ഉണ്ടാവും അവിടെ.

11.14 അവര്ങ്ങനെ ദൈവരൂപം പോലെ ആയിട്ട് അവരെ അവിടെ പ്രതിഷ്ഠിച്ചതാലെ?

ഉ. ആ .... അതെ. അപ്പോ അവര് ജീവിച്ചിരുന്ന സമയത്ത് ഓര്ക്കെ ന്തൊക്യാ ആഗ്രഹം ഉണ്ടായിരുന്നത്ച്ചാല് അവർക്ക് എന്തായിരുന്ന കാര്യായിട്ടുള്ള ഭക്ഷണം കഴിക്ക്യാ. അതൊക്ക്യാ നേർച്ചക്ക് കൊട്ക്ക.

11.15 മുത്താച്ചിത്തറേന്റെ മുന്നില് ഗുരുതി ചെയ്യുന്നത് കാണാം. അതെന്താ?

ഉ. അത് ശരിക്കും മുത്താച്ചിക്ക് വേണ്ടീട്ടല്ലത്. അത് ഭഗവതീന്റെ വടക്ക് ഭാഗത്തായിട്ടല്ലെ വരുന്നത്. അത് ഭഗവതിക്ക് വടക്ക് വാതില്ക്കല്ള്ള ഗുരുത്യാ. അത് സ്ഥലപരിമിതി കാരണം മുത്താച്ചീന്റെ മുന്നില് ആയിപ്പോയീന്ന് മാത്രേള്ളൂ. അത് കൊഴപ്പല്യാത്ത സംഗതി ആണ്. അത്കൊണ്ടാണത് അവിടെ ആയത്.

11.16 അസുരാളന് എങ്ങനെയാ?

ഉ. ഇങ്ങനെ തന്ന്യാണ് ശിവന്റെ രൂപാണ്. കരിവില്ലീന്റേം കൊലോന്റേം ഒക്കെ മറ്റൊരു രൂപാണ് അസുരാളൻ.

11.17 അസുരാളന് വേറെ എന്തെങ്കിലും കഥകളുണ്ടോ?

ഉ. അസുരാളന്റെ ശരിക്കുള്ള കഥ എനിക്കറിയില്ല.

11.18 ശരിക്കും അല്ലാത്തക്കഥകളുണ്ടോ?

ഉ. ശരിക്കും അല്ലാത്ത കഥാച്ചാല് ഇങ്ങനെ വേഷംകെട്ടി ആടുന്നൂന്നല്ലാതെ എനിക്ക് അതിനെ പറ്റിയുള്ള പൂർവ്വികമായിട്ടുള്ള കഥ എനിക്ക് അറിയൂല.

11.19 നായന്മാരുടെ യുദ്ധങ്ങളൊക്കെ ആയിട്ട് എന്തെങ്കിലും ബന്ധം ഉണ്ടോ?

ഉ. അത് നായര് വെള്ളാട്ട്. അത് പുല്ലാട്ടില്ല അതിന്റെ ഐതീഹ്യം. അത് പണ്ട് കാലത്ത് നായന്മാര് പടക്കുറുപ്പന്മാരായിരുന്നു. പടയ്ക്ക് പോകുന്ന ആളുകളായിരുന്നു. അതാണ് കുന്തോം ഒക്കെ ആയിട്ട് പോകുന്നില്ലേ. കുന്തോം പിടിച്ച് ഇങ്ങനെ നിക്കുന്ന സമയത്ത് കയ്യോണ്ട്, കയ്യി മലർത്തീട്ടും കമഴ്ത്തീട്ടും ഇങ്ങനെ നോക്കുന്നേ കണ്ടില്ലേ. തൊപ്പിയൊക്കെ ഇട്ടിട്ട്. കുന്തോം പിടിച്ചിങ്ങനെ നിന്നിട്ട് അതൊക്കെ ഈ പടക്കുറുപ്പന്മാര് താളിയോല

ഗ്രന്ഥങ്ങള് മറിച്ച് നോക്കാണ്ന്ന്ള്ള ഒരു ഐതീഹ്യാണ്. അങ്ങനെ ഇനി എങ്ങോട്ടാണ് പോണ്ടേന്ന്ള്ളത്ല്ല് കൈമാറ്റിനോക്കി നടക്കാണ്ന്നാ പറയ് ന്നേ. വലിയ കുന്തം മാറ്റിയിട്ട് പിന്നെ കണ്ടില്ലേ വാളും പരിചയും ഒക്കെ എടുത്ത് .. അതൊക്കെ തന്നെ പടക്കുറുപ്പന്മാരുടെ ചൈതന്യം കാണിക്കുന്നതാണത്.

**വാമൊഴി 12 - ഹരികൃഷ്ണൻ നമ്പൂതിരി**

12.1 പുല്ലാട്ട് ഉള്ള ആരാധനാസമ്പ്രദായങ്ങളൊക്കെ എങ്ങന്യാ?

ഉ. പുല്ലാട്ട് പണ്ട് ഇവിട്ന്നായിരുന്ന പോയിര്ന്നത്. മാസത്തിലൊരീസം സംക്രാന്തി പൂജാന്ന് പറഞ്ഞിട്ട് ഒരു പൂജേം ഉള്ളായിര്ന്ന്. മാസത്തിലൊരുദിവസം. അന്ന് ഇവിടുന്നായിരുന്നു. അച്ഛന്റെ ഏട്ടനൊക്കെ ഉള്ള സമയത്ത്. വല്ല്യച്ചൻ, മുത്തച്ഛനൊക്കെ പോയിരുന്നു. പിന്നീട് അവര് പോവാതായി. കോൽപ്പുറത്ത് തറവാട്ട്ന്ന് പോവാതായി. പിന്നെ പറംമ്പിടിക്കാരാണതിന്റെ ആള്കള്. അവരാണിപ്പളും പോയ്യോണ്ടിരിക്കുന്നത്.

12.2 അതെന്താ ഇവിടുന്ന് പിന്നെ പോവാതിരുന്നത്?

ഉ. പോവാത്തതെന്താച്ചാ പിന്നെ വടെ എന്തോ ഒരു കേസും തും ക്കെ ആയിട്ട് നടക്കുന്ന ആൾക്കാരേനി ഓര് അന്നൊക്കെ അങ്ങന്യാണല്ലോ. അങ്ങനോക്കെ ആയിട്ട് ആകെ പിൻതലമുറ പോവാൻ ഇല്ല്യാണ്ടായി. പിന്നീടത് പോവാറില്ല. പിന്നെ അവിടെ ഊരാളൻ ന്ന് പറഞ്ഞിട്ടുള്ള ഒര് സ്ഥാനംണ്ട്. ഈ കോല്പ്പുറത്ത് തറവാട്ടിലേക്ക്. അപ്പോ അതോണ്ട് പ്രധാനപ്പെട്ട എന്തെങ്കിലും ണ്ടെങ്കിൽ ഇപ്പോഴത്തെ കമ്മറ്റി ചെയ്യാറുണ്ടോന്ന് അറിയില്ല. ഉണ്ടെങ്കില് തറവാട്ടിലാണ് വര്യ. അപ്പോ പഴേ കമ്മറ്റിയൊക്കെ എന്തെങ്കിലും പ്രധാനപ്പെട്ടതെന്തെങ്കിലും ഉണ്ടെങ്കില് എന്തെങ്കിലും സ്വർണപ്രശ്നൊക്കെണ്ടെങ്കില് വരും. വന്ന് വിവരം പറയ്യ അങ്ങനൊക്കെണ്ടായിര്ന്ന് പണ്ട്. പ്രാദേശികകുടുബ കാവാണ് പുല്ലാട്ട്. ഇപ്പോ കാവുകളൊക്കെ അമ്പലായി മാറാണ്. അത് കാലഘട്ടത്തിന്റെ മാറ്റംന്നോ എന്ത് വേണെങ്കിലും പറയാം. അത് ച്ചാ... സ്ഥിരം പൂജയൊക്കെ വേണം. ഇപ്പോ എല്ലാരും ആദ്ധ്യാത്മിക മേഖലയില് വല്ലാണ്ടെ ശ്രദ്ധിക്കുന്നുണ്ട്. ഒരു ഫാഷന്റെ ഭാഗൊക്കായി മാറിയിട്ടുണ്ട്. അമ്പലത്തിലൊക്കെ പോവ്വാ.. അവിടെ സ്ഥിരായിട്ട് ശാന്തി പൂജ ക്കെ വേണംന്ന്ണ്ട്. അതോണ്ട് കാവുകളൊക്കെ അമ്പലങ്ങളായി. മുണ്ടിയൻ ക്ഷേത്രംന്നൊക്കെ എഴുതി വച്ചില്ലേവടെ എടക്കമന മുണ്ടിയൻ ക്ഷേത്രം. അന്തല്ലാഞ്ഞിട്ടാ... അത് വിവരല്ല്യാഞ്ഞിട്ടാ. പുല്ലാട്ട് കാവാണ്. കാവുകളിലൊക്കെ മാസത്തിൽ ഒരു പൂജ. അത് ചെയ്യും. ബാക്കിയൊക്കെ തെറ, തെയ്യം അങ്ങനുള്ള പാട്ട്, കളമെഴുത്ത് പാട്ട് അങ്ങനെയൊക്കെയുള്ള അനുഷ്ഠാനകലകളോട്ടുകൂടിയുള്ള ഉത്സവമൊക്കെ ഉണ്ടാവാറ്. തറയൊക്കെ ഉണ്ടാവുന്ന സ്ഥലങ്ങളില് അത് കഴിഞ്ഞിട്ട് ശുദ്ധിയൊക്കെ കഴിഞ്ഞിട്ടാണ് പിന്നെ അടുത്ത പൂജ ചെയ്യ.

12.3 ശുദ്ധിയൊക്കെ ചെയ്യ നമ്പൂതിരിമാരെല്ലെ

ഉ. അതെ. പിന്നെ സംക്രാന്തിക്കും അവിടെ പൂജണ്ടാവും. അന്ന് കുടുംബക്കാരും എല്ലാരും ഒത്തുചേരും അന്ന് അവിടെ ഒരുപാട് വഴിപാടും കാര്യങ്ങളും ഒക്കെണ്ടാവും. മൂന്നാല് മണിക്കൂറ് പായസോം അതും ഇതും ഒക്കെ ആയിട്ടുണ്ടാവും. ഇപ്പം ബിസിനസ്സ് വ്യാവസായിക അടിസ്ഥാനത്തില് കാവുകളും ക്ഷേത്രങ്ങളും ഒക്കെ മാറിയിട്ട്ണ്ട്. അപ്പോ ഇതൊക്കെ ജനകീയമാക്കാന്ന് ള്ളൊരു രീതി, പൈസണ്ടാക്കാനുള്ളൊരു ലക്ഷ്യം. കുടുംബക്കാരെന്നെ പ്രാദേശികമായിട്ട് പഞ്ചായത്തടിസ്ഥാനത്തില് പിരിവ് വരെ നടത്താണ്. ഞാനത് എന്നോട് പറഞ്ഞ് പുല്ലാട്ട് കാവില് മഹാഗണപതിഗോമം ഇന്നാള് ന്റെ കെയറോഫില്ന്ന് പറഞ്ഞ് നോട്ടീസൊക്കെ അടിച്ചിട്ട് നടത്തും. ഒരു ഗണപതിഹോമം കഴിക്കണമെങ്കില് നൂറ്റിയൊന്നുറുപ്പ്യ അങ്ങനൊക്കെ. അതൊക്കെ നിയമ വിരുദ്ധമാണ്. അത്ച്ചാല് ആ ചട്ടക്കൂടിന്റെ വിരുദ്ധാണ്. അപ്പോ അങ്ങനെ.

തറയൊക്കെ കഴിഞ്ഞാൽ അവിടെ ശുദ്ധിണ്ടാവും. കലശം ണ്ടാവും.

12.4 തറാ ന്ന് പറയുമ്പോ ദൈവത്തിനെ പൂജിക്കുന്നത് തന്നെയല്ലെ പിന്നെന്തിനാ ശുദ്ധികലശം ചെയ്യുന്നത്.

ഉ. ശുദ്ധീന്ന് വച്ചാല് നമ്പൂതിരിമാര് കയറിയിട്ടുള്ള ഉത്തമത്തില്ള്ള പൂജയായിരിക്കും അവിടെ ഉണ്ടാവ്വ. മാസത്തിൽ ഒരു വട്ടം ഉണ്ടാവ്വ. അപ്പോ ഈ ഇവരെ എന്താപറയ്യ താന്ന ജാതീന്നോ... .ഇവര് എല്ലാം കയറേം എറങ്ങേം ഒക്കെ ചെയ്യും. ഇപ്പോ നമ്പൂരി ഇങ്ങോട്ട് കയറി എറങ്ങി പൂജയൊക്കെ ചെയ്ത് കഴിഞ്ഞാല് ഇവിട്ത്തെ ആരാണോ അതിന്റെ കാരണോര്ച്ചാല് ഓരതിന്റകത്ത് കയറും. വള് എടുത്ത് വെക്കേം കയറേം എറങ്ങേം, ഒരാണ് പിന്നെ മഞ്ഞപ്പൊടി എടുത്ത് കൊടുക്ക ഒക്കെ ചെയ്യും ജനങ്ങൾക്ക്. അപ്പോ വെളിച്ചപ്പാട് ഒക്കെ കയറേം എറങ്ങേം ഒക്കെ ചെയ്യും. അപ്പോ അശുദ്ധായീന്നാ സങ്കല്പം. പിന്നീട് ശുദ്ധാക്ക്യേതിന് ശേഷമേ പൂജ ചെയ്യുള്ളൂ. രൗദ്രമായതിനെ തണുപ്പിക്കാനുള്ള രീതിയിലാണ് കലശാടി ശുദ്ധി വരുത്തീട്ട് സൗമ്യമാക്കി മാറ്റിയിട്ടാണ് സ്വാത്വികമായിട്ടുള്ള പൂജകളൊക്കെ ആരംഭിക്കുക.

12.5 ഉത്സവം കഴിഞ്ഞ് എപ്പോഴാ ശുദ്ധികലശം ചെയ്യ?

ഉ. 7-മത്തെ ദിവസം പുണ്യാഹം, കലശം എല്ലാം ഉണ്ടാവും ശുദ്ധികലശം ചെയ്തിട്ടാണ് ബാക്കിയുള്ളതൊക്കെ ചെയ്യ.

12.6 ഉത്സവത്തിന്റെ അന്ന് എങ്ങന്യാ കാവിലെ കാര്യങ്ങളൊക്കെ?

ഉ. ഉത്സവത്തിന്റെ അന്ന് ഏർലി മോണിങ്ങില് നമ്പൂതിരിമാര് അവിടെ എത്തുകയും അന്ന് കുറേ പായസോം ഒക്കെണ്ടാവും. പുല്ലാട്ടിനെ സംബന്ധിച്ച് പറയാണെങ്കില് അപ്പോ കൊറേ നാട്ടാരൊക്കെ വരും. അപ്പോ അവര് ആറ് മണി എഴുമണിയാവുമ്പോഴേക്ക് എല്ലാം കഴിഞ്ഞിട്ട് നമ്പൂതിരിമാരൊക്കെ പോവും പിന്നെ വരെ വെളയാട്ടാണ്ടാവ്വ. അവിടുത്തെ കാർണോരും പിന്നെ കോമരോം അവിടുത്തെ ആൾക്കാരും ഒക്കെയാ ഉണ്ടാവ്വ.

12.7 ദേവിക്ക് പൂജ ചെയ്യുമ്പോ അവിടെ വേറെ ദൈവങ്ങളൊക്കെ ഇല്ലേ. കൊലോൻ കരിയാത്തൻ അവർക്ക് പൂജ ഉണ്ടാവോ?

ഉ. ഇല്ല. ഉണ്ടാവില്ല. പൂജ ഉപദൈവന്മാർക്ക് ഉണ്ടാവൂല നൈദ്യം മാത്ര ഉണ്ടാവുള്ളൂ. ഉപദേവന് പ്രാധാന്യം കുറവാണ്.

12.8 അസുരാളൻ ന്ന് പറയുന്ന ദൈവം എന്താണെന്ന് അറിയോ?

ഉ. അസുരാളൻന്ന് പറഞ്ഞാല് ശിവഭൂതങ്ങളാണ് ഒക്കെ.

**വാമൊഴി 13 - ജയകൃഷ്ണൻ മണ്ണാറക്കൽ**

13.1 ശരിക്കും നമ്മളെ ദൈവം ആയിരുന്നല്ലോ ല്ലേ. . പുല്ലാട്ട്?

ഉ. ശരിക്കുംമ്പളെ ദൈവായോണ്ടാണല്ലോ ഭഗവതിത്തിറ അണിയറേന്ന് പുറപ്പെടുന്നത്. പുല്ലാട്ട് മാത്രേള്ളൂ ഭഗവതിത്തറ മാത്രം അണിയറേന്ന് പുറപ്പെട്ട് പോവൂള്ളൂ. ബാക്കിള്ള സ്ഥലത്തൊക്കെ മുറ്റത്ത്ന്നാ എറങ്ങാ. ഇത് അണിയറേന്ന് പൊറപ്പെട്ട് കളിച്ചോണ്ട് എറങ്ങല്ലെ.

13.2 ശരിക്കും കീഴാളരായിട്ടുള്ള ജനവിഭാഗത്തിന്റെ ദൈവത്തിനെ അവര്ങ്ങനെ തട്ടിയെടുക്കല്ലെ.

ഉ. ഒരെടുത്തോട്ടെ. . മ്പള് കൊണ്ടോയ് ചെയ്യാത്തോട്ത്തോളം കാലം ഓര്ക്കതില് കാര്യല്ല. ആടന്നോട്ടെ.

13.3 ഭഗവതിത്തറേന്റെ സമയത്ത് പൊരണാന്മാരവിടെ വെളിച്ചപ്പെടുന്നുണ്ടല്ലോ? വേറെ ഏത് കാവിലാ കുടുംബക്കാരെല്ലാത്തോര് വെളിച്ചപ്പെടുന്നത്.

ഉ. മ്പളെ ദൈവായോണ്ടാ . . .

ആദ്യം അവിടുന്ന് പുറപ്പെടുന്ന മുത്താച്ചി. നേരം വെളുക്കുന്നേ മുന്നള്ളത്തറയൊക്കെ, അമ്പലത്തിലേക്ക് കേറുന്ന പടില്ലെ അവിടുന്നാ പൊറപ്പെട്ട് പോര. ഭഗവതി മാത്രം അണിയറേന്നാണ് കളിച്ച് പൊറപ്പെട്ട് പോവ.

13.4 പണ്ട് പുല്ലാട്ട് കൊലോൻ മാത്രോള്ളേ്യാനി ല്ലെ.

ഉ. പണ്ട് കൊലോനോള്ള്യനി പിന്നെ ഭഗവതി മ്പളോട് വാങ്ങി. പിന്നെ അസുരാളൻ പിന്നെയാണ് നാഗകാളി വന്നത്.

മ്പള് കൊണ്ടോയിട്ട് മ്പളെ പീഠോക്കെ ആയിട്ട് അണിയറയിൽ കൊണ്ടോയ് വെക്കും. ആടെ അണിയറ കെട്ടേണ്ടത് മ്പള. മ്പളെ ദൈവത്തെ കൊണ്ടോയ് വെക്കാൻ വേണ്ടി മ്പള് കൊണ്ടോയത് കെട്ടുന്നതാ. പിറ്റേന്ന് രാവിലെ മ്പളെ പീഠോം വാളും എടുത്തുങ്ങാട്ട് മ്പള്ങ്ങോട്ട് പോന്നാല് ദൈവം മ്പളെ വീട്ടിലെത്തി. കുംഭം 10 ന്ള്ള ഒരു ദെവസം മാത്രം. ഓലാടെ. ഓര്ക്ക് ഉത്സവം നടത്താൻ വേണ്ടീട്ട്. മ്പക്ക് നടത്താൻ വേണ്ടീട്ട്ള്ള കഴിവ് അന്ന് ല്ല്യ. ഞങ്ങള് നടത്തിക്കോളാന്ന് പറഞ്ഞ്ങ്ങാണ്ട് ഓര് വാങ്ങി. അത്പ്പം ഓല് ഓലതായിട്ട് കണക്കാക്കി.

13.5 പിന്നെയാണ് അവിടെ പ്രതിഷ്ഠ ആയതെ്ല്ല

ഉ. ദൈവത്തിനെ ഇങ്ങളാരും മുന്നിൽന്ന് നോക്കിയാൽ കാണൂല.

13.6 പിന്നീടവര് കാലക്രമേണ ആവാഹിച്ച് എടുത്തതാവും ല്ലെ. പക്ഷേ ഇപ്പം അവർക്ക് അവര്ടെ ദൈവത്തിന്റെ മാതിരിയാണ്.

ഉ. തറ കഴിയുന്നതിനുശേഷം അവർ എത്ര സ്വർണപ്രശ്നം നടത്തിനോക്കീക്കിന്. അപ്പോ ഓരോട് പറഞ്ഞതാ. ഇങ്ങള് കഴിച്ചിട്ട് കാര്യല്ല്യ. ഇങ്ങള് ചെയ്യുന്നത് വട്ത്തേ അല്ലേ.

മ്പളെ വീട്ട്ന്ന് മണ്ണാറക്കന്ന് പൊറപ്പെട്ട്പോയി. വാളും പീഠോം ആടെ കൊണ്ട് വെച്ചാല് ഭഗവതി ആടെത്തി. കൊണ്ടെക്കാത്തോളം കാലം വരെ ആടെണ്ടാവൂല. ഓര്ക്ക്പ്പം അതെല്ലാന്ന് പറഞ്ഞ്ങ്ങാണ്ട് തർക്കിക്കാനാവൂല. ഓര് വല്ല്യ ആഢ്യത്തരള്ള നായന്മാരെല്ലെ. വാക്കിലെ ഓര്ക്കുള്ളൂ. രാശിവെച്ചോക്യാല് ഒക്കെ ഓര്ക്ക് എതിരായിട്ടാ. ഓര് തമ്മിൽ തമ്മിലങ്ങനെ ചോദിക്കുന്നുണ്ടല്ലോ. മ്പളെ കൂട്ടാൻ വേണ്ടീട്ട്. ഓര് പറയുന്നത് മ്പളെ കൂട്ടാം. മ്പളെ തറ മാറ്റാന്. ഓരെ തറ കഴിഞ്ഞിട്ടാക്കാൻ, ഞങ്ങള് പറഞ്ഞ് അത് ആ സമയം നോക്കാന്ന്. ഞങ്ങൾക്ക് ഒക്കെ ആൺകുട്ടികളാള്ളത്. ആണ്കുട്ട്യോളൊന്നും ഇല്ലാത്ത സമയത്ത് നോക്കാന്ന് പറഞ്ഞു ഞങ്ങക്ക് ഒക്കെ ആൺ കുട്ടികാളാള്ളത്. ഓര് പറഞ്ഞ് കുംബഭം 10ന് കഴിഞ്ഞിട്ടേ തറ വെക്കാൻ പാടുള്ളൂന്ന്. ഞങ്ങള് പറഞ്ഞ് ഞങ്ങൾക്ക് അങ്ങനത്തെ പ്രശ്നല്ല്യ. ഞങ്ങളൊക്കെ ഇല്ലാണ്ടായി പോയാൽ ഇനിം നടത്താനുള്ള ആൺ കുട്ട്യോളൊക്കെണ്ട്. മധുനെ പോൺകുട്ട്യേളൊള്ളൂ. ആൺകുട്ട്യേള് ഇല്ലാത്ത സമയത്ത് നോക്കാം.

13.7 ശരിക്കും ഈ കൊളത്തിന്റെ പേരിലല്ലെ ഈ പ്രശ്നങ്ങളൊക്കെ ഉണ്ടായിട്ടുള്ളത്

ഉ. കൊളംന്ന് പറഞ്ഞാ അവിട്ത്തെ ഭഗവതിക്ക്ള്ള കുളാ. ഭഗവതിത്തറ കെട്ട്യോലാ അവിടുന്ന് കുളിക്യാ. അത് ഇന്റെ അച്ഛനാ ഭഗവതിത്തറ കെട്ട്യേത്. അച്ഛനവിടെ കുളിക്കാൻ പോയപ്പോ സമ്മതിക്കൂലാന്ന് പറഞ്ഞ്. അച്ഛൻ കുളിക്കാൻ പോയപ്പം അച്ഛൻ പറഞ്ഞ് ഞാനല്ല കുളിച്ചത്. ങ്ങളെ തറ കെട്ട്യ ആളാ കുളിച്ചത് ന്ന്. ഞാൻ ന്റെ പൊരേന്ന് കുളിക്കാനായിട്ട് വടെ വന്നേല്ലാന്ന് പറഞ്ഞ്. ഇനി കെട്ടുന്നുണ്ടെങ്കിൽ ഇനിം കുളിക്കുംന്ന് പറഞ്ഞ് ഇങ്ങളെ വേഷം ഭഗവതീന്റെ വേഷം കെട്ട്യേതാ. വ്ട്ത്തെ കൊളത്തിൽ കുളിക്ക്യാ. അത് പറ്റൂലാന്ന് പറഞ്ഞ് ന്നാ പിന്നെ അങ്ങനെ ആയിക്കോട്ടേന്നും പറഞ്ഞ്.

13.8 അപ്പാ ഈ ജാതി തന്നെയാ പ്രശ്നം

ഉ. അമ്പലത്തിന്റെ കൊളല്ലെ. അമ്പലത്തിലെ കൊളംച്ചാല് ദൈവത്തിന്റെ കൊളാ. ഭഗവതിക്ക് കുളിക്കാന്ള്ള കൊളാണല്ലോ, തറ കെട്ട്യേത് പെരണന്മാരണല്ലോന്ന് ചോദിച്ച്. ഞങ്ങള് പറഞ്ഞ് പെരണാന്മാരാ ഞങ്ങളെ ദൈവത്തിനെ ഞങ്ങള് കൊണ്ട് നടന്നോളാന്ന് പറഞ്ഞ്.

13.9 പിന്നീട് ദൈവം ഇല്ലാതായിട്ട് അവർ അടുത്ത വർഷം തന്നെ പ്രതിഷ്ഠ നടത്തിയോ?

ഉ. അവര്ത് ന്ന് പറഞ്ഞ് പ്രതിഷ്ഠ നടത്തിട്ട് കാര്യല്ല്യ. അലങ്കാരായിട്ട് പ്രതിഷ്ഠിക്കാനേ പറ്റൂള്ളൂ. ഉത്സവദിവസം ഇവിടുന്നാരെങ്കിലും വന്ന് അവിടെ കയറിയാലെ കാര്യം ഉള്ളൂ. അത്പ്പംമ്പളെ ഇവിടുന്ന് ആരും പോണില്ല.

13.10 അന്ന് നമ്മൾ അവിടെ ഉത്സവം കെട്ടാൻ പോവുന്നകാലത്ത് അവിടെയുള്ള കാര്യങ്ങളൊക്കെ ജാതിപരമായാണോ ചെയ്തിരുന്നത്?

ഉ. പിന്നല്ലാണ്ടെ. പിന്നെ ഒക്കെ ചെയ്യണ്ടെ, ഭക്ഷണം കഴിക്കാൻ തന്നെ നെലത്തിരിന്നിട്ട് ഓല മടലില്ലേ. . . അയില് ഇര്ന്ന്ട്ടാണ് ഭക്ഷണം കഴിക്ക. ആ കണ്ടത്തില്ങ്ങനെ കാണാം ഭണ്ഡാരം വച്ചതൊക്കെ. തീയ്യരത് ഇരിക്ക മേലേ കണ്ടത്തിലേനി. ഓലേ ഭണ്ഡാരം ആടെ. ആശാരിമാരത് വേറെ അവര് ആടെയാ വര്യാ. അങ്ങന്യാവുമ്പം ആശാരിമാരെ പൈസ ഓര്ക്ക് വേണം അതേസമയം ഓർക്ക് തൊഴാൻ അമ്പലത്തിന്റെ മിറ്റത്തേക്ക് എറങ്ങാണ പറ്റൂല. അപ്പോഴത്തേക്കും ആഢ്യത്വം വന്നോയി. പൈസോൽക്ക് വേണം. ദൈവത്തിനെ തൊഴാൻ പറ്റൂല. ആ നടേമ്മില് നിന്ന് തൊഴതോള. അണിയറേന്റോടെ കുങ്കുമത്തിന്റെ അടുത്ത് കാണ ഒരു ഭണ്ഡാരം തിയ്യര് അവിടെ നിന്ന് തൊഴ്ത് പോന്നോൾണം. പൈസണ്ടെങ്കില് ഭണ്ഡാരത്തിലിട.

13.11 നമ്മള് ഉത്സവം കഴിക്കാൻ പോവുമ്പോ തന്നെ ആഢ്യത്തരം അനുഭവപ്പെടും ല്ലെ?

ഉ. പണ്ട്ച്ചാ തറേന്റെ തലേന്ന് ചെണ്ട തക്കണം, ഋടികൊട്ടണം, പഞ്ചായുതം വിളിക്കണം മ്പളെ മണാറക്കൽന്ന് തറേന്റെ തലേന്ന് കുംഭം 9ന്. ന്നിട്ട് മ്പളെ ദൈവത്തിനെ ഒണർത്തണം. പിറ്റേന്ന് രാവിലെ തറവാട്ട് കാർണോര് കുളിച്ച് പൊറപ്പെട്ട് വാളും പീഠോം ആയിട്ട് പോണം. അങ്ങനെ പോയെങ്കിലേ ആടെത്തു. ആട്ടുള്ളൂ. അതൊക്കെ പ്പള്ളോലോട് പറഞ്ഞാലേ അയ്യോ പെരണാന്മാര്ക്കൊന്നും മ്പള് താന്ന് കൊടുക്കണ്ടാന്ന്ള്ള ചിന്താഗതി ഓർക്ക് വന്ന് അങ്ങനത്തെ ചിന്താഗതി വന്നപ്പഴേ താന്ന് നിൽക്കാൻമ്പക്ക് കയ്യൂല.

കയ്യൂന്നോല്യണ്ടേ പോയ്ക്കോട്ടെ.  പ്പതന്നെ ജനാർദ്ദപാപ്പനൊക്കെ പറഞ്ഞൂടെ ഞാനാണാടേക്ക് പൊറപ്പെട്ട് പോണത് ഞാൻ മണ്ണാറക്കന്നേ പോണുള്ളൂന്ന് എന്താ പറയാത്തെ. മൂപ്പര്ക്കത് പറയാൻ പറ്റൂല. മൂപ്പർക്കറിയ ഞാൻ മണ്ണാറക്കൽനിന്ന് പോയാലും എല്ലാരും കൂടി കഴിയണംന്ന്.  മൂപ്പർക്കറിയ. അന്നൊക്കെ പെരണാന്മാർക്ക് നിക്കാൻ ഒരു സ്ഥലം തീയ്യർക്ക് നിക്കാൻ വേറൊരു സ്ഥലം.  അങ്ങനൊക്കേനി. ഇപ്പ തൊന്നൂല്ല്യ. ഒന്നായ്ട്ടല്ലെ.

**വാമൊഴി 14 - ജയരാജൻ കുളപ്പുറത്ത്**

14.1 പുല്ലാട്ടുകാവിനെക്കുറിച്ച് പറഞ്ഞ് തര്വോ?

ഉ. ഒരു പീഠം മാത്രമായിരുന്നു പണ്ട് പ്രതിഷ്ഠ. പിന്നാണ് പഞ്ചലോഹം ആക്കിയത്. ഇത് എങ്ങന്യാച്ചണ്ടോ. മണ്ണാറക്കന്ന് ഒരു പീഠംണ്ടേനി നിക്കിപ്പളും ഓർമ്മണ്ട്. പീഠം എഴുന്നള്ളിച്ച് കൊണ്ടോവ്വാ ചെയ്യ . . ഏ. . പീഠം എഴുത്തള്ളിച്ച് കൊണ്ടോയി ഏട്യാ കൊണ്ടെക്കാന്നറിയോ എണക്ക്. അണിയറേലാ കൊണ്ടെക്ക. അതാണ് ഭഗവതിത്തിറ അണിയേറേന്ന് എറങ്ങ്ന്നേ. മനസിലായോ. ഭഗവതിത്തറ എല്ലാ സ്ഥലത്തും വേറെ സ്ഥലത്ത്ന്നാ എറങ്ങാ. മുറ്റത്ത്ന്നൊക്കെ. പുല്ലാട്ട് മാത്രം അണിയറേല്.

14.2 പിന്നെ എങ്ങനെ ഈ മണ്ണാറക്കല് കാരെ പീഠം പുല്ലാട്ട്കാരെ കസ്റ്റഡിയിൽ വന്നത്.

ഉ. അങ്ങനെ വന്നതൊന്നും അല്ല. ഓര് വേറെ ഇണ്ടാക്ക്യതാ. മണ്ണാറക്കൽക്കാ രായിട്ട് തെറ്റ്യേന് ശേഷാണ് ഉണ്ടാക്യത്.

**വാമൊഴി 15 - ശാരദ കുളപ്പുറത്ത്**

15.1 ഇപ്പോഴൊക്കെ എങ്ങന്യാ വിരുന്ന് പുറപ്പെട്ട് പോവ്വ? പീഠം ഉണ്ടാവോ?

ഉ. ഇല്ല. ചെണ്ടക്കാരൊക്കെ വന്ന് പൂജ ചെയ്തിങ്ങോട്ട് എറങ്ങി പോവും.

15.2 ചെണ്ടക്കാര് പുല്ലാട്ട്ന്ന് വരാ ചെയ്യ.

ഉ. ആ ഇങ്ങോട്ട് വരും . ഓര്ക്ക് കഞ്ഞിയൊക്കെ വേണല്ലോ. കഞ്ഞീം ചായേം ഒക്കെവിടുന്ന് കുടിച്ചിട്ട്. ചായ കുടിക്കുന്നോര്ക്ക് ചായ കഞ്ഞി കുടിക്കുന്നോൽക്ക് കഞ്ഞി, ഒക്കെ കുടിച്ചിട്ട് വട്ന്ന് പൂജ കഴിഞ്ഞിട്ട് ഓര് വ്ട്ന്ന് എറങ്ങിപോവ്വാ ചെയ്യ. തുടിയും തലേക്കെട്ടും ഒക്കെ ആയിട്ട്.

15.3 തലേന്ന് എന്തെങ്കിലും പരിപാടി ഉണ്ടാവോ?

ഉ. തലേന്ന് ഒന്നൂല്യ. രാവിലെ ഒരു പത്തുമണി ആവ്വന്നതിന്റെ മുന്നേ അവിടെ കയറണമല്ലോ.

ഓലൊരു എട്ടര എട്ടേ മുക്കാലാവുമ്പോഴത്തേക്കും വരും. പൂജ കഴിഞ്ഞ് കഞ്ഞീം ചായേം ഒക്കെ കുടിച്ച് ചെണ്ടേം കെട്ടി ഓലങ്ങോട്ട് പോവും.

15.4 ഈ വീട്ടിൻന്ന്പ്പം പോവുന്നത് എത്ര കൊല്ലായി?

ഉ. മൂന്ന് കൊല്ലായിന്ന് തോന്നുന്നുണ്ട്. ഒര് കൊല്ലെട്ടും രാധേന്റാട്ന്ന് പോയിൻണ്ട്. രണ്ട് കൊല്ലെട്ടും രാധേന്റാട്ന്ന് പോയി. ഒരു കൊല്ലം ഓൻ ഉള്ളേ ഒരു കൊല്ലം ഓൻ മരിച്ചേരേം. പിന്നത് കഴിഞ്ഞേരെ വ്ട്ന്ന.

15.5 പണ്ട് എവിടുന്നായിരുന്ന പോവാറ്

ഉ. മണ്ണാറക്കൽന്ന്

15.6 പണ്ട് മണ്ണാറക്കൽന്നായിരുന്നല്ലെ വരവ് പോവാറ്?

ഉ. ആ എല്ലാ അമ്പലത്തിലേക്കും പുല്ലാട്ടേക്കും എടക്കമനേക്കും ഉണിപറമ്പ ത്തേക്കും ഒക്കെ ആട്ന്നേനി.

എടക്കമനേക്കി ഇപ്പോഴും പോവുന്നുണ്ട്. അവിടെ ദേശപെരണാന്മാരെന്ന. പുല്ലാട്ടാ മാറ്യത്.

15.7 2 കൊല്ലം രാധാകൃഷ്ണേട്ടന്റാട്ട്ന്ന് പോയത് എന്താ? എന്ത് പറഞ്ഞിട്ടാ രാധാകൃഷ്ണേട്ടന്റാട്ന്ന് ആക്കിയത്?

ഉ. അത് കീഴ്ക്കലങ്ങോട്ട് അമ്പലത്ത്ന്ന് പോവര്ത്ന്ന് പറഞ്ഞ് അവിടുന്നേനി പോവല്. ആട്ന്ന് പോവാൻ പാടില്യാന്ന് പറഞ്ഞ്.

15.8 ഏതെങ്കിലും പെരണാന്മാരെ വീട്ടിന്ന് പോണം ന്ന് പറഞ്ഞോ?

ഉ. ആ അപ്പോ രാധാകൃഷ്ണൻ പറഞ്ഞതാ ഇന്റാട്ന്ന് ആയിക്കോട്ടെന്ന്.

അങ്ങനായതേനി. പിന്നെ ഓൻ മരിച്ചേരെ ഒരു കൊല്ലം ആട്ന്ന് പോയി. പിന്നെ ഓൻ മരിച്ചേരെ എന്നും ആട്ന്ന് പോണ്ടെ. ഇപ്പം പാപ്പനല്ലെ മൂത്തെരണാനായിട്ട് പോകുന്നത് അപ്പോ ഓല് പറഞ്ഞ് വട്ന്ന് പോന്നോളൻ. ഞങ്ങള് ചോദിച്ച് നായന്മാരോട്. ഓര് വ്ട്ന്ന് പോന്നോളാൻ പറഞ്ഞ്.

15.9 അവിടെ ഇപ്പോ ആരാ ഉള്ള കാരണോന്മാരായിട്ട്. കാരണവര്പ്പം

ഉ. സുരയല്ലെ. അവിടുത്തെ കാരണോര്, പുല്ലാട്ടെ സുര.

**വാമൊഴി 16 - ബാലകൃഷ്ണൻ**

16.1 അവിടെ മണ്ണാറക്കൽ ഏതൊക്കെ പ്രതിഷ്ഠയാ ഉള്ളത്?

ഉ. കുട്ടിചാത്തനും ഭഗവതിം ഗുളികനും നാഗകാളീം ഗുരും

16.2 ചാത്തൻ അവിടെ പണ്ടേ ഉണ്ടായിരുന്നോ

ഉ. ചാത്തൻ അവിടെ വേണംന്ന് പറഞ്ഞതാ. കാരണം അവിടെ മ്പളെ തെക്ക് ഭാഗം അവിടെ ഒര്ത്ണ്ടായിരുന്നു. എന്ത്ന്ന് അറയോ കാഞ്ഞിരം. ആ എല . . ഉത്സവസമയത്ത് കടിക്കുന്ന സമയത്ത് ഒര് എളം മധുരം . . അത്ണ്ടേനി. അപ്പോ അവിടെ പ്രശ്നം വച്ചപ്പോയ് അവിടെ ചാത്തന്റെ ഒര്ത്ണ്ട് ന്നാ പറഞ്ഞത്. അങ്ങനെയാണ് അവിടെ വെക്കാൻ കാരണം.

16.3 മണ്ണാറക്കലുള്ള ദൈവങ്ങളെക്കുറിച്ച് വേറെ എന്തെങ്കിലും അറിയുമോ?

ഗുളികന് ഭയങ്കര ശക്ത്യാട്ടോ. . ഗുളികന് ല്ലെ . . ഗുളികന് അപാര ശക്ത്യാ. ഗുളികൻ വിചാരിച്ചാ വിചാരിച്ച കാര്യംപോലെ നടത്തും. പൂർവ്വികമായിട്ടുള്ള ഗുളികനാണല്ലോ. എനിക്കെന്നെ അറിയില്ല ഏതോ കാലത്ത്ണ്ട് ആ കുങ്കുമം എത്ര കൊല്ലങ്ങള് മുന്നെള്ളതാ. അവിടെ മധൂന്റെ അച്ഛൻ ഉള്ളപ്പോ പ്രത്യേകം അവിടെ പൂജയൊക്കെ ഉണ്ടേനി.

ഗുളികൻ ആദ്യമേ ഉള്ളതാ.

16.4 ദേവിന്റെ പ്രതിഷ്ഠ മണ്ണാറക്കൽ പീഠമല്ലേ?

ഉ. ഗുരുവും പീഠം തന്നെ ദേവിയും പീഠം തന്നെ.

16.5 പണ്ട് പുല്ലാട്ടേക്ക് കൊണ്ട് പോവുന്നത് പീഠം അല്ലേ?

ഉ അതെങ്ങന്യാണ്?

16.6 പുല്ലാട്ട് ദേവീ ആദ്യമേ ഉണ്ടായിരുന്നോ?

ഉ. കുള്ളിൽ കുട്ടൻനായരതേനീന്നൊക്കെ പറയ്ണ്ന്ന്. എങ്ങന്യാ അതിന്റെ ചൈതന്യംന്ന് വ്യക്തായിട്ട് പറഞ്ഞൂട. അതിനിക്ക് പറയാൻ പറ്റൂല.

16.7 അത് ഞാൻ കേട്ടിരുന്നു. കുവ്വ കൊത്തിയപ്പോ. . .

ഉ. കുള്ളിലെ തൊടീന്ന് കുട്ടന്നായരല്ലെ. അങ്ങനെ എന്തൊക്കെയോതിൽ കൂടെയാണ്ന്ന് പറയ് ന്നത്.

കൊലോന്റേത് എങ്ങന്യാ അറിയോ?

കുന്ന കുത്തി കുഴിക്കുമ്പോൾ

കുഴിയിൽ  കണ്ടോരുപൈതലിനെ

കൊണ്ടുപോയി അതിന് നന്ദനനാം കുലവനംന്ന് പേരിട്ടന്നാ. ഐതീഹ്യപരമായിട്ട് പറയുന്നേ. ഐതിഹ്യം അങ്ങന്യാണത്. അത് മുമ്പത്തെ പാട്ടാണ്. അത് കരക്കാണ്താനം ഈ കൊലോൻനൊക്കെ പറഞ്ഞല് മലദൈവങ്ങളാ. പൂർവ്വികമായിട്ട് അങ്ങന്യാ പറയുന്നത്. നമ്മക്ക് അറിയാൻ പറ്റൂല. പൂർവ്വികമായിട്ടുള്ള കാര്യങ്ങളാ. കുന്നുകുത്തി കഴിക്കുമ്പോൾ കുഴിയിൽ കണ്ടുകിട്ടി. സുന്ദരനാം പൈതലേ കൊണ്ടുപോയി വളർത്തി അവന് പേരിട്ടത് നന്ദനനാം കുലവൻ അപ്പോ അങ്ങന്യാണ് കുലവന്റെ ഉള്ളടക്കം അങ്ങന്യാണ് പറയുന്നത്.

16.8 മണ്ണാറക്കൽക്കാര് വർഷത്തിലും പീഠത്തിൽ ദൈവത്തെ ആവാഹിച്ച് കൊണ്ടോയി ഉത്സവം കഴിച്ച് കൊടുക്കാണ്ന്നല്ലെ പറയുന്നത്.

ഉ. ആദ്യം അങ്ങനെ ആയിര്ന്ന്. പിന്നീടത് ഇങ്ങനെ നമ്മള് പൂർവ്വിക കാലഘട്ടത്തില് അവിടുള്ളൊരു മുറിണ്ടേനി മണ്ണാറക്കൽ വീടിന്. അപ്പോ അതിന്റെ അടീല് ഈ ദേവീ ഒക്കെ ഇരിക്കുന്ന സ്ഥലങ്ങളായിരുന്നൂന്നൊക്കെ പറയുന്ന്. ഇമ്മക്കതൊന്നും പറയാൻ പറ്റൂല. കേട്ടകാര്യങ്ങളാ.

16.9 അവിടെ പീഠം വെച്ച് ആരാധിച്ചതാണോ?

ഉ. ആ. . . ആ . . റൂമില് ആ റൂമാണിപ്പോ ദേവിന്റെ കാവായി മാറിയത്.

16.10 പുല്ലാട്ടും മണ്ണാറക്കലും ആയിട്ട് എന്താ ബന്ധം.

ഉ. പുല്ലാട്ട് മണ്ണാറക്കൽക്കാര് ഉത്സവം കഴിച്ചുകൊടുക്കാനുള്ളതാണ്.

ഞങ്ങള് പൂർവ്വികമായിട്ട് പുല്ലാട്ട് ഉത്സവം കഴിച്ച കൊടുക്കാണ്. കുംഭം 10ന്ന് പറഞ്ഞാല് നമ്മളെ വടെ കുരുവട്ടൂര് മണ്ണാറക്കൽ തറവട്ട്ക്കാരേനി അവിടെ പോയി ചെയ്യാറ്. അവർക്കായിരുന്ന അവിടെ അവകാശം. മണ്ണാറക്കൽ തറവാട്ടുകാരായിരുന്ന ആദ്യേ . . . പൂർവ്വികമായിട്ട് അവിടെ പോകുന്നത്. അങ്ങനെള്ള ഒര്ത് ന്നല്ലാതെ മറ്റ്ള്ളത് പിന്നെ പുല്ലാട്ട്ന്ന് പറഞ്ഞാല് കുംഭം 10 ആണെങ്കിലും കുംഭം 1 മുതൽക്ക് ദേശീയ ഉത്സവമാണ്. നമ്മുടെ ഈ ചുറ്റുപാട്ള്ള ആള്കൾക്ക് ഭയങ്കരൊരു വിശേഷപ്പെട്ട ദിവസമാണ്. പുല്ലാട്ടെ ഉത്സവംന്ന് പറഞ്ഞാല് നമ്മളെ ഓണോം വിഷൂംമ്പോലാ. അത് കലണ്ടറിലൊക്കെ ഉണ്ടേന്യല്ലോ. മുമ്പ് മാതൃഭൂമികലണ്ടറിലൊക്കെണ്ടേനി. അത് കൊടി ള്ക്കി കഴിഞ്ഞാൽ നമ്മക്കതിന്റെ നോൽമ്പ് കാര്യങ്ങളൊക്കെയാ. ഒന്നാന്തി മുതൽ. പിന്നെ നല്ല ശക്തിള്ള ദേവി തന്ന്യാണ്.

16.11 ആദ്യം പുല്ലാട്ട് ദേവി ഇല്ലായിര്ന്ന്ന് കേട്ടിട്ടുണ്ടല്ലോ?

ഉ. അങ്ങനെതന്ന്യായിരിക്കും. കാരണം നമ്മള് വടെ. . . അതിനെ തന്ന്യാണ് നമ്മളിവിടെ ആരാധിച്ചുകൊണ്ടിരുന്നത്. അതായത് ഈ മണ്ണാറക്കൽ തറവാട്ട്കാരണവിടെ വന്നിട്ട് അവരാണവിടെ ഉത്സവം കെട്ടിയാട്ടങ്ങളൊക്കെ ചെയ്ത് കൊടുക്കാറ്. മുമ്പ് അതൊക്കെ പറയ്ന്ന് കെട്ട്ക്ക്ന്. നമ്മളെ അച്ഛനും അച്ഛന്റെ അച്ഛനും ഒക്കെ തലമുറകളായി ചെയ്ത് കൊടുക്കുന്ന കാര്യങ്ങളാണ്ന്ന് പറയുന്നത് കേട്ടീൻണ്ട്.

16.12 അപ്പോ പുല്ലാട്ട് പ്രതിഷ്ഠ ഇല്ലായിരുന്നോ?

ഉ. അന്ന്ണ്ട് പുല്ലാട്ട് കാവ് മുന്നേ ഉണ്ടല്ലോ. പക്ഷേ അതില് വേറെ ഒര്ത് പറയുന്നുണ്ട്. അത് എങ്ങന്യാ. ഏത് രൂപത്തിലാണന്ന് അറിയൂല. ഇങ്ങനൊരു കുള്ളീന്ന് ദൈവത്തിനെ കിട്ടീന്ന്. ആളുകള് പറയുന്നതാ ന്പക്കൊന്നും പറയാൻ പറ്റൂല. അങ്ങരെ വാക്ക്ണ്ട്. ഇങ്ങനെ കിട്ട്യാതാണ് ന്നൊക്കെ.

16.13 അത് കെലോൻ ദൈവല്ലെ.

ഉ. അത് കൊലോൻ ദൈവാണ്ന്നും എങ്ങന്യാണ്ന്ന ഒന്നും അറിയില്ല.

16.14 മണ്ണാറക്കൽ കാവിന്റെ അത്രതന്നെ പഴക്കം ഉണ്ടോ? പുല്ലാട്ട് കാവിന്?

ഉ. പഴയകാലം മുമ്പണ്ടല്ലോ. പക്ഷേ ഇതും (മണ്ണാറക്കൽകാവ്) നല്ല പഴക്കം ഉണ്ട്. ഇതപ്പം നമ്മള് അറിയുന്നില്ല. കാരണം ഒരു മുറിയിലേക്ക് സ്ത്രീകൾക്ക് പ്രവേശനം ഇല്ല്യേനോലെ. സ്ത്രീകളാരും അങ്ങോട്ട് പോവൂലാമ്പോലെ. ഈ മൻസസിന്റെ സമയായ ആ ഭാഗത്തേക്കേ . . വരുലാപോലെ, പ്പം ചുരുക്കി പറഞ്ഞാ ആ റൂമിലേക്ക് കടക്കുല. അങ്ങനെ പോരുന്ന റൂമേനി. ഒരു കാലത്തും സ്ത്രീകള് കടന്നീല്ല്യാ. ഒരു കാര്യത്തിനും കടന്നീല്ല്യാ. അങ്ങനൊരു കാര്യണ്ട്. ഒരു പെണ്ണ്, പെൺവർഗ്ഗം ഒരൊറ്റൊന്നുപോലും കടന്നീല്ല്യാ. അങ്ങനെ തന്നെ പറയട്ടെ. ആണ്ങ്ങക്ക് മാത്ര അതില് പ്രവേശനൊള്ളൂ. അങ്ങന്യാണതിന്റെ കാര്യം. അവിടെ പൂജയൊക്കെ ഉണ്ടായിരുന്നു. ഭണ്ഡാരമൂർത്തിയോ അങ്ങനെ ഓരോന്നായിട്ട് അവിടെ തിരിവെക്കാറൊക്കെ ഉണ്ടായിര്ന്ന്. പൂർവ്വിക കാലത്തൊക്കെ അതൊക്കെണ്ടായിര്ന്ന്. ഗുളികൻ, ഭണ്ഡാരമൂർത്തി അങ്ങനെള്ളതിനൊക്കെ തിരിയൊക്കെ വച്ചിരുന്നു. അങ്ങനെത്തൊരു സ്ഥലമാണ്. വിശേഷപ്പെട്ട സ്ഥലാണത്.

16.15 ഈ നാട്ടിലുള്ള കീഴാളരായിട്ടുള്ള ആള്കൾക്ക് കാവുമായി എങ്ങന്യാ ബന്ധം.

ഉ. മുമ്പ്കാലത്ത് പൂർവ്വികമായിട്ട് ഹരിജൻസ്ണ്ടല്ലോ അവരൊക്കെ മാറി നിൽക്കണം ഞാന്ങ്ങനെ പോരമ്പം കണ്ടത് അങ്ങനേനി ഇനിക്ക് ചെറിയോർമ്മണ്ട്. ഓര് മുറ്റത്തേക്ക് വരലില്ല. ഇപ്പം ഫുള്ളായിട്ട് മുറ്റത്തും അവിടേം ഇവിടേം ഫുള്ളായിട്ട് കേറാം. പിന്നെ വര്ണ്ട് തിയ്യര്. തണ്ടാന്മാര്ന്ന് പറയും. ഓര്ക്ക് പ്രത്യേകമായിട്ട് ഒരു തറണ്ട്. അങ്ങനെ ഓരോര്ത്തർക്കും പുറത്താ ഭണ്ഡാരൊക്കെ.

# ചിത്രങ്ങൾ



പുല്ലാട്ട്കാവ്




പുല്ലാട്ട്കാവിലെ കുളം



അണിയറയിലെ കന്നിമൂലയിലെ ആരാധനാ ഇടം



ഗുരുപൂജ



കാവിലെ പ്രധാന കോമരം പൂജ ചെയ്യുന്നു



തോറ്റം ചൊല്ലുന്നു



**മൂത്തപെരുവണ്ണാന്റെ വരവ്**



**മൂത്തപെരുവണ്ണാൻ**



**അഞ്ചടിയിൽ പിഴവുണ്ടോ എന്ന് ഊരാളർ പരിശോധിക്കുന്നു**



**തുടി - അഞ്ചടി ചൊല്ലുമ്പോൾ ഉപയോഗിക്കുന്ന വാദ്യം**



ഗുരുതി



കുലവൻ വെള്ളാട്ട്



മേലെഴുത്ത്



മുഖത്തെഴുത്ത്



**കുരുത്തോലകൊണ്ട് അലങ്കാരങ്ങൾ നിർമ്മിക്കുന്നു**



**അണിയലം തയ്യാറാക്കുന്ന കെട്ടിയാട്ടക്കാരൻ**



മേലേരി



ചൂട്ടുകളി



**ഭഗവതിത്തിറ**



**നാഗകാളിത്തിറ**




**കരിങ്കുട്ടിച്ചാത്തൻ**



**മുത്താശ്ശിത്തിറ**



**ഗുളികൻതിറ**